SREENARAYANAGURU
OPEN UNIVERSITY

# നിരൂപണസാഹിത്യം

## Postgraduate Programme in Malayalam Language & Literature

സി.പി. അച്യുതമേനോൻ
കേരളവർമ്മ വലിയകോയിത്തമ്പുരാൻ
എ.ആർ. രാജരാജവർമ്മ
സാഹിത്യ പഞ്ചാനനൻ
കേസരി ബാലകൃഷ്ണപിള്ള
കുട്ടികൃഷ്ണമാരാർ
എം.പി. പോൾ
ജോസഫ് മുണ്ടശ്ശേരി
ഇ.എം.എസ്. നമ്പൂതിരിപ്പാട്
സുകുമാർ അഴീക്കോട്
എം.എൻ. വിജയൻ
എം. ലീലാവതി
കെ.പി. അപ്പൻ
പി.കെ. രാജശേഖരൻ
കെ.കെ. കൊച്ച്
ജെ. ദേവിക
പ്രദീപൻ പാമ്പിരികുന്ന്



## SELF LEARNING MATERIAL

COURSE CODE: M21ML08DC


SREENARAYANAGURU OPEN UNIVERSITY

The State University for Education, Training and Research in Blended Format, Kerala

## Vision

*To increase access of potential learners of all categories to higher education, research and training, and ensure equity through delivery of high quality processes and outcomes fostering inclusive educational empowerment for social advancement.*

## Mission

To be benchmarked as a model for conservation and dissemination of knowledge and skill on blended and virtual mode in education, training and research for normal, continuing, and adult learners.

## Pathway

Access and Quality define Equity.

SGOU

# നിരൂപണസാഹിത്യം

Course Code: M21ML08DC

Semester-II

**Master of Arts**
**Malayalam Language and Literature**
**Self Learning Material**

SGOU

വിദ്യകൊണ്ട് സ്വതന്ത്രരാവുക

SREENARAYANAGURU
OPEN UNIVERSITY

**SREENARAYANAGURU OPEN UNIVERSITY**

The State University for Education, Training and Research in Blended Format, Kerala

# Documentation

## M21ML08DC
## നിരൂപണസാഹിത്യം

വിദ്യകൊണ്ട് സ്വതന്ത്രരാവുക
SREENARAYANAGURU
OPEN UNIVERSITY

All rights reserved. No part of this work may be reproduced in any form, by mimeograph or any other means, without permission in writing from Sreenarayanaguru Open University. Printed and published on behalf of Sreenarayanaguru Open University by Registrar, SGOU, Kollam.

www.sgou.ac.in

ISBN 978-81-963914-4-7
9 788196 391447

**Academic Committee**

Dr. A. M. Sreedharan
Dr. Shaji Jacob
Dr. C. J. George
Dr. R.V.M. Divakaran
Dr. T. Anithakumari
Dr. Ajith G. Krishna
Prof. Sunil P. Ilayidom
Dr. R.B. Sreekala
Dr. Santhoshkumar T.K.
Dr. P.M. Girish
Prof. ThomasThamarasseri

**Development of the Content**

Pavithra M.V., Karishma S. Raj, Rashida P. A., Dr. Abdusammed K.T., Aswani A.P., Deepam S., Dr. Muraleedharan K.V., Dr. Thara S. S., Dr. Deepthi V.S.

**Review**

Content: Dr. James G.
Format: Dr. I.G. Shibi
Linguistic: Dr. Jaya R.S.

**Edit**

Dr. James G.

**Scrutiny**

Dr. Vincent B. Netto, Dr. Abdusammed K.T., Aswani A.P., Deepam S., Dr. Muraleedharan K.V., Dr. Thara S.S., Dr. Deepthi V.S., Dr. Lathika A.C.

**Co-ordination**

Dr. I.G. Shibi and Team SLM

**Design Control**

Azeem Babu T.A.

**Production**

August 2024 - Reprint

**Copyright**

© Sreenarayanaguru Open University 2024

SGOU

# Message from Vice Chancellor

Dear

I greet all of you with deep delight and great excitement. I welcome you to the Sreenarayanaguru Open University.

Sreenarayanaguru Open University was established in September 2020 as a state initiative for fostering higher education in open and distance mode. We shaped our dreams through a pathway defined by a dictum 'access and quality define equity'. It provides all reasons to us for the celebration of quality in the process of education. I am overwhelmed to let you know that we have resolved not to become ourselves a reason or cause a reason for the dissemination of inferior education. It sets the pace as well as the destination. The name of the University centres around the aura of Sreenarayanaguru, the great renaissance thinker of modern India.

Sreenarayanaguru Open University rests on the practical framework of the popularly known "blended format". Learner on distance mode obviously has limitations in getting exposed to the full potential of classroom learning experience. Our pedagogical basket has three entities viz Self Learning Material, Classroom Counselling and Virtual Modes. This combination is expected to provide high voltage in learning as well as teaching experiences. Care has been taken to ensure quality endeavours across all the entities. The PG programme in Malayalam Language and Literature is benchmarked with similar programmes of other state universities in Kerala. We assure you that the university student support services will closely stay with you for the redressal of your grievances during your studentship.

The University is committed to provide you stimulating learning experience. The Self Learning Materials have been drawn up with a very clear prescription. It recognizes the autonomy of an adult learner and a journey through the treasures of the curriculum structured with provisions for interactive learning, interrogative reflections on the content and didactic discussion through illustrative scenarios. The University takes a strong position that the learner is to be engaged in a dialogue with the content and the materials are shaped to elicit reflections in the form of questions. The questions of the learner are considered to be the vital milestones in the pedagogy of the system of the University as well as the trajectory of the learner's progression. I would like to request you to bestow your personal attention in generating questions after having an intense dialogue with the content, as it has connection with the internal assessment.

Feel free to write to us about anything that seems relevant regarding the academic programme.

Wish you the best.

Regards,

Dr. P.M. Mubarak Pasha — 01.03.2023

SGOU

## Contents


| | | | |
|---|---|---|---|
| BLOCK-01 | **നിരൂപണസാഹിത്യത്തിന്റെ പ്രാരംഭ ചരിത്രം** | | **01** |
| Unit 1 | മലയാള നിരൂപണസാഹിത്യം - ആവിർഭാവം | | 02 |
| Unit 2 | മലയാള നിരൂപണസാഹിത്യം - ആദ്യഘട്ടം | | 14 |
| Unit 3 | 1. കല്യാണിനാടക നിരൂപണം | സി. പി. അച്യുതമേനോൻ | 37 |
| | 2. നളിനിയുടെ അവതാരിക | എ. ആർ. രാജരാജവർമ്മ | 41 |
| Unit 4 | 1. കുഞ്ചൻ നമ്പ്യാർ | സാഹിത്യപഞ്ചാനനൻ പി. കെ. നാരായണപിള്ള | 47 |
| | 2. ചിത്രയോഗനിരൂപണം | എൻ. കുമാരനാശാൻ | 52 |
| BLOCK-02 | **പൗരസ്ത്യവും പാശ്ചാത്യവുമായ സൗന്ദര്യവിചാരങ്ങൾ** | | **58** |
| Unit 1 | പൗരസ്ത്യവും പാശ്ചാത്യവുമായ സൗന്ദര്യവിചാരങ്ങൾ | | 59 |
| Unit 2 | 1. കലയും വൈരൂപ്യവും | കേസരി എ. ബാലകൃഷ്ണപിള്ള | 82 |
| | 2. ഇതിഹാസകഥാപാത്രങ്ങൾ | കുട്ടികൃഷ്ണമാരാർ | 88 |
| Unit 3 | 1. കലയും കാലവും | എം. പി. പോൾ | 98 |
| | 2. തോട്ടിയുടെ മകൻ | ജോസഫ് മുണ്ടശ്ശേരി | 104 |
| Unit 4 | 1. വള്ളത്തോൾ കവിതകളും ദേശീയ പ്രസ്ഥാനവും | ഇ. എം. എസ്. | 110 |
| | 2. കടുന്തുടിയും ഓടക്കുഴലും | എം. ഗോവിന്ദൻ | 117 |
| BLOCK-03 | **നവീന വിമർശന പ്രവണതകൾ** | | **127** |
| Unit 1 | വിമർശനത്തിലെ നവീനപ്രവണതകൾ | | 128 |
| Unit 2 | 1.വിശ്വദർശനം | എം. പി. ശങ്കുണ്ണി നായർ | 143 |
| | 2.സഹ്യന്റെ മകൻ | എം. എൻ. വിജയൻ | 148 |
| Unit 3 | 1.ഒരു ഗന്ധർവ്വൻ പാടുന്നു | ഡോ. എം. ലീലാവതി | 159 |
| | 2.തകഴി അറിയാൻ ഒരു പിതൃത്വപ്രശ്നം | വി.രാജകൃഷ്ണൻ | 165 |
| Unit 4 | 1.കോമാളിയുഗത്തിലെ പുരുഷഗോപുരങ്ങൾ | കെ. പി. അപ്പൻ | 172 |
| | 2.കലയും പ്രത്യയശാസ്ത്രവും (ദുരവസ്ഥാവിചാരഭാഗം) | ബി. രാജീവൻ | 179 |
| BLOCK-04 | **ആധുനികാനന്തര പ്രവണതകൾ** | | **188** |
| Unit 1 | ആധുനികാനന്തരപ്രവണതകൾ | | 189 |
| Unit 2 | 1.വീണ്ടും കുതിരക്കൊമ്പ് : വായനയുടെ രാഷ്ട്രീയം | വി.സി. ഹാരിസ് | 204 |
| | 2. സൗന്ദര്യപൂജയ്ക്ക് ഒരു പരാവർത്തനം | വി. സി. ശ്രീജൻ | 208 |
| Unit 3 | 1.സ്നേഹം പ്രസരിപ്പിക്കാൻ രാഷ്ട്രീയക്കാരിയായ കമല | ജെ. ദേവിക | 213 |
| | 2.പായുന്ന ഉടലുകളും പതിക്കുന്ന ഉടലുകളും | കെ.കെ. ബാബുരാജ് | 218 |
| Unit 4 | 1. സാഹിത്യചരിത്രവിജ്ഞാനീയം: പുനർവിചാരങ്ങളുടെ സന്ദർഭങ്ങൾ | ഇ.വി. രാമകൃഷ്ണൻ | 224 |


SGOU

# നിരൂപണസാഹിത്യത്തിന്റെ പ്രാരംഭ ചരിത്രം

# BLOCK-01

## Block Content


യൂണിറ്റ് - 1 മലയാള നിരൂപണസാഹിത്യം - ആവിർഭാവം

യൂണിറ്റ് - 2 മലയാള നിരൂപണസാഹിത്യം - ആദ്യഘട്ടം

യൂണിറ്റ് - 3

1. കല്യാണിനാടകം - സി. പി. അച്യുതമേനോൻ
2. നളിനിയുടെ അവതാരിക - എ. ആർ. രാജരാജവർമ്മ

യൂണിറ്റ് - 4

1. കുഞ്ചൻ നമ്പ്യാർ - സാഹിത്യപഞ്ചാനനൻ പി. കെ. നാരായണപിള്ള
2. ചിത്രയോഗ നിരൂപണം - എൻ. കുമാരനാശാൻ

Unit 1

# മലയാള നിരൂപണസാഹിത്യം – ആവിർഭാവം

## Learning Outcomes

- മലയാളസാഹിത്യവിമർശനത്തിന്റെ ചരിത്രം ഗ്രഹിക്കുന്നു
- ആദ്യകാല സാഹിത്യനിരൂപണകൃതികളെക്കുറിച്ച് അറിവ് നേടുന്നു
- മലയാളത്തിലെ പ്രധാനപ്പെട്ട നിരൂപകരെ പരിചയപ്പെടുന്നു
- സാഹിത്യനിരൂപണത്തിലെ വ്യത്യസ്ത സമീപനരീതികൾ മനസിലാക്കുന്നു

## Background

ഇംഗ്ലീഷിൽ 'ക്രിട്ടിസിസം' എന്ന പദംകൊണ്ട് വിവക്ഷിക്കുന്നതാണ് മലയാളത്തിൽ വിമർശനം എന്ന് പറയുന്നത്. മൗലികമായ സാഹിത്യസിദ്ധാന്തങ്ങൾ അവലംബമാക്കി കലാതത്വബോധ പ്രധാനമായി ഒരു കൃതിയെ സമഗ്രമായി അപഗ്രഥിച്ച് മൂല്യനിർധാരണം ചെയ്യുന്നതാണ് വിമർശനം. അതായത് ഒരു സാഹിത്യകൃതി വിശകലനം ചെയ്ത്, അതിന്റെ ആന്തരികവും ബാഹ്യവുമായ സവിശേഷതകൾ വിലയിരുത്തി മൂല്യനിർണയം ചെയ്യുന്ന ക്രിയാത്മകവും ബുദ്ധിപരവുമായ പ്രവർത്തനമാണ് വിമർശനം(Criticism). സർഗാത്മക സാഹിത്യ കൃതികളെയാണ് മുഖ്യമായും ഇപ്രകാരം വിലയിരുത്തുന്നത്. സൃഷ്ടിയും വിമർശനവും സാഹിത്യത്തിലെ പരസ്പരബന്ധമുള്ള പ്രധാന ശാഖകളാണ്. വിമർശനം ഒരു സർഗാത്മക പ്രക്രിയയാണെന്ന് ആധുനിക നിരൂപകർ പ്രഖ്യാപിച്ചിട്ടുണ്ട്. ഒരു കൃതിയുടെ കലാമൂല്യം കണ്ടെത്തി സാംസ്കാരികജീവിതത്തിൽ അതുളവാക്കിയ സ്വാധീനത നിർണയിക്കുന്ന വിമർശകൻ, ആ കൃതിയുടെയും അതിന്റെ സ്രഷ്ടാവിന്റെയും സാംസ്കാരികവും വൈകാരികവും മാനസികവുമായ അന്തർമണ്ഡലങ്ങളിൽ സൂക്ഷ്മനിരീക്ഷണമാണ് നടത്തുന്നത്. റിവ്യുവും വിമർശനവും വ്യത്യസ്തമാണ്. റിവ്യൂ കൃതിയുടെ രൂപസ്വഭാവങ്ങൾ വായനക്കാർക്ക് പരിമിതമായി പരിചയപ്പെടുത്തുക മാത്രം ചെയ്യുന്നു. ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ പ്രത്യക്ഷപ്പെടുന്ന പുസ്തകറിവ്യൂ ഉദാഹരണം. 'റിവ്യൂ'വിൽ മൂല്യനിർണയമുണ്ടെങ്കിലും അതിനല്ല പ്രാധാന്യം. ആസ്വാദനം എന്ന പ്രായോഗികതലത്തിൽനിന്ന് അപഗ്രഥനത്തിന്റെ തലത്തിലേക്ക് ഉയർന്നാലേ വിലയിരുത്തൽ പൂർണമാകൂ. ഇവിടെ വിമർശകന്റെ നിരീക്ഷണം കൃതിയുടെ സമഗ്രതയെയും സാഹിത്യസിദ്ധാന്തങ്ങളെയും കാലത്തെയും യോജിപ്പിച്ചുകൊണ്ടായിരിക്കണം.

സാഹിത്യവിമർശനത്തിൽ വിശദീകരണം, വ്യാഖ്യാനം, മൂല്യനിർധാരണം എന്നീ മൂന്നു ഘടകങ്ങൾ അന്തർഭവിച്ചിരിക്കുന്നു. പ്രമേയപരമായ വസ്തുതകളും അതിനാധാരമായ സ്ഥലകാലങ്ങളും വിശദീകരിക്കുകയാണ് ആദ്യത്തേത്. ഉള്ളടക്കത്തെ സാമൂഹിക യാഥാർഥ്യങ്ങളുമായി ബന്ധിപ്പിച്ച് ആസ്വാദനക്ഷമത വരുത്തി സമഗ്രാപഗ്രഥനം നടത്തുന്നത് വ്യാഖ്യാനം. ഇവയുടെ അടിസ്ഥാനത്തിൽ കൃതിയെ വിലയിരുത്തി, അതിന്റെ സാഹിത്യപരവും സാംസ്കാരികവുമായ സ്വാധീനവും പ്രതികരണവും എടുത്തു കാണിക്കുന്നതാണ് മൂല്യനിർധാരണം.

നിർവചിക്കുക, തരംതിരിക്കുക, വ്യാഖ്യാനിക്കുക, മൂല്യനിർണയം നടത്തുക തുടങ്ങിയ ക്രമത്തിലും വിമർശനം നടത്താം. ഖണ്ഡനം, മണ്ഡനം, ഗുണദോഷവിചിന്തനം എന്നീവിധമാണ് പൗരസ്ത്യാചാര്യന്മാർ കൃതികളെ വിമർശിക്കുന്നത്. ഒരു കൃതിയെ സർവഥാ അനുകൂലിച്ചു

ചെയ്യുന്ന വിമർശനമാണ് മണ്ഡനം. കൃതിയെ അടിമുടി വിമർശിച്ച് ദോഷം മാത്രം കണ്ടെത്തുന്നത് ഖണ്ഡനവിമർശനം. ഒരു കൃതിയുടെ ഗുണവും ദോഷവും ഒരു പോലെ കണ്ടെത്തി കൃതിയെ വിലയിരുത്തുന്ന രീതിയാണ് ഗുണദോഷവിമർശനം. പഴയ ആലങ്കാരികന്മാരുടെ സിദ്ധാന്തങ്ങൾ നിയാമകഘടകങ്ങളാക്കി നടത്തുന്ന വിമർശനം ക്ലാസിക് വിമർശനം.

പ്രാചീനമലയാളസാഹിത്യത്തിലെ സൈദ്ധാന്തിക വിമർശന ഗ്രന്ഥങ്ങളിലും വ്യാഖ്യാനങ്ങളിലുമാണ് മലയാളസാഹിത്യ വിമർശനത്തിന്റെ ആദ്യരശ്മികൾ ദൃശ്യമാകുന്നത്. ഭാരതീയ സൗന്ദര്യശാസ്ത്രത്തിന്റെ പശ്ചാത്തലത്തിൽ മണിപ്രവാളസാഹിത്യ പ്രസ്ഥാനത്തിന്റെ സാഹിത്യ മൂല്യങ്ങൾ വിലയിരുത്തുന്ന 'ലീലാതിലക'ത്തിൽ നമ്മുടെ സൈദ്ധാന്തിക വിമർശനത്തിന്റെ പ്രാരംഭം കാണാം. പിൽക്കാലത്തുണ്ടായ ശ്രദ്ധേയ വ്യാഖ്യാനഗ്രന്ഥങ്ങളിലും സാഹിത്യ വിമർശനത്തിന്റെ സ്ഫുലിംഗങ്ങൾ പ്രകടമാണ്. ചന്ദ്രോത്സവകാരൻ, ഉണ്ണായിവാര്യർ, കുഞ്ചൻ നമ്പ്യാർ തുടങ്ങിയ ക്ലാസിക് കവികൾ അവരുടെ കൃതികളിൽ സാന്ദർഭികമായി തങ്ങളുടെ കാവ്യകലാസങ്കല്പങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്.

മലയാളത്തിലെ സാഹിത്യവിമർശനത്തിന്റെ രണ്ട് പ്രബലവേരുകളാണ് പാശ്ചാത്യവും തദ്ദേശീയ(സംസ്കൃതം)വുമായ സാഹിത്യവിമർശനധാരകൾ. അച്ചടിയുടെ വ്യാപനവും മിഷനറിമാരുടെ പ്രവർത്തനങ്ങളും അക്കൂട്ടത്തിൽ എടുത്തു പറയേണ്ടതാണ്. മലയാള ഭാഷാസാഹിത്യത്തിന് മറക്കാൻ കഴിയാത്ത സംഭാവനകൾ നൽകിയ പണ്ഡിതനാണ് ഹെർമൻ ഗുണ്ടർട്ട് (1814-793). മലയാളത്തിന് ഒരു വ്യാകരണഗ്രന്ഥവും നിഘണ്ടുവും അദ്ദേഹം തയ്യാറാക്കി. 1847 ജൂണിൽ 'രാജ്യസമാചാരം' 1847 ഒക്ടോബറിൽ 'പശ്ചിമോദയം' എന്നീ ആനുകാലികങ്ങൾ അദ്ദേഹത്തിന്റെ താമസസ്ഥലമായിരുന്ന ഇല്ലിക്കുന്ന് കേന്ദ്രമാക്കി പ്രസിദ്ധീകരിക്കാൻ ആരംഭിച്ചു. അതുവരെ കവിത മാത്രം വായിച്ചുപോന്ന മലയാളികൾക്ക് ഗദ്യവും സുപരിചിതമായി. ഗുണ്ടർട്ടിനു നമ്മുടെ ഭാഷയിലും സാഹിത്യത്തിലും മാത്രമല്ല വിദ്യാഭ്യാസത്തിലും സംസ്കാരത്തിലും അതീവ താത്പര്യമുണ്ടായിരുന്നു.

ബെഞ്ചമിൻ ബെയ്‌ലി (1805-71) 1848-ൽ കോട്ടയത്തുനിന്ന് ആരംഭിച്ച മാസികയാണ് ജ്ഞാനനിക്ഷേപം. അതിൽ അദ്ദേഹം സാഹിത്യലേഖനങ്ങൾക്ക് ഇടം കൊടുത്തിരുന്നു. മലയാളത്തിലെ വൈജ്ഞാനികോപന്യാസങ്ങളുടെയും ചെറുകഥകളുടെയും പ്രാഗ്‌രൂപങ്ങൾ ജ്ഞാനനിക്ഷേപ ത്തിൽ കാണാം. പിന്നീട് കോട്ടയം സി. എം. എസ്. കോളേജിന്റെ മുഖപത്രമായ 'വിദ്യാസംഗ്രഹം' 1864-ൽ ജോർജ് മാത്തൻ ആരംഭിച്ചു. അതിലും ഗദ്യലേഖനങ്ങൾക്കായിരുന്നു പ്രാമുഖ്യം. തുടർന്ന് തദ്ദേശീയരായ പണ്ഡിതന്മാരും പത്രമാസികകളാരംഭിച്ചു. അതോടെ മലയാളത്തിൽ നിരൂപണസാഹിത്യത്തിന് തുടക്കം കുറിച്ചു.

മലയാളവിമർശനത്തിന്റെ ഉദയഘട്ടത്തെ ഏറ്റവും ഊർജ്ജസ്വലമാക്കിത്തീർത്ത സാഹിത്യ സംവാദങ്ങളാണ് പ്രാസവാദവും കുഞ്ഞിക്കുട്ടൻതമ്പുരാന്റെ കവിഭാരതത്തെ തുടർന്നുണ്ടായ തർക്കവും. പ്രാസവാദം എന്ന പേരിൽ പ്രസിദ്ധമായ സാഹിത്യസംവാദം വ്യത്യസ്തമായ രണ്ട് കാവ്യകലാസങ്കല്പങ്ങൾ തമ്മിലുള്ള ഏറ്റുമുട്ടലായിരുന്നു. 19-ാം നൂറ്റാണ്ടിന്റെ ഒടുവിൽ അന്നത്തെ സാഹിത്യകാരന്മാരെ ഇതിഹാസ കഥാപാത്രങ്ങളായും മൃഗങ്ങളായും പുഷ്പങ്ങളായും മറ്റും ചിത്രീകരിച്ചുകൊണ്ട് എഴുതിയ കവിരാമായണം, കവിഭാരതം, കവിമൃഗാവലി, കവിപുഷ്പമാല തുടങ്ങിയ കൃതികൾ ന്യൂനതകൾ ഏറെയുള്ളവയാണെങ്കിലും അവ സവിശേഷരീതിയിലുള്ള കാവ്യവിമർശനം അവതരിപ്പിക്കുന്നുണ്ട്.

# Keywords

മലയാള സാഹിത്യ നിരൂപണം – പ്രാരംഭഘട്ടം - ആവിർഭാവം - പ്രേരണകൾ - ജോർജ് മാത്തൻ - ഹെർമൻ ഗുണ്ടർട്ട് – അച്ചടി – പ്രസിദ്ധീകരണങ്ങൾ – പ്രാസവാദം

# Discussion

## നിരൂപണസാഹിത്യത്തിന്റെ ആവിർഭാവം – പ്രേരണകൾ

മലയാളത്തിൽ ഗദ്യശാഖയുടെ വികാസത്തോടെ ഉദയം കൊള്ളുകയും വളരുകയും ചെയ്ത സാഹിത്യശാഖയാണ് നിരൂപണം അഥവാ വിമർശനം. ആദ്യകാലങ്ങളിൽ നിരൂപണം എന്ന പേരിനായിരുന്നു കൂടുതൽ പ്രചാരമെങ്കിൽ 'സാഹിത്യവിമർശനം' എന്ന പേരിലാണ് പ്രസ്തുത സാഹിത്യരൂപം ഇന്ന് പ്രചരിക്കുന്നത്. മേൽപ്പറഞ്ഞ വാക്കുകളുടെ അർഥങ്ങൾ വെവ്വേറെയാണെങ്കിലും സമാനാർഥത്തിലാണ് അവ പ്രയോഗിക്കപ്പെടുന്നത്. പുസ്തകനിരൂപണം എന്ന നിലയ്ക്കായിരുന്നു തുടക്കം എന്നതിനാലാണ് ആ പേരിൽ അറിയപ്പെടാൻ തുടങ്ങിയത്. ഒരു സാഹിത്യകൃതിയെ അതിന്റെ ആന്തരികവും ബാഹ്യവുമായ തലങ്ങളെ മുൻനിർത്തി വിശകലനം ചെയ്ത് മൂല്യം നിർണയിക്കുന്നതിനാണ് സാഹിത്യവിമർശനമെന്ന് പറയുന്നത്. മലയാളത്തിലെ സാഹിത്യവിമർശനത്തിന്റെ രണ്ട് പ്രബലവേരുകളാണ് പാശ്ചാത്യവും തദ്ദേശീയവുമായ സാഹിത്യവിമർശനധാരകൾ.

> ▶ പാശ്ചാത്യവും തദ്ദേശീയ (സംസ്കൃതം) വുമായ സാഹിത്യ വിമർശനധാരകൾ

സംസ്കൃതസാഹിത്യ വിമർശനപദ്ധതിയെ അവലംബിച്ചാണ് മലയാളത്തിൽ സാഹിത്യവിമർശനം ആരംഭിച്ചത്. പക്ഷേ അലങ്കാരഭംഗി, വാക്യദോഷം, പദദോഷം, രസം, തുടങ്ങിയവയെ മാത്രം സ്പർശിച്ചു കൊണ്ടുള്ള സംസ്കൃതസാഹിത്യ വിമർശനപദ്ധതി കൃതിയുടെ ആന്തരികമൂല്യത്തെ നിർദ്ധാരണം ചെയ്യുന്നതിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തിയില്ല. പ്രബലമായ ഒരു സാഹിത്യശാഖയായി വിമർശനസാഹിത്യം വളർന്നുവന്നതിൽ പാശ്ചാത്യസാഹിത്യവിമർശനശൈലി ചെലുത്തിയ സ്വാധീനം വളരെ വലുതാണ്. പാശ്ചാത്യസമ്പർക്കത്തോടെ വിമർശനത്തിൽ മൗലികമായ മാറ്റങ്ങൾ വന്നുതുടങ്ങി. ഒരു കൃതിയുടെ രൂപഭാവശിൽപ്പങ്ങളോടൊപ്പം അത് അനുവാചകരിൽ ഉളവാക്കുന്ന പ്രതികരണം കൂടി കണ്ടെത്താൻ വിമർശകർ സന്നദ്ധരായി. എഴുത്തുകാരന്റെയും വായനക്കാരന്റെയും വിമർശകന്റെയും വ്യാഖ്യാതാവിന്റെയും തലങ്ങളിൽ നിന്നുള്ള ഈ അന്വേഷണം സാഹിത്യപുരോഗതിക്ക് വഴി തുറന്നുകൊടുത്തു. ആനുകാലികങ്ങളുടെ പ്രചാരം പുസ്തകനിരൂപണങ്ങൾക്ക് കൂടുതൽ പ്രചാരം നല്കി. സാഹിത്യസംബന്ധിയായ പ്രസിദ്ധീകരണങ്ങൾ രൂപംകൊടുത്ത സാഹിത്യസംവാദമണ്ഡലം വിമർശനശാഖയെ കൂടുതൽ സമ്പുഷ്ടമാക്കി. പത്തൊമ്പതാം നൂറ്റാണ്ടിന്റെ പകുതിയോടുകൂടിയാണ് മലയാളത്തിൽ ആനുകാലികങ്ങൾ പ്രസിദ്ധീകരിക്കാൻ തുടങ്ങിയത്. അതിന്റെ പ്രധാന കാരണം യൂറോപ്യൻഭാഷകളുമായി ഉണ്ടായിരുന്ന ബന്ധമായിരുന്നു. ആനുകാ

> ▶ മലയാള ഗദ്യ ശാഖയുടെ വികാസത്തോടെ വിമർശനം ഉദയം കൊണ്ടു



SGOU

ലികങ്ങളുടെ പ്രചാരം സാഹിത്യനിരൂപണത്തിന്റെ പ്രചാരത്തിനും ആക്കം കൂട്ടി.

## മിഷനറിമാരുടെ സംഭാവന

കേരളത്തിൽ വൈദേശിക ക്രിസ്ത്യൻ മിഷനറിമാരുടെ സാഹിത്യ പ്രവർത്തനങ്ങൾ ആധുനിക മലയാളഭാഷയുടെയും സാഹിത്യത്തിന്റെയും വികാസത്തിൽ സുപ്രധാന പങ്കുവഹിച്ചിട്ടുണ്ട്. പതിനെട്ടാം ശതകത്തിന്റെ അവസാന വർഷങ്ങളിലും 19-ാം ശതകത്തിന്റെ തുടക്കത്തിലും കേരളത്തിൽ എത്തിയ പ്രൊട്ടസ്റ്റന്റ് മിഷനറിമാർ വ്യാകരണ ഗ്രന്ഥങ്ങളും നിഘണ്ടുകളും രചിച്ചത് തദ്ദേശീയർക്കും ഭാഷാപഠനത്തിന് സഹായകരമായി തീർന്നു. അവരിൽ പ്രധാനികളാണ് ഹെർമ്മൻ ഗുണ്ടർട്ടും ജോർജ്ജ് മാത്തനും.

> ▶ സംസ്കൃത സാഹിത്യ വിമർശനപദ്ധതിയെ അവലംബിച്ചു

## ഹെർമ്മൻ ഗുണ്ടർട്ട്

മലയാളഭാഷയ്ക്ക് ശ്രദ്ധേയമായ സംഭാവനകൾ നൽകിയ ജർമൻ ഭാഷാപണ്ഡിതനാണ് ഡോക്ടർ ഹെർമ്മൻ ഗുണ്ടർട്ട്. ബാസൽ മിഷൻ പ്രവർത്തകനായ അദ്ദേഹം ക്രിസ്തുമതപ്രചാരകൻ എന്നതിലുപരി ഭാഷാപണ്ഡിതൻ എന്ന നിലയിലാണ് ഇന്ന് സ്മരണീയനാകുന്നത്. മലയാളഭാഷയ്ക്ക് ഒരു വ്യാകരണ ഗ്രന്ഥവും നിഘണ്ടുവും അദ്ദേഹം സംഭാവന ചെയ്തു. ബൈബിൾ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തി. വിദ്യാലയങ്ങളുടെ സ്ഥാപനത്തിനും അച്ചടിയുടെ ആവിർഭാവത്തിനും അദ്ദേഹം മുൻകൈയെടുത്തു. തലശ്ശേരിയിലും നെട്ടൂരിലും സ്കൂളുകളും നെട്ടൂരിൽ ഒരു കല്ലച്ചുകൂടവും സ്ഥാപിച്ചു. സ്കൂളുകളിൽ പഠിപ്പിക്കാനായി മലയാളം, കന്നഡ, ഇംഗ്ലീഷ് ഭാഷകളിൽ പുസ്തകം എഴുതി അച്ചടിച്ച് പ്രസിദ്ധീകരിച്ചു. മലയാളം ഇംഗ്ലീഷ് നിഘണ്ടു, മലയാള ഭാഷാവ്യാകരണം, കേരളോല്പത്തി, കേരളപ്പഴമ, വജ്രസൂചി തുടങ്ങി നിരവധി കൃതികളുടെ കർത്താവാണ് ഗുണ്ടർട്ട്.

> ▶ ഭാഷാ പണ്ഡിതൻ - ഹെർമ്മൻ ഗുണ്ടർട്ട്

ഗുണ്ടർട്ടിന്റെ രചനകളിൽ പ്രകടമാകുന്ന സാമൂഹികജീവിതം പക്ഷപാതപരമായ മതചിന്ത കലർന്നതാണ് എന്ന് അഭിപ്രായമുണ്ട്. പഴഞ്ചൊൽമാലയിലും നളചരിതസാരശോധനയിലും മറ്റും ഗുണ്ടർട്ട് ഹിന്ദുമതത്തെ ക്രിസ്തുമതവുമായി താരതമ്യപ്പെടുത്തുന്നു. വിദേശ ക്രിസ്ത്യൻ മിഷനറിമാരുടെ ഭാഷാവികസനപ്രവർത്തനങ്ങളെ അംഗീകരിക്കുമ്പോഴും യഥാർഥത്തിൽ മിഷനറിമാരുടെ പ്രഥമവും പ്രധാനവുമായ ലക്ഷ്യം മതപ്രചാരണമായിരുന്നു എന്ന കാര്യം അവശേഷിക്കുന്നുണ്ട്. തദ്ദേശീയരുമായി ആശയവിനിമയം നടത്താൻ പ്രാദേശികഭാഷ പഠിക്കേണ്ടത് മിഷനറിമാർക്ക് അനിവാര്യമായി തീർന്നതാണ് നിഘണ്ടു നിർമ്മാണത്തിന്റെയും വ്യാകരണ ഗ്രന്ഥരചനയുടെയും പിന്നിലുള്ള മുഖ്യപ്രേരണ. അത് ഭാഷയ്ക്ക് മുതൽക്കൂട്ടായി എന്ന യാഥാർഥ്യത്തെയും വിസ്മരിക്കാനാകില്ല.

> ▶ മിഷനറിമാരുടെ പ്രധാന്മായ ലക്ഷ്യം മതപ്രചാരണമായിരുന്നു

## ജോർജ്ജ് മാത്തൻ - വിദ്യാസംഗ്രഹം

പത്രമാസികകളിലൂടെ ഉദയംകൊണ്ട പ്രാരംഭഘട്ട മലയാളനിരൂപണത്തിന്റെ ചരിത്രത്തിൽ സ്മരണീയമാണ് റവ. ജോർജ്ജ് മാത്തന്റെ നാമധേയം. മലയാളത്തിലെ പുസ്തകനിരൂപണത്തിന്റെ പിതാവെന്നു വിശേഷിപ്പിക്കപ്പെടുന്ന റവ. ജോർജ്ജ് മാത്തൻ കോട്ടയം സി. എം.

എസ്. കോളേജിന്റെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിച്ചിരുന്ന 'വിദ്യാസംഗ്രഹ'ത്തിന്റെ മുഖ്യപത്രാധിപരായിരുന്നു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ പ്രസിദ്ധീകരിച്ച ഈ ത്രൈമാസികം മലയാളത്തിലെ പ്രഥമ ദ്വിഭാഷാപത്രമായി (Bi-Lingual Journal) കരുതപ്പെടുന്നു. സാഹിത്യവിമർശനം, ഗ്രന്ഥനിരൂപണം, ധനതത്ത്വശാസ്ത്രം, ആധുനികശാസ്ത്രം തുടങ്ങിയവയുടെ ആദിമരൂപം വിദ്യാസംഗ്രഹത്തിൽ കണ്ടെത്താം. മലയാള ഗദ്യശൈലിയെ ആധുനികതയിലേക്കു അടുപ്പിക്കാനും, അതിനെ നിലവാരപ്പെടുത്താനും ഈ ത്രൈമാസികം ഏറെ സഹായിച്ചിട്ടുണ്ട്. ഒരു ഗ്രന്ഥനിരൂപണം ആദ്യമായി മലയാള വായനക്കാരുടെ മുമ്പിലെത്തുന്നത്. 'വിദ്യാസംഗ്രഹ'ത്തിലൂടെയാണ്.

▶ ജോർജ്ജ് മാത്തനും വിദ്യാസംഗ്രഹവും

ടി. ലക്ഷ്മണരായർ മഹാരാഷ്ട്രകത്തിൽ നിന്ന് മലയാളത്തിലേക്കു പരിഭാഷപ്പെടുത്തിയ 'സന്മാർഗോപദേശം' എന്ന കൃതിയെക്കുറിച്ച് ജോർജ്ജ് മാത്തൻ തയ്യാറാക്കിയ പുസ്തകാഭിപ്രായത്തിന് മലയാളത്തിലെ ആദ്യപുസ്തകനിരൂപണമെന്ന നിലയിൽ ചരിത്രപ്രാധാന്യമുണ്ട്. അക്കാലത്തെ ഗ്രന്ഥവിമർശനങ്ങളുടെ പൂർവമാതൃകയാണ് 1864 ജൂലൈ മാസത്തിൽ പ്രസിദ്ധപ്പെടുത്തിയ സംക്ഷിപ്തസുന്ദരമായ ഈ പുസ്തകനിരൂപണം. ഒരു സാഹിത്യവിഭാഗത്തിന്റെ വഴികാട്ടി എന്ന നിലയിൽ ഈ നിരൂപണത്തെക്കുറിച്ചുള്ള പഠനം ഏറെ പ്രസക്തമാണ്. സാഹിത്യവിമർശകന്റെ സത്യസന്ധതയും ഭാഷാസ്നേഹിയുടെ അഭിമാനബോധവും സാമൂഹിക പരിഷ്കർത്താവിന്റെ ആർജവവും ആത്മീയാചാര്യന്റെ മൂല്യബോധവും ഈ നിരൂപണത്തിലുണ്ട്. ഇതിന് രണ്ടു ഭാഗങ്ങളാണുള്ളത്. ഒന്ന് ഉള്ളടക്കത്തെ സംബന്ധിച്ചും അടുത്തത് അതിൽ ഉപയോഗിച്ചിരിക്കുന്ന ഭാഷയെക്കുറിച്ചും ചർച്ച ചെയ്യുന്നു. 'സന്മാർഗോപദേശം' എന്ന കൃതി പുലർത്തുന്ന ഉന്നതമായ ജീവിതദർശനമാണ് ഇതിന്റെ സവിശേഷതകളിൽ മുഖ്യമെന്ന് പ്രമേയവിചാരത്തിൽ റവ. ജോർജ്ജ് മാത്തൻ പറയുന്നു. ജ്ഞാനത്തെ 'ലൗകികജ്ഞാനമെന്നും', 'ആത്മീയജ്ഞാനമെന്നും' രണ്ടായി വിഭജിച്ച് രണ്ടിന്റെയും പുരോഗതി മനുഷ്യരുടെ ജീവിതവിജയത്തിന് അനിവാര്യമാണെന്ന് അദ്ദേഹം ഓർമ്മിപ്പിക്കുന്നു. ഒരു സെക്യുലർ മതചിന്തകന്റെ സങ്കുചിത കാഴ്ചപ്പാടല്ല, മറിച്ച് മനുഷ്യപുരോഗതിയെ കാംക്ഷിക്കുന്ന ഒരു സാമൂഹിക പരിഷ്കർത്താവിന്റെ സ്വരമാണ് ഇതിലുള്ളത്.

▶ 'സന്മാർഗോപദേശം' എന്ന കൃതി പുലർത്തുന്ന ഉന്നതമായ ജീവിതദർശനം

ശാസ്ത്രവിദ്യാഭ്യാസത്തിന്റെ ആവശ്യകത ചൂണ്ടിക്കാണിച്ചതിനു ശേഷം വൈദികജ്ഞാനത്തിന്റെ അനിവാര്യതയെക്കുറിച്ചും അവ വ്യക്തികൾക്കു നൽകുന്ന ജീവിതമൂല്യബോധത്തെക്കുറിച്ചും വിവരിക്കുന്നു. മനുഷ്യരുടെ മോഹങ്ങളേയും ദുരാഗ്രഹങ്ങളേയും ദുർവികാരങ്ങളേയും അമർച്ച ചെയ്ത് അച്ചടക്കവും ദൈവഭക്തിയും വർദ്ധിപ്പിക്കുവാനുതകുന്ന ഗ്രന്ഥമെന്നനിലയിൽ സന്മാർഗോപദേശത്തിന് ഏറെ പ്രസക്തിയുണ്ടെന്ന് അദ്ദേഹം അവകാശപ്പെടുന്നു. അതിനെത്തുടർന്ന് കൃതിയുടെ വാക്യങ്ങളിലും പദങ്ങളിലും സംഭവിച്ച വ്യാകരണസംബന്ധിയായ ചില പിഴവുകൾ ചൂണ്ടിക്കാട്ടുന്നു. റവ. ജോർജ്ജ് മാത്തന്റെ തന്നെ കൃതിയായ 'മലയാഴ്മയുടെ വ്യാകരണ'ത്തിന്റെ അടിസ്ഥാനത്തിലാണ് ഇവയെ വിലയിരുത്തുന്നത്. ഇതിൽ നിന്നും പ്രാരംഭഘട്ട സാഹിത്യവിമർശനം ഭാഷാവിമർശനവുമായി അഭേദ്യമായി ബന്ധപ്പെട്ടു നിൽക്കുന്നതായി കാണാം.

SGOU

നിരൂപണം നിഷ്പക്ഷമായിരിക്കണമെന്ന് ഓർമ്മിപ്പിച്ചുകൊണ്ട് അദ്ദേഹം ഗൗരവമുള്ള ചില സാമൂഹിക വിഷയങ്ങളെക്കൂടി പരാമർശിക്കുന്നുണ്ട്. അക്കാലത്തെ ഭരണഭാഷയായിരുന്ന തമിഴിനുപകരം മലയാളം ഔദ്യോഗിക ഭാഷയാക്കണമെന്നതായിരുന്നു അവയിൽ പ്രധാനപ്പെട്ടത്. നാട്ടുഭാഷയായ മലയാളത്തിനു കരുത്തും പുഷ്ടിയും നൽകുവാനുള്ള ശ്രമം അനിവാര്യമാണെന്നും ഇക്കാര്യത്തിൽ സർക്കാർ കുറ്റകരമായ അനാസ്ഥ കാണിക്കുന്നുവെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. കേരളത്തിലെ ബഹുഭൂരിപക്ഷം വരുന്ന സാധാരണക്കാരുടെ ജീവിതപ്രശ്നങ്ങളാണ് തന്റെ വാദത്തിനവലംബമായി അദ്ദേഹം എടുത്തുകാട്ടുന്നത്. ഗ്രന്ഥത്തിന്റെ ഉള്ളടക്കത്തെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾതന്നെ നിരൂപണത്തിൽ വ്യാകരണപരമായ പ്രത്യേകതകളും രാജ്യകാര്യവിമർശനവും ഭാഷാപഠനങ്ങളും ഒക്കെ കടന്നുവരുന്നതായി കാണാം. പത്രങ്ങളിലെ രാഷ്ട്രീയ നിരൂപണത്തിൽ കുറെക്കാലം സജീവമായിരുന്ന ഒരു പ്രശ്നവും (പരദേശി ബ്രാഹ്മണമേധാവിത്വം) ഇന്നും തീർത്തും പരിഹരിക്കപ്പെട്ടു കഴിഞ്ഞിട്ടില്ലാത്ത മറ്റൊരു പ്രശ്നവും (ഭരണഭാഷ) ഉന്നയിച്ച് ജോർജ്ജ് മാത്തൻ 1864-ൽ തന്നെ നമ്മുടെ രാഷ്ട്രീയവിമർശന പാരമ്പര്യത്തിനും പുസ്തകനിരൂപണ കൗതുകത്തിനും വഴികാട്ടിയായി. അതുവഴി ഗദ്യത്തിന്റെ പരമകോടിയിലേക്കുള്ള ഉയർച്ചയ്ക്ക് തുടക്കം കുറിച്ചുകൊണ്ട് ഭാഷാചരിത്രത്തിന് അതിപ്രധാനമായ സംഭാവനകൾ നല്കി.

> ▶ പ്രാരംഭഘട്ട മലയാളനിരൂപണത്തിന്റെ ചരിത്രത്തിൽ സ്മരണീയമാണ് റവ. ജോർജ്ജ് മാത്തന്റെ നാമധേയം

## അച്ചടിയും സാഹിത്യപ്രസിദ്ധീകരണങ്ങളും ഒരുക്കിയ സാഹിത്യസംവാദമണ്ഡലം

പതിനഞ്ചാം നൂറ്റാണ്ടിൽ യൂറോപ്പിൽ വ്യാപകമായ അച്ചടിവിദ്യ പതിനാറാം നൂറ്റാണ്ടിന്റെ മധ്യമായപ്പോഴേക്കും ഇന്ത്യയിലെത്തി. 1824-ൽ കോട്ടയത്തെ സി. എം. എസ് പ്രസ്സിൽ അച്ചടിച്ച 'ചെറുപൈതങ്ങൾക്ക് ഉപകാരാർത്ഥം' ഇംഗ്ലീഷിൽ നിന്നും പരിഭാഷപ്പെടുത്തിയ കഥകൾ പുറത്തുവന്നതോടെ കേരളത്തിലെ അച്ചടിയുടെ ചരിത്രം ആരംഭിക്കുന്നു. 1829-ൽ പുതിയനിയമം അച്ചടിച്ചപ്പോഴേക്കും ഇന്നത്തെ രീതിയിലുള്ള മലയാളഅച്ചുകൾക്ക് ബെഞ്ചമിൻ ബെയിലി രൂപകൽപ്പന നൽകിയിരുന്നു 19-ാം നൂറ്റാണ്ടിൽ കേരളത്തിൽ നിരവധി അച്ചടിശാലകളുണ്ടായി. അച്ചടിയുടെ പ്രചാരം പത്രമാസികകളുടെ ആവിർഭാവത്തിനും അത് ഭാഷാഗദ്യത്തിന്റെ വികാസത്തിനും മാനകീകരണത്തിനും വ്യാപനത്തിനും വഴിതെളിയിച്ചു. ആശയപ്രകാശനത്തിനുള്ള വിപുലസാധ്യത ഗദ്യത്തിനുണ്ടെന്ന ധാരണ ശക്തമായി. ആധുനികീകരണത്തിന്റെ ഉപാധികളായി അച്ചടിയെയും ആധുനിക വിദ്യാഭ്യാസത്തെയും ഒപ്പം ഗദ്യത്തെയും സ്വീകരിച്ചു. അറിവിന്റെയും ആശയത്തിന്റെയും സാർവത്രിക വിനിമയത്തിന് ഗദ്യമാണ് ഏറ്റവും ഉതകുന്നത് എന്ന ബോധം ശക്തമായി. പശ്ചിമോദയത്തിന്റെ ആമുഖപ്രസ്താവനയിൽ തന്നെ ഗദ്യപക്ഷവാദത്തിന്റെ പരസ്യപ്രസ്താവന കാണാം.

> ▶ അറിവിന്റെയും ആശയത്തിന്റെയും സാർവത്രിക വിനിമയത്തിന് ഗദ്യമാണ് ഏറ്റവും ഉതകുന്നത്

ആധുനിക മലയാളഗദ്യത്തിന്റെ വികാസ പരിണാമങ്ങൾക്ക് പത്രമാസികകൾ സുപ്രധാനമായ പങ്കുവഹിച്ചിട്ടുണ്ട്. 19-ാം നൂറ്റാണ്ടിന്റെ അവസാനപാദം മുതൽ ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപാദം വരെയുള്ള കാലയളവിൽ ജന്മമെടുത്ത വിദ്യാവിലാസിനി, വിദ്യാവിനോദിനി, കേരളമിത്രം, മലയാളി, രസികരഞ്ജിനി, മലയാള മനോരമ, ഭാഷാ

പോഷിണി, കവനകൗമുദി തുടങ്ങിയ പ്രസിദ്ധീകരണങ്ങൾ മലയാള സാഹിത്യത്തിന്റെയും നിരൂപണത്തിന്റെയും വളർച്ചയെ ത്വരിതപ്പെടുത്തുന്നതിൽ നിർണായക പങ്കുവഹിച്ചു.

സാഹിത്യകൃതികൾ എഴുതാനും വായിക്കാനും തുടങ്ങിയിട്ട് ഏറെയായി. എന്നാൽ എഴുത്തുകാരും വായനക്കാരും പരസ്പരം സംവദിക്കുകയും ആശയങ്ങൾ രൂപീകരിക്കുകയും ചെയ്യുന്ന ഒരു ഇടമുണ്ടായത് അച്ചടി പ്രചാരത്തിൽ വന്നതോടുകൂടിയാണ്. അച്ചടിയുടെ സാങ്കേതികവിദ്യ ആശയങ്ങളുടെ മുദ്രണവും പ്രചാരവും വേഗത്തിലാക്കി. പാഠപുസ്തകങ്ങളും ആനുകാലികങ്ങൾ ഉൾപ്പെടുന്ന സാഹിത്യ പ്രസിദ്ധീകരണങ്ങളും ഇത്തരമൊരു സംവാദവേദി രൂപപ്പെടുത്തുന്നതിന് കാരണമായ ഉപാധികളായിരുന്നു. പുസ്തകനിരൂപണങ്ങൾ കേവലം പരിചയപ്പെടുത്തൽ എന്നതിൽനിന്നുയർന്ന സാഹിത്യതത്വങ്ങളും സംവേദനാഭിരുചികളും മൗലികതയോടെ അവതരിപ്പിക്കുന്ന വേദിയായി മാറി. അവ അച്ചടി കാരണമുണ്ടായ സാഹിത്യസംവാദമണ്ഡലത്തെ സജീവമായി നിലനിർത്തുകയും ചെയ്തു. അതിനു നിദർശനങ്ങളാണ് മലയാളത്തിലുണ്ടായ സാഹിത്യവിവാദങ്ങൾ.

► മലയാളത്തിൽ സാഹിത്യ വിവാദങ്ങൾ ഉണ്ടാകുന്നു

## പ്രാസവാദം

സാഹിത്യത്തിലെ ഗുണദോഷവിചിന്തനത്തിനും മൂല്യനിർണയത്തിനും മാനദണ്ഡമായി മലയാളത്തിലെ ആദ്യകാല നിരൂപകന്മാർ സ്വീകരിച്ചത് സംസ്കൃതത്തിലെ സാഹിത്യശാസ്ത്രതത്വങ്ങളായിരുന്നു; പ്രത്യേകിച്ചും പദ്യകൃതികളുടെ കാര്യത്തിൽ. വർണനകൾ, അലങ്കാരങ്ങൾ, വൃത്തവ്യവസ്ഥകൾ, സാഹിത്യരൂപങ്ങളെ അടിസ്ഥാനമാക്കിയുള്ള നിയമങ്ങൾ എന്നീ ബാഹ്യഘടകങ്ങളിൽ എത്രത്തോളം കവി ശ്രദ്ധിച്ചിട്ടുണ്ട് എന്ന കാര്യത്തിൽ അവർ വിട്ടുവീഴ്ച അനുവദിച്ചിരുന്നില്ല. ഇംഗ്ലീഷ് സാഹിത്യവുമായി പരിചയമുള്ള നിരൂപകർ കൃതികളുടെ അന്തർഭാവത്തെ ഏറെക്കുറെ വിലയിരുത്തിയിരുന്നു; പ്രത്യേകിച്ച് ഗദ്യകൃതികളുടെ കാര്യത്തിൽ. എങ്കിലും നമ്മുടെ സാഹിത്യനിരൂപണം ഇരുപതാംശതകത്തിന്റെ ആദ്യദശകം വരെയും ബാല്യാവസ്ഥ തരണം ചെയ്തിരുന്നു എന്നു പറയാൻ നിവൃത്തിയില്ല. പുതിയ ഗദ്യസാഹിത്യരൂപങ്ങൾ നാം സ്വീകരിച്ചപ്പോൾ അതിനു യോജിച്ച നിരൂപണസരണിയും നമുക്കാവശ്യമായി വന്നു.

► വർണ്ണനകൾ, അലങ്കാരങ്ങൾ, വൃത്ത വ്യവസ്ഥകൾ, സാഹിത്യ രൂപങ്ങളെ അടിസ്ഥാന മാക്കിയുള്ള നിയമങ്ങൾ

1891 മുതൽ ഏതാണ്ടു മുപ്പതുവർഷക്കാലം നീണ്ടുനിന്ന പ്രാസവാദമാണ് മലയാളനിരൂപണത്തെ മാമൂലുകളിൽ നിന്നും കടുത്ത പ്രമാണങ്ങളിൽ നിന്നും അടർത്തിമാറ്റാനുള്ള ആദ്യത്തെ ശ്രമം. 1891-ലാണ് ഒന്നാം പ്രാസവാദം ആരംഭിക്കുന്നത്. മലയാള മനോരമയിൽ കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ നിർദ്ദേശപ്രകാരം പത്രാധിപരായ കണ്ടത്തിൽ വർഗീസ് മാപ്പിള എല്ലാ ലക്കവും കവിതയ്ക്കു വേണ്ടി ഒരു പുറം നീക്കിവയ്ക്കുകയും അതിന്റെ മേൽനോട്ടം കൊട്ടാരത്തിൽ ശങ്കുണ്ണിയെ ഏൽപ്പിക്കുകയും ചെയ്തു. കൊടുങ്ങല്ലൂർ സാഹിത്യക്കളരിയിലെ സമസ്യാപൂരണങ്ങൾ, പദ്യക്കത്തുകൾ, പത്രം നിർദ്ദേശിക്കുന്ന പദ്യരചനകൾ തുടങ്ങിയവയും ധാരാളമായി പത്രത്തിൽ പ്രസിദ്ധീകരിച്ചു വന്നു. "ദ്വിതീയാക്ഷരപ്രാസം പാലിക്കാത്ത ഒരു പദ്യം പോലും മനോരമയിൽ വന്നില്ല. നിരർത്ഥകം, അപുഷ്ടാർത്ഥം, നേയാർത്ഥം,

ദുശ്ശ്രവം, യതിഭംഗം, കുസന്ധി തുടങ്ങിയ ദോഷങ്ങൾ എത്രയുണ്ടായാലും ദ്വിതീയാക്ഷരപ്രാസം ഒപ്പിച്ചിട്ടുണ്ടെങ്കിൽ കവിതയായി എന്ന മട്ടിലായിരുന്നു മിക്ക രചനകളും' (പന്മന രാമചന്ദ്രൻ നായർ, 2003). 1891 മാർച്ച് 28 ലെ മലയാള മനോരമയിൽ 'മലയാള ഭാഷ' എന്നൊരു ചെറിയ ലേഖനം വന്നു. കവിതകളിലെ പ്രാധാന വൈകല്യങ്ങളെ ചൂണ്ടിക്കാട്ടുകയും വിദ്വാന്മാർ സ്വാഭിപ്രായം അറിയിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. 'ഒരു കൃത്യകൃത്ത് ' എന്ന പേരിലായിരുന്നു ലേഖനം വന്നത്. ആരും പ്രതികരിക്കാതിരുന്നപ്പോൾ ഒരു കൃത്യാകൃത്ത് തന്നെ പ്രാസം എന്നൊരു ലേഖനം കൂടി മനോരമയിൽ മെയ് 9ന് എഴുതുകയുണ്ടായി. അജ്ഞാതനായുള്ള ഈ ലേഖകൻ ദ്വിതീയാക്ഷര പ്രാസത്തിന്റെ ദോഷവശങ്ങളെയാണ് മുഖ്യമായും സൂചിപ്പിച്ചിരുന്നത്.

▶ പ്രാസവാദം നിരൂപണ രംഗവും

ഇതിനു മറുപടിയായി കൃത്യവിത്ത്, കവിതാരാക്ഷസൻ എന്നീപേരിൽ പ്രാസത്തെ അനുകൂലിച്ചു കൊണ്ട് ചില ലേഖനങ്ങൾ വരികയുണ്ടായി. അന്നത്തെ മുഖ്യ പണ്ഡിതന്മാർ ഈ വിഷയത്തിൽ ഇടപെടണ്ടമെന്ന ആവശ്യവും മുന്നോട്ട് വന്നു. അതനുസരിച്ച് കേരളവർമ്മ, കുഞ്ഞിക്കുട്ടൻ തമ്പുരാൻ, നടുവത്തച്ഛൻ തുടങ്ങിയവർ പ്രാസത്തെ അനുകൂലിച്ചും രാജരാജവർമ്മ, പുന്നശ്ശേരി, അന്തപ്പായി എന്നിവർ എതിർത്തും പത്രത്തിലെഴുതി. തുടർന്ന് രാജരാജവർമ്മ പ്രാസനിഷ്ഠയില്ലാത്ത കുറച്ചു കവിതകൾ പ്രസിദ്ധീകരിച്ചു വരികയുണ്ടായി. പ്രമുഖരായ പല സാഹിത്യകാരന്മാരും പങ്കെടുത്ത ഈ വാദം 1891 ഒക്ടോബർ 31 ന് മനോരമയിൽ പ്രസിദ്ധീകരിച്ച മധ്യസ്ഥലേഖനത്തോടെ അവസാനിച്ചു.

▶ പ്രാസവാദത്തിനൊപ്പം കേരളവർമ്മയും അതിനെതിരായി രാജരാജവർമ്മയും

സി. പി. അച്യുതമേനോനും പ്രാസം എന്ന പേരിൽ വിദ്യാവിനോദിനിയിൽ ലേഖനമെഴുതുകയുണ്ടായി. ദ്വിതിയാക്ഷരപ്രാസരഹിതമായി നിർമ്മിക്കപ്പെട്ട ആദ്യ മലയാള കാവ്യം എ. ആറിന്റെ മേഘസന്ദേശ പരിഭാഷയാണ്(1894). ദ്വിതീയാക്ഷരപ്രാസം പരിപൂർണമായി ദീക്ഷിച്ചു കൊണ്ട് കേരളവർമ്മ മയൂരസന്ദേശ (1894) വുമെഴുതി. വാദപ്രതിവാദങ്ങളേക്കാൾ പ്രയോഗമാണ് കേരള വർമ്മയും എ. ആറും സ്വീകരിച്ചത്. രണ്ടാം പ്രാസവാദം എന്നറിയപ്പെട്ട 1908 മുതൽ 1909 വരെയുള്ള കാലമായിരുന്നു വീണ്ടും പ്രാസത്തെ സംബന്ധിച്ച ചർച്ച സജീവമായത്. കെ. സി. കേശവപിള്ള ദ്വിതീയാക്ഷരപ്രാസം എന്ന ലേഖനത്തിൽ കവനകൗമുദിയെ വിമർശിച്ചു. അതിൽ വന്നിരുന്ന ദ്വിതീയാക്ഷരപ്രാസപദ്യത്തെ ചൂണ്ടിക്കാണിച്ചു കൊണ്ടാണ് വിമർശിച്ചത്. പ്രാസമുള്ളത് മാത്രമേ കവിതയാകൂ എന്ന രീതിയിലായിരുന്നു കവിതകളുടെ പ്രസിദ്ധീകരണം.

▶ വാദപ്രതിവാദങ്ങളേക്കാൾ പ്രയോഗമാണ് കേരള വർമ്മയും എ.ആറും സ്വീകരിച്ചത്

തിരുവനന്തപുരം കോളേജ് മലയാള സമാജത്തിന്റെ ദശവാർഷിക യോഗത്തിൽ കെ. സി. കേശവപിള്ള അവതരിപ്പിച്ച 'ഭാഷാ കവിത' എന്ന പ്രബന്ധത്തിലൂടെയാണ് രണ്ടാം പ്രാസവാദത്തിന്റെ ആരംഭം. കെ.സിയുടെ കവിതയ്ക്ക് മറുപടി ഉള്ളൂർ നൽകുകയുണ്ടായി. തുടർന്ന് ധാരാളം കവിതകളും ലേഖനങ്ങളും രണ്ടുപക്ഷത്തുമായി ഉണ്ടായി. ഒടുവിൽ കേരളവർമ്മയുടെ നിർദ്ദേശപ്രകാര എ. ആർ ഒരു മധ്യസ്ഥ ലേഖനം തയ്യാറാക്കുകയും ഏവരും അംഗീകരിക്കുകയും ചെയ്തതോടെ പ്രാസവാദത്തിന് അവസാനമായി. അതിൽ "കേശവപിള്ള

എ. ആർ. രാജരാജ വർമ്മയുടെ നിർദേശങ്ങൾ

പ്രഭൃതികൾക്ക് പരിഷ്കാരികളാകാൻ പരിഭ്രമമാണെങ്കിൽ പ്രകൃത പ്രാസത്തെ അവർ നിശ്ശേഷം ഉപേക്ഷിച്ച കൊള്ളട്ടെ. പരമേശ്വരയ്യർ മുതൽ പേർക്ക് ഈ പ്രാസം രസിക്കുന്നതാകയാൽ അവർ അതിനെ ആ മട്ടിൽത്തന്നെ ഉപയോഗിച്ച കൊള്ളുകയും ചെയ്യട്ടെ.''എന്ന് നിർദേശിച്ചിരിക്കുന്നു.

ചുരുക്കത്തിൽ മലയാള കവിതയെ സംബന്ധിച്ച് കാര്യഗൗരവമുള്ളതും സമഗ്രവുമായ ഒരു ചർച്ചയായിരുന്നു പ്രാസവാദം. ഭാഷയിൽ ധാരാളം കാവ്യങ്ങൾ ഉണ്ടായി എന്നതാണ് ഏറ്റവും വലിയ ഗുണം. പ്രാസവാദത്തിന്റെ ചർച്ചയിൽ പാരമ്പര്യവാദികളുടെ വാദമുഖങ്ങൾ താഴെ ചേർക്കുന്നു.

1. പുരാണങ്ങളിലോ ചരിത്രത്തിലോ ഉള്ള പ്രസിദ്ധമായ ഒരു കഥ കാവ്യത്തിന്റെ ഇതിവൃത്തമായി സ്വീകരിക്കണം.
2. വിസ്തരിച്ച വർണനകളുണ്ടായിരിക്കണം. പർവ്വതം, സമുദ്രം, ഋതുക്കൾ ഇവയുടെ വർണനകൾ അനുപേക്ഷണീയമാണ്.
3. അലങ്കാരങ്ങൾ ധാരാളം ചേർക്കണം.
4. നല്ല കവിതയുടെ ലക്ഷണമാണ് പ്രാസം. ദ്വിതീയാക്ഷരപ്രാസം മലയാളകവിതയ്ക്ക് ഒരു ഭൂഷണം തന്നെ.
5. സംസ്കൃതത്തിൽ പ്രചാരമുള്ള വൃത്തങ്ങൾ സ്വീകരിക്കണം
6. കവിയുടെ പാണ്ഡിത്യത്തെയും ശില്പചാതുരിയെയും കുറിച്ച് വായനക്കാരിൽ അത്ഭുതം ജനിപ്പിക്കും വണ്ണം ശ്ലോകം ചമയ്ക്കണം.

എ. ആർ. രാജരാജ വർമ്മയുടെ പക്ഷം

വായനക്കാരെ അത്ഭുതപ്പെടുത്താൻ പോരുന്ന അഭ്യാസങ്ങളായിരുന്നു പല കവികളുടെയും ലക്ഷ്യം. ഇംഗ്ലീഷിലെ കാല്പനിക കവിതയോട് തുലനം അർഹിക്കുന്ന സൃഷ്ടികൾ മലയാളത്തിലുണ്ടാകാനുള്ള ചുറ്റുപാടുകളെങ്കിലും സൃഷ്ടിക്കേണ്ടതുണ്ടെന്ന് അഭ്യസ്തവിദ്യരായ കവികൾക്കും നിരൂപകർക്കും ബോധ്യമായി, അവരുടെ നേതാവായി എല്ലാവരും ആദരിച്ച രാജരാജവർമ്മ തർക്കവിതർക്കങ്ങളുടെ സാരാംശം മാനിച്ചുകൊണ്ടു കവിതയിൽ നവചൈതന്യം കൈവരുത്തുവാൻ ചില നിർദ്ദേശങ്ങൾ അവതരിപ്പിച്ചു.

1. ആഖ്യാനരൂപത്തിൽ ഇതിഹാസകവിതയും ആട്ടക്കഥകളുമാണുള്ളത്. കാവ്യവിഷയത്തിനു പരിമിതി കൽപ്പിക്കുന്നത് ശരിയല്ല. കവിഭാവനയ്ക്കു യോജിക്കുന്ന ഏതു വിഷയവും സ്വീകരിക്കാവുന്നതാണ്. പാശ്ചാത്യദേശങ്ങളിലെന്ന പോലെ ആത്മനിഷ്ഠമായ ഭാവഗീതങ്ങൾ ഇനിയുണ്ടാകണം.

2. വർണനയ്ക്കു വേണ്ടിയുള്ള വർണനകൾ ഉപേക്ഷിക്കണം, കാവ്യത്തിന്റെ ലക്ഷ്യത്തിനും ആത്മാവിനും ചേരുന്ന വർണനകൾ മാത്രമേ സ്വീകരിക്കാവൂ.

3. വളരെയധികം അലങ്കാരങ്ങൾ കാവ്യത്തിൽ കുത്തിചെലുത്തുമ്പോൾ അതു കൃത്രിമമായിപ്പോകും. പതഞ്ഞുപൊങ്ങുന്ന അല

ങ്കാരപ്പൊലിമയിൽനിന്നു കാവ്യത്തെ മോചിപ്പിക്കണം.

4. സന്ദർഭത്തിനു ചേരുന്ന ശബ്ദഭംഗിയുള്ള പദങ്ങളുടെ പ്രയോഗത്തിൽ ശ്രദ്ധിക്കണം. പക്ഷേ ഈ ശബ്ദാലങ്കാരം ഒരു പ്രത്യേക പ്രാസത്തിൽ നിബദ്ധമാണ് എന്ന ധാരണ യുക്തിസഹമല്ല. ശബ്ദാലങ്കാരത്തെക്കാൾ അർത്ഥചമത്കാരത്തിൽ ശ്രദ്ധിക്കണം.

5. കവിയ്ക്ക് ഹൃദ്യമെന്നു തോന്നുന്ന വൃത്തം സ്വീകരിക്കാനുള്ള സ്വാതന്ത്ര്യമുണ്ടായിരിക്കണം. നാടൻപാട്ടുകളിൽ നിന്നു സ്വീകരിക്കുന്ന വൃത്തങ്ങൾ സംസ്കൃതവൃത്തങ്ങളെക്കാൾ ഭാവഗീതങ്ങൾക്കു കൂടുതൽ ഇണങ്ങും.

6. കാവ്യപൈതൃകത്തെ ബഹുമാനിക്കുന്നത് നല്ലതുതന്നെ, പക്ഷേ കവി കാവ്യരൂപങ്ങളുടെ അടിമയായിക്കൂടാ. കവിതയിൽ കല്പനയെ(fancy)ക്കാൾ ഭാവന(imagination)യ്ക്കാണ് പ്രാധാന്യം. കരവിരുതിനെക്കാൾ(craft) ശില്പചാതുരി(art)യാണു ഉചിതം.

> ▶ പ്രാസവാദത്തിനു പടക്കളമായിത്തീർന്നത് ആനുകാലികങ്ങളാണ്

ഈ സംവാദത്തിനു പടക്കളമായിത്തീർന്നത് ആനുകാലികങ്ങളായിരുന്നു. ഇതിൽ നിന്നും പല കാവ്യതത്വങ്ങളും പൊന്തിവന്നു. കവിതയെക്കുറിച്ചും നിരൂപണത്തെക്കുറിച്ചും സാഹിത്യകാരന്മാരിലും വായനക്കാരിലും പുതിയ അവബോധങ്ങൾ അതു സൃഷ്ടിച്ചു. ഇന്നത്തെ നോട്ടത്തിൽ ഈ വാദത്തിൽ വലിയ കഴമ്പില്ലെന്നു തോന്നിയേക്കാം. പക്ഷേ അർഥത്തെ ബലി കഴിപ്പിച്ച് ശബ്ദഭംഗിയുണ്ടാക്കാനുള്ള ശ്രമം ശക്തമായ ഭാഷയിൽ ചോദ്യം ചെയ്യപ്പെട്ടതും ആ സന്ദർഭത്തിലാണ്. യഥാർഥ കവിതയുടെ രൂപഭാവങ്ങളെക്കുറിച്ചു കവികൾ ഉണർന്നു ചിന്തിക്കാൻ തുടങ്ങിയതും ഈ പ്രാസവാദത്തോടുകൂടിയാണ്. അങ്ങനെ കവികൾ കാവ്യസൃഷ്ടിയുടെയും നിരൂപണത്തിന്റെയും മർമ്മങ്ങളെക്കുറിച്ചു ആഴത്തിലിറങ്ങി ചിന്തിക്കാനും തങ്ങളുടെ ചിന്തകൾ ആവിഷ്ക്കരിക്കുവാനും തുടങ്ങി.

> ▶ കാൽപ്പനികത, ഭാവന, ശില്പചാതുരി

ഈ നിർദ്ദേശങ്ങൾ ഇരുഭാഗങ്ങളിലുമുള്ള നിർമ്മത്സരബുദ്ധികൾക്ക് കാലക്രമേണ സ്വീകാര്യമായിത്തോന്നി. രാജരാജവർമ്മപ്രസ്ഥാനം എന്ന പേരിൽ അറിയപ്പെടുന്ന ഈ നിർദ്ദേശപത്രിക മലയാളസാഹിത്യനിരൂപണചരിത്രത്തിലെ സുപ്രധാനമായ ഒരു നാഴികക്കല്ലാണ്. പാശ്ചാത്യരുടെയും പൗരസ്ത്യരുടെയും കാവ്യധർമ്മങ്ങൾ സംയോജിപ്പിച്ച് മലയാളഭാഷയുടെ പരിതസ്ഥിതിയിൽ ലയിപ്പിച്ച് സശ്രദ്ധം രൂപപ്പെടുത്തിയ ഒരു നിർദ്ദേശപത്രികയാണിത്. നിരൂപണചരിത്രത്തിൽ ഇതുപോലൊരു ഘട്ടം ഇനിയുണ്ടാകുന്നത് നാൽപതുകളിൽ രൂപഭദ്രതാവാദം കൊടുംപിരികൊള്ളുമ്പോഴാണ്. അതിൽ പ്രധാന പങ്ക് വഹിച്ചത് നിരൂപകരാണ്.

> ▶ രാജരാജവർമ്മ പ്രസ്ഥാനം

## Summarised Overview

മലയാളഗദ്യശാഖയുടെ വികാസത്തോടെ ഉദയം കൊള്ളുകയും വളർച്ചപ്രാപിക്കുകയും ചെയ്ത സാഹിത്യശാഖയാണ് നിരൂപണം, വിമർശനം തുടങ്ങിയ പേരുകളിൽ അറിയപ്പെടുന്നത്. വിമർശനം, നിരൂപണം എന്നീ രണ്ടു പദങ്ങളും നിരൂപണത്തെ സൂചിപ്പിക്കുന്നതിന് വേണ്ടി സാഹിത്യത്തിൽ ഉപയോഗിച്ചിരുന്നുവെങ്കിലും 'നിരൂപണം' എന്ന പദത്തിനാണ് സാഹിത്യരംഗത്ത് കൂടുതൽ പ്രചാരം ലഭിച്ചത്. ഏതു ഭാഷയിലുമെന്നപോലെ തന്നെ മലയാളത്തിലും ഗദ്യവികാസത്തോടൊപ്പമാണ് വിമർശനശാഖയും ജന്മമെടുത്തത്. ഗദ്യത്തിന്റെ വികാസത്തിന് ക്രിസ്ത്യൻമിഷനറിമാർ നിസ്തുലമായ സംഭാവനകൾ നൽകിയിട്ടുണ്ട്. ഹെർമൻ ഗുണ്ടർട്ട്, ബെഞ്ചമിൻ ബെയിലി എന്നിവരുടെ സംഭാവനകൾ എടുത്തുപറയേണ്ടവയാണ്.

റവ. ജോർജ്ജ് മാത്തൻ കോട്ടയം സി. എം. എസ്. കോളേജിന്റെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിച്ചിരുന്ന 'വിദ്യാസംഗ്രഹ'ത്തിന്റെ മുഖ്യപത്രാധിപരായിരുന്നു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ പ്രസിദ്ധീകരിച്ച ഈ ത്രൈമാസികം മലയാളത്തിലെ പ്രഥമ ദ്വിഭാഷാപത്രമായി (Bi-Lingual Journal) കരുതപ്പെടുന്നു. സാഹിത്യവിമർശനം, ഗ്രന്ഥനിരൂപണം, ധനതത്വശാസ്ത്രം, ആധുനികശാസ്ത്രം തുടങ്ങിയവയുടെ ആദിമരൂപം വിദ്യാസംഗ്രഹത്തിൽ കണ്ടെത്താം. വിദ്യാവിലാസിനി, വിദ്യാവിനോദിനി, ഭാഷാപോഷിണി, രസികരഞ്ജിനി തുടങ്ങിയ സാഹിത്യമാസികകൾ പിൽക്കാലത്ത് പ്രസിദ്ധീകൃതമായി. അവയിൽ പ്രസിദ്ധീകൃതമായ പുസ്തകനിരൂപണങ്ങൾ ലക്ഷണയുക്തമായ വിമർശനങ്ങളുടെ ആദ്യമാതൃകകളാണ്.

1890 മുതൽ ഏതാണ്ടു മുപ്പതുവർഷക്കാലം നീണ്ടുനിന്ന പ്രാസവാദമാണ് മലയാളനിരൂപണത്തെ മാമൂലുകളിൽനിന്നും കടുത്ത പ്രമാണങ്ങളിൽനിന്നും അടർത്തിമാറ്റാനുള്ള ആദ്യത്തെ ശ്രമം. ശ്ലോകത്തിൽ എല്ലാ പാദങ്ങളിലും രണ്ടാമത്തെ അക്ഷരം സജാതീയമാകണമെന്ന് അന്നു ജീവിച്ചിരുന്ന ഏറ്റവും വലിയ പണ്ഡിതകവിയായിരുന്ന കേരളവർമ്മ അഭിപ്രായപ്പെട്ടു. രൂപശില്പത്തിലുള്ള അയവില്ലാത്ത ശ്രദ്ധയല്ല കവികൾക്കു വേണ്ടതെന്നും അർഥചമത്കാരങ്ങളിലാണ് അവർ ശ്രദ്ധിക്കേണ്ടതെന്നും അദ്ദേഹത്തിന്റെ അനന്തരവനായ എ. ആർ അഭിപ്രായപ്പെട്ടു. ഇതാണ് പ്രാസവാദമായി അറിയപ്പെട്ടത്.

## Assignments

1. 'മലയാളസാഹിത്യനിരൂപണത്തിന്റെ പ്രാരംഭഘട്ടവും പത്രമാസികകളും' - ഉപന്യാസം തയ്യാറാക്കുക.
2. 'മിഷനറിമാരും മലയാളനിരൂപണരംഗവും' - ഉപന്യാസം തയ്യാറാക്കുക.
3. 'ഭാഷാപോഷണി സഭയും മലയാളനിരൂപണവും' - വിവരിക്കുക.
4. മലയാള കാവ്യനിരൂപണത്തിൽ പ്രാസവാദത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് - ചർച്ചചെയ്യുക.
5. 'മലയാളനിരൂപണവും റവ. ജോർജ്ജ് മാത്തനും' - ഉപന്യാസം തയ്യാറാക്കുക.
6. അച്ചടിയുടെ വികാസവും മലയാളനിരൂപണസഹിത്യത്തിന്റെ ചരിത്രവും - സംഗ്രഹിച്ച് ഉപന്യാസം തയ്യാറാക്കുക.
7. 'ഹെർമ്മൻ ഗുണ്ടർട്ടും ബെഞ്ചമിൻ ബെയ്‌ലിയും മലയാളഗദ്യത്തിന്റെ വികാസത്തിന് നൽകിയ സംഭാവനകൾ' - ഉപന്യാസം തയ്യാറാക്കുക
8. 'പ്രാസവാദത്തെ സംബന്ധിച്ച എ. ആർ. രാജരാജവർമ്മയുടെ നിരീക്ഷണങ്ങൾ' - വിശദീകരിക്കുക.

## Suggested Readings


1. സി. പി. അച്യുതമേനോൻ, സി.പി. അച്യുതമേനോന്റെ സാഹിത്യവിമർശനം, (സമ്പാ. ടി. പി. സുകുമാരൻ), മാതൃഭൂമി, കോഴിക്കോട്.
2. കെ. പി. അപ്പൻ, മാറുന്ന മലയാളനോവൽ, ഡി. സി. ബുക്സ്, കോട്ടയം.
3. ഇ. എം. എസ്. നമ്പൂതിരിപ്പാട്, തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.
4. കുട്ടികൃഷ്ണമാരാർ, രാജാങ്കണം, മാരാർ സാഹിത്യപ്രകാശം, കോഴിക്കോട്.
5. കുട്ടികൃഷ്ണമാരാർ, കല ജീവിതം തന്നെ, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.
6. എൻ. കുമാരനാശാൻ, കുമാരനാശാന്റെ ഗദ്യലേഖനങ്ങൾ, കുമാരനാശാൻ സ്മാരക കമ്മറ്റി, എൻ. ബി. എസ്., കോട്ടയം.
7. കേരളവർമ്മ വലിയകോയിത്തമ്പുരാൻ, കേരളവർമ്മയുടെ തെരഞ്ഞെടുത്ത ഗദ്യകൃതികൾ (സമ്പാ. തിക്കുറിശ്ശി ഗംഗാധരൻ), എൻ. ബി. എസ്., കോട്ടയം.
8. കേസരി എ. ബാലകൃഷ്ണപിള്ള, കേസരിയുടെ സാഹിത്യവിമർശനങ്ങൾ, നാഷണൽ ബുക്സ്റ്റാൾ, കോട്ടയം.
9. പന്മന രാമചന്ദ്രൻനായർ, നവയുഗശില്പി, രാജരാജവർമ്മ, കറന്റ് ബുക്സ്, തൃശ്ശൂർ.


## References


1. എരുമേലി പരമേശ്വരൻ പിള്ള, മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ, കറന്റ് ബുക്സ്, തൃശ്ശൂർ.
2. കെ. എം. ജോർജ് (എഡിറ്റർ), ആധുനിക മലയാളസാഹിത്യ ചരിത്രം പ്രസ്ഥാനങ്ങളിലൂടെ, ഡി. സി. ബുക്സ്, കോട്ടയം.
3. സുകുമാർ അഴീക്കോട്, മലയാളസാഹിത്യവിമർശനം, ഡി. സി. ബുക്സ്, കോട്ടയം.
4. എം. ഗോവിന്ദൻ, പുതിയ മനുഷ്യൻ പുതിയ ലോകം, ഡി. സി. ബുക്സ്, കോട്ടയം, 1999.
5. ജോസഫ് മുണ്ടശ്ശേരി, മുണ്ടശ്ശേരി കൃതികൾ, കറന്റ് ബുക്സ്, തൃശ്ശൂർ, 1981.
6. സി. ജെ. തോമസ്, സി. ജെ യുടെ ലേഖനങ്ങൾ, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.
7. കെ. ദാമോദരൻ, കെ. ദാമോദരന്റെ സമ്പൂർണകൃതികൾ, വാല്യം 7, എന്താണു സാഹിത്യം, പ്രിന്റ് മീഡിയ.

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

Unit 2

# മലയാള നിരൂപണസാഹിത്യം – ആദ്യഘട്ടം

## Learning Outcomes

- മലയാള നിരൂപണസാഹിത്യത്തിന്റെ പരിണാമഘട്ടത്തെക്കുറിച്ച് മനസിലാക്കുന്നു
- കാവ്യങ്ങൾ, നാടകങ്ങൾ, നോവൽ, ചെറുകഥ എന്നിവയുടെ ആവിർഭാവഘട്ടത്തെ പരിചയപ്പെടുന്നു
- സാഹിത്യവിമർശനാത്മകത, പ്രോത്സാഹനനിരൂപണം, ഗതാനുഗതികത്വം എന്നിവയെക്കുറിച്ച് അറിവു നേടുന്നു
- മലയാളത്തിലെ ആദ്യകാല സാഹിത്യവിമർശകരെ പരിചയപ്പെടുന്നു
- പ്രാചീനനിരൂപണകൃതികളുടെ പ്രത്യേകതകൾ ഗ്രഹിക്കുന്നു

SGOU

## Background

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തോടെ മലയാളത്തിൽ ഗദ്യസാഹിത്യത്തിന് സവിശേഷമായ സ്ഥാനം സിദ്ധിച്ചു. കാവ്യങ്ങൾക്ക് പുറമേ നാടകങ്ങൾ, നോവൽ, ചെറുകഥ എന്നിവ ധാരാളമായി എഴുതപ്പെട്ടു. പത്രമാസികകൾ ഗദ്യസാഹിത്യത്തിന് നൽകിയ സ്ഥാനം ഗദ്യത്തിന്റെ വളർച്ചയ്ക്ക് വേഗത കൂട്ടി.

1880-കളിൽ തന്നെ നോവൽ, നാടകം എന്നീ നൂതനസാഹിത്യരൂപങ്ങൾ ഇവിടെയുണ്ടായി, പിറകെ അവയുടെ നിരൂപണങ്ങളും. നോവലുകളെക്കുറിച്ചുള്ള ആദ്യപഠനങ്ങളും നിരൂപണങ്ങളുമുണ്ടായത് ആനുകാലികങ്ങളിലാണ്. സി. ഈശ്വരവാരിയർ, നെടിയം വീട്ടിൽ ബാലകൃഷ്ണമേനോൻ, മൂർക്കോത്ത് കുമാരൻ എന്നിവർ നോവലിനെക്കുറിച്ചു തുടർനിരൂപണങ്ങളെഴുതി. സി. അന്തപ്പായിയും സാഹിത്യപഞ്ചാനനൻ പി. കെ. നാരായണപിള്ളയും ഭാഷാനാടകങ്ങളെക്കുറിച്ചെഴുതിയ നിരൂപണങ്ങളാണ് മറ്റൊന്ന്. സി. അന്തപ്പായിയുടെ ആദ്യകാല സാഹിത്യനിരൂപണങ്ങൾ പ്രസിദ്ധീകൃതമായത് 'വിദ്യാവിനോദിനി'യിലാണ്. നാടകങ്ങളെക്കുറിച്ച് അധികമൊന്നും നിരൂപകന്മാർ ചിന്തിക്കാത്ത കാലമായിരുന്നു അത്. കൊട്ടാരത്തിൽ ശങ്കുണ്ണി ഇംഗ്ലീഷിൽനിന്ന് ഇതിവൃത്തമെടുത്ത് മലയാളത്തിൽ എഴുതിയ 'ദേവീവിലാസം' നാടകത്തെക്കുറിച്ചും തോട്ടയ്ക്കാട്ട് ഇക്കാവമ്മയുടെ 'സുഭദ്രാർജ്ജുന'ത്തെക്കുറിച്ചും 'മാലതീമാധവം' നാടകത്തിന്റെ തർജമയെക്കുറിച്ചും സി. അന്തപ്പായി നിരൂപണങ്ങളെഴുതിയിട്ടുണ്ട്. ഇതിവൃത്തഘടനയിലുള്ള പോരായ്മകൾ, അനൗചിത്യങ്ങൾ, സംസ്കൃതനാടകത്തിന്റെ രൂപഘടന അംഗീകരിക്കുന്നതുകൊണ്ടുള്ള ദോഷങ്ങൾ മുതലായവ ഈ നിരൂപണങ്ങളിലൂടെ അദ്ദേഹം എടുത്തുകാട്ടി.

സി. പി. അച്യുതമേനോന്റെ 'വിദ്യാവിനോദിനി'യ്ക്ക് സാഹിത്യനിരൂപണചരിത്രത്തിൽ സവിശേഷമായ സ്ഥാനമുണ്ട്. ഗദ്യലേഖനങ്ങൾക്കാണ് 'വിദ്യാവിനോദിനി' പ്രാധാന്യം നല്കിയിരുന്നത്. സി. പി. തന്നെ ധാരാളം സാഹിത്യോപന്യാസങ്ങളും നിരൂപണങ്ങളും അതിലെഴുതിയിട്ടുണ്ട്. ആ രചനകളാകട്ടെ, മിക്കവാറും പൗരസ്ത്യസാഹിത്യസിദ്ധാന്തങ്ങളെ അനുസരിച്ചുകൊണ്ടായിരുന്നുതാനും. ഇത് മറ്റുള്ള സാഹിത്യകാരന്മാർക്ക് ഗദ്യരചനയ്ക്ക് പ്രേരകമായി.

കേരളവർമ്മ വലിയകോയിത്തമ്പുരാന്റെയും അന്നു ജീവിച്ചിരുന്ന മറ്റു തിരുവിതാംകൂർ സാഹിത്യകാരന്മാരുടെയും സഹായം ഈ ആനുകാലികത്തിനു ലഭിച്ചു. അച്യുതമേനോൻ ഏറെത്താമസിയാതെ കോട്ടയത്ത് പ്രവർത്തിച്ചിരുന്ന ഭാഷാപോഷിണിസഭയുമായി ബന്ധപ്പെടുകയും ഒരു വർഷക്കാലം(കൊ.വ. 1070) ഭാഷാപോഷിണിസഭയുടെ മുഖപത്രമായ 'വിദ്യാവിനോദിനി'യിൽ പ്രവർത്തിക്കുകയും ചെയ്തു. വിദ്യാവിനോദിനിയിൽ സാഹിത്യമീമാംസയെക്കുറിച്ചുള്ള ലേഖനങ്ങൾ കൂടാതെ ധാരാളം പുസ്തകാഭിപ്രായങ്ങളും പ്രസിദ്ധീകരിക്കപ്പെട്ടിരുന്നു. എ. ആർ. രാജരാജവർമയുടെ ഖണ്ഡകാവ്യമായ 'മലയവിലാസം' വിദ്യാവിനോദിനിയിലാണ് ആദ്യം പ്രസിദ്ധീകരിച്ചത്. ഭാഷാപോഷിണിസഭയുടെ നേതൃത്വത്തിൽ നടന്ന പ്രവർത്തനങ്ങൾ ഭാഷയുടെ ഉന്നമനത്തിന് മാത്രമല്ല മലയാളനിരൂപണചരിത്രത്തിന്റെ നിർമ്മിതിക്കും വിലപ്പെട്ട സംഭാവനകൾ നൽകി. മാസികകൾ കേന്ദ്രീകരിച്ച് പാശ്ചാത്യവും പൗരസ്ത്യവുമായ സാഹിത്യചിന്തകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കപ്പെട്ട നിരൂപണ ലേഖനങ്ങൾക്ക് ഭാഷാപോഷിണിസഭ വലിയ പിന്തുണ നൽകിയിരുന്നു. പ്രാസവാദത്തെ ചൊല്ലിയുണ്ടായ വലിയ തർക്കങ്ങൾക്ക് വഴി തെളിയ്ക്കുന്നതിൽ ഭാഷാപോഷിണിസഭ പങ്കുവഹിച്ചു.

പത്തൊമ്പതാം നൂറ്റാണ്ടോടെ പദ്യം മാത്രമല്ല ഗദ്യവും സാഹിത്യമാണെന്ന ബോധം വായനക്കാരുടെ ഇടയിൽ രൂഢമൂലമായി. ഗദ്യസാഹിത്യത്തിന് വന്ന പ്രാമാണികത്വം പദ്യത്തിന്റെ വികാസത്തിന് തടസ്സമാകുമോ എന്ന ചിന്തയാൽ ഗദ്യത്തോടുള്ള ഒരു വെല്ലുവിളി എന്ന നിലയിൽ, പന്തളം കേരളവർമയുടെ പത്രാധിപത്യത്തിൽ 'കവനകൗമുദി' (1908-31) എന്നൊരു കവിതാമാസിക ആരംഭിച്ചു. ഗദ്യത്തിന്റെ മുന്നേറ്റം അത്ര ശക്തമായിരുന്നു എന്ന് ഇതിൽനിന്ന് മനസിലാക്കാം. എന്നാൽ 'കവനകൗമുദി'യുടെ വിശേഷാൽ പ്രതിയായ 'ഭാഷാവിലാസ'ത്തിൽ (1914-30) ഗദ്യലേഖനങ്ങൾക്കാണ് പ്രമുഖസ്ഥാനം ലഭിച്ചത്. ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ നിരൂപണചിന്തകൾ അധികം പ്രസിദ്ധീകരിച്ചുകൊണ്ടിരുന്ന രണ്ടു മാസികകളാണ് 'വിവേകോദയ'വും (1904) 'ആത്മപോഷിണി'യും (1910). 'വിവേകോദയ'ത്തിന്റെ പത്രാധിപർ കുമാരനാശാനും 'ആത്മപോഷിണി'യുടേത് വള്ളത്തോളുമായിരുന്നു.

സി. പി. അച്യുതമേനോൻ, കേരളവർമ്മ വലിയകോയിത്തമ്പുരാൻ, എ. ആർ. രാജരാജവർമ്മ, സി. അന്തപ്പായി, സാഹിത്യപഞ്ചാനനൻ പി. കെ. നാരായണപിള്ള, കുമാരനാശാൻ, ഉള്ളൂർ, വള്ളത്തോൾ, സ്വദേശാഭിമാനി രാമകൃഷ്ണപിള്ള, മൂർക്കോത്തു കുമാരൻ തുടങ്ങിയവർ ഈ കാലയളവിലെ പ്രമുഖ നിരൂപകരാണ്.


## Keywords

സാഹിത്യ പരിണാമം - ജനുസ്സുകൾ - കാവ്യങ്ങൾ - നാടകങ്ങൾ - നോവൽ - ചെറുകഥ - ഇന്ദുലേഖയുടെ അവതാരിക - ചക്കീചങ്കരം - പ്രോത്സാഹന നിരൂപണം - പ്രാചീന രചനകൾ - ആദ്യകാല നിരൂപകന്മാർ

# Discussion

## സാഹിത്യ പരിണാമം - പരമ്പരാഗതവും പാശ്ചാത്യവുമായ പ്രേരണകൾ

പാശ്ചാത്യസാഹിത്യ സമ്പർക്കം ലഭിക്കുന്നതിനു മുൻപ് കാവ്യരൂപത്തിന് പ്രാധാന്യമുള്ള സാഹിത്യരചനകളാണ് മലയാളത്തിലുണ്ടായിരുന്നത്. പിന്നീട് ഗദ്യത്തിന് പ്രചാരം സിദ്ധിക്കുന്നതോടുകൂടി പുതിയസാഹിത്യരൂപങ്ങൾ മലയാളത്തിലും ആവിർഭവിച്ചു. മലയാളത്തിലെ ആദ്യത്തെ നാടകമായി പരിഗണിക്കപ്പെടുന്നത് കല്ലൂർ ഉമ്മൻ ഫിലിപ്പോസിന്റെ 'ആൾമാറാട്ട'മെന്ന (1866) വിവർത്തന നാടകമാണ്(കോമഡി ഓഫ് എറേർസ്). മലയാളത്തിലെ ആദ്യത്തെ പ്രകാശിതനോവൽ അപ്പു നെടുങ്ങാടിയുടെ കുന്ദലത (1887) യാണെങ്കിലും ആദ്യത്തെ ലക്ഷണമൊത്ത നോവൽ എന്ന് അറിയപ്പെടുന്നത് ചന്തുമേനോന്റെ ഇന്ദുലേഖയാണ് (1889). ആദ്യത്തെ കഥ വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ എഴുതിയ വാസനാവികൃതിയാണ് (1891). പുതിയ സാഹിത്യജനുസ്സുകൾ ഉദയം കൊള്ളുകയും പ്രചാരം നേടുകയും ചെയ്തതോടെ അവയ്ക്ക് ധാരാളം അനുകരണങ്ങളുമുണ്ടായി. മലയാളത്തിൽ ഗദ്യരൂപത്തിലുള്ള സാഹിത്യനിരൂപണം ആരംഭിക്കുന്നതോടൊപ്പം തന്നെ സർഗാത്മകകൃതികളെ സർഗാത്മകഭാഷയിൽ കൊണ്ടുതന്നെ നിരൂപണം ചെയ്യുന്ന ഒരു സമ്പ്രദായം ഇവിടെയുണ്ടായി.

- ▶ കാവ്യരൂപത്തിന് പ്രാധാന്യമുള്ള രീതി
- ▶ ഗദ്യത്തിന് പ്രചാരം

ഇംഗ്ലീഷിൽ നിന്നും സംസ്കൃതത്തിൽ നിന്നുമുള്ള പരിഭാഷകളും, സംഗീതനാടകങ്ങളും, പുരാണകഥകളുടെ നാടകീയമായ ആവിഷ്കരണങ്ങളും സ്വതന്ത്രനാടകങ്ങളും മലയാളത്തിൽ ധാരാളമായി ഉണ്ടായി. ഈ അഞ്ച് ധാരകളിലുമുള്ള എണ്ണം ക്രമാതീതമായി വർദ്ധിച്ചതോടെ അമിതമായ നാടകഭ്രാന്തിനെ നിയന്ത്രിക്കാൻ ഉദ്ദേശിച്ച് കൊണ്ടുള്ള പരിശ്രമവും ആരംഭിച്ചു. തെക്കും വടക്കും ഓരോ ചക്കീചങ്കരം (1984) രചിക്കപ്പെട്ടു. തെക്കൻ ചക്കീചങ്കരം പി. രാമക്കുറുപ്പും വടക്കൻ ചക്കീചങ്കരം കെ. സി. നാരായണൻ നമ്പ്യാരുമാണ് രചിച്ചത്. മലയാളിയുടെ ഹാസ്യത്തിൽ അടങ്ങിയിട്ടുള്ള ഗൗരവം രണ്ടു കൃതികളിലും കാണാം. ഈ രണ്ടു നാടകങ്ങളിലെ പരിഹാസം ഏറ്റിട്ടും നാടകസാഹിത്യം വളർന്നുകൊണ്ടിരുന്നു. നാടകങ്ങളിൽ പ്രകടമായിരുന്ന പല അംശങ്ങളും തിരസ്കരിക്കപ്പെട്ടത് ഇത്തരം വിമർശനങ്ങളുടെ കൂടി ഫലമായാണ്. കൂടുതൽ ഗൗരവമായി നാടകത്തെ സമീപിക്കണമെന്ന് നാടക രചയിതാക്കൾക്ക് തന്നെ തോന്നി തുടങ്ങി. നാടകത്തിന്റെ എണ്ണത്തിലുണ്ടായ പെരുപ്പത്തേക്കാൾ നാടകം എഴുതാൻ കഴിവില്ലാത്തവർ കൂടി തിക്കിത്തിരക്കി നാടകം എഴുതുന്നതിനോടുള്ള പ്രതിഷേധമാണ് 'ചക്കീചങ്കരം' നാടകങ്ങളിൽ കാണുന്നത്. നാടകത്തിന്റെ എണ്ണത്തിൽ മാത്രമുള്ള വളർച്ച ഒരു അപകടമായി മുൻഷി രാമക്കുറുപ്പും നാരായണൻ നമ്പ്യാരും കണ്ടുവെന്നു വേണം കരുതാൻ. നിയന്ത്രണാതീതമായുണ്ടായ നാടകങ്ങളെ കളിയാക്കിക്കൊണ്ട് 'നാലുപേരിൽ ഒരുത്തൻ' അഥവാ 'നാടകാദ്യം കവിത്വം' എന്നൊരു ചെറിയ നോവൽ സി. അന്തപ്പായി രചിക്കുകയുണ്ടായി. കാവ്യങ്ങളുടെ ഒഴുക്കിനെ ഒരു പരിധിവരെ നിയന്ത്രിച്ചത് ശീവൊള്ളി നാരായണൻ നമ്പൂതിരി എഴുതിയ 'ദാത്യൂഹസന്ദേശ'മാണ്. ഇത് ഹാസ്യാനുകരണം അഥവാ വിഡംബനമാണ്.

- ▶ തെക്കൻ ചക്കീചങ്കരം പി. രാമക്കുറുപ്പും വടക്കൻ ചക്കീചങ്കരം കെ. സി. നാരായണൻ നമ്പ്യാരുമാണ് രചിച്ചത്
- ▶ നാടകാദ്യം കവിത്വം എന്നൊരു ചെറിയ നോവൽ സി. അന്തപ്പായി രചിച്ചു

ശീവൊള്ളിക്ക് ശേഷം കിഴക്കേപ്പാട്ട് രാമൻകുട്ടി മേനോൻ പറങ്ങോടീപരിണയം (1892) എന്നൊരു നോവൽ എഴുതി. ഈ നോവൽ 'ഇന്ദുലേഖ'യെ ഭംഗിയായി നിരൂപണം ചെയ്തിട്ടുണ്ട്. ഇന്ദുലേഖാപരിണയം അല്ലാതെ നോവലിൽ എന്ത് സംഭവിച്ചു എന്നതാണ് കിഴക്കേപ്പാടിന്റെ വിമർശനം. അതുകൊണ്ടാണ്, ഇന്ദുലേഖ എന്ന പേരിനെ തന്നെ അനുകരിക്കാതെ പറങ്ങോടീപരിണയം എന്ന പേര് സ്വീകരിച്ചത്. ഇന്ദുലേഖയുടെ പതിനെട്ടാം അധ്യായത്തെ പരിഹസിച്ചുകൊണ്ട് തന്റെ കൃതിയിലെ പത്താം അധ്യായത്തിന് ഒരു സംഭാഷണം അല്ലെങ്കിൽ 18-ാം അധ്യായം എന്നാണ് അദ്ദേഹം നാമകരണം ചെയ്തിരിക്കുന്നത്. ഈ രീതിയിലുള്ള വിഡംബനവിമർശനം 1890 നു മുമ്പ് തന്നെ ദാത്യൂഹസന്ദേശത്തിൽ കൂടിയും 'ചക്കീചങ്കര'ത്തിൽ കൂടിയും ഇവിടെ ഉണ്ടായിട്ടുണ്ട്. പിന്നീട് അത് ചങ്ങമ്പുഴയുടെ 'മോഹിനി'യെ പരിഹസിച്ചുകൊണ്ടുള്ള സഞ്ജയന്റെ 'മോഹിതൻ'വരെ വന്നു നിൽക്കുന്നു.

- പറങ്ങോടീപരിണയം
- ഇന്ദുലേഖാവിമർശനം

കുഞ്ഞിക്കുട്ടൻ തമ്പുരാൻ കേരളീയ കവികളെ മഹാഭാരതത്തിലെ കഥാപാത്രങ്ങളോട് സാദൃശ്യപ്പെടുത്തി രചിച്ച കവിഭാരതത്തിൽ ചില കവികളെ ഉൾപ്പെടുത്താതിരുന്നതിൽ പ്രതിഷേധിച്ച് മൂലൂർ എസ്. പത്മനാഭപ്പണിക്കർ രചിച്ച കൃതിയാണ് 'കവിരാമായണം'. അതിൽ കേരളീയ കവികളെ രാമായണത്തിലെ കഥാപാത്രങ്ങളോടാണ് സാദൃശ്യപ്പെടുത്തിയിരിക്കുന്നത്. കവിഭാരതത്തിൽ പെരിന്നെല്ലി കൃഷ്ണവൈദ്യർ, വെളുത്തേരി കേശവൻവൈദ്യർ, കെ. സി. കേശവപിള്ള മുതലായവരെ വിസ്മരിച്ചത് കവിതാവ്യവസായം മേൽജാതിയുടെ പൈതൃകമാണ് എന്ന അഹന്ത കാരണമാണെന്ന ആക്ഷേപം വരെയുണ്ടായി. വിമർശനങ്ങളുടെ വെളിച്ചത്തിൽ കവിഭാരതം പരിഷ്കരിക്കുവാൻ ആദ്യം തീർച്ചപ്പെടുത്തിയെങ്കിലും പരിഷ്കരിച്ചു കാണാത്തതിലുള്ള വൈമനസ്യം പ്രകടിപ്പിച്ചുകൊണ്ടാണ് 'കവിരാമായണം' എന്ന കൃതി എഴുതിയത്. പെരുന്നെല്ലിയെ ഹനുമാനായും കേശവൻവൈദ്യരെ ബാലിയായുമാണ് മൂലൂർ പാത്രനിർണയം ചെയ്തത്. ഈ സാമ്യകല്പന ചില സവർണകവികൾക്ക് സ്വീകാര്യമായി തോന്നിയില്ല. യഥാർഥ പേരുകളിലും വ്യാജനാമങ്ങൾ സ്വീകരിച്ചും പലരും പോരിനിറങ്ങി. ജാതീകൃതമായ വാസനാവൈകൃതങ്ങളുടെ മരണമണി ആ വിവാദങ്ങളിൽ മുഴങ്ങിക്കേൾക്കാമായിരുന്നു. കുറച്ചു കാലത്തേക്ക് നമ്മുടെ സാഹിത്യാന്തരീക്ഷത്തിലെ ഒരു സാഹിത്യസമരമായിരുന്നു അത്. അതിനു വേദിയായി എന്നതാണ് 'സുജനാനന്ദിനി'യെന്ന ആനുകാലികത്തെ സാഹിത്യചരിത്രത്തിൽ അടയാളപ്പെടുത്തുന്നത്. പദ്യത്തിന്റെ രൂപസ്വഭാവം കാണിക്കുന്ന കവിഭാരതം, കവിരാമായണം, കവിമൃഗാവലി, കവിപുഷ്പമാല എന്നിങ്ങനെ സമകാലകവികളെ ഇതിഹാസ കഥാപാത്രങ്ങളുടെയും പുഷ്പങ്ങളുടെയും മൃഗങ്ങളുടെയും പേരുകൾ നൽകി വ്യവഹരിക്കുന്ന സമ്പ്രദായം നിലവിൽ ഉണ്ടായിരുന്നെങ്കിലും ഇവയൊന്നും യഥാർഥത്തിൽ സാഹിത്യനിരൂപണങ്ങളല്ല. നിരൂപണസ്വഭാവം കാണിക്കുന്ന ഇഷ്ടാനിഷ്ടപ്രകടനങ്ങൾ മാത്രമാണ്. ഈ സമ്പ്രദായം അധികകാലം തുടർന്ന് കണ്ടില്ല.

- കവിരാമായണം
- കവിഭാരതം

## പ്രോത്സാഹന നിരൂപണം

കൃതികളുടെ ദോഷവശങ്ങളെക്കുറിച്ച് ചർച്ച ചെയ്യാതെ അതിന്റെ നല്ല വശങ്ങളെക്കുറിച്ച് മാത്രം ചർച്ച ചെയ്യുന്ന വിമർശനരീതിയാണ് പ്രോത്സാഹന നിരൂപണം. അതിന്റെ പ്രയോക്താക്കളിൽ പ്രമുഖൻ കേരളവർമ്മയാണ്. മലയാളത്തിൽ വേണ്ടത്ര പുസ്തകങ്ങൾ ഇല്ലാതിരുന്ന കാലത്ത് പുസ്തകരചനയെ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടിയാണ് ഈ സമ്പ്രദായം നിലനിന്നതെന്ന് സുകുമാർ അഴീക്കോട് മലയാളസാഹിത്യവിമർശനത്തിൽ പറയുന്നുണ്ട്. നിരൂപണത്തെ ധ്വംസകം, പോഷകം എന്നിങ്ങനെയും വിഭജിക്കുന്നുണ്ട്. ഈ വിഭജനം വടക്കുംകൂറിന്റേതാണ്.

- നല്ല വശങ്ങളെ ക്കുറിച്ച് മാത്രം ചർച്ച ചെയ്യുന്ന വിമർശനരീതി

## വ്യാഖ്യാന പദ്ധതി

കലാവസ്തുവിന്റെ സ്വഭാവവിവരണമാണ് വ്യാഖ്യാനം. അനുവാചകന് കൃതിയെ വിഷയീകരിച്ചുള്ള ഉൾക്കാഴ്ചയ്ക്ക് മികവും തെളിമയും ഉളവാക്കുകയും അയാളുടെ വായനയെ സംബന്ധിച്ച വിചാരങ്ങൾക്ക് മൂർച്ചയും പൊലിമയും വരുത്തുകയും ആണ് വ്യാഖ്യാനത്തിന്റെ ഉദ്ദേശം. വ്യാഖ്യാനം സാഹിത്യകൃതിയുടെ സ്വഭാവത്തെ വായനക്കാരന് മനസിലാക്കിക്കൊടുക്കുന്നു എന്നതിനാൽത്തന്നെ വിമർശനത്തിൽ സവിശേഷമായ സ്ഥാനം വ്യാഖ്യാനത്തിനുണ്ട്. ഘടനാപരമായി കലാകൃതിയുടെ ഭാഗങ്ങൾക്ക് പരസ്പരമുള്ള സങ്കീർണബന്ധവും അവ കൃതിയോട് പുലർത്തുന്ന ബന്ധവും വ്യക്തമാക്കുന്നതാണ് വ്യാഖ്യാനം.

- വിമർശനത്തിൽ സവിശേഷമായ സ്ഥാനം വ്യാഖ്യാനത്തിനുണ്ട്

മലയാളത്തിലെ വ്യാഖ്യാനകൃതികളിൽ സവിശേഷമായ ഒന്നാണ് നളചരിതം ആട്ടക്കഥയ്ക്ക് എ. ആർ. രാജരാജവർമ്മ എഴുതിയ 'കാന്താരതാരകം' എന്ന വ്യാഖ്യാനം. നളചരിതത്തിന് എ. ആർ. എഴുതിയ ഈ വ്യാഖ്യാനാത്മക നിരൂപണം അദ്ദേഹത്തിന്റെ വിമർശനശൈലിയുടെ മറ്റൊരു മുഖമാണ്. കഥാസംഗ്രഹം, ഇതിവൃത്തം, കാലദേശങ്ങൾ, പാത്രനിരൂപണം, സാഹിത്യം, കവിയും ജീവചരിത്രവും, വാക്യരീതി, സംഗീതം, തുടങ്ങി നളചരിതത്തിന്റെ സാംസ്കാരികവും സാഹിതിയവുമായ പ്രത്യേകതകൾ ഇതിൽ അപഗ്രഥിച്ചിട്ടുണ്ട്. വ്യക്തമായ മാനദണ്ഡങ്ങൾ ഉപയോഗിച്ച് കൃതിയുടെ സാഹിത്യ സാംസ്കാരിക മൂല്യങ്ങൾ വിലയിരുത്തുന്ന ഒരു നിരൂപണമെന്ന നിലയിൽ ഈ വ്യാഖ്യാനം ശ്രദ്ധിക്കപ്പെടുന്നു. നളചരിതത്തിന്റെ സമഗ്രശോഭ കണ്ടെത്താനും അതിന്റെ നാടകീയ ഭംഗിയും കാവ്യമഹിമയും ഉയർത്തിക്കാട്ടാനും കാന്താരതാരകത്തിലൂടെ എ. ആർ ശ്രമിക്കുന്നുണ്ട്. ഉത്തമ കവിതയുടെ അടിസ്ഥാന ഘടകങ്ങൾ എന്തെല്ലാമാണെന്ന് പരോക്ഷമായി സൂചിപ്പിക്കുകയും ചെയ്യുന്നു. ഇന്ദ്രാദികൾ നാല് നളന്മാരുടെ രൂപത്തിൽ സ്വയംവരമണ്ഡപത്തിൽ പ്രത്യക്ഷപ്പെടുന്നതിന്റെ കാരണം വിശദമാക്കുന്ന വ്യാഖ്യാന ഭാഗം പുരാണ സന്ദർഭങ്ങൾക്ക് പുതിയ അർഥവ്യാപ്തികൾ നൽകുന്നതിന് ഉദാഹരണമാണ്. മേഘദൂത്, സ്വപ്നവാസവദത്തം, മാളവികാഗ്നിമിത്രം തുടങ്ങിയ കൃതികൾക്ക് എ. ആർ. എഴുതിയ മുഖവുരകളും, വിശദീകരണങ്ങളും, സവിശേഷമാണ്. പ്രസിദ്ധങ്ങളായ പ്രാചീന ഗ്രന്ഥങ്ങളിൽ മറഞ്ഞു കിടക്കുന്ന ആന്തരിക ഭംഗികളെ വെളിപ്പെടുത്തുന്ന തരത്തിലുള്ള വ്യാഖ്യാനപദ്ധതിയാണ് എ. ആർ.

SGOU

> ▶ നളചരിതം ആട്ടക്കഥയ്ക്ക് രാജരാജവർമ്മ എഴുതിയ 'കാന്താരതാരകം' എന്ന വ്യാഖ്യാനം

പിന്തുടർന്നത്. പഴയകാല വ്യാഖ്യാതാക്കളെപോലെ വെറും ശബ്ദാർഥവിവരണത്തിൽ മാത്രം ഒതുങ്ങി നിൽക്കാതെ ആസ്വാദനത്തിന്റെ അംശങ്ങൾ കൂടി പ്രകടിപ്പിച്ചു പോകുക എന്നത് എ. ആറിന്റെ വ്യാഖ്യാനരീതിയുടെ മറ്റൊരു സവിശേഷതയാണ്. ഉണ്ണായിവാര്യരേയും കുഞ്ചൻ നമ്പ്യാരേയും താരതമ്യം ചെയ്തതിനുശേഷം വാര്യർ മിൽട്ടണിനും, നമ്പ്യാർ ഷേക്സ്പിയറിനും സമശീർഷരാണെന്നു എ. ആർ. സ്ഥാപിക്കുന്നു.

### പ്രാചീനരചനകളുടെ പഠനം

> ▶ രാമകഥാപ്പാട്ടും(ഭാഷാപരിമളം) മഹാഭാരതം പാട്ടും (ഭാഷാദീപിക)

സമഗ്രപഠനങ്ങൾ ഉണ്ടായതിന്റെ തുടർച്ചയെന്നോണം പ്രാചീനകൃതികൾ പഠനവിധേയമാവുകയും പ്രസാധനം ചെയ്യപ്പെടുകയുമുണ്ടായി. പി. കെ. നാരായണപിള്ള സമാഹരണവും പഠനവും നിർവഹിച്ച രാമകഥാപ്പാട്ടും (ഭാഷാപരിമളം) മഹാഭാരതം പാട്ടും (ഭാഷാദീപിക) ഇത്തരത്തിലുണ്ടായ പഠനങ്ങളാണ്.

## കേരളവർമ്മ വലിയകോയിത്തമ്പുരാൻ

കേരളവർമ്മയെയാണ് സുകുമാർ അഴീക്കോട് നവീനഗദ്യത്തിന്റെയും വിമർശനത്തിന്റെയും പിതാവായി വിശേഷിപ്പിക്കുന്നത്. കേരളവർമ്മയുടെ വിമർശനബുദ്ധിയെ പറ്റി പൊതുവിൽ വിശേഷ അഭിപ്രായം ഒന്നുമില്ലെങ്കിലും വടക്കുംകൂറും ഉള്ളൂരും അദ്ദേഹത്തിന്റെ വിമർശനത്തെക്കുറിച്ച് വലിയ മതിപ്പുള്ളവരായിരുന്നു. മലയാളത്തിലെ വിമർശനസാഹിത്യചരിത്രത്തിൽ വലിയകോയിത്തമ്പുരാന് സ്വന്തമായ ഒരു സ്ഥാനമുണ്ടെന്ന് വടക്കുംകൂറിന് അഭിപ്രായമുണ്ട്. ഉള്ളൂരാകട്ടെ ഒരു ഗ്രന്ഥപരിശോധകന്റെ സ്ഥാനമേ തമ്പുരാന് കൊടുത്തുകാണുന്നുള്ളൂ. കേരളവർമ്മ മലയാളത്തിൽ ധാരാളം പുസ്തകങ്ങൾക്ക് അവതാരികകളും അഭിപ്രായങ്ങളും എഴുതിയിട്ടുണ്ട്. അവതാരികകളും അഭിപ്രായങ്ങളുമെല്ലാം അതതു ഗ്രന്ഥകാരന്മാരെ പ്രോത്സാഹിപ്പിക്കുവാൻ വേണ്ടിമാത്രം കേരളവർമ്മ എഴുതിക്കൊടുത്തവയാണെന്നും അതിനാൽ അവ മൂല്യനിർണ്ണയക്ഷമങ്ങളല്ലെന്നും കരുതപ്പെട്ടിരുന്നു. അങ്ങനെ അദ്ദേഹമെഴുതിയ ഗ്രന്ഥസംബന്ധമായ പ്രബന്ധങ്ങൾക്കു വിമർശനസ്വഭാവം നഷ്ടപ്പെട്ടുപോയി എന്നാണ് പൊതുവിൽ നിലവിലിരിക്കുന്ന അനുമാനം. ഇത്തരം വാദങ്ങളെ സാധൂകരിക്കുന്നതായി ചില ലേഖനങ്ങളും അദ്ദേഹം എഴുതിയിട്ടുണ്ട് എന്നത് വാസ്തവമാണ്.

> ▶ കേരളവർമ്മപ്രോത്സാഹന വിമർശനമാണ് നടത്തിയിരുന്നത്

അതിലൊന്ന്, തോട്ടയ്ക്കാട് ഇക്കാവമ്മയുടെ സുഭദ്രാർജ്ജുനം ഭാഷാനാടകത്തിനെക്കുറിച്ച് വലിയകോയിത്തമ്പുരാൻ എഴുതിയ അഭിപ്രായമാണ്. 'ഒരു പെണ്ണ്' 'അദുഷ്ടാക്ലിഷ്ടശബ്ദാർത്ഥമായ' ഒരു 'ചാരു നാടകം' ചമച്ചതിനെപ്പറ്റി സ്തുതിക്കുന്ന ഒരു പദ്യത്തിനുശേഷം 'ഈ സുഭദ്രാർജ്ജുനം ഇതുവരെ ഉണ്ടായ എല്ലാ ഭാഷാനാടകങ്ങളേയും ലാളിത്യം കൊണ്ടും മാധുര്യം കൊണ്ടും അതിശയിച്ചിരിക്കുന്നു എന്നു പറയുന്നതിനും ഞാൻ ഒട്ടും മടിക്കുന്നില്ല' എന്ന് അദ്ദേഹം എഴുതിയിരിക്കുന്നു. മറ്റൊന്ന്, തരവത്ത് അമ്മാളുവമ്മയുടെ കൃതികളെക്കുറിച്ചുള്ള അഭിപ്രായത്തിലെ ഒരു ഭാഗമാണ്. 'മനോഹരമായ വാക്യമല്ലാതെ നിങ്ങളുടെ ഗ്രന്ഥത്തിൽ മറ്റൊന്നും ഒരുസ്ഥലത്തും കാണാനില്ല. സരസ്വതിയുടെ കടാക്ഷം പരിപൂർണമായുണ്ടെങ്കിലല്ലാതെ ഈ വിധ

ത്തിലുള്ള ഗ്രന്ഥനിർമാണം ആർക്കും സാധിക്കുന്നതല്ല.' തുടർന്നു കുറെ അഭിനന്ദനശ്ലോകങ്ങളും ചേർത്തിരിക്കുന്നതായി കാണാം. കെ. സി കേശവപിള്ളയുടെ 'രാഘവമാധവം' ഭാഷാനാടകത്തെപ്പറ്റിയുള്ള കേരളവർമ്മയുടെ ശ്ലോകത്തിലും കേവലമായ അഭിനന്ദനത്തിന്റെ ആധിക്യമാണുള്ളത്. പന്തളത്ത് കേരളവർമ്മത്തമ്പുരാന്റെ രുഗ്മാംഗദചരിതത്തിന് നൽകിയ അഭിപ്രായത്തിൽ, അത് അത്യന്തകമനീയമാണെന്നും, മറ്റൊന്നിലും കാണാനാവാത്ത രസം ഈ കൃതിയിലുണ്ടെന്നും, അത് വിശേഷപ്പെട്ട ഒരു സവിശേഷതയാണെന്നും പറഞ്ഞുകാണുന്നു. ഉള്ളൂരിന്റെ 'ഉമാകേരള'ത്തിന്റെ അവതാരികയിൽ കവിയുടെ വർണനാചാതുരിയെ പ്രശംസിക്കുന്നു. ഇത്തരത്തിൽ പ്രോത്സാഹനനിരൂപണം എഴുതിയതിനെ മുൻനിർത്തി അദ്ദേഹത്തെ കുറ്റം പറയാൻ കഴിയില്ലെന്നും, ഭാഷയിൽ മതിയായ പുസ്തകങ്ങൾ ഇല്ലാതിരുന്ന കാലത്ത് പുസ്തകരചനയെ പരിപോഷിപ്പിക്കാനാണ് കേരളവർമ്മ ശ്രമിച്ചത് എന്നുമാണ് സുകുമാർ അഴീക്കോട് നിരീക്ഷിക്കുന്നത്. കർക്കശമായ നിരൂപണ ശൈലി പ്രയോഗിക്കാറായിട്ടില്ല എന്നും കുറ്റങ്ങളും കുറവുകളും സ്വാഭാവികമായിത്തന്നെ വരാവുന്ന പ്രാരംഭഘട്ടത്തിൽ, അതിനെയെല്ലാം അവഗണിച്ചുകൊണ്ടുള്ള പ്രോത്സാഹനം അത്യാവശ്യമാണ് എന്നും മറ്റുള്ളവർ പ്രശംസിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നെന്നു കണ്ടാൽ മാത്രമേ എഴുത്തുകാർക്ക് കൂടുതലായ പ്രചോദനം കിട്ടുകയുള്ളൂ എന്നും കേരളവർമ്മ തന്നെ തുറന്നു പറഞ്ഞിട്ടുണ്ട്. നിരൂപണത്തെ ധ്വംസകം, പോഷകം എന്നിങ്ങനെ വടക്കുംകൂർ വിഭജിക്കുന്നുണ്ട്. കേരളവർമ്മയെ പോഷകവിമർശകരുടെ നേതാവായി അദ്ദേഹം അവരോധിച്ചിരിക്കുന്നു.

▶ നിരൂപണത്തെ ധ്വംസകം, പോഷകം എന്നിങ്ങനെ വടക്കുംകൂർ വിഭജിക്കുന്നുണ്ട്

പോഷകവിമർശകനായി ശ്രദ്ധനേടിയപ്പോഴും തന്റെ വിമർശനശേഷി കേരളവർമ്മ പ്രദർശിപ്പിച്ച സന്ദർഭങ്ങളുമുണ്ടായിട്ടുണ്ട്. കെ. സി. കേശവപിള്ളയുടെ 'ലക്ഷ്മീകല്യാണം' നാടകത്തിന് കേരളവർമ്മ എഴുതിയ ഒരഭിപ്രായമുണ്ട്. ഗ്രന്ഥകർത്താവിന്റെ കഴിവിനെയും കഥാസന്ദർഭത്തെയും പ്രശംസിച്ച ശേഷം അക്കാലത്തുണ്ടായ കാവ്യങ്ങളിൽ നിന്ന് വേറിട്ട് നില്ക്കുന്നതായ ഒരു ഗുണത്തെ അദ്ദേഹം കണ്ടെത്തുന്നു. സാധാരണജനങ്ങൾക്കിടയിൽ നിലനിൽക്കുന്ന അന്ധവിശ്വാസങ്ങളെ ഇല്ലാതാക്കാൻ കവി ശ്രമിച്ചിരിക്കുന്നതായി അദ്ദേഹം പറയുന്നു. ഇത് ഔദാര്യപൂർവമായ ഒരു തലോടലല്ല. പാശ്ചാത്യസാഹിത്യ സൈദ്ധാന്തികനായ ജോൺസന്റെ ഭാഷയിൽ, ഒരു തത്വം ഉന്നയിച്ച് അതിന്റെ അടിസ്ഥാനത്തിൽ കൃതിയുടെ ഗുണം അളന്നു തിട്ടപ്പെടുത്തലാണ്. ആ തത്വമാകട്ടെ, സാഹിത്യത്തിന്റെ രീതിഗുണാലങ്കാരാദികൾക്കപ്പുറത്തൂ ള്ളതാണ്. അക്കാലത്ത് ആരും പറയാതിരുന്ന ഈ തത്വം സമൂഹപ്രയോജനപരതയാണെന്ന് വിശേഷിച്ച് ഓർക്കേണ്ടതാണ്. വെറും ഒരു വിമർശകനായിട്ടല്ല, പുരോഗാമിയായ ഒരു വിമർശകനായിട്ടാണ് ഇവിടെ കേരളവർമ്മയുടെ പ്രതിഭ വെളിപ്പെടുന്നത്. കൂടുതൽ ഗൗരവമുള്ള ഉദാഹരണങ്ങൾ എടുത്തുകാണിക്കാൻ ഇനിയുമുണ്ട്. പന്തളം കേരളവർമ്മയുടെ രുഗ്മാംഗദചരിതത്തിനെക്കുറിച്ചുള്ള അഭിപ്രായം ശ്രദ്ധേയമാണ്. 'ഭാഷാസാഹിത്യത്തിൽ ഇതുപോലെ മഹാകാവ്യലക്ഷണങ്ങൾ തികഞ്ഞിട്ടുള്ള ഒരു കൃതി ഇതുവരെ പൂർത്തിയായി വെളിയിൽ വന്നു കണ്ടിട്ടില്ലെന്നുള്ള വാസ്തവം ഈ കാവ്യത്തിന് അനിതരസാധാരണമായ ഒരുൽക്കർഷത്തെ ഉണ്ടാക്കുന്നുണ്ട്.' മഹാകാവ്യലക്ഷണപൂർ

SGOU

ണത എന്ന മാനദണ്ഡം ആവിഷ്കരിച്ച് അതുകൊണ്ട് മഹാകാവ്യത്തെ അദ്ദേഹം അളന്നു തിട്ടപ്പെടുത്തിയിരിക്കുകയാണ്. മറ്റൊരു ഗുണം കൂടി അദ്ദേഹം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. രുഗ്മാംഗദചരിതത്തിലെ കഥ മറ്റു കാവ്യങ്ങളിലെ കഥകളെപ്പോലെ അരോചകമായി അനുകരണം ചെയ്യപ്പെട്ടതല്ല എന്ന്. കാവ്യങ്ങളിൽ കേവലമായ അനുകരണം വർജ്യമാണെന്നും താരതമ്യേന ആ ദോഷം ചുരുങ്ങിയ കൃതിയാണ് ഈ മഹാകാവ്യമെന്നുമാണ് കേരളവർമ്മ സൂചിപ്പിച്ചത്. ഉമാകേരളത്തെ അതിന്റെ അവതാരികയിൽ കേരളവർമ്മ അതിനിപുണമായി വിമർശിച്ചിട്ടുണ്ട്. സംസ്കൃതസാഹിത്യത്തിലെ നൈഷധീയചരിതത്തോടാണ് ഉള്ളൂരിന്റെ മഹാകാവ്യത്തെ കേരളവർമ്മ സാദൃശ്യപ്പെടുത്തിയിട്ടുള്ളത്. താരതമ്യപരമായ വിമർശനത്തിൽ അദ്ദേഹം തികഞ്ഞ സത്യസന്ധത ഇവിടെ പുലർത്തിയിട്ടുണ്ട്. ഉമാകേരളം എന്തിനാണ് എഴുതപ്പെട്ടതെന്ന് അദ്ദേഹം വ്യക്തമാക്കിയിട്ടുണ്ട്. ആ മഹാകാവ്യത്തിന്റെ അന്യാദൃശവിശേഷം അങ്ങനെ അദ്ദേഹം വെളിവാക്കുകയും ചെയ്തു.

▶ പുരോഗാമിയായ വിമർശകൻ

കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ വിമർശനം മലയാളസാഹിത്യവിമർശനത്തിന്റെ പ്രാരംഭഘട്ടത്തെ കുറിക്കുന്നു. ഇതിനെ 'കേരളവർമ്മയുഗം' എന്നു വിളിക്കാം. നിരൂപണം എന്ന നിലയിൽ പരിമിതികളുണ്ടെങ്കിലും കെ. സി കേശവപിള്ളയുടെ 'രാഘവമാധവം' പന്തളത്ത് കേരളവർമ്മയുടെ രുക്മാംഗദചരിതം, ഉള്ളൂരിന്റെ ഉമാകേരളം, തോട്ടയ്ക്കാട് ഇക്കാവമ്മയുടെ 'സുഭദ്രാർജ്ജുനീയം' എന്നീ കൃതികൾക്ക് കേരളവർമ്മ എഴുതിയ നിരൂപണങ്ങൾ ഗദ്യസാഹിത്യപുരോഗതിക്ക് ആക്കംകൂട്ടി. പാഠപുസ്തകകമ്മിറ്റിയുടെ അധ്യക്ഷൻ എന്ന നിലയിൽ ഭാഷാനവീകരണത്തിന് കേരളവർമ്മ വഹിച്ച പങ്ക് അന്യാദൃശ്യമാണ്. വൈജ്ഞാനിക വിഷയങ്ങളെ ശുദ്ധമലയാളത്തിൽ പ്രയോഗിക്കുന്നതിന് ഉതകുന്ന സാങ്കേതികപദങ്ങൾ സംഭാവന ചെയ്തു. പത്രഭാഷ, ശാസ്ത്രഭാഷ, വിവർത്തനഭാഷ എന്നിവയിൽ പ്രത്യേകം ശ്രദ്ധ പതിപ്പിച്ചു. കണ്ടത്തിൽ വർഗീസ് മാപ്പിളയോടൊപ്പം ഗദ്യ പരിപോഷണത്തിന് നിസ്തുലമായ സംഭാവനകൾ കേരളവർമ്മ നൽകി. തിരുവിതാംകൂറിലെ ടെക്സ്റ്റുബുക്കു കമ്മറ്റിയുടെ സ്ഥാപനവർഷമായ 1867-ലാണ് മലയാളവിമർശനത്തിന്റെ അങ്ങേയറ്റത്തെ അതിരായി കണക്കാക്കാവുന്ന കൊല്ലം. വലിയകോയിത്തമ്പുരാൻ 1915-ലാണ് മരണപ്പെട്ടതെങ്കിലും, അതിനുമുമ്പുതന്നെ അദ്ദേഹത്തിന്റെ കൈയിൽനിന്ന് മലയാളവിമർശനത്തിന്റെ നേതൃത്വം രാജരാജവർമ്മയുടെ കൈയിലേക്കു എത്തിക്കഴിഞ്ഞിരുന്നു. ആ കാലം കൃത്യമായി പറയുകയാണെങ്കിൽ, നളിനിയുടെ പ്രസിദ്ധീകരണവർഷമായ 1912-ലാണെന്നു കരുതാം.

▶ മലയാളസാഹിത്യവിമർശനത്തിന്റെ പ്രാരംഭഘട്ടത്തെ കുറിക്കുന്നു.

## സി. പി. അച്യുതമേനോൻ

മലയാളസാഹിത്യവിമർശനത്തിലെ ഉദയതാരമായി പരിഗണിക്കപ്പെടുന്ന വിമർശകനാണ് സി. പി. അച്യുതമേനോൻ. 'ഭാഷയിൽ സജീവവും നിഷ്കർഷവുമായ വിമർശനപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ്' എന്ന് ഉള്ളൂരും 'അച്യുതമേനോന്റെ വിമർശനങ്ങളാണ് മലയാളത്തിലെ (വിമർശനത്തിന്റെ) ആദ്യ ദൃഷ്ടാന്തങ്ങൾ' എന്ന് പി. കെ. പരമേശ്വരൻ നായരും രേഖപ്പെടുത്തിയിട്ടുണ്ട്. 1889-ൽ സി. പി. അച്യുതമേനോന്റെ മുഖ്യപത്രാധിപത്യത്തിൽ വിദ്യാവിനോദിനി എന്ന മാ

സിക പ്രസിദ്ധീകരണം ആരംഭിച്ചു. വിദ്യാവിനോദിനിയിൽ വിവിധ വിജ്ഞാനമേഖലകളെക്കുറിച്ചുള്ള ഉപന്യാസങ്ങൾ ഉൾക്കൊള്ളിക്കാനും ഗ്രന്ഥവിമർശനത്തിന് മുഖ്യസ്ഥാനം നൽകുവാനും സി. പി. മുൻകൈയെടുത്തു. വിവിധ വിഷയങ്ങളെ സംബന്ധിച്ച് വിജ്ഞാനപ്രദമായ ലേഖനങ്ങൾ സി. പി. തന്നെ എഴുതി പ്രസിദ്ധീകരിച്ചു. അവയിലെ ഗദ്യശൈലിയുടെയും പ്രതിപാദനരീതിയുടെയും നൂതനത്വവും ആകർഷണീയതയും ശ്രദ്ധേയമായിരുന്നു. വിദ്യാവിനോദിനിയിൽ അദ്ദേഹം പ്രസിദ്ധീകരിച്ച പുസ്തകാഭിപ്രായങ്ങൾ ആധുനിക സാഹിത്യവിമർശനത്തിന് അടിത്തറ പാകി. സാഹിത്യത്തിലെ ഒരു തിരുത്തൽ ശക്തി കൂടിയായിരുന്നു സി. പി. വിദ്യാവിനോദിനിയിൽ സാഹിത്യമീമാംസയെക്കുറിച്ചുള്ള ലേഖനങ്ങളും പുസ്തകാഭിപ്രായങ്ങളും അദ്ദേഹം എഴുതിയിരുന്നു.

▶ വിദ്യാവിനോദിനി'യുടെ സ്ഥാപകപത്രാധിപരായിരുന്നു സി. പി അച്യുതമേനോൻ

വിദ്യാവിനോദിനിയുടെ ഒന്നാം ലക്കത്തിൽ സി. പി. എഴുതിയ മലയാളകവിതയെക്കുറിച്ചുള്ള നിരൂപണപരമായ ലേഖനമാണ് 'മലയാളകവിത'. പ്രസ്തുത ലേഖനത്തിൽ തന്റെ അഭിരുചികൾക്കും സാഹിത്യത്തിലെ പൊതുവായ പ്രമാണങ്ങൾക്കും ഒരേ പ്രാധാന്യം നൽകിക്കൊണ്ടുള്ള ശൈലിയാണ് അദ്ദേഹം കൈക്കൊണ്ടത്. മലയാളകവിതയുടെ സ്വഭാവം വിസ്തരിക്കുന്ന ഈ പ്രബന്ധത്തെ വിവരണാത്മക നിരൂപണമെന്ന് വിളിക്കാം. എന്നാൽ പിന്നീട് വന്ന 'കുന്ദലത' നിരൂപണവും കല്യാണീനാടകനിരൂപണവും സി. പിയുടെ അഭിരുചിയും പാണ്ഡിത്യവും പ്രകടമാക്കുന്നവയായിരുന്നു. നിരൂപകന്മാർക്കും വായനക്കാർക്കും സൈദ്ധാന്തികമായ ഒരടിത്തറയുണ്ടാക്കാൻ പൗരസ്ത്യസാഹിത്യനിരൂപണപദ്ധതികളായ രസം, ധ്വനി എന്നിവയെക്കുറിച്ച് ദീർഘമായി അദ്ദേഹം ഈ ലേഖനങ്ങളിൽ പറഞ്ഞുവെയ്ക്കുന്നു. സാമാന്യമായ ഉപന്യാസങ്ങളിലും സവിശേഷനിരൂപണങ്ങളിലും അദ്ദേഹത്തിന്റെ സ്വതന്ത്രചിന്ത വ്യക്തമായി കാണാം. കഥകളിയെക്കുറിച്ചും ചാക്യാർക്കൂത്തിലെ ഫലിതത്തെക്കുറിച്ചും അദ്ദേഹമെഴുതിയ അഭിപ്രായങ്ങൾ ശ്രദ്ധേയമാണ്. ചാക്യാർക്കൂത്തിലെ ഫലിതം തരംതാണതാണെന്ന് അദ്ദേഹം തുറന്നെഴുതി. കഥകളിയുടെ കാലം കഴിയാറായെന്നും ഇനി നാടകങ്ങളുടെ കാലമാണെന്നും സി. പി അഭിപ്രായപ്പെട്ടിരുന്നു. മലയാളഭാഷയെക്കുറിച്ചും അതിന്റെ ഉൽപ്പത്തിയെക്കുറിച്ചും സി. പി സിദ്ധാന്തങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. ആദിദ്രാവിഡ ഭാഷകളിൽ നിന്ന് ഏതോ ഒരു ഭാഷ വളർന്നു വികസിച്ചതാണ് മലയാളമെന്ന് അദ്ദേഹം നിരീക്ഷിച്ചു.

▶ പ്രാസവാദത്തിൽ സി. പി. കേരള പാണിനിയുടെ പക്ഷത്താണ് നിലകൊണ്ടത്

വിട്ടുവീഴ്ചയ്ക്ക് തയ്യാറാകാത്ത കർക്കശമായ സമീപനമാണ് സാഹിത്യകൃതികളുടെ മൂല്യനിർണയത്തിൽ അച്യുതമേനോൻ സ്വീകരിച്ചത്. നിലവാരമില്ലാത്ത കൃതികളെ കർക്കശമായി വിമർശിച്ചു, 'പുതിയ പുസ്തകങ്ങളിൽ ദോഷങ്ങൾ ഗുണങ്ങളെ അതിശയിച്ചിരിക്കുന്നതുകൊണ്ട് അവയെക്കുറിച്ച് നിർദാക്ഷണ്യമായും നിഷ്പക്ഷമായും അഭിപ്രായം പറയുന്നതിൽ ദോഷപ്രഖ്യാപനം കുറെ കടന്നു പോകാതെ നിർവാഹമില്ലല്ലോ' എന്ന് അദ്ദേഹം തന്റെ നിലപാടിനെ വിശദമാക്കിയിട്ടുണ്ട്. മോശം കൃതികളെ ഖണ്ഡനപരമായി വിമർശിക്കുമ്പോഴാണ് സി. പിയുടെ വിമർശന പ്രതിഭയുടെ പൂർണശക്തി പുറത്തുവന്നിരുന്നത്. വാസുദേവ പ്രഭുവിന്റെ 'രതിസുന്ദരി' യെയും വയസ്കരമൂസിന്റെ

▶ വിട്ടുവീഴ്ചയ്ക്ക് തയ്യാറാകാത്ത കർക്കശമായ സമീപനമാണ് സാഹിത്യകൃതികളുടെ മൂല്യനിർണയത്തിൽ അച്യുതമേനോൻ സ്വീകരിച്ചത്

'മനോരമാവിജയ'ത്തെയും ശങ്കരവാര്യരുടെ 'കഥാമഞ്ജരി'യെയും സി. പി. അതിനിശിതമായി വിമർശിച്ചു. അക്കാലത്തെ കൃതികളിൽ പ്രകടമായിരുന്ന മൗലികത്വമില്ലായ്മയും ശബ്ദമോടിക്കായുള്ള നിരർത്ഥകപദപ്രയോഗവും അച്യുതമേനോന് തെല്ലും അംഗീകരിക്കാൻ സാധിക്കാത്ത സാഹിത്യ ദോഷങ്ങളായിരുന്നു.

കൊടുങ്ങല്ലൂർ കൊച്ചുണ്ണി തമ്പുരാന്റെ 'കല്യാണി' നാടകത്തെ നിരൂപണം ചെയ്യുമ്പോൾ അച്യുതമേനോൻ 'അപൂർവത' എന്ന വാക്ക് പ്രയോഗിക്കുന്നത് മലയാള വിമർശനത്തിൽ പുതിയൊരു ദർശനാവതരണംകൂടിയായി. സി. പിയുടെ അഭിപ്രായത്തിൽ നൂതനങ്ങളായ ഭാവങ്ങളെയും കവിതാരീതികളെയും പ്രയോഗിക്കലാണ് അപൂർവത. 'ഒന്നാമതായി ചമത്ക്കാരത്തിനു മുഖ്യ ഹേതുവായ അപൂർവത അവരുടെ(അന്നത്തെ ഭാഷാകവികളുടെ) കൃതികളിൽ വളരെ കുറവായിട്ടാണ് കാണുന്നത്. ഇപ്പോഴത്തെ കവികൾ അർഥഭംഗിയെക്കാൾ ശബ്ദഭംഗിയെയാണ് വീക്ഷിക്കുന്നത്' എന്ന് അച്യുതമേനോൻ വിലയിരുത്തി.

> ▶ നൂതനങ്ങളായ ഭാവങ്ങളെയും കവിതാരീതികളെയും പ്രയോഗിക്കലാണ് 'അപൂർവത'

കലാസൃഷ്ടിയെക്കുറിച്ചുള്ള ഉന്നതമായ സങ്കല്പം വെച്ചുപുലർത്തിയ സി. പി അക്കാലത്തെ സാഹിത്യത്തിൽ വ്യാപകമായിരുന്ന നിർജീവമായ അനുകരണശ്രമങ്ങളെയും കരകൗശലത്തിനു വേണ്ടി മാത്രം ഉപയോഗിക്കുന്ന നിരർഥകശബ്ദഘോഷങ്ങളെയും ശക്തമായി തിരസ്കരിച്ചു. പിൽക്കാലത്ത് ഗതാനുഗതികത്വത്തിനെതിരെ ഉടലെടുത്ത ക്രിയാത്മകമായ പ്രതിഷേധങ്ങളുടെ അടിസ്ഥാനമായി സി. പി. യുടെ ഇത്തരത്തിലുള്ള നിരീക്ഷണങ്ങൾ പരിഗണിക്കാവുന്നതാണ്.

> ▶ നിർജീവമായ അനുകരണശ്രമങ്ങളെയും നിരർഥകശബ്ദഘോഷങ്ങളെയും ശക്തമായി തിരസ്കരിച്ചു.

നിലവാരമില്ലാത്ത കൃതികളെ കഠിനമായി വിമർശിച്ചിരുന്നുവെങ്കിലും മികച്ച കൃതികളെ അംഗീകരിക്കുവാൻ അദ്ദേഹം മടികാട്ടിയിട്ടില്ല. ഉത്കൃഷ്ടമായ സാഹിത്യസങ്കൽപ്പങ്ങൾ പിന്തുടർന്നുകൊണ്ട് സാഹിത്യാപഗ്രഥനം നടത്തിയിരുന്ന അദ്ദേഹം മികച്ച കൃതികളെ പ്രശംസിക്കുന്നതിൽ വിമുഖനായിരുന്നില്ല. കൊന്നനാത്ത് പാറുക്കുട്ടിയമ്മയുടെ 'പ്രബോധചന്ദ്രോദയം പരിഭാഷ' കെ. സി കേശവപിള്ളയുടെ 'രാഘവമാധവം, കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ 'മയൂരസന്ദേശം' തുടങ്ങിയവയെ അദ്ദേഹം പ്രശംസിച്ചിരുന്നു. പദ്യരൂപത്തിലുള്ള കൃതികൾ മാത്രമേ സാഹിത്യപരിധിയിൽ ഉൾപ്പെടുകയുള്ളൂ എന്ന സമകാലിക സാഹിത്യധാരണയെ സി. പി അംഗീകരിച്ചിരുന്നില്ല. ഇന്ദുലേഖയെ കാവ്യം എന്നാണ് മേനോൻ വിശേഷിപ്പിച്ചത്. കാവ്യത്തിന്റെ ആത്മാവായത് രസമാണെന്നും അലങ്കാരം കടകകുണ്ഡലാദികളെ പോലെ അതിന്റെ ഉത്കർഷഹേതുകളിൽ ഒന്നാണെന്ന് വിചാരിക്കാനേപാടുള്ളൂ എന്നുമുള്ള അഭിപ്രായമാണ് സി. പി പുലർത്തിയിരുന്നത്. രസസിദ്ധാന്തത്തോടൊപ്പം പാശ്ചാത്യസാഹിത്യദർശനങ്ങളും സി. പിയുടെ വിമർശനപ്രതിഭയെ രൂപപ്പെടുത്തുന്നതിൽ പങ്കുവഹിച്ചിട്ടുണ്ട്.

> ▶ പദ്യരൂപത്തിലുള്ള കൃതികൾ മാത്രമേ സാഹിത്യപരിധിയിൽ ഉൾപ്പെടുകയുള്ളൂ എന്ന ധാരണയെ സി. പി അംഗീകരിച്ചിരുന്നില്ല.

പ്രാസവാദത്തിൽ സി. പി., കേരളപാണിനിയുടെ പക്ഷത്താണ് നിലകൊണ്ടത്. കാവ്യദോഷങ്ങളും കാവ്യഗുണങ്ങളും സംസ്കൃതത്തിന്റെ അടിസ്ഥാനത്തിൽ തന്നെ സി. പി. ഉപന്യസിച്ചിട്ടുണ്ട്. എന്നാൽ, അദ്ദേഹത്തിന്റെ നിരൂപണങ്ങൾ ക്ലാസിക്, നിയോക്ലാസിക്, റൊമാന്റിക് പ്രസ്ഥാനങ്ങളോട് ആഭിമുഖ്യം പുലർത്തിയിരുന്നു എന്ന് പറയാൻ കഴിയില്ല. ഒരു പണ്ഡിതന്റെ അഭിരുചി പ്രകടനമാണ് അദ്ദേഹത്തിന്റെ

> ▶ പാശ്ചാത്യ പൗരസ്ത്യസാഹിത്യ സിദ്ധാന്ത സമന്വയം

നിരൂപണങ്ങളിൽ നിറഞ്ഞു നിന്നിരുന്നത് എന്ന് കെ. എം. ജോർജ്ജ് അഭിപ്രായപ്പെടുന്നു. ഭാരതീയവും പാശ്ചാത്യവുമായ നിരൂപണസങ്കൽപ്പങ്ങൾ സമന്വയിക്കപ്പെട്ട നിരൂപണാദർശമാണ് അച്യുതമേനോന്റെ സവിശേഷത. ഡോ. ജോൺസനും മാത്യു അർനോൾഡും സി. പിയുടെ വിമർശനശൈലിയെ സ്വാധീനിച്ച പാശ്ചാത്യ വിമർശകരാണ്.

## നെടിയം വീട്ടിൽ ബാലകൃഷ്ണൻ മേനോൻ

ഭാഷാപോഷിണിയിലെ പ്രധാന ഗദ്യലേഖകൻ. 1880-കളിൽ നോവൽ, നാടകം എന്നീ നൂതന സാഹിത്യ രൂപങ്ങൾ ഇവിടെയുണ്ടായി. ഉടനെ തന്നെ അവയെക്കുറിച്ചുള്ള നിരൂപണങ്ങളും ഉണ്ടായി. ആനുകാലികങ്ങളിൽ പ്രസിദ്ധീകൃതമായ നോവൽനിരൂപണങ്ങൾ എഴുതിയവരിൽ പ്രമുഖനായിരുന്നു ബാലകൃഷ്ണൻ മേനോൻ. ഇദ്ദേഹം നോവലിനെക്കുറിച്ച് തുടർനിരൂപണങ്ങൾ എഴുതിയിരുന്നു. സാഹിത്യത്തെ പൊതുവേയും സാഹിത്യശാഖകളെ ആഴത്തിലും പഠിച്ച പ്രബന്ധങ്ങളിൽ പ്രാധാനപ്പെട്ട ഒരെണ്ണം നോവൽ ശാഖയെക്കുറിച്ച് ബാലകൃഷ്ണ മേനോൻ തയ്യാറാക്കിയ സൈദ്ധാന്തിക പ്രബന്ധമാണ്. ഇദ്ദേഹം രചിച്ച 'നോവലിന്റെ ഭാഗങ്ങൾ' മലയാളത്തിലെ ആദ്യത്തെ സമഗ്ര നോവൽ പഠനമായി കണക്കാക്കപ്പെടുന്നു. ഭാഷാപോഷിണിയിൽ അച്ചടിച്ചുവന്ന ഇദ്ദേഹത്തിന്റെ ലേഖനങ്ങളെ സമാഹരിച്ച് 1989-ൽ പുസ്തകമായി പ്രസിദ്ധീകരിക്കുകയുണ്ടായി('നോവലിന്റെ ഭാഗങ്ങൾ').

> ▶ നോവൽ ശാഖയെക്കുറിച്ച് ബാലകൃഷ്ണമേനോൻ തയ്യാറാക്കിയ സൈദ്ധാന്തിക പ്രബന്ധം

## എ. ആർ. രാജരാജവർമ്മ

പരിഷ്കരണോന്മുഖതയും മൗലിക വീക്ഷണങ്ങളും സ്വതന്ത്ര ചിന്തയും കൊണ്ട് മലയാളസാഹിത്യത്തിൽ ചരിത്രപരമായ സ്ഥാനം നേടിയ വിമർശകനാണ് എ. ആർ. രാജരാജവർമ്മ. മലയാളസാഹിത്യത്തിൽ കാവ്യകലാതത്വചിന്താപരമായ ഒരു നവോത്ഥാനത്തിന് അദ്ദേഹം വഴിതെളിച്ചു.

അലങ്കാരശാസ്ത്രത്തെയും ഛന്ദഃശാസ്ത്രത്തെയും ഗദ്യസാഹിത്യത്തെയും കുറിച്ച് എ. ആർ. രാജരാജവർമ്മ എഴുതിയ ഭാഷാഭൂഷണം, വൃത്തമഞ്ജരി, സാഹിത്യസാഹ്യം എന്നീ ഗ്രന്ഥങ്ങളാണ് മലയാളവിമർശന സാഹിത്യത്തിന് സാഹിത്യതത്വവിചാരത്തിന്റെ ബലിഷ്ഠമായ ഒരു അടിത്തറ നൽകിയത്. മലയാളത്തിന്റെ ക്ലാസിക്കൽ വിമർശനത്തിന്റെ ആരംഭം അവയിൽ നിന്നാണ്. "കാവ്യമെല്ലാം പദ്യമായിരിക്കണമെന്നോ, വൃത്ത നിബന്ധനയ്ക്ക്ചേർന്ന് എഴുതുന്ന വാക്യമെല്ലാം കാവ്യമാകുമെന്നോ പറഞ്ഞുകൂടാത്തതാകുന്നു..., പദ്യലക്ഷണം വൃത്തശാസ്ത്രത്തെയും കാവ്യലക്ഷണം സാഹിത്യശാസ്ത്രത്തെയും ആശ്രയിച്ചാണ് നിൽക്കുന്നത്.., കാലദീപം മുതലായ ഗ്രന്ഥങ്ങൾ പദ്യരൂപത്തിൽ എഴുതപ്പെട്ടതാണെങ്കിലും കാവ്യമല്ല..., ആഖ്യായികകളും മറ്റും ഗദ്യമയങ്ങളാണെങ്കിലും കാവ്യമാകുന്നു...." തുടങ്ങിയ നിരീക്ഷണങ്ങൾ പുതിയൊരു ഭാവുകത്വത്തിലേക്കാണ് മലയാളസാഹിത്യത്തെ നയിച്ചത്. മലയാളത്തിൽ ഗദ്യ രചനയ്ക്ക് മാർഗനിർദ്ദേശം നൽകുന്ന ആദ്യത്തെ ഗ്രന്ഥമാണ് കാലദീപം. അപ്രകാരം ഗദ്യവും പദ്യവും അടങ്ങുന്ന സമഗ്രസാഹിത്യകലയുടെ അടിസ്ഥാനപരമായ ലാവണ്യനിയമങ്ങളുടെയും ഭാഷാശാസ്ത്രപരമായ യുക്തിവിചാരത്തിന്റെയും ചക്രവാളങ്ങൾ ആദ്യമായി മലയാളത്തിൽ തുറന്നിട്ട ഗ്രന്ഥങ്ങളാണ്

> ▶ സംസ്കൃതത്തിലെ സാഹിത്യനിയമങ്ങളും മറ്റുമാണ് കേരളവർമ്മയും സാഹിത്യപഞ്ചാനനനും അംഗീകരിച്ചുപോന്നത്

SGOU

ഭാഷാഭൂഷണവും വൃത്തമഞ്ജരിയും സാഹിത്യസാഹ്യവും.

സാഹിത്യം എഴുതപ്പെടുന്നത് ഭാഷയിലായതുകൊണ്ടാവണം ഭാഷയെക്കുറിച്ചദ്ദേഹം ആദ്യം ചിന്തിച്ചത്. ആ ചിന്തകൾക്ക് രൂപം കിട്ടിയതു 'കേരളപാണിനീയ'ത്തിലൂടെയും 'ശബ്ദശോധിനി'യിലൂടെയുമായിരുന്നു. പിന്നീട് സാഹിത്യചിന്തകളിലേക്കും അദ്ദേഹം കടന്നു. ഇമേജുകളാണ് കവിതയുണ്ടാക്കുന്നതെന്ന് അരിസ്റ്റോട്ടിൽ പറഞ്ഞ അഭിപ്രായം മനസിൽ കണ്ടുകൊണ്ടാവണം അലങ്കാരചർച്ച നടത്തുന്ന 'ഭാഷാഭൂഷണം' അദ്ദേഹം എഴുതിയത്. 'വൃത്തമഞ്ജരി' കവിതയുടെ താളലയങ്ങളെക്കുറിച്ചുള്ള പഠനമാണ്.

▶ കേരളപാണിനീയവും ശബ്ദശോധിനിയും

യഥാർഥത്തിൽ എ. ആറിന്റെ സാഹിത്യചിന്തകളുടെ പ്രകാശനം 'സാഹിത്യസാഹ്യ'ത്തിലാണു കാണുന്നത്. 'ഇന്ദുലേഖ'യെ മഹാകാവ്യമെന്നു വിളിക്കാൻ കൂടി അദ്ദേഹം മടിക്കുന്നില്ല. അങ്ങനെ ഗദ്യത്തെയും കാവ്യമായിക്കണ്ട ആദ്യത്തെ നിരൂപകൻ എ. ആറാണ് എന്ന് പറയാം. ഭാഷാഭൂഷണത്തിലും വൃത്തമഞ്ജരിയിലും സംസ്കൃതപണ്ഡിതന്മാരുടെ സ്വാധീനം കാണാമെങ്കിലും സാഹിത്യസാഹ്യത്തിൽ എ. ആർ. അതു ചോദ്യം ചെയ്യുന്നതുമാതിരി പുതിയ ഊന്നൽ കൊടുക്കുന്നതു കാണാം. പൗരസ്ത്യ-ഭാരതീയരീതികൾ വിവരിക്കുമ്പോൾ എ. ആർ. പറയുന്നത് ഇവ രണ്ടും നമുക്ക് ആവശ്യമില്ല എന്നാണ്. അതുപോലെ, 'സംസ്കൃതത്തിലേക്കിനി അധികം നോക്കണ്ട. ഇംഗ്ലീഷിലേക്കു നോക്കണം' എന്ന തുറന്ന പ്രസ്താവം 'സാഹിത്യസാഹ്യ'ത്തിൽ കാണാം. ഈ പ്രസ്താവന പിൽക്കാലത്തു വന്ന പല നിരൂപകരെയും സ്വാധീനിച്ചിട്ടുണ്ട്. സംസ്കൃതപഠനത്തിന് മോറട്ടോറിയം പ്രഖ്യാപിക്കണമെന്നു കുട്ടികൃഷ്ണമാരാർ പറഞ്ഞതും കേസരി എ. ബാലകൃഷ്ണപിള്ള പടിഞ്ഞാറൻ സാഹിത്യസമ്പ്രദായങ്ങൾ ഇവിടെ അവതരിപ്പിച്ചതും എ. ആറിന്റെ സ്വാധീനഫലമായാണ് എന്ന് പറയാൻ കഴിയും. നവീനമലയാളനിരൂപണത്തിന്റെ പ്രതിഷ്ഠാപകനും ആചാര്യനും എ. ആർ. ആണെന്നുള്ളതിനു സംശയമില്ല. പ്രാസവാദത്തിന് അദ്ദേഹം എഴുതിയ സമാപനരേഖ ഇക്കാര്യം ഉറപ്പിക്കുന്നു.

▶ എ. ആറിന്റെ സാഹിത്യചിന്തകളുടെ പ്രകാശനം സാഹിത്യസാഹ്യത്തിലാണു കാണുന്നത്

ഭാഷയിലെ വ്യാകരണം, അലങ്കാരം, വൃത്തം, ഗദ്യരചന എന്നിവയ്ക്കെല്ലാം പ്രമാണഗ്രന്ഥം നിർമ്മിച്ചു നൽകിയ അദ്ദേഹത്തിന്റെ ഭാഷാജ്ഞാനം വളർന്നുവളർന്ന് ഒരു ആംഗല മലയാള നിഘണ്ടു നിർമിക്കുന്നതിന്റെ പ്രാരംഭ നടപടികളിൽ ചെന്നെത്തിയിരുന്നു. അദ്ദേഹം ഒരു നിഘണ്ടുവിന്റെ വിവർത്തനശ്രമം നടത്തിയിരുന്നതായി ഉള്ളൂരും രേഖപ്പെടുത്തുന്നുണ്ട്. രാജരാജവർമ്മയുടെ ചരിത്രകാരന്മാരാരും ഇതുവരെ ചൂണ്ടിക്കാണിച്ചിട്ടില്ലാത്ത ഒരു യത്നം കൂടി അദ്ദേഹം വിഭാവനം ചെയ്തതായി തെളിഞ്ഞിട്ടുണ്ട്. ഒരുവേള, അദ്ദേഹത്തിന്റെ സാഹിത്യവിമർശനപരമായ അഭിലാഷങ്ങൾ ആ യത്നത്തിന്റെ പൂർത്തീകരണം കൊണ്ടു ചാരിതാർത്ഥപ്പെടുമെന്ന് അദ്ദേഹം കരുതിയിരിക്കണം. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഒടുവിലത്തെ വർഷത്തിൽ രാജരാജവർമ്മ വിദ്യാവിനോദിനിയിൽ ഒരു വിജ്ഞാപനം പ്രസിദ്ധീകരിക്കുകയുണ്ടായി. മലയാളസാഹിത്യവിമർശനം സങ്കലനദോഷവും ഗുണദോഷനിരൂപണക്കുറവും ഉള്ളതാകയാൽ പല മഹാന്മാരുടെ സഹായത്തെ അവലംബിച്ചുകൊണ്ട് ഭാഷാസാഹിത്യചരിത്രത്തെ ഒരു ഉത്തമരീതിയിൽ നിർമ്മിക്കണമെന്നു തീർച്ചപ്പെടുത്തിയിരിക്കുന്നു എന്നാണ്

SGOU

അതിൽ കാണുന്ന പ്രതിജ്ഞ. ഓറ്റിൻ ഡോബിൻ എന്ന എഴുത്തുകാരന്റെ സാഹിത്യ ചരിത്രഗ്രന്ഥം മാതൃകയായിരിക്കുമെന്നും അതിൽ സൂചിപ്പിച്ചിട്ടുണ്ട്. കൂട്ടായ രചന, സൂക്ഷ്മമായ വസ്തുസംഭരണം, കൃതികളുടെ അവഗാഢമായ നിരൂപണം-ചരിത്രപരമായ സംക്ഷിപ്ത ജീവിത വിവരണം, പ്രമുഖകൃതികളുടെ വസ്തുസാരസംഗ്രഹം, രചനാസൂചകമായ ഉദ്ധരണം എന്നിവ സാഹിത്യചരിത്രത്തിൽ ഉണ്ടായിരിക്കുമെന്നും തമ്പുരാൻ വ്യക്തമാക്കിയിരുന്നു. അത് സാക്ഷാത്കൃതമായിരുന്നെങ്കിൽ ഉത്കൃഷ്ടമായ ഒരു വിമർശനാത്മകസാഹിത്യചരിത്രം കൈരളിക്കു ലഭിക്കുമായിരുന്നു. ഒരു കൊച്ചവതാരികയിലൂടെ അദ്ദേഹം നൽകിയ ആ മാതൃകാപരമായ വിമർശനരീതിയുടെ സാഫല്യം ഈ മഹാഗ്രന്ഥത്തിൽ നമുക്ക് അനുഭവിക്കാൻ കഴിഞ്ഞേനെ.

▶ എ. ആർ. ആംഗല മലയാള നിഘണ്ടു നിർമ്മാണശ്രമം

## സി. അന്തപ്പായി

മലയാളത്തിലെ പത്ര-മാസികകളിൽ സാഹിത്യസംബന്ധിയായ ലേഖനങ്ങൾ എഴുതിയിരുന്ന സി. അന്തപ്പായി (1862-1936) സാഹിത്യവിമർശകൻ എന്ന നിലയിലാണ് പ്രസിദ്ധനായത്. ആദ്യകാല ഉപന്യാസകാരന്മാരുടെ കൂട്ടത്തിൽ അദ്ദേഹവുമുണ്ട്. അതിരുകൾക്കുള്ളിൽ ഉറച്ചുനില്ക്കുന്ന തരത്തിലുള്ള സാഹിത്യപ്രമാണങ്ങൾക്ക് അദ്ദേഹം അടിമപ്പെട്ടിരുന്നില്ല. അദ്ദേഹത്തിന്റെ ആദ്യകാല സാഹിത്യനിരൂപണങ്ങൾ പ്രസിദ്ധീകരിച്ചിരുന്നത് വിദ്യാവിനോദിനിയിലാണ്. നാടകങ്ങളെക്കുറിച്ച് അധികമൊന്നും നിരൂപകന്മാർ ചിന്തിക്കാത്ത കാലമായിരുന്നു അത്. കൊട്ടാരത്തിൽ ശങ്കുണ്ണി ഇംഗ്ലീഷിൽ നിന്നും ഇതിവൃത്തം സ്വീകരിച്ചുകൊണ്ട് മലയാളത്തിൽ എഴുതിയ 'ദേവീവിലാസം' നാടകത്തെക്കുറിച്ചും തോട്ടക്കാട്ട് ഇക്കാവമ്മയുടെ 'സുഭാദ്രാർജുന'ത്തെക്കുറിച്ചും 'മാലതീമാധവം' നാടകത്തിന്റെ തർജമയെക്കുറിച്ചും അന്തപ്പായി നിരൂപണങ്ങൾ എഴുതിയിട്ടുണ്ട്. ഇതിവൃത്തഘടനയിലുള്ള പോരായ്മകൾ, അനൗചിത്യങ്ങൾ, സംസ്കൃതനാടകത്തിന്റെ രൂപഘടന അംഗീകരിക്കുന്നതുകൊണ്ടുള്ള ദോഷങ്ങൾ മുതലായവ ഈ നിരൂപണങ്ങളിലൂടെ അദ്ദേഹം എടുത്തുകാട്ടി. 'ചുക്കില്ലാത്ത കഷായമില്ല' എന്ന ചൊല്ലുകൊണ്ട് പ്രസ്താവനയില്ലാത്ത നാടകമില്ല എന്ന് പറഞ്ഞ് അന്ന് പുറത്തുവന്നുകൊണ്ടിരുന്ന നാടകങ്ങളുടെ രൂപശിൽപ്പത്തെ കർക്കശമായി അദ്ദേഹം ഉപഹസിച്ചു. 'പൂർവകവികളെ അനുഗമിക്കുവാനുള്ള ഭ്രമം മലയാളനാടകകാരന്മാരിൽ കലശലായി കാണുന്നുണ്ട്. ഇത് ബുദ്ധിമത്വമല്ല' എന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. സംസ്കൃതനാടകങ്ങളുടെ രൂപഘടന അനേകം കൊല്ലങ്ങൾക്ക് മുൻപുണ്ടായതാണ്. പഴയ മനുഷ്യരുണ്ടാക്കിയ മാമൂലുകൾ പുതിയ മനുഷ്യർക്ക് മാറ്റാം എന്നദ്ദേഹം തുറന്നെഴുതി. ഗുണമേന്മയില്ലാതെ പഴയ അച്ചിൽ എഴുതിയ നാടകങ്ങളെ കളിയാക്കിക്കൊണ്ട് അദ്ദേഹം 'നാലുപേരിലൊരുത്തൻ' എന്നൊരു നോവൽ എഴുതിയിരുന്നു. സംസ്കൃതനാടകങ്ങളിലെന്നപോലെ ഭാഷാനാടകങ്ങളിലും ശ്ലോകരൂപത്തിലുള്ള സംഭാഷണങ്ങൾ അസംബന്ധമാണെന്ന് അന്തപ്പായി വാദിച്ചു. ഭാഷാപോഷിണിയിലെ ഗദ്യലേഖകരിൽ പ്രമുഖനായിരുന്നു അന്തപ്പായിയും.

▶ നാടകങ്ങളുടെ രൂപശിൽപ്പത്തെ വിമർശിച്ചു

## സാഹിത്യപഞ്ചാനനൻ പി. കെ. നാരായണ പിള്ള

പണ്ഡിതനും ഗവേഷകനുമായൊരു നിരൂപകനായിരുന്നു സാഹിത്യപഞ്ചാനനൻ പി. കെ. നാരായണപിള്ള (1878-1938). പാശ്ചാത്യ കാവ്യസിദ്ധാന്തങ്ങളോടൊപ്പം പൗരസ്ത്യകാവ്യസിദ്ധാന്തങ്ങളിലും അദ്ദേഹത്തിന് അവഗാഹമുണ്ടായിരുന്നു. പാശ്ചാത്യ-പൗരസ്ത്യ സമന്വയം അദ്ദേഹത്തിന്റെ സാഹിത്യവിമർശനത്തിന് ഉൾക്കനം നല്കി. വിമർശനത്തെ ഭാഷാഗവേഷണവുമായി ബന്ധിപ്പിക്കുക എന്ന നവീന സമീപനം അദ്ദേഹം സമാരംഭിച്ചു. ക്ലാസിക് പക്ഷപാതിയായിരുന്നു പഞ്ചാനനൻ. വ്യവസ്ഥാപിത വിമർശനതത്വങ്ങളോട് അമിതമായ ഭക്തിയും ആദരവും പുലർത്തിയിരുന്നു. യാഥാസ്ഥിതിക ചിന്താധാര അംഗീകരിച്ച പി. കെ. നാരായണപിള്ള വിമർശനത്തിൽ, അക്കാദമീയ തലത്തിൽ മാത്രം നിലയുറപ്പിച്ചു. എ. ആറിന്റെ ശിഷ്യനായിരുന്നുവെങ്കിലും ഗുരുവിന്റെ പുരോഗമനവീക്ഷണം പി. കെ.യ്ക്ക് സ്വീകാര്യമായിരുന്നില്ല. അതുകൊണ്ടാകാം ആശാൻ, വള്ളത്തോൾ എന്നിവരെ അംഗീകരിക്കാൻ പരുഷമായ വൈമനസ്യം പി. കെ. പ്രകടിപ്പിച്ചത്. സാഹിത്യത്തിന്റെ മൂല്യനിർണയനത്തിൽ സൗന്ദര്യത്തിനും പാരമ്പര്യസിദ്ധമായ സംസ്കാരത്തിനുമാണ് അദ്ദേഹം ഊന്നൽ കൊടുത്തത്. സാമ്പ്രദായിക സഹൃദയത്വവും മൂല്യബോധവുമായിരുന്നു പി. കെ. നാരായണപിള്ള മാനദണ്ഡമായി സ്വീകരിച്ചത്. അതേസമയം പദവാക്യഛന്ദസ്സുകളുടെ താളുകൾ പരിശോധിക്കുകയല്ല വിമർശനധർമ്മമെന്ന് അദ്ദേഹം തെളിയിച്ചു തന്നു. വിമർശനത്തിൽ പാണ്ഡിത്യാധിഷ്ഠിത സമീപനം സ്വീകരിക്കുകയും ചെയ്തു.

> ▶ ക്ലാസിക് പക്ഷപാതിയായിരുന്നു പഞ്ചാനനൻ.

പഞ്ചാനനന്റെ വിമർശനത്രയം, വിജ്ഞാനരഞ്ജിനി, പ്രസംഗതരംഗിണി, പ്രബന്ധകല്പലതിക, കാവ്യമേഖല എന്നിവയാണ് പ്രധാന കൃതികൾ. സാഹിത്യപഞ്ചാനനൻ മലയാള സാഹിത്യനിരൂപണത്തിനു നല്കിയ ഏറ്റവും വലിയ സംഭാവന മൂന്നു ദീർഘപഠനങ്ങളാണ്. ചെറുശ്ശേരി, എഴുത്തച്ഛൻ, കുഞ്ചൻ നമ്പ്യാർ എന്നീ പ്രാചീനകവികളെക്കുറിച്ചുള്ളതാണ് ആ പഠനങ്ങൾ. ഇന്നും അവ പഠനീയങ്ങളായിത്തന്നെ നിലകൊള്ളുന്നു. അദ്ദേഹത്തിന്റെ ഈ നിരൂപണങ്ങൾക്ക് ഗവേഷണമൂല്യവും താരതമ്യസ്വഭാവവും വിവരണാത്മകസമീപനവുമുണ്ട്. ഈ കവികൾ ഏതെല്ലാം സംസ്കൃതകവികളോടു കടപ്പെട്ടിരിക്കുന്നു എന്നു ചൂണ്ടിക്കാണിക്കാൻ അദ്ദേഹം മടിച്ചില്ല. നമ്പ്യാരെക്കുറിച്ചുള്ള നിരൂപണത്തിൽ സാഹിത്യത്തിലെ സാമൂഹികജീവിതപ്രസക്തി അദ്ദേഹം എടുത്തുകാണിച്ചു. കവി സമൂഹത്തിന്റെ വിധികർത്താവാണെന്നു ഷെല്ലി പറഞ്ഞത് ഓർമ്മിപ്പിച്ചുകൊണ്ടാണ് ആ പ്രബന്ധം ഉപസംഹരിച്ചത്. ഇവർ മൂവരും പ്രാചീന മലയാളകവിതയിലെ ദീപസ്തംഭങ്ങളാണെന്നു മനസിലാക്കിയിട്ടുപോലും ഇവരെ കർക്കശമായി വിമർശിക്കാൻ അദ്ദേഹം മടിച്ചില്ല. എഴുത്തച്ഛൻ എഴുതിയ വേദാന്തഭാഗങ്ങൾ പിഴവുകളുള്ളവയാണെന്നും 'തനിക്കവി' എന്ന നിലയിലാണ് അദ്ദേഹം പുകഴ്ത്തപ്പെടേണ്ടതെന്നും സാഹിത്യപഞ്ചാനനൻ പറയുന്നു. ചെറുശ്ശേരിയുടെ ഉച്ഛ്യംഖലങ്ങളായ ശൃംഗാരവർണനകൾ എടുത്തുകാണിച്ചുകൊണ്ട് ചെറുശ്ശേരിയുടെ ശൃംഗാരം സഭ്യതയുടെ അതിരുകളെ ഉല്ലംഘിക്കുന്നു എന്ന് അദ്ദേഹം പറയുന്നു. സാഹിത്യപഞ്ചാനനൻ എഴുതിയ സാഹിത്യോപന്യാസങ്ങൾ ഒട്ടേറെയുണ്ട്. 'ഉണ്ണുനീലീസന്ദേ

SGOU

ശ'ത്തെക്കുറിച്ച് അദ്ദേഹം തയ്യാറാക്കിയ ഗവേഷണപ്രബന്ധം ശ്രദ്ധേയമാണ്. 'വിജ്ഞാനരഞ്ജിനി' അദ്ദേഹത്തിന്റെ മറ്റൊരു സമാഹാരമാണ്. അതിൽ സാഹിത്യവിഷയങ്ങളും അദ്ദേഹം കൈകാര്യം ചെയ്തിരിക്കുന്നു. ഒരു കണക്കിനുനോക്കിയാൽ സാഹിത്യപഞ്ചാനനന്റെ ഭാവുകത്വം പ്രാചീനകവിത്രയം കൊണ്ടും സംസ്കൃതത്തിലെ ക്ലാസിക് പ്രവണതകൾകൊണ്ടും സീമാതീതമാണ്. ആശാന്റെയും ജി. ശങ്കരക്കുറുപ്പിന്റെയും ചങ്ങമ്പുഴയുടെയും കവിതകളിൽ അഭിരമിക്കാൻ അദ്ദേഹത്തിനു സാധിച്ചിട്ടില്ല. കരുണാനിരൂപണവും ജി. ശങ്കരക്കുറുപ്പിനെക്കുറിച്ച് സാഹിത്യപരിഷത്തിൽ ചെയ്ത പ്രസംഗവും ചങ്ങമ്പുഴക്കവിതയെ 'മിഠായിക്കവിതകൾ' എന്നു വിശേഷിപ്പിച്ചതും ഇവിടെ ഓർക്കുക.

▶ പ്രാചീനകവിത്രയത്തെ പഠനവിധേയമാക്കുന്നു

## എൻ. കുമാരനാശാൻ

നിരൂപണത്തിന്റെ ധർമ്മവും രീതിയും അറിയുന്ന കവിയായിരുന്നു കുമാരനാശാൻ. എ. ആർ മലയാളസാഹിത്യത്തിന് നല്കിയ സംഭാവന എന്തെന്ന് 'പ്രരോദനത്തിലൂടെ' ആശാൻ വളരെ വ്യക്തമായി പറഞ്ഞുവെക്കുന്നുണ്ട്. ആദർശ വിമർശകന്റെ ധർമ്മം എന്തെന്ന് അതേ കവിതയിലൂടെ തന്നെ അദ്ദേഹം പറയുന്നുണ്ട്. സാഹിത്യലോകത്തിന്റെ ദുഷിച്ചുപോയ രുചിയെ പ്രത്യാനയിക്കുക. ഇംഗ്ലീഷിൽ 'Taste' എന്നു വിളിക്കുന്ന വ്യക്തിഗതമായ സാഹിത്യാഭിരുചിക്ക് സമാനമാണ് കവിതയിൽ ആശാൻ പറയുന്ന 'രുചി'. തെറ്റിപ്പോകുന്ന സാഹിത്യാഭിരുചിയെ ശരിപ്പെടുത്തിയെടുക്കുക എന്നതാണു സാഹിത്യവിമർശനത്തിന്റെ മുഖ്യപ്രയോജനങ്ങളിൽ ഒന്നായി ടി. എസ്. എലിയട്ട് ചൂണ്ടിക്കാണിച്ചിരിക്കുന്നത്. 'എലിയട്ട് ഇതെഴുതുന്നതിനു നാലുകൊല്ലം മുമ്പാണ് (1919ൽ) കേരളത്തിലെ ഒരു കവി ഈ ആധുനികമായ വിമർശനതത്വം തന്റെ ഒരു കവിതയിലൂടെ ആവിഷ്കരിച്ചത്' എന്ന് സുകുമാർ അഴീക്കോട് അദ്ദേഹത്തിന്റെ ഗവേഷണപ്രബന്ധത്തിൽ പറയുന്നുണ്ട്. ഗുണദോഷനിരൂപണം എന്നതിൽക്കവിഞ്ഞു വിമർശനത്തിനു മറ്റൊരർഥം പ്രചാരത്തിലില്ലായിരുന്ന കാലത്താണ് ആശാൻ ഇപ്രകാരം വിമർശകധർമ്മത്തെ തിരിച്ചറിയുന്നത്. വിമർശനത്തിന്റെ മർമ്മം കണ്ടറിഞ്ഞ ഒരാൾക്കല്ലാതെ ഇങ്ങനെ നിസ്സംശയം വിമർശനകലയുടെ രഹസ്യം വെളിപ്പെടുത്താൻ അന്നു കഴിയുമായിരുന്നില്ല. വിമർശനത്തേക്കാൾ കവിതയിൽ ശ്രദ്ധിച്ച ആളാണല്ലോ കുമാരനാശാൻ. അക്കാരണങ്ങളാൽ തന്നെ വിമർശനങ്ങൾ അധികമെഴുതിയില്ല അദ്ദേഹം. ചില ഗുരുതരങ്ങളായ പ്രകോപനങ്ങൾ കാരണമാണ് അദ്ദേഹം പ്രസിദ്ധങ്ങളായ ചില വിമർശനങ്ങൾ എഴുതാൻ ഇടയായത്. മലയാളത്തിലെ സംസ്കൃതാലങ്കാരികന്മാരുടെ പ്രൗഢവാദരീതിയിലുള്ള ഏറ്റവും പ്രഗത്ഭമായ ഒരു വിമർശനമാണ് ആശാന്റെ 'ചിത്രയോഗനിരൂപണം'. വിവേകോദയത്തിന്റെ പത്രാധിപർ കൂടിയായിരുന്ന ആശാൻ പ്രസ്തുത മാസികയിലാണ് തന്റെ സാഹിത്യവിമർശനങ്ങൾ പ്രസിദ്ധീകരിച്ചത്.

▶ കുമാരനാശാനായിരുന്നു വിവേകോദയത്തിന്റെ പത്രാധിപർ

## വള്ളത്തോൾ നാരായണമേനോൻ

കുമാരനാശാനേക്കാൾ കൂടുതൽ നിരൂപണങ്ങൾ വള്ളത്തോൾ എഴുതിയിരുന്നു. പുസ്തകനിരൂപണം എന്ന നിലവിട്ട് സാഹിത്യവിമർശനത്തിലേക്കുയരുവാൻ വള്ളത്തോളിനു സാധിച്ചിട്ടില്ലെന്ന് കാണാം. ആശാന്റെ വിമർശനത്തിൽ തെളിഞ്ഞുകാണുന്ന അലങ്കാരശാസ്ത്രത്തെ സംബന്ധിച്ച അറിവോ നവദർശനപ്രതിപത്തിയോ

വള്ളത്തോളിന്റെ നിരൂപണങ്ങളിലില്ല. കൃതിയുടെ സമഗ്രസ്വഭാവം എന്തെന്ന് നോക്കാതെ മൊത്തത്തിൽ ഗുണ-ദോഷങ്ങൾ കണക്കാക്കാതെ പദവാക്യദോഷങ്ങൾ വിസ്തരിച്ചു പ്രതിപാദിച്ചു രസിക്കുന്ന ഒരു രീതി തന്റെ വിമർശനങ്ങളിൽ വള്ളത്തോൾ സ്വീകരിച്ചിരുന്നു. ആശാന്റെ 'ലീല'യെ നിരൂപണം ചെയ്യുമ്പോൾ, അതൊരുത്തമ കാവ്യമാണെന്ന് അമിതമായ പ്രശംസകൊണ്ട് മാത്രം പറഞ്ഞുവെക്കുന്നു. വള്ളത്തോൾ ആശാനോടൊപ്പം രാജരാജവർമ്മയുടെ അശിക്ഷിത ശിഷ്യനാണെന്ന് മുണ്ടശ്ശേരി പറഞ്ഞിട്ടുണ്ട്. അക്കാലത്തുതന്നെ പല പണ്ഡിതന്മാരും വള്ളത്തോളിന്റെ ഈ നിരൂപണത്തെ എതിർക്കുകയുണ്ടായി. 'അത് കവിസഹജമായ അതിശയോക്തി' മാത്രമാണെന്ന് ഡി. പത്മനാഭനുണ്ണി തുറന്നുപറഞ്ഞു. എന്നാൽ വള്ളത്തോളിന്റെ ഈ അഭിപ്രായത്തിനു നേരിട്ട ഏറ്റവും കനത്ത പ്രഹരം ഇവരാരിൽ നിന്നുമല്ല വന്നത്. ഗ്രന്ഥവിഹാരത്തിന്റെ ഒന്നാമത്തെ പതിപ്പിന്റെ പ്രസാധകനും അവതാരികാകാരനുമായ കുട്ടികൃഷ്ണമാരാരിൽ നിന്നാണിത്. വള്ളത്തോളിന്റെ ലീലാനിരൂപണത്തിലെ പ്രാസദോഷാരോപണം മുതലായവയെ പരാമർശിച്ചുകൊണ്ട് അദ്ദേഹം ഇങ്ങനെ പറയുകയുണ്ടായി. 'ആയിടയ്ക്ക് പ്രസിദ്ധീകൃതമായ ആശാന്റെ ലീലയ്ക്കുണ്ടായ ഒരു നിരൂപണത്തിൽ പ്രയോഗിക്കപ്പെട്ട പരിഹാസങ്ങളിലൊന്ന്, അതിൽ കേരളവർമ്മപ്രാസം നിരത്തുവാൻ സാധിക്കാഞ്ഞതിന്റെ നേർക്കുള്ള അനുകമ്പയായിരുന്നു. ആശാന്റെ കൃതികൾ ഇന്നു പലപാടും നിരൂപണം ചെയ്യപ്പെടുന്നുണ്ട്. അതിലാരെങ്കിലുമുണ്ടോ അതിലെ പ്രാസപ്രയോഗത്തോളം കീഴ്പ്പോട്ട് നോക്കുന്നവരായിട്ട്'.

> ▶ വള്ളത്തോൾ ആത്മപോഷിണിയിലും കേരളോദയത്തിലും എഴുതിയ പുസ്തകനിരൂപണങ്ങൾ

നിരൂപിക്കപ്പെടുന്ന പുസ്തകം നല്ലതായാലും ചീത്തയായാലും ഇത്തരം ഉപരിപ്ലവവും ഏകദേശവുമായ ദോഷങ്ങൾ പെരുപ്പിച്ചുകാണിക്കുക വള്ളത്തോളിന്റെ പുസ്തകനിരൂപണത്തിന്റെ സ്ഥിരം രീതിയായിരുന്നു. 'വള്ളത്തോളിന്റെ സാഹിത്യനിരൂപണം അത്ര ഗുണമുള്ളതല്ല. എന്തെന്നാൽ ഒരു ഗദ്യശൈലിയുണ്ടെന്നല്ലാതെ നിരൂപണധർമം അത്രയൊന്നും അതിലില്ല. ആസ്വാദനമോ, അവഹേളനമോ മാത്രമല്ല വേണ്ടത്, കുറച്ച് വ്യാകരണത്തെറ്റു പറച്ചിലും ഇതിനോടുകൂടി ചേർത്തെന്നുവെച്ച് ഇത് ഒരു ശുദ്ധീകരണ പ്രസ്ഥാനമാകില്ലതന്നെ. ഒരു സമചിത്തനായ നിരൂപകനായിട്ടല്ല വള്ളത്തോൾ ഗ്രന്ഥവിഹാരത്തിൽ പ്രത്യക്ഷപ്പെടുന്നത്' എന്ന് വള്ളത്തോളിന്റെ ജീവചരിത്രത്തിൽ മാടശ്ശേരി മാധവവാരിയർ അഭിപ്രായപ്പെട്ടുകാണുന്നു. ഹൃദ്യമായ ഗദ്യരീതിയും നിരൂപിക്കപ്പെടുന്ന കൃതിയുടെ വ്യക്തമായ രൂപരേഖ വരയ്ക്കാനുള്ള കഴിവുമാണ് വള്ളത്തോളിന്റെ പുസ്തകനിരൂപണത്തിന്റെ മേന്മകളായി സുകുമാർ അഴീക്കോട് പറയുന്നത്. പാശ്ചാത്യമായ ആശയധാരകൾ വളരെയൊന്നും നിരൂപണത്തിൽ അദ്ദേഹത്തെ സ്വാധീനിച്ചിട്ടില്ല. അതിന്റെ പോരായ്മ നിരൂപണത്തിൽ പ്രകടമായിത്തന്നെ കാണാം. പത്രാധിപരെന്ന നിലയിൽ വള്ളത്തോൾ ആത്മപോഷിണിയിലും കേരളോദയത്തിലും എഴുതിയ പുസ്തകനിരൂപണങ്ങൾ ഗ്രന്ഥവിഹാരം, പ്രസംഗവേദിയിൽ എന്നീ പുസ്തകങ്ങളിൽ സമാഹരിക്കപ്പെട്ടിട്ടുണ്ട്.

> ▶ ഹൃദ്യമായ ഗദ്യരീതിയും നിരൂപിക്കപ്പെടുന്ന കൃതിയുടെ വ്യക്തമായ രൂപരേഖ വരയ്ക്കാനുള്ള കഴിവുമാണ് വള്ളത്തോളിന്റെ പുസ്തകനിരൂപണത്തിന്റെ മേന്മ

## ഉള്ളൂർ എസ് പരമേശ്വരയ്യർ

മലയാളത്തിലെ ആദ്യകാല സാഹിത്യനിരൂപണങ്ങളെക്കുറിച്ച് സ്മരിക്കുമ്പോൾ ആശാനെയും വള്ളത്തോളിനെയും സാധാരണഗതിയിൽ നിരൂപണചരിത്രകാരന്മാർ ഒഴിവാക്കാറില്ല. ഒരു കാരണം, കുറേക്കാലം അന്നു പ്രചാരത്തിലിരുന്ന സാഹിത്യമാസികകളുടെ പ്രതാധിപന്മാരായിരുന്നു അവർ എന്നതാണ്. മറ്റൊന്നു അവർ തമ്മിൽ നടന്ന വിമർശനരംഗത്തെ പടവെട്ടൽ തന്നെ. മഹാകവി ഉള്ളൂരി (1877–1949) ന്റെ കവിത്വവും പാണ്ഡിത്യവും ഗവേഷണവൈഭവവും തിരിച്ചറിയുന്നവർ പോലും സാഹിത്യനിരൂപണമേഖലയിലെ അദ്ദേഹത്തിന്റെ സംഭാവനകളെ വേണ്ടതുപോലെ പരിഗണിക്കുന്നില്ല. നിരൂപണത്തിനുതന്നെ പല മേഖലകളുണ്ട്. ഒട്ടെല്ലാ മേഖലകളിലും വിദഗ്ദ്ധമായി പ്രവേശിച്ച ഒരു ബഹുമുഖപ്രതിഭയാണ് ഉള്ളൂർ. വിജ്ഞാനദീപികയിലെ ലേഖനങ്ങൾ അദ്ദേഹത്തിന്റെ വിമർശനസാമർഥ്യത്തിന് ഉദാഹരണമാണ്.

- ഉള്ളൂർ വിജ്ഞാനദീപികയിലെഴുതിയ ലേഖനങ്ങൾ

മഹാകവി ഉള്ളൂർ കവിതയിലെന്നപോലെ വിമർശനത്തിലും കേരളവർമ്മയുടെ അനുയായിയാണ്. ദാക്ഷിണ്യം നിറഞ്ഞ അഭിനന്ദനവും അതിനാവശ്യമായ ആസ്വാദനവുമാണല്ലോ കേരളവർമ്മരീതി. സാർവത്രികമായി ഉള്ളൂരും അംഗീകരിച്ചിരിക്കുന്നത് ഈ രീതി തന്നെയാണ്. വിജ്ഞാനദീപികയിലെ ലേഖനങ്ങളിലും ഈ ആസ്വാദനം തെളിഞ്ഞു കാണാം. കുട്ടികൃഷ്ണമാരാരുടെ സാഹിത്യഭൂഷണംപോലെ തനിക്ക് തീർത്തും ഹിതമല്ലാത്ത ഒരു കൃതിയായാൽപ്പോലും, സൗഹാർദ്ദപരമായ ഭാഷയിലാണ് എതിരഭിപ്രായം പറഞ്ഞിരിക്കുന്നത്. എന്നാൽ, പറയാനുള്ള കുറ്റങ്ങൾ തുറന്നെഴുതുന്നതിൽ അദ്ദേഹത്തിന് മടിയുണ്ടായിരുന്നതായി കരുതാനും കഴിയില്ല. അതിനൊരുദാഹരണം. കാളിദാസന്റെ ഒരു പദ്യത്തിൽ രസപരമായ അനൗചിത്യം ഉന്നയിച്ച്, അനേകം പണ്ഡിതന്മാർക്കെതിരെ അത് സമർഥിച്ചതാണ്. പാശ്ചാത്യ സാഹിത്യ സമ്പർക്കമില്ലായിരുന്നെങ്കിൽ കാളിദാസനെ വിമർശിക്കാൻ, ഉള്ളൂരിനെപ്പോലെ ഒരു ക്ലാസിക് ആഭിമുഖ്യമുള്ള കവിക്ക് ധൈര്യം വരുമായിരുന്നില്ല. സംസ്കൃതത്തിൽ ഇത്തരം മഹാകവിവിമർശനം മഹാന്മാരായ ചില ആലങ്കാരികന്മാർ നടത്തിയിട്ടുണ്ടെങ്കിലും, ഈ കാളിദാസ വിമർശനത്തിന്റെ പ്രേരണ പാശ്ചാത്യ സമ്പർക്കമാണെന്ന് വ്യക്തമാണ്. 'Even Homer nods' എന്ന പ്രസിദ്ധമായ വാക്യം തന്റെ ഉപന്യാസത്തിന്റെ ഒടുവിൽ ഉള്ളൂർ ഉദ്ധരിക്കുന്നുണ്ട്. ഹോമർ ഉറങ്ങുമെങ്കിൽ കാളിദാസനും ഉറങ്ങും എന്നാണല്ലോ ഇതിന്റെ സാരം. 'ആധുനികഭാഷാകവിത' എന്ന ഉള്ളൂരിന്റെ ഉപന്യാസം പരിശോധിക്കുക, ഉള്ളൂരിന്റെ പരമ്പരാഗത സാഹിത്യപ്രമാണങ്ങൾക്ക് മേൽ പാശ്ചാത്യസ്വാധീനം മേൽക്കൈ നേടുന്നത് വായിച്ചെടുക്കാൻ കഴിയും. ഗതാനുഗതികത്വത്തെ കുറ്റപ്പെടുത്തുകയും ഇംഗ്ലീഷ് സമ്പ്രദായത്തിൽ നാടകം, കവിത എന്നിവ മലയാളത്തിൽ ഉണ്ടാകാത്തതിൽ പരിതപിക്കുകയും ചെയ്യുന്ന ഒരുപന്യാസമാണത്. ഈ സമബുദ്ധി കാരണം ഉള്ളൂരിന്റെ നിരൂപണങ്ങൾ ഇന്നും വായന അർഹിക്കുന്നവയായി തന്നെ നിലനിൽക്കുന്നു.

- കവിതയിലും വിമർശനത്തിലും കേരളവർമ്മയുടെ അനുയായി

## സ്വദേശാഭിമാനി കെ. രാമകൃഷ്ണപിള്ള

പ്രസിദ്ധ പത്രപ്രവർത്തകനും സ്വതന്ത്രചിന്തകനും ജനാധിപത്യവാദിയുമായിരുന്ന സ്വദേശാഭിമാനി കെ. രാമകൃഷ്ണപിള്ള സാഹിത്യനിരൂപകൻ എന്ന നിലയിലും പ്രമുഖനാണ്. 1878 മെയ് 25ന് നെയ്യാറ്റിൻകരയിൽ ജനിച്ച അദ്ദേഹം കേരളദർപ്പണം, സ്വദേശാഭിമാനി എന്നീ പത്രങ്ങളുടെ പത്രാധിപരായിരുന്നു. സ്വദേശാഭിമാനിയുടെ മുഖപ്രസംഗങ്ങൾ ഉജ്ജ്വലങ്ങളായിരുന്നു. തൂലിക പടവാളാക്കിയ അദ്ദേഹം തിരുവിതാംകൂർ ദിവാന്റെ നടപടികളെ അതിരൂക്ഷമായി വിമർശിച്ചു. തുടർന്ന് രാജ്യദ്രോഹക്കുറ്റം ചുമത്തി രാമകൃഷ്ണപിള്ളയെ നാടുകടത്തി. സ്വദേശാഭിമാനി എന്ന പേര് രാമകൃഷ്ണപിള്ളയ്ക്ക് ലഭിച്ചത് സ്വദേശാഭിമാനി പത്രാധിപർ ആയതിനാലാണെന്ന ധാരണ ശരിയല്ല. 1912 ജൂലൈയിൽ മലേഷ്യാ മലയാളികളുടെ വകയായി രാമകൃഷ്ണപിള്ളയ്ക്ക് 'സ്വദേശാഭിമാനി ബിരുദമുദ്ര' സമർപ്പിക്കുകയുണ്ടായി. ഈ ചടങ്ങിലെ പ്രസംഗം ആത്മപോഷിണിയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ കീർത്തിമുദ്ര നല്കപ്പെട്ടതോടെയാണ് സ്വദേശാഭിമാനി എന്ന പേരിൽ അറിയപ്പെടാൻ തുടങ്ങിയത്. 1916 മാർച്ച് 1 ന് കണ്ണൂരിലാണ് അദ്ദേഹം അന്തരിച്ചത്. 1894-നും 1916-നും ഇടയ്ക്കാണ് രാമകൃഷ്ണപിള്ളയുടെ സാഹിത്യവിമർശനങ്ങൾ പ്രസിദ്ധീകരിച്ചത്. പിൽക്കാലത്ത് പുരോഗമന സാഹിത്യപ്രസ്ഥാനം ഉയർത്തിപ്പിടിച്ച സാഹിത്യവീക്ഷണത്തിന്റെ ചില അടിസ്ഥാനാംശങ്ങൾ സ്വദേശാഭിമാനിയുടെ നിരൂപണങ്ങളിൽ കാണാം. പ്രതിപാദനഭംഗിയ്ക്കും പ്രതിപാദ്യവസ്തുവിനും അദ്ദേഹം ഒരേപോലെ പ്രാധാന്യം കൊടുത്തു. അതായത്, സാഹിത്യകൃതിയുടെ ചിന്താപരമായ ഉൾക്കനത്തെയും സൗന്ദര്യഘടകത്തെയും അദ്ദേഹം ആദരിച്ചു. ഇവയോടൊപ്പം പുരോഗമന ജീവിതവീക്ഷണം, വിമർശിക്കുന്ന കൃതിയിലുണ്ടോ എന്ന് രാമകൃഷ്ണപിള്ള പ്രത്യേകം നിരീക്ഷിച്ചിരുന്നു. ഈ നിലയിൽ സാമൂഹിക പ്രതിജ്ഞാബദ്ധതയുള്ള നിരൂപകനായിരുന്നു സ്വദേശാഭിമാനി. തന്റെ മനസിൽ തെളിഞ്ഞുനിന്ന ജീവിതമൂല്യങ്ങളുമായി പൊരുത്തപ്പെടാത്ത കൃതികൾ പരുഷമായി വിമർശിച്ച് മാറ്റിനിറുത്താനും അദ്ദേഹം തയ്യാറായി. ഒരുതരം വിഗ്രഹമുടയ്ക്കൽ തന്നെയായിരുന്നു അത്. അതിനാൽ അതിശക്തമായ എതിർപ്പുകൾ സ്വദേശാഭിമാനിക്ക് നേരിടേണ്ടിവന്നു. നിശിതവും കർക്കശവുമായ നിരൂപണരീതിയായിരുന്നു അദ്ദേഹത്തിന്റേത്. പാശ്ചാത്യ വിമർശനത്തിന്റെ മാനദണ്ഡമാണ് പ്രധാനമായും അദ്ദേഹത്തിന് വഴികാട്ടിയത്. സ്വദേശാഭിമാനിയുടെ സാഹിത്യനിരൂപണങ്ങളിൽ കുറേയെണ്ണം അദ്ദേഹത്തിന്റെ മകൾ ഗോമതി അമ്മ സമാഹരിച്ചിട്ടുണ്ട്. ഇത് 'സ്വദേശാഭിമാനിയുടെ ഗ്രന്ഥനിരൂപണങ്ങൾ, സാഹിത്യലേഖനങ്ങൾ' എന്ന പേരിൽ ടി. വേണുഗോപാലിന്റെ അവതാരികയോടുകൂടി 1991-ൽ കേരളസാഹിത്യ അക്കാദമി പ്രസിദ്ധീകരിച്ചു.

- ▶ പ്രതിപാദനഭംഗിയ്ക്കും പ്രതിപാദ്യവസ്തുവിനും അദ്ദേഹം ഒരേ പോലെ പ്രാധാന്യം കൊടുത്തു
- ▶ നിശിതവും കർക്കശവുമായ നിരൂപണരീതിയായിരുന്നു സ്വദേശാഭിമാനിയുടേത്

## മൂർക്കോത്ത് കുമാരൻ

സാഹിത്യരചന സഗൗരവം കണക്കിലെടുത്തിരുന്ന മൂർക്കോത്ത് കുമാരൻ(1874-1941), ഉപന്യാസരചനയിലും മുഴുകിയിരുന്നു. സാഹിത്യവിമർശനങ്ങളാണ് അധികവും എഴുതിയിരുന്നത്. എങ്കിലും അദ്ദേഹം രചിച്ച 'മഹായോഗം', 'റാവു സാഹിബു പൊക്കോയി' എന്നിവ സഞ്ജയന്റെ ശൈലിയിലേക്ക് വിരൽചൂണ്ടുന്നു. ലളിതോപന്യാസ

കാരനെന്ന നിലയിൽ സ്വതസിദ്ധമായ ശൈലി അദ്ദേഹത്തിനുണ്ടായിരുന്നു. 'കാകൻ' എന്ന പുസ്തകത്തിന്റെ മുഖവുര ശ്രദ്ധിക്കുക: 'കാക്കയെപ്പറ്റി എഴുതുവാനുള്ളതൊക്കെ എഴുതിക്കഴിഞ്ഞു. ഇനി ഒരു മുഖവുര വേണ്ടയോ എന്നാണ് അച്ചുകൂടക്കാർ ചോദിക്കുന്നത്. അതിനെ സ്തുതിച്ചാലും ദുഷിച്ചാലും ആരും ചോദിക്കുവാനില്ല. മുഖവുര പുസ്തകത്തെക്കുറിച്ചായിരിക്കണമല്ലോ. അതിനെ ഞാൻ തന്നെ സ്തുതിക്കുന്നത് കുറെ അങ്ങനെയല്ലേ. ദുഷിക്കാൻ മനസ്സും വരുന്നില്ല. എഴുതാമെന്നു വച്ചാൽ പലതും എഴുതാം. ഈ പുസ്തകം അശേഷം നന്നായിട്ടില്ലെന്ന് എനിക്കു തന്നെ ബോധ്യമുണ്ട്. പക്ഷേ ചില സ്നേഹിതന്മാരുടെ നിർബന്ധംകൊണ്ട് ഇങ്ങനെ അച്ചടിച്ചു പരസ്യം ചെയ്തതാണ് എന്നു പറയാമായിരുന്നു. അതും വെറും കളവായിരിക്കും. ഇത് പരസ്യം ചെയ്യുവാൻ എന്നെ ആരും നിർബന്ധിച്ചിട്ടില്ല. ഇതിൽ വളരെ തെറ്റുകളുണ്ട്. അത് വായനക്കാർ സദയം ക്ഷമിക്കണം എന്നെഴുതിയാലോ, അത് കേവലം അനാവശ്യമാണ്. എന്റെ പുസ്തകത്തിൽ തെറ്റുണ്ടായാലും ഇല്ലെങ്കിലും അത് വെളിക്ക് ഇറങ്ങുന്ന തക്കവും നോക്കി അതിനെ കൊത്തിപ്പറിച്ചു ഛിന്നഭിന്നമാക്കുവാൻ നോമ്പുനോറ്റുനില്ക്കുന്ന ചില രസികശിരോമണികളുണ്ട്. അവർക്ക് അതുകൊണ്ട് കാര്യസാധ്യമുണ്ടെന്നാണ് ഒരാൾ ഇതിനിടെ പറഞ്ഞത്. എനിക്കും ഗുണമില്ലാതെയില്ല. പുസ്തകം വേഗത്തിൽ വിറ്റുപോകും. അതുകൊണ്ട് കാക്കയ്ക്ക് ബലിയിട്ടു കൊടുക്കുംപോലെ രണ്ടുപേർക്കും ഉപകാരമാകത്തക്കവണ്ണം ഈ കാകനെ അവർക്കായി സമർപ്പിക്കുക.'

> ▶ 'കാകൻ' എന്ന പുസ്തകത്തിന്റെ മുഖവുര

ഈ മുഖവുര തന്നെ വിചാരം കൊണ്ട് സുന്ദരവും ധ്വന്യാർഥം ഉള്ളതുമാണ്. ലാളിത്യം കൊണ്ട് സുന്ദരമാണ് പ്രതിപാദനരീതി. "പ്രശംസാപത്രം, ആഹാരസമ്പാദ്യം, ഗൃഹസ്ഥാശ്രമം, ദിനചര്യ, വിനോദം, ശത്രുക്കൾ എന്നിങ്ങനെ ആറുപന്യാസങ്ങളുടെ സമാഹാരമാണ് 'കാകൻ' എന്ന ഗ്രന്ഥം. ഉജ്ജ്വലവും പ്രസന്നവുമായ ശൈലിയിൽ രചിക്കപ്പെട്ട ഈ രചനകളെല്ലാം അദ്ദേഹത്തിന്റെ പ്രകൃതിനിരീക്ഷണ കുശലതയ്ക്കും, മനോധർമ്മപ്രകടനത്തിനും, ഭാവനാശക്തിക്കും നിദർശനങ്ങളാണ്. നാം നിത്യേന കാണുന്ന കാക്കയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ഉപന്യാസങ്ങൾ ഏതു നിസാരവിഷയവും ഗൗരവപൂർവം കൈകാര്യം ചെയ്യുവാൻ അദ്ദേഹത്തിന് എത്രമാത്രം കഴിവുണ്ടെന്ന് വ്യക്തമാക്കുന്നു. പൊതുവേ തന്റെ ഉപന്യാസങ്ങളിൽ വസ്തുസ്ഥിതികഥനം മാത്രമാണ് അദ്ദേഹം ചെയ്തിട്ടുള്ളത്. വിവാദങ്ങളിൽ ചെന്നുചാടുകയോ സ്വാഭിരുചിസ്ഥാപനത്തിനു കിണഞ്ഞു ശ്രമിക്കുകയോ ചെയ്തിട്ടില്ല. നിരൂപണങ്ങളിൽ എഴുത്തുകാരന്റെ അഭിരുചിയെ പ്രകടിപ്പിക്കാനുള്ള വ്യഗ്രതയാണു കാണേണ്ടത്. അതിന്റെ അഭാവം പലപ്പോഴും അദ്ദേഹത്തിന്റെ നിരൂപണങ്ങളെത്തന്നെ സാഹിത്യോപന്യാസത്തിന്റെ നിലയിലേക്കാക്കിത്തീർത്തു എന്നൊരു അഭിപ്രായവും ഉണ്ട്.

> ▶ പ്രകൃതിനിരീക്ഷണ കുശലതയ്ക്കും, മനോധർമ്മപ്രകടനത്തിനും, ഭാവനാശക്തിക്കും നിദർശനങ്ങളാണ്

## Summarised Overview

ഗദ്യത്തിന് പ്രചാരം സിദ്ധിച്ചതോടുകൂടിയാണ് മലയാളത്തിൽ പുതിയസാഹിത്യരൂപങ്ങൾ രൂപം കൊണ്ടത്. ചെറുകഥ, നോവൽ, നാടകം എന്നിവ ഉദാഹരണങ്ങളാണ്. മലയാളത്തിലെ ആദ്യത്തെ നാടകമായി പരിഗണിക്കപ്പെടുന്നത് കല്ലൂർ ഉമ്മൻ ഫിലിപ്പോസിന്റെ ആൾമാറാട്ട മെന്ന(കോമഡി ഓഫ് എറേർസ്), (1866) വിവർത്തനനാടകമാണ്. മലയാളത്തിലെ ആദ്യത്തെ പ്രകാശിതനോവൽ അപ്പു നെടുങ്ങാടിയുടെ കുന്ദലത(1887)യാണെങ്കിലും ആദ്യത്തെ ലക്ഷണ മൊത്ത നോവലായി അറിയപ്പെടുന്നത് ചന്തുമേനോന്റെ ഇന്ദുലേഖയാണ്(1889). ഇംഗ്ലീഷിൽ നിന്നും സംസ്കൃതത്തിൽ നിന്നുമുള്ള പരിഭാഷകളും, സംഗീതനാടകങ്ങളും, പുരാണകഥകളു ടെ നാടകീയമായ ആവിഷ്കരണങ്ങളും സ്വതന്ത്രനാടകങ്ങളും മലയാളത്തിലുണ്ടായി.

തെക്കൻ ചക്കീചങ്കരം പി. രാമക്കുറുപ്പും വടക്കൻ ചക്കീചങ്കരം കെ. സി. നാരായണൻ നമ്പ്യാരുമാണ് രചിച്ചത്. അതോടെ കൂടുതൽ ഗൗരവത്തോടെ നാടകത്തെ സമീപിക്കണമെന്ന ചിന്ത നാടകരചയിതാക്കൾക്കുമുണ്ടായി. നാടകത്തിന്റെ എണ്ണത്തിലുണ്ടായ പെരുപ്പത്തേക്കാൾ നാടകം എഴുതാൻ കഴിവില്ലാത്തവർ കൂടി തിക്കിതിരക്കി നാടകം എഴുതുന്നതിനോടുള്ള പ്രതി ഷേധമാണ് ചക്കീചങ്കരം നാടകങ്ങളിൽ കാണുന്നത്.

പദ്യത്തിൽ നിരൂപണ സ്വഭാവം കാണിക്കുന്ന കവിഭാരതം, കവിരാമായണം, കവിമൃഗാവലി, കവിപുഷ്പമാല എന്നിങ്ങനെ സമകാലകവികളെ ഇതിഹാസ കഥാപാത്രങ്ങളുടെയും പുഷ്പ ങ്ങളുടെയും മൃഗങ്ങളുടെയും പേരുകൾ നൽകി വ്യവഹരിക്കുന്ന സമ്പ്രദായം നിലവിൽ ഉണ്ടാ യിരുന്നെങ്കിലും ഇവയൊന്നും യഥാർഥത്തിൽ സാഹിത്യ നിരൂപണങ്ങളല്ല. നിരൂപണ സ്വഭാവം കാണിക്കുന്ന ഇഷ്ടാനിഷ്ടപ്രകടനങ്ങൾ മാത്രമായിരുന്നു അവ.

കൃതികളുടെ ദോഷവശങ്ങളെക്കുറിച്ച് ചർച്ച ചെയ്യാതെ അതിന്റെ നല്ല വശങ്ങളെക്കുറിച്ച് മാ ത്രം ചർച്ച ചെയ്യുന്ന വിമർശനരീതിയാണ് പ്രോത്സാഹന നിരൂപണം. വിമർശനത്തിൽ സവിശേ ഷമായ സ്ഥാനം വ്യാഖ്യാനത്തിനുണ്ട്. ഘടനാപരമായി കലാകൃതിയുടെ ഭാഗങ്ങൾക്ക് പരസ്പ രമുള്ള സങ്കീർണബന്ധവും അവ കൃതിയോട് പുലർത്തുന്ന ബന്ധവും വ്യക്തമാക്കുന്നതാണ് വ്യാഖ്യാനം. മലയാളത്തിലെ വ്യാഖ്യാനകൃതികളിൽ സവിശേഷമായ ഒന്നാണ് നളചരിതം ആട്ടക്കഥയ്ക്ക് രാജരാജവർമ്മ എഴുതിയ കാന്താരതാരകം എന്ന വ്യാഖ്യാനം.

മലയാളത്തിൽ ആധുനിക നിരൂപണപ്രസ്ഥാനത്തിന് മാർഗദർശനം നല്കിയത് 'വിദ്യാവി നോദിനി'യുടെ സ്ഥാപകപത്രാധിപരായിരുന്ന സി. പി അച്യുതമേനോനാണ്. പ്രാസവാദ ത്തിൽ സി. പി. കേരളപാണിനിയുടെ പക്ഷത്താണ് നിലകൊണ്ടത്. കാവ്യദോഷങ്ങളും കാ വ്യഗുണങ്ങളും സംസ്കൃതത്തിന്റെ അടിസ്ഥാനത്തിൽ തന്നെ സി. പി ഉപന്യസിച്ചിട്ടുണ്ട്. കേരളവർമ്മയെയാണ് സുകുമാർ അഴീക്കോട് നവീനഗദ്യത്തിന്റെയും വിമർശനത്തിന്റെയും പിതാവായി വിശേഷിപ്പിക്കുന്നത്. കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ വിമർശനം മലയാള സാഹിത്യവിമർശനത്തിന്റെ പ്രാരംഭഘട്ടത്തെ കുറിക്കുന്നു. ഇതിനെ കേരളവർമ്മയുഗം എന്നു വിളിക്കാം. സംസ്കൃതത്തിലെ സാഹിത്യനിയമങ്ങളും മറ്റുമാണ് കേരളവർമ്മയും സാഹിത്യപ ഞ്ചാനനനും അംഗീകരിച്ചുപോന്നത്. ഭാഷാപോഷിണിയിലെ പ്രധാന ഗദ്യലേഖകനായിരുന്നു ബാലകൃഷ്ണൻ മേനോൻ. അഭിരുചികളെ തിരുത്തിക്കുറിക്കുക, കൃതികളുടെ നിലീനസൗ ന്ദര്യത്തെ അനാവരണം ചെയ്യുക, എന്നീ രണ്ടു ധർമ്മങ്ങളിൽ അടിയുറച്ചു വിശ്വസിച്ച വിമർ ശകനായിരുന്നു എ. ആർ. രാജരാജവർമ്മ (1863-1918), അദ്ദേഹം വിഖ്യാതകൃതികൾക്കെഴുതി യിരിക്കുന്ന ആമുഖോപന്യാസങ്ങളിൽ ആത്മനിഷ്ഠത ഏറിനില്ക്കുന്നു. പദപ്രയോഗത്തിലും

SGOU

ആശയാവിഷ്കരണത്തിലും മിതത്വം പാലിച്ചുകൊണ്ടെഴുതിയിരിക്കുന്ന അത്തരം ഉപന്യാസങ്ങളുടെ പുനർവായനയിൽ പുതിയ പുതിയ ആശയങ്ങൾ തെളിഞ്ഞു വരുന്നു. നളചരിതത്തിനെഴുതിയ 'കാന്താരതാരകം' വ്യാഖ്യാനത്തിൽ എ. ആറിന്റെ മികച്ചതും സുന്ദരവുമായ നിരീക്ഷണങ്ങൾ കാണാൻ കഴിയും. പ്രാസവാദത്തിൽ പങ്കെടുത്തുകൊണ്ടുള്ള പ്രഭാഷണങ്ങളിലും എ. ആറിന്റെ പ്രതിഭ വെളിപ്പെടുന്നുണ്ട്. ഗദ്യരചനയുടെ അടിസ്ഥാനപ്രമാണങ്ങൾ അനാവരണം ചെയ്യുന്ന 'സാഹിത്യസാഹ്യം' താരതമ്യേന ലഘു ഉപന്യാസങ്ങളാണ്. എന്നിരിക്കിലും, പകരം വെക്കാനാവാത്തതുമാണ്. ആശയസ്പഷ്ടതയും വിവാദവിമുക്താശയങ്ങളുടെ അവതരണവും എ. ആറിന്റെ പ്രബന്ധങ്ങളുടെ മുഖമുദ്രയാണ്. അദ്ദേഹത്തിന്റെ തിരഞ്ഞെടുത്ത പ്രബന്ധങ്ങൾ അതിനുള്ള തെളിവാണ്.

മലയാളത്തിലെ പത്ര-മാസികകളിൽ സാഹിത്യസംബന്ധിയായ ലേഖനങ്ങൾ എഴുതിയിരുന്ന സി. അന്തപ്പായി (1862 –1936) സാഹിത്യവിമർശകൻ എന്ന നിലയിലാണ് പ്രസിദ്ധനായത്. മലയാളത്തിലെ സംസ്കൃതാലങ്കാരികന്മാരുടെ പ്രൗഢവാദരീതിയിലുള്ള ഏറ്റവും പ്രഗത്ഭമായ ഒരു വിമർശനമാണ് ആശാന്റെ 'ചിത്രയോഗനിരൂപണം'. വിവേകോദയത്തിന്റെ പത്രാധിപർ കൂടിയായിരുന്ന ആശാൻ പ്രസ്തുത മാസികയിലാണ് തന്റെ സാഹിത്യവിമർശനങ്ങൾ പ്രസിദ്ധീകരിച്ചത്. കൃതിയുടെ സമഗ്രസ്വഭാവം എന്തെന്ന് നോക്കാതെ മൊത്തത്തിൽ ഗുണ-ദോഷങ്ങൾ കണക്കാക്കാതെ പദവാക്യദോഷങ്ങൾ വിസ്തരിച്ചു പ്രതിപാദിച്ചു രസിക്കുന്ന ഒരു രീതി തന്റെ വിമർശനങ്ങളിൽ വള്ളത്തോൾ സ്വീകരിച്ചിരുന്നു. വള്ളത്തോൾ ആത്മപോഷിണിയിലും കേരളോദയത്തിലും എഴുതിയ പുസ്തകനിരൂപണങ്ങൾ ശ്രദ്ധേയമാണ്. സാഹിത്യ നിരൂപണത്തിൽ ഉള്ളൂർ കേരളവർമ്മയുടെ പക്ഷക്കാരനായിരുന്നു. സ്വദേശാഭിമാനി പത്രത്തിലൂടെ സ്വദേശാഭിമാനി രാമകൃഷ്ണപിള്ള എഴുതിയ മുഖപ്രസംഗങ്ങൾ ഉജ്ജ്വലങ്ങളായിരുന്നു. പുരോഗമന സാഹിത്യപ്രസ്ഥാനം ഉയർത്തിപ്പിടിച്ച സാഹിത്യവീക്ഷണത്തിന്റെ ചില അടിസ്ഥാനാംശങ്ങൾ സ്വദേശാഭിമാനിയുടെ നിരൂപണങ്ങളിൽ കാണാം.

## Assignments

1. എ. ആർ. രാജരാജവർമ്മയുടെ നിരൂപണ പദ്ധതിയെക്കുറിച്ച് ഉപന്യാസം തയ്യാറാക്കുക.
2. ഗദ്യസാഹിത്യത്തിന്റെ വികാസത്തോടെ മലയാളത്തിൽ രൂപംകൊണ്ട പുതിയ സാഹിത്യ ജനുസുകളെ പരിചയപ്പെടുത്തുക.
3. ഇന്ദുലേഖയുടെ അവതാരികയെക്കുറിച്ച് വിവരിക്കുക.
4. ചക്കീചങ്കരം നാടകം എഴുതാനിടയായ സവിശേഷ സാഹചര്യത്തെക്കുറിച്ച് വിവരിക്കുക.
5. വ്യത്യസ്തതരം നിരൂപണ പദ്ധതികളെക്കുറിച്ച് വിശദമാക്കുക
6. സി. അന്തപ്പായിയുടെ സാഹിത്യനിരൂപണം – വിശദീകരിക്കുക.
7. മലയാള സാഹിത്യനിരൂപണത്തിൽ മൂർക്കോത്തുകുമാരന്റെ സംഭാവനകൾ വിവരിക്കുക.

## Suggested Readings


1. സി. പി. അച്യുതമേനോൻ, സി. പി. അച്യുതമേനോന്റെ സാഹിത്യവിമർശനം, സമ്പാ. ടി. പി. സുകുമാരൻ, മാതൃഭൂമി, കോഴിക്കോട്.
2. കെ. പി. അപ്പൻ, മാറുന്ന മലയാളനോവൽ, ഡി. സി. ബുക്സ്, കോട്ടയം.
3. ഇ. എം. എസ്. നമ്പൂതിരിപ്പാട്, തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.
4. കുട്ടികൃഷ്ണമാരാർ, രാജാങ്കണം, മാരാർ സാഹിത്യപ്രകാശം, കോഴിക്കോട്.
5. കുട്ടികൃഷ്ണമാരാർ, കല ജീവിതം തന്നെ, കേരള സാഹിത്യ അക്കാദമി.
6. കുമാരനാശാൻ, കുമാരനാശാന്റെ ഗദ്യലേഖനങ്ങൾ, കുമാരനാശാൻ സ്മാരക കമ്മറ്റി, എൻ. ബി. എസ്., കോട്ടയം.
7. കേരളവർമ്മ വലിയകോയിത്തമ്പുരാൻ, കേരളവർമ്മയുടെ തെരഞ്ഞെടുത്ത ഗദ്യകൃതികൾ, സമ്പാ. തിക്കുറിശ്ശി ഗംഗാധരൻ, എൻ. ബി. എസ്, കോട്ടയം.
8. കേസരി എ. ബാലകൃഷ്ണപിള്ള, കേസരിയുടെ സാഹിത്യവിമർശനങ്ങൾ, നാഷണൽ ബുക്സ്റ്റാൾ, കോട്ടയം.


## References


1. എരുമേലി പരമേശ്വരൻ പിള്ള, മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ, കറന്റ് ബുക്സ്, തൃശ്ശൂർ.
2. കെ. എം. ജോർജ് (എഡിറ്റർ), ആധുനിക മലയാള സാഹിത്യ ചരിത്രം പ്രസ്ഥാനങ്ങളിലൂടെ, ഡി. സി. ബുക്സ്, കോട്ടയം.
3. സുകുമാർ അഴീക്കോട്, മലയാള സാഹിത്യ വിമർശനം, ഡി. സി. ബുക്സ്, കോട്ടയം.
4. എം. ഗോവിന്ദൻ, പുതിയ മനുഷ്യൻ പുതിയ ലോകം, ഡി. സി. ബുക്സ്, കോട്ടയം.
5. ജോസഫ് മുണ്ടശ്ശേരി, മുണ്ടശ്ശേരി കൃതികൾ, കറന്റ് ബുക്സ്, തൃശ്ശൂർ.
6. സി. ജെ. തോമസ്, സി. ജെ യുടെ ലേഖനങ്ങൾ, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.
7. കെ. ദാമോദരൻ, കെ. ദാമോദരന്റെ സമ്പൂർണകൃതികൾ - വാല്യം 7, എന്താണു സാഹിത്യം, പ്രിന്റ് മീഡിയ.


SGOU

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

Unit 3

# 1. കല്യാണിനാടക നിരൂപണം

**സി. പി. അച്യുതമേനോൻ**

## Learning Outcomes

- മലയാളസാഹിത്യനിരൂപണ ശാഖയുടെ പ്രാരംഭഘട്ടത്തെ മനസിലാക്കുന്നു
- മലയാളസാഹിത്യവിമർശനശാഖയിൽ സി.പി. അച്യുതമേനോന്റെ സ്ഥാനം കണ്ടെത്തുന്നു
- നിരൂപണസാഹിത്യത്തിന്റെ ചരിത്രത്തെക്കുറിച്ച് അറിവ് നേടുന്നു
- സി. പി. അച്യുതമേനോന്റെ 'കല്യാണിനാടക നിരൂപണം' വിശദമായി പഠിക്കുന്നു

## Background

**സി. പി. അച്യുതമേനോൻ** (1862-1937) :

മലയാള നിരൂപണപ്രസ്ഥാനത്തിന് ശ്രേഷ്ഠമായ അടിത്തറ നൽകിയവരിൽ മുഖ്യനാണ് 'വിദ്യാവിനോദിനി' പത്രാധിപരായിരുന്ന സി. പി. അച്യുതമേനോൻ. 1862 മെയ് 5 ന് തൃശ്ശൂരിൽ ജനിച്ചു. ആദ്യം അധ്യാപകനായിരുന്നു. പിന്നീട് കൊച്ചി സർക്കാരിൽ ഉയർന്ന ഉദ്യോഗസ്ഥനായി. മലയാളത്തിൽ, സജീവവും സമീചീനവുമായ സാഹിത്യവിമർശനത്തിന്റെ ഉപജ്ഞാതാവായി ആദരിക്കപ്പെടുന്നത് അച്യുതമേനോനാണ്. 'വിദ്യാവിനോദിനി'യിൽ അദ്ദേഹം പ്രസിദ്ധീകരിച്ചിരുന്ന പുസ്തകാഭിപ്രായങ്ങൾ ആധുനിക സാഹിത്യവിമർശനത്തിന് അടിത്തറപാകി. സാഹിത്യത്തെ ഗൗരവമായി കണക്കാക്കി, അതിനനുസരണമായി വിമർശനം നിഷ്പക്ഷമായ നിരീക്ഷണമാക്കി വളർത്തിയെടുക്കാൻ ശ്രമിച്ച വ്യക്തിയാണ് സി. പി. അച്യുതമേനോൻ. കാവ്യത്തിന്റെ ആന്തരികഘടനയിൽ അദ്ദേഹം ശ്രദ്ധപതിപ്പിച്ചു. മലയാളസാഹിത്യത്തിൽ എ. ആറിനെപ്പോലെ ചിന്താപരമായ സാഹസികയാത്ര നടത്തിയവരിൽ പ്രമുഖനാണ് അച്യുതമേനോൻ. ഗതാനുഗതിക കാവ്യസപര്യയിൽ നിന്ന് മലയാളകവിതയെ മോചിപ്പിക്കാനുള്ള തീവ്രപരിശ്രമമാണ് തന്റെ വിമർശനത്തിലൂടെ അദ്ദേഹം ആദ്യം ചെയ്തത്. കവിതയിൽ നവവീക്ഷണം വേണമെന്ന അച്യുതമേനോന്റെ വാദത്തിന് കാലക്രമത്തിൽ പ്രസക്തിയേറി. പാശ്ചാത്യസാഹിത്യ ദർശനങ്ങൾ ഉൾക്കൊള്ളാനും അതിനനുസരിച്ച് നവീന ധാരകൾ മലയാളത്തിൽ സൃഷ്ടിച്ചെടുക്കാനും തയ്യാറായ വ്യക്തിയാണ് അദ്ദേഹം. വൈദേശിക പ്രഭാവത്തെ ഉൾക്കൊള്ളാൻ തയ്യാറായെങ്കിലും മാതൃഭാഷയോടുള്ള സ്നേഹമാണ് അദ്ദേഹത്തിൽ കൂടുതൽ പ്രകടമായിരുന്നത്. പുസ്തകനിരൂപണരൂപത്തിൽ എഴുതപ്പെട്ട സി. പി.യുടെ ലേഖനങ്ങളാണ് മലയാളനിരൂപണരംഗത്ത് ഖണ്ഡനനിരൂപണത്തിന് തുടക്കം കുറിച്ചത് ഭാരതീയവും പാശ്ചാത്യവുമായ സാഹിത്യസങ്കല്പങ്ങൾ സമന്വയിക്കപ്പെട്ട നിരൂപണ വ്യക്തിത്വമാണ് അച്യുതമേനോന്റെ സവിശേഷത.

കൃതികൾ : കൊച്ചി സ്റ്റേറ്റ് മാനുവൽ, ലാന്റ് റവന്യൂ മാനുവൽ, ശാകുന്തളം, ഉത്തരരാമചരിതം, ഭഗവദ്ദൂത്

## Keywords

സംസ്കൃതവിമർശനപദ്ധതി - വ്യാഖ്യാനം - പാശ്ചാത്യവിമർശനപദ്ധതി - പ്രോത്സാഹന നിരൂപണം - ഖണ്ഡന - മണ്ഡനവിമർശനങ്ങൾ

# Discussion

> ▶ കൊച്ചുണ്ണിത്തമ്പുരാന്റെ കല്യാണിനാടകത്തെ ആധാരമാക്കി എഴുതിയ രണ്ട് ലേഖനങ്ങൾ

കൊച്ചുണ്ണിത്തമ്പുരാന്റെ കല്യാണിനാടകത്തെ ആധാരമാക്കി വിദ്യാവിനോദിനിയിൽ പ്രസിദ്ധീകൃതമായ രണ്ട് ലേഖനങ്ങൾ ചേർന്നതാണ് സി. പി. അച്യുതമേനോന്റെ കല്യാണിനാടക നിരൂപണം. സി.പി. അച്യുതമേനോൻ എഴുതിയ ആദ്യത്തെ ഗ്രന്ഥവിമർശനമായിട്ടാണ് കല്യാണിനാടക നിരൂപണം അറിയപ്പെടുന്നത്. കൊല്ലവർഷം 1065 വൃശ്ചികം, മീനം മാസങ്ങളിലായി പ്രസിദ്ധീകരിച്ച പതിപ്പുകളിലാണ് പ്രസ്തുത നിരൂപണം ഉള്ളടങ്ങിയിട്ടുള്ളത്.

> ▶ രസനിഷ്ഠ വിമർശന രീതി

സി. പിയുടെ വിമർശനപദ്ധതി രസനിഷ്ഠവിമർശനത്തിന്റേതായിരുന്നു. അക്കാലത്ത് മലയാളത്തിൽ പ്രബലമായിരുന്ന അലങ്കാരനിഷ്ഠമായ എഴുത്തിനോടുള്ള വെല്ലുവിളിയായിരുന്നു അത്. ഭാരതീയ രസപദ്ധതിയെ പിന്തുടർന്നായിരുന്നു അദ്ദേഹത്തിന്റെ വിമർശനധാര നിലനിന്നത്. അഭിനവഗുപ്തന്റെ സ്വയംസംവേദനസിദ്ധാന്തത്തിലെ രസമെന്ന വാദത്തിന്റെയും വിശ്വനാഥന്റെ ചതുർവർഗഫലപ്രാപ്തി എന്ന വാദത്തിന്റെയും സമന്വയം സി. പി. യുടെ വിമർശനത്തിൽ കാണാം. അതുകൊണ്ടുതന്നെയാണ് പാശ്ചാത്യ ഇംപ്രഷനിസ്റ്റ് വിമർശനപദ്ധതിയുടെ വക്താവായിരുന്നു സി. പി. എന്ന് പറയാൻ കഴിയുന്നതും.

> ▶ ഇച്ഛയനുസരിച്ച് മുന്നോട്ട് പോകുന്നതും കാവ്യപ്രയോജനത്തോട് വിമുഖത പുലർത്തുന്നതുമായ ഒരു ചിന്താധാര
>
> ▶ മൂല്യത്തിനും നിരൂപണത്തിന്റെ നൈതികതയ്ക്കും പ്രാധാന്യം നൽകി

അടിസ്ഥാനപരമായി നോക്കിയാൽ രസനിഷ്ഠമാണ് ഇംപ്രഷനിസ്റ്റ് വിമർശനം. സ്വന്തം ഇച്ഛയനുസരിച്ച് മുന്നോട്ട് പോകുകയും കാവ്യപ്രയോജനത്തോട് വിമുഖത പുലർത്തുകയും ചെയ്യുന്ന ഒരു ചിന്താധാര കൂടിയാണ് ഇംപ്രഷനിസം. എന്നാൽ സി. പി. ഈ രണ്ട് പ്രവണതകളുടെയും വിപരീതദിശയിലായിരുന്നു. കാവ്യപ്രയോജനത്തിന് പ്രാധാന്യം നൽകുകയും നിരൂപണത്തിൽ സ്വന്തം താത്പര്യത്തെക്കാൾ പ്രാധാന്യം കൃതിയുടെ മൂല്യത്തിനും നിരൂപണത്തിന്റെ നൈതികതയ്ക്കും നൽകുകയും ചെയ്തു. വ്യക്തമായി പറഞ്ഞാൽ ഒരു നിർദ്ദിഷ്ട കൃതിയെ മുൻനിർത്തി സ്വന്തം താത്പര്യം പറഞ്ഞു പോവുകയല്ല സി പി. ചെയ്തത്. അക്കാലത്തെ സന്മാർഗധാരയ്ക്ക് വിരുദ്ധമായ കലാപ്രകടനത്തെ അദ്ദേഹം അനുകൂലിച്ചുകാണുന്നില്ല. അതിനു ദൃഷ്ടാന്തമാണ് കല്യാണി നാടകത്തിലെ പരദാരഗമനത്തെ അദ്ദേഹം വിമർശിച്ചത്. മറ്റൊന്ന്, ചാക്യാർകൂത്തിലെ മലിനമായ ഫലിതപ്രയോഗത്തെ വിമർശനവിധേയമാക്കിയതാണ്. പടിഞ്ഞാറൻ ഇംപ്രഷനിസം കലയിലും വിമർശനത്തിലും പൂർണമായി പ്രതിഫലിച്ച ലിബറലിസമായിരുന്നു. അതുപോലെതന്നെ സി. പി. യിലെ ലിബറലിസ്റ്റ് മനഃസ്ഥിതിയും അദ്ദേഹം സ്വീകരിച്ച മട്ടിലുള്ള രസപദ്ധതിയും സ്വാഭാവികബന്ധമുള്ളതാണ്. ആരോഗ്യപരമായ ഒരു വിമർശനപദ്ധതിയുടെ വക്താവാവുക, വിമർശന സമ്പ്രദായം അവതരിപ്പിക്കുക, അതിനായൊരു സജീവഗദ്യ ശൈലി സ്വരൂപിച്ചെടുക്കുക ഇത് മൂന്നും സി. പി. അച്യുതമേനോന്റെ സംഭാവനകളായിരുന്നു.

SGOU

## Summarised Overview

കല്യാണിനാടക നിരൂപണത്തിന്റെ ഒന്നാം ഭാഗത്ത് നാടകത്തെക്കുറിച്ച് കാര്യമായി ഒന്നും പറഞ്ഞുകാണുന്നില്ല. അക്കാലത്തുണ്ടായിരുന്ന സാഹിത്യാന്തരീക്ഷത്തെയും പതിവുശൈലികളെയും വിമാർശനാത്മകമായി അവതരിപ്പിക്കുന്നതാണ് പ്രസ്തുതഭാഗം. അതുവരെയുണ്ടായിരുന്ന എഴുത്തുകാരെയും എഴുത്തുശൈലികളെയും അനുകരിക്കുക മാത്രമാണ് ഭൂരിപക്ഷം എഴുത്തുകാരും ചെയ്യുന്നതെന്ന് അദ്ദേഹം നിരീക്ഷിക്കുന്നു. നൂതനഭാവനകൾ, കവിതാരീതികൾ എന്നിവ ദുർല്ലഭമാകുന്നു എന്നതിനൊപ്പം തന്നെ പുതിയശൈലികളും അപൂർവതയും ആവിഷ്ക്കരിക്കുന്നതിൽ എഴുത്തുകാർ തത്പരരല്ല എന്നദ്ദേഹം കൂട്ടിച്ചേർക്കുന്നു. ആട്ടക്കഥ, തുള്ളൽ തുടങ്ങിയ സാഹിത്യരൂപങ്ങളിലും പഴയവർത്തമാനങ്ങളിൽ കവിഞ്ഞൊന്നും എഴുതുവാൻ ആരും മുന്നോട്ടുവരുന്നില്ല. ഇത്തരമൊരു സാഹചര്യത്തിൽ അനുകരണത്തേക്കാൾ തർജമയാണ് ഭേദമെന്ന് അദ്ദേഹം നിർദ്ദേശിക്കുന്നു. ഭാഷാശാകുന്തളം തർജമയെക്കുറിച്ചും അതിനെ പിന്തുടർന്ന് വന്ന സംസ്കൃതത്തിൽനിന്നുള്ള വിവർത്തനം എന്നുള്ള നിലയിൽ ചമ്പത്തിൽ ചാത്തുക്കുട്ടിമന്നാടിയാരുടെ ജാനകീപരിണയം നാടകത്തെക്കുറിച്ചും സി. പി. പറയുന്നുണ്ട്. ജാനകീപരിണയം വിവർത്തനത്തിലുള്ള ലാളിത്യത്തെയും ഭാഷാപദങ്ങളുടെ പ്രയോഗത്തെയും കാവ്യഗുണങ്ങളെയും മുൻനിർത്തി ചാത്തുക്കുട്ടി മന്നാടിയാരുടെ പരിശ്രമത്തെ സി. പി. പ്രശംസിക്കുന്നുണ്ട്.

വർത്തമാനകവിതകളിൽ അപൂർവതയെന്ന ചമൽക്കാരം കുറയുന്നതിനെ പറ്റി പറയുന്ന സി. പി. മറ്റു ചില ന്യൂനതകളെക്കൂടി ചൂണ്ടിക്കാട്ടുന്നതായി കാണാം. അർഥഭംഗിയെക്കാൾ ശബ്ദഭംഗിക്കാണത്രെ ഭാഷാകവികൾ പ്രാധാന്യം കൊടുത്തത്. അലംകൃതമായ വൈരൂപ്യത്തേക്കാൾ അനലംകൃതമായ സൗന്ദര്യം തന്നെയാണ് ഭേദമെന്നും സി. പി. പറയുന്നു. "വർത്തമാന കവികളുടെ സാഹിത്യങ്ങളിൽ മേൽപ്പറഞ്ഞ ന്യൂനതകൾ കാണുന്നുണ്ടെന്ന് സമ്മതിക്കുന്നവർ കൊടുങ്ങല്ലൂർ കൊച്ചുണ്ണി തമ്പുരാൻ തിരുമനസ്സ് കൊണ്ട് കല്പിച്ചുണ്ടാക്കിയ കല്യാണിനാടകത്തെ സന്തോഷപൂർവം അഭിനന്ദിക്കാതിരിക്കയില്ല. ആ നാടകം നിർദ്ദോഷമാണെന്നോ അതിൽ ദോഷങ്ങൾ നന്നേ കുറവാണെന്നോ ഞങ്ങൾ പറയുന്നില്ല. എന്നാൽ നൂതന കൃതികളിൽ കണ്ടുവരുന്ന ദോഷങ്ങൾ വളരെ കുറവാണെന്നു മാത്രം പറയുന്നതിൽ ഞങ്ങൾ അശേഷം സംശയിക്കുന്നതുമില്ല''. ഇത്തരം പ്രശ്നങ്ങളും കുറവുകളും നിലനിൽക്കുന്ന മലയാളസാഹിത്യരംഗത്ത് പ്രശംസനീയമായൊരു സാന്നിധ്യമായി കല്യാണിനാടകകർത്താവായ കൊച്ചുണ്ണിത്തമ്പുരാനെ പറഞ്ഞുവെക്കുന്നിടത്ത് നിരൂപണത്തിന്റെ ഒന്നാം ഭാഗം അവസാനിക്കുന്നു.

ദോഷങ്ങളിൽ നിന്നും പൂർണമായും വിമുക്തമല്ല എന്നാൽ പോലും ഭാഷാകവിതകളിൽ കാണുന്ന ന്യൂനതകൾ കുറവായൊരു കൃതിയായി കല്യാണിനാടകത്തെപ്പറ്റിപ്പറഞ്ഞുകൊണ്ട് രണ്ടാം ഭാഗം ആരംഭിക്കുന്നു. കല്യാണിനാടകത്തിന്റെ ഗുണദോഷങ്ങളെപ്പറ്റി വിസ്തരിച്ച് പറയുവാനുണ്ടെന്ന് നിരൂപണത്തിൽ പറയുന്നുണ്ട്. ആദ്യമായി നാടകത്തിലെ കഥ അപൂർവമാണെന്ന് ചൂണ്ടി ക്കാണിക്കുന്നു. 'കല്യാണിനാടക'ത്തിലെ കഥ അപൂർവവും കവിസൃഷ്ടവുമാണ്. നായകനോ, നായികയ്ക്കോ രണ്ട് പേർക്കുമോ അവരുടെ കാര്യസിദ്ധിക്ക് അവരും വായിക്കുന്നവരും കാലെ വിചാരിക്കാത്തതായ പലേ പ്രതിബന്ധങ്ങളും ദുർഘടങ്ങളും ആപത്തുകളും സംഭവിക്കുക, അതുകളിൽ നിന്നും മോചനത്തിനോ ഒടുവിൽ അതുപോലെ തന്നെ അവിതർക്കിതമായ മാർഗ്ഗമുണ്ടാകുക, കഥയിൽ നടന്നു എന്നു പറയുന്ന സംഗതികൾ അസംഭവങ്ങളല്ലാതിരിക്ക, ഇതുകളെക്കൊണ്ടും മറ്റുമാണ് കഥകൾക്ക് ചമൽക്കാരമുണ്ടാകുന്നത്. ഈ ഗുണങ്ങളെ വരുത്താൻ കവി യത്നിച്ചിട്ടുണ്ടെങ്കിലും കഥാരസം ഒരുമാതിരിയാണെന്നേ പറവാൻ കഴിയൂ.'

തുടർന്ന് കഥയുടെ പുതുമയെയും കഥാഗതിയെയുംകുറിച്ച് കാര്യമായി ചർച്ച ചെയ്യുന്നുണ്ട്. ഭാരതീയസാഹിത്യസിദ്ധാന്തങ്ങളുടെ പിൻബലത്തിലാണ് കല്യാണിനാടകത്തെ സി. പി.

നിരൂപിക്കുന്നത്. രസപദ്ധതിയെ ആധാരമാക്കിയാണ് കല്യാണി നാടകത്തെ വിലയിരുത്തുന്നത്. നാടകം രസപ്രധാനവും അർഥനിഷ്കർഷ ഉള്ളതുമായ കൃതിയാണ്. ശൃംഗാര രസമാണ് പ്രധാനമായിട്ടുള്ളത്. എന്നാൽ അനുയോജ്യമായ മറ്റ് സന്ദർഭങ്ങളിൽ ഇതര രസങ്ങളും ഉചിതമായി സന്നിവേശിപ്പിച്ചിട്ടുണ്ട്. നാടകത്തിന്റെ ഗുണദോഷ ചിന്ത തുടർന്ന് അവതരിപ്പിക്കുന്നു. നാടകകൃത്തിന്റെ മനോധർമ്മ ചാതുരിയേയും അലങ്കാര പ്രയോഗത്തിലുള്ള നൈപുണ്യത്തേയും പ്രശംസിച്ചിട്ടുണ്ട്. നാടകത്തിലെ ദോഷങ്ങൾ നിർദ്ദേശ രൂപത്തിൽ ചൂണ്ടിക്കാണ്ടിക്കുന്നു. നാടകത്തിൽ ഉപകഥകൾ വരുന്നത് ഏകാഗ്രത നശിപ്പിക്കുമെന്നും ദീർഘ സംഭാഷണങ്ങൾ വർജിക്കണമെന്നും നിർദ്ദേശിക്കുന്നു.

ഇതിവൃത്തം, കഥ, പദ-വാക്യഭംഗി എന്നിവയ്ക്ക് ശേഷം നാടകം പ്രേക്ഷരിൽ ചെലുത്തുന്ന സ്വാധീനത്തെ മുൻനിർത്തി സി. പി. കല്യാണിനാടകത്തെ വിലയിരുത്തുന്നു. അവിടെ ചില ദോഷങ്ങളും പരാമർശിക്കുന്നുണ്ട്. കല്യാണിനാടകത്തിലെ ശ്ലോകങ്ങൾ മികച്ചതാണ്. എന്നാൽ ഈ മേന്മ ഗദ്യത്തിൽ കാണാൻ സാധിക്കയില്ല. "വാക്യങ്ങൾക്ക് പറയത്തക്ക ദോഷങ്ങൾ ഒന്നും ഇല്ലെങ്കിലും ഗുണം മതിയായിട്ടില്ല. ഓജസും ചൊടിയും കുറേക്കൂടി ആയാലേ നാടകത്തിലെ വാക്യങ്ങൾക്ക് സ്വാരസ്യം മതിയാകയുള്ളു. ഇംഗ്ലീഷിലുള്ള ചില പ്രസിദ്ധ നാടകങ്ങൾ വായിച്ചിട്ടുള്ളവർക്ക് ഈ പറഞ്ഞത് അനുഭവമായിരിക്കും''. "ശബ്ദഭംഗിവരുത്താൻ ശ്രമിച്ചിട്ടില്ലാത്തതിനാൽ നിരർഥ പദങ്ങളോ അർഥഭംഗിക്കുറവോ ഇല്ല. മനസിൽ പൂർണമായും കണ്ടതിനു ശേഷമേ നാടകം കടലാസിൽ പകർത്താവൂ. ഇക്കാര്യത്തിൽ സി.പി. യ്ക്ക് തെറ്റ് പറ്റിയെന്ന് പറയുന്നു." "പൂർവാർധത്തിൽ കാണുന്ന സംഗതികളും ഭാവങ്ങളും മറ്റും മാത്രമേ കവിയുടെ ഉള്ളിൽ വ്യക്തമായി പ്രകാശിച്ചിരുന്നുള്ളു എന്നും ഉത്തരാർഥം മുക്കാലും നാടകം മുഴുവനാക്കാൻ കൊണ്ടുവന്നു ചേർത്തതാണെന്നും തോന്നും. പൂർവഭാഗത്തിലെ കവിത 'സ്വയമേവാഗത'യും മറ്റെല്ലാം 'ബലാദാകൃഷ്ട'യുമാണ്. മൂല്യനിർധാരണം ചെയ്തുകൊണ്ട് നിരൂപണം അവസാനിക്കുന്നു. കാവ്യങ്ങൾക്ക് അതുകളുടെ ചമൽക്കാരം കൊണ്ടും സ്വാരസ്യംകൊണ്ടും സാധാരണജനങ്ങളുടെ ബുദ്ധിയെ ദുർമാർഗത്തിലേക്കോ സന്മാർഗത്തിലേക്കോ നയിക്കുന്നതിനുള്ള ശക്തി ശാസ്ത്രങ്ങളെക്കാൾ അധികമുണ്ടെന്ന് പ്രസിദ്ധമാണല്ലോ. എന്നിരിക്കുമ്പോൾ കാവ്യങ്ങളിൽ ശുഭകർമ്മങ്ങളെ നിന്ദ്യങ്ങളായും അശുഭകർമ്മങ്ങളെ അനിന്ദ്യങ്ങളായും വായനക്കാർക്ക് തോന്നത്തക്ക വിധത്തിൽ വരുത്താതിരിപ്പാൻ കവികൾ പ്രത്യേകം മനസ്സ് വെക്കേണ്ടതാണ്. കല്യാണി നാടകം ഈ കാര്യത്തിൽ അത്ര ശ്രദ്ധവെച്ചിട്ടില്ല എന്ന് സി.പി. അഭിപ്രായപ്പെടുന്നു." സന്മാർഗത്തിന് പറ്റിയ ചില കളങ്കങ്ങൾ ഉദാഹരിക്കുന്നു. സ്ത്രീകൾക്ക് താത്പര്യമില്ലാത്ത പുരുഷന്മാരെ മറ്റുള്ളവരുടെ ദുർവാശിക്ക് വഴങ്ങി സ്വീകരിക്കേണ്ടതില്ല എന്ന് പറയുമ്പോഴും പരദാരഗമനം(വിവാഹേതര ബന്ധങ്ങൾ) നിർദ്ദോഷമെന്ന് ഉന്നയിച്ചതിനെ സി. പി. എതിർക്കുന്നുണ്ട്. ഗ്രന്ഥങ്ങളുടെ ഗുണദോഷങ്ങളെ വിശദീകരിക്കുന്ന വിമർശനസമ്പ്രദായം മലയാളത്തിൽ ഉണ്ടാകുവാൻ വേണ്ടിയാണ് ഇത്രയും ദീർഘമായി നാടക നിരൂപണം നടത്തിയതെന്നും അസാമാന്യ മനോധർമ്മവും കവിതാ വാസനയും ഉള്ള കൊച്ചുണ്ണിത്തമ്പുരാന് കൂടുതൽ ഉൽകൃഷ്ടമായ കാര്യങ്ങൾ രചിക്കാൻ സാധിക്കുമെന്നും പറഞ്ഞുകൊണ്ട് നാടക നിരൂപണം അവസാനിപ്പിക്കുന്നു.

## Assignments

1. സി. പി. യുടെ വിമർശന പദ്ധതിയെ വിവരിക്കുക.
2. ഗദ്യഭാഷയുടെ വികാസത്തിൽ സി. പി. യുടെ സംഭാവനകൾ വിവരിക്കുക.
3. മലയാളസാഹിത്യ നിരൂപണത്തിന്റെ പ്രോത്ഘാടകൻ എന്ന നിലയിൽ സി. പി. അച്യുത മേനോന്റെ സംഭാവനകളെ വിലയിരുത്തുക.
4. കല്യാണിനാടക നിരൂപണത്തെ നാടകനിരൂപണം എന്ന നിലയിൽ വിലയിരുത്തുക.
5. മലയാളസാഹിത്യവിമർശനത്തിന്റെ പ്രാരംഭദശയിലെ നിരൂപകൻ എന്ന നിലയ്ക്ക് സി. പി. അച്യുതമേനോന്റെ രചനകളെ പറ്റി ചർച്ച ചെയ്യുക.
6. സി. പി. യുടെ പുസ്തകനിരൂപണങ്ങളെ പറ്റി ഉപന്യസിക്കുക.

## Suggested Readings


1. മലയാളസാഹിത്യനിരൂപണം, പന്മന ആർ. രാമചന്ദ്രൻ നായർ, കറന്റ് ബുക്സ്, തൃശ്ശൂർ.
2. മലയാളനിരൂപണം പ്രാരംഭഘട്ടം, പി. കെ. പരമേശ്വരൻ നായർ ട്രസ്റ്റ്.
3. നിരൂപണരംഗം, എൻ. കൃഷ്ണപിള്ള, ഡി. സി. ബുക്സ്, കോട്ടയം.
4. കെ. എം. ജോർജ് (എഡി.), ആധുനിക മലയാളസാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, ഡി. സി. ബുക്സ്, കോട്ടയം.
5. സുകുമാർ അഴീക്കോട്, മലയാളസാഹിത്യവിമർശനം, ഡി. സി. ബുക്സ്, കോട്ടയം.
6. എം. ഗോവിന്ദൻ, പുതിയ മനുഷ്യൻ പുതിയ ലോകം, ഡി. സി. ബുക്സ്, കോട്ടയം.
7. ജോസഫ് മുണ്ടശ്ശേരി, മുണ്ടശ്ശേരി കൃതികൾ, കറന്റ് ബുക്സ്, തൃശ്ശൂർ.


## References


1. എരുമേലി പരമേശ്വരൻ പിള്ള, മലയാളസാഹിത്യം കാലഘട്ടങ്ങളിലൂടെ, കറന്റ് ബുക്സ്, തൃശ്ശൂർ.
2. മലയാളവിമർശനത്തിന്റെ പൂർവ്വമുഖം, ജേക്കബ് മണ്ണുംമൂട്, കറന്റ് ബുക്സ്, തൃശ്ശൂർ.
3. മലയാളസാഹിത്യനിരൂപണം അടരുകൾ അടയാളങ്ങൾ, ഡോ. വത്സലൻ വാതുശ്ശേരി, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
4. അംബികാസുതൻ മാങ്ങാട്, സി. പി. അച്യുതമേനോനും മലയാള വിമർശനവും, ഡി. സി. ബുക്സ്, കോട്ടയം.


SGOU

# 2. നളിനിയുടെ അവതാരിക

**എ.ആർ. രാജരാജവർമ്മ**

## Learning Outcomes

- നളിനിയുടെ അവതാരികയ്ക്ക് മലയാളസാഹിത്യ വിമർശനത്തിലുള്ള പ്രാധാന്യം മന സിലാക്കുന്നു
- ഗതാനുഗതികത്വത്തിൽ നിന്ന് മലയാള വിമർശനപദ്ധതി മോചിപ്പിക്കപ്പെട്ടതിൽ നളിനി യുടെ അവതാരികയുടെ പങ്ക് ബോധ്യപ്പെടുന്നു
- പാശ്ചാത്യവിമർശനപദ്ധതിയുടെ സ്വാധീന ഫലം തിരിച്ചറിയുന്നു
- ക്ലാസിക് മാർഗത്തിൽ നിന്നുള്ള സാഹിത്യത്തിന്റെ പരിവർത്തന ചരിത്രം മനസിലാക്കു ന്നു

## Background

എ. ആർ. രാജരാജവർമ്മ സാമ്പ്രദായിക രീതിവിട്ട് പുതിയ അഭിവീക്ഷണത്തോടെ സാഹിത്യവിമർശനത്തിന് പുരോഗമനപരമായ ചാലുതുറന്ന പ്രതിഭാധനനാണ്. നളചരിതം ആട്ടക്കഥയ്ക്ക് അദ്ദേഹം എഴുതിയ പഠനവും വ്യാഖ്യാനവും (കാന്താരതാരകം) ഗ്രന്ഥനിരൂപണത്തിൽ പ്രൗഢമായ നവീനമാർഗം കുറിക്കുകയുണ്ടായി. എ. ആറിന്റെ സാഹിത്യസാഹ്യം, ഭാഷാഭൂഷണം എന്നീ കൃതികൾ സാഹിത്യനിരൂപണത്തിന് അവലംബമാക്കേണ്ട ചില പ്രധാനതത്വങ്ങൾ അവതരിപ്പിച്ചവയാണ്. ശാസ്ത്രീയവീക്ഷണത്തോടെ സാഹിത്യകൃതിയുടെ ആത്മാവിലേക്ക് കടന്നുചെല്ലാനാണ് എ. ആർ. തയ്യാറായത്. പ്രജ്ഞാപരമായ ഉൾക്കരുത്തുകൊണ്ട് വിമർശനത്തെ സർഗാത്മകതലത്തിലേക്ക് ഉയർത്താനും എ. ആറിന് സാധിച്ചു. എ ആറിന്റെ പ്രബന്ധസംഗ്രഹത്തിലെ ലേഖനങ്ങൾ അദ്ദേഹത്തിന്റെ വിമർശന കാഴ്ചപ്പാട് വ്യക്തമാക്കുന്നവയാണ്. സാഹിത്യത്തെയും ഭാഷയെയും ജനകീയപക്ഷത്തിലേക്കു കൊണ്ടുവരാൻ എ. ആറിന്റെ പ്രബുദ്ധ മനസ്സ് എപ്പോഴും സന്നദ്ധമായിരുന്നു. ആശാന്റെ 'നളിനി'ക്ക് എ. ആർ. എഴുതിയ അവതാരിക മലയാളസാഹിത്യത്തിൽ പുതിയ ഭാവുകത്വത്തിന് തുടക്കമിട്ടു.

പ്രധാനകൃതികൾ – ഇതുവരെ കണ്ടെടുക്കപ്പെട്ടതായി 33 മലയാളകൃതികൾ, 66 ലേഖനങ്ങളും അവതാരികകളും, 15 സംസ്കൃതരചനകൾ എന്നിങ്ങനെ അദ്ദേഹത്തിന്റെ കൃതികളെ കണക്കാക്കാം. ഇവയെല്ലാം വ്യത്യസ്തങ്ങളായ അദ്ദേഹത്തിന്റെ രചനാവൈഭവത്തെ എടുത്തുകാണിക്കുന്നവയുമാണ്. രാജരാജവർമ്മയുടെ വക അമൂല്യപാരിതോഷികങ്ങളായി മലയാളത്തിന് ലഭിച്ചവയാണ് 'കേരളപാണിനീയം' (മലയാളഭാഷാവ്യാകരണം), ഭാഷാഭൂഷണം(അലങ്കാരാദി കാവ്യനിർണ്ണയപദ്ധതി), വൃത്തമഞ്ജരി (മലയാളകവിതയുടെ ഛന്ദശ്ശാസ്ത്രപദ്ധതി) എന്നിവ. ഇന്നും ഈ കൃതികളാണ് പ്രസ്തുത വിഷയങ്ങളിൽ മലയാളത്തിലെ ആധികാരിക അവലംബങ്ങൾ.സാഹിത്യസാഹ്യം (ഗദ്യരചനാപാഠം), ലഘുപാണിനീയം, മണിദീപിക (സംസ്കൃത വ്യാകരണം), മധ്യമവ്യാകരണം (പ്രാരംഭമലയാളവ്യാകരണം) എന്നിവയാണ് അദ്ദേഹം രചിച്ച ഭാഷാപഠനസഹായികൾ.

തർജമസാഹിത്യത്തിൽ ഒരു പുതിയ വഴി തുറന്നു വിട്ടവയാണ് അദ്ദേഹത്തിന്റെ സ്വപ്നവാസവദത്തം, മാളവികാഗ്നിമിത്രം, ചാരുദത്തൻ, ഭാഷാകുമാരസംഭവം, മേഘദൂത് തുടങ്ങിയവ. നളചരിതം ആട്ടക്കഥയുടെ വ്യാഖ്യാനമായ കാന്താരതാരകം, നളിനിയുടെ അവതാരിക, പ്രാസവാദത്തിലെ യുക്തിയുക്തമായ പ്രസ്താവങ്ങൾ എന്നിവ മലയാളസാഹിത്യചരിത്രത്തിൽ അദ്ദേഹത്തിനൊരു യുഗപുരുഷന്റെ പ്രഭാവം നേടിക്കൊടുത്തു. കാല്പനിക മലയാളസാഹിത്യചരിത്രത്തിലെ വർണാഭമായ ഒരേടാണ് മലയവിലാസം. മധ്യകാലഘട്ടത്തിനുശേഷമുള്ള മൗലികമായ സംസ്കൃതകൃതികളിൽ ആംഗലസാമ്രാജ്യത്തിന് സമുന്നതപദവി തന്നെയുണ്ട്.

## Keywords

വിമർശനത്തിലെ കാല്പനികപാത - ഗതാനുഗതികത്വം - പ്രാസവാദം

## Discussion

കുമാരനാശാന്റെ 'നളിനി അല്ലെങ്കിൽ ഒരു സ്നേഹം'(1911) എന്ന് പേരായ ഖണ്ഡകാവ്യത്തിന് എ. ആർ. രാജരാജവർമ്മ എഴുതിയ അവതാരികയാണ് പാഠഭാഗം.

നിയോക്ലാസിസത്തിൽ നിന്നും പൂർണമായും മോചിതമാകാതെ കാല്പനികപൂർവമായ ഒരു ഘട്ടത്തിലായിരുന്നു മലയാളകവിത. കുമാരനാശാന്റെ നളിനിക്ക് എ. ആർ. രചിച്ച അവതാരിക ഒരു പുതിയ സാഹിത്യ പ്രസ്ഥാനമെന്ന നിലയിൽ കാല്പനിക കവിതയെ അംഗീകരിക്കുവാൻ ഏറെ സഹായിച്ചിട്ടുണ്ട്. നളിനിക്ക് രചിച്ച അവതാരികയിലൂടെ സാഹിത്യസംബന്ധിയായ ചില പ്രധാന കാര്യങ്ങൾ എ. ആർ പറഞ്ഞുവച്ചു. ഗതാനുഗതികത്വത്തേക്കാൾ, നവനവോല്ലേഖ കല്പനയിലാണ് കവികൾ അധികം ശ്രദ്ധവെയ്ക്കേണ്ടതെന്നും കവിതയിൽ പ്രയോഗിക്കുന്ന അലങ്കാരങ്ങൾ കവിയുടെ ഭാവനാദാരിദ്ര്യത്തിന്റെ പ്രതീകങ്ങളായി ആസ്വാദകന് അനുഭവപ്പെടരുതെന്നതുമായിരുന്നു അതിൽ മുഖ്യം. ഭാഷാകവിതയുടെ അക്കാലത്തെ ശോച്യാവസ്ഥയെ ഇതിൽ നിഷ്കരുണം പരിഹസിക്കുന്നതായി കാണാം. ഇതിവൃത്തത്തിന്റെ അപൂർവചാരുതയും സൂക്ഷ്മവും കലർപ്പില്ലാത്തതുമായ ശൃംഗാരവുമാണ് നളിനിയുടെ മുഖ്യസവിശേഷതകളെന്ന് അദ്ദേഹം വിലയിരുത്തി. തുടർന്ന് നളിനീകാവ്യത്തിന്റെ വൈശിഷ്ട്യത്തെ ഓരോന്നായി അപഗ്രഥിക്കുന്നു. ഏതെങ്കിലും ഒരു പഴയ ഇതിവൃത്തം എടുത്ത് വല്ല പൊടിയും വച്ച് കുറച്ചൊന്നു മിനുക്കി ആദ്യാവസാനം ഓരോ മംഗളവും ചേർത്തു ചൊല്ലുന്നതല്ല, കവിയുടെ മനോധർമ്മമെന്ന് ഈ കാവ്യത്തിന്റെ പുറമേയുള്ള ആകൃതികൊണ്ടു തന്നെ അറിയാവുന്നതാണ്. ഇതിലെ കഥാവസ്തു കല്പിതമാണെന്നു മാത്രമല്ല, അതിന്റെ രീതിയും അസാധാരണമായിരിക്കുന്നു എന്നും അവതാരികയിൽ എ. ആർ. വിശദമാക്കുന്നു.

- ▶ രാജരാജവർമ്മ എഴുതിയ അവതാരിക

SGOU

പ്രാസവാദത്തിന്റെ പ്രതിധ്വനികൾ ഈ അവതാരികയിൽ പ്രകടമാണ്. 'നവനവോല്ലേഖ'യെപ്പറ്റിയുള്ള പ്രശംസ, 'ഗതാനുഗതികത്വ'ത്തിനെ കുറിച്ചുള്ള വിമർശനം, ആമ്പലും അമ്പിളിയും വണ്ടും തണ്ടാരും പോലുള്ള പതിവ് അലങ്കാരഘടകങ്ങളെക്കുറിച്ചുള്ള പരിഹാസം, കവിയുടെ ശബ്ദബന്ധത്തെ സംബന്ധിച്ച നിർബന്ധങ്ങളുടെ നേരെയുള്ള ആക്ഷേപം ഇവയെല്ലാം പ്രാസവാദത്തിന് എതിരായുള്ള ഉദ്ദേശത്തോടെ എഴുതപ്പെട്ടവതന്നെയാണ്. കൂടാതെ ദ്വിതീയാക്ഷര പ്രാസവാദകാലത്തിൽ എ. ആർ പുറപ്പെടുവിച്ചിട്ടില്ലാത്ത വിശേഷപ്പെട്ട ചില വാദഗതികൾ നളിനിയുടെ അവതാരികയിൽ നിന്ന് കണ്ടെത്താൻ കഴിയും.

▶ ദ്വിതീയാക്ഷരപ്രാസവാദത്തിന്റെ പ്രതിധ്വനികൾ

നളിനിയിലെ കഥാവസ്തുവിനെ വികസിപ്പിച്ചെടുത്ത രീതി അസാധാരണമാണ് എന്നു പറയുന്നിടത്തുവെച്ചാണ് ലേഖകന്റെ വാദഗതികൾ പുറപ്പെട്ടു തുടങ്ങുന്നത്. “സാധാരണക്കാർ രജോഗുണപ്രധാനമെന്നും ആ ഗുണത്തെ പോഷിപ്പിക്കുന്ന സാമഗ്രികൾ കൊണ്ടുമാത്രം പുഷ്ടിപ്പെടുന്നതാണെന്നും കരുതി വർണിച്ചുവരുന്ന ശൃംഗാരം തന്നെയാണ് ഇതിലെ സ്ഥായിയായ രസമെങ്കിലും പ്രാപഞ്ചികവ്യവഹാരത്തിൽ നിന്നൊഴിഞ്ഞു സത്വഗുണവൃത്തി അവലംബിച്ചു കൊണ്ടിരിക്കുന്ന നിലയിലും ആ അനുരാഗം വർദ്ധിക്കുന്നതായിട്ടാണ് കാണിച്ചിരിക്കുന്നത്. ശൃംഗാരരസത്തിന്റെ സൂക്ഷ്മസ്ഥിതി ഗ്രഹിക്കുന്നതിൽ ഈ സംഗതി ഏറ്റവും ഉപയുക്തമായിട്ടുണ്ടെന്ന് വേറെ പറയേണ്ടതില്ല”.

▶ നളിനിയിലെ കഥാവസ്തുവിനെ വികസിപ്പിച്ചെടുത്ത രീതി അസാധാരണം

ഈ വിമർശനം ദ്വിതീയാക്ഷരപ്രാസവാദഘട്ടത്തിലെ കോലാഹലത്തിൽനിന്ന് എത്രയോ വ്യത്യസ്തവും അതിൽ വീറോടെ പങ്കെടുത്ത മറ്റുള്ളവർക്കു തന്നെയും അന്നു മനസിലാക്കാൻ കഴിയാത്തതുമായിരുന്നു. ആലങ്കാരികന്മാരുടെ സാധാരണധാരണയനുസരിച്ച്, ഇതുവരെ മാത്രമേ പോകാവൂ എന്ന് നിശ്ചയിച്ച്, രജോഗുണസീമയിൽ വെച്ച്, ഖണ്ഡനം ചെയ്യപ്പെട്ട ശൃംഗാരം, ആ കെട്ടുപാടുകളെല്ലാം തട്ടിത്തകർത്തുകൊണ്ട് മനുഷ്യജീവിതത്തിന്റെ മഹിമയ്ക്ക് ആധാരമായ സാത്വികതയോളം പരിണമിച്ചത് മലയാളസാഹിത്യത്തിലെ ഒരു പുതിയ കാവ്യാനുഭൂതിയായിരുന്നു. അത്തരമൊരു കൃതിയെ പരിചയപ്പെടുത്തുവാനായി ആ അവതാരികയിൽ രാജരാജവർമ്മ മലയാളസാഹിത്യവിമർശനത്തിൽ അതിനുമുമ്പ് ആരും ഉപയോഗിച്ചിട്ടില്ലാത്ത ചില പദങ്ങൾ സ്വീകരിച്ചു. 'പരിശുദ്ധമായ അനുരാഗം' 'കലർപ്പില്ലാത്ത ശൃംഗാരരസത്തിന്റെ സൂക്ഷ്മസ്ഥിതി' തുടങ്ങിയ എ. ആറിന്റെ പ്രയോഗം പുതുമയുള്ളതായിരുന്നു. സംഭോഗശൃംഗാരത്തിൽത്തന്നെ കാവ്യത്തിന്റെ നിർവഹണം നടക്കുന്നുവെങ്കിലും വിപ്രലംഭസമാനമായ ഒരാസ്വാദ്യത അതിനു കൈവന്നുവെന്നും സാധാരണകാവ്യങ്ങളാൽ സ്വീകരിക്കപ്പെട്ടുപോന്ന മംഗളവാക്യസീമയെ ഉല്ലംഘിച്ചതുകൊണ്ടുണ്ടായ ഒരു ഭാവസ്ഫൂർത്തിയാണ് അതിനു ഹേതുവെന്നും അവതാരികയിലെ നാലാമത്തെയും ഒടുവിലത്തെയും ഖണ്ഡികകളിൽ വിശദമാക്കുന്നതായി സുകുമാർ അഴീക്കോട് നിരീക്ഷിക്കുന്നു.

▶ 'പരിശുദ്ധമായ അനുരാഗം' 'കലർപ്പില്ലാത്ത ശൃംഗാരരസത്തിന്റെ സൂക്ഷ്മസ്ഥിതി' തുടങ്ങിയ പ്രയോഗങ്ങൾ

പദവാക്യാലങ്കാരങ്ങൾക്ക് അപ്പുറത്ത് സത്യത്തിന്റെ ഔന്നത്യത്തിൽ പ്രതിഷ്ഠിതമായ മറ്റെന്തോ ഉണ്ടെന്ന് നളിനിയെ മുൻനിർത്തി പ്രഖ്യാപിച്ചതാണ് ആ അവതാരികയുടെ പ്രാധാന്യം. നളിനിയിൽ

▶ പദവാക്യാലങ്കാരങ്ങൾ മാത്രമല്ല സത്യത്തിന്റെ ഔന്നത്യത്തിൽ പ്രതിഷ്ഠിതമാണ് നളിനി

പുതിയകാവ്യപ്രസ്ഥാനം എന്നപോലെ ആ അവതാരികയിൽ പുതിയ വിമർശനപ്രസ്ഥാനം ജന്മംകൊണ്ടു എന്നുതന്നെ പറയേണ്ടിവന്നു. മലയാളവിമർശനത്തിൽ അതിനു മുമ്പൊരിക്കലും പ്രത്യക്ഷപ്പെട്ടിട്ടില്ലാത്ത ജീവിതമഹിമ എന്ന ആശയത്തിന്റെ പുതിയൊരു തലം അന്നാണ് പ്രത്യക്ഷപ്പെട്ടത്.

## Summarised Overview

ദ്വിതീയാക്ഷരപ്രാസവാദകാലത്തിൽ എ. ആർ. പുറപ്പെടുവിച്ചിട്ടില്ലാത്ത വിശേഷപ്പെട്ട ചില വാദഗതികൾ നളിനിയുടെ അവതാരികയിൽ നിന്ന് കണ്ടെത്താൻ കഴിയും. മലയാളവിമർശനത്തിൽ അതിനു മുമ്പൊരിക്കലും പ്രത്യക്ഷപ്പെട്ടിട്ടില്ലാത്ത ജീവിതമഹിമ എന്ന ആശയത്തിന്റെ പുതിയൊരു തലത്തെ ഈ അവതാരികയിലൂടെ കണ്ടെടുക്കുന്നു.

നിയോക്ലാസിസത്തിന്റെ ജഡതയിൽ നിന്നും കാല്പനികതയുടെ ഊഷ്മളതയിലേക്കുള്ള മലയാളസാഹിത്യത്തിന്റെ അനിവാര്യമായ വ്യതിയാനത്തെ തിരിച്ചറിയുവാനും ആ മാറ്റത്തെ പ്രോത്സാഹിപ്പിക്കുവാനും നളിനിക്ക് എഴുതിയ അവതാരികയിൽ എ. ആർ. ശ്രമിക്കുന്നു. ആ ഉദ്യമത്തിന് സാഹിത്യചരിത്രപരമായ പ്രധാന്യമുണ്ട്. നളിനിയിൽ പ്രകടമായ ഭാവുകത്വപരമായ കുതിച്ചുചാട്ടത്തെ തിരിച്ചറിയാൻ സാധിച്ചു എന്നത് എ. ആറിന്റെ ഭാവുകത്വപരമായ ഉല്പതിഷ്ണതയെ വെളിപ്പെടുത്തുന്നു .

രൂപഭാവശില്പങ്ങളിൽ നളിനി പ്രകടിപ്പിച്ച നവീനത അതിന്റെ എല്ലാ വിശദാംശങ്ങളോടും പ്രാധാന്യത്തോടും കൂടി തിരിച്ചറിയുവാനുള്ള കലാമർമ്മജ്ഞത രാജരാജവർമ്മയ്ക്കുണ്ടായിരുന്നു. ആവർത്തിച്ചുള്ള പ്രയോഗം കൊണ്ട് അർഥശോഷണം സംഭവിച്ച കൽപ്പനകൾ നിരാകരിച്ചുകൊണ്ട്, നവ്യാനുഭൂതികൾ അനാവരണം ചെയ്യാൻ പ്രാപ്തമായ പുതുകൽപ്പനകൾ പ്രയോഗിച്ചതിന്റെ മഹത്വം അവതാരികയുടെ പ്രാരംഭത്തിൽ തന്നെ എ. ആർ. എടുത്തു കാട്ടുന്നു. ഗതാനുഗതികത്വത്തെ തള്ളിപ്പറയുകയും നവനവോല്ലേഖ കൽപ്പനയെ പ്രശംസിക്കുകയും ചെയ്തു കൊണ്ട് ആശാന്റെ കാവ്യപ്രതിഭയുടെ അപൂർവതയിലേക്ക് എ. ആർ കടന്നു ചെല്ലുകയായിരുന്നു. 'ഇതൊരു പുതിയ പ്രസ്ഥാനമാണ്' എന്ന് അദ്ദേഹം വ്യക്തമാക്കുന്നുണ്ട്. നളിനിയുടെ ഭാവശില്പത്തിന്റെ അപൂർവമഹത്വം മനസിലാക്കിക്കൊണ്ട് കാവ്യബോധത്തിന്റെയും ജീവിതമഹത്വബോധത്തിന്റെയും ആശയലോകത്ത് എ. ആർ പാദമുറപ്പിക്കുന്നു.

നളിനിയിൽ ആവിഷ്കൃതമായ നൂതനമായ അനുരാഗ സങ്കൽപ്പത്തെ എ. ആർ തിരിച്ചറിയുന്നു. രജോഗുണത്തിന്റെ തലത്തിൽ മാത്രം നിർത്തി കൈകാര്യം ചെയ്തിരുന്ന ശൃംഗാരത്തെ അവിടെ നിന്നുയർത്തി, സാത്വികതയുടെ ഉദാത്ത മേഖലയിൽ കൊണ്ടെത്തിക്കാനാണ് കുമാരനാശാൻ ശ്രമിച്ചതെന്ന സുപ്രധാനവസ്തുത അതിന്റെ ആഴത്തിൽ യഥാവിധി മനസിലാക്കാൻ സാധിച്ചു. നളിനീകാവ്യം അവതരിപ്പിച്ച നൂതന കാവ്യാനുഭൂതിയെ പരിശുദ്ധമായ അനുരാഗം എന്ന് വിശേഷിപ്പിച്ചുകൊണ്ട് പ്ലാറ്റോണിക് ലവ് എന്ന സങ്കൽപ്പത്തിന് അടിത്തറയിടുവാൻ സാധിച്ചു. പുതുഭാവുകത്വത്തിന്റെ പ്രതിഷ്ഠാപകൻ എന്ന നിലയിൽ കുമാരനാശാനെ തിരിച്ചറിയാനും അടയാളപ്പെടുത്താനും ശ്രമിച്ചത് രാജരാജവർമ്മയുടെ വിമർശന പ്രതിഭയുടെ അന്യാദൃശത വെളിപ്പെടുത്തുന്നു.

## Assignments

1. മലയാളസാഹിത്യവിമർശനചരിത്രത്തിൽ 'നളിനിയുടെ അവതാരിക'യുടെ സ്ഥാനം മെന്തെന്ന് ചർച്ച ചെയ്യുക.
2. 'ഗതാനുഗതികത്വ'ത്തിന് വിപരീതമായ രചന എന്ന നിലയ്ക്ക് 'നളിനി'യെ എ. ആറിന്റെ അവതാരികയെ മുൻനിർത്തി ചർച്ച ചെയ്യുക.
3. നിരൂപകൻ എന്ന നിലയിൽ എ. ആർ. രാജരാജവർമ്മയെ വിലയിരുത്തുക
4. പ്രാസവാദത്തിന്റെ അലയൊലികൾ നളിനിയുടെ അവതാരികയിൽ നിന്ന് കണ്ടെടുത്ത് സം ക്ഷേപിക്കുക.
5. അവതാരികകളുടെ നിരൂപണസാധ്യതയെക്കുറിച്ച് ചർച്ച ചെയ്യുക.
6. മലയാളസാഹിത്യവിമർശനത്തിന്റെ പ്രാരംഭഘട്ടത്തെ കുറിച്ച് ഉപന്യസിക്കുക.

## Suggested Readings


1. ഡോ. വത്സലൻ വാതുശ്ശേരി, മലയാളസാഹിത്യനിരൂപണം: അടരുകൾ അടയാളങ്ങൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. പന്മന ആർ. രാമചന്ദ്രൻ നായർ, മലയാളസാഹിത്യനിരൂപണം, കറന്റ് ബുക്സ്, തൃശ്ശൂർ.
3. പി. കെ. പരമേശ്വരൻ നായർ ട്രസ്റ്റ് മലയാളനിരൂപണം പ്രാരംഭഘട്ടം.
4. എൻ. കൃഷ്ണപിള്ള, നിരൂപണരംഗം, ഡി. സി. ബുക്സ്, കോട്ടയം.
5. കുട്ടികൃഷ്ണമാരാർ, രാജാങ്കണം, മാരാർ സാഹിത്യപ്രകാശം, കോഴിക്കോട്.
6. കുട്ടികൃഷ്ണമാരാർ, കല ജീവിതം തന്നെ, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.
7. കുമാരനാശാൻ, കുമാരനാശാന്റെ ഗദ്യലേഖനങ്ങൾ, കുമാരനാശാൻ സ്മാരക കമ്മറ്റി, എൻ. ബി. എസ്., കോട്ടയം.
8. കേസരി എ. ബാലകൃഷ്ണപിള്ള, കേസരിയുടെ സാഹിത്യവിമർശനങ്ങൾ, നാഷണൽ ബുക്സ്റ്റാൾ, കോട്ടയം.


## References


1. സുകുമാർ അഴീക്കോട്, മലയാളസാഹിത്യവിമർശനം, ഡി. സി. ബുക്സ്, കോട്ടയം.
2. ജേക്കബ് മണ്ണുംമൂട്, മലയാളവിമർശനത്തിന്റെ പൂർവമുഖം, കറന്റ് ബുക്സ്, തൃശ്ശൂർ.
3. ജോസഫ് മുണ്ടശ്ശേരി, മുണ്ടശ്ശേരി കൃതികൾ, കറന്റ് ബുക്സ്, തൃശ്ശൂർ.


SGOU

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

Unit 4

# 1. കുഞ്ചൻ നമ്പ്യാർ

**സാഹിത്യപഞ്ചാനനൻ പി. കെ. നാരായണപിള്ള**

## Learning Outcomes

- സാഹിത്യപഞ്ചാനനൻ പി. കെ നാരായണപിള്ളയുടെ വിമർശനശൈലി മനസിലാക്കുന്നു മലയാളസാഹിത്യത്തിലെ വിമർശനത്രയത്തെ പരിചയപ്പെടുന്നു
- മലയാളസാഹിത്യ വിമർശനത്തിന്റെ ഓരോഘട്ടത്തിലെയും പ്രവണതകൾ മനസിലാക്കുന്നു
- സാഹിത്യവിമർശനത്തിലെ പാശ്ചാത്യസ്വാധീനവും അതിന്റെ പരിണിതഫലവും ഗ്രഹിക്കുന്നു
- വിമർശനത്തിന്റെ പുതിയ പിരിവുകളെക്കുറിച്ച് അറിവ് നേടുന്നു

## Background

കുഞ്ചൻ നമ്പ്യാർ, ചെറുശ്ശേരി, എഴുത്തച്ഛൻ എന്നീ സാഹിത്യഗുരുക്കന്മാരുടെ ഗ്രന്ഥങ്ങളെക്കുറിച്ച് പ്രൗഢമായ മൂന്നു നിരൂപണഗ്രന്ഥങ്ങൾ സാഹിത്യപഞ്ചാനനൻ പി. കെ. നാരായണപിള്ള നിർമ്മിച്ചിട്ടുണ്ട്. മലയാളത്തിലെ സാഹിത്യനിരൂപണത്തിന് അന്തസ്സും ഗാംഭീര്യവും ശക്തിയും ഓജസ്സും പ്രദാനം ചെയ്ത ആ വിശിഷ്ടപഠനങ്ങൾ ഇംഗ്ലീഷിലെ വിഖ്യാതങ്ങളായ പ്രാചീനസാഹിത്യനിരൂപണങ്ങളെ അനുസ്മരിപ്പിക്കുന്നു. പ്രകൃത്യാ പുരാതനസാഹിത്യസങ്കേതങ്ങളിൽ പ്രതിപത്തിയും വ്യവസ്ഥാപിതവിമർശനതത്ത്വങ്ങളോട് ഭക്ത്യാദരവുകളുമുണ്ടായിരുന്ന ആ നിരൂപകന് തുഞ്ചന്റെയും കുഞ്ചന്റെയും ചെറുശ്ശേരിയുടെയും അന്തസ്സത്തകൾ കണ്ടെത്തി പ്രൗഢോദാരമായി ആവിഷ്കരിക്കാൻ സാധിച്ചു. പക്ഷേ, അത്തരം മനോഘടനയുമായി വർത്തമാനകാലത്തുള്ള കാവ്യസരണിയുടെ സുപ്രധാന പ്രവണതകളെ കൂട്ടാക്കാതെ; കുമാരനാശാന്റെ 'കരുണ'യെ, ആ കൃതിയുമായി യാതൊരു ബന്ധവുമില്ലാത്ത 'കുചേലവൃത്തം വഞ്ചിപ്പാട്ടി'നോടു താരതമ്യം ചെയ്യാനൊരുങ്ങിയത് അദ്ദേഹത്തിന്റെ സാഹിത്യാപഗ്രഥനത്തിന്റെ പരിമിതിയാണ്. പി. കെ. നാരായണപിള്ള വെട്ടിത്തുറന്ന വഴിയിലൂടെ യാത്ര ആരംഭിച്ച ചിലർ പഴയ മലയാളകവികളെ വിമർശിച്ച് പല പ്രബന്ധങ്ങളും ഗ്രന്ഥങ്ങളും എഴുതിയെങ്കിലും ആ യത്നങ്ങൾ പൂർണ്ണഫലം കൈവരുത്തിയില്ല. പി. കെ. നാരായണപിള്ളയെ പോലെയോ ഒരുപക്ഷേ, അദ്ദേഹത്തെക്കാളുമോ ക്ലാസ്സിക്ക് സാഹിത്യത്തിൽ ആസക്തരായിരുന്നു അക്കൂട്ടർ. എന്നാൽ, വിമർശിക്കുന്ന കൃതികളിൽ നിന്നും ഭാഗങ്ങൾ ഉദ്ധരിച്ചും ഉള്ളടക്കത്തെ നീട്ടിപ്പരത്തി വിവരിച്ചും രചയിതാവിനെ പറ്റി സ്തുതിവചനങ്ങൾ വർഷിക്കാനുമല്ലാതെ, നിരൂപണം ചെയ്യുന്ന ഗ്രന്ഥങ്ങളെ ശാസ്ത്രീയമായി പരിശോധിച്ചും അവയുടെ അന്തർഭാവങ്ങളെ സൂക്ഷ്മദൃഷ്ട്യാ നിരീക്ഷിച്ചും ഒരു കവിയെ ഇതരകവികളിൽ നിന്നും വേറിട്ടുനിർത്തുന്ന ധർമ്മങ്ങളെ കണ്ടുപിടിച്ചും വിമർശിക്കുന്നതിന് അവർ പ്രഗത്ഭരായിരുന്നില്ല. മഹാപണ്ഡിതന്മാരായ ഉള്ളൂരിന്റെയും വടക്കുംകൂർ രാജരാജവർമ്മയുടെയും നിരൂപണങ്ങൾ പോലും, ഈ അപ്രഗത്ഭത പ്രകടമാക്കിയതായി അഭിപ്രായമുണ്ട്. ഉള്ളൂർ 'വിജ്ഞാനദീപിക'യിലും 'കേരളസാഹിത്യചരിത്ര'ത്തിലും ചേർത്തിട്ടുള്ള ഗ്രന്ഥനിരൂപണങ്ങളും അദ്ദേഹം അനേകം ഗ്രന്ഥങ്ങൾക്ക് എഴുതിയിട്ടുള്ള അവതാരികകളും പരാവർത്തനപ്രധാനമെന്നോ വിവരണാത്മകമെന്നോ വിളിക്കാവുന്ന ഈ നിരൂപണരീതിയുടെ ലക്ഷ്യങ്ങളാണ്. പ്രതിഷ്ഠാപിതങ്ങളായ്

പ്രാചീനകൃതികളെ നിരൂപണം ചെയ്തിട്ടുള്ള എഴുത്തുകാരിൽ എഴുത്തച്ഛൻ, രാമപുരത്തുവാര്യർ എന്നിവരെപ്പറ്റി പഠനം നടത്തിയ കെ. ആർ. കൃഷ്ണപിള്ളയും ചമ്പുക്കളെ ആസ്പദമാക്കി പഠനം നടത്തിയ പി. ശങ്കരൻനമ്പ്യാരും പ്രത്യേകം സ്മരണാർഹരാണ്.

## Keywords

പ്രാചീനകൃതികളെ മുൻനിർത്തിയുള്ള പഠനങ്ങൾ - ക്ലാസിക് നിരൂപണം - ജീവചരിത്രനിരൂപണം - സമഗ്രനിരൂപണം - സാഹിത്യപഞ്ചാനനൻ

## Discussion

▶ മലയാള സാഹിത്യ വിമർശനവും സാഹിത്യ പഞ്ചാനനൻ പി. കെ. നാരായണ പിള്ളയും

മലയാളസാഹിത്യവിമർശനത്തിനു ഭൂമികയൊരുക്കിയവരിൽ പ്രധാനിയാണ് സാഹിത്യ പഞ്ചാനനൻ പി. കെ. നാരായണപിള്ള. 'കേരളപാണിനി'യുടെ ശിഷ്യരിൽ പ്രമുഖനാണദ്ദേഹം. മലയാളത്തിലെ സാഹിത്യവിമർശനത്തിൽ കേരളപാണിനി വെട്ടിത്തെളിച്ച പാതയിലൂടെ അദ്ദേഹം ഏറെ ദൂരം സഞ്ചരിച്ചു. മലയാളസാഹിത്യവിമർശനത്തിന്റെ വളർച്ചയ്ക്കും വികാസത്തിനുമുതകുന്ന കൃതികൾ രചിച്ചു. മലയാളത്തിലെ വിമർശനശാഖയുടെ ആധുനീകരണത്തിനു പ്രസ്തുത കൃതികൾ തുടക്കം കുറിച്ചു. മലയാളസാഹിത്യവിമർശനത്തിനു അവ ഊർജ്ജവും സൗന്ദര്യവും നൽകി. കുഞ്ചൻ നമ്പ്യാർ, ചെറുശ്ശേരി, തുഞ്ചത്തെഴുത്തച്ഛൻ എന്നിവരെ അധികരിച്ച് പി. കെ നാരായണപിള്ള തയ്യാറാക്കിയ പ്രബന്ധങ്ങൾ നിരൂപകപ്രശംസ ഏറെ ഏറ്റുവാങ്ങി.

▶ 'പഞ്ചാനനന്റെ വിമർശത്രയം'

കുഞ്ചൻ നമ്പ്യാരും ചെറുശ്ശേരിയും തുഞ്ചത്തെഴുത്തച്ഛനും പി. കെ. നാരായണപിള്ളയുടെ തൂലികയിലൂടെ പുതിയ ഉയരങ്ങളും ആഴങ്ങളും കൈവരിക്കുന്നതു കാണാം. പി. കെ. നാരായണപിള്ളയുടെ വിമർശനത്തിന്റെ സ്വഭാവത്തെയും ആ കാലഘട്ടത്തെയും അറിയുന്നതിനും പ്രസ്തുത പ്രബന്ധങ്ങൾ സഹായിക്കുന്നു. മൂന്നു പ്രബന്ധങ്ങളും ഉൾക്കൊള്ളിച്ചുള്ള 'പഞ്ചാനനന്റെ വിമർശനത്രയം' 1980-ലാണ് കേരള സാഹിത്യ അക്കാദമി ആദ്യം പ്രസിദ്ധീകരിക്കുന്നത്.

സാഹിത്യപഞ്ചാനനന്റെ വിമർശനപാരമ്പര്യം ചരിത്രദൃഷ്ട്യാ എ. ആറിൽ നിന്ന് തുടങ്ങുന്നു. പഞ്ചാനനനെ എ. ആറിന്റെ ജീവചരിത്രകാരായ ഭാഗീരഥിഅമ്മ തമ്പുരാനും രാഘവവർമ്മ രാജയും 'ശിഷ്യപ്രധാനി'യെന്നും, പി. അനന്തൻപിള്ള 'പ്രിയശിഷ്യനെ'ന്നും വിശേഷിപ്പിച്ചിട്ടുണ്ട്. സ്വദേശത്തിന്റെയും സ്വഭാഷയുടെയും മഹനീയമായ ചിരന്തനസംസ്കാരത്തിന്റെ അടിസ്ഥാനശിലകളായിട്ടുള്ള മാതൃകാരചനകളെ പഠിക്കുകയും പരിചയപ്പെടുത്തുകയും പ്രചരിപ്പിക്കുകയും ചെയ്യുകയെന്നതാണ് സാഹിത്യവിമർശകനായ പഞ്ചാനനനെ സ്വാധീനിച്ച പ്രേരകഘടകം. സംസ്കൃതത്തിലും ഇംഗ്ലീഷിലും മാത്രമല്ല ലോകസാഹിത്യത്തെ കുറിച്ച് വ്യക്തമായ ധാരണയുള്ള പണ്ഡിതനായിരുന്നു പി. കെ. നാരായണപിള്ള. അദ്ദേഹത്തിന്റെ ഫലിതതീവ്രതയും

> ▶ സാഹിത്യപഞ്ചാനനന്റെ വിമർശനപാരമ്പര്യം

ചിന്തയുടെ ദീപ്തിയും മാറ്റി നിർത്തിയാൽ പണ്ഡിതോചിതമായ ഗദ്യശൈലി കണ്ടെടുക്കാൻ കഴിയുമെന്ന് സുകുമാർ അഴീക്കോട് സാഹിത്യപഞ്ചാനനന്റെ 'വിമർശനത്രയ'ത്തിന് എഴുതിയ അവതാരികയിൽ പരാമർശിക്കുന്നു.

> ▶ ഉൾക്കനമുള്ള വിമർശനം അത്യാവശ്യമായിരുന്നു

മലയാളസാഹിത്യത്തിൽ ഉൾക്കനമുള്ള വിമർശനം അത്യാവശ്യമായിരുന്ന ഒരു കാലഘട്ടമായിരുന്നു അത്. കാരണം, അച്ചടിക്കപ്പെട്ട ലഘുലേഖകരുടെ നിരൂപണങ്ങൾ പലതും വേണ്ടത്ര ശ്രദ്ധ നേടാതെ പോയി. അതിനെത്തുടർന്ന്, വിമർശനശാഖയെ ബലപ്പെടുത്തുവാൻ സാഹിത്യപഞ്ചാനനൻ പരിശ്രമിച്ചു. പ്രസംഗതരംഗിണിയും മറ്റും ഇതിന് ദൃഷ്ടാന്തമാണ്. മലയാളത്തിലെ ആദ്യത്തെ പ്രൗഢവും ഗൗരവപൂർണങ്ങളുമായ സമഗ്രപഠനങ്ങൾ നാരായണപിള്ളയുടെ കുഞ്ചൻ നമ്പ്യാർ (1906), കൃഷ്ണഗാഥാനിരൂപണം (1915), തുഞ്ചത്തെഴുത്തച്ഛൻ (1936) എന്നിവയാണ്. ഇവയൊരോന്നും ഒന്നിനൊന്ന് മെച്ചപ്പെട്ടതാണ്. കവിയുടെ ജീവചരിത്രത്തിലെ നിഗൂഢപ്രശ്നങ്ങൾ കൃതിയുടെ കാലപ്രഭാവാദികളെ സംബന്ധിച്ച തർക്കങ്ങൾ എന്നിവയെ യുക്തിസഹമായി നേരിട്ട ശേഷം പഠിക്കുക എന്നതാണ് അദ്ദേഹത്തിന്റെ ശൈലി.

> ▶ ഒന്നാം അധ്യായത്തിൽ നമ്പ്യാരുടെ ജീവിതത്തിലെ പലഘട്ടങ്ങളെയും ജീവിച്ചിരുന്ന സ്ഥലങ്ങളെക്കുറിച്ചും വിവരിക്കുന്നു

ഒന്നാം അധ്യായത്തിൽ നമ്പ്യാരുടെ ജനനത്തെ സംബന്ധിച്ചും ജന്മഗൃഹം സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ അന്നത്തെ ചുറ്റുപാടുകളും വിവരിക്കുന്നു. എഴുത്തച്ഛന് കിട്ടിയ ആദരവ് നമ്പ്യാർക്ക് കിട്ടിയില്ല എന്ന സൂചനയുമുണ്ട്. ജന്മസ്ഥലം, മാതാപിതാക്കൾ, സഹോദരൻ എന്നിവരെക്കുറിച്ച് വിവരിച്ചതിനുശേഷം ബാല്യകാലാനുഭവങ്ങളെക്കുറിച്ച് ഒട്ടൊന്ന് വിവരിക്കുന്നു. കുഞ്ചൻ നമ്പ്യാരുമായി ബന്ധപ്പെട്ട പല ഐതിഹ്യങ്ങളേയും ഇവിടെ വിവരിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ ഗുരു ആരായിരുന്നു എന്നതിനെ സംബന്ധിച്ച് പല തർക്കങ്ങളും ഉണ്ടായിരുന്നതായും അതിനെ സാധൂകരിക്കാൻ തക്കതായ ചില സംഭവങ്ങളെ വിശദീകരിച്ചുകൊണ്ട് പി.കെയുടെതായ നിഗമനങ്ങളിലെത്തുന്നു. നമ്പ്യാരുടെ തന്നെ പല കൃതികളിലേയും സന്ദർഭങ്ങളെ ഉദാഹരിച്ചുകൊണ്ട് നമ്പ്യാരുടെ ഗുരുസ്ഥാനീയരെക്കുറിച്ച് വിശദീകരണം നൽകുന്നു. അനന്തരം നമ്പ്യാരുടെ ജീവിതത്തിലെ പലഘട്ടങ്ങളെയും ജീവിച്ചിരുന്ന പല സ്ഥലങ്ങളെക്കുറിച്ചും വിവരിക്കുന്നുണ്ട്. മാർത്താണ്ഡവർമ്മ രാജാവുമായുള്ള ആശ്രിതത്വവും കാവ്യരസികത്വവും അതിനോടനുബന്ധിച്ചുണ്ടായിട്ടുള്ള രസകരമായ ചില അനുഭവങ്ങളും ലേഖകൻ വിവരിക്കുന്നു. ഒന്നാം അധ്യായത്തിന്റെ അവസാനത്തിൽ നമ്പ്യാരുടെ മരണത്തെ സംബന്ധിച്ച വാദങ്ങളും നിരത്തുന്നു.

രണ്ടാം അധ്യായത്തിൽ നമ്പ്യാരുടെ കൃതികളെ സംബന്ധിച്ച ചർച്ചയാണ് നടത്തിയിരിക്കുന്നത്. അദ്ദേഹത്തിന്റെ തുള്ളൽ കൃതികളിലധികവും അമ്പലപ്പുഴയിൽ വെച്ച് ഉണ്ടാക്കിയിട്ടുള്ളതാണ്. കൃതികളിലെ സ്തുതികളും സൂചനകളും വെച്ച് കൃതി രചിച്ച കാലത്തെ ഗണിക്കുവാൻ ഇവിടെ ശ്രമിക്കുന്നു. നമ്പ്യാർ തുള്ളൽ കൃതികൾക്ക് പുറമേ ശ്രീകൃഷ്ണവിലാസംമണിപ്രവാളകാവ്യവും രാമചന്ദ്രവിലാസം എന്നൊരു സംസ്കൃത കാവ്യവും മറ്റനേകം ശ്ലോകങ്ങളും കീർത്തനങ്ങളും പാട്ടുകളും കൂടി നമ്പ്യാർ രചിച്ചിട്ടുണ്ടെന്ന് അഭിപ്രായപ്പെടുന്നു. രാമചന്ദ്രവിലാസം മുഴുവൻ വായിച്ചു നോക്കാനാകാത്തതിനാൽ മുൻപതിപ്പുകളിൽ അതിനെക്കുറിച്ച് കൂടുതൽ പറഞ്ഞിട്ടില്ല എന്ന് ലേഖകൻ

പറഞ്ഞുകൊണ്ട് രാമചന്ദ്രവിലാസം നമ്പ്യാരുടെ കൃതിയാവാൻ തരമില്ല എന്ന് ഉദാഹരണസഹിതം വ്യക്തമാക്കുന്നു. കൂടാതെ ഇതുമായി ബന്ധപ്പെട്ട ചില വാദഗതിയിൽ കൂടി മുന്നോട്ടുവയ്ക്കുന്നുമുണ്ട്. ഉത്തരരാമചരിതം കിളിപ്പാട്ടിനെ സംബന്ധിച്ചും ഉണ്ടാകാനിടയുള്ള ആശങ്കകളെയും കാവ്യഭാഗങ്ങളെ നിരത്തി സാധൂകരിക്കുന്നുണ്ട്. തുടർന്ന് നമ്പ്യാരുടെ പ്രധാനപ്പെട്ട കാവ്യവിഭാഗമായ തുള്ളൽ കൃതികളെക്കുറിച്ച് വിശദീകരിക്കുന്നു. തുള്ളലിനെ കുറിച്ചുള്ള ഐതിഹ്യത്തെ വിവരിച്ചുകൊണ്ട് തുള്ളൽ കഥകൾ രചിക്കാൻ ഉണ്ടായ യഥാർത്ഥ സാഹചര്യവും കൃതികളിലെ ഭാഷയുടെ പ്രയോഗവും വൃത്തവും വിശദമായി ചർച്ചചെയ്യുന്നു. "വാസ്തവത്തിൽ തുള്ളൽ കഥകൾ വൃത്തനിയമത്തോട് കൂടി അഭിനയിക്കപ്പെടുന്ന ചാക്യാർകൂത്തുകളാകുന്നു. ശീതങ്കൻ, ഓട്ടൻ, പറയൻ എന്ന മൂന്നുതരം തുള്ളൽ പാട്ടുകളും എഴുതിയിരിക്കുന്ന വൃത്തങ്ങൾ അക്കാലത്ത് ഉണ്ടായിരുന്നവ തന്നെയാണ്.അവയെ നമ്പ്യാർ സ്വകൃതികളിൽ പ്രയോഗിച്ചു എന്നല്ലാതെ സൃഷ്ടിച്ചതായി പറയാവുന്നതല്ല'' എന്ന് ഉദാഹരണസഹിതം വിശദീകരിക്കുന്നു.

- രണ്ടാം അധ്യായത്തിൽ നമ്പ്യാരുടെ കൃതികളെ സംബന്ധിച്ച ചർച്ചയാണ്

മൂന്നാം അധ്യായത്തിൽ അക്കാലത്തെ മറ്റു കവികളുമായുള്ള ബന്ധം, സാമ്യത, സ്വാധീനം എന്തെന്ന് കണ്ടെത്തുന്നു. നമ്പ്യാർ കൃതികൾക്ക് പല കൃതികളുമായി സാധർമ്മ്യം ഉണ്ടാകാൻ കാരണം കൃതിക്ക് കാരണമായ കഥ തിരഞ്ഞെടുക്കുന്നത് ഭാഗവതത്തിൽ നിന്നോ മഹാഭാരത്തിൽ നിന്നോ ഒക്കെ ആയതുകൊണ്ടാണ്. "എന്നാൽ ഇവയിൽ ഒട്ടുവളരെ എണ്ണം ചാക്യാരുടെ പാഠകത്തിന് ഉപയോഗിക്കുന്ന പ്രബന്ധങ്ങളെ ആധാരപ്പെടുത്തിയിട്ടുള്ളവയാണ്'' എന്ന് പറഞ്ഞതിനുശേഷം''ഇങ്ങനെയുള്ള പ്രബന്ധങ്ങൾ ഇപ്പോൾ വളരെ ദുർലഭങ്ങളാകയാൽ ഈ അഭിപ്രായത്തിന് വേണ്ട പക്വതയില്ലെന്ന് സമ്മതിച്ചുകൊള്ളുന്നു'' എന്നും പറയുന്നു. പ്രബന്ധവും തുള്ളലും തമ്മിലുള്ള സാമ്യവ്യത്യാസങ്ങൾ കൃതികളെ അടിസ്ഥാനമാക്കി വിലയിരുത്തുകയാണ് പിന്നീട്. കൃഷ്ണചരിതത്തിൽ വളരെ ഭാഗങ്ങൾ ഭാഗവതത്തിൽ നിന്നും നളചരിതംകിളിപ്പാട്ടിൽ വളരെ ഭാഗങ്ങൾ നൈഷധം, രഘുവംശം ഇവയിൽ നിന്നും പ്രതിഫലിതങ്ങൾ ആകുന്നു എന്ന് രേഖപ്പെടുത്തുന്നു. മൂന്നാം അധ്യായം അവസാനിപ്പിക്കുന്നത് നമ്പ്യാരുടെ കാവ്യ ഗുണത്തെ പ്രശംസിച്ചു കൊണ്ടാണ്. ഒരു കവിക്കു വേണ്ടുന്ന സർവ്വതോമുഖമായ സാമാന്യജ്ഞാനം നമ്പ്യാർക്ക് സമർത്ഥമായി ഉണ്ടായിരുന്നുവെന്നും ജ്യോതിഷം, മന്ത്രവാദം, തന്ത്രം, വൈദ്യം, വ്യാകരണം, വേദാന്തം, സംഗീതം, ശില്പശാസ്ത്രം,നാട്ടുനടപ്പുകൾ മുതലായ കാര്യങ്ങളിൽ അദ്ദേഹത്തിന് ഉണ്ടായിരുന്ന സാമാന്യജ്ഞാനം പ്രതിബിംബിച്ചു കാണ്മാനുണ്ട് എന്നും പറയുന്നു. വ്യാകരണ സങ്കേതങ്ങളെ ദക്ഷയാഗം പറയാൻ തുള്ളലിൽ വർണിച്ചിരിക്കുന്നു. കൂടാതെ പഴഞ്ചൊല്ലുകൾ ഉപയോഗിക്കുന്ന വേറെ ഒരു മലയാള കവിയുണ്ടെന്നു തോന്നുന്നില്ല എന്നും സംസ്കൃതത്തിലും മലയാളത്തിലും ദൃഢമായ പാണ്ഡിത്യത്തിനു പുറമേ പ്രാകൃതവും നാടോടി തമിഴും നമ്പ്യാർക്ക് പരിചിതമായിരുന്നു എന്നും അഭിപ്രായപ്പെടുന്നു.

- മൂന്നാം അധ്യായത്തിൽ അക്കാലത്തെ മറ്റു കവികളുമായുള്ള ബന്ധം, സാമ്യത, സ്വാധീനം എന്തെന്ന് കണ്ടെത്തുന്നു

നമ്പ്യാർ കൃതികളെ പറ്റിയുള്ള ശരിയായ നിരൂപണം നിർവഹിക്കുന്നത് നാലാം അധ്യായത്തിലാണ്. മറ്റു കവികളിൽ നിന്ന് നമ്പ്യാർ



SGOU

ക്കുള്ള പ്രത്യേകതയും കാവ്യ വൈദഗ്ദ്ധ്യവും ഇവിടെ എടുത്തു പറയുന്നു. എഴുത്തച്ഛന്റെയും ഗാഥാകാരന്റേയും കാവാരീതികളെ താരതമ്യപ്പെടുത്തി കൊണ്ടാണ് നമ്പ്യാരുടെ കൃതികളെ നിരൂപണം ചെയ്യുന്നത്. അദ്ദേഹത്തിന്റെ കാവ്യ ഗുണങ്ങൾ വാർദ്ധക്യകാലത്ത് വർദ്ധിച്ചുവെന്ന് കാവ്യങ്ങളെ ആസ്പദമാക്കി സമർത്ഥിക്കുന്നു. കൃഷ്ണലീലയിലെ സന്ധ്യാവർണ്ണനയും ഉദാഹരണമായി സ്വീകരിക്കുന്നു. നമ്പ്യാർ കവിതകളുടെ അലങ്കാരങ്ങളെ സവിസ്തരം പ്രതിപാദിക്കുകയാണ് പിന്നീട്. അതിനു വേണ്ടി ധാരാളം കാവ്യഭാഗങ്ങളെ ലേഖകൻ സ്വീകരിക്കുന്നുണ്ട്. നമ്പ്യാരുടെ ഔചിത്യ ബുദ്ധിയെക്കുറിച്ച് പറയുന്നു. മൂന്നുതരം ഔചിത്യം കാണാമെന്നും ഒന്നാമതായി ഭാഷയിലാണ് ഇത് പ്രകടമാകുന്നതെന്നും പി.കെ അഭിപ്രായപ്പെടുന്നു. ശബ്ദാലങ്കാരത്തിലും അർഥാലങ്കാരത്തിലും കവിക്ക് ആദ്യമുണ്ടായിരുന്ന ഭ്രമം ക്ഷയിച്ച് അവസാന കൃതികളിൽ പദങ്ങളുടെ ശുദ്ധി, സുശ്രവത്വം, അർഥപുഷ്ടി എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. രണ്ടാമത്തെ ഔചിത്യമായി പ്രതിപാദന രീതിയെയും മൂന്നാമത്തെ ഗുണമായി സങ്കൽപ്പ ശക്തിയുടെ ഗതിവിശേഷവും ആണെന്ന് നിരീക്ഷിക്കുന്നു. മേൽപ്പറഞ്ഞവയെ സമർത്ഥിക്കുന്നതിനായി ധാരാളം കവിത ശകലങ്ങളെ ലേഖനത്തിൽ ഉദാഹരിക്കുന്നുണ്ട്. നമ്പ്യാരുടെ പരിഹാസ കവനത്തെ കുറിച്ച് പറയുന്നത് ഇംഗ്ലീഷിലെ സറ്റയറിനു സമാനമാണിതെന്നാണ്. ഗ്രീക്കിലേയും റോമിലേയും രൂപകങ്ങളിൽ പരിഹാസരീതി കാണാമെന്നും നിരീക്ഷിക്കുന്നു. സാമുദായിക സ്ഥിതിയെക്കുറിച്ചുള്ള കൃത്യമായ വിവരണം നമ്പ്യാർ കവിതകളിൽ ഉണ്ടെന്നു പറഞ്ഞുകൊണ്ട് അന്നത്തെ സമുദായങ്ങൾ, ജനങ്ങൾ, ജീവിതരീതികൾ എന്നിവ നമ്പ്യാർ കൃതികളിൽ കണ്ടെത്തുന്നു. കവി സന്മാർഗബുദ്ധികൊണ്ട് നിബദ്ധനായിരുന്നു എന്ന് പി. കെ അഭിപ്രായപ്പെടുന്നു. നമ്പ്യാരുടെ ചില കാവ്യഭാഗങ്ങൾ അസഭ്യങ്ങളായി തീർന്നിട്ടുണ്ട്. എന്നാൽ അത് കവിയുടെ അപരാധമല്ലെന്ന് ബൈറന്റെ സാൺജ്ജുവാൻ കൃതിയെ ചേർത്തുവച്ചുകൊണ്ട് പറയുന്നു. നമ്പ്യാർ സന്മാർഗനിഷ്ഠനും ഗുരുഭക്തനും കൃതജ്ഞനും ആയിരുന്നു. കൂടാതെ അചഞ്ചലമായ ഈശ്വരഭക്തിയും ഉണ്ടായിരുന്നു എന്നു പറഞ്ഞുകൊണ്ടാണ് നാലാം അധ്യായം അവസാനിപ്പിക്കുന്നത്.

> ▶ നമ്പ്യാർ കൃതികളെ പറ്റിയുള്ള ശരിയായ നിരൂപണം നിർവഹിക്കുന്നത് നാലാം അധ്യായത്തിലാണ്

'കുഞ്ചൻനമ്പ്യാർ' എന്ന ലേഖനത്തിന്റെ ഒന്നാം അധ്യായത്തിൽ നമ്പ്യാർ മറ്റു കവികളിൽ നിന്ന് എങ്ങനെ സ്വതന്ത്രനായി നിലകൊള്ളുന്നു എന്ന് വിവരിച്ച ശേഷമാണ് നാലാം അധ്യായത്തിൽ നമ്പ്യാരുടെ കൃതികളെ വിമർശിക്കുന്നത്. ഇങ്ങനെ വിമർശിക്കുമ്പോൾ തന്നെയും കൃത്യമായി വാദങ്ങളുടെ അകത്തു നിന്നുകൊണ്ടാണ് അദ്ദേഹം കൃതിയെ സമീപിക്കുന്നത്. രീതി, ഗുണം, അലങ്കാരം, ഔചിത്യം, രസം എന്നിവയുടെ അടിസ്ഥാനത്തിൽ കർക്കശമായി വിലയിരുത്തുകയും ചെയ്യുന്നു. കവിയെ പറ്റിയുള്ള ചരിത്രപരമായ പഠനം എന്നപോലെ കാവ്യത്തിന്റെ വിമർശനവും തീർത്തും സൂക്ഷ്മവും കൃത്യവുമായിരിക്കും. എന്നാൽ രീതിക്ക് പദവാക്യനിഷ്ഠമായ പഴയ വിമർശനസമ്പ്രദായത്തിൽ നിന്ന് പ്രത്യക്ഷമായ വ്യത്യാസമുണ്ട്. കാവ്യത്തിന്റെ ഓരോ ഘടകത്തിന്റെയും പരിശോധനയിൽ എന്ന പോലെ സമഗ്രമായ നിരൂപണത്തിലും പി. കെ. നാരായണപിള്ള ശ്രദ്ധാലുവായിരുന്നു. വാസ്തവത്തിൽ, അത് തന്നെയാണ് അദ്ദേഹത്തിന്റെ കൃതികളുടെ ഏറ്റവും

വലിയ പ്രത്യേകതയും. അതുവരേയും തമാശപ്രധാനമായ കൃതികളുടെ കർത്താവായി അറിയപ്പെട്ടിരുന്ന നമ്പ്യാർ ഊർജിതാശയനായ കവിയാണ് എന്നും, കൃഷ്ണപ്പാട്ടെഴുതിയ ചെറുശ്ശേരിയുടെ 'മനോധർമ്മവികാസവും അലങ്കാരപ്രയോഗസാമർത്ഥ്യവും' മലയാളത്തിലെ മറ്റൊരു കവിക്കും ഇല്ലെന്നും, വെറും നാമജപത്തിനും കഥാശ്രവണത്തിനും പ്രധാനമായി ഉപയോഗിച്ചിരുന്ന എഴുത്തച്ഛന്റെ കൃതികൾ സാഹിത്യസരണിയിലെ ക്ലാസിക്കുകളാണെന്നും സഹിത്യപഞ്ചാനനനാണ് ഉറപ്പിച്ച് പറഞ്ഞത്. ഈ നിരീക്ഷണങ്ങളൊക്കെ മലയാളസാഹിത്യത്തിൽ എത്രത്തോളം പ്രബലമായി എന്ന് നമുക്കെല്ലാം അറിയാവുന്നതുമാണ്. സാഹിത്യപഞ്ചാനനനിൽ ആംഗലസാഹിത്യമീമാംസ കാര്യമായ സ്വാധീനം ചെലുത്തിയിട്ടുണ്ട് എന്ന കാര്യം വ്യക്തമാണ്. കേരളവർമ്മയും അച്യുതമേനോനും രാജരാജവർമ്മയും സാഹിത്യവിമർശനത്തിന് തുടക്കം കുറിച്ച പ്രസ്ഥാനസ്ഥാപകരാണെങ്കിലും സാഹിത്യപഞ്ചാനനന്റെ കൃതികളാണ് വിമർശനത്തിന്റെ പ്രൗഢമായ വളർച്ചയ്ക്ക് കാരണമായത്.

▶ രീതി, ഗുണം, അലങ്കാരം, ഔചിത്യം, രസം എന്നിവയുടെ അടിസ്ഥാനത്തിൽ വിലയിരുത്തുന്നു

## Summarised Overview

സാഹിത്യപഞ്ചാനനന്റെ കുഞ്ചൻനമ്പ്യാർ എന്ന പ്രബന്ധത്തിന്റെ ഒന്നാം അധ്യായത്തിൽ നമ്പ്യാരുടെ ജന്മദേശത്തെയും ജന്മഗൃഹത്തെയും പറ്റി പരാമർശിച്ചാണ് പഠനം ആരംഭിക്കുന്നത്. കവിയുടെ ജീവചരിത്ര സംഗ്രഹമാണ് ഈ അധ്യായം. ലഭ്യമായ ഐതിഹ്യങ്ങളെയും അദ്ദേഹത്തിന്റെ തന്നെ കൃതികളിൽ നിന്നുള്ള സൂചനകളെയും മുൻനിർത്തി നമ്പ്യാരുടെ ജീവചരിത്രം ലേഖകൻ അവതരിപ്പിക്കുന്നു.

രണ്ടാം അധ്യായത്തിൽ അദ്ദേഹത്തിന്റെ കൃതികളെക്കുറിച്ചുള്ള ചർച്ചകളാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. എഴുപതിൽപരം തുള്ളൽകഥകൾ ഉള്ളതും ചേർത്ത് അദ്ദേഹത്തിന്റെ കാവ്യങ്ങൾ രചിക്കപ്പെട്ട കാലഘട്ടത്തെക്കുറിച്ച് ഈ അധ്യായം ചർച്ച ചെയ്യുന്നു. കൃതിയുടെ ഭാഷാപരമായ സൂചനകളെയും മറ്റും അടിസ്ഥാനമാക്കി കൃതികളുടെ കർതൃത്വം ഉറപ്പുവരുത്തുന്നതോടൊപ്പം തന്നെ കുഞ്ചൻ നമ്പ്യാരുടെ രചനാസവിശേഷതയും ചർച്ച ചെയ്യുന്നു.

മൂന്നാം അധ്യായത്തിൽ നമ്പ്യാരുടെ കവിതയെപറ്റി ചർച്ച ചെയ്യുന്നതിന് മുന്നോടിയായി അദ്ദേഹം മറ്റ് കവികളോട് എങ്ങനെ കടപ്പെട്ടിരിക്കുന്നു എന്ന പരിശോധനയാണ് നിർവഹിച്ചിരിക്കുന്നത്. ഈ അധ്യായത്തിൽ എഴുത്തച്ഛൻ, ചെറുശ്ശേരി തുടങ്ങിയവരുടെ കാവ്യങ്ങളുമായുള്ള സാമ്യങ്ങൾ അവരിൽ നിന്നുണ്ടായ സ്വാധീനം തുടങ്ങിയ കാര്യങ്ങൾ പറയുന്നതായി കാണാം. ഈ അധ്യായത്തിൽ തന്നെ അദ്ദേഹത്തിന് പരിചിതമായിരുന്ന വിജ്ഞാനമേഖലകളെ പറ്റിയുള്ള വിവരണവും ചേർത്തിരിക്കുന്നു. അദ്ദേഹത്തെപ്പോലെ പഴഞ്ചൊല്ലുകൾ ഉപയോഗിക്കുന്ന ഒരു മലയാളകവി ഇല്ലെന്ന പ്രസ്താവനയും ഈ അധ്യായത്തിലുണ്ട്.

നാലാം അധ്യായത്തിൽ മലയാള കവികളുടെ ഇടയിൽ നമ്പ്യാരുടെ സ്ഥാനം അടയാളപ്പെടുത്തുന്നു. കവി എന്ന നിലയിൽ അദ്ദേഹത്തിന്റെ പ്രതിഭയെ നിരൂപണം ചെയ്യുന്നത് ഈ അധ്യായത്തിലാണ്. പൂർവ്വമാതൃകകളിൽ നിന്ന് സ്വതന്ത്രമായി കാവ്യരചന നടത്തിയ കുഞ്ചൻ നമ്പ്യാരെയാണ് ലേഖകൻ ഇവിടെ അടയാളപ്പെടുത്തുന്നത്. നമ്പ്യാരുടെ ഔചിത്യവിശേഷത്തെ മൂന്ന് വിധത്തിൽ ലേഖകൻ പറഞ്ഞുവെക്കുന്നു. ഭാഷ, പ്രതിപാദനരീതി, സങ്കല്പശക്തിയുടെ ഗതിവിശേഷം എന്നിവയാകുന്നു അവ. ശബ്ദ - അർത്ഥാലങ്കാരങ്ങളുടെ പ്രയോഗത്തിൽ നമ്പ്യാർ കവിതയിൽ സംഭവിക്കുന്ന പരിണാമത്തെ ലേഖകൻ അടയാളപ്പെടുത്തുന്നുണ്ട്. കൃതികളെപ്പറ്റി ആഴത്തിലുള്ള ചർച്ച ഈ ലേഖനത്തിന്റെ ഏറ്റവും വലിയ സവിശേഷതയാണ്

SGOU

## Assignments

1. സാഹിത്യപഞ്ചാനനന്റെ വിമർശനശൈലിയെ കുറിച്ച് കുറിപ്പ് തയ്യാറാക്കുക.
2. മലയാളസാഹിത്യവിമർശനത്തിൽ സാഹിത്യപഞ്ചാനനന്റെ സ്ഥാനം എങ്ങനെ അടയാളപ്പെടുത്താൻ കഴിയും എന്നതിനെക്കുറിച്ച് ചർച്ച ചെയ്യുക.
3. 'കുഞ്ചൻനമ്പ്യാർ' എന്ന ലേഖനത്തെ മുൻനിർത്തി സാഹിത്യപഞ്ചാനനന്റെ വിമർശനരീതിയെക്കുറിച്ച് കുറിപ്പെഴുതുക.
4. സാഹിത്യപഞ്ചാനനന്റെ സാഹിത്യസംഭാവനകളെ മുൻനിർത്തി കുറിപ്പെഴുതുക.
5. സാഹിത്യപഞ്ചാനനന്റെ വിമർശനത്തിൽ പാശ്ചാത്യ-പൗരസ്ത്യ വിമർശനധാരകളുടെ സ്വാധീനം എത്രത്തോളമുണ്ടെന്ന് കണ്ടെത്തുക.

## Suggested Readings


1. വത്സലൻ വാതുശ്ശേരി, മലയാളസാഹിത്യനിരൂപണം അടരുകൾ അടയാളങ്ങൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. പന്മന ആർ. രാമചന്ദ്രൻ നായർ, മലയാളസാഹിത്യനിരൂപണം, കറന്റ് ബുക്സ്, തൃശ്ശൂർ.
3. പി. കെ. പരമേശ്വരൻ നായർ ട്രസ്റ്റ്, മലയാളനിരൂപണം പ്രാരംഭഘട്ടം.
4. എൻ. കൃഷ്ണപിള്ള, നിരൂപണരംഗം, ഡി. സി. ബുക്സ്, കോട്ടയം.


## References


1. സുകുമാർ അഴീക്കോട്, മലയാളസാഹിത്യവിമർശനം, ഡി. സി. ബുക്സ്, കോട്ടയം.
2. സാഹിത്യ പഞ്ചാനനൻ പി. കെ. നാരായണപിള്ള, പഞ്ചാനനന്റെ വിമർശനത്രയം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.
3. ജേക്കബ് മണ്ണുംമൂട്, മലയാളവിമർശനത്തിന്റെ പൂർവ്വമുഖം, കറന്റ് ബുക്സ്, തൃശ്ശൂർ.

# 2. ചിത്രയോഗനിരൂപണം

**കുമാരനാശാൻ**

## Learning Outcomes

- നിരൂപകരായ കവികളെ പരിചയപ്പെടുന്നു
- നിരൂപണത്തിലൂടെ ഉരുത്തിരിഞ്ഞ സംവാദമണ്ഡലത്തെക്കുറിച്ച് മനസിലാക്കുന്നു
- നിരൂപകനെന്ന നിലയിൽ കുമാരനാശാന്റെ സംഭാവനകൾ പരിചയപ്പെടുന്നു
- കുമാരനാശാന്റെ വിമർശനശൈലിയെക്കുറിച്ച് അറിവ് നേടുന്നു

## Background

ആധുനികമലയാളസാഹിത്യത്തിൽ നിസ്തുലപ്രഭാപൂരിതമായ സംഭാവനകൾ കൊണ്ടു ഉയർന്നു നില്ക്കുന്ന കവിത്രയമാണ് ആശാൻ(1878), ഉള്ളൂർ(1877), വള്ളത്തോൾ(1879). ഇവർ മൂവരും സംസ്കൃതത്തിലും മലയാളത്തിലും മികച്ച പാണ്ഡിത്യമുള്ളവരും ഏതാണ്ട് സമപ്രായക്കാർ എന്ന നിലയിൽ ഒരേ ചരിത്രപശ്ചാത്തലത്തിൽ ജീവിച്ചവരുമാണ്. കൂട്ടത്തിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം ശരിക്കു ലഭിച്ചതു ഉള്ളൂരിനാണ്. വള്ളത്തോളിനും ഇംഗ്ലീഷ് ഭാഷയുമായി തീരെ പരിചയമുണ്ടായിരുന്നില്ലെങ്കിലും പാശ്ചാത്യനാടുകളിലെ സാഹിത്യപ്രവണതകളെക്കുറിച്ചു അദ്ദേഹം മനസിലാക്കിയിരുന്നു. സംസ്കൃതത്തിൽ ഉപരിപഠനത്തിനായി 22-ാമത്തെ വയസ്സിൽ ബാംഗ്ലൂരിലേയ്ക്കു പോയ കുമാരനാശാൻ സംസ്കൃതം മാത്രമല്ല, ഇംഗ്ലീഷും തമിഴും സ്വന്തമായി പഠിച്ചു. ഇംഗ്ലീഷിലുള്ള കവിതയും കഥയും വായിച്ചാസ്വദിക്കത്തക്കവണ്ണം അദ്ദേഹം ആ ഭാഷയിൽ അവഗാഹം നേടിയിരുന്നു. ബാംഗ്ലൂർ, മദ്രാസ്, കൽക്കത്ത എന്നീ നഗരങ്ങളിൽ അഞ്ചുവർഷത്തോളം ചെലവഴിച്ച ആശാൻ ഒരു വലിയ സംസ്കാരാഘാത (culture- shock) ത്തിനു വിധേയനായി. വിവേകാനന്ദന്റെയും ടാഗൂറിന്റെയും ജന്മദേശം വലിയൊരു സാംസ്കാരിക നവോത്ഥാനത്തിന്റെ വേലിയേറ്റത്തിൽ ത്രസിച്ചു കൊണ്ടിരുന്ന ഒരു കാലഘട്ടമായിരുന്നു അത്(1895-1900). കൽക്കത്തയിലെ ജീവിതവും സംഭവങ്ങളും പഠനങ്ങളും അദ്ദേഹത്തിന്റെ വീക്ഷണത്തിലും സമീപനത്തിലും വലിയ പരിവർത്തനം സൃഷ്ടിച്ചു. നവോത്ഥാന പ്രവണതകൾ നേരിട്ടുള്ള ആഘാതത്തിലൂടെ ചൈതന്യം തുളുമ്പുന്ന വികാരപ്രവാഹത്തിലൂടെ, ആശാന്റെ ഹൃദയത്തിലേക്കും മസ്തിഷ്കത്തിലേക്കും പ്രവേശിച്ചു. തിരിച്ചെത്തിയ ശേഷം ആശാൻ സംഘടനാപ്രവർത്തനങ്ങളിൽ വ്യാപൃതനായി, വിവേകോദയത്തിന്റെ പത്രാധിപരായി. അങ്ങനെ ഗദ്യരചന ഒരാവശ്യമായി വന്നു. ആത്മാവിന്റെ സവിശേഷപ്രേരണയുണ്ടാകുമ്പോൾ മാത്രം പദ്യരചനയും നടന്നു. 51 വയസ്സായപ്പോഴേക്കും അദ്ദേഹത്തിന് ഇഹലോകജീവിതം വെടിയേണ്ടിവന്നു.

കവിതകളുടെ സാമൂഹികപ്രസക്തിയും ശക്തിയും നവീനതയും കൊണ്ട് കുമാരനാശാനെ ഒരു മഹാകവിയായി കരുതുവാനാണു പൊതുജനം ആഗ്രഹിക്കുന്നത്. ആശാനെ അടിസ്ഥാനമാക്കി പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ജീവചരിത്രങ്ങളും നിരൂപണങ്ങളും പദ്യസംഭാവനകളിൽ ശ്രദ്ധകേന്ദ്രീകരിക്കുകയും ഗദ്യസംഭാവനകളെ ഏറെ അവഗണിക്കുകയും ചെയ്തിരിക്കുന്നു. വിവേകോദയത്തിലും മറ്റുമായി ആശാൻ എഴുതിയ ലേഖനങ്ങൾ പിൽക്കാലത്ത് സമാഹരിക്കപ്പെട്ടിട്ടുണ്ട്. പത്രാധിപന്മാർ സാധാരണ അവലംബിക്കാറുള്ള ഞങ്ങൾ പ്രയോഗം വിവേകോ

ദയം പത്രാധിപരും സ്വീകരിച്ചിട്ടുണ്ടെങ്കിലും, ഈ നിരൂപണങ്ങളെല്ലാം ആശാന്റെ തൂലികയിൽ നിന്നു വന്നതാണെന്നതിനെക്കുറിച്ച് എതിരഭിപ്രായമില്ല. കവിയായ ആശാന്റെ കാവ്യബോധത്തെ ക്കുറിച്ചും നിരൂപണശൈലിയെക്കുറിച്ചും മനസിലാക്കാൻ ഈ സമാഹാരം വളരെയധികം ഉപക രിക്കും.

## Keywords

കവികളുടെ നിരൂപണശൈലി - പത്രങ്ങളിൽ നടന്നിരുന്ന വാദപ്രതിവാദങ്ങളുടെ അന്തരീ ക്ഷം - ആശാന്റെ നിരൂപണരീതി

## Discussion

> ▶ വിവേകോദയ ത്തിന്റെ പത്രാ ധിപർ

വിവേകോദയത്തിന്റെ പത്രാധിയാപരായിരിക്കെ കുമാരനാശാൻ എഴുതിയ ഒരു പുസ്തകനിരൂപണമാണ് വള്ളത്തോളിന്റെ ചിത്രയോ ഗം നിരൂപണം. നിരൂപണത്തിന്റെ ധർമ്മത്തെ ഉൾക്കൊണ്ട നിരൂപ കനായിരുന്നു കുമാരനാശാൻ. മലയാളത്തിലെ സംസ്കൃത ആലങ്കാ രികന്മാരുടെ പ്രൗഢവാദരീതിയിലുള്ള ഏറ്റവും പ്രഗല്ഭമായ ഒരു വിമർശനമാണ് ആശാന്റെ ചിത്രയോഗനിരൂപണം എന്ന് സുകുമാർ അഴീക്കോട് അഭിപ്രായപ്പെടുന്നു.

കുമാരനാശാൻ വിവേകോദയം മാസികയുടെ പത്രാധിപർ എന്ന നിലയിലാണ് പുസ്തകങ്ങളെ വിമർശിച്ചിട്ടുള്ളത്. ആ പുസ്തകാഭി പ്രായങ്ങളെ സമാഹരിച്ച് 'കുമാരനാശാന്റെ ഗദ്യലേഖനങ്ങൾ' എന്ന പേരിൽ തോന്നയ്ക്കൽ കുമാരനാശാൻ സ്മാരകകമ്മിറ്റി പുസ്തകം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. എൻ. കെ. ദാമോദരൻ പ്രസാധനം ചെയ്ത ഗ്രന്ഥം ആശാൻ എന്ന സാഹിത്യവിമർശകനെ നല്ലതുപോലെ മന സ്സിലാക്കാൻ ഉപകരിക്കും. തന്റെ സാഹിത്യനിരൂപണ സമ്പ്രദായത്തെ പ്പറ്റി ആശാൻ പ്രഖ്യാപിച്ചിരിക്കുന്നത് ഇപ്രകാരമാണ്. 'ആളു വില കല്ലുവില' എന്ന നയമനുസരിച്ച് ഗ്രന്ഥാഭിപ്രായം പറയുന്ന ശീലം ഞങ്ങൾക്കില്ല. എന്നുതന്നെയല്ല കൃത്രിമരത്നങ്ങളുടെ പ്രചാരം വർദ്ധി ച്ചുവരുന്ന ഇക്കാലത്ത് കല്ലു പരിശോധിച്ചു നോക്കാതെ വില നിർണ്ണ യിക്കുന്നത് ആശാസ്യമല്ല. ഈ തത്വം തൊണ്ണൂറ്റൊമ്പതു ശതമാനവും ആശാൻ പ്രായോഗികമാക്കിയിട്ടുണ്ട്.

> ▶ ആശാൻ എന്ന സാഹിത്യവിമർ ശകൻ

വള്ളത്തോളിന്റെ ചിത്രയോഗത്തെപ്പറ്റി എഴുതിയ ഖണ്ഡനനിരൂപ ണമാണ് ഒരു കാവ്യനിരൂപകൻ എന്ന നിലയിൽ ആശാനുണ്ടായിരുന്ന അന്യാദൃശവൈദഗ്ധ്യം വെളിപ്പെടുത്തിയത്. പന്തളം കേരളവർമ്മയു ടെ രുക്മാംഗദചരിതം മഹാകാവ്യത്തിൽ ശബ്ദഭംഗിയേ ഉള്ളൂ എന്നത് ഒരു വാസ്തവമാണ്. അക്കാര്യം ആശാൻ സൂചിപ്പിച്ചിട്ടുമുണ്ട്. ഉള്ളൂ രിന്റെ ഉമാകേരളത്തിൽ ഗുണവും ദോഷവുമുള്ളതായി വ്യക്തമായി ത്തന്നെ പറഞ്ഞിരിക്കുന്നു. മാത്രമല്ല, ഉമാകേരളം മലയാളത്തിൽ ശാ ശ്വതമായി പരിലസിക്കുമെന്നു പ്രസ്താവിക്കാനും മടിച്ചിട്ടില്ല. ആ

> ▶ ചിത്രയോഗ ത്തെപ്പറ്റി എഴു തിയ ഖണ്ഡന നിരൂപണം

നിരീക്ഷണം ഒരു പ്രവചനം പോലെ ആകുകയാണു ചെയ്തത്.

ചിത്രയോഗത്തെപ്പറ്റി ആശാൻ ആദ്യം എഴുതിയ ലഘുനിരൂപണം കണ്ടിട്ട് വി. ഉണ്ണികൃഷ്ണൻ നായർ ഒരു പ്രത്യാഖ്യാനം എഴുതി. അത് പ്രകോപനപരമായി ഭവിച്ചു. സ്വാഭിപ്രായം സമർത്ഥിക്കാൻ ആശാൻ തന്റെ വിശ്വരൂപം കാണിക്കുകതന്നെ ചെയ്തു. അത് എഴുതിത്തീർന്നപ്പോൾ വളരെ രൂക്ഷമായിപ്പോയി എന്ന് ആശാനു തോന്നി. അതുകൊണ്ടാണ് ക്ഷമാപണരൂപത്തിൽ ചില വാക്യങ്ങൾ അവസാനഭാഗത്തു ചേർത്തിരിക്കുന്നത്. ആശാൻ ചൂണ്ടിക്കാണിച്ച മുഖ്യദോഷങ്ങളിൽ ഒന്ന് ചിത്രയോഗത്തിലെ പല ശ്ലോകങ്ങളും കാളിദാസന്റെ രഘുവംശത്തിൽ ഉള്ള ശ്ലോകങ്ങളുടെ തർജമയോ ഏകദേശവിവർത്തനമോ ആയിപ്പോയിട്ടുണ്ടെന്നുള്ളതാണ്. കാളിദാസന്റെ ആശയങ്ങൾ ആശാനും വേണ്ടുവോളം സ്വീകരിച്ചിട്ടുണ്ടെന്നുള്ളത് ഇത്തരത്തിൽ ചൂണ്ടിക്കാണിക്കാം. എന്നാൽ ആശാൻ ഒരു പുതുമ വരുത്തിയിട്ടാണ് അത്തരം ആശയങ്ങൾ ആവിഷ്ക്കരിച്ചിട്ടുള്ളത്. അത്തരം നവീനത വരുത്താൻ വള്ളത്തോളിനു സാധിച്ചില്ല.

> ▶ നവീനത വരുത്താൻ വള്ളത്തോളിനു സാധിച്ചില്ല.

മറ്റൊരു ദോഷം ഭാഷാസംസ്കൃതപദങ്ങളെ അനുചിതമായി സന്ധി ചെയ്തിട്ടുണ്ടെന്നുള്ളതാകുന്നു. ശരത് + നിലാവ് = ശരന്നിലാവ്, തത് + തുട = തത്തുട മുതലായവ ഉദാഹരണം. 'തടിദാഭ' എന്ന പ്രയോഗത്തിന് 'വിദ്യുല്ലതാംഗി' എന്ന പ്രയോഗം കേൾക്കുമ്പോളുണ്ടാകുന്ന സുഖമല്ല മറിച്ച് 'തടിക്കഴുത' എന്ന വാക്കു കേട്ടാലുണ്ടാകുന്ന അനുഭവമാണ് ഉളവാകുന്നതെന്ന് ആശാൻ നിർദ്ദയം പ്രസ്താവിച്ചു. അങ്ങിങ്ങു കാണുന്ന 'ഒടിച്ചുകുത്തലുകൾ' മുതലായവയെയും ആക്ഷേപിച്ചിട്ടുണ്ട്. ഏറ്റവും വലിയ ദോഷമായി ആശാൻ ചൂണ്ടിക്കാണിച്ചത് പഴയ അമ്പലങ്ങളിലെ കുതിരകെട്ടുപോലെയുള്ള ഒരു ഏർപ്പാടായിപ്പോയി ചിത്രയോഗം മഹാകാവ്യം എന്നതാണ്. വേണ്ടത്ര ഗൗരവമില്ലാത്ത ഒരു കഥയെ ആസ്പദമാക്കിയാണ് ആ മഹാകാവ്യം രചിച്ചിരിക്കുന്നത്. സംഹാരാത്മകമായ ഗ്രന്ഥനിരൂപണം നടത്തിയപ്പോൾ ചിത്രയോഗത്തിന്റെ ചില ഭംഗികൾ ആശാൻ കണ്ടില്ല. തന്റെ നിരൂപണം വളരെ കടുത്തുപോയി എന്ന് ആശാനു തോന്നിയിരിക്കണം. അതുകൊണ്ടാണല്ലോ അവസാനഭാഗത്തു ക്ഷമാപണരൂപത്തിൽ ഒരു വാക്യം എഴുതിയിരിക്കുന്നത്.

> ▶ ചിത്രയോഗം മഹാകാവ്യത്തെ നെടുങ്കുതിരയോട് ഉപമിച്ചിരിക്കുന്നു

വള്ളത്തോളിന് ആ നിശിതനിരൂപണം പരോക്ഷമായി ഗുണം ചെയ്തുവെന്നും അദ്ദേഹത്തിന്റെ അനന്തരകാലരചനകൾ മെച്ചപ്പെടുത്താൻ പ്രേരണ നൽകിയത് ആശാന്റെ വിമർശനമാണെന്നും ചിലർ പ്രസ്താവിച്ചിട്ടുണ്ട്. മഹാകാവ്യം എന്ന സങ്കല്പനത്തോടുള്ള ഭിന്നാഭിപ്രായവും അതിന്റെ അപ്രസക്തിയെ കുറിച്ചുള്ള ബോധ്യവും തന്നെയാവണം ആശാനെ മഹാകാവ്യരചനയിൽ നിന്ന് അകറ്റി നിർത്തിയത്. ഭാരതീയ സാഹിത്യസിദ്ധാന്തങ്ങളുടെ സ്വാധീനം പ്രകടമാവുന്ന നിരൂപണമാണിത്. നിരൂപണത്തെക്കാൾ വിശദമായ ചർച്ച ഇതിനെ തുടർന്നുണ്ടായ പ്രത്യാഖ്യാനത്തിലും അതിന് കുമാരനാശാൻ എഴുതിയ മറുപടിയിലും ഉണ്ട്.

> ▶ ചിത്രയോഗത്തിന്റെ ചില ഭംഗികൾ ആശാൻ കണ്ടില്ല

## Summarised Overview

കൃതിയേയും കർത്താവിനേയും പരിചയപ്പെടുത്തിക്കൊണ്ടാണ് ലേഖനം ആരംഭിക്കുന്നത്. ഇതിവൃത്തസ്വീകരണത്തെ പറ്റി പറഞ്ഞു തുടങ്ങുന്ന ലേഖകൻ കാവ്യത്തിന്റെ ആദ്യവരി തന്നെ ആവർത്തനവിരസമാണെന്ന് പറയുന്നു. വിശാലമായ വർണ്ണനകൾക്ക് വേണ്ടി കാവ്യത്തെ ബലി കഴിപ്പിച്ചിരിക്കുന്നതായും ലേഖകൻ കണ്ടെത്തുന്നു. അലങ്കാരത്തിന്റെ ആധിക്യവും പൂർവകൃതികളുടെ അനുകരണവും മഹാകാവ്യസങ്കൽപ്പത്തിന്റെ അപ്രസക്തിയെയും മുൻനിർത്തി ചിത്രയോഗത്തെ ആശാൻ 'നെടുങ്കുതിര'യോട് ഉപമിച്ചുകൊണ്ട് നിശിതമായി വിമർശിക്കുന്നു.

ഇതിവൃത്തസ്വീകരണത്തിലെ പുതുമയില്ലായ്മ, ആശയവിശേഷങ്ങളുടെ അനുകരണം, അനുകരണം തന്നെ തർജമയായി പോകുന്ന അവസ്ഥ തുടങ്ങിയവ കൂടി ലേഖകൻ പറഞ്ഞു വെക്കുന്നു. നിരർത്ഥം, അപുഷ്ടാർത്ഥം, നേയാർത്ഥം തുടങ്ങിയ കാവ്യദോഷങ്ങൾ കാരണമുള്ള വൈരൂപ്യവും ആശാൻ ചിത്രയോഗത്തിൽ കണ്ടെത്തുന്നു.

കവികളായ ചിലർ ഗദ്യം എഴുതുമ്പോഴും കാവ്യാത്മകമായ ശൈലി അവലംബിക്കാറുണ്ട്. എന്നാൽ കുമാരനാശാന്റെ ഗദ്യം കാര്യമാത്രപ്രസക്തവും ഋജുവുമാണ്. ചില കാര്യങ്ങൾ പറയുവാനാണ് അദ്ദേഹം ഗദ്യലേഖനങ്ങൾ എഴുതിയത്. ചെറുതും വലുതുമായ പുസ്തകാഭിപ്രായങ്ങളും സാഹിത്യനിരൂപണങ്ങളും ഈ സമാഹാരത്തിലുണ്ട്. നിരൂപകന്റെ സ്വഭാവം അറിയുന്നതിനായി ചില ഗദ്യകൃതികളും ചില വിവർത്തനങ്ങളും കാവ്യങ്ങളും അദ്ദേഹം കൈകാര്യം ചെയ്തത് എങ്ങനെ എന്ന് വായിച്ചുതന്നെ അറിയേണ്ടതാണ്.

## Assignments

1. ചിത്രയോഗത്തെ നെടുങ്കുതിരയോട് ഉപമിക്കുന്നതിന്റെ കാരണമെന്ത്?
2. ചിത്രയോഗത്തിൽ ആശാൻ കാണുന്ന കാവ്യദോഷങ്ങൾ ഏതൊക്കെ?
3. ചിത്രയോഗനിരൂപണത്തെ മുൻനിർത്തി ആശാന്റെ വിമർശനശൈലിയെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.
4. ആനുകാലികങ്ങളിലെ പുസ്തകനിരൂപണങ്ങളെ ചുറ്റിപ്പറ്റി രൂപംകൊണ്ട സംവാദമണ്ഡലത്തെക്കുറിച്ച് ചർച്ച ചെയ്യുക.
5. ആശാന്റെ നിരൂപണങ്ങളുടെ പൊതുവായ ശൈലിയും സ്വഭാവവും എന്തൊക്കെയാണെന്ന് കണ്ടെത്തി കുറിപ്പ് തയ്യാറാക്കുക.

## Suggested Readings


1. കെ. എം. ജോർജ്ജ്, കവികൾ നിരൂപണരംഗത്ത്, കേരളസർവകലാശാല മലയാള വിഭാഗം, തിരുവനന്തപുരം.
2. എൻ. കൃഷ്ണപിള്ള, നിരൂപണരംഗം, ഡി. സി. ബുക്സ്, കോട്ടയം.
3. വത്സലൻ വാതുശ്ശേരി, മലയാളസാഹിത്യനിരൂപണം അടരുകൾ അടയാളങ്ങൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
4. പന്മന ആർ. രാമചന്ദ്രൻ നായർ, മലയാളസാഹിത്യനിരൂപണം, കറന്റ് ബുക്സ്, തൃശ്ശൂർ.
5. കുട്ടികൃഷ്ണമാരാർ, രാജാങ്കണം, മാരാർ സാഹിത്യപ്രകാശം, കോഴിക്കോട്.
6. കുട്ടികൃഷ്ണമാരാർ, കല ജീവിതം തന്നെ, കേരളസാഹിത്യഅക്കാദമി, തൃശ്ശൂർ.
7. കുമാരനാശാൻ, കുമാരനാശാന്റെ ഗദ്യലേഖനങ്ങൾ, കുമാരനാശാൻ സ്മാരക കമ്മറ്റി, എൻ. ബി. എസ്, കോട്ടയം.
8. കേസരി എ. ബാലകൃഷ്ണപിള്ള, കേസരിയുടെ സാഹിത്യവിമർശനങ്ങൾ, നാഷണൽ ബുക്സ്റ്റാൾ, കോട്ടയം.


## References


1. സുകുമാർ അഴീക്കോട്, മലയാളസാഹിത്യവിമർശനം, ഡി. സി. ബുക്സ്, കോട്ടയം.
2. കുമാരനാശാൻ, നിരൂപണങ്ങൾ, ശാരദാ ബുക്ക് ഡിപ്പോ.
3. ജേക്കബ് മണ്ണുംമൂട്, മലയാളവിമർശനത്തിന്റെ പൂർവമുഖം, കറന്റ് ബുക്സ്, തൃശ്ശൂർ.
4. വത്സലൻ വാതുശ്ശേരി, മലയാളസാഹിത്യനിരൂപണം അടരുകൾ അടയാളങ്ങൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

# പൗരസ്ത്യവും പാശ്ചാത്യവുമായ സൗന്ദര്യവിചാരങ്ങൾ

## BLOCK-02

### Block Content


യൂണിറ്റ് - 1 പൗരസ്ത്യവും പാശ്ചാത്യവുമായ സൗന്ദര്യ വിചാരങ്ങളുമായുള്ള അഭിമുഖീകരണങ്ങൾ

യൂണിറ്റ് - 2

1. കലയും വൈരൂപ്യവും - കേസരി ബാലകൃഷ്ണപ്പിള്ള
2. ഇതിഹാസകഥാപാത്രങ്ങൾ - കുട്ടികൃഷ്ണമാരാർ

യൂണിറ്റ് - 3

1. കലയും കാലവും - എം. പി. പോൾ
2. തോട്ടിയുടെ മകൻ - ജോസഫ് മുണ്ടശ്ശേരി

യൂണിറ്റ് - 4

1. വള്ളത്തോൾക്കവിതകളും ദേശീയപ്രസ്ഥാനവും - ഇ. എം. എസ്.
2. കടുന്തുടിയും ഓടക്കുഴലും - എം. ഗോവിന്ദൻ

# Unit 1 പൗരസ്ത്യവും പാശ്ചാത്യവുമായ സൗന്ദര്യവിചാരങ്ങൾ

## Learning Outcomes

- പാശ്ചാത്യവും പൗരസ്ത്യവുമായ സൗന്ദര്യവിചാരങ്ങളെ പരിചയപ്പെടുന്നു
- പുരോഗമന സാഹിത്യത്തിന്റെ ആശയധാരകൾ ഗ്രഹിക്കുന്നു
- മാർക്സിയൻ സമീപനരീതിയെക്കുറിച്ച് അറിവു നേടുന്നു
- നവോത്ഥാനകാലഘട്ടത്തെക്കുറിച്ച് വിവരം ലഭിക്കുന്നു
- കേസരി മുതൽ പി. കെ. ബാലകൃഷ്ണൻ വരെയുള്ള നിരൂപകരെക്കുറിച്ച് സാമാന്യ ധാരണ നേടുന്നു

## Background

സാഹിത്യകാരന്മാരെയും സാഹിത്യകൃതികളെയും പറ്റി പലമട്ടിലുണ്ടായിട്ടുള്ള വിചിന്തനങ്ങളെല്ലാം ഉൾച്ചേർത്തുകൊണ്ടാണ് ഡ്രൈഡൻ 'ക്രിട്ടിസിസം'(വിമർശനം) എന്ന പദം ഇംഗ്ലീഷിൽ ഉപയോഗിച്ചത്. വിമർശനപരമായ സ്വഭാവത്തോടുകൂടിയ എല്ലാത്തരം എഴുത്തിനെയും വിമർശനസാഹിത്യം (Critical Literature) എന്ന് വിളിച്ചുപോന്നു. ഈ സാഹിത്യപ്രസ്ഥാനത്തിൽ മൂന്നു പ്രധാന വിഭാഗങ്ങളുണ്ട്. അവ നിയാമകവിമർശനം (Legislative Criticism), സൈദ്ധാന്തികവിമർശനം (Theoretical Criticism), വിവരണാത്മകവിമർശനം( Descriptive Criticism) എന്നിവയാണ്. കവികൾ 'എങ്ങനെ എഴുതണം' എന്ന നിർദ്ദേശങ്ങളും ഉപദേശങ്ങളും ഗൗരവപൂർവം നൽകുന്ന കൃതികൾ ഏതു ഭാഷയിലും ആദ്യഘട്ടങ്ങളിൽ സുലഭമായിരിക്കും.

എ. ആറിന്റെ കാലത്തും മറ്റുമുണ്ടായ നിരൂപണപ്രവണതകളെ പൂർണ്ണമായി ഉൾക്കൊള്ളാനും പുതിയ മാനങ്ങളിലേക്ക് അവയെ നയിക്കാനും കഴിവുറ്റ അനവധി നിരൂപകന്മാർ ഇരുപതാം നൂറ്റാണ്ടിന്റെ രണ്ടാം പാദത്തിലുണ്ടായി. അക്കൂട്ടത്തിൽ എടുത്തുപറയേണ്ട പേരുകളാണ് ജോസഫ് മുണ്ടശ്ശേരി, കുട്ടികൃഷ്ണമാരാർ, എ. ബാലകൃഷ്ണപിള്ള(കേസരി), എം. പി. പോൾ തുടങ്ങിയവരുടേത്. വ്യവഹാരസൗകര്യത്തിനുവേണ്ടി നിരൂപകചതുഷ്ടയമെന്ന് ഇവരെ വിളിക്കുന്നു. പൗരസ്ത്യവും പാശ്ചാത്യവുമായ നിരൂപണപദ്ധതികളുടെ സ്വാധീനം ഈ ഘട്ടത്തിലെ നിരൂപകരുടെ പ്രധാനപ്പെട്ട സവിശേഷതയാണ്.

പാശ്ചാത്യവും പൗരസ്ത്യവുമായ സാഹിത്യദർശനങ്ങളെ സമന്വയിപ്പിച്ചുകൊണ്ടുള്ള ഒരു അനുരഞ്ജന സാഹിത്യദർശനം അവതരിപ്പിച്ച നിരൂപകനാണ് പ്രൊഫ. ജോസഫ് മുണ്ടശ്ശേരി. അദ്ദേഹം ഭാരതീയ സൗന്ദര്യശാസ്ത്രശിക്ഷണത്തിൽ നിന്നുകൊണ്ട് തന്നെ ഉത്പതിഷ്ണുത പ്രകടിപ്പിച്ചു. കവിത്രയത്തെ സംബന്ധിച്ച് നിഷ്പക്ഷമായ ഒരു വിലയിരുത്തൽ നടത്തുകയും യാഥാസ്ഥിതികത്വത്തെ പൂർണ്ണമായും തിരസ്കരിച്ചുക്കൊണ്ട് സമകാലിക സാഹിത്യത്തിലെ നവീനപരിണാമങ്ങളെ അവതരിപ്പിക്കുകയും ചെയ്തു.

സാഹിത്യ പഞ്ചാനനൻ യാദൃച്ഛികമായി ആശാന്റെ 'കരുണ'യെക്കുറിച്ച് പ്രകടിപ്പിച്ച അഭിപ്രാ

SGOU

യത്തെ അടിമുടി ഖണ്ഡിച്ച് 1938-ൽ എഴുതിയ കരുണാനിരൂപണമാണ് മുണ്ടശ്ശേരിയെ സഹൃദയ ശ്രദ്ധയിൽപ്പെടുത്തിയത്. പിന്നീട് അദ്ദേഹം മംഗളോദയം, ആത്മപോഷിണി മുതലായ മാസികക ളിൽ തുടരെത്തുടരെ എഴുതി. എ. ആർ. പ്രകടിപ്പിച്ച നിയോക്ലാസിക് വിരോധം മുണ്ടശ്ശേരിയെ വളരെയധികം ആകർഷിച്ചിരുന്നു. സംസ്കൃതത്തിലും ഇംഗ്ലീഷിലും പ്രാഗല്ഭ്യം നേടിയ അദ്ദേ ഹം ഇരുപതാം നൂറ്റാണ്ടിലെ കവിത്രയം എന്നു വിളിക്കപ്പെടുന്ന ഉള്ളൂർ, ആശാൻ, വള്ളത്തോൾ എന്നിവരുടെ കൃതികൾ ഒന്നൊന്നായി നിരൂപണം ചെയ്തു. ഉള്ളൂരിന്റെ കവിത്വത്തെ അദ്ദേഹം ചോദ്യം ചെയ്തു.

മലയാളനിരൂപണസാഹിത്യത്തിലെ ഏകാന്തവ്യക്തിത്വം എന്ന് വിശേഷിക്കപ്പെട്ട കുട്ടികൃഷ്ണ മാരാർ ഒരു ഒറ്റയാന്റെ കരുത്തോടെ സ്വന്തമായ നിരീക്ഷണങ്ങൾ വിമർശനരംഗത്ത് അവതരിപ്പി ച്ചു. പൗരസ്ത്യ കാവ്യശിക്ഷണമാണ് മാരാർക്കുണ്ടായിരുന്നത്. വാത്മീകിയുടെ രാമൻ, നമ്മുടെ സംസ്കാരലോപം തുടങ്ങിയ ലേഖനങ്ങൾ ഈ സ്വഭാവമാണ് പ്രകടിപ്പിക്കുന്നത്. നിഷ്പക്ഷനിരൂ പണം എന്നൊന്നില്ല 'സാഹിത്യം വിദ്യയാണ്', 'കല ആത്മോന്നതിയിലേക്ക് നയിക്കണം', 'കല ജീവിതംതന്നെ' തുടങ്ങി മൗലികമായ സാഹിത്യസിദ്ധാന്തങ്ങൾ മാരാർ അവതരിപ്പിച്ചു.

സമകാലസാഹിത്യത്തിന്റെ പൂർവധാരണകളെ അടിസ്ഥാനപരമായി തന്നെ തിരുത്തി എഴു തുകയും ഒരു നവലോകനിർമ്മിതിക്ക് സാഹിത്യം ഉപയോഗിക്കേണ്ട രൂപരേഖകൾ തയ്യാറാക്കു കയും ചെയ്ത നിരൂപകൻ എന്ന പ്രാധാന്യം കേസരി എ. ബാലകൃഷ്ണപിള്ളയ്ക്കുണ്ട്. കേവ ലം ഒരു പണ്ഡിതനായ സാഹിത്യവിമർശകൻ എന്നതിനപ്പുറം ഒരു സംസ്കാര പുനനിർമ്മാതാവ് കൂടിയായിരുന്നു കേസരി എ. ബാലകൃഷ്ണപിള്ള. മലയാളത്തിൽ പിൽക്കാലത്ത് പ്രബലമാ യിത്തീർന്ന പല നൂതനസാഹിത്യപ്രവണതകൾക്കും സാഹിത്യരൂപങ്ങൾക്കും മാർഗ്ഗദർശനം നൽകിയത് കേസരിയാണ്.

മുണ്ടശ്ശേരി, മാരാർ, കേസരി എന്നിവരിൽ നിന്നും വളരെ വിഭിന്നനായ നിരൂപകനായിരുന്നു എം. പി. പോൾ (1904-52). മറ്റു മൂവരും മലയാളകവിതയിൽ വ്യാമുഗ്ധരായപ്പോൾ പോൾ അതിൽ നിന്നും വിട്ടുനിന്നു. കവിത മാത്രമല്ല, ചെറുകഥയും നോവലും നിരൂപിക്കപ്പെടാം എന്ന് മലയാള ത്തിൽ ആദ്യം സ്ഥാപിച്ചത് എം. പി. പോളാണ്.

## Keywords

പാശ്ചാത്യവും പൗരസ്ത്യവുമായ സൗന്ദര്യ വിചാരങ്ങൾ - അവയുടെ സ്വാധീനം - നവധാര കൾ- സംവാദ വേദികൾ - പുരോഗമന സാഹിത്യം - സാമൂഹിക ശാസ്ത്രപരമായ നിരൂപണം - മാർക്സിയൻ സമീപനം - നവോത്ഥാന ചിന്ത

## Discussion

പത്തൊൻപത്താം നൂറ്റാണ്ടിന്റെ അവസാനത്തിൽ ഒരു ക്ലാസ്സിക് - റൊമാന്റിക് സംഘട്ടനം മലയാളനിരൂപണത്തിലുണ്ടായി എന്നു പറയാം. മലയാളത്തിന്റെ തനതായ അഭിരുചികളും അതിന്റെമേൽ ആധിപത്യം സ്ഥാപിക്കാൻ ശ്രമിച്ച സംസ്കൃതത്തിലെ നിയമങ്ങ ളും തമ്മിലുള്ള ഏറ്റുമുട്ടലായിരുന്നു അത്. കേരളവർമ്മയുഗമെന്ന് പറയുന്ന കാലഘട്ടത്തിൽ മലയാളം സംസ്കൃതസാഹിത്യത്തിന്റെ



SGOU

ആധിപത്യത്തിലായിരുന്നു. കേരളവർമ്മയും സാഹിത്യ പഞ്ചാനനനും ഒരു പരിധിവരെ എ. ആർ. രാജരാജവർമ്മയും സംസ്കൃത സാഹിത്യനിയമങ്ങളായിരുന്നു അംഗീകരിച്ച് പോന്നിരുന്നത്. അതിനാൽ ഇവരെ ക്ലാസ്സിക്കുകൾ എന്ന് വിളിക്കാം. എന്നാൽ സ്വാഭിരുചിയാണ് പ്രധാനമെന്ന് വാദിച്ച് ഈ പ്രമാണങ്ങളെ നിഷേധിച്ചവരാണ് റൊമാന്റിക്കുകൾ. ക്ലാസ്സിക്കായിരിക്കെ തന്നെ ഇക്കൂട്ടത്തിൽ പുരോഗമനപക്ഷത്തുനിന്ന ആളാണ് എ. ആർ. രാജരാജവർമ്മ.

- ക്ലാസ്സിക്ക് - റൊമാന്റിക്ക് സംഘട്ടനം

എ. ആറിന്റെ കാലത്തും മറ്റുമുണ്ടായ മലയാളനിരൂപണങ്ങളെ പൂർണ്ണമായി ഉൾക്കൊണ്ട് പുതിയമാനങ്ങളിലേയ്ക്ക് നയിക്കാൻ പ്രാപ്തിയുള്ള നിരൂപകർ ഇരുപതാംനൂറ്റാണ്ടിന്റെ രണ്ടാം പാദത്തിലുണ്ടായി. കാൽപ്പനികപ്രസ്ഥാനത്തിനും ഭാവകാവ്യങ്ങൾക്കും ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ മലയാളത്തിൽ ശക്തമായ വേരോട്ടമുണ്ടായെങ്കിലും നിരൂപണം അതിന്റെ നിയോക്ലാസ്സിക്ക് സ്വഭാവം കൈവിട്ടിരുന്നില്ല. പുതിയ സാഹിത്യകൃതികൾ നൂതനമായ ആസ്വാദനബോധം ആവശ്യപ്പെടുന്നുണ്ടെന്നും അതിനായി നിലവിലുള്ളതിൽ നിന്ന് വ്യത്യസ്തമായ മൂല്യനിർണ്ണയരീതികൾ അവലംബിക്കേണ്ടതുണ്ടെന്നും ബോധ്യമായതോടെ പുതിയ വിമർശകർ പഴഞ്ചൻ മാമൂലുകൾക്കെതിരെ കലാപമുയർത്തി. പദവും വാക്യവും അലങ്കാരങ്ങളും കീറി മുറിച്ച് ഗുണദോഷനിരൂപണം നടത്തിയിരുന്ന സംസ്കൃതപക്ഷപാദികളുടെ വിമർശനപദ്ധതികൾ അതോടെ തകർക്കപ്പെട്ടു. ഇതോടെ സാഹിത്യത്തിന് ഒരു പുതുമാനം കൈവന്നു. ഇത്തരത്തിൽ പുതുതായി ജന്മംകൊണ്ട സാഹിത്യരൂപങ്ങൾക്ക് വസ്തുനിഷ്ഠമായ നിരൂപണങ്ങൾ സൃഷ്ടിക്കാൻ അന്നത്തെ വിമർശകർ ശ്രമിച്ചു. ഭാരതീയമായ സാഹിത്യസിദ്ധാന്തങ്ങളെ ഭാരതീയമായ താർക്കിക ബുദ്ധിയുപയോഗിച്ച് ലംഘിക്കുന്ന കുട്ടികൃഷ്ണമാരാരുടെ 'സാഹിത്യഭൂഷണം,' പൗരസ്ത്യ -പാശ്ചാത്യ സിദ്ധാന്തങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്ന ജോസഫ് മുണ്ടശ്ശേരിയുടെ 'കാവ്യപീഠിക', ഗദ്യ-പദ്യങ്ങൾക്ക് താത്വിക അടിത്തറയുണ്ടാക്കുന്ന കേസരി എ. ബാലകൃഷ്ണപിള്ളയുടെ 'രൂപമഞ്ജരി', എം. പി. പോളിന്റെ 'നോവൽസാഹിത്യം', 'ചെറുകഥാപ്രസ്ഥാനം' മുതലായവ ഇത്തരത്തിലുള്ള തുടക്കത്തിന് ഉദാഹരണമാണ്. ഇത്തരത്തിൽ ചില സുപ്രധാന കൃതികൾ രചിച്ചതിനൊപ്പം ചില സാഹിത്യസിദ്ധാന്തങ്ങൾക്ക് ജന്മം നൽകാനും ഇവർക്ക് സാധിച്ചു. ഇവർ നൽകിയ സുശക്തമായ അടിത്തറയിലൂന്നി നിരവധി നിരൂപകർ നിരൂപണങ്ങൾ നടത്തി. എം. ഗോവിന്ദൻ, ഇ. എം. എസ്. നമ്പൂതിരിപ്പാട്, കുറ്റിപ്പുഴ കൃഷ്ണപിള്ള, കെ. എൻ. എഴുത്തച്ഛൻ, ഡോ. കെ. ഭാസ്കരൻ നായർ, എ. ഡി. ഹരിശർമ്മ, ഉള്ളാട്ടിൽ ഗോവിന്ദൻകുട്ടി മേനോൻ, പി. കെ. ബാലകൃഷ്ണൻ, സി. ജെ. തോമസ്, കെ. ദാമോദരൻ, സി. എസ്. നായർ എന്നിവർ നവോത്ഥാനനിരൂപണത്തിന് മികച്ച സംഭാവനകൾ നൽകി പരിപോഷിപ്പിച്ചവരാണ്.

- ഇരുപതാം നൂറ്റാണ്ടിന്റെ രണ്ടാം പാദത്തിലുണ്ടായ നിരൂപകർ

## കല കലയ്ക്കു വേണ്ടി, കല ജീവിതത്തിനു വേണ്ടി

'കലയുടെ ലക്ഷ്യമെന്ത്?' എന്ന ചിന്തയിൽ നിന്നാണ് എല്ലാ സാഹിത്യ പ്രസ്ഥാനങ്ങളുടെയും ഉത്ഭവം. സൗന്ദര്യശാസ്ത്രജ്ഞനായ ബോംഗാർട്ടന്റെ (1714- 1762) അഭിപ്രായത്തിൽ കലയുടെ ലക്ഷ്യം സൗ

ന്ദര്യമാണ്. ഇന്ദ്രിയങ്ങൾക്ക് ആനന്ദം പകരുകയാണ് കലാസൃഷ്ടിയുടെ ഉദ്ദേശ്യം. ആ ചിന്തയാണ് പിൽക്കാലത്ത് 'കല കലയ്ക്ക് വേണ്ടി' എന്ന സിദ്ധാന്തമായി മാറിയത്. എന്നാൽ ബോംഗാർട്ടന്റെ സമകാലികനും കലാസിദ്ധാന്ത വിശാരദനുമായ സൾസറിന്റെ (1720-1777) വീക്ഷണത്തിൽ സൗന്ദര്യത്തിന്റെ അടിസ്ഥാനം നന്മയാണ്. മനോവികാരങ്ങളെ നന്മയിലേക്കും ഉണ്മയിലേക്കും എത്തിക്കുന്ന പാതയാണ് ഉത്തമകല. ആ ചിന്തയിൽ നിന്ന് ഉത്ഭവിച്ചതാണ് 'കല ജീവിതത്തിന് വേണ്ടി' എന്ന തത്വം. ഈ രണ്ട് ചിന്താരീതികളും ഏറിയോ കുറഞ്ഞോ പുരാതനകാലം മുതൽക്കേ നിലനിന്നിരുന്നതായി വേണം കരുതാൻ. പ്ലേറ്റോയുടെയും അരിസ്റ്റോട്ടിലിന്റെയും കൃതികളിൽ പോലും അവ സ്ഥാനം പിടിച്ചിട്ടുണ്ട്. എങ്കിലും സൗന്ദര്യശാസ്ത്രത്തിന്റെ പിതാവായി ലിയോ ടോൾസ്റ്റോയി വിശേഷിപ്പിച്ച ബോംഗാർട്ടന്റെ കാലം മുതൽ ഇന്നേവരെയുള്ള വിവിധ കലാസിദ്ധാന്തങ്ങളും സാഹിത്യകൃതികളും പരിശോധിച്ചാൽ ഈ രണ്ട് വീക്ഷണങ്ങളും എഴുത്തുകാർക്കിടയിൽ സജീവമാണെന്ന് കാണാം. രണ്ട് സിദ്ധാന്തങ്ങളും വ്യതിരിക്തത പുലർത്തുന്ന പ്രധാനബിന്ദു സാഹിത്യത്തിലെ ആശയപ്രചാരണമാണ്. സാഹിത്യത്തിൽ ആശയപ്രചാരണം പാടില്ലെന്നും ആവാമെന്നും രണ്ട് വീക്ഷണങ്ങൾ നിലനിൽക്കുന്നുണ്ട്. മാതൃകാസമൂഹത്തിന്റെ സൃഷ്ടിപ്പ് സ്വപ്നം കാണുന്ന ആർക്കും ഈ രണ്ട് വാദങ്ങളിലെയും അടിസ്ഥാനതത്വത്തെ അവഗണിക്കാനാവില്ല.

> ▸ 'കല ജീവിതം തന്നെ' എന്നതായിരുന്നു മാരാരുടെ വാദം

'കല കലയ്ക്കു വേണ്ടി', 'കല ജീവിതത്തിനു വേണ്ടി' എന്നീ രണ്ട് സിദ്ധാന്തങ്ങളും വിഘടിച്ചു നിൽക്കുന്നത് സൃഷ്ടിയുടെ രൂപത്തെയും ആശയത്തെയും കേന്ദ്രീകരിച്ചാണ്. അവ രണ്ടുമാണ് കൃതിയുടെ മഹത്വത്തിനും വിജയത്തിനും നിമിത്തമാകുന്നത്. ഏതെങ്കിലും ഒന്നിന്റെ അഭംഗി കൃതിയുടെ ഔചിത്യം നഷ്ടപ്പെടുത്തുന്നു. ഏത് കലാസൃഷ്ടിയിലും കലാകാരന്റെ ഹൃദയം പ്രതിബിംബിക്കും. അതാണ് കൃതിയുടെ സംസ്കാരത്തിനും മൂല്യത്തിനും നിദാനം. ലോകത്തെ എല്ലാ ഭാഷകളിലും സാഹിത്യകൃതികളിലൂടെയുള്ള ആശയപ്രചാരണം ശക്തമാണ്. എഴുത്തുകാരന്റെ ആശയലോകം തന്നെയായിരിക്കും കൃതിയിലും പ്രതിബിംബിക്കുക. സമൂഹത്തിൽ നിന്ന് നന്മയും സമത്വവും പ്രതീക്ഷിക്കുന്ന എഴുത്തുകാർ കലയുടെ മുദ്രകൾ സൂക്ഷ്മമായി ആവിഷ്കരിക്കുന്നതോടൊപ്പം ആത്മസംസ്കരണത്തിന് നിദാനമാകുന്ന മാനുഷികമൂല്യങ്ങളും സന്നിവേശിപ്പിക്കുന്നത് കാണാം.

> ▸ സാഹിത്യകൃതികളിലൂടെയുള്ള ആശയപ്രചാരണം ശക്തമാണ്

## പുരോഗമന സാഹിത്യപ്രസ്ഥാനം

1929-33-ലെ ലോകസാമ്പത്തിക പ്രതിസന്ധിക്കുശേഷം കുറച്ചുകൂടി വ്യക്തമായിപ്പറഞ്ഞാൽ, എല്ലാ സാംസ്കാരിക മൂല്യങ്ങൾക്കുമെതിരായ ഫാസിസ്റ്റ്, സ്വേച്ഛാധിപത്യത്തിന്റെ പടപ്പുറപ്പാടിനുശേഷം വിശ്വസാഹിത്യത്തിലാവിർഭവിച്ച ഒരു പുതിയ പ്രസ്ഥാനമാണ് പുരോഗമന സാഹിത്യം. 1934-ൽ റോമിള്ളോത്ത്, ഹെൻറി ബാർബൂസ്സേ, ലൂയി ആരഗൻ തുടങ്ങിയ വിശ്വസാഹിത്യകാരൻമാരുടെ നേതൃത്വത്തിൽ പാരീസ്സിൽ വച്ചു നടന്ന സാഹിത്യസമ്മേളനമാണ് ഈ പുതിയ പ്രസ്ഥാനത്തിനടിത്തറയിട്ടത്. ആ സമ്മേളനത്തിൽ പങ്കെടുത്ത സജ്ജാദ് സഹീറിന്റെയും സാമ്രാജ്യവിരോധികളായ മറ്റു ചില ഇന്ത്യൻ സാഹിത്യകാരൻമാരുടെയും പരിശ്രമഫലമായി 1935-ൽ ലക്നൗവിൽ വച്ചു ഹിന്ദി സാഹിത്യ

സാമ്രാട്ടായിരുന്ന ശ്രീ. പ്രേംചന്ദിന്റെ അദ്ധ്യക്ഷതയിൽ ഒരു അഖിലേന്ത്യാ പുരോഗമന സാഹിത്യസമ്മേളനം ചേർന്നു. ആ സമ്മേളനത്തിൽ നിന്നുടലെടുത്ത അഖിലേന്ത്യാ പുരോഗമന സാഹിത്യസംഘടനയുടെ കേരളശാഖ 1937-ൽ ജീവൽസാഹിത്യസംഘമെന്നപേരിൽ ജന്മമെടുത്തു. 1942-നുശേഷം അത് പുരോഗമന സാഹിത്യസംഘമെന്ന പേരിലാണറിയപ്പെടുന്നത്. വ്യക്തമായ ചില സാമൂഹ്യാവശ്യങ്ങൾ നിർവഹിയ്ക്കാൻ വേണ്ടിയാണ് പുരോഗമന സാഹിത്യപ്രസ്ഥാനം ആവിർഭവിച്ചത്. സാമൂഹ്യപുരോഗതിയ്ക്കുവേണ്ടി ബോധപൂർവം സാഹിത്യരചന നടത്തുന്നവരുടെ പ്രസ്ഥാനമാണത്.

▶ സാമൂഹ്യപുരോഗതിക്കുവേണ്ടി ബോധപൂർവം സാഹിത്യരചന നടത്തുന്നവരുടെ പ്രസ്ഥാനമാണത്

## പുരോഗമന സാഹിത്യപ്രസ്ഥാനവും മാർക്സിസവും

1929-33-ലെ സാമ്പത്തികക്കുഴപ്പവും അതിനെതുടർന്ന് സാമ്പത്തിക-സാമൂഹ്യ-രാഷ്ട്രീയ രംഗങ്ങളിലുണ്ടായ സംഭവവികാസങ്ങളും മനുഷ്യന്റെ ഭൗതികജീവിതത്തിലെന്നപോലെ മാനസിക മണ്ഡലത്തിലും ചില വമ്പിച്ച പരിവർത്തനങ്ങളുണ്ടാക്കി. സാമൂഹ്യജീവിതത്തിലെ സംഘട്ടനങ്ങൾ മാനസികമണ്ഡലത്തിലും പ്രതിഫലിച്ചു. ഒരുഭാഗത്ത്, കാലഹരണം വന്ന സാമ്രാജ്യത്വശക്തികളുടെ ചൂഷണത്തേയും യുദ്ധപരിശ്രമങ്ങളേയും ന്യായീകരിക്കാനും നിലനിർത്താനും വേണ്ടിയുള്ള അധഃപതനോന്മുഖമായ സാഹിത്യസാംസ്കാരികപ്രവർത്തനങ്ങൾ; മറുഭാഗത്ത്, ജനങ്ങളുടെ ഭാഗത്തുറച്ചുനിന്നുകൊണ്ടു സാംസ്കാരിക മൂല്യങ്ങൾക്കുനേർക്കുള്ള ആക്രമണങ്ങളെ തടയുവാനും സ്വാതന്ത്ര്യത്തിന്റെയും സമാധാനത്തിന്റെയും ശക്തികളെ വളർത്താനും വേണ്ടിയുള്ള പുതിയ സാഹിത്യസാംസ്കാരിക പ്രയത്നങ്ങൾ, രണ്ടാമത്തേതിന്റെ പ്രതിനിധികളാണ് പുരോഗമന സാഹിത്യകാരൻമാർ. കേരളത്തിൽ തൊഴിലാളിപ്രസ്ഥാനവും കർഷകപ്രസ്ഥാനവും വളരാൻ തുടങ്ങിയതോടുകൂടി സാർവദേശീയ സോഷ്യലിസത്തിന്റെ സ്വാധീനശക്തിയും മെല്ലെ മെല്ലെ പടർന്നുപിടിക്കാൻ തുടങ്ങി. ആ ഘട്ടത്തിലാണ്, സാമ്രാജ്യത്വവിരോധികളും വളർന്നുവരുന്ന ബഹുജനപ്രസ്ഥാനങ്ങളുടെ നേതാക്കൻമാരുമായ ചില ചെറുപ്പക്കാരായ എഴുത്തുകാർ സോഷ്യലിസമെന്ന ലക്ഷ്യത്തെ മുൻനിർത്തിക്കൊണ്ട് തൊഴിലാളി - കർഷക പ്രക്ഷോഭങ്ങൾക്ക് പ്രചോദനം നൽകാൻ പറ്റിയ കവിതകളും കഥകളും നാടകങ്ങളുമായി മുന്നോട്ടു വന്നത്. കലാപരമായ വൈദഗ്ദ്ധ്യവും പരിപക്വതയും നേടിക്കഴിഞ്ഞവരായിരുന്നില്ല അവരിൽ പലരും. എങ്കിലും അവരുടെ കൃതികളിൽ സോഷ്യലിസ്റ്റ് റിയലിസത്തിന്റെ ചില അംശങ്ങൾ അടങ്ങിയിരുന്നു. അവരുടെ നേതൃത്വത്തിലാണ് 1937-ൽ ജീവൽ സാഹിത്യപ്രസ്ഥാനമാരംഭിച്ചത്.

▶ സാഹിത്യം നല്ലതാണെങ്കിൽ പ്രചാരണവും ശക്തമായിരിക്കും

അതേസമയത്തുതന്നെ നിലവിലുള്ള സാമൂഹികാവസ്ഥയുടെ ദോഷങ്ങളും വൈകൃതങ്ങളും തുറന്നുകാണിക്കുന്ന എഴുത്തുകാരുടെ എണ്ണവും കൂടിക്കൂടിവന്നു. അയിത്തം, ജാതിമേധാവിത്വം മുതലായവയ്ക്കെതിരായി, സാമൂഹ്യസമത്വത്തിനുവേണ്ടി രചന നടത്തിയ മറ്റു ചില എഴുത്തുകാരുമുണ്ടായിരുന്നു. അവരുടെ കൃതികൾ പലതിലും ക്രിട്ടിക്കൽ റിയലിസമാണ് അടങ്ങിയിരുന്നത്. ഇതെല്ലാം കൂടിയാണ് പുരോഗമന സാഹിത്യപ്രസ്ഥാനമായി വളർന്നത്.

▶ സാമൂഹ്യ വ്യവസ്ഥയുടെ ദോഷങ്ങളും വൈകൃതങ്ങളും തുറന്നു കാട്ടുന്നു

## കേസരി എ. ബാലകൃഷ്ണപിള്ള

നവോത്ഥാനത്തിന്റെ പ്രവാചകനെന്ന വിശേഷണത്തിന് അർഹനായ വിമർശകനാണ് കേസരി ബാലകൃഷ്ണപിള്ള. യാഥാസ്ഥിതികത്വത്തിനെതിരെ കലാപം കൂട്ടുകയും ഒരു നവലോകത്തിന്റെ സൃഷ്ടിക്കുള്ള മാർഗ്ഗരേഖകൾ വരച്ചിടുകയും ചെയ്ത പ്രക്ഷോഭകാരിയായ ചിന്തകനായിരുന്നു അദ്ദേഹം. രാജവാഴ്ചയ്ക്കും ദിവാൻ ഭരണത്തിനും എതിരായി സന്ധിയില്ലാതെ പോരാടിയ കേസരിയെ രാഷ്ട്രവ്യവഹാരത്തിന്റെ മണ്ഡലത്തിൽ മാത്രമല്ല, ജീവിതത്തിന്റെ സകലരംഗങ്ങളിലും നിലനിന്നിരുന്ന ജീർണ്ണതകൾ പ്രകോപിപ്പിക്കുകയുണ്ടായി. യൂറോപ്യൻ ചിന്തകളുടെ ചൈതന്യം നമ്മുടെ സാഹിത്യത്തിലേക്ക് ആവാഹിച്ച ഒരു ഫ്യൂച്ചറിസ്റ്റ് ചിന്തകനായിരുന്നു അദ്ദേഹം. തത്വചിന്താചരിത്രം, പുരാവസ്തു ശാസ്ത്രം, പുരാതന ലിപിശാസ്ത്രം, മനഃശാസ്ത്രം, ജ്യോതിഷം, ഹസ്തശാസ്ത്രം, ലൈംഗികശാസ്ത്രം എന്നിങ്ങനെ ജീവിതത്തിന്റെ ഭൗതികവും ആത്മീയവുമായ എല്ലാ വശങ്ങളെയും സ്പർശിക്കുന്ന വിജ്ഞാനമേഖലകളുമായി കേസരിയുടെ പ്രതിഭ ഗാഢബന്ധം പുലർത്തിയിട്ടുണ്ട്. ജന്മനാ പ്രക്ഷോഭകാരിയായ അദ്ദേഹം സാഹിത്യത്തിലെ യാഥാസ്ഥിതികത്വത്തിന്റെ നേരെ അസഹിഷ്ണുത പുലർത്തി. നിലവിലിരുന്ന വിശ്വാസസ്ഥാപനങ്ങളെയും മാമൂലുകളെയും ചിന്താപദ്ധതികളെയും തകർക്കണം എന്നും അവയുടെ അവശിഷ്ടങ്ങളിൽ നിന്ന് നവ്യമായ ഒരു ജീവിതസമ്പ്രദായം തന്നെ രൂപപ്പെടുത്തിയെടുക്കണമെന്നും കേസരി പ്രഖ്യാപിച്ചിട്ടുണ്ട്.

► കേസരി ബാലകൃഷ്ണപിള്ള - ഫ്യൂച്ചറിസ്റ്റ് ചിന്തകൻ

## നവലോകസൃഷ്ടി

അന്ന് സൃഷ്ടിയിൽ ഇരിക്കുകയായിരുന്ന നവലോകത്തിന്റെ രൂപവൽക്കരണത്തിന് വിലയേറിയ സംഭാവനകൾ ചെയ്യുവാൻ കലകൾക്ക് കഴിയുമെന്നാണ് കേസരി വിശ്വസിച്ചിരുന്നത്. കേരളീയ കലാകാരന്മാരുടെ മാമൂൽപ്രതിപത്തിയും പരിവർത്തനത്തോടുള്ള വൈമുഖ്യവുമാണ് നവലോകസൃഷ്ടിയ്ക്കുള്ള മുഖ്യതടസ്സമെന്ന് അദ്ദേഹം വെളിപ്പെടുത്തി. ഈ മാമൂൽപ്രതിപത്തിക്ക് കനത്തപ്രഹരമേൽപ്പിക്കുകയും മലയാളത്തിലെ പുതിയ എഴുത്തുകാരെ വിശ്വസാഹിത്യത്തിന്റെ വിസ്തൃതമായ ആശയചക്രവാളങ്ങളിലേക്ക് കൂട്ടിക്കൊണ്ടുപോവുകയും ചെയ്തുകൊണ്ട് കേസരി എ. ബാലകൃഷ്ണപിള്ള മലയാളസാഹിത്യത്തിൽ ഒരു പുതിയയുഗത്തിന്റെ സ്രഷ്ടാവായിത്തീരുകയായിരുന്നു.

► ഒരു പുതിയ യുഗത്തിന്റെ സ്രഷ്ടാവ് - കേസരി എ. ബാലകൃഷ്ണപിള്ള

ഒരു സാഹിത്യവിമർശകൻ മാത്രമായിരുന്നില്ല കേസരി 1930-കളിൽ കേരളത്തിൽ ജീവിച്ചിരുന്ന ഏറ്റവും വലിയ രാഷ്ട്രീയവിപ്ലവചിന്തകനായിരുന്നു അദ്ദേഹം. സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ ആശയങ്ങളോട് അനുകൂലനിലപാട് പുലർത്തിയിരുന്നുവെങ്കിലും അദ്ദേഹത്തേക്കാൾ വ്യക്തിപക്ഷപാതക്കുറവും വിശാലവീക്ഷണവും കേസരി പ്രദർശിപ്പിച്ചിരുന്നു സംസ്കൃതപക്ഷപാതികളായ യാഥാസ്ഥിതിക വിമർശകരിൽ ഏറ്റവും പ്രാമാണികനായിരുന്ന പി. കെ. നാരായണപിള്ളയുടെ നിലപാടുകൾ മലയാളസാഹിത്യവികാസത്തിന് യാതൊരു ഗുണവും ചെയ്യില്ലെന്ന നിലപാടായിരുന്നു കേസരിക്കുണ്ടായിരുന്നത്. സാഹിത്യപഞ്ചാനനത്വമല്ല, സാഹിത്യജംബുകത്വമാണ് പി. കെ. പ്രകടിപ്പിക്കുന്നത് എന്ന് കേസരിയിൽ ബാലകൃഷ്ണപിള്ള എഴുതി.

► രാഷ്ട്രീയവിപ്ലവ ചിന്തകൻ

SGOU

സാഹിത്യസാർവഭൗമനായി വിരാജിച്ചിരുന്ന അപ്പൻ തമ്പുരാനെയും കേസരി നിരാകരിച്ചു.

കേസരിയുടെ നിരീക്ഷണങ്ങളും സിദ്ധാന്തങ്ങളുമെല്ലാം അത്യന്തം ശാസ്ത്രീയവും യുക്തിഭദ്രവും സ്വതന്ത്രവുമായിരുന്നു. സർഗാത്മകഗദ്യത്തിനും ഗദ്യസാഹിത്യരൂപങ്ങൾക്കും കവിതയോടൊപ്പം അദ്ദേഹം സ്ഥാനംകൊടുത്തു. കുമാരനാശാനെയും സി. വി. രാമൻപിള്ളയെയും ചങ്ങമ്പുഴയെയും പൊൻകുന്നം വർക്കിയെയും സധൈര്യം മഹാകവികളെന്ന് അദ്ദേഹം വിളിച്ചു. രസനീയമായ ഏത് ഭാഷ നിബന്ധത്തെയും ഛന്ദസ്സുണ്ടെങ്കിലും ഇല്ലെങ്കിലും - കവിത എന്ന് വിളിക്കാമെന്ന് കേസരി അഭിപ്രായപ്പെട്ടു. കേസരി മലയാളഗദ്യ നവോത്ഥാനത്തിന്റെ പ്രവാചകനായിരുന്നുവെന്ന് പറയാം. അദ്ദേഹം അവതരിപ്പിച്ച നവീനസാഹിത്യവീക്ഷണം യാഥാസ്ഥിതികസാഹിത്യസങ്കല്പങ്ങളെ കടപുഴക്കി. മോപ്പസാങ്, സ്ററന്താൾ, ഇബ്സൻ, ചെക്കോവ്, ലൂയി പിരാന്തലോ എന്നിവരുടെ കൃതികൾ കേസരി പരിഭാഷപ്പെടുത്തി. ദസ്ററോവ്സ്കിയെയും മാർസൽ പ്രൂസ്റ്റിനെയും കുറിച്ച് പഠനങ്ങൾ അവതരിപ്പിച്ചു. ഇവ മലയാളസാഹിത്യത്തിൽ ഒരു നവലോക സൃഷ്ടിക്ക് കാരണമായി.

> ▶ രസനീയമായ ഏത് ഭാഷ നിബന്ധത്തെയും ഛന്ദസ്സുണ്ടെങ്കിലും ഇല്ലെങ്കിലും - കവിത എന്ന് വിളിക്കാം

കേസരി മനഃശാസ്ത്രവിമർശനത്തിന്റെയും ജീവചരിത്രവിമർശനത്തിന്റെയും സാമൂഹികവിമർശനത്തിന്റെയും താരതമ്യപുരസ്കൃത വിമർശനത്തിന്റെയും മാതൃകകൾ മലയാളത്തിന് നൽകി. സാഹിത്യപുരോഗതിയും ഒപ്പം ജീവിതപുരോഗതിയുമുണ്ടാകണമെങ്കിൽ നമ്മുടെ എഴുത്തുകാർ യൂറോപ്യൻ കലാപ്രസ്ഥാനമായ ഫ്യൂച്ചറിസത്തിന്റെ ചുവടുപിടിക്കണമെന്ന് കേസരി എ. ബാലകൃഷ്ണപിള്ള അഭിപ്രായപ്പെട്ടു. ഫ്യൂച്ചറിസത്തിലെ ഭൂതകാലനിരാസപ്രവണത, സമകാലിക ജീവിതസ്വീകരണം, വിപ്ലവാത്മകത എന്നിവ പിന്തുടരാനായിരുന്നു കേസരിയുടെ ആഹ്വാനം. ഇത് ജീവൽസാഹിത്യപ്രസ്ഥാനത്തിന്റെ ആവിർഭാവത്തിന് പശ്ചാത്തലമായി. ജീവൽസാഹിത്യകാരന്മാർക്ക് ആവിഷ്കരണത്തെ സംബന്ധിച്ചിടത്തോളം റിയലിസം, എക്സ്പ്രഷനിസം, സിംബലിസം എന്നീ മൂന്ന് സാങ്കേതിക മാർഗ്ഗങ്ങളിൽ ഒന്ന് സ്വീകരിക്കാമെന്ന് കേസരി നിർദ്ദേശിച്ചു.

> ▶ ഫ്യൂച്ചറിസം - ഭൂതകാലനിരാസപ്രവണത, സമകാലിക ജീവിതസ്വീകരണം, വിപ്ലവാത്മകത

ജീവൽസാഹിത്യകാരന്മാരുടെ നേരെയുണ്ടായ വിമർശനങ്ങളെ ഫംഗ്ഷനലിസത്തിന്റെ കൂട്ടുപിടിച്ച് ചെറുക്കാനും കേസരി തയ്യാറായി. ഒരു കൃതിയുടെ ഉദ്ദേശ്യം നിറവേറ്റാൻ വേണ്ടത് ചെയ്യുകയാണ് ഒരു കലാകാരന്റെ പ്രധാന കർത്തവ്യം എന്ന് പ്രഖ്യാപിച്ചുകൊണ്ട് അദ്ദേഹം റിയലിസത്തിനു നേരെയുള്ള ആക്രമണങ്ങളെ ചെറുത്തു. സാഹിത്യത്തിലെ പരാജയപ്രസ്ഥാനത്തിൽപ്പെട്ട ചെറുകഥാസാഹിത്യത്തിന്റെ സ്ഥാപകനായ മഹാകവി എന്ന് തകഴിയെ വിശേഷിപ്പിച്ചു.

> ▶ ഫംഗ്ഷനലിസം - റിയലിസത്തിനു നേരെയുള്ള ആക്രമണങ്ങളെ ചെറുത്തു

മറ്റുപല വൈജ്ഞാനികശാഖകളുമായി സാഹിത്യത്തെ ബന്ധപ്പെടുത്തിക്കൊണ്ട് ഒരു 'പ്ലൂറലിസ്റ്റ്' സ്വഭാവം കേസരിയുടെ വിമർശനപദ്ധതിക്കുണ്ട്. ഓരോ കൃതിയെയും അതിനു പറ്റിയ മാനദണ്ഡം ഉപയോഗിച്ച് വിമർശിക്കാൻ കേസരി തയ്യാറായി. സ്പന്ദിക്കുന്ന അസ്ഥിമാടം, നിമിഷം, കടത്തുവഞ്ചി, ഹാസ്യലഹരി എന്നിവ അപ്രകാരം വിമർശിക്കപ്പെട്ടവയാണ്. പ്രാചീനസാഹിത്യത്തെയും സിദ്ധാന്തങ്ങളെയും ചരിത്രവൽക്കരിക്കാനും മനഃശാസ്ത്രപരവും നരവംശശാസ്ത്രപരവു

> ▶ പ്ലൂറലിസ്റ്റ് സ്വഭാവം കേസരിയുടെ വിമർശന പദ്ധതിക്കുണ്ട്

മായ ഉൾക്കാഴ്ചകളുടെ പിൻബലത്താൽ അവയെ വ്യാഖ്യാനിക്കാനും കേസരി ശ്രമിച്ചു. തികഞ്ഞ ത്യാജ്യഗ്രാഹ്യാവിവേകത്തോടെ പഴമയെ വിശകലനം ചെയ്ത് സാഹിത്യാസൂത്രണത്തിന് ഉപയോഗപ്പെടുത്താനായിരുന്നു കേസരി ശ്രമിച്ചത്. പ്രാദേശികമോ ദേശീയമോ ആയ സങ്കുചിത പരിഗണനകൾ തന്റെ മൂല്യനിർണ്ണയത്തിന് പരിമിതിയായി തീരരുതെന്ന് അദ്ദേഹത്തിന് നിർബന്ധമുണ്ടായിരുന്നു.

പുതിയ സാഹിത്യരൂപങ്ങളെ ചർച്ചക്കെടുക്കുമ്പോൾ അവയ്ക്ക് സമാനമായ ഏതെങ്കിലും കലാരൂപങ്ങൾ നമ്മുടെ പാരമ്പര്യത്തിലുണ്ടോ എന്ന വസ്തുതയ്ക്കാണ് അദ്ദേഹം പ്രഥമപരിഗണന കൊടുത്തിരുന്നത്. ഇപ്രകാരം നോവലും പഴയ ആഖ്യായികയും, പഴയ സംസ്കൃതനാടകവും പുതിയ ഗദ്യനാടകവുമായി എല്ലാം തട്ടിച്ചുനോക്കി അവയുടെ സാജാത്യവൈജാത്യങ്ങൾ നിർധാരണം ചെയ്തുകൊണ്ടാണ് കേസരി പുതിയ സാഹിത്യവ്യാകരണത്തിന് രൂപമേകിയത്. പാശ്ചാത്യകലയും പൗരസ്ത്യകലയും തമ്മിലുള്ള മൗലികഭേദങ്ങളെ വിശദമാക്കാൻ കേസരി ശ്രമിച്ചിട്ടുണ്ട്. പാശ്ചാത്യകലയുടെ ജീവൻ ചലനാത്മകതയാണെങ്കിൽ പൗരസ്ത്യ കലയുടേത് നിശ്ചലതയാണെന്നും പാശ്ചാത്യകല വിപ്ലവാത്മകമാണെങ്കിൽ പൗരസ്ത്യകല യാഥാസ്ഥിതികമാണെന്നും അദ്ദേഹം പറയുന്നു.

> ▶ പൗരസ്ത്യകല യാഥാസ്ഥിതികം, പാശ്ചാത്യകല വിപ്ലവാത്മകം

പ്രസ്ഥാനനിരൂപണത്തിൽ എന്നും ഊന്നി നിന്ന കേസരി സൈദ്ധാന്തിക വിമർശനത്തിനുവേണ്ടി അധികമൊന്നും മെനക്കെടുകയുണ്ടായില്ല. പാശ്ചാത്യമോ പൗരസ്ത്യമോ ആയ സാഹിത്യസിദ്ധാന്തങ്ങളെ വിശദപഠനത്തിന് വിധേയമാക്കാൻ അദ്ദേഹം ശ്രമിച്ചില്ല. സാഹിത്യകൃതികളുടെ ഘടനയുടെ സാങ്കേതികാംശങ്ങളെ അതിസൂക്ഷ്മതയോടെയും താരതമ്യവീക്ഷണത്തോടെയും അപഗ്രഥിക്കുവാൻ അദ്ദേഹത്തിനു സാധിച്ചിട്ടുണ്ട്. സംഗീതനാടകത്തെയും നടനകലയെയും അവലംബിച്ച് അദ്ദേഹം എഴുതിയ പഠനങ്ങൾ അതിനുദാഹരണമാണ്. സാങ്കേതികഗ്രന്ഥ നിരൂപണങ്ങൾ, കുറേക്കൂടി സാങ്കേതിക നിരൂപണങ്ങൾ എന്നീ ഗ്രന്ഥങ്ങളിൽ പ്രസ്ഥാനങ്ങളെ പരിചയപ്പെടുത്താനുള്ള ശ്രമമാണ് കാണുന്നത്. ക്ലാസ്സിസം, റൊമാൻറിസിസം എന്നീ പ്രസ്ഥാനങ്ങളെക്കുറിച്ച് മലയാളത്തിൽ ആധികാരികമായ പഠനം നടത്തി. നിരവധി ഗ്രന്ഥങ്ങൾക്ക് കേസരിയെഴുതിയ അവതാരികകൾ ശ്രദ്ധേയമാണ്. ചങ്ങമ്പുഴയെയും ഇടപ്പള്ളിയെയും ശങ്കരക്കുറുപ്പിനെയും മറ്റും വിലയിരുത്തുക വഴി ഒരു പുതിയ മൂല്യനിർണ്ണയ ശൈലി സൃഷ്ടിക്കാനുള്ള ശ്രമം കൂടി കേസരി നടത്തുന്നുണ്ട്.

> ▶ പ്രസ്ഥാന നിരൂപണം, പുതിയ മൂല്യനിർണ്ണയ ശൈലി

കേസരി എ. ബാലകൃഷ്ണപിള്ളയുടെ 'രൂപമഞ്ജരി' അതുവരെയുള്ള മലയാളവിമർശനത്തിൽ പ്രാബല്യത്തിലുണ്ടായിരുന്ന പ്രമാണങ്ങളിൽ നിന്നും സങ്കേതങ്ങളിൽ നിന്നും സംജ്ഞകളിൽ നിന്നും ചിന്തയിലും ശൈലിയിലും തികച്ചും വിഭിന്നമായ ഒരു തത്വപ്രപഞ്ചത്തെ തുറന്നു കാട്ടി. രാജരാജവർമ്മയോടുള്ള ശിഷ്യത്വത്തിന്റെ പ്രതിഫലനമാണ് 'രാജരാജീയം' എന്ന കൃതിയിൽ പ്രകടമാകുന്നത്. മയൂരസന്ദേശം, സ്വപ്നവാസവദത്തം, നളചരിതം എന്നീ ഗ്രന്ഥങ്ങൾക്ക് രാജരാജവർമ്മ എഴുതിച്ചേർത്ത അവതാരിക ബാലകൃഷ്ണപിള്ളയുടെ സുദീർഘ പഠനങ്ങളിലൂടെ അവതരിപ്പിക്കുന്ന ഒരു കൃതിയാണ് രാജരാജീയം. കേസരിയുടെ വിമർശനരീതി സാങ്കേതിക കുടുക്കുകളിൽ



SGOU

- നിരൂപണത്തിലെ സാങ്കേതികത്വം
- എ. ആറിന്റെ ശിഷ്യത്വം

പ്പെട്ട് നിർവികാരമായി പോയിട്ടുള്ളതായി അഭിപ്രായമുണ്ട്. എന്തിനെയും ശാസ്ത്രീയമായി കാണുകയും വർഗീകരിക്കുകയും ചെയ്യാനുള്ള കേസരിയുടെ ഗണിതശാസ്ത്ര മനോഭാവമാണ് അദ്ദേഹത്തിന്റെ സാഹിത്യവീക്ഷണത്തെ സാങ്കേതികവും നിർജീവവുമാക്കുന്നത്.

## കുട്ടിക്കൃഷ്ണമാരാർ

- ഏകാന്തപഥികൻ - കുട്ടിക്കൃഷ്ണമാരാർ

തനതായ ചിന്താശൈലിയും ആവിഷ്കരണ ശൈലിയും പ്രകടിപ്പിച്ചുകൊണ്ട് മലയാളനിരൂപണസാഹിത്യത്തിൽ ഒരു ഏകാന്തപഥികനായി നിലകൊള്ളുന്ന വിമർശകനാണ് കുട്ടിക്കൃഷ്ണമാരാർ. മലയാളത്തിൽ സർഗാത്മകവിമർശന സമ്പ്രദായത്തിന്റെ പ്രാരംഭം മാരാരിൽ പ്രകടമാണ്. മലയാളസാഹിത്യവിമർശനത്തെ ആത്മാവിഷ്കാരത്തിന്റെ തലത്തിലേക്ക് ആദ്യമായി കൂട്ടിക്കൊണ്ടുപോയ വിമർശകനാണ് കുട്ടിക്കൃഷ്ണമാരാർ. അംഗീകൃതമായ സാഹിത്യപ്രമാണങ്ങളെ അടിസ്ഥാനമാക്കി ഗുണദോഷ വിചിന്തനം ചെയ്യുന്ന വിമർശന സമ്പ്രദായം വ്യാഖ്യാനം മാത്രമാണെന്ന് മാരാർ അഭിപ്രായപ്പെട്ടു. തന്റെ സർവവിധ ഇഷ്ടാനിഷ്ടങ്ങളോടെ വിമർശകൻ കൃതിയിലൂടെ നടത്തുന്ന തീർത്ഥയാത്രയാണ് സാഹിത്യവിമർശനമെന്ന് മാരാർ വിശ്വസിക്കുന്നു. വിമർശകന്റെ മൗലിക സിദ്ധികളിൽ വിശ്വാസമർപ്പിക്കുകയും അവക്ക് പ്രാധാന്യം കൊടുക്കുകയും ചെയ്ത മാരാർ കവിയ്ക്കെന്ന പോലെ വാസന എന്നത് വിമർശകനും അനിവാര്യമാണെന്ന നിലപാട് പുലർത്തി.

- സാഹിത്യഭൂഷണം - ആദ്യ കൃതി

നിലവിലിരുന്ന സാഹിത്യസമ്പ്രദായങ്ങളെ സധൈര്യം ചോദ്യം ചെയ്തുകൊണ്ടാണ് മാരാർ വിമർശനം നടത്തിയിരുന്നത്. എ. ആറിന്റെ ഭാഷാഭൂഷണത്തിൽ അവതരിപ്പിച്ചിരിക്കുന്ന ആശയങ്ങളെ ചോദ്യം ചെയ്തുകൊണ്ടുള്ള സാഹിത്യഭൂഷണമാണ് മാരാരുടെ ആദ്യകൃതി. ഭാഷാഭൂഷണം രചിക്കുവാൻ എ. ആറിന് മാർഗദർശകരായിട്ടുള്ള ഭാമഹാദികളെയും ആനന്ദവർദ്ധനനെയും ശക്തമായി വിമർശിക്കുന്നതിലൂടെ, അക്കാലം വരെയും സംസ്കൃതസാഹിത്യത്തിലും അതിന്റെ സ്വാധീനത്താൽ ഇന്ത്യൻ പ്രാദേശിക സാഹിത്യങ്ങളിലും നിലനിന്നുപോന്ന സാഹിത്യചിന്താപരമായ അടിമത്തത്തെ മാരാർ എതിർക്കുകയായിരുന്നു.

- നിഷ്പക്ഷ വിമർശനം എന്നൊന്നില്ല

കുട്ടിക്കൃഷ്ണമാരാരുടെ ശ്രദ്ധേയമായ ഒരു സിദ്ധാന്തമാണ് നിഷ്പക്ഷവിമർശനം എന്നൊന്നില്ല എന്നത്. വിമർശകന്റെ സൗന്ദര്യപക്ഷപാതമാണ് വിമർശനമായി രൂപം കൊള്ളുന്നത്. ഏതു വിമർശനവും വിമർശകന്റെ ആത്മസത്തയോട് ബന്ധപ്പെട്ടതാണ്. വിമർശനം പക്ഷപാതപരമായിരിക്കണം എന്നും ആത്മനിഷ്ഠമായ അഭിരുചികളല്ലാതെ സാഹിത്യവിമർശനത്തിൽ വ്യവസ്ഥാപിതമായ മറ്റു മാനദണ്ഡങ്ങൾ ഒന്നുമില്ലെന്നും മാരാർ വാദിച്ചു. ഒരു വിശിഷ്ടവ്യക്തിയുടെ ആത്മാവിഷ്കരണം മറ്റൊരു വിശിഷ്ടവ്യക്തിയിലുണ്ടാക്കിയ ഫലത്തിന്റെ കലാപരമായ ആവിഷ്കരണമാണ് വിമർശനം. വിമർശകൻ വിധികർത്താവല്ല, സ്വന്തംപക്ഷം വാദിക്കുന്ന അഭിഭാഷകൻ മാത്രമാണ്. അക്കാരണത്താൽ നിഷ്പക്ഷനിരൂപണം എന്ന വാദം ആത്മവഞ്ചനയാണെന്ന് അദ്ദേഹം തന്റെ നിലപാടിനെ വിശദീകരിച്ചു.

പ്രതിപാദനത്തിലെ സൗന്ദര്യത്തിന് മാരാർ പ്രാധാന്യം കൊടുത്തു

പദവാക്യഛന്ദസ്സുകളുടെ ഔചിത്യബന്ധുരമായ വിന്യാസനവും അവയുടെ പൊരുത്തവും കൂടിച്ചേർന്നതാണ് പ്രതിപാദനത്തിലെ സൗന്ദര്യമായിത്തീരുന്നത്. പ്രതിപാദ്യം എത്ര നന്നായാലും പ്രതിപാദന സമ്പ്രദായം ഹൃദ്യമായാലേ ഏതൊരു സാഹിത്യസൃഷ്ടിയും സുന്ദരമാകുകയുള്ളൂ എന്ന് മാരാർ അഭിപ്രായപ്പെട്ടു. പുരോഗമനസാഹിത്യകാരന്മാരുടെ പ്രതിപാദനസൗന്ദര്യവിമുഖമായ നിലപാടുകളോട് വിയോജിച്ചിരുന്ന മാരാർ തന്റേതായ ഒരു പ്രതിപാദനസിദ്ധാന്തം അവതരിപ്പിച്ചു. സൗന്ദര്യബോധവും യുക്തിബോധവും അഭിന്നമല്ലെന്ന നിലപാടാണ് മാരാർക്കുണ്ടായിരുന്നത്. പ്രതിപാദനകലയുടെ നിർമ്മാണത്തിൽ കവിമനസ്സിൽ അബോധപൂർവമായി പ്രവർത്തിക്കുന്ന ആന്തരികയുക്തിയുടെ പ്രവർത്തനഫലമായിട്ടാണ് രചയിതാക്കൾ തങ്ങളുടെ കലാസൃഷ്ടിയിൽ ക്രമീകരണം നടത്തുന്നതെന്ന് മാരാർ വാദിച്ചു.

- സൗന്ദര്യബോധവും യുക്തി ബോധവും അഭിന്നമല്ല

ആനന്ദവർദ്ധനന്റെ ധ്വനിസിദ്ധാന്തത്തെ നിരാകരിച്ചുകൊണ്ട് മഹിമഭട്ടന്റെ ആശയങ്ങളെ മാരാർ പിന്തുടരുന്നു. ധ്വനിയാണോ അനുമാനശക്തിയാണോ രസനീയതയുടെ മർമ്മം എന്ന ചോദ്യം മാരാർ മഹിമഭട്ടനെ അനുസരിച്ച് ഉന്നയിക്കുന്നു. ധ്വനിമാർഗ്ഗം കാവ്യനിഷ്ഠമാണ്. അത് കാവ്യത്തിന്റെ ബഹ്യഘടനയെ അടിസ്ഥാനമാക്കി യുള്ളതാണ്. അനുമാന മാർഗത്തിൽ സഹൃദയന്റെ പ്രതിഭാശക്തിക്കാണ് പ്രാധാന്യം അനുമാനശക്തി പ്രവർത്തിച്ചില്ലെങ്കിൽ കാവ്യത്തിന്റെ ധ്വനിഭംഗി കണ്ടെത്തുക സാധ്യമല്ല. കാവ്യാസ്വാദനത്തെ കാവ്യത്തിൽ നിന്നും വ്യക്തിയിലേക്ക് മാറ്റി പ്രതിഷ്ഠിക്കുന്ന കാൽപ്പനിക നിലപാടാണ് മഹിമഭട്ടനെ പിന്തുടരാൻ മാരാരെ പ്രേരിപ്പിക്കുന്നത്. 'സാഹിത്യം വിദ്യ'യാണ് എന്ന മാരാരുടെ വാദം ഏറെ വിവാദങ്ങൾക്ക് വഴിതെളിച്ചു. കവിതയെ രൂപതലം, അർത്ഥതലം, ഭാവതലം, സംസ്കാരതലം എന്നിങ്ങനെ നാലു തലങ്ങളായി മാരാർ തിരിച്ചു. കവിതാപഠനത്തിൽ നിന്നും ആത്യന്തികമായി നമുക്ക് ലഭിക്കേണ്ടത് മനസംസ്കരണമാണ്. ഈ മനസംസ്കരണം വിദ്യയുമായി ബന്ധപ്പെട്ടിരിക്കുന്നു.

- സാഹിത്യം വിദ്യയാണ് എന്ന മാരാരുടെ വാദം

'കല വായനക്കാരനെ ആത്മോന്നതിയിലേക്ക് നയിക്കണ'മെന്ന് മാരാർ അഭിപ്രായപ്പെട്ടു. അതിന്റെ അടിസ്ഥാനത്തിൽ നമ്മുടെ ക്ലാസിക്കുകളെയും കവിത്രയത്തിന്റെ കൃതികളെയും കാളിദാസ കാവ്യങ്ങളെയും മാരാർ മൂല്യനിർണയത്തിന് വിധേയമാക്കി പുരാണേതിഹാസങ്ങളിലെ പ്രഖ്യാതങ്ങളായ ഇതിവൃത്തങ്ങളെടുത്ത് കൈകാര്യം ചെയ്ത പിൽക്കാലകവികൾ, ഋഷികൾ അവയിൽ സംഭരിച്ചു വെച്ച സംസ്കാരസമ്പത്തിനെ മിക്കവാറും ചോർത്തിക്കളഞ്ഞെന്ന് 'നമ്മുടെ സംസ്കാരലോപം' എന്ന ലേഖനത്തിൽ കുഞ്ചൻ നമ്പ്യാരുടെ ഹാസ്യത്തെ ആക്രമിക്കുന്നു. കുഞ്ചൻ നമ്പ്യാരെ ഹാസ്യം പരകുത്സനതൃഷ്ണ നിറഞ്ഞതാണെന്നും അത് നമ്മുടെ സംസ്കാരലോപത്തിന്റെ അടയാളമാണെന്നും പ്രഖ്യാപിച്ചുകൊണ്ട് മാരാർ ശ്രദ്ധേയമായ ഒരു വിഗ്രഹഭഞ്ജകത്വം നടത്തുന്നു

- കല വായനക്കാരനെ ആത്മോന്നതിയിലേക്ക് നയിക്കണം

ക്ലാസിക്കുകളുടെ പുനർവായന മാരാരുടെ എടുത്തു പറയേണ്ട സംഭാവനയാണ്. മഹാഭാരതത്തിനും രാമായണത്തിനുമുള്ള ഉദാത്തതയും ഉത്കൃഷ്ടതയും അംഗീകരിക്കുമ്പോൾതന്നെ ക്ലാസിക്കുകളിലെ കഥാപാത്രങ്ങളെ അവരുടെ ദൈവികമായ പരിവേഷത്തോടുകൂടി

നിരീക്ഷിക്കാൻ മാരാർ തയ്യാറായില്ല. മഹാഭാരതത്തിലുടനീളം കാണുന്ന വ്യാസന്റെ ചിരിയെ മാരാർ മുഖ്യമായി എടുത്തുകാട്ടി. ഭാരതപര്യടനത്തിലെ 'വാത്മീകിയുടെ രാമൻ' എന്ന ഉപന്യാസത്തിൽ രാമനെ കേവലം മനുഷ്യനായിട്ട് കാണുവാനും അദ്ദേഹത്തിന്റെ ദൗർബല്യങ്ങളെ യാഥാർത്ഥ്യബോധത്തോടെ മറനീക്കിക്കാട്ടാനും തയ്യാറാകുന്നു. രാമൻ കാമമോഹിതനാണെന്നും, രാജ്യം ഉപേക്ഷിച്ചപ്പോൾ പ്രകടിപ്പിച്ച പിതൃഭക്തിയും പ്രതിജ്ഞാപാലനതയും മറ്റും ചില ബാഹ്യപ്രകടനങ്ങൾ മാത്രമാണെന്നും മാരാർ സ്ഥാപിക്കുന്നു. ഈ ലേഖനം സാംസ്കാരിക രംഗത്ത് ചലനങ്ങൾ സൃഷ്ടിച്ചിരുന്നു

- ▶ ക്ലാസിക്കുകളുടെ പുനർവായന മാരാരുടെ സംഭാവന

മാരാർ, കേസരി എ. ബാലകൃഷ്ണപിള്ളയോടും കുറ്റിപ്പുഴ കൃഷ്ണപിള്ളയോടും ആശയപരമായ വിയോജിപ്പ് സദാ പുലർത്തി. സ്വകീയമായ ചിന്താധാര വളർത്തിയെടുക്കുകയും തന്റെ ചിന്തകളെ സർഗാത്മക ശൈലിയിൽ അവതരിപ്പിക്കുകയും ചെയ്തു. സാഹിത്യത്തിലെ ഏകാന്തപഥികൻ എന്നും നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. എത്രമാത്രം അംഗീകരിക്കപ്പെട്ട സിദ്ധാന്തങ്ങളായാലും തന്റെ ചിന്താപദ്ധതിയിലിട്ട് വിശകലനം ചെയ്ത് മാത്രമേ മാരാർ അംഗീകരിച്ചിരുന്നുള്ളൂ. സാഹിത്യപഞ്ചാനനനെപ്പോലെ ഒരു നിയോക്ലാസിക് പാരമ്പര്യമോ പ്രൊഫ. മുണ്ടശ്ശേരിയെപ്പോലെ സാമൂഹ്യശാസ്ത്രപരമായ വീക്ഷണമോ മാരാർ വെച്ചുപുലർത്തിയില്ല. എല്ലാ പദ്ധതികളിൽ നിന്നും മാറി നിന്നുകൊണ്ട് സാഹിത്യകൃതികളെ തന്റെ നിശിതമായ ചിന്തയ്ക്കും അന്വേഷണത്തിനും വിധേയമാക്കാനാണ് മാരാർ ശ്രമിച്ചത്.

- ▶ സാഹിത്യത്തിലെ ഏകാന്തപഥികൻ

ഭാരതീയസാഹിത്യത്തിലെയും മലയാളസാഹിത്യത്തിലെയും ചില ഗ്രന്ഥങ്ങളെടുത്ത് പാശ്ചാത്യ സാഹിത്യത്തിലെ കാവ്യങ്ങളുമായി താരതമ്യപ്പെടുത്തിയ സന്ദർഭത്തിൽ സ്വപ്നവാസവദത്തവും ഈനക് ആഡനുമായും നളിനിയും ഇവാഞ്ചലിനുമായും നടത്തിയ താരതമ്യപഠനങ്ങളിൽ ഉന്നതനിലവാരം പുലർത്തുവാൻ മാരാർക്ക് വേണ്ടത്ര സാധിച്ചിട്ടില്ലെങ്കിലും; സംസ്കൃത സാഹിത്യത്തിലെയും മലയാളത്തിലെയും കൃതികളെ താരതമ്യം ചെയ്യുമ്പോൾ മാരാരിലെ വിമർശന വൈദഗ്ദ്ധ്യം ശക്തമായി പ്രകടമാകുന്നു. കല കലയ്ക്ക് വേണ്ടി, കല ജീവിതത്തിനുവേണ്ടി എന്നീ വാദമുഖങ്ങളെ മറികടന്നുകൊണ്ട് കല ജീവിതം തന്നെ എന്ന് മാരാർ പ്രഖ്യാപിച്ചു. അത് ശുദ്ധസാഹിത്യവാദികളെയും പുരോഗമനവാദികളെയും ലക്ഷ്യമാക്കിക്കൊണ്ടുള്ള മറുപടിയായിരുന്നു.

- ▶ കല ജീവിതം തന്നെ എന്ന് മാരാര് പ്രഖ്യാപിച്ചു

## പുരോഗമന സാഹിത്യപ്രസ്ഥാനവും കുട്ടികൃഷ്ണമാരാരും

പുരോഗമന സാഹിത്യപ്രസ്ഥാനത്തെ കുട്ടികൃഷ്ണമാരാർ ആദ്യന്തം എതിർത്തു. കാലിക പ്രാധാന്യമുള്ള പ്രശ്നങ്ങൾ അവതരിപ്പിക്കുന്നതുകൊണ്ട് ഒരു കൃതി ശ്രേഷ്ഠമാകുന്നില്ല എന്നും സമുദായത്തിൽ ഏതവസ്ഥയിലും ഹൃദ്യവും ശ്രേയസ്കരവുമായ ആശയങ്ങളെ അടിസ്ഥാനമാക്കി വേണം എഴുത്തുകാരൻ സാഹിത്യസൃഷ്ടി നടത്തുവാൻ എന്നുമായിരുന്നു മാരാരുടെ നിലപാട്. മനുഷ്യജീവിതത്തിൽ എക്കാലവും നിലനിൽക്കുന്ന ചില മൂല്യങ്ങളുണ്ടെന്നും എഴുത്തുകാരന്റെ ശ്രദ്ധ അതിൽ മാത്രമായിരിക്കണം എന്നും മാരാർ വിശ്വസിച്ചിരുന്നു. അതി

- ▶ കലാസൗന്ദര്യപക്ഷപാതപരമായ ഒരു ആസ്വാദന സമ്പ്രദായമായിരുന്നു

നാൽ തന്നെ പുരോഗമനസാഹിത്യത്തിന്റെ കലാബാഹ്യമായ താല്പര്യങ്ങൾ മാരാർക്കു സ്വീകാര്യമായിരുന്നില്ല. കലാസൗന്ദര്യപക്ഷപാതപരമായ ഒരു ആസ്വാദനസമ്പ്രദായമായിരുന്നു മാരാർക്കുണ്ടായിരുന്നത്.

'സംവിധാന ഭംഗിയാണ് കല' എന്ന് അദ്ദേഹം വിശ്വസിച്ചു. ഒരു കൃതി എത്ര മഹത്തായ ആശയം ഉൾക്കൊള്ളുന്നതായാലും ശരി. പല രചനയിൽ തുടങ്ങി സമഗ്രരൂപഘടനയോളം എത്തുന്ന ശില്പസൗകര്യമില്ലെങ്കിൽ അതിനെ ഒരു കലാസൃഷ്ടിയായി കണക്കാക്കാൻ സാധ്യമല്ല എന്നായിരുന്നു അദ്ദേഹം വിശ്വസിച്ചിരുന്നത്. പുരോഗമനസാഹിത്യകാരന്മാരുമായി മാരാർക്ക് പൊരുത്തപ്പെടാൻ സാധിക്കാതിരുന്നത് ഇതുകൊണ്ട് കൂടിയാണ്. അതേസമയം മാരാരുടെ വിമർശന സാഹിത്യ സങ്കല്പങ്ങൾക്ക് ആഴവും പരപ്പും വർധിപ്പിക്കാൻ പുരോഗമനസാഹിത്യപ്രസ്ഥാനത്തോടുള്ള വിയോജിപ്പ് നിമിത്തമായെന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. അവരെ എതിർക്കാനുള്ള സന്നാഹം കൂട്ടലിലാണ് തനിക്ക് സാഹിത്യപരമായ പല അപൂർവ ദർശനങ്ങളും കൈ വന്നിട്ടുള്ളത് എന്ന് 'എന്റെ അടിവേരുകളിൽ' മാരാർ വെളിപ്പെടുത്തുന്നു.

- ▶ സംവിധാന ഭംഗിയാണ് കല എന്ന് മാരാർ വിശ്വസിച്ചു

## ജോസഫ് മുണ്ടശ്ശേരി

മലയാളസാഹിത്യവിമർശനത്തിന്റെ നവോത്ഥാനഘട്ട നായകരിൽ വലിയ ചരിത്രവ്യക്തിത്വമുള്ള വിമർശകനാണ് ജോസഫ് മുണ്ടശ്ശേരി. ഭാരതീയ സൗന്ദര്യശാസ്ത്രത്തിന്റെ ശിക്ഷണത്തിൽ നിന്നുകൊണ്ട് ഉത്പതിഷ്ണുത പ്രകടിപ്പിച്ച സാഹിത്യചിന്തകനാണ് അദ്ദേഹം. പാശ്ചാത്യ - പൗരസ്ത്യ സാഹിത്യതത്വങ്ങളുടെ സമന്വയം വിദഗ്ധമായി നിർവ്വഹിക്കാൻ മുണ്ടശ്ശേരിക്ക് സാധിച്ചു. കവിത്രയത്തെ നിഷ്പക്ഷമായി വിലയിരുത്തി മൂല്യനിർണയം നടത്തിയ അദ്ദേഹം യാഥാസ്ഥിതികത്വത്തെ പാടെ നിരാകരിച്ചുകൊണ്ട് സമകാലിക സാഹിത്യചലനങ്ങളെ സർവ്വാത്മനാ സ്വീകരിച്ചു. കുമാരനാശാനെയും വള്ളത്തോളിനെയും അംഗീകരിച്ച മുണ്ടശ്ശേരി നിയോക്ലാസിക് സാഹിത്യ സാഹചര്യങ്ങളോടുള്ള വിപ്രതിപത്തിയാൽ ഉള്ളൂരിനെ നിരാകരിച്ചു.

- ▶ ചരിത്രവ്യക്തിത്വമുള്ള വിമർശകനാണ് ജോസഫ് മുണ്ടശ്ശേരി

മാറ്റൊലി, അന്തരീക്ഷം, മാനദണ്ഡം, കാവ്യപീഠിക എന്നിവയാണ് മുണ്ടശ്ശേരിയുടെ ആദ്യകാല രചനകൾ. മാറ്റൊലിയിലും അന്തരീക്ഷത്തിലും കവിത്രയത്തെ വിലയിരുത്തുന്നു. മാനദണ്ഡത്തിൽ കാളിദാസനെ അപഗ്രഥിക്കുന്നു. ഈ കൃതികളിലൂടെ കവിതയുടെ മൂല്യനിർണയത്തിന് പുതിയൊരു മാനദണ്ഡം നൽകാൻ മുണ്ടശ്ശേരി ശ്രമിച്ചു. പദ്യത്തിന്റെ കാലം കഴിഞ്ഞുപോയെന്നും കവിത്രയത്തിൽ ഏറ്റവും വലിയ കവി ആശാനാണെന്നും മുണ്ടശ്ശേരി ഉദ്ഘോഷിച്ചു. 'നാടകാന്തം കവിത്വം' എന്ന ലേഖനത്തിൽ ജി. ശങ്കരക്കുറുപ്പിനെ നിശിതമായി വിമർശിക്കുന്നു. ശങ്കരക്കുറുപ്പ് എന്ന വിഗ്രഹത്തെ തകർക്കുമ്പോൾ പി. ഭാസ്കരൻ, വയലാർ, ഒ. എൻ. വി. തുടങ്ങിയ കവികളെ അംഗീകരിക്കാനും ജനകീയകവിതയുടെ ഒരു പൊതുവിഗ്രഹം സൃഷ്ടിക്കാനും മുണ്ടശ്ശേരി ശ്രമിച്ചു.

- ▶ കവിതയുടെ മൂല്യനിർണയത്തിന് പുതിയൊരു മാനദണ്ഡം നൽകാൻ മുണ്ടശ്ശേരി ശ്രമിച്ചു

SGOU

## ഭാരതീയകാവ്യമീമാംസയുടെയും സാമൂഹ്യശാസ്ത്രപരമായ വീക്ഷണത്തിന്റെയും സമന്വയം

ഭാരതീയകാവ്യമീമാംസയുടെയും സാമൂഹ്യശാസ്ത്രപരമായ വീക്ഷണത്തിന്റെയും അപൂർവമായ ഒരു സമന്വയം മുണ്ടശ്ശേരിയുടെ സാഹിത്യദർശനത്തിലും മൂല്യനിർണ്ണയശൈലിയിലും പ്രകടമാണ്. പാശ്ചാത്യവും പൗരസ്ത്യവുമായ സാഹിത്യദർശനങ്ങളെ ഇണക്കിക്കിക്കൊണ്ടുള്ള ഒരു അനുരഞ്ജന സാഹിത്യദർശനമാണ് മുണ്ടശ്ശേരി അദ്ദേഹത്തിന്റെ 'കാവ്യപീഠിക' എന്ന ഗ്രന്ഥത്തിൽ അവതരിപ്പിച്ചിരിക്കുന്നത്. 'മനുഷ്യന്റെ ഉത്തമരുചികളെ പ്രീണിപ്പിക്കേണ്ട സാഹിത്യകലകളുടെ മൗലികതത്വങ്ങൾ എവിടെയും ഒന്നാകാനേ പാടുള്ളൂ' എന്ന നിലപാടാണ് മുണ്ടശ്ശേരിക്കുണ്ടായിരുന്നത്. സ്വതസിദ്ധമായിത്തന്നെ ഒരു സാമൂഹ്യശാസ്ത്രപരമായ കാഴ്ചപ്പാട് മുണ്ടശ്ശേരിയ്ക്ക് ഉണ്ടായിരുന്നു. പാശ്ചാത്യസാഹിത്യനിരൂപകർ മുണ്ടശ്ശേരിയെ സ്വാധീനിച്ചിരുന്നതായി കാണാം. അതോടൊപ്പം കലാസൃഷ്ടിയുടെ സൗന്ദര്യപരമായ വശത്തെ ആനന്ദവർദ്ധന്റെ രസധ്വനിയുമായി ബന്ധപ്പെടുത്തുവാനും അദ്ദേഹം ശ്രമിച്ചു.

> ▶ ഭാരതീയകാവ്യമീമാംസയുടെയും സാമൂഹ്യശാസ്ത്രപരമായ വീക്ഷണത്തിന്റെയും സമന്വയം

നിലനിന്നു പോന്നിരുന്ന രൂപമാത്രവാദപരമായ സാഹിത്യദർശനത്തെ സാമൂഹ്യശാസ്ത്രപരമായ അപഗ്രഥനത്തിന്റെയും വിലയിരുത്തലിന്റെയും മാർഗത്തിലേക്ക് അദ്ദേഹം ഗതിമാറ്റി. തകഴിയിലും കേശവദേവിലും ദൃശ്യമായ ജീവിതചിത്രണത്തെ വാഴ്ത്തി. ആശാൻ കൃതികളിലെ വിപ്ലവത്തെ ഉയർത്തിക്കാട്ടി. മുദ്രമോതിരത്തിന്റെ കഥ കൂട്ടിച്ചേർത്ത് അതിലൂടെ കാളിദാസനും കാലത്തിന്റെ ദാസനായിരുന്നു എന്ന് പ്രഖ്യാപിച്ചു. ജീവിതത്തിൽ നിന്നും വേറിട്ട് നിൽക്കുന്ന സൗന്ദര്യലോകമാണ് കല എന്ന വിശ്വാസത്തെ ചോദ്യം ചെയ്തു. കൃതികൾ മനുഷ്യകഥാനുഗായികൾ എന്ന കുമാരനാശാന്റെ വരികൾ മാത്യു ആർനോൾഡിന്റെ കവിത ജീവിതവിമർശനമാണെന്ന അഭിപ്രായവുമായി ചേർത്തുവച്ച് വായിച്ചു.

> ▶ കുമാരനാശാനും മാത്യു ആർനോൾഡും

വിഗ്രഹഭഞ്ജകത്വം എന്ന വിമർശകസ്വഭാവം മുണ്ടശ്ശേരി പ്രചരിപ്പിക്കുന്നുണ്ട്. കേരളവർമ്മ വലിയകോയിത്തമ്പുരാനെയും ഉള്ളൂരിനെയും ജി. ശങ്കരക്കുറുപ്പിനെയും അദ്ദേഹം അംഗീകരിച്ചില്ല. 'സന്ദേശം അത് ഒന്നേയുള്ളൂ' എന്ന ഉപന്യാസത്തിൽ കാളിദാസന്റെ മേഘസന്ദേശത്തെ ഉജ്ജ്വലകലാമാതൃകയായി അംഗീകരിച്ചുകൊണ്ട് മയൂരസന്ദേശത്തെ കഠിനമായി ആക്രമിക്കുന്നു. പിംഗളയേയും കർണ്ണഭൂഷണത്തേയും അന്തരീക്ഷം, മാനദണ്ഡം എന്നീ ഗ്രന്ഥങ്ങളിൽ ഖണ്ഡനവിമർശനത്തിന് വിധേയമാക്കുന്നു. ഉള്ളൂരിനെയും കേരളവർമ്മയെയും നിരാകരിക്കുന്ന മുണ്ടശ്ശേരി ആശാനെയും എ. ആർ. രാജരാജവർമ്മയെയും അംഗീകരിച്ചിരുന്നു. രാജരാജന്റെ 'മാറ്റൊലി' 'ആശാൻകവിതാവിമർശനങ്ങൾ' എന്നീ രചനകൾ ഇക്കാര്യം വ്യക്തമാക്കുന്നു.

> ▶ വിഗ്രഹഭഞ്ജകത്വം എന്ന വിമർശകസ്വഭാവം

കലാസൃഷ്ടിയുടെ ഭാവരൂപങ്ങളെക്കുറിച്ചുള്ള സങ്കല്പത്തിൽ മുണ്ടശ്ശേരിയുടെ നിലപാട് രൂപഭദ്രതാവാദം വ്യക്തമാക്കുന്നു. പല കൃതികളും വിപ്ലവകാഹളങ്ങളായിട്ടും കലയെ സംബന്ധിച്ചിടത്തോ



SGOU

ളം പരാജയങ്ങളാണെന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു. രൂപഭദ്രത എന്ന വാക്ക് മുണ്ടശ്ശേരിയാണ് ആദ്യമായി പ്രയോഗിച്ചത് തകഴിയുടെ 'തോട്ടിയുടെ മകൻ' എന്ന നോവലിനെക്കുറിച്ചുള്ള നിരൂപണത്തിൽ അദ്ദേഹം രൂപഭദ്രതയെ വിശദീകരിക്കുന്നു. ഹൃദയത്തിൽ തറച്ച കാര്യങ്ങൾ വായനക്കാരന്റെ ഹൃദയത്തിൽ അമർന്നുകൊള്ളുംവിധം ഭദ്രരൂപമായി ആവിഷ്കരിക്കുക എന്നതാണ് രൂപഭദ്രത കൊണ്ട് അദ്ദേഹം ഉദ്ദേശിച്ചത്. പാശ്ചാത്യ - പൗരസ്ത്യ സാഹിത്യങ്ങളുടെ സമന്വയം പോലെ തന്നെ ഭാവരൂപങ്ങളുടെ സമന്വയവും മുണ്ടശ്ശേരിയുടെ സാഹിത്യചിന്തകളിലുടനീളം കാണാം. 'കരിന്തിരി'യിലെ 'ഭാവമാണ് ജീവൻ' എന്ന ലേഖനത്തിൽ ഈ വിഷയം മുണ്ടശ്ശേരി തുടർന്ന് ചർച്ച ചെയ്യുന്നുണ്ട്. 'നാടകാന്തം കവിത്വം' എന്ന ഗ്രന്ഥത്തിൽ പഴയ ദർശനങ്ങൾക്ക് പുതിയ വ്യാഖ്യാനം നൽകാൻ ശ്രമിക്കുന്നു. ഭരതന്റെ രസനിർവചനവുമായി ബന്ധപ്പെടുത്തിക്കൊണ്ട് കവികർമ്മത്തിന്റെ പാരമ്യം നാടകീയമായി ജീവിതത്തെ ആവിഷ്കരിക്കുന്നതിലാണെന്ന് സിദ്ധാന്തിക്കുന്നു. ഭാവഗീതത്തിൽ ഈ നാടകീയത രചനാകൗശലമായിത്തീരുമെന്നും അദ്ദേഹം വിശദമാക്കി.

> ▶ രൂപഭദ്രതാവാദം, ഭാവരൂപങ്ങളുടെ സമന്വയം

## നാടകാന്തം കവിത്വം

രസധ്വനിസിദ്ധാന്തം ലളിതമായി അവതരിപ്പിക്കാനുള്ള മുണ്ടശ്ശേരിയുടെ ശ്രമമാണ് 'നാടകാന്തം കവിത്വം' എന്ന പേരിൽ അറിയപ്പെടുന്നത്. കാലമെത്ര കഴിഞ്ഞിട്ടും പ്രിയങ്കരങ്ങളായി നിലനിന്നുപോരുന്ന കാവ്യങ്ങൾ വിലയിരുത്തുമ്പോൾ ഏതേത് സിദ്ധികളെ വേണം നിയാമകമാക്കേണ്ടത് എന്ന അന്വേഷണത്തിന്റെ ഭാഗമാണ് നാടകാന്തം കവിത്വം എന്ന ലേഖനം. രചനാസൗകുമാര്യം, ശബ്ദാർത്ഥകൽപ്പനകൾ, ആശയഗാംഭീര്യം തുടങ്ങിയവയ്ക്കെല്ലാം മീതെയായി എല്ലാത്തരക്കാർക്കും എല്ലാ കൃതികളെയും ആസ്വാദ്യമാക്കിത്തീർക്കുന്ന ഒന്ന് 'രസധ്വനി'യാണെന്ന് മുണ്ടശ്ശേരി വ്യക്തമാക്കി. രസധ്വനി സിദ്ധാന്തത്തെ സുഗമമായി വ്യാഖ്യാനിക്കുവാൻ മുണ്ടശ്ശേരി നാടകാന്തം കവിത്വം എന്ന സംസ്കൃതത്തിലെ പഴയചൊല്ലിന് പുതിയൊരു വ്യാഖ്യാനം നൽകുന്നു. അതിപ്രകാരമാണ് 'ജീവിതത്തെ - സംഘട്ടനാത്മകമായ ജീവിതത്തെ- ക്രിയാവിചിത്രമായി അവതരിപ്പിക്കുക. ആ ജീവിതം അതേ രൂപത്തിൽ തന്നെ ആസ്വാദകഹൃദയത്തിൽ ആഞ്ഞു കൊള്ളുവാൻ സഹായിക്കുന്ന ആവിഷ്കരണകൗശലങ്ങളെ ഉപയോഗപ്പെടുത്തണം. കവികർമ്മത്തിന്റെ പാരമ്യം നാടകീയമായി ജീവിതത്തെ ആവിഷ്കരിക്കുന്നതിലാണ്. ഭാവഗാനത്തിൽ ഈ നാടകീയത ആവിഷ്കരണകൗശലമായി തീരും'. തന്റെ സിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിൽ മലയാളകവിതയെ ചരിത്രപരമായി വിലയിരുത്തിയ മുണ്ടശ്ശേരി നാടകീയത ഏറ്റവും കുറഞ്ഞ കവി എന്ന നിലയിൽ ജി. ശങ്കരക്കുറുപ്പിന്റെ കവിതയെ വിമർശിച്ചു.

> ▶ എല്ലാ കൃതികളെയും ആസ്വാദ്യമാക്കി തീർക്കുന്ന ഒന്ന് രസധ്വനിയാണ്

## രൂപഭദ്രതാവാദം

കലാസൃഷ്ടിയുടെ ഭാവരൂപങ്ങളെക്കുറിച്ച് മുണ്ടശ്ശേരിക്കുള്ള സങ്കല്പം വെളിപ്പെടുത്തുന്നതാണ് രൂപഭദ്രതാവാദം. പുരോഗമന സാഹിത്യ പ്രസ്ഥാനവുമായി ബന്ധപ്പെട്ട് കലയുടെ പ്രചാരണ മൂല്യത്തിന് അമിത പ്രാധാന്യം നൽകുകയെന്ന സൗന്ദര്യശാസ്ത്രപരമായ പക്ഷപാതത്തിൽ നിന്ന് മുണ്ടശ്ശേരിയിലെ യഥാർത്ഥ നിരൂപകന്റെ ഉയിർത്തെഴു

ന്നേൽപ്പാണ് രൂപഭദ്രതാവാദം. കലയുടെ രൂപസൗന്ദര്യത്തെ തള്ളിക്കള യുവാൻ താൻ തയ്യാറല്ല എന്ന് നേരത്തെ തന്നെ മുണ്ടശ്ശേരി പ്രയാണം എന്ന ഗ്രന്ഥത്തിൽ വ്യക്തമാക്കിയിരുന്നു. 'രൂപനിർമ്മിതിയിൽ തോറ്റ ടിഞ്ഞ കൃതികൾ വിപ്ലവകാഹളങ്ങളായിട്ടും പരാജയങ്ങളാണെന്ന്' അദ്ദേഹം ചൂണ്ടിക്കാട്ടി. പുരോഗമനസാഹിത്യ പ്രസ്ഥാനം സാഹിത്യ ത്തിലെ ഉള്ളടക്കത്തിന് അമിതപ്രാധാന്യം നൽകിയിരുന്നു. പ്രചാര ണപരതയുടെ നിർവഹണമാണ് സാഹിത്യമെന്ന അവരുടെ നിലപാട് രൂപശിൽപ്പത്തെ അവഗണിക്കുന്ന വിധത്തിലായിരുന്നു. ഈ അവസര ത്തിൽ തകഴിയുടെ 'തോട്ടിയുടെ മകൻ' എന്ന കൃതിക്കെഴുതിയ അവ താരികയിൽ മുണ്ടശ്ശേരി രൂപഭദ്രത എന്ന ആശയം അവതരിപ്പിച്ചു.

▶ കലയും രൂപഭദ്രത തയും

'കലയായിട്ടാണ് സാഹിത്യത്തെ വീക്ഷിക്കുന്നതെങ്കിൽ നല്ലനല്ല വാക്യങ്ങളും പോരാ ജനകീയകാര്യങ്ങളും പോര. രണ്ടിലും കവിഞ്ഞ് ഒന്നുകൂടി വേണം - രൂപഭദ്രത – ഹൃദയത്തിൽ തറച്ച കാര്യങ്ങൾ വായ നക്കാരന്റെ ഹൃദയത്തിൽ അമർന്നുകൊള്ളും വിധം സുഘടിത രൂപമാ യി ആവിഷ്കരിക്കുക എന്നേ ഇതിന് അർത്ഥമുള്ളൂ' എന്നും അദ്ദേഹം വ്യക്തമാക്കി. തുടർന്ന് സാഹിത്യസൃഷ്ടിയുടെ രൂപലാവണ്യത്തെ സം ബന്ധിച്ച തന്റെ ഉറച്ച വിശ്വാസം രൂപഭദ്രത എന്ന പുസ്തകത്തിൽ മുണ്ടശ്ശേരി യുക്തിഭദ്രമായി അവതരിപ്പിച്ചു. 'കലാകാരന്റെ അന്തരി ന്ദ്രിയത്തിൽ അടയാളപ്പെട്ടതും, എന്നാൽ അന്യർക്ക് അവിഷയമായി ട്ടുള്ളതുമായ ഒന്നിനെ പഞ്ചേന്ദ്രിയ ഗോചരമാക്കുന്നതെന്തോ അതാ ണ് കലാരൂപം. മേൽപ്പറഞ്ഞ വിധം ഉടലിണക്കിക്കഴിഞ്ഞതിനെയാണ് കലാകാരൻ വാക്കുകൊണ്ടും വർണ്ണംകൊണ്ടുമൊക്കെ പ്രകാശിപ്പിക്കു ന്നത്. വാഗ്വർണ്ണാദികൾകൊണ്ടുണ്ടാവുന്നത് കലാരൂപത്തിന്റെ സാ ങ്കേതികമായ ബഹിരാകാരം മാത്രമാണ്. കലാരൂപം അംഗോപാംഗ ഘടനാഭദ്രമായി കലാകാരന്റെ മനസ്സിൽ പ്രകടമായിട്ടുണ്ടെങ്കിൽ തദാ വിഷ്കരണസങ്കേതങ്ങളായ വാക്കുകളും വർണ്ണങ്ങളും മറ്റും ഔചിത്യ പൂർവം പ്രയോഗിക്കുന്നതിൽ മിക്കവാറും പിശകിപ്പോകില്ല' എന്നും മുണ്ടശ്ശേരി അഭിപ്രായപ്പെട്ടു.

▶ രൂപഭദ്രത എന്ന ഗ്രന്ഥം

മുണ്ടശ്ശേരി മുന്നോട്ടുവച്ച ആശയത്തെ അടിസ്ഥാനമാക്കി സാഹി ത്യസാമൂഹ്യരംഗത്ത് ഇ. എം. എസ്., ദേവദാസ്, ഗുപ്തൻനായർ തു ടങ്ങിയവർ പങ്കെടുത്ത വലിയ സംവാദം നടന്നു. കല കലയ്ക്കു വേ ണ്ടിയോ, ജീവിതത്തിനു വേണ്ടിയോ എന്ന മട്ടിൽ ചർച്ച പുരോഗമിച്ചു. ശുദ്ധകലാവാദത്തിനെതിരായിരുന്നു മുണ്ടശ്ശേരി. കലയുടെ സാമൂഹിക പ്രയോജനത്തെ അംഗീകരിക്കാതെയുള്ള കേവലമായ ആനന്ദവാദ ത്തിനെ അദ്ദേഹം അംഗീകരിച്ചിരുന്നില്ല. 'സ്വാതന്ത്ര്യത്തിലേക്കുള്ള കുതിപ്പുകളാണ് ജീവിതത്തെ ശുഭകരമാക്കാനുള്ള വിജ്ഞാനത്തിന്റെ കോരിപ്പകരലുകളായ സാഹിത്യകൃതികൾ' എന്ന് സാഹിത്യപുരോഗ തി എന്ന ലേഖനത്തിൽ അദ്ദേഹം പ്രസ്താവിച്ചു. മനുഷ്യന്റെ മൗലിക വാസനകളെ തൃപ്തിപ്പെടുത്തി, സംസ്കാരം ചെയ്യുവാൻ ശക്തമായ കൃതികളേ സാഹിത്യകലയായി എണ്ണപ്പെടൂ എന്നതാണ് മുണ്ടശ്ശേരിയു ടെ സാഹിത്യവീക്ഷണത്തിന്റെ അടിസ്ഥാനം. അത്യാധുനികകവികളു ടെ സാമൂഹ്യവീക്ഷണരാഹിത്യത്തെ മുണ്ടശ്ശേരി നിശിതമായി വിമർശി ച്ചു. ജീവിതത്തോട് പുറംതിരിഞ്ഞു നിന്ന് സ്വന്തമാത്മാവിൽ അഭയം തേടുന്ന ഒരു വർഗ്ഗമാണ് ഇന്നത്തെ കവികൾ എന്ന് 'നനയാതെ മീൻ

▶ ജീവിതത്തോട് പുറംതിരിഞ്ഞു നിന്ന് സ്വന്തമാത്മാവിൽ അഭയം തേടുന്ന ഒരു വർഗ്ഗമാണ് ഇന്നത്തെ കവികൾ

പിടിക്കാമോ' എന്ന ഗ്രന്ഥത്തിൽ ആക്ഷേപിക്കുന്നു. സാഹിത്യത്തിന്റെ ജീവിതാഭിമുഖ്യത്തോട് സന്ധിയില്ലാത്ത നിലപാടാണ് മുണ്ടശ്ശേരി കൈക്കൊണ്ടത്.

## എം. പി. പോൾ

പരിഷ്കരണവാദിയും സ്വതന്ത്രചിന്തകനുമാണ് എം. പി. പോൾ. യാഥാസ്ഥിതിക സാഹിത്യവീക്ഷണത്തെയും കത്തോലിക്കാ പൗരോഹിത്വത്തെയും അദ്ദേഹം എതിർത്തു. പാശ്ചാത്യസാഹിത്യധാരകളെ ആധുനിക മലയാള സാഹിത്യത്തിലേക്ക് സംക്രമിപ്പിക്കുന്നതിൽ പോളിന്റെ സംഭാവന ശ്രദ്ധേയമാണ്. സാഹിത്യവിചാരം, സൗന്ദര്യനിരീക്ഷണം, കാവ്യദർശനം, ഗദ്യഗതി, ചെറുകഥാപ്രസ്ഥാനം, നോവൽസാഹിത്യം തുടങ്ങിയ സൗന്ദര്യശാസ്ത്രഗ്രന്ഥങ്ങൾ മലയാളഭാഷയ്ക്ക് സംഭാവന ചെയ്തു. നോവൽസാഹിത്യം, ചെറുകഥാപ്രസ്ഥാനം എന്നീ ഗ്രന്ഥങ്ങൾ സർഗാത്മക ഗദ്യസാഹിത്യത്തിന് അടിത്തറപാകിയ കൃതികളാണ്. കഥാബീജം, ഇതിവൃത്തം, കഥാപാത്രങ്ങൾ, ശൈലി എന്നിങ്ങനെ നോവലിന്റെയും കഥയുടെയും കലയെ സംബന്ധിക്കുന്ന അടിസ്ഥാനപരമായ പ്രശ്നങ്ങൾ മലയാളത്തിൽ ആദ്യമായി അവതരിപ്പിച്ചത് ഈ പുസ്തകങ്ങളാണ്.

> ▶ പരിഷ്കരണവാദിയും സ്വതന്ത്രചിന്തകനും - എം. പി. പോൾ

'നോവൽസാഹിത്യ'ത്തിൽ സിദ്ധാന്തം മാത്രമല്ല പ്രയുക്തനിരൂപണം കൂടിയുണ്ട്. ഇ. എം. ഫോസ്ററുടെ 'ആസ്പെക്ട്സ് ഓഫ് നോവൽ' എന്ന ഗ്രന്ഥത്തെ അവലംബിച്ചാണ് നോവൽസാഹിത്യം രചിച്ചത്. ഒ. ചന്തുമേനോനെയും സി. വി. രാമൻപിള്ളയെയും അപ്പൻ തമ്പുരാനേയും ഈ കൃതിയിൽ നിരൂപിക്കുന്നു. ഇന്ദുലേഖയിലെ 18-ാം അധ്യായം കഥാപ്രവാഹത്തെ തടഞ്ഞുകൊണ്ട് ഒരു ശിലാഖണ്ഡമായി നിലകൊള്ളുന്നു എന്ന അദ്ദേഹത്തിന്റെ അഭിപ്രായം ഇന്നും പ്രസക്തമാണ്. സി. വി. രാമൻപിള്ളയുടെ പ്രതിഭയെ പൂർണ്ണമായും മനസ്സിലാക്കുന്നതിൽ എം. പി. പോൾ പരാജയപ്പെട്ടു എന്നൊരു നിരീക്ഷണവുമുണ്ട്. 'ധർമ്മരാജാ ഗദ്യത്തിൽ ഉള്ള ഒരു നായർമഹാകാവ്യം' ആകുന്നു എന്ന പോളിന്റെ നിരീക്ഷണമാണ് ഇപ്രകാരമൊരു അഭിപ്രായത്തിനു കാരണമായത്. വൈക്കം മുഹമ്മദ്ബഷീറിന്റെ ബാല്യകാലസഖിയെക്കുറിച്ചുള്ള പോളിന്റെ നിരൂപണം ശ്രദ്ധേയമാണ്. 'ജീവിതത്തിൽ നിന്നും വലിച്ചു ചീന്തിയ ഒരു ഏടാണ് ബാല്യകാലസഖി' എന്നും 'അതിന്റെ വക്കിൽ രക്തം പൊടിഞ്ഞിരിക്കുന്നു' എന്നുമുള്ള പോളിന്റെ നിരീക്ഷണം, സാഹിത്യത്തിന്റെ ആന്തർഭാവം മനുഷ്യജീവിതമായിരിക്കണം എന്ന വിശ്വാസമാണ് പോളിനുണ്ടായിരുന്നത് എന്ന് വെളിപ്പെടുത്തുന്നു

> ▶ 'ജീവിതത്തിൽ നിന്നും വലിച്ചു കീറിയ ഒരു ഏടാണ് ബാല്യകാലസഖി'

സാഹിത്യത്തിന്റെ രൂപത്തെയും അന്തർഭാവത്തെയും ഒരേസമയം തുല്യപ്രാധാന്യത്തോടെ പോൾ അംഗീകരിച്ചിരുന്നു. ലളിതമായഭാഷയിൽ സാഹിത്യസിദ്ധാന്തങ്ങളും സൗന്ദര്യശാസ്ത്രതത്ത്വങ്ങളും വിശദീകരിച്ചു എന്നത് എം. പി. പോളിന്റെ പ്രത്യേകതയാണ്. സാഹിത്യത്തെ സംബന്ധിച്ചുള്ള തത്വവിചാരത്തിൽ ഇംഗ്ലീഷ് സൗന്ദര്യശാസ്ത്രകാരന്മാരെയും ജർമ്മൻ നിരൂപകനായ ലസ്സിങ്ങിനേയും ഫ്രഞ്ച് ചിന്തകനായ ബെർഗ്സണിനെയും ആശ്രയിക്കുന്നു. കാലത്തിനും സാഹചര്യങ്ങൾക്കും കലയുടെ മേലുള്ള സ്വാധീനശക്തിയെ പോൾ

അംഗീകരിച്ചിരുന്നു. സത്യാന്വേഷണവും മനുഷ്യവർഗ്ഗപുരോഗതിയുമാണ് കലയുടെ ലക്ഷ്യം എന്ന വിശ്വാസവും പോളിന്റെ കലാവീക്ഷണത്തിൽ പ്രകടമാണ്. കടുത്ത വിയോജിപ്പുകളും നൂതനമായ ആശയാവതരണങ്ങളും സൗമ്യസുന്ദരമായ ഭാഷയിൽ സമചിത്തതയോടെ അവതരിപ്പിക്കുന്നു എന്നത് പോളിന്റെ എടുത്തുപറയേണ്ട പ്രത്യേകതയാണ്. യൂറോപ്പ്യൻ സാഹിത്യത്തോടുള്ള ബന്ധം, അന്തർവിജ്ഞാനപരത, പ്രസ്ഥാനങ്ങളോടും സങ്കേതങ്ങളോടുമുള്ള അനുകൂല മനോഭാവം തുടങ്ങിയ സ്വഭാവങ്ങൾ കേസരി എ. ബാലകൃഷ്ണപിള്ളയുടെ തുടർച്ചയെന്നോണം എം. പി. പോളിൽ പ്രകടമാണ്. മാർക്സിന്റെ ധനതത്വശാസ്ത്രവും മെൻഡലിന്റെ പാരമ്പര്യശാസ്ത്രവും ഡാർവിന്റെ പരിണാമവാദവും ഫ്രോയിഡ് തുടങ്ങിയവരുടെ മനഃശാസ്ത്രവും സാഹിത്യത്തിന്റെ ബഹിരന്തഘടനകളെ സ്വാധീനിച്ചത് സ്വതന്ത്രബുദ്ധിയോടെ അംഗീകരിക്കുകയും സാഹിത്യത്തിലെ മാമൂൽസങ്കല്പങ്ങളെ തിരസ്കരിക്കുകയും ചെയ്തു. മിസ്റ്റിസിസം, സിംബലിസം, നാടക സ്വഗതാഖ്യാനം, പുരോഗമനസാഹിത്യം തുടങ്ങിയവയോട് ആഭിമുഖ്യം പുലർത്തി. ലോകസാഹിത്യത്തിന് പുറമേ സംഗീതവും ചിത്രകലയും ശാസ്ത്രവും പോൾ വിമർശനോപാധിയായി സ്വീകരിച്ചു.

> ▶ മിസ്റ്റിസിസം, സിംബലിസം, നാടക സ്വഗതാഖ്യാനം, പുരോഗമനസാഹിത്യം തുടങ്ങിയവയോട് ആഭിമുഖ്യം പുലർത്തി

സൗന്ദര്യനിരീക്ഷണം എന്ന ഗ്രന്ഥത്തിൽ സൗന്ദര്യം ആത്മനിഷ്ഠമാണോ വസ്തുനിഷ്ഠമാണോ എന്ന് നിരവധി വാദഗതികളുടെ സഹായത്തോടെ അന്വേഷിക്കുന്നു. പ്രകൃതിസൗന്ദര്യവും കലാസൗന്ദര്യവും തമ്മിലുള്ള വ്യത്യാസത്തെക്കുറിച്ച് സരളമായ ഭാഷയിൽ വിവരിക്കുന്നു. പ്രകൃതിയിൽ നിന്നുള്ള പ്രചോദനവും കലാകാരന്റെ പ്രത്യാഘാതവും ചേർന്നുള്ള ഒരു ശക്തിവിശേഷമാണ് കലയിൽ അവതരിക്കുന്നതെന്ന് അദ്ദേഹം നിരീക്ഷിച്ചു. സാഹിത്യവിചാരം എന്ന കൃതിയിൽ സാഹിത്യകലയുടെ ചില മൗലിക പ്രശ്നങ്ങളെക്കുറിച്ചുള്ള ചിന്ത അവതരിപ്പിക്കുന്നു. കാവ്യപ്രചോദനം, കലയുംകാലവും തുടങ്ങിയവ ശ്രദ്ധേയമായ ലേഖനങ്ങളാണ്. സൃഷ്ടിപരമായ കലാപരിധി സമുദായജീവിതത്തെ സുന്ദരവും സത്യനിഷ്ഠവുമാക്കാതെ അടങ്ങുകയില്ല, അതായിരിക്കും നമ്മുടെ കലാകാരന്മാരുടെ ലക്ഷ്യം എന്ന് കലയും ജീവിതവും തമ്മിലുള്ള ബന്ധത്തെയും കലാകാരന്റെ ധർമ്മത്തെയും കുറിച്ചുള്ള വീക്ഷണത്തിൽ എം. പി. പോൾ വ്യക്തമാക്കുന്നു.

> ▶ സാഹിത്യവിചാരം എന്ന കൃതിയിൽ സാഹിത്യ കലയുടെ ചില മൗലിക പ്രശ്നങ്ങളെ കുറിച്ചുള്ള ചിന്ത അവതരിപ്പിക്കുന്നു

വ്യക്തിത്വത്തിന്റെ പ്രകാശനമായാണ് ശൈലിയെ പോൾ കാണുന്നത്. വ്യക്തിത്വം, ആത്മാർത്ഥത, ജീവത്ഭാഷാസമ്പർക്കം എന്നിവയാണ് കലാസംബന്ധിയും അനർഘവുമായ ഒരു ഗദ്യശൈലിക്ക് വേണ്ട ഗുണങ്ങളിൽ മുന്നെണ്ണമായി അദ്ദേഹം എടുത്ത് കാണിക്കുന്നത്. പുരോഗമനസാഹിത്യപ്രസ്ഥാനത്തോട് പോൾ അനുകൂലിച്ചത് സമകാലിക ജീവിതവുമായി സാഹിത്യകലയെ അത് ബന്ധപ്പെടുത്തിയതു കൊണ്ടാണ്. സൗന്ദര്യപരമായ നിലപാടിൽ നിന്ന് ആ പ്രസ്ഥാനം പിറകോട്ട് പോകുന്നുവെന്ന് മനസിലായപ്പോൾ അദ്ദേഹം ശക്തമായ പ്രതികൂല നിലപാട് സ്വീകരിക്കുകയും ചെയ്തു. പുരോഗമസാഹിത്യത്തിന്റെ ലക്ഷ്യത്തെക്കുറിച്ച് സന്തുലിതവും കൃത്യവുമായ നിലപാട് പോളിനുണ്ടായിരുന്നു. 'പുരോഗമന സാഹിത്യത്തിന്റെ മനോഭാവവും വീക്ഷണവും സാർവലൗകികമായിരിക്കണം. വിഷയത്തിലും പ്രതിപാദനത്തിലും അതിന് പൂർണ്ണ സ്വാതന്ത്ര്യം വേണം. അത് സാമാന്യ ജന

> ▶ വ്യക്തിത്വം, ആത്മാർത്ഥത, ജീവത്ഭാഷാസമ്പർക്കം എന്നിവയാണ് ഗദ്യശൈലിക്ക് വേണ്ട ഗുണങ്ങൾ

തയുടെ ജീവിതത്തിന്റെ അഭിന്നാംശമായിരിക്കണം. അത് മനുഷ്യന്യായത്തിൽ ശുഭോദർക്കമായ പരിവർത്തനമുണ്ടാക്കി സംസ്കാരത്തിന്റെ ജയക്കൊടിയേന്തി സമുദായത്തെ മുന്നോട്ടു നയിക്കണം. പുരോഗതിക്ക് ഉപകരിക്കുന്ന ശാസ്ത്രനിഷ്ഠമായ സദാചാരബോധ മായിരിക്കണം അതിന് ഉത്തേജനം ചെയ്യേണ്ടത്' എന്ന പോളിന്റെ നിലപാട് എക്കാലവും പ്രസക്തമാണ്.

## കുറ്റിപ്പുഴ കൃഷ്ണപിള്ള

യുക്തി ബോധാധിഷ്ഠിതമായ സാമൂഹിക ചിന്തയുള്ള പണ്ഡിതനാണ് പ്രൊഫ. കുറ്റിപ്പുഴ കൃഷ്ണപിള്ള. കേരള സാഹിത്യ അക്കാദമിയുടെ പ്രസിഡന്റുകൂടിയായിരുന്ന അദ്ദേഹത്തിന്റെ സാഹിത്യ - സാമൂഹിക ചിന്തകൾ ഒരു നവീനാവബോധം വളർത്തുന്നതിൽ മുഖ്യപങ്കുവഹിച്ചു. മാർക്സിയൻ കലാദർശനത്തിന്റെ ചുവടുപിടിച്ച് സാഹിത്യവിമർശനം നടത്തിയ വ്യക്തിയാണ് അദ്ദേഹം. പുതുമയും മൂർച്ചയുമുള്ള ചിന്ത, സമൂഹനിഷ്ഠമായ മൂല്യനിർധാരണം, ദാർശനികമായ വെളിച്ചം എന്നിവ കുറ്റിപ്പുഴയുടെ വിമർശനത്തിന്റെ അടിസ്ഥാന സ്വഭാവങ്ങളാണ്. ആശയസമരത്തിന്റെ തീഷ്ണത പ്രതിഫലിക്കുന്ന വിമർശന ശൈലി സ്വീകരിച്ച കുറ്റിപ്പുഴ സാഹിത്യകല എന്നത് സാഹിത്യാവബോധത്തിന്റെ മാത്രമല്ല, ജീവിതാവബോധത്തിന്റെ കൂടി കലയാണെന്ന് വിശ്വസിച്ചു. യുക്തിവാദത്തിന്റെ പൊരുളിൽ നിലയുറപ്പിച്ച സാഹിത്യദർശനമാണ് അദ്ദേഹത്തിന്റേത്. പുരോഗമന കലാസാഹിത്യ പ്രസ്ഥാനത്തിന്റെ വക്താവായിരുന്ന അദ്ദേഹം 'കല കലയ്ക്കു വേണ്ടി' എന്നു പറഞ്ഞാൽ, കലയുടെ കലാസൗന്ദര്യം അഥവാ രസമാനതയ്ക്കാണ് സർവ പ്രാധാന്യം നൽകേണ്ടതെന്ന് വ്യക്തമാക്കി. സാഹിത്യം കേവലം പ്രചാരണത്തിനുള്ളതായി മാത്രം ചുരുങ്ങരുതെന്ന് വ്യക്തമാക്കി. സാഹിത്യവിമർശം, തത്വചിന്ത, നിരീക്ഷണം, സാഹിതീയം, ചിന്താതരംഗം, സാഹിതീകൗതുകം, വിചാരവിപ്ലവം, വിമർശനരശ്മി, നവദർശനം തുടങ്ങിയവ അദ്ദേഹത്തിന്റെ പ്രധാനപ്പെട്ട വിമർശന കൃതികളാണ്.

> ▶ മാർക്സിയൻ കലാദർശനത്തിന്റെ ചുവടുപിടിച്ച് സാഹിത്യവിമർശനം നടത്തിയ വ്യക്തിയാണ് - കുറ്റിപ്പുഴ കൃഷ്ണപിള്ള

SGOU

## കെ. എൻ. എഴുത്തച്ഛൻ

സാഹിത്യത്തെ സാമൂഹിക പശ്ചാത്തലത്തിൽ വിലയിരുത്തണമെന്ന ശാസ്ത്രീയ വീക്ഷണം പുലർത്തിയ വിമർശകനാണ് കെ. എൻ. എഴുത്തച്ഛൻ. മാർക്സിസ്റ്റ് സാഹിത്യദർശനങ്ങളിൽ അവബോധം നേടിയ എഴുത്തച്ഛൻ പുരോഗമനസാഹിത്യപ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കായി ആ അവബോധത്തിലൂടെ നേടിയ ജ്ഞാനത്തെ ഉപയോഗിച്ചു. ഭാരതീയ കാവ്യശാസ്ത്രസിദ്ധാന്തങ്ങൾ മാർക്സിയൻ കലാദർശനവുമായി ബന്ധപ്പെടുത്തി വിമർശനത്തിൽ പുതുവഴികൾ വെട്ടിത്തെളിച്ചു. ഗവേഷകനായ വിമർശകൻ കൂടിയായ അദ്ദേഹത്തിന്റെ പ്രധാന കൃതികളാണ് കതിർക്കുല, കിരണങ്ങൾ, ഇലയും വേരും, ഉഴുതനിലങ്ങൾ, ദീപമാല, സമീക്ഷ, ഏഴിലംപാല, മുത്തും പവിഴവും എന്നിവ.

> ▶ 'സാഹിത്യ കലയുടെ ചില മൗലിക പ്രശ്നങ്ങളെ കുറിച്ചുള്ള ചിന്ത അവതരിപ്പിക്കുന്നു

## ഡോ. കെ. ഭാസ്കരൻ നായർ

ശുദ്ധകലാവാദത്തിലൂടെ സാഹിത്യവീക്ഷണം നടത്തിയ വിമർശകനാണ് ഡോ. കെ. ഭാസ്കരൻ നായർ. സാഹിത്യത്തിന്റെ സൗന്ദര്യാത്മകതയിലൂന്നിയ അക്കാദമിക വിമർശനമായിരുന്നു ഭാസ്കരൻ നായ

▶ ശുദ്ധകലാവാദത്തിലൂടെ സാഹിത്യവീക്ഷണം നടത്തിയ വിമർശകനാണ് ഡോ. കെ. ഭാസ്കരൻ നായർ

രുടേത്. ദൈവനീതിക്കു ദാക്ഷണ്യമില്ല, ചിന്താതീർത്ഥം, ധന്യവാദം, സംസ്കാര ലോചനം എന്നിവ പ്രധാന നിരൂപണഗ്രന്ഥങ്ങളാണ്. സി. വി. രാമൻപിള്ളയുടെ സാഹിത്യകൃതികളെ ചരിത്രപരവും കലാപരവുമായി കൃതികളിൽ വിലയിരുത്തിയിട്ടുണ്ട്. സാഹിത്യത്തിന്റെ ധാർമ്മികതയിലൂന്നിയ വിമർശനത്തിന്റെ രീതി സ്വീകരിച്ച വ്യക്തിയാണ് അദ്ദേഹം.

## കെ. ദാമോദരൻ

▶ മാർക്സിയൻ കലാദർശനങ്ങളുടെ വിഖ്യാതാവും പ്രയോക്താവും - കെ. ദാമോദരൻ

മാർക്സിയൻ കലാദർശനങ്ങളുടെ വിഖ്യാതാവും പ്രയോക്താവുമായിരുന്ന കെ. ദാമോദരൻ പുരോഗമന കലാസാഹിത്യ സംഘടനയുടെ സമുന്നത നേതാവുമായിരുന്നു. മാർക്സിസത്തിന്റെ സുശക്തമായ അടിത്തറയിൽ നിന്ന് സാഹിത്യവീക്ഷണം നടത്തിയ അദ്ദേഹം സാഹിത്യത്തിന്റെ സാമൂഹിക ബന്ധത്തെ അനിഷേധ്യമായി കണ്ടു. സാഹിത്യം അതു രചിക്കപ്പെട്ട കാലഘട്ടത്തിന്റെ രാഷ്ട്രീയ - സാമൂഹിക ഭൂമികയിൽ നിന്നാണ് ഉയിർക്കൊള്ളുന്നത്. ഒരു കൃതിയുടെ ബാഹ്യത്തിൽ നിന്ന് ആന്തരികത്തിലേയ്ക്ക് കടന്നു ചെന്ന് ആസ്വാദ്യത കൈവരിക്കണം. അത്തരത്തിൽ ലഭിക്കുന്ന ആസ്വാദനത്താൽ ഒരു മനുഷ്യന്റെ വ്യക്തിസത്തയും ധാർമ്മികതയും എത്രത്തോളം വളർച്ച നേടുന്നു എന്നതും പ്രധാനമാണ്. മാരാരുടെ 'കല കലയ്ക്കു വേണ്ടി' മുണ്ടശ്ശേരിയുടെ 'രൂപഭദ്രത' എന്നീ വാദങ്ങളെ ശക്തിയുക്തമായി എതിർക്കുകയും ചെയ്ത വിമർശകനാണ് കെ. ദാമോദരൻ.

## സി. എസ്. നായർ

നിരൂപണമെന്നാൽ അലങ്കാരപ്രയോഗങ്ങളുടെ പരിശോധനയോ രസത്തെക്കുറിച്ചുള്ള വാചകകസർത്തോ ആയിരുന്ന കാലത്താണ് സി. എസ്. നായർ നിരൂപണത്തിലേർപ്പെട്ടത്. സോഷ്യലിസത്തിന്റെയും കമ്മ്യൂണിസത്തിന്റെയും പ്രചാരം തടഞ്ഞുനിർത്താൻ ശ്രമിച്ചവരും ഊട്ടിവളർത്താൻ ശ്രമിച്ചവരും തമ്മിലുള്ള ആശയസംഘട്ടനങ്ങളുടെ കാലമായിരുന്നു മുപ്പതുകളും നാല്പതുകളും. അക്കാലത്ത് നിരൂപണത്തിന്റെ മുൻപന്തിയിലായിരുന്നു വിദ്വാൻ സി. എസ്. നായർ. ഭാഷയും സാഹിത്യവും സംസ്കാരവും വിഷയമായിട്ടുള്ള നൂറിൽക്കൂടുതൽ പ്രബന്ധങ്ങൾ ഭാഷാപോഷിണി, ആത്മപോഷിണി, ധർമ്മദൂതൻ, സ്വരാജ്യ, കൈരളി, മഹിള, ഗുരുനാഥൻ, അരുണോദയം തുടങ്ങിയ ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ അദ്ദേഹം പ്രസിദ്ധപ്പെടുത്തിയിരുന്നു. മരണാനന്തരം കോഴിക്കോട് പി. കെ. ബ്രദേഴ്സ് വിദ്വാൻ സി. എസ്. നായരുടെ ഉപന്യാസങ്ങൾ എന്ന പേരിൽ രണ്ടുവാല്യങ്ങൾ പ്രസിദ്ധപ്പെടുത്തി. കലാവിനോദം, ഭാഷാപദ്യസാഹിത്യം, ഭവഭൂതിയെപ്പറ്റി, ഭാഷാസാഹിത്യചരിത്രത്തിലെ ഗവേഷണ സ്ഥാനങ്ങൾ, സാഹിത്യവും സദാചാരവും എന്നീ ഉപന്യാസങ്ങൾ ഒന്നാം ഭാഗത്തിലും; ഇന്ത്യയുടെ നവോത്ഥാനം, നമ്മുടെ മതം, ജാതിപ്രഭാവം, നമ്മുടെ കൃത്യം, ശിവജി, ദ്രാവിഡസംസ്കാരം, സമുദായവും സന്മാർഗ്ഗവും, സ്വാതന്ത്ര്യം, ഇന്ത്യയും ബുദ്ധമതവും, ഇന്ത്യൻ രാജ്യകാര്യങ്ങൾ എന്നീ ഉപന്യാസങ്ങൾ രണ്ടാം ഭാഗത്തിലും ചേർത്തിരിക്കുന്നു. ഇവരെക്കൂടാതെ മറ്റ് നിരവധിപേർ നവോത്ഥാന നിരൂപണ രംഗത്ത് സംഭാവനകൾ നൽകുകയുണ്ടായി.

▶ മുപ്പതുകളും നാല്പതുകളും - വിദ്വാൻ സി. എസ്. നായർ

SGOU

സാമ്പ്രദായികതയിൽ സാഹിത്യത്തിന്റെ ആത്മീയപ്രഭാവത്തെ ഉൾക്കൊണ്ട് നിരൂപണം നടത്തുന്ന വ്യക്തിയാണ് എ. ഡി. ഹരിശർമ്മ. 1940 കളിൽ പുരോഗമനസാഹിത്യപ്രസ്ഥാനത്തെക്കുറിച്ച് നടന്ന ചർച്ചകളിലെ സജീവസാന്നിധ്യമായിരുന്നു ജി. കെ. എൻ. എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന ഉള്ളാട്ടിൽ ഗോവിന്ദൻകുട്ടി നായർ. സാമ്പ്രദായിക രീതിയിൽ മൂല്യനിർധാരണം നടത്തിയ ജി. കെ. എൻ. സാഹിത്യത്തിന്റെ സാമൂഹിക പ്രസക്തി നിഷേധിക്കുന്നില്ല. പൗരസ്ത്യ കാവ്യസിദ്ധാന്തങ്ങളെ പിൻപറ്റി വിമർശനം നടത്തിയ അദ്ദേഹത്തിന്റെ പ്രധാന കൃതികളാണ് രൂപരേഖ, കാവ്യാസ്വാദനവിചാരധാര, നിശീഥിനി, ഘണ്ടാപഥം, വിശ്വകാന്തി, വിചാരദീപ്തി എന്നിവ.

- സാമ്പ്രദായികതയിൽ സാഹിത്യത്തിന്റെ ആത്മീയ പ്രഭാവം - എ. ഡി. ഹരിശർമ്മ

സാഹിത്യകൃതികൾ ചരിത്രപരമായും സാമൂഹികമായും അപഗ്രഥിച്ച് വിശകലനം ചെയ്യുന്ന രീതിയാണ് വിമർശകനായ പി. കെ ബാലകൃഷ്ണന്റേത്. ധർമ്മത്തിലൂന്നിയ വിമർശനരീതിയാണ് അദ്ദേഹം പിന്തുടർന്നിരുന്നത്. ചന്തുമേനോൻ ഒരു പഠനം, കാവ്യകല കുമാരനാശാനിലൂടെ, നോവൽ സിദ്ധിയും സാധനയും, നിദ്രാസഞ്ചാരങ്ങൾ എന്നിവ പ്രധാന വിമർശന ഗ്രന്ഥങ്ങളാണ്.

- ധർമ്മത്തിലൂന്നിയ വിമർശനരീതി- പി. കെ. ബാലകൃഷ്ണൻ

വിഗ്രഹഭഞ്ജകനും പാരമ്പര്യനിഷേധിയുമായ വിമർശകനാണ് സി. ജെ. തോമസ്. രാഷ്ട്രീയ - ദാർശനിക വിശ്വാസ പ്രമാണങ്ങളിലുണ്ടായ വ്യതിചലനങ്ങൾ അദ്ദേഹത്തിന്റെ വിമർശനങ്ങളിലും പ്രതിഫലിക്കുന്നതായി കാണാം. ധിക്കാരിയുടെ കാതൽ, ഇവൻ എന്റെ പ്രിയ പുത്രൻ, വിലയിരുത്തൽ, ഉയരുന്ന യവനിക തുടങ്ങിയവ പ്രധാന നിരൂപണഗ്രന്ഥങ്ങളാണ്.

- വിഗ്രഹഭഞ്ജകനും പാരമ്പര്യ നിഷേധിയുമായ വിമർശകൻ - സി. ജെ. തോമസ്

## Summarised Overview

എ. ആറിന്റെ കാലത്തും മറ്റുമുണ്ടായ മലയാളനിരൂപണങ്ങളെ പൂർണമായി ഉൾക്കൊണ്ടുകൊണ്ട് പുതിയ മാനങ്ങളിലേയ്ക്ക് നയിക്കാൻ പ്രാപ്തിയുള്ള നിരൂപകർ ഇരുപതാം നൂറ്റാണ്ടിന്റെ രണ്ടാം പാദത്തിലുണ്ടായി. ജോസഫ് മുണ്ടശ്ശേരി, കുട്ടികൃഷ്ണമാരാർ, എ. ബാലകൃഷ്ണപിള്ള (കേസരി), എം. പി. പോൾ തുടങ്ങിയവർ മലയാളനിരൂപണത്തിന്റെ ചരിത്രത്തിന് പുതിയ വഴിത്തിരിവുണ്ടാക്കി. പൗരസ്ത്യകാവ്യസിദ്ധാന്തങ്ങളെ ആത്മനിഷ്ഠമായ അഭിരുചിയുടെ അടിസ്ഥാനത്തിൽ സമീപിച്ച മാരാർ, മഹിമട്ടന്റെ അനുമാനസിദ്ധാന്തത്തെ ഉയർത്തിക്കാട്ടി 'ഭാഷാഭൂഷണ'ത്തെ വിമർശിച്ചുകൊണ്ടെഴുതിയ 'സാഹിത്യഭൂഷണം' എന്ന ആദ്യ കൃതിയിൽ ആനന്ദവർദ്ധനന്റെ സാഹിത്യദർശനങ്ങളെ വിമർശന വിധേയമാക്കുന്നു. പൗരാണിക സാഹിത്യത്തിൽ അഗാധജ്ഞാനമുണ്ടായിരുന്ന കുട്ടികൃഷ്ണമാരാര് ഇതിഹാസ കഥാപാത്രങ്ങളെയും പുരാണപ്രാചീനകവികളെയും വിഗ്രഹഭഞ്ജകത്വത്തിന്റെ മൂർച്ചയേറിയ ആയുധം കൊണ്ട് ആക്രമിച്ചു. നിലവിലെ സാഹിത്യകൃതികൾ നൂതനമായ ആസ്വാദനബോധം ആവശ്യപ്പെടുന്നുണ്ടെന്നും അതിനായി പുതിയ മൂല്യനിർണ്ണയ രീതികൾ ആവശ്യമാണെന്നും ഈ നിരൂപകർ അഭിപ്രായപ്പെട്ടു. യുക്തി ബോധാധിഷ്ഠിതമായ സാമൂഹിക ചിന്തകൾക്കാണ് ഇവർ പ്രാധാന്യം നൽകിയിരുന്നത്. ഈ ഘട്ടത്തിലാണ് മാർക്സിസ്റ്റ് വിമർശനരീതികൾ മലയാളത്തിൽ ശക്തിപ്രാപിക്കുന്നത്.

കലാരൂപത്തെ രൂപപ്രധാനമെന്നും ഭാവപ്രധാനമെന്നും രണ്ടാക്കിത്തിരിച്ച് അതിൽ രൂപത്തിന് അമിതപ്രാധാന്യം കല്പിക്കുന്ന രീതിയാണ് 'രൂപഭദ്രതാവാദം' എന്ന പേരിൽ അറിയപ്പെടുന്നത്. കാവ്യത്തിന്റെ ഉള്ളടക്കമെന്തുതന്നെയായാലും മധുരപദാവലികളാൽ മനോഹരമാക്കി ആവിഷ്കരിക്കുമ്പോഴാണ് സാഹിത്യം ജനിക്കുന്നത് എന്ന് ഈ വാദമുഖം വ്യക്തമാക്കുന്നു. കവിതയിൽ വൃത്തങ്ങളും പ്രാസങ്ങളും മറ്റും ഇതിന്റെ ഭാഗമാണ്. മലയാളസാഹിത്യാന്തരീക്ഷത്തിൽ ഏറെക്കാലം മുഴങ്ങിനിന്ന ഒരു വിവാദമാണ് രൂപഭദ്രതയുടെ പേരിലുണ്ടായത്. പുരോഗമന സാഹിത്യപ്രസ്ഥാനം ഏറെ മുന്നോട്ടുപോയപ്പോൾ, പ്രതിപാദനരീതി എങ്ങനെയായാലും പ്രതിപാദ്യത്തിൽ പുരോഗമനമുണ്ടെങ്കിൽ കൃതി ഉത്തമകോടിയിൽപ്പെടും എന്നൊരു സമീപനം വികസിച്ചുവന്നു. തകഴിയുടെ 'തോട്ടിയുടെ മകൻ' എന്ന നോവൽ നിരൂപണം ചെയ്യുമ്പോഴാണ് ഈ വാദം അദ്ദേഹം അവതരിപ്പിച്ചത്.

സാഹിത്യത്തിന്റെ സാമൂഹിക മുഖത്തെയും സൗന്ദര്യാത്മകതയെയും ഒരുപോലെ അംഗീകരിക്കുകയും മലയാള ഗദ്യനിരൂപണത്തിന്റെ പാത തുറക്കുകയും ചെയ്ത നിരൂപകനാണ് എം.പി. പോൾ. സാഹിത്യകൃതികൾ ചരിത്രപരമായും സാമൂഹികമായും അപഗ്രഥിച്ച് വിശകലനം ചെയ്യുന്ന രീതിയാണ് വിമർശകനായ പി. കെ. ബാലകൃഷ്ണന്റേത്. മാർക്സിയൻ കലാദർശനങ്ങളുടെ വിഖ്യാതാവും പ്രയോക്താവുമായിരുന്ന കെ. ദാമോദരൻ പുരോഗമന കലാസാഹിത്യ സംഘടനയുടെ സമുന്നത നേതാവുമായിരുന്നു. പാശ്ചാത്യസാഹിത്യ ദർശനങ്ങളെ പിന്തുടർന്നുകൊണ്ട് വിമർശനം നടത്തിയ കേസരി അന്തർവിജ്ഞാനപരത മലയാള വിമർശനത്തിൽ ആദ്യമായി പ്രയോഗിച്ചു. പ്രസ്ഥാന നിരൂപണത്തിന്റെ സ്വഭാവം പ്രകടിപ്പിച്ച അദ്ദേഹം തേവർവീഴ്ത്തിപ്രസ്ഥാനം, തേവർവാഴ്ത്തിപ്രസ്ഥാനം, സ്വപ്നപ്രസ്ഥാനം, മാനം നോക്കിപ്രസ്ഥാനം, പരാജയപ്രസ്ഥാനം, ഏഴ നോക്കിപ്രസ്ഥാനം തുടങ്ങിയ സംജ്ഞകൾ അവതരിപ്പിച്ചു. കവികളെ പ്രസ്ഥാന സ്ഥാപകരാക്കി ചിത്രീകരിച്ചതും കെടാമംഗലം പപ്പുക്കുട്ടിയെ കേരളത്തിന്റെ മയക്കോവസ്കി എന്നും വിശേഷിപ്പിച്ചത് കേസരിയുടെ പരിമിതിയായി ചൂണ്ടിക്കാട്ടപ്പെട്ടിട്ടുണ്ട്. ത്രികാലങ്ങളിലേക്ക് പ്രസരിക്കുന്ന അന്വേഷണ ബുദ്ധി കേസരിയിൽ ശക്തമായിരുന്നു.

## Assignments

1. പുരോഗമന സാഹിത്യപ്രസ്ഥാനത്തിന്റെ ചരിത്രം വിവരിക്കുക.
2. രൂപഭദ്രതാവാദം - വിവരിക്കുക.
3. കേസരി എ. ബാലകൃഷ്ണപിള്ളയുടെ നിരൂപണ പദ്ധതി - ഉപന്യാസം തയ്യാറാക്കുക.
4. പ്രസ്ഥാനനിരൂപണവും കേസരി എ. ബാലകൃഷ്ണപിള്ളയും - കുറിപ്പെഴുതുക.
5. എം. പി. പോളിന്റെ നിരൂപണപദ്ധതി - ഉപന്യാസം തയ്യാറാക്കുക.
6. മാരാരുടെ വിമർശനകല - ഉപന്യാസം തയ്യാറാക്കുക.

## Suggested Readings


1. കുട്ടികൃഷ്ണമാരാർ, രാജാങ്കണം, മാരാർ സാഹിത്യപ്രകാശം, കോഴിക്കോട്.
2. കുട്ടികൃഷ്ണമാരാർ, കല ജീവിതം തന്നെ, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.
3. കുമാരനാശാൻ, കുമാരനാശാന്റെ ഗദ്യലേഖനങ്ങൾ, കുമാരനാശാൻ സ്മാരക കമ്മറ്റി, എൻ. ബി. എസ്., കോട്ടയം.
4. കേരളവർമ്മ വലിയ കോയിത്തമ്പുരാൻ, കേരളവർമ്മയുടെ തെരെഞ്ഞെടുത്ത ഗദ്യകൃതികൾ, (സമ്പാ. തിക്കുറിശ്ശി ഗംഗാധരൻ), എൻ. ബി. എസ്., കോട്ടയം.
5. കേസരി എ. ബാലകൃഷ്ണപിള്ള, കേസരിയുടെ സാഹിത്യവിമർശനങ്ങൾ, നാഷണൽ ബുക്സ്റ്റാൾ, കോട്ടയം.


## References


1. എരുമേലി പരമേശ്വരൻ പിള്ള, മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ, കറന്റ് ബുക്സ്, തൃശ്ശൂർ.
2. കെ. എം. ജോർജ് (എഡിറ്റർ), ആധുനിക മലയാള സാഹിത്യ ചരിത്രം പ്രസ്ഥാനങ്ങളിലൂടെ, ഡി. സി. ബുക്സ്, കോട്ടയം.
3. സുകുമാർ അഴീക്കോട്, മലയാള സാഹിത്യ വിമർശനം, ഡി. സി. ബുക്സ്, കോട്ടയം.
4. എം. ഗോവിന്ദൻ, പുതിയ മനുഷ്യൻ പുതിയ ലോകം, ഡി. സി. ബുക്സ്, കോട്ടയം.
5. ജോസഫ് മുണ്ടശ്ശേരി, മുണ്ടശ്ശേരി കൃതികൾ, കറന്റ് ബുക്സ്, തൃശ്ശൂർ.
6. സി. ജെ. തോമസ്, സി. ജെ. യുടെ ലേഖനങ്ങൾ, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.
7. കെ. ദാമോദരൻ, കെ. ദാമോദരന്റെ സമ്പൂർണകൃതികൾ - വാല്യം 7, എന്താണു സാഹിത്യം, പ്രിന്റ് മീഡിയ.


SGOU

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

Unit 2

# 1. കലയും വൈരൂപ്യവും

**കേസരി എ. ബാലകൃഷ്ണപിള്ള**

## Learning Outcomes

- കേസരിയുടെ നിരൂപണ പദ്ധതി പരിചയപ്പെടുന്നു
- നവീനനിരൂപണ രീതികളെക്കുറിച്ച് മനസിലാക്കുന്നു
- കേസരിയുടെ സാഹിത്യ സംഭാവനകൾ പരിചയപ്പെടുന്നു
- 'കലയും വൈരൂപ്യവും' എന്ന കേസരി എ. ബാലകൃഷ്ണപ്പിള്ളയുടെ ലേഖനത്തെ സവിശേഷമായി പഠിക്കുന്നു

## Background

പാശ്ചാത്യസാഹിത്യസിദ്ധാന്തങ്ങൾ അടിസ്ഥാനമാക്കി മലയാള സാഹിത്യവിമർശനം പുരോഗതിയുടെയും നവവീക്ഷണത്തിന്റെയും പാതയിലേയ്ക്ക് നയിച്ചത് കേസരി എ. ബാലകൃഷ്ണ പിള്ളയാണ്. സമദർശി, പ്രബോധിനി, കേസരി തുടങ്ങിയവയുടെ പത്രാധിപരായിരുന്നു അദ്ദേഹം. നവോത്ഥാനസാഹിത്യത്തിന്റെ മാർഗദർശി എന്നാദരിക്കുന്ന കേസരിയെ കേന്ദ്രമാക്കി ഒരു സംഘം രൂപപ്പെട്ടു. ഇവരെ കേസരി സ്കൂൾ എന്നു വിളിക്കാം. ഇവിടെ നടന്ന ചർച്ചകളും വിമർശനങ്ങളും പിൽക്കാലത്ത് മലയാളസാഹിത്യത്തിന് മുതൽക്കൂട്ടായിത്തീർന്നു. കേസരി, കൃതികളുടെ കലാമൂല്യത്തെ അവഗണിക്കുകയും സാങ്കേതികാംശത്തിന് കൂടുതൽ പ്രാധാന്യം നൽകുകയും ചെയ്തതായി ഒരഭിപ്രായമുണ്ട്. എന്നാൽ ഇതേക്കുറിച്ചുള്ള കേസരിയുടെ അഭിപ്രായം കലാപ്രസ്ഥാനം ജീവിതവീക്ഷണത്തിന്റെ ഭാഗമാണെന്നതാണ്. യാഥാസ്ഥിതികതയുടെ ചങ്ങലയിൽ കിടന്ന സമൂഹത്തെ ഉത്തേജിപ്പിച്ച് പുരോഗമന പാതയിലേയ്ക്ക് നയിക്കാൻ ഫലപ്രദമായ ഉപകരണങ്ങളാക്കി കലയെയും സാഹിത്യത്തെയും മാറ്റി എന്നതിലാണ് കേസരിയുടെ ദീർഘവീക്ഷണം പ്രവർത്തിച്ചത്. 'കടത്തുവഞ്ചി', 'മണിനാദം', 'സ്പന്ദിക്കുന്ന അസ്ഥിമാടം', 'നിമിഷം' എന്നിവയ്ക്ക് കേസരി എഴുതിയ അവതാരികകൾ സാഹിത്യസംബന്ധിയായ ആധികാരിക പഠനങ്ങളാണ്. 'രാജരാജീയം', 'സാഹിത്യവിമർശനങ്ങൾ', 'രൂപമഞ്ജരി', 'നോവൽ പഠനങ്ങൾ', 'സാങ്കേതിക നിരൂപണം', 'നവലോകം' എന്നിവ വിഖ്യാത വിമർശന ഗ്രന്ഥങ്ങളാണ്.

മാർക്സിയൻ കലാദർശനം അംഗീകരിച്ചുകൊണ്ടുള്ള സാമൂഹിക പുരോഗതിയായിരിക്കണം സാഹിത്യത്തിന്റെ ആത്യന്തിക ലക്ഷ്യമെന്ന ആശയത്തിൽ കേസരി ഉറച്ചുനിന്നു. കേസരിയുടെ ചിന്താപദ്ധതിപ്രകാരം സാഹിത്യത്തിൽ പ്രചാരണാംശത്തിനാണ് മുൻതൂക്കം. ഇതും വിമർശന വിധേയമായി. എന്നാൽ കേസരിയുടെ സുവ്യക്തമായ അഭിപ്രായം ഒരു കലാപ്രസ്ഥാനം ഒരു ജീവിതവീക്ഷണത്തിന്റെ ഫലമാണ് എന്നാണ്. കാല്പനിക പ്രസ്ഥാനവും യഥാതഥ പ്രസ്ഥാനവും മറ്റും ഉദാഹരണമായി എടുത്തുകാണിക്കാം. ബാലകൃഷ്ണപിള്ളയുടെ ദൃഷ്ടിയിൽ പുരോഗതിയാണ് നിരൂപണത്തിന്റെ യഥാർത്ഥ ധർമ്മം. 'നിരൂപണവിഷയമായ ഗ്രന്ഥത്തിന്റെ വിഷയത്തെപ്പറ്റിയല്ല, പിന്നെയോ, അതിന്റെ രചനാരീതിയെക്കുറിച്ചാണ്. അതായത്, അതിനു കാരണമായ സൗന്ദര്യാനുഭവത്തിന്റെ സ്വഭാവം, അതിന്റെ രൂപം, സാങ്കേതികമാർഗ്ഗം, രീതി എന്നിവയെപ്പറ്റിയാണ് ഏറിയകൂറും ഒരു നിരൂപകൻ അഭിപ്രായം പറയേണ്ടത്'. സാങ്കേതികമാർഗം എന്ന ആശയത്തിനാണ് കേസരി പ്രാധാന്യം നൽകിയത്.

# Keywords

കലയും വൈരൂപ്യവും - കവിതയും ചിത്രകലയും വൈരൂപ്യവും തമ്മിലുള്ള ബന്ധം – മലയാളത്തിലെ സാഹിത്യകാരന്മാരുടെ പക്ഷങ്ങൾ

# Discussion

▶ 'കലയും വൈരൂപ്യവും' എന്ന നിരൂപണം

കേസരി എ. ബാലകൃഷ്ണപിള്ള കലയെയും വൈരൂപ്യത്തെയും കുറിച്ച് നടത്തുന്ന വിചിന്തനമാണ് 'കലയും വൈരൂപ്യവും' എന്ന നിരൂപണം. കലയിൽ വൈരൂപ്യമുണ്ടെന്നുള്ള മറ്റു ചില സാഹിത്യകാരന്മാരുടെ അഭിപ്രായത്തെ കാര്യകാരണസഹിതം നിഷേധിക്കുകയാണ് കേസരി. ആത്യന്തികമായി സൗന്ദര്യമാണ് കല. വൈരൂപ്യമുണ്ടെങ്കിൽ അത് കലയാകുന്നില്ല. അപ്പോൾ കലയിൽ എങ്ങനെ വൈരൂപ്യം ഉണ്ടാകുമെന്നും വൈരൂപ്യമുള്ളത് കലയാകുന്നില്ല എന്നും അദ്ദേഹം നിരീക്ഷിക്കുന്നു. മനസ്സിൽ ആനന്ദം ജനിപ്പിക്കുന്നതാണ് സൗന്ദര്യം. ആനന്ദം ജനിപ്പിച്ചില്ലെങ്കിൽ, സൗന്ദര്യമില്ലെങ്കിൽ അത് കലയാകുന്നില്ല. നിത്യജീവിതത്തിൽ നേരിട്ടു കാണുമ്പോൾ അരോചകമായി തോന്നുന്ന പലതും കലയിൽ, സാഹിത്യത്തിൽ ആസ്വാദ്യമായിത്തീരുകയാണ് ചെയ്യുന്നത്. 'ഗീതാഗോവിന്ദ'ത്തിലെ സുരതക്രീഡയെ വർണ്ണിക്കുന്ന ശ്ലോകം കേസരി ഉദാഹരിക്കുന്നത് ഇവിടെയാണ്. അതുപോലെ 'മഹാഭാരത'ത്തിൽ എഴുത്തച്ഛൻ ദുശ്ശാസനവധം അവതരിപ്പിക്കുമ്പോൾ ഭീമന്റെ പൈശാചികത വായിച്ച് നമ്മിൽ ആനന്ദം ജനിക്കുന്നു. എന്നാൽ നിത്യജീവിതത്തിൽ അത് ആനന്ദദായകമാകുന്നില്ല.

▶ ചിത്രകലയിലേക്കും പ്രതിമാശില്പത്തിലേക്കും വരുമ്പോൾ അത് വിപരീതാർത്ഥം നൽകും

സൗന്ദര്യത്തെയും വൈരൂപ്യത്തെയും സംബന്ധിച്ച ഈ തത്വം പൊതുവിൽ എല്ലാ കലയ്ക്കും ബാധകമാണെങ്കിലും ചിത്രകലയിലേക്കും പ്രതിമാശില്പത്തിലേക്കും വരുമ്പോൾ അത് വിപരീതാർത്ഥം നൽകും. കാരണം അവ രണ്ടും ഒരു നിശ്ചിത നിലയെയാണ് കാണിക്കുന്നത്. ഉദാഹരണത്തിന് സുരതരംഗം കാണിക്കുമ്പോൾ അതിന് മുമ്പുള്ള ലാളനകൾ കൂടി കാണിക്കേണ്ടി വരും. കവിതയിൽ അത് വിഷയമാകുന്നില്ല. കാരണം അതിന് തുടർച്ചയുണ്ട് എന്നതുതന്നെ. നിത്യജീവിതത്തിലെ വൈരൂപ്യത്തെ ചിത്രമെഴുത്തിലും പ്രതിമാശില്പത്തിലും വർജ്ജിക്കുന്നതിൽ പ്രാചീന യവനർ നിഷ്കർഷ കാണിച്ചത് ഇതിനാലാവാം. ചിത്രമെഴുത്തിനെയും പ്രതിമാശില്പത്തെയും പോലെയുള്ള ദൃശ്യകലയായ നാട്യത്തിൽ വധം, സുരതം എന്നിവ ഭാരതീയ ആലങ്കാരികന്മാർ നിഷേധിച്ചത് ഇതിനാലാകും.

പ്രാചീന യവനർ രൂപങ്ങളെ കൈകാര്യം ചെയ്യുന്ന ഇത്തരം കലകളിൽ സൗന്ദര്യമെന്ന പരമമായ ഉദ്ദേശത്തിന് വേണ്ടി സർവവും ബലികഴിക്കാൻ തയ്യാറായിരുന്നു. മുഖത്തെ വിരൂപപ്പെടുത്തുന്ന വികാരങ്ങളെ അവർ മൃദുലപ്പെടുത്തി. കോപപാരമ്യത്തെ രൗദ്രമായും ദുഃഖപാരമ്യത്തെ വ്യസനമായും മൃദുലപ്പെടുത്തി. ഇഫിജീനിയായെ ബലികഴിക്കുന്ന രംഗത്തെ ചിത്രീകരിക്കുന്ന യവനചിത്രത്തിൽ ചിത്രകാരനായ

▶ വൈരൂപ്യത്തോട് വിപ്രതിപത്തി കാണിക്കുന്ന സമീപനം

ടിമാന്തസ് മകളെ ബലികഴിക്കുന്ന പിതാവിന്റെ ശോകപാരമ്യത്തെ മുഖത്തെ വികൃതമാക്കാതെ ചിത്രീകരിക്കാനാകാത്തതിനാൽ മൂടുപടം കൊണ്ട് മറച്ച് അവതരിപ്പിച്ചു. എന്നാൽ കവിതയിൽ ഈ രംഗം പിതാവിന്റെ ശോകപാരമ്യത അവതരിപ്പിക്കാതെ പോകില്ല. അതാകട്ടെ കാവ്യത്തിന്റെ സൗന്ദര്യം നശിപ്പിക്കുകയുമില്ല.

▶ ആധുനിക കവിയുടെ ദർശനം ബഹിർ ലോകത്തിൽ നിന്നു മാറി മനസ്സിലേക്ക് ഒതുങ്ങി.

യൂറോപ്പിലെ മധ്യ-ആധുനികകാല കവികളെ താരതമ്യം ചെയ്ത് കേസരി പ്രകൃതിയും കാവ്യഗതിയും തമ്മിലുള്ള ബന്ധത്തെ കാണിക്കുന്നു. പൊതുവായ മത വിശ്വാസത്തിൽ ഏകീകൃതമായ ഒരു സമുദായത്തിൽ ജീവിച്ച മധ്യകാല കവിക്ക് കലാസാമഗ്രികൾ പ്രകൃതിയിൽ നിന്നാണ് ലഭിച്ചത്. എന്നാൽ ആധുനിക കവിയാകട്ടെ ഒന്നിനെക്കുറിച്ചും പൊതുവായ അഭിപ്രായമില്ലാതിരുന്ന ലോകത്താണ് ജീവിച്ചത്. അതിനാൽ അയാൾക്ക് എല്ലാം പുതുതായി വ്യാഖ്യാനിക്കേണ്ടിവന്നു. അതിനാൽ തന്നെ അയാളുടെ ദർശനം ബഹിർലോകത്തിൽ നിന്നു മാറി മനസ്സിലേക്ക് ഒതുങ്ങി. പുറത്തു കൂടി വിഷയത്തെ സമീപിക്കുന്ന ക്ലാസ്സിക്ക് രീതി മാറി അകത്തുകൂടി സമീപിക്കുന്ന രീതി വന്നത് ഇങ്ങനെയാണ്. ആധുനിക കവി ഈ ലോകം അയാളിൽ ജനിപ്പിക്കുന്ന വികാരങ്ങളിലാണ് ശ്രദ്ധപതിപ്പിക്കുന്നത്. കല ആത്മാവിന്റെ ആവിഷ്കരണമാണെന്ന് പറയുന്നത് ഇതാണ്.

▶ ബോദ്‌ലയർ, റിംബോ നിത്യ ജീവിതത്തിലെ വൈരൂപ്യങ്ങളെ കാവ്യ വിഷയമാക്കി

ഈ പ്രശ്നത്തെ പരിഹരിക്കാൻ ആധുനിക കവികളിൽ ചിലർ സ്വപ്നലോകമുണ്ടാക്കി അതിൽ വിഹരിച്ചു. അവരാണ് റൊമാന്റിക്കുകളും അവരുടെ തന്നെ വകഭേദമായ മിസ്റ്റിക്കുകളും. മറ്റൊരു കൂട്ടം ആധുനികർ മനുഷ്യവികാരത്തിന് പൊതുവായ മാനം നൽകാൻ ശ്രമിച്ചു. റൊമാന്റിസിസവും റിയലിസവും കലർത്തിയ ഈ പദ്ധതി ആദ്യമായി ആവിഷ്കരിച്ച വ്യക്തിയാണ് ബോദ്‌ലയർ. വിഷയത്തിലും പ്രതിപാദനത്തിലും പരിഷ്കാരങ്ങൾ വരുത്തിയ ഇദ്ദേഹം നിത്യജീവിതത്തിലെ വൈരൂപ്യങ്ങളെ വിഷയമാക്കി. ഇത്തരത്തിൽ പ്രവർത്തിച്ച മറ്റൊരാളാണ് ഫ്രഞ്ചു കവിയായ റിംബോ. പ്രകൃതിവിരുദ്ധങ്ങളായ ദുശ്ശീലങ്ങളെ കവിതകളാക്കിയതിനാൽ 'കക്കൂസ് കവി' എന്ന പേരും അദ്ദേഹത്തിന് ലഭിച്ചു. ബോദ്‌ലയർ തന്റെ വ്യക്തി വികാരങ്ങളെ പ്രതിഫലിപ്പിക്കാനുള്ള ഉപാധിയായി പ്രകൃതിയെ ഉപയോഗിച്ചു. റൊമാന്റിക്കുകളുടെ കൃത്രിമ പ്രകൃതിയായിരുന്നില്ല അത്. ബോദ്‌ലയറിന്റെ ഈ പദ്ധതി പ്രകാരമാണ് എപ്സ്റ്റെയിൽ വൈരൂപ്യമുൾക്കൊള്ളുന്ന പ്രതിമകളും പിക്കാസോ അത്തരം ചിത്രങ്ങളും നിർമ്മിച്ചത്.

ഈ പശ്ചാത്തലത്തിൽ നിന്നുകൊണ്ട് കേരളത്തിലെ സാഹിത്യകാരന്മാരിലേയ്ക്ക് എത്തുകയാണ് കേസരി. ഇവരെ മൂന്ന് വിഭാഗങ്ങളായി തിരിക്കുന്നു. ഒന്നാം കൂറ്റുകാർ യൂറോപ്പിലെ മധ്യകാല കവികളെ പോലെ മതവിശ്വാസികളായ ക്ലാസ്സിക്കുകളാണ്. അവർ സംസ്കൃത സാഹിത്യ രീതിയെ അനുകരിക്കുന്നു. രണ്ടാമത്തേത് വേഡ്സ്വർത്തിനെപ്പോലെയുള്ള റൊമാന്റിക്കുകളാണ്. രവീന്ദ്രനാഥ ടാഗോറും ബങ്കിം ചന്ദ്ര ചാറ്റർജിയുമാണ് ഇവരുടെ ഗുരുക്കന്മാർ. മൂന്നാമത്തെ വിഭാഗം ബോദ്‌ലയറിന്റെ ശിഷ്യന്മാരാണെന്ന് കേസരി പറയുന്നു. അവരാണ് ഈ ലേഖനത്തിന് തന്നെ മുഖ്യ വിഷയമായിട്ടുള്ളവർ. കൃത്യമായ മതവിശ്വാസമില്ലാത്തതിനാൽ ക്ലാസ്സിക്കുകളാകാനോ നിത്യലോകത്തിൽ നിന്ന് മുഖം തിരിച്ച് കൃത്രിമ ലോകത്തിൽ വിഹരിക്കാനാവാത്തതിനാൽ റൊ

> ▶ കേസരി കവികളെ മൂന്നു വിഭാഗങ്ങളായി തിരിക്കുന്നു

മാൻറിക്കുകളോ മിസ്റ്റിക്കുകളോ ആകാൻ സാധിക്കാത്തവരാണിവർ. റഷ്യയിലെ ബോൾഷെവിക്ക് കവികൾ, കലാകാരന്മാർ സമുദായ സേവനമാണ് അടിസ്ഥാനമായി കണ്ടത്. മൂന്നുതരം കൂറ്റുകാർക്ക് പുറമെ ഇത്തരം ചില കൃതികളും ഇവിടെ ഉണ്ടായി. എന്നാൽ കേവലം പ്രചാരണ വേലകളായി മാത്രം ഒതുങ്ങിയതിനാലും കലാകൃതികളാകാതിരുന്നതിനാലും കേസരി ഇവയെ പരിഗണിക്കുന്നില്ല.

എന്നാൽ ഈ നാലു വിഭാഗം കൃതികൾക്കും ബൂർഷ്വകൾക്കിടയിലാണ് പ്രചാരമുണ്ടായിരുന്നത്. ഭൂരിഭാഗം വരുന്ന താഴ്ന്നവർ നാടോടി പാട്ടുകളിലും മറ്റുമാണ് ശ്രദ്ധപതിപ്പിച്ചത്. അതിനാൽ കലയിലെ വൈരൂപ്യവാദമൊക്കെ ഭൂരിഭാഗത്തിനും അജ്ഞാതമാണ്. ഈ ഭൂരിഭാഗത്തിന് ഒട്ടും മനസ്സിലാകാതെ വന്നത് റൊമാന്റിക്കുകളുടെ കൃതികളാണ്. റൊമാന്റിക്കുകളാണ് വൈരൂപ്യത്തെക്കുറിച്ച് ആക്ഷേപം നടത്തിയവരിൽ ഏറെയും. നല്ലതിനെയും ചീത്തയെയും ഒന്നുപോലെ കണ്ട് ദേവാലയങ്ങളിൽ കൊത്തിവച്ച പ്രാചീനഭാരതീയകലയുടെ ആത്മാവിനെ കലയിൽ വൈരൂപം കൊണ്ടുവരരുതെന്ന വാദത്തിൽ കാണാനാവില്ല. യൂറോപ്യൻ കലയുടെ ആത്മാവാണ് പ്രസ്തുത വാദത്തിനടിസ്ഥാനമായി കേസരി ചൂണ്ടി ക്കാണിക്കുന്നത്.

> ▶ കലയിലെ വൈരൂപ്യ വാദമൊക്കെ ഭൂരിഭാഗത്തിനും അജ്ഞാതമാണ്

## Summarised Overview

പാശ്ചാത്യസാഹിത്യങ്ങളിലെ സാങ്കേതികപദങ്ങൾ, സാഹിത്യരൂപങ്ങൾ എന്നിവ 'കേസരി' പത്രത്തിലൂടെ ബാലകൃഷ്ണപിള്ള മലയാളത്തിൽ പ്രചരിപ്പിച്ചു. ഈ പത്രത്തിന്റെ പേരിലാണ് അദ്ദേഹം കേസരി ബാലകൃഷ്ണപിള്ള എന്നറിയപ്പെട്ടത്. 'കേസരി'പത്രം നിന്നതോടെ പത്രപ്രവർത്തനത്തിൽ നിന്നും അദ്ദേഹം തീർത്തും പിന്മാറി. കേസരിയുടെ ഖ്യാതി മുഖ്യമായും പാശ്ചാത്യസാഹിത്യപ്രസ്ഥാനങ്ങളെ മലയാളികൾക്കു പരിചയപ്പെടുത്തിക്കൊടുത്ത ആൾ എന്ന നിലയ്ക്കാണ്.

നവോത്ഥാന സാഹിത്യത്തിന്റെ മാർഗദർശി എന്നാദരിക്കുന്ന കേസരിയെ കേന്ദ്രമാക്കി ഒരു 'കേസരി സ്കൂൾ' തിരുവനന്തപുരത്ത് രൂപപ്പെട്ടു. ഈ സ്കൂളിൽ നടന്ന അനൗപചാരിക ചർച്ചകളും വിമർശനങ്ങളും പിൽക്കാലത്ത് മലയാള സാഹിത്യത്തിന് മുതൽക്കൂട്ടായി ഭവിച്ചു. മാർക്സിയൻ കലാദർശനം അംഗീകരിച്ചുകൊണ്ടുള്ള സാമൂഹിക പുരോഗതിയായിരിക്കണം സാഹിത്യത്തിന്റെ ആത്യന്തിക ലക്ഷ്യമെന്ന ആശയത്തിൽ കേസരി ഉറച്ചുനിന്നു. എന്നാൽ കേസരിയുടെ സുവ്യക്തമായ അഭിപ്രായം ഒരു കലാപ്രസ്ഥാനം ഒരു ജീവിതവീക്ഷണത്തിന്റെ ഫലമാണ് എന്നതാണ്. കാല്പനിക പ്രസ്ഥാനവും യഥാതഥ പ്രസ്ഥാനവും മറ്റും ഉദാഹരണമായി എടുത്തുകാണിക്കാം. കലാസൃഷ്ടിക്കു വേണ്ടതിനേക്കാൾ ഉയർന്ന പ്രതിഭാശക്തി ഒരു കലാകാവ്യപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവിനു കൂടിയേതീരൂ. അങ്ങനെയുള്ളവരാണ് യഥാർഥ മഹാകവികൾ.

സാങ്കേതികമാർഗത്തിനുപുറമേ സാഹിത്യബാഹ്യങ്ങളായ പലതും തന്റെ രചനകളിൽ അദ്ദേഹം ഉൾക്കൊള്ളിച്ചു. നിരൂപണങ്ങളിൽ ശാസ്ത്രം, സാമൂഹ്യവിമർശം എന്നിവയെപ്പറ്റിയെല്ലാം അദ്ദേഹം മടികൂടാതെ എഴുതിവെച്ചു. വിഗ്രഹധ്വംസനവും സ്വതന്ത്രചിന്തയും എഴുത്തുകാർക്കിടയിൽ വളർത്തുവാൻ അദ്ദേഹം വളരെ ഉത്സാഹിച്ചിരുന്നു. വിഗ്രഹധ്വംസനത്തിനും സ്വതന്ത്രചി

ന്തയ്ക്കും ലക്ഷ്യമായി അദ്ദേഹം പുരോഗതി എന്ന ആശയത്തെ മുന്നിൽ പ്രതിഷ്ഠിച്ചു. മനുഷ്യ വർഗത്തിന്റെ പുരോഗതിയുടെ ലക്ഷ്യം സുഖമാണെന്നും ശാസ്ത്രവിജ്ഞാനം, സ്വാതന്ത്ര്യം, കല എന്നിവയിലൂടെ അതു പ്രാപിക്കാനാകുമെന്നും, അദ്ദേഹം വിശ്വസിച്ചു.

കേസരി എ. ബാലകൃഷ്ണപിള്ള കലയെയും വൈരൂപ്യത്തെയും കുറിച്ച് നടത്തുന്ന വിചിന്തനമാണ് 'കലയും വൈരൂപ്യവും' എന്ന നിരൂപണം. കലയിൽ വൈരൂപ്യമുണ്ടെന്നുള്ള മറ്റു ചില സാഹിത്യകാരന്മാരുടെ അഭിപ്രായത്തെ കാര്യകാരണസഹിതം നിഷേധിക്കുകയാണ് കേസരി. ആത്യന്തികമായി സൗന്ദര്യമാണ് കല. വൈരൂപ്യമുണ്ടെങ്കിൽ അത് കലയാകുന്നില്ല. മനസ്സിൽ ആനന്ദം ജനിപ്പിക്കുന്നതാണ് സൗന്ദര്യം. ആനന്ദം ജനിപ്പിച്ചില്ലെങ്കിൽ, സൗന്ദര്യമില്ലെങ്കിൽ അത് കലയാകുന്നില്ല. സൗന്ദര്യത്തെയും വൈരൂപ്യത്തെയും സംബന്ധിച്ച ഈ തത്വം പൊതുവിൽ എല്ലാ കലയ്ക്കും ബാധകമാണെങ്കിലും ചിത്രകലയിലേക്കും പ്രതിമാശില്പത്തിലേക്കും വരുമ്പോൾ അത് വിപരീതാർത്ഥം നൽകും. കാരണം അവ രണ്ടും ഒരു നിശ്ചിത നിലയെയാണ് കാണിക്കുന്നത്. പൊതുവായ മത വിശ്വാസത്തിൽ ഏകീകൃതമായ ഒരു സമുദായത്തിൽ ജീവിച്ച മധ്യകാല കവിക്ക് കലാസാമഗ്രികൾ പ്രകൃതിയിൽ നിന്നാണ് ലഭിച്ചത്. എന്നാൽ ആധുനിക കവിയാകട്ടെ ഒന്നിനെ കുറിച്ചും പൊതുവായ അഭിപ്രായമില്ലാതിരുന്ന ലോകത്താണ് ജീവിച്ചത്. അതിനാൽ അയാൾക്ക് എല്ലാം പുതുതായി വ്യാഖ്യാനിക്കേണ്ടി വന്നു. ആധുനിക കവി ഈ ലോകം അയാളിൽ ജനിപ്പിക്കുന്ന വികാരങ്ങളിലാണ് ശ്രദ്ധപതിപ്പിക്കുന്നത്. കല ആത്മാവിന്റെ ആവിഷ്കരണമാണെന്ന് പറയുന്നത് ഇതാണ്.

സ്വപ്നലോകമുണ്ടാക്കി അതിൽ വിഹരിച്ചവരാണ് റൊമാന്റിക്കുകളും അവരുടെ തന്നെ വകഭേദമായ മിസ്റ്റിക്കുകളും. വിഷയത്തിലും പ്രതിപാദനത്തിലും പരിഷ്കാരങ്ങൾ വരുത്തിയ ബോദ്ലയറും റിംബോയും നിത്യജീവിതത്തിലെ വൈരൂപ്യങ്ങളെ വിഷയമാക്കി. കൃത്യമായ മതവിശ്വാസമില്ലാത്തതിനാൽ ക്ലാസ്സിക്കുകളാകാനോ നിത്യലോകത്തിൽ നിന്ന് മുഖം തിരിച്ച് കൃത്രിമ ലോകത്തിൽ വിഹരിക്കാനാവാത്തതിനാൽ റൊമാൻറിക്കുകളോ മിസ്റ്റിക്കുകളോ ആകാനോ സാധിക്കാത്തവരാണ് ബോദ്ലയറിന്റെ ഗണത്തിൽപ്പെടുന്നവർ. സ്വന്തം മതഗ്രന്ഥങ്ങൾക്ക് പുറമേ ഭൂരിഭാഗം വരുന്ന താഴ്ന്നവർ നാടോടി പാട്ടുകളിലും മറ്റുമാണ് ശ്രദ്ധപതിപ്പിച്ചത്. അതിനാൽ കലയിലെ വൈരൂപ്യവാദമൊക്കെ ഭൂരിഭാഗത്തിനും അജ്ഞാതമാണ്. കലയിൽ വൈരൂപ്യം കൊണ്ടുവരരുതെന്ന വാദത്തിന് പ്രാചീന ഭാരതകലയിൽ അടിസ്ഥാനമില്ല. യൂറോപ്പ്യൻ കലാപാരമ്പര്യവുമായാണതിനുബന്ധം.

## Assignments

1. കലയിൽ വൈരൂപ്യമുണ്ടെന്ന വാദത്തിന്റെ പ്രസക്തി എത്രത്തോളമാണ്?
2. കവിതയിലെ സൗന്ദര്യം ചിത്ര- പ്രതിമാ നിർമ്മാണത്തിലേക്ക് വരുമ്പോൾ വൈരൂപ്യമാകുന്നതിന്റെ അടിസ്ഥാനം എന്താണ്?
3. കേരളത്തിലെ സാഹിത്യകാരന്മാരെ ഏത്ര കൂറ്റുകളായി കേസരി തിരിക്കുന്നു? ആ തരം തിരിവിന്റെ അടിസ്ഥാനമെന്ത്?
4. ഭാരതീയ കലാദർശനത്തിൽ വൈരൂപ്യത്തിന് പ്രസക്തിയുണ്ടോ? കാരണം വിശദമാക്കുക.
5. കേസരിയുടെ നിരൂപണരീതി - ഉപന്യാസം തയ്യാറാക്കുക.
6. കലയിൽ വൈരൂപ്യത്തിനുള്ള സ്ഥാനം - വിശദമാക്കുക.

## Suggested Readings


1. കേസരി എ. ബാലകൃഷ്ണപിള്ള, കേസരിയുടെ സാഹിത്യവിമർശനങ്ങൾ, നാഷണൽ ബുക്ക്സ്റ്റാൾ, കോട്ടയം.
2. സുകുമാർ അഴീക്കോട്, മലയാളസാഹിത്യവിമർശനം, ഡി. സി. ബുക്ക്സ്, കോട്ടയം.


## References


1. എരുമേലി പരമേശ്വരൻ പിള്ള, മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ, കറന്റ് ബുക്ക്സ്, തൃശ്ശൂർ.
2. കെ. എം. ജോർജ് (എഡി.), ആധുനിക മലയാള സാഹിത്യ ചരിത്രം പ്രസ്ഥാനങ്ങളിലൂടെ, ഡി. സി. ബുക്ക്സ്, കോട്ടയം.
3. സുകുമാർ അഴീക്കോട്, മലയാളസാഹിത്യവിമർശനം, ഡി. സി. ബുക്ക്സ്, കോട്ടയം.
4. എൻ. കൃഷ്ണപിള്ള, കൈരളിയുടെ കഥ, ഡി. സി. ബുക്ക്സ്, കോട്ടയം.
5. വത്സലൻ വാതുശ്ശേരി, മലയാളസാഹിത്യനിരൂപണം അടരുകൾ അടയാളങ്ങൾ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.


SGOU

# 2. ഇതിഹാസകഥാപാത്രങ്ങൾ

**കുട്ടികൃഷ്ണമാരാർ**

## Learning Outcomes

- മാരാരുടെ നിരൂപണപദ്ധതി പരിചയപ്പെടുന്നു
- കല കലയ്ക്കുവേണ്ടി - കല ജീവിതത്തിന് വേണ്ടി എന്നീ വാദങ്ങളുടെ സംവാദ മണ്ഡലം മനസിലാക്കുന്നു
- മലയാളത്തിലെ നിരൂപണ സാഹിത്യത്തിന്റെ ചരിത്രത്തിൽ മാരാരുടെ ഇടം തിരിച്ചറിയുന്നു
- 'ഇതിഹാസ കഥാപാത്രങ്ങൾ' എന്ന കുട്ടിക്കൃഷ്ണമാരാരുടെ ലേഖനത്തെ സവിശേഷമായി മനസിലാക്കുന്നു

## Background

പൗരസ്ത്യസാഹിത്യസിദ്ധാന്തങ്ങൾ ആധുനികവീക്ഷണവുമായി സമന്വയിപ്പിക്കാൻ ശ്രമിച്ച ധിഷണാശാലിയാണ് കുട്ടികൃഷ്ണമാരാർ. 1900 ജൂൺ 14 ന് തിരൂരിനടുത്ത് തൃപ്രങ്ങോട്ട് ജനിച്ചു. സംസ്കൃത പണ്ഡിതനായിരുന്ന മാരാർ സംസ്കൃത പാരമ്പര്യത്തിൽ നേടിയ സാഹിത്യ ശിഷണത്തെ വിമർശനത്തിൽ തനതായ മാർഗം തെളിക്കാൻ ഉപയോഗിച്ചു. ശക്തിയേറിയ ഭാഷാപ്രയോഗരീതി, പഴമയെയും പുതുമയെയും ഇണക്കിച്ചേർക്കാനുള്ള വൈഭവം, വിട്ടുവീഴ്ചയില്ലാത്ത അഭിപ്രായദാർഢ്യം എന്നിവ മാരാരുടെ സവിശേഷതകളാണ്. പുരോഗമന സാഹിത്യ പ്രസ്ഥാനത്തെ അതിരൂക്ഷമായി എതിർത്ത വിമർശകനാണ്. തൊഴിലാളിവർഗ സൗന്ദര്യശാസ്ത്രത്തിന്റെ പേരിൽ സാഹിത്യത്തിലെ കലാംശം പുരോഗമന സാഹിത്യകാരന്മാർ ചോർത്തിക്കളയുന്നു എന്ന ധാരണയാണ് അതിലേയ്ക്ക് അദ്ദേഹത്തെ നയിച്ചത്. 'സാഹിത്യവിദ്യ', 'രാജാങ്കണം', 'സാഹിത്യസല്ലാപം', 'കൈവിളക്ക്', 'ഹാസസാഹിത്യം', 'ചർച്ചായോഗം', 'ദന്തഗോപുരം', 'കൈവിളക്ക്',തുടങ്ങി ഇരുപതിലേറെ സാഹിത്യവിമർശനകൃതികൾ എഴുതിയിട്ടുണ്ട്. 'കലജീവിതം തന്നെ' എന്ന കൃതിക്ക് 1996-ൽ കേന്ദ്ര സാഹിത്യ അക്കാദമിയുടെയും കേരള സാഹിത്യ അക്കാദമിയുടെയും അവാർഡുകൾ ലഭിച്ചു. 1976 ഏപ്രിൽ 6 നാണ് അദ്ദേഹം മരണപ്പെട്ടത്.

യുക്തിബോധമാണ് മാരാരുടെ വിമർശനത്തിന്റെ സാരസർവസ്വം. മുണ്ടശ്ശേരിയുടെ അഭിപ്രായത്തിൽ: 'യുക്തിവിചാരകൗശലം – അതാണ് മാരാരുടെ സാഹിത്യനിരൂപണത്തെ ഈ പ്രായത്തോളം വളർത്തിയെടുത്തത്. എന്നാൽ ആ യുക്തി വെറും ധൈഷണികമായ തർക്കഭവമല്ല, മറിച്ചു സൗന്ദര്യബോധംവരെ വികസിക്കുവാൻ ശങ്കയില്ലാത്ത ഒരു മനോഗുണമാണ്. അതിനാലാണ് മാരാർ സാഹിത്യാസ്വാദകനായിത്തെളിഞ്ഞത്. പാശ്ചാത്യസംസ്കാരത്തിന്റെ സവിശേഷതയായി ചിന്തകന്മാർ എടുത്തുകാണിച്ചിട്ടുള്ള ഒരു പ്രധാന സ്വഭാവം ശാസ്ത്രീയതയും അതിന്റെ നേർപകുതിയായിരിക്കുന്നത് യുക്തിചിന്തയുമാണ്. ആ നിലയ്ക്ക്, മറ്റു മിക്ക പൗരസ്ത്യപണ്ഡിതന്മാരും പാശ്ചാത്യവിജ്ഞാനത്തിന്റെ നേരെ കണ്ണടച്ചിരുന്നപ്പോൾ, മാരാർ മാത്രം പാശ്ചാത്യസംസ്കാരത്തിന്റെ സാഹിത്യദർശനത്തെ കണ്ണുതുറന്നു നോക്കി, അതിന്റെ വെളിച്ചം സാഹിത്യവിഹാരത്തിന് ഉപയോഗപ്പെടുത്തി. അങ്ങനെ പാശ്ചാത്യ വിദ്യാഭ്യാസം ലഭിച്ചിട്ടില്ലാത്ത ഒരു വെറും സാഹിത്യശിരോമണി, ഇവിടെ പാശ്ചാത്യ പൗരസ്ത്യസാഹിത്യസമ്മേളനത്തിന്റെ ഒരു പ്രതിപുരുഷനായി ഭവിച്ചു. പാശ്ചാത്യസമ്പർക്കം ഉണ്ടായിരുന്നില്ലെങ്കിൽപ്പോലും

കുട്ടികൃഷ്ണമാരാർ, തന്റെ അന്തസ്സാരോന്മുഖമായ യുക്തികൗശലം മൂലം, ഏതു കാലത്തും സംസ്കൃത പണ്ഡിതസാമാന്യത്തിൽനിന്നു വ്യത്യസ്തനായി നിൽക്കുമായിരുന്നു.

'കല കലയ്ക്കുവേണ്ടി' എന്നും 'കല ജീവിതത്തിനുവേണ്ടി' എന്നുമുള്ള വിരുദ്ധവാദങ്ങളുടെ പ്രതിപാദനത്തിലുള്ള വൈകല്യത്തെ എടുത്തുകാട്ടുന്നതോടൊപ്പം അവയുടെ താത്ത്വികമായ ഐകരൂപ്യത്തെയും സ്വീകാര്യതയെയും അദ്ദേഹം ബോധ്യപ്പെടുത്തി മാരാരുടെ യുക്തിനൈപുണ്യം തന്നെയാണ് ഈ വാദത്തിലും പ്രകടമായിരിക്കുന്നത്. അർത്ഥനവീകരണത്തിനുവേണ്ടി പഴയ ആ സിദ്ധാന്തവാക്യങ്ങളുടെ ക്രമം സ്വൽപം തെറ്റിച്ചതേയുള്ളു ഇവിടെ. കല ജീവിതം തന്നെ എന്നതിന് ഇതൊക്കെയാണ് അർത്ഥം.

'കല ജീവിതം തന്നെ' എന്നു നിർവചിക്കുന്നതിനാണ് കല കലയ്ക്കുവേണ്ടി എന്നും കല ജീവിതത്തിനുവേണ്ടി എന്നും പറയുന്നതിനെക്കാൾ അർത്ഥമുള്ളത്. ഒടുക്കത്തതു രണ്ടും, കല കൊണ്ടു നമുക്കു നിറവേറിക്കിട്ടേണ്ട ആവശ്യങ്ങളെയാണല്ലോ നിർദ്ദേശിക്കുന്നത്. ആവശ്യക്കാരുടെ തരംപോലെ അതു മാറിമാറി വരാം. എന്നാൽ, നമ്മുടെ ഏതൊരാവശ്യവും നിറവേറി കിട്ടുവാൻ കല എന്തായിരിക്കണമോ, അതാണ് 'കല ജീവിതം തന്നെ' എന്ന നിർവചനത്തിന്റെ പൊരുൾ എന്ന് സുകുമാർ അഴീക്കോട് അഭിപ്രായപ്പെട്ടിരിക്കുന്നു.

## Keywords

ഇതിഹാസകഥാപാത്രങ്ങൾ - മനുഷ്യ ജീവിതവും ഇതിഹാസങ്ങളും - കുട്ടികൃഷ്ണമാരാരുടെ കാഴ്ചപ്പാട്

## Discussion

▶ ഇതിഹാസകഥാപാത്രങ്ങളും മാരാരുടെ നിരൂപണ പദ്ധതിയും

ഇതിഹാസകഥാപാത്രങ്ങളെക്കുറിച്ച് കുട്ടികൃഷ്ണമാരാർ നടത്തുന്ന നിരൂപണമാണ് 'ഇതിഹാസകഥാപാത്രങ്ങൾ'. കഥാപാത്രസൃഷ്ടിയിൽ നായകൻ, മനുഷ്യനുണ്ടായിരിക്കേണ്ട എല്ലാ ഗുണങ്ങളും തികഞ്ഞവനും പ്രതിപുരുഷൻ ഒരു മനുഷ്യനിൽ ഉണ്ടായിരിക്കാൻ പാടില്ലാത്ത സകല ദുർഗ്ഗുണങ്ങളും തികഞ്ഞവനും ആയിരിക്കുമെന്നും എന്നാൽ ഈ ഭൂമിയിൽ അത്തരം സൃഷ്ടികൾ ഉണ്ടായിട്ടുമില്ല, ഉണ്ടാവുകയുമില്ല എന്ന് എം. പി. പോൾ നിരീക്ഷിച്ചിട്ടുണ്ട്. മനുഷ്യസ്വഭാവം എന്നാൽ ഗുണദോഷസമ്മിശ്രമാണെന്ന് സാരം. അത്തരത്തിലുള്ളവരല്ല ഇത്തരം കഥാപാത്രങ്ങൾ എന്നതിനാൽ ഇവയൊന്നും റിയലിസമാകുന്നില്ല. എന്നാൽ ഈ വാദത്തെ ഖണ്ഡിച്ചു കൊണ്ടാണ് മാരാരുടെ നിരൂപണത്തിന്റെ തുടക്കം. ഇത്തരത്തിലുള്ള കഥാപാത്രങ്ങളാണ് വായനക്കാരുടെ മനസ്സിൽ തലമുറ തലമുറയായി പതിഞ്ഞു കിടക്കുന്നതെന്നും യഥാർത്ഥ മനുഷ്യ ചിത്രീകരണങ്ങളേക്കാൾ രാമരാവണാദികളും ദുരോധനയുധിഷ്ഠിരാദികളും പതിഞ്ഞു കിടക്കുന്നത് ഇതിന് ഉദാഹരണമാണെന്നും മാരാർ സമർത്ഥിക്കുന്നു.

എന്നാൽ മനുഷ്യന്റെ മനഃശാസ്ത്രമറിഞ്ഞ ഇതിഹാസ കർത്താക്കൾ നന്മയും തിന്മയും എളുപ്പം വേർതിരിക്കാനാകും വിധമുള്ള കഥാപാത്രങ്ങളെ സൃഷ്ടിച്ചു. കൂടാതെ നന്മകളോ തിന്മകളോ മാത്രമുള്ളവരില്ല എന്ന ബോധം ക്രമേണ വരുമ്പോൾ ഈ കഥാപാത്രങ്ങളെ വീണ്ടും ഇഴകീറി പഠിക്കുമെന്നും അപ്പോൾ അവർ കേവലാദർശപാത്രങ്ങളല്ലെന്നും, യഥാർത്ഥ മനുഷ്യന്റെ വലുപ്പം കൂടിയ ക്ലോസപ്പുകളാണെന്നും മനസിലാക്കാനാകുമെന്നും മാരാർ പറയുന്നുണ്ട്. രാമായണത്തിലെ നായികാനായകന്മാർ സർവഗുണസമ്പൂർണ്ണരാണ്. എന്നാൽ സീതയിൽ പാതിവ്രത്യവും രാമനിൽ പിതൃഭക്തി, ഭ്രാതൃസ്നേഹം, പ്രജാരഞ്ജനം എന്നിവയും മുന്തിനിൽക്കുന്നു. സീതയുടെ സതീവ്രതം അലോകസാമാന്യമെന്നുതന്നെ പറയണം. എന്നാലും ഒരു പുഴുക്കുത്തുമില്ലാത്ത ആമാടയല്ല അതെന്ന് മാരാർ ഉദാഹരിക്കുന്നു. മായാമൃഗ കഥയിൽ സീത തനിക്ക് കാവൽ നിന്ന ലക്ഷ്മണനെ ഇല്ലാത്ത അപരാധം പറഞ്ഞ് ആട്ടിയകറ്റുന്നു. ജ്യേഷ്ഠനെയും ഭാര്യയെയും അതിയായി സ്നേഹിച്ച ശുദ്ധഗതിക്കാരനിൽ അത്തരമൊരു ശകാരവർഷം നടത്തിയത് സതീരത്നമായ സീതയ്ക്ക് യോജിച്ചതല്ല. അത് മനുഷ്യസഹജമായ ദോഷഗുണമാണ്.

- സീതയുടെ വ്യാഖ്യാനങ്ങൾ

കഥാപാത്രങ്ങളുടെ മനോഗതം പരിശോധിക്കുമ്പോൾ ഇതിഹാസനായകന്മാർ സർവഗുണ സമ്പന്നർ മാത്രമല്ല ദോഷങ്ങളും തികഞ്ഞ കഥാപാത്രങ്ങളാണെന്ന് മാരാർ പറയുന്നു. മാരാരുടെ വാദങ്ങളെ ഇങ്ങനെ ക്രോഡീകരിക്കാം:

1. അഭിഷേകവിച്ഛേദകഥകേട്ട് ആദ്യമായി സീതയുടെ അടുത്ത് ചെല്ലുമ്പോൾ, രാമൻ ശോകതപ്തനും ദുഃഖമടക്കാനാവാത്തവനുമായിരുന്നു.
2. കാട്ടിലെത്തി, ഏവരും പിരിഞ്ഞുപോയ രാത്രിയിൽ രാമൻ ലക്ഷ്മണനോട് പറഞ്ഞതിനെ മാരാർ യുക്തിപൂർവം നിരീക്ഷിക്കുന്നു. ബുദ്ധിഭ്രമം പിടിപ്പെട്ട ദശരഥന്റെ പ്രവൃത്തി പുരുഷാർത്ഥങ്ങളിൽ കാമം മീതെയാണെന്ന് തെളിയിക്കുമെന്നും, പെണ്ണിന് വേണ്ടിയുള്ള ഈ ചെയ്തി തെറ്റായിപ്പോയെന്നും സഭാര്യനായി ഭരതൻ ഇനി സുഖിക്കുമെന്നും രാമൻ പറയുന്നു. കൈകേയിയോടും ദശരഥനോടുമുള്ള ഈർഷ്യ, ഭരതന്റെ നേർക്കുള്ള അസൂയ ഇവയെല്ലാം ഇതിൽ കാണാം.
3. സീത അപഹരിക്കപ്പെട്ട സന്ദർഭത്തിൽ രാമൻ ലക്ഷ്മണനോട് പറയുന്ന വാക്കുകളിൽ കൈകേയിയോടുള്ള പക, അച്ഛന്റെ നേർക്കുള്ള അമർഷം ഇവ പ്രകടമാകുന്നു.
4. സീതാപരിത്യാഗത്തെ പറ്റി പറയുകയാണെങ്കിൽ പല വിമർശനങ്ങൾ നേരിട്ടിട്ടുള്ള സംഗതിയാണ്. ഗർഭിണിയായ സ്വന്തം ഭാര്യയെ പ്രജാതാൽപര്യമെന്ന വ്യാജേന കൊടും കാട്ടിൽ ഉപേക്ഷിച്ച നടപടി വിവാദ വിഷയമാണ്. സർവഗുണസമ്പന്നനിൽ നിന്നുവരുന്ന പ്രവർത്തിയല്ലല്ലോ അത്.

- മാരാരുടെ പ്രധാന വാദങ്ങൾ

പ്രതിനായകനിലെത്തുമ്പോൾ സകലദുർഗ്ഗുണങ്ങളും നിറഞ്ഞവൻ മാത്രമാകുന്നില്ല രാവണൻ. ഹനുമാൻ തന്നെ സുന്ദരകാണ്ഡത്തിൽ അത് പറയുന്നുണ്ട്. ധൈര്യവും ബലവുമുള്ള രാക്ഷസവംശത്തിന്റെ രക്ഷകനായ രാജാവാണ് അയാൾ. ഒരു രാജാവ് ദിഗ്വിജയം നേടി പല

നാട്ടിലും യുദ്ധം നടത്തി ചക്രവർത്തിയാകുന്നു. അതേ പ്രവൃത്തി ത്രൈലോകത്തെയും അടക്കി വാഴുന്ന രാവണൻ ചെയ്യുമ്പോൾ ദോഷമാകുന്നതെങ്ങനെ? രാവണനെ കെട്ടിയിട്ട കാർത്തവീര്യാർജ്ജുനനെ നാം പുകഴ്ത്തുന്നു. ഇന്ദ്രനെ കെട്ടിയിട്ട രാവണൻ മോശമാകുന്നതെങ്ങനെ? ഇതും രാജവിദ്യയായ ദണ്ഡനീതിയായേ കാണാനാകൂ. രാവണന്റെ സ്ത്രീ വിഷയത്തിലേക്കുവന്നാൽ അതിനും ന്യായം കാണുന്നുണ്ട് മാരാർ. ബഹുഭാര്യമാരുള്ള ശ്രീകൃഷ്ണനെ ആരാധിക്കാമെങ്കിൽ രാവണനെ വെറുക്കുന്നതെന്തിനെന്ന മറുചോദ്യമാണത്. അത്തരത്തിൽ ചിന്താവിധേയമാക്കുമ്പോൾ രാവണൻ ചെയ്ത ഒരേ ഒരു തെറ്റ് സീതാപഹരണം മാത്രമാകുന്നു. ദുർഗ്ഗുണങ്ങൾ മാത്രം തികഞ്ഞവനല്ല ഇതിഹാസ കഥാപാത്രമായ രാവണനെന്ന് പറയുകയാണ് മാരാർ.

▶ സർവ്വഗുണ സമ്പന്നർ മാത്രല്ല ദോഷങ്ങളും തികഞ്ഞവരാണ് കഥാപാത്രങ്ങൾ

ശേഷം നിരൂപകൻ രാമായണകഥാപാത്രങ്ങളെ നാല് കൂട്ടുസഹോദരന്മാരുടെ കഥയാക്കി കാണുന്നു. രാമലക്ഷ്മണാദികൾ പിന്നീട് ബാലിസുഗ്രീവന്മാർ, രാവണകുംഭകർണ്ണവിഭീഷണന്മാർ, സമ്പാതി ജടായുക്കൾ എന്നിങ്ങനെ നാലുകൂട്ടർ. ഇതിൽ സമ്പാതി, ജടായു എന്നിവരുടെയിടയിലെ സ്നേഹമാണ് രാമലക്ഷ്മണാദികളേക്കാൾ മഹത്തരമായി മാരാർ നിരീക്ഷിക്കുന്നത്. സൂര്യസാരഥിയായ അരുണന്റെ പുത്രന്മാരാണ് ജടായുവും സമ്പാതിയും. ശ്യേനിയാണ് ഇവരുടെ മാതാവ്.

▶ രാമായണ കഥാപാത്രങ്ങളെ നാല് കൂട്ടുസഹോദരന്മാരുടെ കഥയാക്കി കാണുന്നു

SGOU

രാമന്റെ പിതാവായ ദശരഥന്റെ പഴയ സുഹൃത്താണ് ജടായു. രാവണൻ സീതയെ അപഹരിച്ചു ലങ്കയിലേക്കുപോകുമ്പോൾ മാർഗ്ഗമധ്യേ ജടായു സീതയെ രക്ഷിക്കാൻ ശ്രമിക്കുന്നു. രാവണനുമായുള്ള യുദ്ധത്തിൽ രാവണൻ ജടായുവിന്റെ ചിറകുകൾ അരിഞ്ഞ് ജടായുവിനെ പരാജയപ്പെടുത്തുന്നു. രാമലക്ഷ്മണന്മാർ സീതയെ അന്വേഷിച്ചുവരുമ്പോൾ മാർഗ്ഗമധ്യേ മരിക്കാറായ ജടായുവിനെ കാണുകയും രാവണനുമായി താൻ ചെയ്ത യുദ്ധത്തെപ്പറ്റി ജടായു രാമലക്ഷ്മണന്മാരോട് പറയുകയും ചെയ്യുന്നു. രാവണൻ സീതയെ അപഹരിച്ചു കൊണ്ടുപോയ ദിക്ക് ജഡായുവാണ് രാമന് കാട്ടിക്കൊടുക്കുന്നത്.

▶ ജടായുവും രാവണനും

കുട്ടിക്കാലത്ത് ജടായു തന്റെ ഭ്രാതാവ് സമ്പാതിയുമായി മത്സരിച്ചു പറക്കുമായിരുന്നു. അങ്ങനെയുള്ള ഒരു മത്സരത്തിൽ ഉയർന്നു പറന്ന ജടായു സൂര്യകിരണങ്ങളാൽ പൊള്ളിപ്പോകുമായിരുന്നു. സമ്പാതി തന്റെ ചിറകുകൾ വിടർത്തിപ്പിടിച്ച് ജടായുവിനെ സൂര്യതാപത്തിൽനിന്ന് രക്ഷിച്ചു. എന്നാൽ ഈ ശ്രമത്തിൽ സമ്പാതിക്ക് സ്വന്തം ചിറകുകൾ നഷ്ടപ്പെട്ടു. ശേഷിച്ച ജീവിതം സമ്പാതി ചിറകില്ലാതെ ജീവിച്ചു. സീതയെ അന്വേഷിച്ച് തെക്കോട്ടു പോയ വാനരസംഘത്തിൽ നിന്നും തന്റെ സഹോദരനായ ജടായുവിന്റെ മരണവൃത്താന്തം അറിഞ്ഞ സമ്പാതി അവർക്ക് രാവണൻ തട്ടിക്കൊണ്ടുപോയ സീതയെ നൂറുയോജന ദൂരെയുള്ള ലങ്കയിലാണ് താമസിപ്പിച്ചിരിക്കുന്നതെന്നും ഇപ്പോഴത്തെ അവസ്ഥയും വിവരിച്ചുകൊടുക്കുന്നുണ്ട്.

▶ ജടായുവിന്റെ പൂർവ ചരിതം

പിന്നീട് ഹനുമാൻ സമുദ്രം തരണം ചെയ്ത് സീതാദേവിയെ കാണുകയും ശ്രീരാമന്റെ മുദ്രമോതിരം നൽകുകയും ചെയ്തു. ഇതിനാലാണ് ജ്യേഷ്ഠനിൽനിന്ന് ആത്മത്യാഗം പഠിച്ച ജടായുവിനേയും മാത്സര്യ ബുദ്ധിയില്ലാത്ത സഹോദര സ്നേഹിയായ സമ്പാതിയേയും

▶ മാത്സര്യ ബുദ്ധിയില്ലാത്ത സഹോദരന്മാർ

മികച്ച സഹോദര ബന്ധമുള്ളവരായി മാരാർ പറയുന്നത്.

ഭരതലക്ഷ്മണാദികളുടെ സ്നേഹം സമ്പാതി ജടായുകൾക്കിടയിൽ നിറം കെട്ടു പോകുന്നു. വാനരഭ്രാതാക്കളായ ബാലി സുഗ്രീവന്മാരിലേക്ക് വന്നാൽ അവർ തമ്മിലെ വൈരം ജ്യേഷ്ഠനെ കൊല്ലിക്കുന്നതിൽ എത്തുന്നു. രാക്ഷസഭ്രാതാക്കളിലേയ്ക്ക് വന്നാലോ കുംഭകർണ്ണൻ ജ്യേഷ്ഠന് വേണ്ടി പൊരുതി മരിക്കുമ്പോൾ വിഭീഷണനാകട്ടെ ശത്രുവിനോട് ചേർന്ന് ജ്യേഷ്ഠന്റെ പതനത്തിന് കാരണക്കാരനാകുന്നു. ഇത്തരത്തിൽ മനുഷ്യന്റെ സകല ഗുണദോഷങ്ങളും ഉൾച്ചേർന്നവർ തന്നെയാണ് രാമായണത്തിലെ കഥാപാത്രങ്ങൾ.

▶ സകല ഗുണദോഷങ്ങളും ഉൾച്ചേർന്നവരാണ് രാമായണത്തിലെ കഥാപാത്രങ്ങൾ

മഹാഭാരതത്തിലേയ്ക്ക് വരുമ്പോൾ പ്രതിനായകനായ ദുര്യോധനനിൽ നിന്ന് തുടങ്ങുന്നു മാരാർ. ജനിച്ചപ്പോൾ തന്നെ അപശകുനമെന്നും വംശനാശകനെന്നും പേർ കേട്ട, ദുർമ്മതി, ദുർബുദ്ധി, ക്രോധപരായണൻ, ദുരാത്മാവ് തുടങ്ങി സർവ ശകാരവാക്കിനും വിശേഷണമായവൻ. അത്തരത്തിലൊരാൾ കുരുക്ഷേത്രത്തിൽ ഭീമനോട് ദ്വന്ദ്വയുദ്ധത്തിലേർപ്പെട്ട് മിതപ്രാണനായി കിടക്കുന്നു. ആ അവസരത്തിൽ പ്രാണൻ പോകുന്ന വേദന വകവെയ്ക്കാത കൃഷ്ണന്റെ നേരെ പുരികം ചുളിച്ചു നോക്കിക്കൊണ്ട് അയാൾ ഉഗ്രമായി മറുപടി പറഞ്ഞു: 'ഞാൻ വിധിയാംവണ്ണം അധ്യയനം ചെയ്തു. ദാനം ചെയ്തു. ഭൂമിയടക്കിവാണു. രാജാക്കളുടെ തലയ്ക്കുമീതെ നിന്നു. മികച്ച ഐശ്വര്യവും ചിതമായ ഭോഗങ്ങളും അനുഭവിച്ചു. സ്വധർമ്മം നോക്കുന്ന ക്ഷത്രിയനിഷ്ടപ്പെടും പടിയുള്ള കൊലയുമേറ്റു. എന്റേതിനെക്കാൾ നല്ല അവസാനം ആർക്കുള്ളൂ. ഞാൻ സുഹൃത്തുക്കളോടും അനുജന്മാരോടും കൂടി സ്വർഗ്ഗത്തിലേക്ക് പോകയാണ്. നിങ്ങളോ, സങ്കല്പം കെട്ടു വിഷാദിച്ചു കഴിച്ചു കൂട്ടേണ്ടി വരും!' എന്നാണ്. ഭൂമിയിൽ അസാധാരണ ശ്രേഷ്ഠ സംഭവങ്ങൾ ഉണ്ടാകുമ്പോൾ നടക്കുന്ന പുഷ്പവൃഷ്ടി ആ സമയം ഉണ്ടായതായിട്ടാണ് ഇതിഹാസകർത്താവ് എഴുതിയത്. ഏറ്റവും വലിയ മരണഭയത്തിൽ പോലും നടുങ്ങാതെ ഭയക്കാതെ നിന്നതിനെ സ്വർഗ്ഗോചിതമായ പുണ്യമായിട്ടാണ് വ്യാസൻ കണ്ടത്.

▶ പ്രതിനായകനായ ദുര്യോധനനിൽ നിന്ന് തുടങ്ങുന്നു

നായകനായ യുധിഷ്ഠിരനാകട്ടെ അർജ്ജുനനേക്കാൾ വില്ലാളിയായ കർണ്ണന്റെ കഴിവിൽ, ഭീഷ്മരുടെ ദ്രോണരുടെ അജയ്യതയിൽ ഭയന്നു. സ്ഥായിഭാവമേ ഭയമായിരുന്നു എന്നാണ് മാരാർ നിരീക്ഷിക്കുന്നത്. അരക്കില്ലത്തിൽ നിന്ന് രക്ഷപ്പെട്ട് ഒളിച്ചു കഴിഞ്ഞ വേളയിൽ പിച്ചകൂടി എടുക്കേണ്ടി വന്നു. എങ്കിലും, ഭാഗ്യവശാലും അർജ്ജുനന്റെ അഭ്യാസബലത്താലും അവർ പാഞ്ചാലരാജപുത്രിയെ വേട്ട് അതുവഴി ബന്ധുബലം നേടി രക്ഷപ്പെട്ടു. അപ്പോൾ സ്വന്തം രാജ്യംതന്നെയും പകുത്തുകിട്ടി, അവിടെയിരുന്ന് അസൂയാവഹമാംവണ്ണം അഭിവൃദ്ധിപ്പെടുകയും ചെയ്തു. പക്ഷെ താമസമുണ്ടായില്ല. ഭീമാർജ്ജുനാദികളുടെ ബാഹുവീര്യംകൊണ്ടുനേടിയ ആ ഐശ്വര്യം മുഴുവനും യുധിഷ്ഠിരൻ ഒരു ചൂതുകളിയിൽക്കൊണ്ടുപോയി പുളിശ്ശേരിവെച്ചു. ആ കളിയിൽത്തന്നെ യുധിഷ്ഠിരൻ, തങ്ങളുടെ പത്നിയെക്കൂടി, സ്വന്തം പുനരുത്ഥാനത്തിനു കാരണഭൂതയായ പാഞ്ചാലിയെക്കൂടി, പണയം വെച്ചു കൗരവരുടെ അടിമപ്പെണ്ണാക്കിക്കൊടുത്തു; ഭീമൻ പറഞ്ഞതുപോലെ മറ്റേതു ചൂതുകളിക്കാരനും കുലടയായ തന്റെ പെണ്ണിനെക്കൊണ്ടുപോലും കളിക്കാറില്ലാത്ത കളി. ഈ ദൗർബല്യം യുധിഷ്ഠിര

▶ യുധിഷ്ഠിരൻ എന്ന കഥാപാത്രം

SGOU

കഥാപാത്രത്തിന് വ്യാസൻ നൽകിയതാണ്.

ദുര്യോധനനെ ഗുണസമ്പന്നനാക്കാനല്ല മാരാർ ഇത് പറയുന്നത്. ഇരുവരിലും ഗുണദോഷങ്ങളുണ്ടെന്ന് പറയാനാണ്. ഗുണം മാത്രമുള്ളവനും ദോഷം മാത്രമുള്ളവനുമായി ആരുമില്ലെന്ന് പറയാനാണ്. പാണ്ഡവരോടുള്ള വൈര്യമൊഴിച്ചാൽ രാജാവെന്ന നിലയിൽ പ്രജാക്ഷേമതൽപ്പരനായ, സുഹൃത്തെന്ന നിലയിൽ, സഹോദരനെന്ന നിലയിൽ സ്നേഹസമ്പന്നനായ ഗുരുക്കന്മാരെ ബഹുമാനിക്കുന്ന, അതിലുപരി മാതൃഭക്തനായ ഒരാളായിരുന്നു ദുര്യോധനൻ എന്നു കാണാം. മാരാരുടെ ഭാഷയിൽ പറഞ്ഞാൽ, യുദ്ധം നടന്ന പതിനെട്ടുദിവസവും ദുര്യോധനൻ പടക്കളത്തിലേയ്ക്ക് പുറപ്പെടുംമുമ്പേ ഗാന്ധാരിയുടെ അടുക്കൽച്ചെന്ന് "അമ്മേ എനിക്കു മംഗളമാശംസിക്കൂ" എന്നു പ്രാർത്ഥിച്ചിരുന്നു. ധർമ്മജ്ഞയായ ആ സാധ്വിയാകട്ടെ, ആ പതിനെട്ടു ദിവസവും 'യതോ ധർമ്മസ്തതോ ജയ' എന്നുമാത്രം പറയുകയല്ലാതെ മകനു ജയമാശംസിക്കുകയുണ്ടായില്ല. ഗാന്ധാരിയുടെ മഹാത്മതയെ വെളിപ്പെടുത്തുന്നൊരു കഥയാണിത്. ഒട്ടും കുറയാതെ, അത് ദുര്യോധനന്റെ മഹാശയത്വത്തേയും വെളിപ്പെടുത്തുന്നു. താൻ ഇത്രവലിയൊരു യുദ്ധത്തിൽ പെട്ടിരുന്നിട്ടും അമ്മ തനിക്കു ജയമാശംസിക്കുന്നില്ലെന്ന് അറിഞ്ഞിട്ടുകൂടി അയാൾ ഒരു ദിവസമെങ്കിലും ആ അമ്മയുടെ അടുക്കൽ വിനയാനുഷ്ഠാനം വേണ്ടെന്നു വിചാരിച്ചില്ലല്ലോ.

- ഗുണദോഷങ്ങളുള്ള കഥാപാത്രങ്ങൾ
- ഗാന്ധാരിയും ദുര്യോധനനും

ഒരു സുഹൃത്തെന്ന നിലയിൽ ദുര്യോധനനേക്കാൾ ശ്രേഷ്ഠനായ ഒരാൾ ഭാരതത്തിലുണ്ടെങ്കിൽ അത് അയാളുടെ സുഹൃത്തായ കർണ്ണൻ മാത്രമാണ്. അക്കഥ സുപ്രസിദ്ധമാണല്ലോ. ഇതിൽ തന്നെയുണ്ട് കഥാപാത്രങ്ങളുടെ ഗുണദോഷങ്ങളൊക്കെയും. വിദൂരരായ സഹോദരന്മാരാണ് ദുര്യോധനനെ സംബന്ധിച്ച് പാണ്ഡവർ. തന്റെ സ്ഥാനമാനങ്ങൾ തട്ടിയെടുക്കാൻ വലിഞ്ഞു കയറി വന്നവർ. അവർക്കുമേൽ ഈർഷ്യ തോന്നുന്നത് മനുഷ്യസഹജം തന്നെ.

- കർണ്ണനും ദുര്യോധനനും തമ്മിലുള്ള സൗഹൃദം

മാരാർ നിരൂപണം സംഗ്രഹിക്കുന്നതെങ്ങനെയെന്നാൽ കൗരവരും പാണ്ഡവരുമെല്ലാം അപ്രധാന കഥാപാത്രങ്ങളാണ്. തറവാട്ടിലെ തളത്തിലിരുന്ന് കശപിശ കൂടുന്ന കുട്ടികൾ മാത്രം. അകത്ത് അന്തപുരത്തിൽ മക്കളെ ഓർത്ത് ദുഃഖിക്കാൻ വിധിക്കപ്പെട്ട ഗാന്ധാരി, കുന്തി എന്ന് രണ്ട് സ്ത്രീകഥാപാത്രങ്ങൾ. വാസുദേവനും ഭീഷ്മരുമാകട്ടെ ധർമ്മജ്ഞതയിൽ ഒരുപോലെ ഇരിക്കുന്നവർ. ധർമ്മത്തിന് വേണ്ടി നിലകൊണ്ടവർ. അധർമ്മപക്ഷത്ത് നിന്ന് യുദ്ധം ചെയ്യേണ്ടി വരുന്ന ഭീഷ്മരും ധർമ്മത്തിനായി യുദ്ധം ചെയ്യുമ്പോഴും പാണ്ഡവരെക്കൊണ്ട് അധർമ്മം ചെയ്യിക്കേണ്ടിവരുന്ന വാസുദേവനും അവിടെയും തുല്യസ്ഥാനത്ത് നിൽക്കുന്നു. ധൃതരാഷ്ട്രരാകട്ടെ പുത്രവാത്സല്യത്താൽ അന്ധനായിത്തീർന്നവൻ. സർവനാശത്തിനും ഹേതുവായി ഭവിക്കേണ്ടുന്നത് മക്കളുടെ തെറ്റ് തിരുത്താത്ത ആ പിതാവിനെയാണെന്ന് മാരാർ നിരീക്ഷിക്കുന്നു. ഒടുക്കം സ്വന്തം തെറ്റിനാൽ താൻ പാർത്ത കാട്ടിന് തീവെച്ച് ആത്മാഹുതി ചെയ്യേണ്ടി വന്നു. വിദുരരാകട്ടെ ധർമ്മത്തെ ആദ്യാവസാനം ധൃതരാഷ്ട്രരെ പഠിപ്പിക്കാൻ തുനിഞ്ഞ് പരാജിതനായി. ഗുരുവായ ദ്രോണാചാര്യരും പുത്രൻ അശ്വത്ഥാമാവും സ്വന്തം കുടിപ്പക കൂട്ടിച്ചേർത്ത് യുദ്ധത്തെ പിന്നെയും ബീഭത്സമാക്കി. കൃഷ്ണന്റെ ജ്യേഷ്ഠനായ ബലരാമനാകട്ടെ സ്വയം നിഷ്പക്ഷനെന്ന് പ്രഖ്യാപിച്ചു.

▶ പുത്രവാത്സല്യ ത്താൽ അന്ധനാ യിത്തീർന്ന ധൃതരാ ഷ്ട്രർ

സർവോപരി രചയിതാവായ കൃഷ്ണദ്വൈപായനൻ, ആദ്യാവസാനം കൃതിയിലാകെ സഞ്ചരിക്കുന്നു. ലോകത്തെ സകല സ്വഭാവങ്ങളും ഗുണദോഷങ്ങളും നന്മതിന്മകളും ചേർത്ത് തയ്യാറാക്കിയ കാര്യമാണിത്. അതിൽ പ്രതിഫലിക്കുന്നത് സാധാരണ മനുഷ്യന്റെ പ്രതിബിംബങ്ങളാണ്. കുറേക്കൂടി വലിപ്പമുണ്ടെന്നു മാത്രം. അതിനാലാണവ ഇന്നും പ്രസക്തമാകുന്നതും.

## Summarised Overview

ആസ്വാദനപ്രക്രിയയിൽ കവിതയ്ക്കെന്നപോലെ ആസ്വാദകനും പ്രാധാന്യമുണ്ട്. ഇത് സംസ്കൃതപണ്ഡിതനായ മഹിമഭട്ടന്റെ അനുമാന സിദ്ധാന്തമാണ്. പദങ്ങൾക്കു സ്ഥിരമായ അർഥചമത്കാരങ്ങൾ ഇല്ലെന്നും ആസ്വാദകന്റെ അനുമാനമനുസരിച്ച് അതുമാറിക്കൊണ്ടിരിക്കുന്നുവെന്നുമാണല്ലോ മഹിമഭട്ടന്റെ സിദ്ധാന്തം. അങ്ങനെ ഒരു കൃതി പലവിധത്തിൽ ആസ്വദിക്കപ്പെടുന്നു എന്നുവരുന്നു. ഈ വ്യക്തിനിഷ്ഠത നിരൂപണത്തിലെ കാല്പനികതയുടെ ശബ്ദമാണ്. ഈ അടിസ്ഥാനത്തിലാണ് മാരാർ എഴുതിയ നിരൂപണങ്ങളെല്ലാം പക്ഷപാത സങ്കുലമാണ് എന്നു പറയുന്നത്.

സാഹിത്യനിരൂപണത്തെപ്പറ്റി താൻ അവതരിപ്പിച്ച ഈ വാദത്തിൽ മാരാർ ഉറച്ചുനിന്നു. ഇത് ആത്മാവിഷ്കാര മനോഭാവത്തിന്റെ ഒരനുബന്ധം മാത്രമാണ്. ആത്മാവിഷ്കാരം വ്യക്തിഗതമാണ്. വ്യക്തിയുടെ പ്രതിഭയിൽ ചെന്നുമുട്ടി തിരിച്ചുവരുന്ന സർഗാത്മകപ്രതികരണമാണ് സാഹിത്യനിരൂപണം. ഇത് അയാളുടെ ഇഷ്ടാനിഷ്ടങ്ങളിലേക്ക് ചുരുങ്ങുക സ്വാഭാവികമാണ്. ഇങ്ങനെ നോക്കുമ്പോൾ വ്യക്തിയുടെ ഇഷ്ടാനിഷ്ടങ്ങളിലേക്ക് ഒതുങ്ങുന്നു സാഹിത്യനിരൂപണം എന്നും വരുന്നു. ഇവിടെ സഹൃദയത്വത്തിന്റെ ശക്തി പ്രധാനമാണ്. പ്രമാണങ്ങൾ നിരത്തിവച്ച് സാഹിത്യമൂല്യം നിർണയിക്കുന്ന നിരൂപണസമ്പ്രദായത്തെ മാരാർ ശക്തിയുക്തം എതിർക്കുകയും ചെയ്യുന്നു. സാഹിത്യത്തിലെ പ്രതിപാദനത്തിനാണ് മാരാർ ഊന്നൽ കൊടുക്കുന്നത്.

മാരാരുടെ നിഷ്പക്ഷനിരൂപണവിരോധം ഏറെ പ്രാധാന്യമർഹിക്കുന്ന വീക്ഷണമാണ്. ‘രാജാങ്കണ’ത്തിന്റെ അവതാരികയിൽ ഗ്രന്ഥകാരൻ തന്റെ ഈ മൂന്നുവാദങ്ങളും, 1. കല ജീവിതം തന്നെ, 2. ആത്മപ്രകാശനവാദം, 3. നിഷ്പക്ഷതാവിരോധവാദം എന്നിവ ചങ്ങലക്കണ്ണികൾ പോലെ കോർത്തിട്ടിരിക്കുന്നതു കാണാം. മനുഷ്യന്റെ അന്തർമണ്ഡലത്തിന്റെ സാരസർവമാണ് മാരാർക്ക് പക്ഷപാതം. അപ്പോൾ അത് മറ്റൊന്നുമല്ല, കലാകാരന്റെ ആത്മാനുഭൂതിയുടെ ഒരു പര്യായം മാത്രം. ഒരു പേരുമാറ്റത്തിന്റെ പേരിൽ ആ വാദഗതിയുടെ പൊരുളിനെ തെറ്റിദ്ധരിക്കുന്നത് യുക്തമല്ല എന്ന് സുകുമാർ അഴീക്കോട് നിരീക്ഷിക്കുന്നത് ശ്രദ്ധേയമാണ്.

ഇതിഹാസകഥാപാത്രങ്ങളെക്കുറിച്ച് കുട്ടികൃഷ്ണമാരാർ നടത്തുന്ന നിരൂപണമാണ് ‘ഇതിഹാസകഥാപാത്രങ്ങൾ’. മനഃശാസ്ത്രമറിഞ്ഞ ഇതിഹാസ കർത്താക്കൾ നന്മയും തിന്മയും എളുപ്പം വേർതിരിക്കാനാകും വിധമുള്ള കഥാപാത്രങ്ങളെ സൃഷ്ടിച്ചു. ഇതിഹാസകഥാപാത്രങ്ങൾ കേവലാദർശപാത്രങ്ങളല്ലെന്നും യഥാർഥ മനുഷ്യന്റെ വലുപ്പം കൂടിയ ക്ലോസപ്പുകളാണെന്നും മനസിലാക്കാനാകുമെന്നും മാരാർ പറയുന്നുണ്ട്. കഥാപാത്രങ്ങളുടെ മനോഗതം പരിശോധിക്കുമ്പോൾ ഇതിഹാസനായകന്മാർ സർവഗുണസമ്പന്നർ മാത്രമല്ല, ദോഷങ്ങളും തികഞ്ഞവരാണ് കഥാപാത്രങ്ങളെന്ന് മാരാർ പറയുന്നുണ്ട്. പ്രതിനായകനിലെത്തുമ്പോൾ സകലദുർഗ്ഗുണങ്ങളും നിറഞ്ഞവൻ മാത്രമാകുന്നില്ല രാവണൻ. നിരൂപകൻ രാമായണകഥാപാത്രങ്ങളെ നാല് കൂട്ടുസഹോദരന്മാരുടെ കഥയാക്കി കാണുന്നു. രാമലക്ഷ്മണാദികൾ നാലു പേർ,

SGOU

പിന്നീട് ബാലിസുഗ്രീവന്മാർ, രാവണകുംഭകർണ്ണവിഭീഷണന്മാർ, സമ്പാതി ജടായുക്കൾ എന്നിങ്ങനെ. മഹാഭാരതത്തിലേയ്ക്ക് വരുമ്പോൾ പ്രതിനായകനായ ദുര്യോധനനിൽ വീരത്വം ദർശിക്കുന്നു. ഏറ്റവും വലിയ മരണഭയത്തിൽ പോലും ദുര്യോധനൻ നടുങ്ങാതെ ഭയക്കാതെ നിന്നതിനെ സ്വർഗോചിതമായ പുണ്യമായിട്ടാണ് വ്യാസൻ കണ്ടത്. നായകനായ യുധിഷ്ഠിരനാകട്ടെ അർജുനനേക്കാൾ വില്ലാളിയായ കർണന്റെ കഴിവിൽ, ഭീഷ്മരുടെ, ദ്രോണരുടെ അജയ്യതയിൽ ഭയന്നു. സ്ഥായിഭാവമേ ഭയമായിരുന്നു എന്നാണ് മാരാർ നിരീക്ഷിക്കുന്നത്. ഒരു സുഹൃത്തെന്ന നിലയിൽ ദുര്യോധനനേക്കാൾ ശ്രേഷ്ഠനായ ഒരാൾ ഭാരതത്തിലുണ്ടെങ്കിൽ അത് അയാളുടെ സുഹൃത്തായ കർണൻ മാത്രമാണ്. ലോകത്തെ സകലസ്വഭാവങ്ങളും ഗുണദോഷങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ടാണ് മഹാഭാരതകാരൻ പാത്രസൃഷ്ടി നിർവഹിച്ചിരിക്കുന്നത്. അതിൽ പ്രതിഫലിക്കുന്നത് സാധാരണ മനുഷ്യന്റെ പ്രതിബിംബങ്ങളാണ്. കുറേക്കൂടി വലിപ്പമുണ്ടെന്നു മാത്രം. അതിനാലാണവ ഇന്നും പ്രസക്തമാകുന്നതും.

## Assignments

1. മാരാരുടെ വീക്ഷണത്തിൽ ഇതിഹാസകഥാപാത്രങ്ങൾ സാധാരണ മനുഷ്യ സ്വഭാവവുമായി എങ്ങനെ ബന്ധപ്പെടുന്നു.
2. ഇതിഹാസകഥാപാത്രങ്ങളെ സംബന്ധിച്ച എം. പി പോളിന്റെ നിരീക്ഷണത്തെ മാരാർ എങ്ങനെ ഖണ്ഡിക്കുന്നു.
3. രാവണകഥാപാത്രം എങ്ങനെ ഗുണദോഷ സമ്മിശ്രമാകുന്നു.
4. രാമനെ നന്മയുടെ രൂപത്തിൽ നിന്ന് മാനുഷികമായ ദോഷങ്ങളുള്ളയാളെന്ന് മാരാർ തെളിയിക്കുന്നതെങ്ങനെ.
5. രാവണ-ദുര്യോധനാദികളെ മാരാർ മാനുഷികമായ ഗുണദോഷങ്ങളിലൂടെ എങ്ങനെ വിലയിരുത്തുന്നു.
6. മാരാരുടെ നിരൂപണ ശൈലി - ഉപന്യാസം തയ്യാറാക്കുക.

## Suggested Readings


1. കുട്ടികൃഷ്ണമാരാർ, രാജാങ്കണം, മാരാർ സാഹിത്യപ്രകാശം, കോഴിക്കോട്.
2. കുട്ടികൃഷ്ണമാരാർ, കല ജീവിതം തന്നെ, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.


SGOU

# References


1. എരുമേലി പരമേശ്വരൻ പിള്ള, മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ, കറന്റ് ബുക്സ്, തൃശ്ശൂർ.
2. കെ. എം. ജോർജ് (എഡി.), ആധുനിക മലയാള സാഹിത്യ ചരിത്രം പ്രസ്ഥാനങ്ങളിലൂടെ, ഡി. സി. ബുക്സ്, കോട്ടയം.
3. സുകുമാർ അഴീക്കോട്, മലയാള സാഹിത്യ വിമർശനം, ഡി. സി. ബുക്സ്, കോട്ടയം.
4. ഡോ. വത്സലൻ വാതുശ്ശേരി, മലയാളസാഹിത്യനിരൂപണം അടരുകൾ അടയാളങ്ങൾ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
5. ജേക്കബ് മണ്ണുംമൂട്, മലയാളവിമർശനത്തിന്റെ പൂർവമുഖം, കറന്റ് ബുക്സ്, തൃശ്ശൂർ.
6. എൻ. കൃഷ്ണപിള്ള, കൈരളിയുടെ കഥ, ഡി. സി. ബുക്സ്, കോട്ടയം.


## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

SGOU

Unit 3

# 1. കലയും കാലവും

**എം. പി. പോൾ**

## Learning Outcomes

- എം. പി. പോളിന്റെ നിരൂപണശൈലി മനസിലാക്കുന്നു
- എം. പി. പോളിന്റെ മറ്റ് നിരൂപണങ്ങൾ പരിചയപ്പെടുന്നു
- നവോത്ഥാന നിരൂപണത്തിൽ എം. പി. പോളിന്റെ പങ്ക് കണ്ടെത്തുന്നു
- കലയും കാലവും എന്ന നിരൂപണത്തെ മുൻനിർത്തി സാഹിത്യകൃതികളും കാലവും തമ്മിലുള്ള ബന്ധം മനസിലാക്കുന്നു

## Background

പുരോഗമന ആശയങ്ങൾക്ക് വിരുദ്ധമായി നിലകൊണ്ടിരുന്നതിന്റെ പേരിൽ കത്തോലിക്കാ പൗരോഹിത്യ മേധാവിത്വത്തെ എതിർത്ത ഉൽപ്പതിഷ്ണുവായ നിരൂപകനാണ് എം. പി. പോൾ. 1904 മെയ് 1 ന് വാരാപ്പുഴയിൽ ജനിച്ചു. ഇംഗ്ലീഷ് പ്രൊഫസറായിരുന്ന അദ്ദേഹം പുരോഗമനസാഹിത്യപ്രസ്ഥാനത്തിന്റെ സമുന്നത നേതാവും പുരോഗമന സാഹിത്യസംഘടനയുടെ അധ്യക്ഷനുമായിരുന്നു. കേസരിയെപ്പോലെ പാശ്ചാത്യ സാഹിത്യവുമായി ഏറെ സമ്പർക്കം പുലർത്തിയ അദ്ദേഹം സാഹിത്യത്തിന്റെ സാമൂഹിക ബന്ധത്തെയും അതിന്റെ സൗന്ദര്യാത്മക ഘടകത്തെയും ഒരേ പോലെ അംഗീകരിച്ചു. പുരോഗമനസാഹിത്യപ്രസ്ഥാനത്തിൽ അന്നുണ്ടായ ആശയസമരത്തിൽ സാഹിത്യത്തിലെ സൗന്ദര്യാത്മക ഘടകത്തിന് സാമൂഹിക ലക്ഷ്യം നിർവഹിക്കുന്നതിനൊപ്പം തന്നെ പ്രാധാന്യം വേണമെന്ന് വാദിച്ചു. രൂപപ്പൊലിമയിൽ മാത്രം ദൃഷ്ടിയൂന്നിയ സൗന്ദര്യവാദിയായിരുന്നില്ല; സാഹിത്യത്തിന്റെ ആന്തരിക സത്തയെ കൂടി ആദരിച്ച ധിഷണാശാലിയായിരുന്നു അദ്ദേഹം. കോട്ടയത്തെ എം. പി. പോൾസ് കോളേജ് പ്രധാന സാഹിത്യ ചർച്ചാവേദിയായിരുന്നു. എം. പി. പോളിൽനിന്ന് ഉൾക്കാഴ്ച ലഭിച്ച പലരും പിന്നീട് സാഹിത്യത്തിലെ പ്രമുഖരായിത്തീർന്നു. ഡോ. എസ്. കെ നായർ, എം. എൻ. ഗോവിന്ദൻ നായർ, തകഴി തുടങ്ങിയവർ അതിൽ പ്രമുഖരാണ്. 'ചെറുകഥാപ്രസ്ഥാനം', 'നോവൽ സാഹിത്യം', 'സാഹിത്യ വിചാരം', 'കാവ്യദർശനം', 'സൗന്ദര്യനിരീക്ഷണം' തുടങ്ങിയവ അദ്ദേഹത്തിന്റെ കൃതികളാണ്.

ആധുനിക മലയാളവിമർശനത്തിന്റെ പ്രാരംഭഘട്ടത്തിൽതന്നെ താത്വികചർച്ചകൾക്ക് വഴിവെച്ചത് 1930-ൽ പ്രസിദ്ധീകരിച്ച എം. പി പോളിന്റെ 'നോവൽ സാഹിത്യവും' 1932-ൽ പുറത്തിറങ്ങിയ 'ചെറുകഥാപ്രസ്ഥാന'വുമാണ്. അതുവരെ ഒറ്റയൊറ്റ കുറിപ്പുകളായി ചിതറിക്കിടന്ന വിമർശനപദ്ധതി സ്വയം കണ്ടെത്തിയതും ഒരു സാഹിത്യശാഖ എന്ന നിലയിൽ ശാസ്ത്രീയമായും സമഗ്രമായും അപഗ്രഥിക്കപ്പെട്ടതും ഇതോടുകൂടിയാണ്. മലയാളത്തിൽ ചെറുകഥ, നോവൽ സാഹിത്യധാരകൾ ആരംഭംകുറിച്ച ഘട്ടത്തിൽതന്നെ സാഹിത്യത്തിന്റെ ഭാവി ഈ സാഹിത്യ രൂപങ്ങളിലാണെന്ന് മനസ്സിലാക്കിക്കൊണ്ട് യൂറോപ്യൻ സാഹിത്യലോകത്തിൽ നിന്ന് നേടിയ വെളിച്ചത്തെ മുന്നിൽക്കണ്ട് ഗദ്യ വിമർശനപദ്ധതിയ്ക്ക് പ്രാരംഭം കുറിക്കാൻ അദ്ദേഹത്തിന് സാധിച്ചു. 1952ൽ നാൽപ്പത്തിയെട്ടാം വയസിൽ അരങ്ങിൽനിന്ന് പിരിയുമ്പോൾ അദ്ദേഹത്തിന്റെ പേരിൽ നാല് പുസ്തകങ്ങൾ മാത്രമേ പുറത്തുവന്നിരുന്നുള്ളൂ. 'സാഹിത്യവിചാരം',

SGOU

‘ഗദ്യഗതി’, ‘തരലാനയും മറ്റും’ എന്നിവ മരണാനന്തര പ്രസിദ്ധീകരണങ്ങളാണ്. ‘കല കലയ്ക്ക് വേണ്ടി’ എന്ന വാദത്തെ ‘ഊണ് ഊണിന് വേണ്ടി’എന്ന നർമ്മത്തിൽ പൊതിഞ്ഞ മറുവാദ ത്താൽ പ്രതിരോധിച്ചു. കല ജീവിതത്തിനുവേണ്ടി എന്നത് കലയുടെ പ്രയോജനമല്ല സ്വഭാവം തന്നെയാണെന്നതിൽ അദ്ദേഹത്തിന് സംശയമില്ലായിരുന്നു.

## Keywords

എം. പി. പോൾ - സംഭാവനകൾ - സാഹിത്യവിചാരം - കലയും കാലവും തമ്മിലുള്ള ബന്ധം

## Discussion

▶ എം. പി പോളിന്റെ ‘സാഹിത്യവിചാരം’

എം. പി. പോളിന്റെ ‘സാഹിത്യവിചാരം’ എന്ന പുസ്തകത്തിലാണ് ‘കലയും കാലവും’ എന്ന ലേഖനം ഉൾപ്പെട്ടിരിക്കുന്നത്. ഒരു കലാ കാരനെ, അല്ലെങ്കിൽ ഒരു കലാസൃഷ്ടിയെ സ്വാധീനിക്കുന്ന ഘടക ങ്ങൾ എന്ത് എന്ന ചോദ്യത്തിന് നിരവധിയായ ഉത്തരങ്ങൾ മഹാന്മാർ പലരും പറഞ്ഞ് വച്ചിട്ടുണ്ട്. എന്നാൽ ഇവയിൽ ഏതിനാണ് പ്രാധാന്യ മെന്നത് നിർണയിക്കുക എളുപ്പമല്ല. ഒരു കലാസൃഷ്ടിക്ക് അതുണ്ടായ കാലവുമായുള്ള ബന്ധത്തെ അല്ലെങ്കിൽ ഒരു കലാകാരനെ അയാൾ ജീവിച്ച കാലഘട്ടം എങ്ങനെ സ്വാധീനിക്കുന്നുവെന്നതിനെ നിരീക്ഷി ക്കുന്ന പോളിന്റെ ലേഖനമാണ് ‘കലയും കാലവും’. കലയ്ക്ക് അതു ണ്ടായ കാലത്തോടുള്ള ബന്ധം അനിഷേധ്യമാണ് എന്ന് ഉറപ്പിക്കുക യാണിവിടെ പോൾ.

▶ അത്യുന്നതമായ കലാസൃഷ്ടികളുടെ ആധാരം

പാശ്ചാത്യ ലോകസംസ്കാരത്തിന്റെ ഉത്ഭവകേന്ദ്രം ഗ്രീസാണ്. ആ ഗ്രീസിന്റെ ചരിത്രത്തിലെ സുപ്രധാനഘട്ടം പാരസ്സികന്മാരോടുള്ള യു ദ്ധമാണ്. ആ യുദ്ധത്തിൽ വിജയികളായതോടെ ഗ്രീസിന്റെ അഭൂതപൂർ വമായ ഉൽക്കർഷമാണ് ആരംഭിച്ചത്. ജനാധിപത്യത്തിന്റെയും ചിന്ത യുടെയും സംസ്കാരത്തിന്റെയും ഒരു രാജദശയായിരുന്നു ആതൻസ് നഗരത്തിന് പിന്നീട് ഉണ്ടായത്. ഈസ്കിലസ്സ്, സോഫോക്ളീസ്സ്, യൂറിപ്പിഡിസ്സ് എന്നിവരുടെ നേതൃത്വത്തിൽ യവനനാടകം ലോകോ ത്തര കലയായി വളർന്നു. ഫീഡിയാസ്സിന്റെ പ്രതിമാശിൽപ്പത്തോളം ഉൽക്കർഷമുള്ള മറ്റൊരു ശിൽപ്പവും ഇന്നോളം ലോകത്തെവിടെയും കണ്ടെടുക്കപ്പെട്ടിട്ടില്ല. സോക്രട്ടീസ്, പ്ലേറ്റോ, അരിസ്റ്റോട്ടിൽ എന്നിവ രുടെ ചിന്താധാര അക്കാലത്തിന് മാത്രം സ്വന്തമാണ്. ഇവരുടെ ഈ കലാലോകങ്ങൾ അന്നത്തെ സാമുദായിക ജീവിതവുമായി ഇഴചേർ ന്ന് കിടക്കുന്നിടത്താണ് പോളിന്റെ നിരീക്ഷണം എത്തിനിൽക്കുന്ന ത്. സമകാല സാമൂഹിക ജീവിതവുമായി കലാകാരന്മാർക്കുള്ള നിര ന്തരമായ ഇടപെടലാണ് അത്യുന്നതമായ ഇത്തരം കലാസൃഷ്ടികൾക്ക് ആധാരമെന്ന് പോൾ നിരീക്ഷിക്കുന്നു. പിന്നീടുള്ള രണ്ടായിരത്തോളം കൊല്ലത്തെ ചരിത്രത്തിൽ ഗ്രീസ് സാമ്പത്തികമായും സാമൂഹികമാ യും രാഷ്ട്രീയമായും അധഃപതിക്കുകയാണുണ്ടായത്. ‘ഒരു വശത്ത് നൂറു കൊല്ലത്തെ ചരിത്രം, മറുവശത്ത് രണ്ടായിരം കൊല്ലത്തെ ചരി ത്രം. പക്ഷേ ആ നൂറ് കൊല്ലത്തിലാണ് ഗ്രീസ് വാസ്തവത്തിൽ ജീവി

ച്ചത്' എന്നാണ് പോളിന്റെ നിരീക്ഷണം.

റോമിന്റെ ചരിത്രത്തെയും എം. പി. പോൾ ഈ അടിസ്ഥാനത്തിൽ വിലയിരുത്തുന്നു. ജൂലിയസ് സീസർ കീഴ്പ്പെടുത്തിയ ലോകം മുഴുവൻ ആഭ്യന്തര കലഹങ്ങൾക്ക് ശേഷം ആഗസ്റ്റസിന്റെ കാലത്ത് വ്യവസ്ഥാപിതമാകുന്നു. അക്കാലത്താണ് റോമൻ സാമ്രാജ്യം രാഷ്ട്രീയത്തിലും കവിതാലോകത്തിലും ഔന്നത്യം നേടുന്നത്. വെർജിലിന്റെ മഹാകാവ്യം ഉൾപ്പെടെ ഹോരസ്, ഓവിഡ് തുടങ്ങിയ കവികളുടെ സംഭാവനകളും അക്കാലത്തെ ശില്പങ്ങളും കലയുടെയും കാലത്തിന്റെയും ബന്ധത്തെ കാണിക്കുന്നു. ഇറ്റലിയുടെ കാര്യത്തിലേക്ക് വന്നാൽ പതിനഞ്ചാം നൂറ്റാണ്ടിൽ സാഹിത്യം, ചിത്രമെഴുത്ത്, ആലയനിർമ്മാണം, ലോഹശിൽപ്പം മുതലായ കലകളിൽ മുഴക്കിയ വിജയഭേരി കാണാം. സെല്ലിനി, റാഫേൽ, മൈക്കലാഞ്ചലോ, ലിയോനാർഡോ, ടീഷ്യൻ എന്നീ കലാകാരന്മാർ അതിന് കലാമാല്യം ചാർത്തി. കിഴക്കൻ വാണിജ്യത്തിന്റെ ഭൂരിഭാഗവും ഇറ്റലി കൈവശപ്പെടുത്തിയിരുന്ന കാലമായിരുന്നു ഇത്. എന്നാൽ പുതിയ വാണിജ്യ മാർഗങ്ങൾ തെളിഞ്ഞതോടെ ഇറ്റാലിയൻ നഗരങ്ങളുടെ കലാവ്യവസായവും തിരോഭവിച്ചതായി കാണാം. ഇംഗ്ലണ്ടിൽ എലിസബത്ത് രാജ്ഞിയുടെ കാലത്തിന്റെ സംഭാവനയാണ് മഹത്തരങ്ങളായ ഷേക്സ്പിയർ നാടകങ്ങൾ. നാവികശക്തിയെ കീഴ്പ്പെടുത്തി ഇംഗ്ലണ്ടുകാർ കടലുകളിൽ വിജയക്കൊടി പാറിച്ച കാലത്താണ് ഷേക്സ്പിയർ നാടകങ്ങളുടെ പിറവി. സ്പെൻസർ, ഷേക്സ്പിയർ, ബെൻജോൺസൺ മുതലായ കവിശ്രേഷ്ഠരും അക്കാലത്തിലെ സാമൂഹിക ജീവിതത്തിലെ പരിവർത്തനാന്തരീക്ഷവും പരസ്പര പൂരകങ്ങളാണ്. ഷേക്സ്പിയർ നാടകങ്ങളും എലിസബത്ത് രാജ്ഞിയുടെ ഭരണവും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. ഫ്രാൻസിന്റെ കാലം നോക്കിയാൽ ലൂയി പതിനാലാമന്റെ കാലത്ത് കോർണിൽ, റാസിൻ, മോളിയെ എന്നീ കവികൾ ഫ്രഞ്ച് സാഹിത്യത്തെ അതിന്റെ സുവർണ ദശയിലെത്തിച്ചു. പാരീസ് നഗരം യൂറോപ്പിന്റെ തന്നെ സാംസ്കാരിക കേന്ദ്രമായി പരിണമിച്ചു. ഇത്തരത്തിൽ ഏത് രാജ്യത്തെ പരിശോധിച്ചാലും സമുദായത്തിന്റെ ഉൽക്കർഷവും കലയുടെ അഭിവൃദ്ധിയും ഒരേകാലത്ത് സംഭവിക്കുന്നതായി മനസിലാക്കാം. കലാവൈഭവം കേവലം യാദൃശ്ചികത മാത്രമാണെങ്കിൽ ഇത്രയധികം ഉദാഹരണങ്ങൾ ഉണ്ടാകില്ലല്ലോ.

▶ സമുദായത്തിന്റെ ഉൽക്കർഷവും കലയുടെ അഭിവൃദ്ധിയും

പൗരസ്ത്യചരിത്രം നോക്കിയാലും ഇതേ സാമ്യത കാണാം. അശോകൻ, ഗുപ്തകാലം, കനിഷ്കൻ, ശ്രീഹർഷൻ, മുഗൾ രാജവംശത്തിന്റെ കാലം എന്നീ ഘട്ടങ്ങളിൽ ഭാരതസംസ്കാരം അത്യുന്നതങ്ങളിൽ എത്തിയതായി കാണാം. ബ്രിട്ടീഷ് ഭരണകാലത്തുണ്ടായിരുന്നിടത്തോളം കലാമാന്ദ്യം മുമ്പൊരിക്കലുമുണ്ടായിട്ടില്ലെന്ന് തീർത്ത് പറയാവുന്നതാണ് എന്നാണ് എം. പി. പോളിന്റെ നിരീക്ഷണം. പിന്നീട് അതിനൊരു ഉണർവ് വന്നത് ടാഗോറിലൂടെയും സുബ്രഹ്മണ്യ ഭാരതിയിലൂടെയുമാണ്. കേരളത്തിന്റെ കാര്യത്തിൽ സാമൂതിരി ഭരണവും മാർത്താണ്ഡവർമ്മയുടെ ദിഗ്വിജയവും സാഹിത്യാദി കലകളെ വളർത്തി. സ്വാതന്ത്ര്യത്തിന്റെ പടധ്വനി കവിതയിൽ മുഴങ്ങിയത് വള്ളത്തോളിന്റെയും ആശാന്റെയും കവനത്തിലൂടെയാണ്.

▶ നിരൂപണത്തിന്റെ പൗരസ്ത്യ ചരിത്രം

ഇതെല്ലാം വ്യക്തമാക്കുന്നത് കാലത്തിന് കലയുടെ മേലുള്ള അനി

ഷേധ്യമായ സ്വാധീനശക്തിയാണ്. സാഹചര്യങ്ങളുടെ പക്വദശയിലാണ് കലയുടെ വളർച്ച. ഈ കലാകാരന്മാർ മറ്റൊരു കാലത്താണ് ജീവിച്ചിരുന്നതെങ്കിൽ അത്തരം കൃതികൾ ജനിക്കുമായിരുന്നോ എന്ന ചോദ്യത്തിൽ തന്നെ ഉത്തരവും കാണാം. വള്ളത്തോൾ ഒരു നൂറ്റാണ്ട് മുമ്പാണ് ജനിച്ചിരുന്നതെങ്കിൽ 'ചിത്രയോഗം' കാവ്യത്തിന് പ്രസക്തിയില്ല. പകരം രാമായണ വിവർത്തനങ്ങൾ നടത്തിയേനെ. ശങ്കരക്കുറുപ്പാകട്ടെ പത്തൊൻപതാം നൂറ്റാണ്ടിൽ ജീവിച്ചിരുന്നെങ്കിൽ സംസ്കൃത വൃത്ത നിബദ്ധമായ കുറേ കാവ്യങ്ങളും ചങ്ങമ്പുഴ വെണ്മണി പ്രസ്ഥാനത്തിനും മുന്നേ ആ പ്രസ്ഥാനത്തിന്റെ പ്രോദ്ഘാടകനും തകഴി അയൽപക്കത്തെ സ്ത്രീകളുടെ സൈക്കോളജി വെളിപ്പെടുത്തുന്ന ഒറ്റ ശ്ലോകങ്ങളുടെ കർത്താവും ലളിതാംബിക അന്തർജ്ജനം ചില കാളീസ്തവങ്ങളുടെ എഴുത്തുകാരിയും മാത്രമായി ചുരുങ്ങിയേനെ. ഇതെഴുതുന്ന ആൾ ഒരു പക്ഷേ സരസ്വതീ കഥാഗന്ഥം ഗ്രഹിക്കാത്ത ഒരു കത്തനാരാകുമായിരുന്നു. ആരറിഞ്ഞു? എന്ന പോളിന്റെ നിരീക്ഷണത്തിൽ തന്നെ കാലത്തിന്റെ സ്വാധീനത കലയെ എത്രമാത്രം സ്വാധീനിക്കുന്നു എന്ന് മനസിലാക്കാം.

> ▶ സാഹചര്യങ്ങളുടെ പക്വദശയിലാണ് കലയുടെ വളർച്ച

കല സത്യത്തെയാണ് പ്രതിനിധാനം ചെയ്യുന്നത്. സമൂഹത്തിലെ അധ:പതനങ്ങളെ, സ്വാർത്ഥതയെ അത് നിഷേധിക്കുന്നു. കലാകാരന്റെ ഉള്ളിലെ കലാപരമായ സത്യങ്ങൾ സമുദായത്തിന്റെ അനാചാരങ്ങളോട് പൊരുത്തക്കേട് കാണിക്കുന്നു. ഈ പൊരുത്തക്കേടാണ് ലോകത്തിൽ ഇന്നോളമുള്ള എല്ലാ പ്രസ്ഥാനങ്ങൾക്കും നിദാനമായി ഭവിച്ചിട്ടുള്ളത്. തനിക്ക് ചുറ്റുമുള്ള ലോകത്തിൽ കലാകാരന് വിശ്വാസമില്ലാതെ വരുകയും അതിനെ നേർവഴിക്ക് നയിക്കാനാവില്ലെന്ന് തോന്നുകയും ചെയ്താൽ കലാകാരൻ ചിന്തിക്കുന്നത് ലോകത്തെ അതിന്റെ വഴിക്ക് വിടാനാവും. സ്വയം ഒതുങ്ങി തന്റെ ഭാവനാലോകത്തിൽ അടയിരിക്കും. സാഹിത്യത്തിലെ പലായനപ്രസ്ഥാനത്തിന് (Escapism) കാരണമായത് ഈ ചിന്തയാണ്. ആംഗലേയ സാഹിത്യത്തിൽ സ്കോട്ടും ഫ്രഞ്ചിൽ ഡൂമായും മലയാളത്തിൽ സി. വി. രാമൻ പിള്ളയും ഇതിന് ദൃഷ്ടാന്തങ്ങളായി പോൾ ചൂണ്ടിക്കാണിക്കുന്നു. മറ്റു ചിലരാകട്ടെ സ്വന്തം കാലത്തോടും സമൂഹത്തോടും കൃതികളിലൂടെ ഏറ്റുമുട്ടുന്നു.

> ▶ കലാപരമായ സത്യങ്ങൾ അനാചാരങ്ങളോട് പൊരുത്തക്കേട് കാണിക്കും

പ്രതിഷേധത്തിന്റെ, അസഹിഷ്ണുതയുടെ വിമർശനത്തിന്റെ രൂക്ഷമായ ഭാഷയിലുള്ള അത്തരം കലഹങ്ങളിലൂടെയാണ് മഹത്തരമായ സാഹിത്യത്തിന്റെ ഉദയം. ബൈറൺ, ഷെല്ലി, വോൾട്ടയർ, മലയാളത്തിൽ കെ. രാമകൃഷ്ണപിള്ള എന്നിവരുൾപ്പെട്ട വിഭാഗം കലാകാരന്റെ അനിഷേധ്യമായ സ്വാതന്ത്ര്യത്തെ സമുദായ വിമർശനത്തിന് ഉപയോഗിച്ചവരാണ്. മറ്റു ചിലർ സമുദായത്തിന്റെ പീഢനം ഏറ്റുവാങ്ങി ആ നൈരാശ്യത്തിൽ സ്വയം ദുഃഖത്തിലാഴ്ന്നു പോയവരാണ്. അവരാണ് പരാജയ പ്രസ്ഥാനക്കാർ. ഇറ്റലിയിലെ ലിയൊപ്പാർഡി എന്ന കവിയെ ഉദാഹരിച്ചാൽ ഇറ്റലിയുടെ അടിമത്ത ദശയിൽ സ്വസഹോദരിയുടെ വിവാഹത്തിന് അദ്ദേഹം മംഗളം ആശംസിച്ചത് അവൾക്ക് ജനിക്കുന്ന മക്കൾ ദുഃഖിതരോ ഭീരുക്കളോ ആയി ജീവിക്കേണ്ടിവരുമെന്നും അതിനാൽ അവർ ദു:ഖിതരായി ഭവിക്കട്ടെ എന്നുമാണ്. ഈ നൈരാശ്യത്തിൽ നിന്നു തന്നെയാണ് സ്വാതന്ത്ര്യത്തിന്റെ കാഹളം

▶ കലാകാരനും കാലവും, കലയും കാലവും തമ്മിലുള്ള യുദ്ധം

ഉയർന്നത്. ടോൾസ്റ്റോയി, ഇബ്സൺ, ടാഗോർ, ഗോർക്കി മുതലായവർ സമുദായവുമായി ഏറ്റുമുട്ടി പരാജയപ്പെട്ടുവെങ്കിലും അവർ കലയും സമൂഹവുമായി പൊരുത്തമുണ്ടാകും വരെ സമരം നടത്തി. ഇത്തരത്തിൽ കലാകാരനും കാലവും, കലയും കാലവും തമ്മിലുള്ള യുദ്ധത്തിലൂടെയാണ് ശ്രേഷ്ഠമായ കലാവൃത്തിയുടെ ഉത്ഭവം. ഇത്തരത്തിലുള്ള കല സമുദായത്തെ സത്യനിഷ്ഠമാക്കി തീർക്കുന്നു. സമുദായം കലയെയും കല സമുദായത്തെയും സ്വാധീനിക്കുകയും പരിവർത്തിപ്പിക്കുകയും ചെയ്യുന്നു.

## Summarised Overview

സാഹിത്യസംബന്ധമായ ലക്ഷണഗ്രന്ഥങ്ങൾ എഴുതി മലയാളസാഹിത്യത്തിന്റെ നവോത്ഥാന പ്രക്രിയയ്ക്ക് ഊർജം പകരുകയും നേതൃത്വം വഹിക്കുകയും ചെയ്ത ധിഷണാശാലിയാണ് എം. പി. പോൾ. സ്വതന്ത്രചിന്തകനും ഉൽപതിഷ്ണുവുമായ പോൾ യാഥാസ്ഥിതിക കത്തോലിക്കാ പൗരോഹിത്യ മേധാവിത്വത്തെ എതിർത്തു. പുരോഗമന സാഹിത്യപ്രസ്ഥാനത്തിന്റെ സമുന്നത നേതാവും പുരോഗമന സാഹിത്യസംഘടനയുടെ അധ്യക്ഷനുമായിരുന്നു. സാഹിത്യത്തിന്റെ സാമൂഹികബന്ധത്തെ അംഗീകരിച്ച് എം. പി. പോൾ അതിന്റെ സൗന്ദര്യാത്മ കഘടകത്തെ എപ്പോഴും ആദരിച്ചു. സാഹിത്യവിമർശനം കവിതാവിമർശനമായി കരുതിയിരുന്ന സാമ്പ്രദായിക സമീപനത്തിൽ മാറ്റത്തിന്റെ തുടക്കമിട്ടത് കേസരി എ. ബാലകൃഷ്ണപിള്ളയാണ്. ആ ഗദ്യവിമർശനശാഖ എം. പി. പോൾ വികസിപ്പിച്ചു. എം. പി. പോളിൽനിന്ന് ഉൾക്കാഴ്ച ലഭിച്ചവരിൽ പലരും പിൽക്കാലത്ത് മലയാളസാഹിത്യത്തിലെ പ്രമുഖരായിത്തീർന്നു.

'കലയും കാലവും' എന്ന ലേഖനത്തിൽ ഏത് രാജ്യത്തിന്റെയും സർവതോന്മുഖമായ ഉണർവിന്റെ കാലഘട്ടത്തിലാണ് സാഹിത്യം അതിന്റെ പരമമായ പുരോഗതി കൈവരിക്കുന്നതെന്ന് പോൾ ഉദാഹരണസഹിതം വ്യക്തമാക്കുന്നു. സമുദായശരീരം സോന്മേഷം പ്രവർത്തിക്കുമ്പോൾ മുഖത്ത് പ്രത്യക്ഷപ്പെടുന്ന പ്രസന്നഭാവമാണ് കല. മറിച്ച് സമുദായഗാത്രം പരിക്ഷീണവും രോഗബാധിതവുമായിരിക്കുന്ന കാലങ്ങളിൽ അതിന്റെ കലാവദനം മ്ലാനവും അസന്തുഷ്ടവുമായി കാണപ്പെടുന്നു. പാരസികന്മാരുമായുള്ള യുദ്ധം വിജയിച്ച ശേഷമുള്ള ഉത്ക്കർഷകാലഘട്ടത്തിലാണ് യവന നാടകം വികസിച്ചത്. സോഫോക്ലിസ്, ഈസ്ക്കിലസ്, യൂറിപ്പിഡിസ് തുടങ്ങിയ സാഹിത്യകാരന്മാരും അരിസ്റ്റോട്ടിൽ, സോക്രട്ടീസ്, പ്ലേറ്റോ തുടങ്ങിയ ചിന്തകരും തങ്ങളുടെ ഉന്നതമായ സംഭാവനകൾക്കൊണ്ട് ഗ്രീസിന്റെ കലാസാംസ്കാരിക മണ്ഡലത്തെ സമ്പന്നമാക്കി. ഈ കാലഘട്ടത്തിനു ശേഷമുള്ള അധഃപതന കാലഘട്ടത്തിൽ മേൽപ്പറഞ്ഞതിന് തുല്യമായ കലാസാംസ്കാരിക സംഭാവനകൾ ഗ്രീസിൽ നിന്നുമുണ്ടായിട്ടില്ല. അഗസ്റ്റസിന്റെ കാലഘട്ടത്തിലാണ് റോമൻ സംസ്കാരം ഉച്ചനില പ്രാപിക്കുന്നത്. അതിനുമുൻപോ പിൻപോ ലത്തീൻ സാഹിത്യത്തിന് അത്രമാത്രം ഉത്ക്കർഷം ഉണ്ടായിട്ടില്ല.

വിവിധ കലാമേഖലകളിൽ 15ഉം 16ഉം നൂറ്റാണ്ടുകളിൽ ഇറ്റലി പാശ്ചാത്യ ലോകത്തിനൊട്ടാകെ നിദർശനമായിത്തീർന്നു. രാജ്യം സാമ്പത്തികമായും സാംസ്കാരികമായും അദ്വിതീയമായിരുന്ന ആ കാലയളവിലാണ് ബെല്ലിനി, റാഫൈൽ, മൈക്കലാഞ്ചലോ, ലിയനാർഡോ ഡാവിഞ്ചി മുതലായ പ്രതിഭാസമ്പന്നർ പ്രശോഭിച്ചത്. തുല്യമായ വികാസം പില്ക്കാലത്ത് പ്രകടമല്ല.

ഇംഗ്ലണ്ടിൽ എലിസബത്ത് രാജ്ഞിയുടെ കാലത്തുണ്ടായ രാഷ്ട്രീയ പ്രബുദ്ധതയുടെ പ്രതിഫലനമാണ് ഷേക്സ്പിയറുടെ നാടകരംഗം. ജനതയുടെ സജീവവും പുരോഗമനോത്സുകവുമായ പരിവർത്തനം സാഹിത്യലോകത്തിലും പരിവർത്തനമുണ്ടാക്കി. ഷേക്സ്പിയറിന്റെ നാട

SGOU

കങ്ങളും എലിസബത്ത് രാജ്ഞിയുടെ ഭരണകാലവും പരസ്പര ബന്ധിതമാണ്. പതിനേഴാം നൂറ്റാണ്ടിൽ ലൂയി പതിനാലാമന്റെ പ്രഭാവകാലഘട്ടത്തിലാണ് ഫ്രാൻസിൽ കോർണിൽ, റാസീൻ, മോളിയേ തുടങ്ങിയ കവികൾ ഫ്രഞ്ച് സാഹിത്യത്തെ അതിന്റെ സുവർണയുഗത്തിലേക്ക് നയിച്ചത്. ഏതു രാജ്യത്തിന്റെ ചരിത്രം നോക്കിയാലും സമുദായത്തിന്റെ ഉൽബുദ്ധതയും കലയുടെ അഭിവൃദ്ധിയും ഒരേകാലത്ത് സംഭവിക്കുന്നതായികാണാം.

പോർച്ചുഗൽ, ഡച്ച് തുടങ്ങിയ രാജ്യങ്ങളുടെ സ്ഥിതിയും ഇപ്രകാരംതന്നെയാണ്. പൗരസ്ത്യ ദേശത്തെ കാര്യം പരിശോധിക്കുമ്പോൾ അശോകൻ, ഗുപ്തരാജാക്കന്മാർ, കനിഷ്കൻ, ശ്രീഹർഷൻ, മുഗൾ ചക്രവർത്തിമാർ എന്നിവരുടെ കാലത്താണ് ഭാരതസംസ്കാരം അസാധാരണമായി വികസിച്ചത്. ബ്രിട്ടീഷ് ഭരണകാലത്തുണ്ടായിരുന്നിടത്തോളം കലാമാന്ദ്യം മുമ്പൊരിക്കലും ഉണ്ടായിട്ടില്ലെന്ന് പോൾ അഭിപ്രായപ്പെടുന്നു. കേരളചരിത്രം പരിശോധിച്ചാൽ സാമൂതിരിയുടെ പ്രതാപകാലത്തും മാർത്താണ്ഡവർമ്മയുടെ ദിഗ്‌വിജയത്തിന് ശേഷവും മലയാള സാഹിത്യത്തിനും കേരളീയ കലകൾക്കും ശ്രദ്ധേയമായ പുരോഗതി ഉണ്ടായി.

സ്വാതന്ത്ര്യസമരാവേശം ആശാന്റെയും വള്ളത്തോളിന്റെയും കവിതകൾക്ക് പ്രേരണയായി. കാലത്തിന് കലയുടെ മേൽ അപ്രതിരോധമായ ഒരു സ്വാധീന ശക്തിയുണ്ടെന്ന് വ്യക്തമാക്കാനാണ് പോൾ ശ്രമിക്കുന്നത്. സാഹചര്യങ്ങളുടെ പക്വതയിലാണ് കലകൾ വികസിക്കുന്നത്. കലയ്ക്ക് സ്ഥായിയായ ചില ആദർശങ്ങൾ ഉണ്ടെന്നും സൗന്ദര്യത്തിന്റെ പേരിൽ അത് സത്യത്തെ ആരായുകയാണെന്നും പോൾ അഭിപ്രായപ്പെടുന്നു.

## Assignments

1. കലയും കാലവും തമ്മിലുള്ള ബന്ധത്തിനെ പാശ്ചാത്യ-പൗരസ്ത്യ സാംസ്കാരിക പ്രഭാവവുമായി ബന്ധപ്പെടുത്തി പോൾ നിരീക്ഷിക്കുന്നതെങ്ങനെ.
2. 'ഒരു വശത്ത് നൂറുകൊല്ലത്തെ ചരിത്രം, മറുവശത്ത് രണ്ടായിരം കൊല്ലത്തെ ചരിത്രം. പക്ഷേ ആ നൂറു കൊല്ലത്തിലാണ് ഗ്രീസ് വാസ്തവത്തിൽ ജീവിച്ചത്' എന്ന നിരീക്ഷണത്തിന്റെ അടിസ്ഥാനമെന്ത്.
3. പലായനപ്രസ്ഥാന(Escapism)ത്തിന് കാരണമായതെന്താണ്.
4. പരാജയപ്രസ്ഥാനമെന്നാലെന്ത്. അത് കലയെയും കാലത്തെയും എങ്ങനെ സ്വാധീനിച്ചു.
5. 'ഇതെഴുതുന്ന ആൾ സരസ്വതീകഥാഗന്ധം ഗ്രഹിക്കാത്ത ഒരു കത്തനാരാകുമായിരുന്നു' എന്ന ലേഖകന്റെ നിരീക്ഷണത്തിന് അടിസ്ഥാനം എന്താണ്.
6. എം. പി. പോളിന്റെ നിരൂപണരംഗത്തെ സംഭാവനകൾ വിവരിക്കുക.

## Suggested Readings


1. എം. പി. പോൾ, എം. പി. പോളിന്റെ സമ്പൂർണ കൃതികൾ, മീഡിയ ഹൗസ്, ന്യൂഡൽഹി.
2. സുകുമാർ അഴീക്കോട്, മലയാള സാഹിത്യ വിമർശനം, ഡി. സി. ബുക്സ്, കോട്ടയം.

## References


1. എരുമേലി പരമേശ്വരൻ പിള്ള, മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ, കറന്റ് ബുക്സ്, തൃശ്ശൂർ.
2. കെ. എം. ജോർജ് (എഡിറ്റർ), ആധുനിക മലയാള സാഹിത്യ ചരിത്രം പ്രസ്ഥാനങ്ങളിലൂടെ, ഡി. സി. ബുക്സ്, കോട്ടയം.
3. എൻ. കൃഷ്ണപിള്ള, കൈരളിയുടെ കഥ, ഡി. സി. ബുക്സ്, കോട്ടയം.


# 2. തോട്ടിയുടെ മകൻ

**ജോസഫ് മുണ്ടശ്ശേരി**

## Learning Outcomes

- മുണ്ടശ്ശേരിയുടെ നിരൂപണശൈലി പരിചയപ്പെടുന്നു
- രൂപഭദ്രതാവാദത്തിന്റെ അവതരണ പശ്ചാത്തലം മനസിലാക്കുന്നു
- മലയാള സാഹിത്യത്തിൽ 'തോട്ടിയുടെ മകന്റെ' സ്ഥാനം കണ്ടെത്തുന്നു

## Background

1903 ജൂലൈ 17-ന് കണ്ടശ്ശാംകടവിൽ ജനിച്ചു. തൃശൂർ സെന്റ് തോമസ് കോളേജിൽ മലയാളം പ്രൊഫസറായിരുന്നു. അദ്ദേഹം രാഷ്ട്രീയ ചിന്തകനും നിയമസഭാസാമാജികനും ആദ്യത്തെ കേരള മന്ത്രിസഭയിൽ വിദ്യാഭ്യാസ മന്ത്രിയുമായിരുന്നു. കൊച്ചി ശാസ്ത്രസാങ്കേതിക സർവകലാശാലയുടെ ആദ്യത്തെ വൈസ് ചാൻസലറായിരുന്ന മുണ്ടശ്ശേരി പ്രശസ്ത വിദ്യാഭ്യാസചിന്തകനുമായിരുന്നു. 1977 ഒക്ടോബർ 25-ന് അന്തരിച്ചു. പാശ്ചാത്യ-പൗരസ്ത്യ കാവ്യസിദ്ധാന്തങ്ങൾ സംയോജിപ്പിച്ചുകൊണ്ടുള്ള വിമർശനസമ്പ്രദായമാണ് മുണ്ടശ്ശേരി സ്വീകരിച്ചത്. 1940 മുതൽ കാൽനൂറ്റാണ്ടിലേറെക്കാലം മലയാള സാഹിത്യത്തിലെ ആധികാരിക ശബ്ദം അദ്ദേഹത്തിന്റേതായിരുന്നു. ആത്യന്തിക വിശകലനത്തിൽ സാഹിത്യലക്ഷ്യങ്ങളിൽ മാരാരും മുണ്ടശ്ശേരിയും യോജിപ്പിലെത്തുന്നതായി കാണാം. ജീവിതബാഹ്യമായ ഒരു സാഹിത്യത്തെക്കുറിച്ച് രണ്ടുപേർക്കും സങ്കല്പിക്കാനാവില്ല. പുരോഗമന സാഹിത്യപ്രസ്ഥാനത്തിന്റെ നേതൃനിരയിൽ നിന്ന് മുണ്ടശ്ശേരി കുറേക്കൂടി മുമ്പോട്ടു കടന്ന് സാഹിത്യത്തിലെ ജനകീയാംശത്തിന് സൗന്ദര്യാത്മകമായ പുതിയ മാനം നല്കി.

മാർക്സിയൻ കലാദർശനത്തിന്റെ പൊരുൾ കണ്ടെത്തിയ അദ്ദേഹം സാമൂഹിക വിപ്ലവത്തിന്റെ പ്രേരകഘടകമാണ് ഉത്തമസാഹിത്യമെന്ന് ഉറക്കെ പ്രഖ്യാപിച്ചു. എന്നാൽ സാഹിത്യത്തെ രാഷ്ട്രീയത്തിന്റെ ചട്ടക്കൂട്ടിൽ ഒതുക്കുന്നതിനെ അദ്ദേഹം എതിർത്തു. കൃതികളിലെ സാങ്കേതിക ഘടകങ്ങളിലല്ല; അവയിൽ ഉൾച്ചേർന്നിരിക്കുന്ന ജീവിതമൂല്യങ്ങളിലാണ് മുണ്ടശ്ശേരിയുടെ

SGOU

മനമൂന്നിയത്. 'രൂപഭദ്രതാവാദം' അദ്ദേഹത്തെ വിമർശനരംഗത്ത് കൂടുതൽ ശ്രദ്ധേയനാക്കി. പുരോഗമന സാഹിത്യപ്രസ്ഥാനത്തോടൊപ്പം നിന്ന് യാഥാസ്ഥിതിക സാഹിത്യത്തിനെതിരെ പോരാടിയ അദ്ദേഹം, കമ്യൂണിസ്റ്റ് ആശയത്തിന്റെ വേരുറപ്പിക്കാൻ ഉതകുംവിധം സാഹിത്യകൃതികളിൽ ഉള്ളടക്കത്തിനു മാത്രം പ്രാധാന്യം കൊടുക്കുന്നതിനോട് വിയോജിച്ചു . ഈ എതിർപ്പ് പ്രകടമായത് തകഴിയുടെ 'തോട്ടിയുടെ മകൻ' വിമർശിച്ചപ്പോഴാണ്. രൂപഭദ്രതാവാദത്തെത്തുടർന്ന് ഓരോരുത്തരുടേയും ഉള്ളിലൊതുങ്ങിക്കിടന്ന രാഷ്ട്രീയദർശനം മറനീക്കി പുറത്തുകടന്ന് സാഹിത്യത്തിൽ ചേരിതിരിവുണ്ടാക്കിയെങ്കിലും മുണ്ടശ്ശേരിയുടെ ആശയം ജനകീയ സാഹിത്യപ്രസ്ഥാനത്തിന്റെ സൗന്ദര്യാത്മക വീക്ഷണത്തിന് ശക്തിയേകി. സാഹിത്യകാരന്റെ സാംസ്കാരിക ദൗത്യത്തിനാണ് മുണ്ടശ്ശേരി എപ്പോഴും ഊന്നൽ കൊടുത്തത്. 'കവിത്വത്തിന്റെ സാഫല്യം ജീവിതം നാടകീയമായി അവതരിപ്പിക്കുന്നതിന്റെ ഉച്ചകോടിയിലാണ്' എന്ന് 'നാടകാന്തം കവിത്വ'ത്തിന് പുതിയ വ്യാഖ്യാനം നല്കിയ അദ്ദേഹം, ഭാരതീയ കാവ്യമീമാംസയുടെ അന്തർദർശനങ്ങൾ സാഹിത്യവിമർശനത്തിന്റെ ഊർജ്ജമാക്കിത്തീർത്തു. കാല്പനികതയിൽ തുടങ്ങി, യഥാതഥവാദത്തിൽ വികസിച്ച്, സമൂഹനിഷ്ഠതയിലേക്കുയർന്നതാണ് മുണ്ടശ്ശേരിയുടെ വിമർശനപദ്ധതി' (മലയാളസാഹിത്യം കാലഘട്ടങ്ങളിലൂടെ).

'മാനദണ്ഡം', 'മാറ്റൊലി', 'പ്രയാണം', 'നാടകാന്തം കവിത്വം', 'രാജരാജന്റെ മാറ്റൊലി', 'ആശാൻകവിത', 'വള്ളത്തോൾ കവിത', 'മനുഷ്യകഥാനുഗായികൾ', 'അന്തരീക്ഷം', 'കാവ്യപീഠിക', 'നനയാതെ മീൻ പിടിക്കാമോ', 'കരിന്തിരി', 'രൂപഭദ്രത', 'വായനശാലയിൽ' (നാലു ഭാഗങ്ങൾ) തുടങ്ങിയവയാണ് മുഖ്യകൃതികൾ. വിശിഷ്ടാംഗത്വം നല്കി മുണ്ടശ്ശേരിയെ കേരള സാഹിത്യ അക്കാദമി ആദരിച്ചു.

## Keywords

രൂപഭദ്രതാവാദം- തോട്ടിയുടെ മകൻ - ഇതിവൃത്തത്തിലെ മാറ്റം - കൃതിയുടെ ധർമ്മം

## Discussion

ജോസഫ് മുണ്ടശ്ശേരി തകഴിയുടെ 'തോട്ടിയുടെ മകൻ' എന്ന കൃതിക്കെഴുതിയ നിരൂപണം എക്കാലത്തെയും പ്രസക്തമായ നിരൂപണങ്ങളിലൊന്നാണ്. 'രൂപഭദ്രതാവാദം' ആദ്യമായി അവതരിപ്പിക്കപ്പെട്ടത് ഇവിടെയാണ്. ജനകീയ പ്രതിപാദ്യവും അത് അവതരിപ്പിക്കാൻ വടിവൊത്ത വാക്യങ്ങളും മാത്രം പോര എന്നാണ് മുണ്ടശ്ശേരി ഇവിടെ അഭിപ്രായപ്പെടുന്നത്. 'ഒരു കലയായിട്ടാണ് സാഹിത്യത്തെ വീക്ഷിക്കുന്നതെങ്കിൽ നല്ല നല്ല വാക്യങ്ങളും പോരാ ജനകീയ കാര്യങ്ങളും പോരാ; ആ രണ്ടിലും കവിഞ്ഞ് ഒന്നുകൂടി വേണം - രൂപഭദ്രത' എന്നാണ് അദ്ദേഹം രൂപഭദ്രതയ്ക്ക് നൽകുന്ന നിർവചനം. അതായത് എഴുത്തുകാരന്റെ ഹൃദയത്തിൽ തറച്ച കാര്യങ്ങൾ വായനക്കാരന്റെ ഹൃദയത്തിൽ അമർന്നു കൊള്ളുംവിധം ആവിഷ്കരിക്കണം. ഭാഷയും വിഷയവും ഒത്തുവന്നാലും ഈ പറഞ്ഞ ഭാവശില്പോത്ഭിന്നമായ

ധർമ്മമില്ലെങ്കിൽ അത് സാഹിത്യകലയാകില്ല. അനുഭൂതിയിൽ നിന്ന് അനുഭൂതിയിലേയ്ക്കെത്തുന്ന ഈ രൂപസാമഗ്ര്യം പദ്യത്തിനും ഗദ്യത്തിനും അത്യന്താപേക്ഷിതമാണ്. ഇത്തരത്തിൽ രൂപഭദ്രതയോടു കൂടി എഴുതിയ കൃതിയായാണ് 'തോട്ടിയുടെ മകനെ' മുണ്ടശ്ശേരി വിശേഷിപ്പിക്കുന്നത്. ഭാഷയും ഉള്ളടക്കവും മികച്ചത്. പക്ഷേ അതുകൊണ്ട് നിർത്താതെ തോട്ടിയുടെ ദുരിത ജീവിതത്തെ സഹൃദയനിഷ്ഠമാക്കി അവതരിപ്പിച്ചു. എത്ര അഭിജാതനായാലും ആ ജീവിതം ഒന്ന് അടുത്തറിയണമെന്ന് തോന്നലുണ്ടാക്കും. ഇവിടെയാണ് പുരോഗമനം സാഹിത്യമാകുന്നത്.

▶ രൂപഭദ്രതാവാദം

പാശ്ചാത്യസാഹിത്യത്തിന്റെയും ബംഗാളി സാഹിത്യത്തിന്റെയും സ്വാധീന ശക്തിയിലാണ് മലയാളത്തിൽ നോവൽ പ്രസ്ഥാനം ആരംഭിച്ചത്. രാജപാരമ്പര്യത്തോട് ചേർന്നുനിന്ന സി. വി. രാമൻപിള്ളയാകട്ടെ രാജശക്തിയോട് എതിർത്തവരെയും അനുകൂലിച്ചവരെയും കോർത്തിണക്കി നോവലുകളെഴുതി. ചന്തുമേനോനാകട്ടെ ആഢ്യത്തത്തിലും മരുമക്കത്തായ വ്യവസ്ഥിതിയിലും വളർന്നു വന്നതിനാൽ തന്നെ ആ സമുദായത്തിലെ ദോഷങ്ങളെ അടുത്തു കണ്ട് അത്തരം വിഷയത്തിലുള്ള നോവലുകളെഴുതി. തെറ്റായവയെ പരിഹസിക്കുന്ന, വരേണ്ട മാറ്റത്തെ സ്വാഗതം ചെയ്യുന്ന ഇതിവൃത്തഘടനയായിരുന്നു അതിലേത്. ഇവരുടെ മാതൃകയിൽ നിന്ന് വ്യത്യസ്തമായ ഒരു നോവൽ രീതി കടന്നു വരുന്നത് ആധുനികതയിൽ മാത്രമാണെന്ന് മുണ്ടശ്ശേരി പറയുന്നു. ഇവർക്കും ആധുനികതയ്ക്കുമിടയിൽ നിരവധിയായ കൃതികൾ വന്നുവെങ്കിലും ഇവർ നടത്തിയ ജീവിത വീക്ഷണത്തോളം എത്താനേ അവർക്കായുള്ളൂ. അവിടെ നിന്നാണ് 'തോട്ടിയുടെ മകൻ' പോലുള്ള നോവലുകളെ പരിശോധിക്കുന്നത്. സി. വി. യിൽ നിന്ന് ചന്തുമേനോനിലേയ്ക്ക് എന്നു പറഞ്ഞാൽ രാജവാഴ്ച്ചയിൽ നിന്ന് ഇടത്തരം നായർ ഭവനങ്ങളിലേയ്ക്ക് എന്നാണ് മനസ്സിലാക്കേണ്ടത്. 'തോട്ടിയുടെ മകൻ' പോലെയുള്ളവയിലെത്തുമ്പോൾ മറ്റൊരു വിപ്ലവം നടക്കുന്നു. നായികാനായകന്മാരുടെ ധീരോദാത്തത മാറി അവരോട് തൊട്ടുനിന്ന ജനവിഭാഗത്തിന്റെ പ്രശ്നങ്ങൾ സാഹിത്യത്തിൽ അവതരിപ്പിക്കാമെന്നായി മാറി.

▶ പാശ്ചാത്യരുടെയും ബംഗാളി സാഹിത്യത്തിന്റെയും സ്വാധീനം

ഇടത്തരക്കാരിൽ കുറഞ്ഞവർക്കൊന്നും ഈ സ്വാതന്ത്ര്യം പോലും നൽകാതിരുന്ന സാഹിത്യത്തിൽ ഏതു പാവപ്പെട്ടവനേയും ഏഴയേയും അവതരിപ്പിക്കാമെന്നും അവരിൽ മനുഷ്യാവകാശബോധം ഉണർത്തി സമൂഹത്തിന്റെ അനാചാരങ്ങളോട് മല്ലടിക്കാൻ സജ്ജമാക്കാമെന്നും ബോധ്യപ്പെടുത്തിയത് തോട്ടിയുടെ മകനാണ്. ബഷീറിന്റെ 'ബാല്യകാലസഖി', കേശവദേവിന്റെ 'ഓടയിൽ നിന്ന്' എന്നീ കൃതികളും ഇതിനോട് ചേർത്ത് വായിക്കാം. പുരോഗമനസാഹിത്യസമ്മേളനങ്ങളും അതിന്റെ പ്രവർത്തനങ്ങളും 'തോട്ടിയുടെ മകൻ' എന്ന കൃതിയുടെ പ്രസാധനത്തിന് സഹായിച്ചിട്ടുണ്ട്. മുണ്ടശ്ശേരി ഉൾപ്പെടെ പലരുടെയും പ്രോത്സാഹനത്തിന്റെ ഫലമായാണ് മുന്നേ എഴുതിയിട്ടും പ്രസിദ്ധീകരിക്കാതിരുന്ന കൃതി പ്രസിദ്ധീകരിക്കുവാൻ തകഴി തീരുമാനിച്ചത്. ആദ്യം 'തോട്ടി' എന്ന് പേരിട്ട കൃതി ആർ. എസ്. കുറുപ്പിന്റെ 'തോട്ടി' എന്ന രചന ഇറങ്ങിയതിനാൽ പേര് മാറ്റി 'തോട്ടിയുടെ മകൻ' എന്നാക്കി.

▶ മനുഷ്യാവകാശബോധം

ഇശക്കുമുത്തു, ചുടലമുത്തു, മോഹനൻ എന്നീ മൂന്നു കഥാപാത്രങ്ങളുടെ ജീവിതത്തിലൂടെ മൂന്നു തലമുറകളിലായി വളർന്നു വരുന്ന തോട്ടികളുടെ ജീവിതത്തിലെ മാറ്റങ്ങൾ അവതരിപ്പിക്കുകയാണ് തകഴി 'തോട്ടിയുടെ മകനിൽ'. പിതാവായ ഇശക്കുമുത്തുവിന്റെ പാരമ്പര്യത്തൊഴിലായ തോട്ടിപ്പണിയിൽ നിന്ന് പിന്മാറാനാകാതെ മനസില്ലാമനസോടെ പണിക്കിറങ്ങുന്ന ചുടലമുത്തു, തന്റെ മകനായ മോഹനന് ആ പാരമ്പര്യം തൊട്ടു തീണ്ടാൻ പാടില്ലെന്ന് കരുതി സ്കൂളിൽ അയച്ച് പഠിപ്പിച്ച് തോട്ടികളിൽ നിന്നകറ്റി വളർത്തി. കോളറ വന്ന് അച്ഛനമ്മമാർ മരണപ്പെട്ട ശേഷം മോഹനൻ സാമൂഹിക ബോധത്തിൽ നിന്ന് കത്തിപ്പടരുന്ന വിപ്ലവത്തിന്റെ മുഖമാകുന്നു. അതിന്റെ പ്രതിഫലനമാണ് ചൂഷകവർഗത്തിന്റെ പ്രതീകമായ പ്രസിഡന്റ് എന്ന കഥാപാത്രത്തിന്റെ പുത്തൻ മാളികയ്ക്ക് തീ കൊളുത്തുന്നതിലൂടെ തകഴി പ്രതീകവൽക്കരിക്കുന്നത്.

▶ മൂന്നു തലമുറയുടെ അതിജീവന ശ്രമങ്ങൾ

## Summarised Overview

തലമുറകളായി അടിച്ചമർത്തപ്പെട്ട വർഗത്തിന്റെ വ്യക്തിതാല്പര്യങ്ങൾ ചിതലരിച്ച പാരമ്പര്യത്തെ നിഷേധിക്കുന്നിടത്തോളം വളർന്ന് സാമൂഹികനീതി എന്ന ആശയത്തെ തൊട്ടു നിൽക്കുന്നു. അതിൽ മാർക്സിസത്തെ കൂട്ടുചേർക്കുന്നു. തകഴിയുടെ 'തോട്ടിയുടെ മകനെ' മുൾക്ക് രാജ് ആനന്ദിന്റെ 'അൺടച്ചബിൾ' എന്ന കൃതിയുമായാണ് മുണ്ടശ്ശേരി താരതമ്യപ്പെടുത്തുന്നത്. പിതാവിന്റെയും മകന്റെയും ജീവിതത്തിലൂടെ ജാതിപരമായ പ്രശ്നങ്ങൾ കാണിക്കുകയും ആ മകനിലെ വളരാനുള്ള തൃഷ്ണയെ അവതരിപ്പിക്കുകയും ചെയ്യുന്ന കൃതിയാണ് 'അൺടച്ചബിൾ'. തകഴിയുടെ കൃതിയിൽ തോട്ടികളുടെ ജീവിതവും അതിന് നേർവിപരീതമായ പട്ടണത്തിലെ ബൂർഷ്വാ ജീവിതവും ധ്വനിക്കുന്നു. അതാകട്ടെ ചുരുങ്ങിയ പേജുകളിൽ ഒതുക്കുന്നു. മലയാളത്തിൽ വേറൊരു നോവലിനും ഇത് സാധിച്ചിട്ടില്ലെന്ന് മുണ്ടശ്ശേരി അഭിപ്രായപ്പെടുന്നുണ്ട്. അച്ഛനമ്മമാരുടെ മരണം തൊട്ട് ആ കഥയിൽ ചില പോരായ്മകൾ മുണ്ടശ്ശേരി കാണുന്നുണ്ട്. മാർക്സിസത്തിന്റെ പ്രത്യക്ഷോദാഹരണമായ മോഹനൻ, വ്യക്തിവിരോധം നിമിത്തം പ്രസിഡന്റിന്റെ ഭവനത്തിന് തീവെച്ചു. അതിന് മുണ്ടശ്ശേരി തന്നെ നൽകുന്ന മറുപടി പ്രേക്ഷകന്റെ മനസ്സിൽ അള്ളിപിടിക്കുന്ന നിരവധിയായ രംഗങ്ങളോട് കിടപിടിക്കാൻ അവയ്ക്ക് ആകാതിരുന്നതായി മാത്രം കണ്ടാൽ മതിയെന്നാണത്. എന്തുതന്നെയായാലും ആധുനികത മലയാളസാഹിത്യത്തിൽ കൊണ്ടുവന്ന നോവലാണ് തകഴിയുടെ 'തോട്ടിയുടെ മകനെ'ന്ന് മുണ്ടശ്ശേരി അടിവരയിടുന്നുണ്ട്. തകഴിയുടെ 'തോട്ടിയുടെ മകൻ' എന്ന നോവൽ നിരൂപണം ചെയ്യുമ്പോഴാണ് 'രൂപഭദ്രതാവാദം' മുണ്ടശ്ശേരി അവതരിപ്പിച്ചത്.

## Assignments

1. രൂപഭദ്രതാവാദം - വിശദമാക്കുക
2. തകഴിയുടെ 'തോട്ടിയുടെ മകനിൽ' മുണ്ടശ്ശേരി കാണുന്ന സവിശേഷതകൾ എന്തെല്ലാം?
3. സി. വി.യിൽ നിന്ന് തകഴിയിലെത്തുമ്പോൾ നോവലിന്റെ ഇതിവൃത്തത്തിന് സംഭവിക്കുന്ന മാറ്റങ്ങളെന്തെല്ലാം
4. മുണ്ടശ്ശേരിയുടെ നിരൂപണശൈലിയെക്കുറിച്ച് വിവരിക്കുക.
5. 'രൂപഭദ്രതാവാദ'ത്തിന്റെ പശ്ചാത്തലത്തിൽ 'തോട്ടിയുടെ മകൻ' എന്ന കൃതിയെ വിലയിരുത്തുക.

## Suggested Readings


1. പ്രൊഫ. ജോസഫ് മുണ്ടശ്ശേരി, മുണ്ടശ്ശേരി കൃതികൾ, കറന്റ് ബുക്സ്, തൃശ്ശൂർ.
2. പ്രൊഫ. ജോസഫ് മുണ്ടശ്ശേരി, കൊഴിഞ്ഞ ഇലകൾ, കറന്റ് ബുക്സ്, തൃശ്ശൂർ.


## References


1. എരുമേലി പരമേശ്വരൻ പിള്ള, മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ, കറന്റ് ബുക്സ്, തൃശ്ശൂർ.
2. കെ. എം. ജോർജ് (എഡിറ്റർ), ആധുനിക മലയാള സാഹിത്യ ചരിത്രം പ്രസ്ഥാനങ്ങളിലൂടെ, ഡി. സി. ബുക്സ്, കോട്ടയം.
3. സുകുമാർ അഴീക്കോട്, മലയാള സാഹിത്യ വിമർശനം, ഡി. സി. ബുക്സ്, കോട്ടയം.
4. എൻ. കൃഷ്ണപിള്ള, കൈരളിയുടെ കഥ, ഡി. സി. ബുക്സ്, കോട്ടയം.


SGOU

### Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

Unit 4

# 1. വള്ളത്തോൾ കവിതകളും ദേശീയ പ്രസ്ഥാനവും

**ഇ. എം. എസ്.**

## Learning Outcomes

- ഇ. എം. എസിന്റെ വിമർശനശൈലി പരിചയപ്പെടുന്നു
- മാർക്സിസ്റ്റ് നിരൂപണത്തെക്കുറിച്ച് മനസിലാക്കുന്നു
- വള്ളത്തോൾ കവിതയും ദേശീയപ്രസ്ഥാനവും തമ്മിലുള്ള ബന്ധം കണ്ടെത്തുന്നു

## Background

മാർക്സിയൻ കലാദർശനം അടിസ്ഥാനമാക്കി കലാവിമർശനം നടത്തിയ ചിന്തകനാണ് ഇ. എം. എസ്. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ അനിഷേധ്യ നേതാവായിരുന്ന അദ്ദേഹം രണ്ട് തവണ കേരള മുഖ്യമന്ത്രിയായിരുന്നു. ജീവൽസാഹിത്യ സംഘടനയുടെയും പുരോഗമന കലാസാഹിത്യ സംഘടനയുടെയും നേതൃസ്ഥാനത്ത് പ്രവർത്തിച്ചു. 1937 ജൂലൈ 19ന് മാതൃഭൂമി ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിച്ച 'ജീവൽസാഹിത്യവും സൗന്ദര്യബോധവും' എന്ന ലേഖനം ഒരു ചിന്താവിപ്ലവത്തിന് തിരികൊളുത്തി. ചരിത്രദശാസന്ധികളെ വസ്തുനിഷ്ഠമായി വിശകലനം ചെയ്തുകൊണ്ടും ആശയപരമായ ഉൾക്കനം, ഭാഷയുടെ ഋജുത്വം, യുക്തിപരമായ അപഗ്രഥനം എന്നിവ പാലിച്ചുകൊണ്ടും അദ്ദേഹം നടത്തിയ വിമർശനങ്ങൾ സാഹിത്യത്തിന് മുതൽക്കൂട്ടായി ഭവിച്ചു. സാഹിത്യവും കലയും വ്യക്തിഗതമല്ല; സാമൂഹിക ജീവിതത്തിന്റെ ഉൽപന്നങ്ങളാണ്. അതിനാൽ ഒരു സാഹിത്യകൃതി സമൂഹത്തിൽ ചെലുത്തുന്ന സ്വാധീനത്തെയാണ് അദ്ദേഹം അപഗ്രഥിച്ചത്. 'മാർക്സിസവും മലയാളസാഹിത്യവും', 'പുസ്തകങ്ങളിലൂടെ', 'നമ്മുടെ ഭാഷ' തുടങ്ങിയവ പ്രധാന കൃതികളാണ്.

സാഹിത്യം, മതം, രാഷ്ട്രീയം, ചരിത്രം, സാമൂഹ്യശാസ്ത്രം തുടങ്ങിയ വിഷയങ്ങൾ സംബന്ധിച്ച് ഇ. എം. എസിനോളം എഴുതിയിട്ടുള്ള ചിന്തകൻ മലയാളത്തിൽ വേറെയില്ല. മാർക്സിയൻ സൗന്ദര്യശാസ്ത്രം അപഗ്രഥിച്ച് അതിന്റെ പൊരുൾ വിശദമാക്കുന്നതിലും അതിനനുസരണമായി സാഹിത്യത്തെ വിലയിരുത്തുന്നതിലും നേതൃത്വപരമായ പങ്കാണ് അദ്ദേഹം വഹിച്ചിട്ടുള്ളത്. അക്കാദമിക തലത്തിലുള്ള സിദ്ധാന്തവൽക്കരണമല്ല അദ്ദേഹത്തിന്റേത്; മറിച്ച് പ്രയുക്ത വിമർശനമാണ്. പ്രത്യയശാസ്ത്രപരമായ പിടിമുറുക്കം, ഉള്ളടക്കത്തിന് നല്കിയ അമിതമായ ഊന്നൽ, കലാസൗന്ദര്യത്തെയും എഴുത്തുകാരന്റെ സർഗാത്മകസ്വാതന്ത്ര്യത്തെയും വേണ്ടത്ര പരിഗണിക്കാതിരിക്കൽ തുടങ്ങിയ കാര്യങ്ങൾ മാർക്സിയൻ കലാ-സാഹിത്യപ്രസ്ഥാനത്തിന് കേരളത്തിൽ സംഭവിച്ച പാളിച്ചകളാണെന്ന് അദ്ദേഹം തന്നെ പിൽക്കാലത്ത് സമ്മതിച്ചിട്ടുണ്ട്. ചരിത്രദശാസന്ധികൾ വസ്തുനിഷ്ഠമായി വിശകലനം ചെയ്തറിയാൻ ബാധ്യസ്ഥനാണ് യഥാർഥ എഴുത്തുകാരൻ. ചരിത്രപ്രാധാന്യമുള്ളവയാണ് അദ്ദേഹത്തിന്റെ സാഹിത്യ വിചിന്തനങ്ങൾ. ഈ വിചിന്തനങ്ങളും വിമർശനങ്ങളും പുരോഗമന സാഹിത്യപ്രസ്ഥാനം കേന്ദ്രീകരിച്ചാണ് നടത്തിയത്. ഈ രംഗത്തുള്ള ഇ. എം. എസിന്റെ നേതൃത്വപരമായ ദൗത്യനിർവഹണം സാഹിത്യത്തിന്റെ ജനകീയാടിത്തറ വിശാലമാക്കുകയും ജീവിതഗന്ധിയായ പുതിയ സാഹിത്യാവബോധം ജനങ്ങളിൽ വളർത്തിയെടുക്കുകയും ചെയ്തു എന്ന് എരുമേലി. പരമേശ്വരൻ പിള്ള നിരീക്ഷിക്കുന്നു.

സാഹിത്യകാരൻ സമൂഹത്തിന്റെ സൃഷ്ടിയാണ്; അതുപോലെ പുതിയ സമൂഹത്തിന്റെ സ്രഷ്ടാവും. ആ നിലയിൽ എഴുത്തുകാരന് സമൂഹത്തിൽനിന്ന് വ്യതിരിക്തമായ അസ്തിത്വമില്ല സാഹിത്യകൃതിയുടെ ആവിഷ്കരണം, കലാത്മകത എന്നീ ഘടകങ്ങൾ അംഗീകരിക്കുന്നെങ്കിലും അത് സമൂഹത്തിൽ ചെലുത്തുന്ന സ്വാധീനമാണ് ഇ. എം. എസ്സിന്റെ വിമർശനബുദ്ധി അപഗ്രഥിക്കുകയും വിലയിരുത്തുകയും ചെയ്യുന്നത്.

ചരിത്രപരമായ ഭൗതികവാദത്തിൽ അടിയുറച്ചതാണ് മാർക്സിസം. അടിത്തറ, മേൽപ്പുര സിദ്ധാന്തം മാർക്സിസ്റ്റ് ദർശനത്തിലെ നിയാമക ഘടകമാകുന്നു. ഉൽപ്പാദനബന്ധങ്ങളും വിനിമയ വിതരണ ഘടകങ്ങളും ചേരുന്നതാണ് സമൂഹത്തിന്റെ സാമ്പത്തികഘടന. ഈ സാമ്പത്തിക ഘടനതന്നെയാണ് അടിത്തറ. അടിത്തറയിലാണ് രാഷ്ട്രീയം, നിയമം, മതം, ഭാഷ, സാഹിത്യം, കല തുടങ്ങിയവ ഉൾപ്പെടുന്ന മേൽപ്പുര അഥവാ ഉപരിഘടനയുണ്ടാകുന്നത്. മനുഷ്യരുടെ മാനസിക ശക്തിയും ആസ്വാദനക്ഷമതയും സൃഷ്ടിന്മുഖതയുമെല്ലാം മേൽപ്പുരയുടെ ഭാഗങ്ങളാണ്. അടിത്തറയും മേൽപ്പുരയും തമ്മിൽ ദൃഢമായ പരസ്പരബന്ധമുണ്ട്. ആദാനപ്രദാനവും നടക്കുന്നു. സാമൂഹിക ബോധത്തിന്റെ ഒരു രൂപമെന്ന നിലയിൽ സാഹിത്യം രാഷ്ട്രീയത്തെക്കാൾ സ്വതന്ത്രവും സ്വയം നിശ്ചിതവുമാണ്. സാഹിത്യത്തിന്റെ സ്വയംനിർണയാവസ്ഥയ്ക്ക് ദൂരവ്യാപകമായ പ്രതിഫലനങ്ങളുണ്ട്. ഒരു സാമൂഹിക - സാമ്പത്തിക വ്യവസ്ഥയിലുണ്ടാകുന്ന കലാസാഹിത്യ സൃഷ്ടികൾ പൊതുവേ നോക്കിയാൽ ആ വ്യവസ്ഥയെ പ്രതിഫലിപ്പിക്കുന്നതായിരിക്കും. സാഹിത്യത്തിന് അന്യമായി ജീവിതത്തിൽ ഒന്നുമില്ലെന്ന യാഥാർഥ്യത്തിൽ മാർക്സിസ്റ്റ് സൗന്ദര്യശാസ്ത്രം ഉറച്ചുനില്ക്കുന്നു. സമൂഹത്തിന്റെ പുനഃസൃഷ്ടിക്കുവേണ്ടി സർഗവ്യാപാരം നടത്തുന്ന സാഹിത്യകാരൻ സ്വാഭാവികമായും, ചൂഷിതരുടെ ചേരിയിലാണ് നിൽക്കേണ്ടത്. ചരിത്രബോധത്തിന്റെ അഭാവത്തിൽ സാഹിത്യവിമർശനം ദുർബലമാകുമെന്ന് മാർക്സിസ്റ്റ് കലാചിന്തകർ അഭിപ്രായപ്പെടുന്നു.

സാഹിത്യത്തെ കേവലമായ ആത്മപ്രകാശനമായിട്ടല്ല; സാഹിത്യകാരനും സമൂഹവും തമ്മിലുള്ള വൈകാരികവും വൈചാരികവുമായ ഹൃദയസംവാദമായാണ് മാർക്സിസ്റ്റ് ദർശനം കാണുന്നത്. എഴുത്തുകാരന്റെ വ്യക്തിപ്രതിഭയെ മാർക്സിസം അപ്പാടെ നിഷേധിക്കുന്നില്ല; ഇതു രൂപപ്പെടുത്തുന്നതിലും വികസിപ്പിക്കുന്നതിലും പര്യാവരണ (environment) ത്തിനുള്ള പങ്ക് യാഥാർഥ്യബോധത്തോടെ എടുത്തുകാണിക്കുന്നു എന്നേയുള്ളു. ആത്മനിഷ്ഠ യാഥാർഥ്യവും (subjective reality) വസ്തുനിഷ്ഠ യാഥാർഥ്യവും (objective reality) അതാതിന്റെ ശരിയായ പരിപ്രേക്ഷ്യത്തിൽ പരിശോധിച്ചാലേ മൂല്യനിർണയം അർഥവത്താകുകയുള്ളു. ഇരുപതാം നൂറ്റാണ്ടിലെ സാഹിത്യത്തെ ഏറെ സ്വാധീനിച്ചതും സാഹിത്യത്തിന്റെ താത്വികവും സൗന്ദര്യാത്മകവും പ്രായോഗികവുമായ മേഖലകളിൽ മൗലികമായ പരിവർത്തനത്തിന് പാതതെളിച്ചതും മാർക്സിസ്റ്റ് ദർശനമാണെന്നതിൽ തർക്കമില്ല.

## Keywords

ഇ. എം. എസി. ന്റെ നിരൂപണം - മാർക്സിസ്റ്റ് നിരൂപണം - വള്ളത്തോളും ദേശീയപ്രസ്ഥാനവും.

## Discussion

കേരളത്തിലെ നമ്പൂതിരിമാർക്കിടയിൽ ഒരു കാലത്ത് പ്രചാരത്തിലുണ്ടായിരുന്ന വേദാധ്യായന രീതിയെക്കുറിച്ച് പറഞ്ഞുകൊണ്ടാണ് ലേഖനം ആരംഭിക്കുന്നത്. ഏഴും എട്ടും വയസിനിടയിൽ ഉപനയനം

കഴിഞ്ഞ് പിന്നീടൊരു ആറുകൊല്ലം ഇ. എം. എസ് ഉൾപ്പെടെ എല്ലാവരും വിനിയോഗിച്ചത് ഓത്തിന് വേണ്ടിയാണ് (വേദപഠനം). എന്നാൽ അർഥമറിയാതെ അക്ഷരങ്ങൾ മാത്രം പഠിച്ചുകൊണ്ടുള്ള ആ പഠിപ്പുകൊണ്ട് യാതൊരു ഫലവുമുണ്ടായിട്ടില്ല. നമ്പൂതിരിമാർക്ക് മാത്രം അനുവദനീയമായതും മറ്റുള്ളവർക്ക് നിഷിദ്ധമായതുമായിരുന്ന ഇത്തരം രീതികൾ ക്രമേണ ഇല്ലാതാവുകയും വേദപഠനം ബ്രാഹ്മണ-അബ്രാഹ്മണ, ഹിന്ദു-മുസ്ലീം -ക്രിസ്ത്യാന്യാദി വ്യത്യാസമില്ലാതെ നടത്താമെന്നും വന്നു. ഇതിന്റെ ഫലമായി ലഭിച്ച ഭാഗ്യമാണ് മഹാകവി വള്ളത്തോളിന്റെ 'ഋഗ്വേദം' തർജമ. ലളിതസുന്ദരമായ ഈ തർജമ നടത്തിയതാകട്ടെ വേദപാരായണാവകാശം പോലും നിഷേധിക്കപ്പെട്ട ജാതികളിൽ ഒന്നിൽ ജനിച്ച കവി. ഇതുകൂടാതെ 'വാല്മീകി രാമായണം', സംസ്കൃത നാടകങ്ങളിൽ ചിലവയുടെ തർജമ, 'ചിത്രയോഗം മഹാകാവ്യം', 'ബന്ധനസ്ഥനായ അനിരുദ്ധൻ', 'കൊച്ചുസീത' മുതലായ ലഘുകാവ്യങ്ങൾ, സാഹിത്യമഞ്ജരി മുതലായവയും ആ കവി മലയാള ഭാഷയ്ക്ക് നൽകിയ വമ്പിച്ച മുതൽക്കൂട്ടാണ്.

▶ ജാതിയും സാഹിത്യാധികാരവും

എന്നാൽ ഇ. എം. എസിന്റെ വീക്ഷണത്തിൽ, വള്ളത്തോളിനെ മഹാകവിയാക്കി മാറ്റിയത് അദ്ദേഹം തയ്യാറാക്കിയ 'വാല്മീകി രാമായണ'ത്തിന്റേയോ 'ഋഗ്വേദ'ത്തിന്റെയോ തർജമയോ 'ചിത്രയോഗം' മഹാകാവ്യമോ അല്ല. ഈ രണ്ട് തർജമകളിലൂടെ വള്ളത്തോൾ ചെയ്തത് സംസ്കൃതസാഹിത്യത്തിലെ രണ്ട് ഗ്രന്ഥങ്ങൾ മലയാളിക്ക് നൽകുകയാണ്. അതിലെ ഉള്ളടക്കം കവിയുടേതല്ല; അതിന്റെ കർത്താക്കളുടേതാണ്. പരിഭാഷകൻ എന്ന നിലയിൽ കുഞ്ഞിക്കുട്ടൻ തമ്പുരാനോടും മഹാകാവ്യരചയിതാവെന്ന നിലയിൽ മറ്റു പലരോടും താരതമ്യപ്പെടുത്താവുന്ന വള്ളത്തോളിനെ അവരിൽ നിന്ന് വ്യത്യസ്തനാക്കുന്നത് അദ്ദേഹത്തിന്റെ വ്യക്തിമുദ്ര പതിഞ്ഞ ലഘുകാവ്യങ്ങളും 'സാഹിത്യമഞ്ജരി'യുമാണ്. 'വള്ളത്തോളിന്റെ ജീവൻ അതിലില്ല; അത് ലഘുകാവ്യങ്ങളിലും മഞ്ജരിയിലും മാത്രമേ നമുക്ക് കാണാൻ കഴിയൂ' എന്നാണ് ഇ. എം. എസ് വ്യക്തമാക്കുന്നത്.

▶ ലഘുകാവ്യങ്ങളും സാഹിത്യമഞ്ജരിയും

വള്ളത്തോൾക്കവിതകൾ ദേശീയപ്രസ്ഥാനത്തെ എങ്ങനെ സ്വാധീനിച്ചെന്ന് വ്യക്തമാക്കുകയാണ് പിന്നീട് ഇ. എം. എസ്., ലഘുകാവ്യങ്ങളും ഖണ്ഡകാവ്യങ്ങളും മുഖേന മലയാളസാഹിത്യത്തിൽ വ്യക്തിമുദ്ര പതിപ്പിച്ച നിരവധി പേർ വേറെയുമുണ്ട്. കുമാരനാശാൻ, ജി. ശങ്കരക്കുറുപ്പ്, ചങ്ങമ്പുഴ തുടങ്ങിയവർ ഈ ഗണത്തിൽപ്പെടുന്നു. നിരർഥകമായ പല മാമൂലുകൾക്കും പഴഞ്ചൻ വിദ്യാഭ്യാസ രീതിക്കും ഊക്കേറിയ അടി കിട്ടുകയും അതിന്റെ പ്രതിഫലനമെന്നോണം ഉയർന്നുവരുകയും ചെയ്തവയാണ് ആശാൻ എഴുതിയതു മുതൽ ഇന്നുവരെയുള്ള പല ലഘു - ഖണ്ഡകാവ്യങ്ങളും. ഈ പരിവർത്തനങ്ങളെ സ്പർശിക്കുകയും തന്റെ ജീവിതകാലത്തെ കേരളീയാത്മാവിനെ പ്രതിഫലിപ്പിക്കുകയും ചെയ്യുന്നവയാണ് വള്ളത്തോളിന്റെ ലഘുകാവ്യങ്ങളും മഞ്ജരിയും. ഒന്നുകൂടി വ്യക്തമാക്കി അതിനെ ഇ. എം. എസ്. പറയുന്നത് : 'ഇരുപതാംനൂറ്റാണ്ടിന്റെ പ്രഥമാർധത്തിൽ - ഒന്നാം ലോകമഹായുദ്ധകാലം മുതൽ ഐക്യകേരളരൂപീകരണം വരെയുള്ള കാലഘട്ടത്തിൽ വിശേഷിച്ചും - ജനിച്ചു വളർന്ന മലയാളിയുടെ ആത്മാവ് വള്ളത്തോൾക്കവിതകളിൽ വ്യക്തമായി കാണാ

മെന്നതാണ് അദ്ദേഹത്തിന്റെ സവിശേഷത. വള്ളത്തോളിനെ 'കേരളത്തിന്റെ ദേശീയ കവി' എന്ന് വിളിക്കാൻ കാരണം മറ്റൊന്നാണ്. ജാതിവ്യവസ്ഥക്കെതിരായ വിപ്ലവം വള്ളത്തോളിനേക്കാൾ ഫലപ്രദമായി പ്രതിഫലിപ്പിച്ചത് ആശാനാണ്. കേരളത്തിലെ ബുദ്ധിജീവികളിലും തൊഴിലാളിവർഗത്തിലും ബഹുജനത്തിലും വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങൾ പ്രതിഫലിപ്പിക്കാൻ മറ്റു പല യുവകവികൾക്കും സാധിച്ചിട്ടുണ്ട്. എന്നാൽ അവയെ എല്ലാം കൂട്ടിയിണക്കി ഒരൊറ്റ സാമൂഹിക യാഥാർഥ്യമെന്ന നിലയ്ക്ക് കൊണ്ടുവരാൻ സാധിച്ചത് വള്ളത്തോളിന് മാത്രമാണ്. അതിനാലാണ് അദ്ദേഹം കേരളത്തിന്റെ ദേശീയ കവിയാകുന്നത്.

- ▶ വള്ളത്തോൾ കവിതകളും ദേശീയപ്രസ്ഥാനവും

ഇന്ത്യയിലാകെ, വിശേഷിച്ച് കേരളത്തിൽ സാമ്രാജ്യവിരുദ്ധ പ്രസ്ഥാനം അതിവേഗം വളർന്നുവന്ന ഘട്ടത്തിൽ ആയിരക്കണക്കിനാളുകളുടെ വിചാരങ്ങളും ജീവിതവും മാറിമറിഞ്ഞു. അഭിഭാഷകരാകുവാനും ഡോക്ടർമാരാകുവാനും ബിരുദമെടുത്ത യുവാക്കൾ ജോലി വിട്ട് ദേശീയ പ്രവർത്തകരായി. ഇത് വള്ളത്തോളിനെയും ബാധിച്ചു. ഈ ഘട്ടത്തിലാണ് 'വാല്മീകീ രാമായണ'കർത്താവും 'ആത്മപോഷിണി' മാസികയുടെ പത്രാധിപരുമായിരുന്ന വള്ളത്തോൾ നാരായണമേനോൻ 'സാഹിത്യമഞ്ജരി'യുടെ കർത്താവായ മഹാകവി വള്ളത്തോളായി മാറുന്നത്.

- ▶ കേരളത്തിലെ സാമ്രാജ്യവിരുദ്ധ പ്രസ്ഥാനം

വള്ളത്തോൾ കവിതകളുടെ ദേശീയ സ്വഭാവം 'സാഹിത്യമഞ്ജരി'യുടെ വാല്യങ്ങളിലെ സാമ്രാജ്യവിരോധപ്രസ്ഥാനത്തെ നേരിട്ട് സഹായിക്കുന്ന കവിതകളിൽ കാണാം. ഭാരതീയവും കേരളീയവുമായ സംസ്കാരത്തിന് ജനാധിപത്യമാനം നൽകുന്ന, ഹൈന്ദവ സംസ്കാരത്തിനും അതിന്റെ ഭാഗമായ വേദശാസ്ത്രേതിഹാസങ്ങൾക്കും പുതിയ അർഥങ്ങൾ നൽകുന്ന കവിതകളാണവ. പ്രകൃതിയെ അതിന്റെ മാതൃത്വഭാവത്തെ വിളിച്ചോതുന്നവ. മാതൃഭൂമിയിൽ അഭിമാനം ജനിപ്പിക്കുന്നവ. 'മഞ്ജരി'യുടെ ഒന്നാം വാല്യത്തിലെ 'മാതൃവന്ദനം' എന്ന കവിതയെ ഇ. എം. എസ് ഉദാഹരിക്കുന്നുണ്ട്. 'പശ്ചിമ രത്നാകരം പ്രീതിയാൽ ദാനം ചെയ്ത വിശ്വൈക മഹാരത്ന'മാണ് നമ്മുടെ രാജ്യമെന്നും 'മാതാവിൻ മഹാഗ്രഹം തുണ്ടുതുണ്ടാക്കിത്തീർത്തു വേർതിരി'ക്കുന്ന തടസങ്ങളെ തട്ടിനീക്കാൻ 'നമ്മൾ മൂരി നിവർന്നു നേരേ വിടും നെടുവീർപ്പൊന്നു പോരുമെന്ന' ശുഭപ്രതീക്ഷാപ്രകടനമാണ് ആ കവിത. 'മാതൃഭൂമിയൊഴിച്ച് പാരിൽ ദൈവമേതുള്ളു വേറെ' എന്നതിലാണ് ആ ചിന്ത ചെന്നെത്തിനിൽക്കുന്നത്.

- ▶ 'മാതൃവന്ദനം' എന്ന കവിത

ദേശീയപ്രസ്ഥാനവും ഹൈന്ദവസംസ്കാരവും തമ്മിൽ അഭേദ്യബന്ധമുണ്ടെന്നു കാണിക്കുന്ന മറ്റൊരു കൃതിയാണ് 'പുരാണങ്ങൾ' പൂർവികന്മാരായ ഋഷീന്ദ്രന്മാർ വിശ്രമവേളകളിൽ കവിതാദേവിയുമായി നടത്തിയ നർമ്മസല്ലാപങ്ങളാണ് പുരാണങ്ങളെന്നും അവർ 'ചെങ്കോലു ദൂരത്തിട്ട് യോഗദണ്ഡെടുത്തതും' 'പൊൻകിരീടത്തെ ജടാജൂടമായി മാറ്റി'യതും സ്വാതന്ത്ര്യമെന്ന മോക്ഷത്തിനായാണെന്നും ഇവിടെ വള്ളത്തോൾ പറയുന്നുണ്ട്. 'എന്റെ ഗുരുനാഥൻ' എന്ന കവിത കൂടി ഇതിനൊപ്പം ഇ. എം. എസ്. ചേർത്തു വായിക്കുന്നു. പുരാണങ്ങളുടെ തുടക്കം പഴയ ഹൈന്ദവസംസ്കാരത്തെക്കുറിച്ചുള്ള കവിയുടെ ബഹുമാനമാണെങ്കിൽ ഗുരുനാഥന്റെ തുടക്കം ദേശീയ പ്രസ്ഥാനത്തെയും

SGOU

അതിന്റെ നേതാവിനെയും കുറിച്ചുള്ള ബഹുമാനമാണ്. ഋഷീന്ദ്രന്മാരുടെ മോക്ഷമെന്ന ലക്ഷ്യത്തിന് സമാനമായി ഗാന്ധിജിയിൽ സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള ത്യാഗപൂർണമായ പ്രയത്നമാണ് കവി കാണുന്നതായി ലേഖകൻ നിരീക്ഷിക്കുന്നു. പുരാതനമായ ഭാരതീയ സംസ്കാരത്തോടുള്ള മമത, അഭിമാനം അവയെ മുൻനിർത്തി ദേശീയപ്രസ്ഥാനത്തോടും അതിന്റെ നേതാക്കന്മാരോടുമുള്ള സ്നേഹ ബഹുമാനങ്ങൾ ഇവയാണ് വള്ളത്തോളിനെ ഇതരകവികളിൽ നിന്ന് വേർതിരിക്കുന്നത്. എന്നു കരുതി സമൂഹജീവിതത്തിലും സംസ്കാരത്തിലുമുള്ള ദുഷിച്ച വശങ്ങളെ കവി തുറന്നു കാട്ടാതിരിക്കുന്നുമില്ല. 'തോണിയാത്ര', 'കാറു കണ്ട കർഷകൻ', 'മാപ്പ്', 'മറിമായം' എന്നീ കൃതികളെ ഉദാഹരിച്ച് സമൂഹത്തിലെ അടിച്ചമർത്തലുകളും അസമത്വങ്ങളും കൂടി വള്ളത്തോൾക്കവിതയിൽ പ്രതിഫലിക്കുന്നത് ഇ. എം. എസ്. ചൂണ്ടിക്കാണിക്കുന്നുണ്ട്. ദേവദാസീസമ്പ്രദായത്തോടുള്ള വിപ്രതിപത്തി ചമ്പകക്കുട്ടിയുടെ ആദർശാത്മകതയിലൂടെ അവതരിപ്പിച്ചു കൊണ്ട് സ്ത്രീസമുദായ വിഷയങ്ങളിലും കവി ഇടപെട്ടതായി തെളിവു നൽകുന്നു.

> ▶ സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള ത്യാഗപൂർണമായ പ്രയത്നം

ചുരുക്കത്തിൽ സാമൂഹ്യ- രാഷ്ട്രീയ - സാമ്പത്തിക - സമത്വ സ്വാതന്ത്ര്യങ്ങളുടെ സന്ദേശമുൾക്കൊള്ളുന്ന സ്വതന്ത്രവീക്ഷണം ഭാരതീയ ഹൈന്ദവ സംസ്കാരത്തിന്റെ നവമായ ഉപയോഗത്തിലൂടെ നൽകുകയാണ് വള്ളത്തോളിന്റെ ലഘുകാവ്യങ്ങളും സാഹിത്യമഞ്ജരിയുമെന്ന് പറഞ്ഞു വയ്ക്കുന്നതിലൂടെ ഇതിന് മഹാകവിയെ സഹായിച്ച പ്രഥമസംഗതി ദേശീയപ്രസ്ഥാനത്തിന്റെ വളർച്ചയായിരുന്നുവെന്ന് നിരീക്ഷിക്കുകയാണ് ഇ. എം. എസ്. നമ്പൂതിരിപ്പാട് ഇവിടെ ആശാനെയും വള്ളത്തോളിനെയും താരതമ്യം ചെയ്യുന്നുണ്ട്. ഗാന്ധിജിയുടെ നേതൃത്വത്തിലുള്ള നിസ്സഹകരണപ്രസ്ഥാനം തുടങ്ങുന്നതിന് മുമ്പുള്ള കാലത്താണ് ആശാന്റെ പ്രശസ്ത കൃതികൾ (നളിനി, ലീല, വീണപൂവ് മുതലായ) വന്നത്. ആ സമയത്ത് വള്ളത്തോളാകട്ടെ രാമായണതർജമകൾ പോലുള്ളവയുടെ രചനയിലായിരുന്നു. നിസഹരണ പ്രസ്ഥാനത്തിന്റെ അലയടികളുയരുകയും കേരളത്തിൽ വലിയൊരു ബഹുജനപ്രസ്ഥാനം വളരുകയും ചെയ്ത ഘട്ടത്തിൽ ആശാനിൽ നിന്ന് ജന്മമെടുത്തത് 'ദുരവസ്ഥ' എന്ന ഒരേയൊരു കവിത മാത്രമാണ്, അതാകട്ടെ മുന്നേ കൈകാര്യം ചെയ്ത വിഷയം തന്നെയാണു താനും. എന്നാൽ ഈ ഘട്ടത്തിൽ വള്ളത്തോൾ കവിതകൾ വികസിക്കുന്നു 'സാഹിത്യമഞ്ജരി'യിലെ എല്ലാ കവിതകളെയും സ്വാധീനിച്ചത് നിസഹരണ പ്രസ്ഥാനമാണെന്ന് ഇ. എം. എസ്. നിരീക്ഷിക്കുന്നു. ആശാൻ കവിതകളെ കേരളത്തിന്റെ ജാതിവ്യവസ്ഥയോടുള്ള വിയോജിപ്പുകൾ സ്വാധീനിച്ചപ്പോൾ വള്ളത്തോളിനെ ഭാരതത്തിലെ എല്ലാ മനുഷ്യരുടെയും പ്രശ്നങ്ങൾ ദേശീയസമരത്തിന്റെ ഭാഗമായി സ്വാധീനിക്കുകയായിരുന്നു എന്ന് ഇ. എം. എസ്. വിലയിരുത്തുന്നു.

> ▶ എല്ലാ മനുഷ്യരുടെയും പ്രശ്നങ്ങൾ ദേശീയ സമരത്തിന്റെ ഭാഗം

ഇതോടൊപ്പം വള്ളത്തോളിനെയും ആശാനെയും അവരവരുടെ മേഖലയിൽ ബൂർഷ്വാ ജനാധിപത്യപ്രസ്ഥാനത്തിന്റെ സന്ദേശവാഹകരായാണ് ഇ. എം. എസ്. കാണുന്നത്. അതുതന്നെയാണ് അവരുടെ കവിതകളുടെ മേന്മയ്ക്കും കുറവിനും അടിസ്ഥാനമായി പ്രവർത്തിക്കുന്നതെന്നും നിരീക്ഷിക്കുന്നു. തങ്ങൾ പ്രതിനിധീകരിക്കുന്ന ഈ

ബൂർഷ്വാ ജനാധിപത്യ പ്രസ്ഥാനത്തിന്റെ ചരിത്രപ്രാധാന്യം, അധ്വാനിക്കുന്ന ജനവിഭാഗങ്ങളെ സമരത്തിൽ ഇറക്കുന്നിടത്താണെന്ന് കാണാൻ ഇവർക്കായില്ല. പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കൊപ്പം സ്വയം വളരാൻ ഒരു പരിധി കഴിഞ്ഞ് ഇവർക്ക് സാധിക്കാതെ പോയത് പിന്നീടുള്ള ഘട്ടത്തിൽ ഇവർ പിന്നണിയിലായി പോകുവാൻ ഇടയാക്കിയെന്ന് ഇ. എം. എസ്. ചൂണ്ടികാണിക്കുന്നുണ്ട്. 1919-29 കാലത്തെ പ്രസ്ഥാനത്തെ കവിതയിലൂടെ ശക്തമായി പ്രതിഫലിപ്പിച്ച മഹാകവി വള്ളത്തോളിന് 1930 - 32ന് ശേഷമുള്ളതിനെ പ്രതിഫലിപ്പിക്കാൻ കഴിഞ്ഞില്ല. മറ്റൊരാൾക്കും പിന്നീട് അത് സാധിച്ചുമില്ല. ബ്രിട്ടീഷ് ഭരണത്തിനെതിരായ ഐക്യമെന്ന ഒറ്റബിന്ദുവിൽ നിന്ന് ദേശീയപ്രസ്ഥാനത്തിന് മറ്റ് പല ലക്ഷ്യങ്ങളും ഈ സമയത്ത് കൈവന്നു. വ്യക്തിപരമായ പല വിഷയങ്ങൾ, സംഘർഷങ്ങളൊക്കെ കൈവന്ന ഈ ഘട്ടത്തെ അതേ പോലെ കവിതയിൽ പ്രതിഫലിപ്പിക്കുക അത്ര എളുപ്പമായിരുന്നില്ല. അതിനാലാകാം ഈ ഘട്ടത്തിൽ 1920-21 ന് മുമ്പേ പോലെ വള്ളത്തോൾ 'ഋഗ്വേദ' തർജമ നടത്തിയത് എന്ന് ഇ. എം. എസ്. നിരീക്ഷിക്കുന്നു. എന്തുതന്നെ ആയാലും ദേശീയപ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് വള്ളത്തോൾ എന്ന മഹാകവിയുടെ അനിഷേധ്യമായ സ്വാധീനത തന്നെയുണ്ട്. അതിനെ ഭാരതീയ ദർശനങ്ങളുടെയും പുരാണങ്ങളുടെയും നവമായ ബന്ധിപ്പിക്കലുകളിലൂടെ ഉപയോഗിക്കാൻ വള്ളത്തോളിന് സാധിക്കുകയും ചെയ്തു.

- ബൂർഷ്വാ ജനാധിപത്യ പ്രസ്ഥാനത്തിന്റെ സന്ദേശവാഹകർ

## Summarised Overview

മാർക്സിയൻ സാമ്പത്തിക-സാമൂഹിക തത്വശാസ്ത്രങ്ങൾ അടിസ്ഥാനമാക്കി രൂപംകൊണ്ടതാണ് മാർക്സിയൻ സാഹിത്യദർശനം. മനുഷ്യാധ്വാനവും മനുഷ്യന്റെ പ്രകൃതിസഹജമായ ആസ്വാദനശീലവുമാണ് കലകളുടെ ഉറവിടം. മനുഷ്യജീവിതമാണ് സാഹിത്യത്തിന്റെ അടിത്തറ. പ്രപഞ്ചത്തിലെ എല്ലാ വസ്തുക്കളും മനുഷ്യനുമായി ബന്ധപ്പെട്ടതാണെന്നിരിക്കേ, സാഹിത്യബാഹ്യമായി കരുതാവുന്ന ഒന്നുമില്ല. ആ നിലയിൽ രാഷ്ട്രീയം സാഹിത്യത്തിൽ നിന്ന് അന്യവൽകരിച്ച് നിർത്തേണ്ടതില്ല. കലയുടെ ആനന്ദദായകത്വം അതിന്റെ സൗന്ദര്യാത്മക പശ്ചാത്തലത്തിൽ അംഗീകരിക്കുമ്പോൾത്തന്നെ സാഹിത്യത്തിന്റെ ആത്യന്തികലക്ഷ്യം സാമൂഹികവും സാംസ്കാരികവുമായ പുരോഗതിയാണെന്ന് മാർക്സിയൻ കലാദർശം വ്യക്തമാക്കുന്നു. പാരമ്പര്യം അപ്പാടെ നിഷേധിക്കുന്നില്ല, മാർക്സിസ്റ്റ് കലാദർശനം.

രാഷ്ട്രീയ പ്രവർത്തനത്തിന് സാംസ്കാരിക പ്രവർത്തനം പൂരകമാവണം എന്ന നിലപാട് സ്വീകരിച്ച വ്യക്തിയാണ് ഇ. എം. എസ്. കേരളസമൂഹത്തെ ചിന്തയുടെ മണ്ഡലങ്ങളിലേയ്ക്ക് ആനയിച്ച ധൈഷണിക സംവാദങ്ങൾക്ക് അദ്ദേഹം നേതൃത്വം നൽകി. മാർക്സിന്റെയും എംഗൽസിന്റെയും തത്വചിന്ത മാർക്സിസ്ററ് കലാസാഹിത്യനിരൂപണങ്ങളുടെ അടിസ്ഥാനശിലയാണ്. പുരോഗമനകലാസാഹിത്യ സിദ്ധാന്തങ്ങളുടെ അടിത്തറ മാർക്സിന്റെ നിഗമനങ്ങളാണ്. ഇ. എം. എസ്സിന്റെ നിരൂപണവും മാർക്സിയൻ നിരൂപണത്തിന്റെ പശ്ചാത്തലത്തിലാണ് വികാസം പ്രാപിച്ചത്. രാഷ്ട്രീയത്തിന് സാഹിത്യത്തിലുള്ള സ്ഥാനത്തിന്റെ പ്രാധാന്യം ഇവിടെ കാണാം.

വ്യക്തിഗതമല്ല സാഹിത്യവും കലയുമെന്ന് അദ്ദേഹം വിശ്വസിക്കുന്നു. അവ സാമൂഹികജീവിതത്തിന്റെ ഉല്പന്നങ്ങളാണ്. അതേസമയം സാഹിത്യകാരന്റെ പ്രതിഭയെ അദ്ദേഹം ആദരിക്കുന്നു. വൈരുധ്യാധിഷ്ഠിത ഭൗതിക ജീവിതത്തിന്റെ സൗന്ദര്യാത്മക ഭാവതലങ്ങൾ എഴു

SGOU

ത്തുകാരന് അന്യമാകരുതെന്ന് ഇ. എം. എസ്. ഉപദർശിക്കുന്നു. നവോത്ഥാനഘട്ടത്തിലെ പ്രാമാണികരായ സാഹിത്യകാരന്മാരെ - ആശാൻ, വള്ളത്തോൾ, ചന്തുമേനോൻ തുടങ്ങിയ വരെ വിലയിരുത്തുന്നതിൽ ഇ. എം. എസ്. പ്രദർശിപ്പിച്ച വൈഷണികവും ദാർശനികവും സാമൂഹികവുമായ സമീപനം മലയാളസാഹിത്യ വിമർശനത്തിന് നവീനമാനങ്ങൾ നല്കി. വള്ളത്തോൾക്കവിതയുടെ മഹത്വം പ്രകടമാകുന്നത് 'സാഹിത്യമഞ്ജരി'യിലെ കവിതകളിലും ലഘുകാവ്യങ്ങളിലുമാണ്. സമകാലിക സാമൂഹികപരിവർത്തനങ്ങളെ സ്പർശിക്കുന്ന സ്വഭാവം കൊണ്ടാണ് അവ ഇ. എം. എസിന് സ്വീകാര്യമാകുന്നത്. ആ കാലഘട്ടത്തിലെ കേരളീയ സമൂഹത്തിന്റെ ആത്മാവ് വള്ളത്തോൾ കവിതയിൽ പ്രതിഫലിക്കുന്നതിനാലാണ് അദ്ദേഹം 'കേരളത്തിന്റെ ദേശീയ കവി'എന്ന വിശേഷണത്തിനർഹനാകുന്നത്. 'വാല്മീകി രാമായണം', സംസ്കൃത നാടകങ്ങളിൽ ചിലവയുടെ തർജമ, 'ചിത്രയോഗം മഹാകാവ്യം', 'ബന്ധനസ്ഥനായ അനിരുദ്ധൻ', 'കൊച്ചുസീത' മുതലായ ലഘുകാവ്യങ്ങൾ, 'സാഹിത്യമഞ്ജരി' മുതലായവ ആ കവി മലയാളഭാഷയ്ക്ക് നൽകിയ വമ്പിച്ച മുതൽക്കൂട്ടാണ്. കേരളത്തിലെ ബുദ്ധിജീവികളിലും തൊഴിലാളി വർഗ്ഗത്തിലും ബഹുജനത്തിലും വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങൾ കൂട്ടിയിണക്കി ഒരൊറ്റ സാമൂഹിക യാഥാർത്ഥ്യമെന്ന നിലയ്ക്ക് കൊണ്ടുവരാൻ സാധിച്ചത് വള്ളത്തോളിന് മാത്രമാണ്. വള്ളത്തോൾ കവിതകളുടെ ദേശീയസ്വഭാവം മഞ്ജരിയുടെ വാല്യങ്ങളിലെ സാമ്രാജ്യത്വവിരുദ്ധ പ്രസ്ഥാനത്തെ നേരിട്ട് സഹായിക്കുന്ന കവിതകളിൽ കാണാം.

പുരാതനമായ ഭാരതീയ സംസ്കാരത്തോടുള്ള മമത, അഭിമാനം അവയെ മുൻനിർത്തി ദേശീയപ്രസ്ഥാനത്തോടും അതിന്റെ നേതാക്കന്മാരോടുമുള്ള സ്നേഹ ബഹുമാനങ്ങൾ ഇവയാണ് വള്ളത്തോളിനെ ഇതരകവികളിൽ നിന്ന് വേർതിരിക്കുന്നത്. പുരുഷന്റെ സ്വാർത്ഥതയെയും ഘോഷാസമ്പ്രദായത്തെയും ബഹുഭാര്യത്വത്തെയും സ്ത്രീയുടെ സ്വത്തവകാശമില്ലാത്ത അവസ്ഥയും വള്ളത്തോൾ ചോദ്യം ചെയ്തു. ആശാൻ കവിതകളെ കേരളത്തിന്റെ ജാതിവ്യവസ്ഥയോടുള്ള വിയോജിപ്പുകൾ സ്വാധീനിച്ചപ്പോൾ വള്ളത്തോളിനെ ഭാരതത്തിലെ എല്ലാ മനുഷ്യരുടെയും പ്രശ്നങ്ങൾ ദേശീയസമരത്തിന്റെ ഭാഗമായി സ്വാധീനിക്കുകയായിരുന്നു എന്ന് ഇ. എം. എസ്. വിലയിരുത്തുന്നു. വള്ളത്തോളിനെയും ആശാനെയും അവരവരുടെ മേഖലയിൽ ബൂർഷ്വാ ജനാധിപത്യ പ്രസ്ഥാനത്തിന്റെ സന്ദേശവാഹകരായാണ് ഇ. എം. എസ് കാണുന്നത്. പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കൊപ്പം സ്വയം വളരാൻ ഒരു പരിധി കഴിഞ്ഞ് ഇവർക്ക് സാധിക്കാതെ പോയത് പിന്നീടുള്ള ഘട്ടത്തിൽ ഇവർ പിന്നണിയിലായി പോകുവാൻ ഇടയാക്കിയെന്ന് ഇ. എം. എസ്. ചൂണ്ടിക്കാണിക്കുന്നുണ്ട്. ദേശീയപ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് വള്ളത്തോൾ എന്ന മഹാകവിയുടെ അനിഷേധ്യമായ സ്വാധീനതയുണ്ട് എന്ന് ഇ. എം. എസ്. നിരീക്ഷിക്കുന്നു.

# Assignments

1. ഇ. എം. എസ്സിന്റെ അഭിപ്രായത്തിൽ വള്ളത്തോളിനെ മഹാകവിയാക്കുന്നത് എന്താണ്?
2. കേരളത്തിന്റെ ദേശീയകവി എന്ന വിശേഷണത്തിന് വള്ളത്തോളിനെ അർഹനാക്കുന്ന ഘടകങ്ങൾ എന്തെല്ലാം?
3. ഭാരതീയ സംസ്കാരവും വള്ളത്തോൾ കവിതകളും - ഉപന്യാസം തയ്യാറാക്കുക.
4. വള്ളത്തോളിന്റെയും ആശാന്റെയും കവനരീതിയിലെ വ്യത്യസ്തതകൾക്ക് അടിസ്ഥാനമെന്താണ്? ഇ. എം. എസ്സിന്റെ നിരീക്ഷണത്തെ മുൻനിർത്തി ഉപന്യാസം തയ്യാറാക്കുക.

5. ഇ. എം. എസ്സിന്റെ നിരൂപണശൈലി - വിശദമാക്കുക.
6. മാർക്സിസ്റ്റ് നിരൂപണവും ഇ. എം. എസ്സും - ഉപന്യാസം തയ്യാറാക്കുക.
7. 1920നു മുമ്പും 1930നു ശേഷവുമുള്ള വള്ളത്തോൾ കൃതികൾ അതിനിടയ്ക്ക് രചിച്ച വള്ളത്തോൾ കൃതികളിൽ നിന്ന് എങ്ങനെ വ്യത്യാസപ്പെടുന്നു? വിശദമാക്കുക.

## Suggested Readings


1. ഇ. എം. എസ്. നമ്പൂതിരിപ്പാട്, തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 1990.
2. കാവുമ്പായി ബാലകൃഷ്ണൻ (എഡി.), ഇ. എം. എസ്. ഓർമ്മപ്പുസ്തകം, ചിന്താ പബ്ലിഷേഴ്സ്, തിരുവനന്തപുരം.


## References


1. എരുമേലി പരമേശ്വരൻ പിള്ള, മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ, കറന്റ് ബുക്ക്സ്, തൃശ്ശൂർ.
2. കെ. എം. ജോർജ് (എഡിറ്റർ), ആധുനിക മലയാള സാഹിത്യ ചരിത്രം പ്രസ്ഥാനങ്ങളിലൂടെ, ഡി. സി. ബുക്ക്സ്, കോട്ടയം
3. സുകുമാർ അഴീക്കോട്, മലയാള സാഹിത്യ വിമർശനം, ഡി. സി. ബുക്ക്സ്, കോട്ടയം.


SGOU

# 2. കടുന്തുടിയും ഓടക്കുഴലും

**എം. ഗോവിന്ദൻ**

## Learning Outcomes

- എം. ഗോവിന്ദന്റെ നിരൂപണശൈലി പരിചയപ്പെടുന്നു
- ഭാരതീയ കലകളിലെ മിത്തുകളുടെ സ്വാധീനത്തെക്കുറിച്ച് ധാരണ നേടുന്നു
- ഇന്ത്യൻ രാഷ്ട്രീയ സാഹിത്യ മേഖലകളിലെ ശൈവ - വൈഷ്ണവതയുടെ സ്വാധീനം മനസിലാക്കുന്നു

## Background

കവിയും ചിന്തകനുമായ വിമർശകനാണ് എം. ഗോവിന്ദൻ. എം. എൻ. റോയിയുടെ ആരാധകനായ ഇദ്ദേഹം റാഡിക്കൽ ഹ്യൂമനിസത്തിന്റെ വക്താവാണ്. മനുഷ്യന്റെ ഭാവനയും ചിന്തയും സ്വാതന്ത്ര്യത്തിലേക്കുള്ള വാതായനങ്ങളായി കണ്ട വ്യക്തിത്വമാണ് ഇദ്ദേഹത്തിന്റേത്. പൂജാരിമാരും ഭക്തന്മാരും വിഗ്രഹങ്ങളും ചേർന്ന ലോകം സ്വർഗത്തിലേക്കുള്ള പാതയൊരുക്കും എന്ന വിശ്വാസത്തെ മൂർച്ചയേറിയ ചോദ്യങ്ങളാൽ നേരിട്ടു. മനുഷ്യപക്ഷത്ത് നിൽക്കുകയാണ് വേണ്ടതെന്നു ചിന്തിച്ച വ്യക്തിയാണ് അദ്ദേഹം. അധികാരത്തിന്റെ രൂപമായാണ് ഗോവിന്ദൻ ദൈവത്തെ കണ്ടത്. ആ ദൈവത്തെ മനുഷ്യനിലേക്ക് പകർത്തുമ്പോൾ ഈ അധികാരത്തിന്റെ സംക്രമണം നടക്കുകയും മനുഷ്യനല്ലാതായി മാറുകയും ചെയ്യുന്നതായി അദ്ദേഹം നിരീക്ഷിക്കുന്നു. ആഴത്തിലുള്ള ചരിത്രബോധവും മനുഷ്യനെക്കുറിച്ചുള്ള ചിന്തയും ബലിഷ്ഠമാക്കിയ മാനവിക വീക്ഷണത്തോടെയാണ് ഗോവിന്ദൻ എഴുതിയത്. പരിണാമം എന്നത് പാരമ്പര്യത്തിന്റെ സമ്പൂർണ നിഷേധമായിട്ടല്ല, തുടർച്ചയും വികാസവുമായിട്ടാണ് അദ്ദേഹം കണ്ടത്. ചിന്തയുടെ അന്ത്യത്തെ വ്യക്തിയും സാമൂഹിക മനുഷ്യനും സ്രഷ്ടാവുമായ മനുഷ്യന്റെ തന്നെ അന്ത്യമാണെന്ന് പറഞ്ഞു. അദ്ദേഹത്തിന്റെ വിമർശനം ഒരിക്കലും വിമർശനത്തിന് വേണ്ടിയായിരുന്നില്ല. അറിയാനും അറിയിക്കാനും വേണ്ടിയുള്ള അന്വേഷണമായിരുന്നു. എം. ഗോവിന്ദൻ പുരോഗമന സാഹിത്യപ്രസ്ഥാനത്തെ പുതിയ ഹ്യൂമനിസ്റ്റ് പ്രസ്ഥാനമായി നിർവചിക്കുകയും അതിൽ നിന്ന് ഒരുപാട് മുന്നോട്ട് പോവുകയും ചെയ്തു. നവോത്ഥാനമായിരുന്നു അദ്ദേഹത്തിന്റെ ചിന്തയെ ദീപ്തമാക്കിയത്. മനുഷ്യ ചരിത്രത്തെ നവോത്ഥാനങ്ങളുടെ ചരിത്രമായി അദ്ദേഹം വായിച്ചു.

## Keywords

മിത്തുകളും ഇന്ത്യൻ കലകളും - ശൈവ വൈഷ്ണവതകളുടെ സ്വാധീനം – ആര്യന്മാരുടെ സ്വാധീനം – പരിസ്ഥിതിയും കവിതകളും

## Discussion

ഒരു ദേശത്തിന്റെ, ജനതയുടെ സംസ്കാരം ഏകമുഖമാണോ? എന്ന ചോദ്യത്തോടെയാണ് നിരൂപണം ആരംഭിക്കുന്നത്. അദ്വൈതമെന്നാൽ 'രണ്ടല്ലാത്തത്' എന്നാണ്. അതിൽതന്നെ ഒന്നേ ഉള്ളൂ എന്ന ഉറപ്പിക്കലില്ല. രണ്ടല്ലാത്തതെന്തുമാകാം! ഈ രണ്ടല്ലാത്തത്, ഒന്ന് എന്ന ഉറപ്പിക്കലില്ലാത്ത അവസ്ഥ ഭാരതീയ ദർശനത്തിൽ പൊതുവേ കാണാം. അതെ എന്നോ ആകുന്നു എന്നോ ഉറപ്പിക്കുന്നതിന് പകരം അല്ല എന്ന ആവർത്തനമാണുള്ളത്. 'ബർത്ത് ഓഫ് ട്രാജഡി' എന്ന പുസ്തകത്തിൽ നീത്ഷെ പ്രസ്താവിക്കുന്നത് പാശ്ചാത്യ കലയും സംസ്കാരവും രണ്ട് ആദിരൂപങ്ങളിൽ അധിഷ്ഠിതമാണെന്നാണ്. പ്രശാന്തനായ അപ്പോളോവിന്റെയും ചടുല പ്രകൃതനായ ദിനോസിയൂസിന്റെയും മാതൃകകളാണത്. നാടകകലയുടെ ഉറവിടം ദിനോസിയൂസിന്റെ വെളിപാടുകളും വഴിപാടുകളുമാണ്. ബഹുദേവതാ വിശ്വാസം യവന സംസ്കാരത്തിന്റെയും റോമൻ സംസ്കാരത്തിന്റെയും മുദ്രകളായിരുന്നു. റോമിലും ഗ്രീസിലും എത്തപ്പെട്ട ക്രിസ്തു പ്രചാരകർ പാഗനിസം എന്നറിയപ്പെട്ട ഈ ആചാര-വിചാര വൈവിധ്യങ്ങളെ സാ

ത്താന്റെ വികൃതിയായി ചിത്രീകരിച്ച് എതിർത്തു. ക്രിസ്തുവും ശിഷ്യന്മാരും റോമും ഗ്രീസും ആത്മീയതയിലൂടെ പിടിച്ചെടുത്തു. എന്നാൽ പിന്നീട് ഏകദൈവ പുത്രനായ യേശുവിന്റെ ബിംബത്തോടൊപ്പം ത്രിത്വം നിലവിൽ വന്നു. യേശുവിന് പുറമേ ദിവ്യമാതാവും പിതാവും ചേർന്ന ത്രിത്വം.

▶ ആദിപ്രരൂപങ്ങൾ

ദേഹത്തിന് വായുവും വെള്ളവും ഭക്ഷണവും വ്യായാമവുമെന്ന പോലെ ആത്മാവിനും ആവശ്യങ്ങളുണ്ട്. ഈ ആത്മാവിനെ തൃപ്തിപ്പെടുത്താഞ്ഞാൽ ദൈവത്തിനും മതത്തിനും രക്ഷയില്ല. ആത്മാവിന്റെ വൈകാരിക സംതൃപ്തിയ്ക്ക് കലകൾ സഹായിക്കുന്നു എന്നാണ് എം. ഗോവിന്ദൻ നിരീക്ഷിക്കുന്നത്. കലയിൽ കണ്ടെത്തുന്ന സത്യം വൈകാരിക മേഖലയിൽ വിരാജിക്കുന്നു. വൈകാരിക സത്യങ്ങൾ ഭാവനയുടെ മൂശയിൽ രൂപപ്പെടുന്നു. ഇവയാണ് മിത്തുകൾ. മിത്തുകൾ പൊള്ളയാണെന്ന് ശാസ്ത്രം തെളിയിച്ചിട്ടും അവ മനുഷ്യമനസിൽ ഇളക്കങ്ങളുണ്ടാക്കുന്നു. അവൻ ബോധത്തിൽ ഇരിക്കുമ്പോൾ അപ്പോളോവിന്റെ ശാന്തതയും അബോധത്തിൽ ദിനോസിയൂസിന്റെ ഊക്കും ഊറ്റവും സ്വീകരിക്കുന്നു. ദിനോസിയൂസിന്റെ ആചാരങ്ങൾ നമ്മുടെ നാട്ടിലെ കാളീക്ഷേത്രങ്ങളിൽ കാണാം. അതിൽ നാടകത്തിന്റെ ആദിരൂപങ്ങളും ഘടകങ്ങളും കാണാം. തുടർന്ന് നിരൂപകൻ ഹൈന്ദവ സംസ്കാരത്തിൽ മുളപൊട്ടിയ ഭാരതീയ കലകളിലെ ദ്വന്ദ്വത്തെ കുറിച്ച് വിചിന്തനം നടത്തുകയാണ്.

▶ ദ്വന്ദ്വത്തെക്കുറിച്ചുള്ള വിചിന്തനം

വേദകാലത്ത് ത്രിമൂർത്തി സങ്കൽപ്പം ഉണ്ടായിരുന്നതായി തെളിവില്ല. ഇന്ത്യയിൽ കുടിയേറിപ്പാർത്ത ആര്യന്മാരുടെ പരദേവത അക്രമണോത്സുകനായ ഇന്ദ്രനായിരുന്നു. ഋഗ്വേദത്തിൽ രുദ്രനെയും വിഷ്ണുവിനെയും കുറിച്ച് പരാമർശമുണ്ടെങ്കിലും ഇന്ദ്രനും വരുണനും അഗ്നിക്കുമുള്ള പ്രാധാന്യം അവർക്ക് നൽകിയിരുന്നില്ല. ആര്യന്മാരുടെ വരവോടെ ഇന്ത്യയിൽ ഒരു സംസ്കാര സംഘർഷമുണ്ടായി എന്നാണ് ലേഖകന്റെ പക്ഷം. കീഴടക്കിയ മണ്ണുമായി ഇടപഴകി അന്നുണ്ടായിരുന്ന സംസ്കാരപരിഷ്കാരങ്ങളെ അറിയുകയെന്നത് ആര്യന്മാരുടെ ആവശ്യമായിരുന്നു. ആര്യന്മാർ ഇന്ത്യയിൽ തന്നെ ഉള്ളവരാണെന്ന പക്ഷത്തോട് എം. ഗോവിന്ദൻ മമത പുലർത്തുന്നുമില്ല. ക്രിസ്തുമതത്തിന് റോമൻ, ഗ്രീക്ക് മതങ്ങൾ നല്കിയ സംഭാവനയിലേറെ ഇവിടെ നിലവിലിരുന്ന സംസ്കാരം ആര്യമതത്തിന് നൽകി. 'നനയാതെ മീൻ പിടിക്കുന്ന രീതിയാണ് ആര്യന്മാർ സ്വീകരിച്ചതെന്ന് തോന്നുന്നു' എന്ന നിരൂപകപക്ഷത്തിനടിസ്ഥാനം തൊട്ടിടപഴകാനും തങ്ങളുടെ മേലാളസ്ഥാനം കളയാനും തയ്യാറാകാതെ ഇവിടെ ഉള്ളവരുടെ അധ്വാനത്തെ ജാതിയിലൂടെ ഉപയോഗപ്പെടുത്താൻ അവർക്കായി എന്നതാണ്. ശൂദ്രന്റെ കായികാധ്വാനത്തെയും സംസ്കൃതിയേയും ഒരുപോലെ തങ്ങളുടേതാക്കി ആര്യന്മാർ മാറ്റി. അറിവ് വർഗബോധം വളർത്തുമെന്നതിനാൽ ശൂദ്രർ നിരക്ഷരരായിരിക്കണമെന്ന് അവർ നിഷ്കർഷിച്ചു. വേദപഠനം നിഷിദ്ധമാക്കി. എന്നാൽ കർമ്മങ്ങളിലൂടെയും മിത്തുകളിലൂടെയും നാടോടിത്തത്തിലൂടെയും കീഴാളർ സംഭരിച്ച പ്രാകൃത വേദങ്ങൾ അവർ തങ്ങളുടേതാക്കി മാറ്റി. 'അധ്വാനിക്കുന്ന വർഗത്തിന്റെ അധ്വാനം മാത്രമല്ല അറിവും മേലാളർ ചൂഷണം ചെയ്യുന്നു' എന്ന നിരീക്ഷണത്തിനടിസ്ഥാനം ഇതാണ്.

▶ കുടിയേറ്റവും അധ്വാനവും

ബ്രാഹ്മണത്വത്തോടുള്ള അമിതാദരവും പുരോഹിതവർഗത്തിന്റെ മേൽക്കോയ്മയും നിലനിൽക്കുന്ന ഇന്ത്യൻ സാഹചര്യത്തിൽ യഥാർത്ഥ മനുഷ്യരാകണമെന്ന അഭിവാഞ്ഛയെക്കാളേറെ ശൂദ്രരെ നയിക്കുന്നത് പുതിയ ബ്രാഹ്മണരായി തീരാനുള്ള താൽപ്പര്യമാണ്. ഉപനിഷത്ത്, വേദങ്ങൾ എന്നിവയ്ക്ക് ഭാഷ്യം ചമയ്ക്കാനുള്ള വ്യഗ്രതയെ ഈ അപകർഷതാബോധത്തിന്റെ ഉല്പന്നമായാണ് ലേഖകൻ കാണുന്നത്. ചരിത്രം അറിയാത്ത ജനതയ്ക്ക് സ്വയം നിർണ്ണയിക്കാനാവില്ല. ഇത് തന്നെയാണ് നിലവിലെ നിഷ്ക്രിയത്വത്തിനും കാരണം. ഇന്ത്യ എന്നാൽ ആര്യാവർത്തമെന്നും അതിൽ തന്നെ പശു മേഖലയും എന്നതാണ് സ്ഥിതി. ആര്യന്മാരുടെ മുതലും പലിശയും പശുവായിരുന്നു. അവിടെ ശൂദ്രന്മാർക്ക് പറയത്തക്ക സ്ഥാനവുമില്ല.

- ഉപനിഷത്ത്, വേദങ്ങൾ എന്നിവയ്ക്ക് ഭാഷ്യം ചമയ്ക്കാനുള്ള വ്യഗ്രത

നമ്മുടെ കലാസംസ്കാരാദികളെക്കുറിച്ചാണ് പിന്നീട് എം. ഗോവിന്ദൻ പരിശോധിക്കുന്നത്. സ്വതസിദ്ധമായി തന്നെ തനതായ ആത്മാവിഷ്കാരത്തിനുതകുന്ന ഭാഷ, ബിംബങ്ങൾ, ശൈലികൾ, രൂപഭാവമാതൃകകൾ എന്നിവ ഭാരതീയർക്കുണ്ട്. അവ ഒരു ജനത എന്ന നിലയിൽ ആവശ്യവുമാണ്. കലാവിമർശനത്തിലും കാവ്യമീമാംസയിലും ഭാഷാശാസ്ത്രത്തിലും അതിവിശിഷ്ടമായ പാരമ്പര്യമുണ്ടായിരുന്നിട്ടും അവ പ്രകാശിപ്പിക്കുന്നതിനും വിലയിരുത്തുന്നതിനും പാശ്ചാത്യ മാതൃകകളാണ് നാം സ്വീകരിച്ചത്. നമ്മുടെ കലാവിമർശനം ഉദാഹരിച്ചുകൊണ്ടാണ് എം. ഗോവിന്ദൻ ഇതിനെ വിശദീകരിക്കുന്നത്. നിർവചനത്തിനും വിശകലനത്തിനും നാം ഉപയോഗിക്കുന്ന മാനദണ്ഡങ്ങൾ പാശ്ചാത്യം തന്നെയാണ്. ഇതിന്റെ ഫലം നമ്മുടെ കൃതികൾ അവ പിറവിയെടുത്ത മണ്ണിനും മനസ്സിനുമകലെ ജന്മം കൊണ്ട വിചാരധാരകളുമായി ബന്ധപ്പെടുത്തേണ്ട നിലവന്നു. ഇത് 'അനുഭൂതികൾ നമ്മുടേത്; അളവുകോലുകൾ അന്യരുടേത്' എന്ന അവസ്ഥ വരുത്തി. ഇതാണ് സർഗാത്മക വിമർശനത്തിന്റെ വളർച്ചയ്ക്ക് തടസ്സമായി നിരൂപകൻ കാണുന്നത്.

- നിർവചനത്തിനും വിശകലനത്തിനും പാശ്ചാത്യമാനദണ്ഡങ്ങൾ

ഹൈന്ദവ സംസ്കൃതിയുടെ - ഭാരതീയ സംസ്കൃതിയുടെയും ദ്വന്ദ്വങ്ങളാണ് ശിവനും വിഷ്ണുവും. ബ്രഹ്മാവ് ഒരു ഘടകമാണെങ്കിലും മറ്റു രണ്ടിനെയും പോലെ പ്രാധാന്യം ലഭിക്കുന്നില്ല. വിഷ്ണുവിൽ നിക്ഷിപ്തമായ കർത്തവ്യം സ്ഥിതിയാണ്. അതായത് ഉള്ളത് നിലനിർത്തുക. ശീതളവും മിതവർണശബളവുമായ ചുറ്റുപാടിൽ ശാന്തമായ ഒരു നിലയിലാണ് വിഷ്ണു. എന്നാൽ ശിവൻ ഇതിൽ നിന്ന് തികച്ചും വിരുദ്ധൻ. പർവ്വതത്തിൽ വാസം, ചന്ദ്രക്കലാധരൻ, ഫണിഭൂഷണൻ. കൈയ്യിൽ ത്രിശൂലവും കടുന്തുടിയും കൂട്ടിന് ഭൂതഗണങ്ങളും. മൊത്തത്തിൽ കിരാതരാജാവിന്റെ ലക്ഷണം. സംഹാരമാണ് കർത്തവ്യം. ശിവൻ നടരാജനാണ്. നാട്യകലയുടെ ആദിരൂപം, കൈയ്യിൽ ആദിതാളത്തിന്റെ ഉപകരണമായ കടുന്തുടി. ഉറങ്ങുന്ന അനന്തനും ബ്രഹ്മാണ്ഡം കിടുക്കുന്ന നൃത്തരൂപിയായ നടരാജനും തമ്മിൽ എത്രയോ അന്തരം. ദ്രാവിഡരുടെ ആദിമൂർത്തിയായാണ് ഗോവിന്ദൻ ശിവനെ കാണുന്നത്. ഈ രണ്ടു പേരെയും ചുറ്റിപറ്റിയാണ് ഹൈന്ദവരുടെ ആദിപ്രരൂപസങ്കൽപ്പം.

- ആദിപ്രരൂപ സങ്കൽപ്പം

മിത്തോളജിയിലൂടെയുള്ള ചരിത്രപഠനത്തിന്റെ സാധുതകളെ നിരൂപകൻ വിലയിരുത്തുന്നുണ്ട്. മിത്തിന് മനുഷ്യ ജീവിതത്തിൽ സ്വാധീന

ശക്തിയുണ്ട്. കലയുടെയും അടിസ്ഥാനം മിത്തുകളാണ്. റിയലിസത്തിന്റെ പ്രശ്നവും ഇവിടെ വിശദീകരിക്കുന്നുണ്ട്. കാലികമായ നില നിൽപ്പ് റിയലിസ്റ്റ് കൃതികൾക്ക് ലഭിക്കില്ലെന്നാണ് നിരൂപകപക്ഷം. കലയിൽ റിയലിസം ഏറുമ്പോൾ കല പിന്മാറുമെന്നതാണ് കാരണമായി ചൂണ്ടിക്കാട്ടുന്നത്. എഴുതപ്പെട്ട കാലത്ത് വളരെ ഒച്ചപ്പാടുണ്ടാക്കിയ പല റിയലിസ്റ്റ് - നാച്ചറലിസ്റ്റ് കൃതികളും പില്ക്കാലത്ത് പ്രചാരമില്ലാതാകാൻ കാരണം അവ സ്ഥലകാലബദ്ധമല്ല എന്നതിലാണെന്നാണ് എം. ഗോവിന്ദൻ നിരീക്ഷിക്കുന്നത്.

- മിത്തോളജിയിലൂടെയുള്ള ചരിത്രപഠനം

റിയലിസം വളർന്നതോടെ ഇതിവൃത്തമോഷണം കുറ്റകരമായി തീർന്നു. നോവലും കഥയുമാണ് ഈ കാലഘട്ടത്തിലെ പുതിയ രൂപങ്ങൾ. എന്നാൽ കഥ വാമൊഴിയിലൂടെ കൈമറിഞ്ഞു വന്ന പൊതുസ്വത്തായിരുന്നു. മിത്തുകളിലൂടെയാണ് കലയ്ക്ക് ഉണർവ്വ് ലഭിക്കുന്നത്. ജെയിംസ് ജോയിസ്, ടി. എസ്. എലിയറ്റ്, കാഫ്ക, കാമു, ചിത്രകലയിൽ ഗോയ, പിക്കാസോ തുടങ്ങിയവരൊക്കെ തന്നെ കലയിൽ പ്രാഗ്‌രൂപങ്ങളും മിത്തുകളും ഉപയോഗപ്പെടുത്തി. ഇക്കൂട്ടത്തിൽ തന്നെ കാളിദാസനും ടാഗോറും ആശാനും വള്ളത്തോളുമൊക്കെ ഉൾപ്പെടുന്നു. പുരാണങ്ങളെയും അതിലെ മിത്തുകളെയും സ്വകൃതിയിൽ സന്നിവേശിപ്പിച്ചവരാണിവർ.

- കലയിലെ പ്രാഗ്‌രൂപങ്ങളും മിത്തുകളും

കല ചലനാത്മകമാകുമ്പോൾ അതിൽ ശൈവതേജസ്സ് കാണാം. ശൈവകലയുടെ താളം കടുന്തുടിയാണ്. വൈഷ്ണവ കലയ്ക്ക് താളം കുറവാണ്. ഒഴുകിയെത്തുന്ന രാഗധാര പോലെ, കാളിന്ദിയിലെ ഓളങ്ങൾ പോലെ, ഗോപികയുടെ പുഞ്ചിരി പോലെ മൃദു ചലനങ്ങളുണ്ടാക്കുന്ന ഓടക്കുഴലിനോടാണ് അതിന് സാമ്യം. ഇരുപതാം നൂറ്റാണ്ടിന്റെ ഉദയത്തോടെ ഇന്ത്യൻ സാമൂഹിക ജീവിതത്തിലുണ്ടായ സവിശേഷ സംഭാവനകളെ ശൈവ - വൈഷ്ണവ പശ്ചാത്തലത്തിൽ വായിച്ചാൽ, ഗാന്ധിയൻ യുഗാരംഭത്തിനു മുമ്പുള്ള സ്വാതന്ത്ര്യ ചിന്തകളും പ്രവർത്തികളും ശൈവമാണെന്നു കാണാം. ബങ്കിംചന്ദ്ര ചാറ്റർജി മുതൽ ആരംഭിച്ച പ്രവർത്തനങ്ങളെല്ലാം അത്തരത്തിലാണ്. ആദ്യകാലത്ത് സ്വാതന്ത്ര്യത്തിന്റെ വിജ്ഞാപനമായി പറയാവുന്ന അരവിന്ദഘോഷിന്റെ 'ഭവാനി മന്ദിർ' എന്ന കൃതിയിൽ ഉൾപ്പെടെ ശൈവപ്രസരം കാണാം. സുബ്രഹ്മണ്യഭാരതി റഷ്യൻ വിപ്ലവത്തെക്കുറിച്ചെഴുതിയ കവിതയിൽ വിപ്ലവം കാളിയുടെ തിരുക്കൂത്താണെന്ന് വീക്ഷിക്കുന്നു. ആയുധമേന്തി സാമ്രാജ്യത്വ അധികാരത്തെ ഇന്ത്യൻ മണ്ണിൽ നിന്ന് തുരത്താൻ പ്രതിജ്ഞയെടുത്തവർ ശൈവ സ്വാധീനതയിലായിരുന്നു. എന്നാൽ 1915-ൽ ആഫ്രിക്കയിലെ സത്യാഗ്രഹ പരിപാടികൾ കഴിഞ്ഞ് ഇന്ത്യയിൽ തിരിച്ചെത്തിയ ഗാന്ധിയിലൂടെയാണ് ഈ സ്ഥിതി മാറി വൈഷ്ണവ സങ്കല്പങ്ങൾ എത്തിയതെന്ന് എം. ഗോവിന്ദൻ നിരീക്ഷിക്കുന്നു. ലക്ഷ്യം രാമരാജ്യമായിരുന്നു. പ്രാർത്ഥനാഗാനം വൈഷ്ണവജനതയും ആയുധം ചർക്കയും. അധ:കൃതരെ ഹരിജനങ്ങളെന്നും ദരിദ്രരെ ദരിദ്രനാരായണനെന്നും വിളിച്ചു. അക്കാലത്തെ കവികളിലും ഈ വൈഷ്ണവ സ്വാധീനം തന്നെ കാണാം. ഗാന്ധിയായിരുന്നല്ലോ സ്വാതന്ത്ര്യ സമരത്തിലെ കേന്ദ്രബിംബം. വള്ളത്തോൾ പോലും ഗീതയ്ക്കു മാതാവായ ഇന്ത്യയിലേ ഗാന്ധിയെ പോലൊരാൾ ജനിക്കൂ എന്നല്ലേ 'എന്റെ ഗുരുനാഥ'നിൽ പാടിയത്. കേരള കവികളെ നോക്കിയാൽ

ചങ്ങമ്പുഴ, ജി., ബാലമണിയമ്മ, ഇടപ്പള്ളി, പി. കുഞ്ഞിരാമൻ നായർ തുടങ്ങി അനേകം പേർ വൈഷ്ണവരീതി തന്നെ കൃതികളിൽ അവലംബിച്ചു. മലയാളകവിതയുടെ തുടക്കമേ വൈഷ്ണവമാണ്. ചെറുശ്ശേരി, എഴുത്തച്ഛൻ, പൂന്താനം, നിരണം കവികൾ, മേല്പത്തൂർ, രാമപുരത്ത് വാര്യർ തുടങ്ങി നമ്പ്യാരുൾപ്പെടെ ആ ഗണത്തിൽ വരുന്നു. എന്നാൽ 'സഹ്യന്റെ മകൻ,' 'കുടിയൊഴിപ്പിക്കൽ'പോലെ ചില കവിതകളിൽ വൈലോപ്പിള്ളി ശൈവാംശം കലർത്തിയിട്ടുണ്ട്. 'പുത്തൻ കലവും അരിവാളും', 'കാവിലെ പാട്ട്',' 'പൂതപ്പാട്ട്', 'കറുത്ത ചെട്ടിച്ചികൾ' തുടങ്ങിയ ഇടശ്ശേരി കവിതകളിലും വീറിന്റെ കാര്യത്തിൽ ഈ ശൈവ സ്വാധീനം കാണാം. വൈഷ്ണവത്തിന്റെ അന്തസത്ത വ്യവസ്ഥിതിയുടെ നിലനിൽപ്പിലാണ്. അതിനാലാകാം പുരോഗമന കവിതയ്ക്ക് ആയുസറ്റുപോയതെന്ന് എം. ഗോവിന്ദൻ നിരീക്ഷിക്കുന്നു. ആശാനും വൈഷ്ണവ കവിയല്ല. ആ കവിതയിലെ ശാന്തത ബുദ്ധനോടാണ് ചേർന്ന് നിൽക്കുന്നത്. നാരായണഗുരുവിന്റെ ആദ്യ പ്രതിഷ്ഠ ശിവനായിരുന്നു. ഗുരുവിന്റെ ശിഷ്യനായ ആശാനിൽ ആ ശൈവപ്രവണതയാണുള്ളത്.

- ശൈവ വൈഷ്ണവ സ്വാധീനം മലയാള കവിതയിൽ

അറുപതുകളിൽ കടമ്മനിട്ടയുടെ ശൈവ ശൈലിയും ശീലുമൊത്ത പടയണിത്താളത്തിലെ കവിതകളുടെ വരവായി. അക്കാലത്തെ രാഷ്ട്രീയ സംഭവങ്ങളെ ഈ ശൈവഘടകവുമായി കൂട്ടിവായിക്കുകയാണ് നിരൂപകൻ. നക്സൽബാരിയിലെ സംഭവങ്ങൾ, നക്സലൈറ്റ് പ്രസ്ഥാനത്തിന്റെ പ്രവൃത്തികളൊക്കെ ഇതിനോട് ചേർക്കാം. വൃത്തം വെടിയാം താളം മതി എന്നൊരു സ്ഥിതി ഈ ഘട്ടത്തിൽ വന്നു. താളമാണ് സർവതും. എല്ലാത്തിനും താളമുണ്ട്. സർവാന്തര്യാമിയായ ശക്തിവിശേഷമാണ് താളം. ഗദ്യത്തിനും താളമുണ്ട്. എന്നാൽ കവിതയുടെ പാരമ്പര്യം ശ്രുതിയും സ്മൃതിയുമാണ്. സ്മൃതിയുണ്ടാകുന്നത് വൃത്തത്തിലൂടെയാണ്. ഭാവോന്മീലനത്തിന് ഇത് സഹായിക്കുന്നു. കവിതയ്ക്ക് അതിന്റേതായ ഈണം വേണം. വൃത്തസങ്കൽപ്പത്തിന് ഭൗതികരൂപവുമുണ്ട്. ശാർദ്ദൂലവിക്രീഡിതം പുലിയുടെ കളിയാണ്. അതിചടുലതയാണ് ഭാവം. തരംഗിണി വഞ്ചിപ്പാട്ടിന്റേതാണ്. ഓളങ്ങൾ പോലെയാണത്. കേക മയിലാട്ടത്തെ കുറിക്കുന്നു. അക്ഷരങ്ങൾക്ക് താളമുണ്ട്. അവയുടെ സമ്മേളനമായ വാക്കിനും വാക്യത്തിനും അതുവഴി ഗദ്യത്തിനും തൽഫലമായി താളമുണ്ട്.

- കടമ്മനിട്ടയുടെ ശൈലി: ശൈവം

എൺപതുകളിലെത്തുമ്പോൾ ശൈവത്തെക്കാൾ വൈഷ്ണവതയ്ക്കാണ് പ്രാധാന്യമേറുക എന്നാണ് നിരൂപകന്റെ പക്ഷം. പുതിയ പശ്ചാത്തലത്തിൽ സ്ഥിതി എന്നാൽ പരിസ്ഥിതിയാണ്. അതിന്റെ സംരക്ഷണവും നിലനിർത്തലും അതിപ്രധാനമാണ്. കടുന്തുടിയും ഓടക്കുഴലും ഒന്നിച്ച് മഴുവിനെ തടയേണ്ടിയിരിക്കുന്നു. കവിതയിൽ പരിസ്ഥിതി പ്രമേയത്തിന്റെ കടന്നുവരവ് പെട്ടെന്നുണ്ടായതല്ല. കവിത തന്നെ പരിസ്ഥിതിയാണ്. കടിഞ്ഞൂൽ കവിതയുടെ പിറവി കാട്ടിലാണ്. കാടൻ മുനിയായപ്പോൾ കവിത മറന്നു. എം. ഗോവിന്ദന്റെ ഭാഷയിൽ 'ഇതിനിടയിൽ കാടൻ നാടനായി. നാടൻ നാഗരികനായി. പരിഷ്കാരം പുരോഗതിയായി.' ഈ ഘട്ടത്തിൽ കവിതയുടെ തൊട്ടിലായ കാടിനെ ആധുനിക കവികൾ തിരയുന്നു. പരിസ്ഥിതി പ്രശ്നമല്ലെന്നും മനുഷ്യൻ മാത്രമാണ് പ്രധാനമെന്നും പറയുന്ന ഒരു തരം അഹന്തയാർന്ന

SGOU

മാനവികതാബോധം (Arrogant Humanism) പരിസ്ഥിതി നാശത്തിന് വഴിവച്ചിട്ടുണ്ട്. മനുഷ്യൻ പിറന്നു വീണത് തരിശുഭൂമിയിലല്ല. പ്രകൃതിമാതാവ് എന്നത് അവന്റെ അസ്ഥിത്വമാണ്. പൂക്കളുടെയും മരങ്ങളുടെയും ഇതരജീവജാലങ്ങളുടെയും അമ്മയാണ് ഭൂമി. കാളിദാസനും ടാഗോറും പ്രകൃതിയെ അങ്ങനെത്തന്നെയാണ് കണ്ടത്. നിർജീവമെന്ന് കരുതുന്നവയ്ക്കും ജീവനുണ്ട്. അത്തരത്തിൽ പ്രകൃതിയോട് ചെയ്യുന്ന ധ്വംസനങ്ങളൊക്കെ കൊലകളാണ്. കവിതയിലും ദർശനത്തിലും ശാസ്ത്രത്തിലും ഉയർന്ന പാരമ്പര്യമുള്ള കവികൾ ഇതിനെതിരെ ശബ്ദിക്കാതിരിക്കുന്നതും ധർമ്മം തുടരാത്തതും ഏറ്റവും ഹീനമായ കൃത്യമാണെന്ന് എം. ഗോവിന്ദൻ നിരീക്ഷിക്കുന്നു.

- എൺപതുകളിൽ ശൈവത്തെക്കാൾ വൈഷ്ണവതയ്ക്ക് പ്രാധാന്യം

## Summarised Overview

എന്താണു സാഹിത്യം, സാഹിത്യനിരൂപണം എന്നീ രണ്ടുകൃതികളിൽ എം. ഗോവിന്ദൻ തന്റെ സാഹിത്യ വീക്ഷണങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നു. മാർക്സിസത്തിന്റെ അടിത്തറയിൽ നിന്നേ അദ്ദേഹത്തിനു സാഹിത്യത്തെ നോക്കിക്കാണാനാവൂ. സൈദ്ധാന്തികനായ അദ്ദേഹം, കാവ്യശാസ്ത്രത്തിന്റെ പൊരുൾ ഗ്രഹിച്ചിട്ടുണ്ട്. സാഹിത്യം, അതു രചിച്ച കാലത്തിന്റെ സാമൂഹികവും രാഷ്ട്രീയവുമായ ഭൂമികയിൽ നിന്നുയിർക്കൊള്ളുന്നു. അതിനാൽ അതിന്റെ സാമൂഹികബന്ധം അനിഷേധ്യം. പാരമ്പര്യനിഷേധമല്ല, അതിന്റെ മാനവികസത്ത ഉൾക്കൊള്ളുകയാണ് പുരോഗമന സാഹിത്യകാരന്റെ ക്രിയാത്മകധർമം. ഒരു കൃതിയുടെ സ്ഥൂലത്തിൽ നിന്ന് സൂക്ഷ്മത്തിലേക്കും ബാഹ്യഘടകത്തിൽനിന്ന് ആന്തരഭാവത്തിലേക്കും ഇറങ്ങിച്ചെന്ന് ആനന്ദം അപഗ്രഥിക്കുകയും രസം വിശകലനം ചെയ്യുകയും സൗന്ദര്യാസ്വാദനത്തിലൂടെ ലഭിക്കുന്ന ആനന്ദം മനുഷ്യന്റെ വ്യക്തിസത്തയെയും ധാർമ്മികബോധത്തെയും എത്രകണ്ട് വളർത്താൻ സഹായിക്കുമെന്ന് പരിശോധിക്കുകയും ചെയ്യണം, വിമർശകൻ. അതേസമയം മാരാരുടെ 'കല കലയ്ക്കുവേണ്ടി' എന്ന വാദത്തെയും മുണ്ടശ്ശേരിയുടെ 'രൂപഭദ്രതാവാദ'ത്തെയും അതിരൂക്ഷമായി എതിർത്തു. ആത്മാവിന്റെ വൈകാരിക സംതൃപ്തിയ്ക്ക് കലകൾ സഹായിക്കുന്നു എന്നാണ് എം. ഗോവിന്ദൻ നിരീക്ഷിക്കുന്നത്.

കടുന്തുടിയും ഓടക്കുഴലുമെന്ന ലേഖനത്തിൽ എം. ഗോവിന്ദൻ ഹൈന്ദവ സംസ്കാരത്തിൽ മുളപൊട്ടിയ ഭാരതീയ കലകളിലെ ദ്വന്ദ്വത്തെക്കുറിച്ച് വിചിന്തനം നടത്തുകയാണ്. വേദകാലത്ത് ത്രിമൂർത്തി സങ്കൽപ്പമുണ്ടായിരുന്നതായി തെളിവില്ല. ആര്യന്മാർ ഇന്ത്യയിൽ തന്നെ ഉള്ളവരാണെന്ന പക്ഷത്തോട് എം. ഗോവിന്ദൻ മമത പുലർത്തുന്നുമില്ല. അറിവ് വർഗബോധം വളർത്തുമെന്നതിനാൽ ശൂദ്രർ നിരക്ഷരരായിരിക്കണമെന്ന് ആര്യന്മാർ നിഷ്കർഷിച്ചു. കീഴാളർ സംഭരിച്ച പ്രാകൃത വേദങ്ങൾ അവർ തങ്ങളുടേതാക്കി മാറ്റി. ശൂദ്രരെ നയിക്കുന്നത് പുതിയ ബ്രാഹ്മണരായി തീരാനുള്ള താൽപ്പര്യമാണ്. ഉപനിഷത്ത്, വേദങ്ങൾ എന്നിവയ്ക്ക് ഭാഷ്യം ചമയ്ക്കാനുള്ള വ്യഗ്രതയെ ഈ അപകർഷതാബോധത്തിന്റെ ഉൽപന്നമായാണ് ലേഖകൻ കാണുന്നത്. കലാവിമർശനത്തിലും കാവ്യമീമാംസയിലും ഭാഷാശാസ്ത്രത്തിലും അതിവിശിഷ്ടമായ പാരമ്പര്യമുണ്ടായിരുന്നിട്ടും അവ പ്രകാശിപ്പിക്കുന്നതിനും വിലയിരുത്തുന്നതിനും പാശ്ചാത്യ മാതൃകകളെയാണ് നാം സ്വീകരിച്ചത്.

ദ്രാവിഡരുടെ ആദിമൂർത്തിയായാണ് ഗോവിന്ദൻ ശിവനെ കാണുന്നത്. ഹൈന്ദവ സംസ്കൃതിയുടെയും ഭാരതീയ സംസ്കൃതിയുടെയും ദ്വന്ദ്വങ്ങളാണ് ശിവനും വിഷ്ണുവും. കാലികമായ നിലനിൽപ്പ് റിയലിസ്റ്റ് കൃതികൾക്ക് ലഭിക്കില്ലെന്നാണ് നിരൂപകപക്ഷം. മിത്തുകളിലൂടെയാണ് കലയ്ക്ക് ഉണർവ് ലഭിക്കുന്നത്. ജെയിംസ് ജോയിസ്, ടി. എസ് എലിയറ്റ്, കാഫ്ക, കാമു ചി

ത്രകലയിൽ ഗോയ, പിക്കാസോ തുടങ്ങിയവരൊക്കെ തന്നെ കലയിൽ പ്രാഗ് രൂപങ്ങളും മിത്തുകളും ഉപയോഗപ്പെത്തി. ഇക്കൂട്ടത്തിൽ തന്നെ കാളിദാസനും ടാഗോറും ആശാനും വള്ളത്തോളുമൊക്കെ ഉൾപ്പെടുന്നു. പുരാണങ്ങളെയും അതിലെ മിത്തുകളെയും സ്വകൃതിയിൽ സന്നിവേശിപ്പിച്ചവരാണിവർ.

ശൈവകലയുടെ താളം കടുന്തുടിയാണ്. വൈഷ്ണവ കലയ്ക്ക് താളം കുറവാണ്. ഗാന്ധിയൻ യുഗാരംഭത്തിനു മുമ്പുള്ള സ്വാതന്ത്ര്യചിന്തകളും പ്രവൃത്തികളും ശൈവമാണെന്ന് എം. ഗോവിന്ദൻ നിരീക്ഷിക്കുന്നു. ഇന്ത്യയിൽ തിരിച്ചെത്തിയ ഗാന്ധിയിലൂടെയാണ് വൈഷ്ണവ സങ്കല്പങ്ങൾ എത്തിയതെന്ന് എം. ഗോവിന്ദൻ നിരീക്ഷിക്കുന്നു. ചങ്ങമ്പുഴ, ജി, ബാലാമണിയമ്മ, ഇടപ്പള്ളി, പി. കുഞ്ഞിരാമൻ നായർ തുടങ്ങി അനേകം പേർ വൈഷ്ണവരീതി തന്നെ കൃതികളിൽ അവലംബിച്ചു. അറുപതുകളിലെ കടമ്മനിട്ടയുടെ ശൈവശൈലിയും ശീലുമൊത്ത പടയണിതാളത്തിലെ കവിതകളുടെ വരവിനെ അക്കാലത്തെ രാഷ്ട്രീയ സംഭവങ്ങളെ ഈ ശൈവഘടകവുമായി കൂട്ടിവായിക്കുകയാണ് നിരൂപകൻ. വൈഷ്ണവത്തിന്റെ അന്തസത്ത വ്യവസ്ഥിതിയുടെ നിലനിൽപ്പിലാണ്. നാരായണഗുരുവിലും ആശാനിലും ശൈവപ്രവണതയാണുള്ളത്. എൺപതുകളിലെത്തുമ്പോൾ ശൈവത്തെക്കാൾ വൈഷ്ണവതയ്ക്കാണ് പ്രാധാന്യമേറുക എന്നാണ് നിരൂപകന്റെ പക്ഷം. പുതിയ പശ്ചാത്തലത്തിൽ സ്ഥിതി എന്നാൽ പരിസ്ഥിതിയാണ്. അതിന്റെ സംരക്ഷണവും നിലനിർത്തലും അതിപ്രധാനമാണ്. കടുന്തുടിയും ഓടക്കുഴലും ഒന്നിച്ച് മഴുവിനെ തടയേണ്ടിയിരിക്കുന്നു.

## Assignments

1. മിത്തുകളുടെ സ്വാധീനം കലയ്ക്ക് ആവശ്യമാണോ? എം. ഗോവിന്ദന്റെ നിരീക്ഷണങ്ങളെ മുൻനിർത്തി വിശദീകരിക്കുക.
2. ഭാരതീയ കലയിലെ ശൈവ - വൈഷ്ണവ സ്വാധീനതയെ എം. ഗോവിന്ദൻ എങ്ങനെ വിലയിരുത്തുന്നു? വിവരിക്കുക.
3. ഗാന്ധിയൻ ദർശനത്തിന്റെ അടിസ്ഥാനവും വൈഷ്ണവ സങ്കൽപ്പവും എം. ഗോവിന്ദന്റെ ദർശനങ്ങളെ മുൻനിർത്തി വിശദമാക്കുക?
4. നമ്മുടെ കലാവിമർശനത്തിന് പറ്റിയ പിഴവായി എം. ഗോവിന്ദൻ നിരീക്ഷിക്കുന്നതെന്ത്?
5. പരിസ്ഥിതി സംരക്ഷണത്തിൽ കവികളുടെ പങ്കെന്ത്?
6. എം. ഗോവിന്ദന്റെ നിരൂപണശൈലി - ഉപന്യാസം തയ്യാറാക്കുക.
7. ഭാരതീയ കലാ - സാഹിത്യാദി മേഖലയിലെ മിത്തുകളുടെ സ്വാധീനം വിശദമാക്കുക?
8. 20 മുതൽ 80 വരെ നൂറ്റാണ്ടുകളിൽ ശൈവ - വൈഷ്ണവ ഘടകങ്ങൾ ഭാരതീയ രാഷ്ട്രീയ-സാഹിത്യ മേഖലകളെ എങ്ങനെ സ്വാധീനിക്കുന്നു? വിശദീകരിക്കുക.

## Suggested Readings


1. സുകുമാർ അഴീക്കോട്, മലയാളസാഹിത്യവിമർശനം, ഡി. സി. ബുക്സ്, കോട്ടയം
2. എം. ഗോവിന്ദൻ, പുതിയ മനുഷ്യൻ പുതിയ ലോകം, ഡി. സി. ബുക്സ്, കോട്ടയം, 1999.

## References


1. ഡോ. കെ. വി. തോമസ്, (എഡി) എം. പി. പോളിന്റെ സമ്പൂർണ്ണ കൃതികൾ, മീഡിയ ഹൗസ്.
2. പുതിയ മനുഷ്യൻ പുതിയ ലോകം, എം. ഗോവിന്ദന്റെ ചിന്തകൾ, ഡി. സി. ബുക്സ്, കോട്ടയം.
3. ഷൂബ കെ. എസ്, ആഗോളീകരണകാലത്തെ കുട്ടികൃഷ്ണമാരാർ, സ്കൂൾ ഓഫ് മാർക്സിയൻ കൾച്ചറൽ സ്റ്റഡീസ്.
4. ഡോ. കെ. എം. ജോർജ് (എഡി:) ആധുനിക മലയാള സാഹിത്യ ചരിത്രം പ്രസ്ഥാനങ്ങളിലൂടെ, ഡി. സി. ബുക്സ്, കോട്ടയം.
5. ഡോ. വത്സലൻ വാതുശ്ശേരി, മലയാളസാഹിത്യനിരൂപണം അടരുകൾ; അടയാളങ്ങൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.


## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

SGOU

# നവീന വിമർശന പ്രവണതകൾ

## BLOCK-03

### Block Content


യൂണിറ്റ് - 1
വിമർശനത്തിലെ നവീന പ്രവണതകൾ

യൂണിറ്റ് - 2
1. വിശ്വദർശനം - ശങ്കുണ്ണിനായർ
2. സഹ്യന്റെ മകൻ - എം. എൻ. വിജയൻ

യൂണിറ്റ് - 3
1. ഒരു ഗന്ധർവൻ പാടുന്നു - എം. ലീലാവതി
2. തകഴി അറിയാൻ ഒരു പിതൃത്വപ്രശ്നം - വി. രാജകൃഷ്ണൻ

യൂണിറ്റ് - 4
1. കോമാളിയുഗത്തിലെ പുരുഷഗോപുരങ്ങൾ - കെ. പി. അപ്പൻ
2. കലയും പ്രത്യയശാസ്ത്രവും (ദുരവസ്ഥാവിചാരഭാഗം) - ബി. രാജീവൻ

# Unit 1

# വിമർശനത്തിലെ നവീനപ്രവണതകൾ

## Learning Outcomes

- വിമർശനത്തിലെ നവീനപ്രവണതകൾ തിരിച്ചറിയുന്നു
- നവീനസാഹിത്യത്തിന്റെ സവിശേഷതകൾ മനസിലാക്കുന്നു
- മനഃശാസ്ത്ര നിരൂപണപദ്ധതിയെക്കുറിച്ച് ധാരണ നേടുന്നു
- അക്കാദമീയ വിമർശനത്തിന്റെ സവിശേഷതകൾ തിരിച്ചറിയുന്നു
- ആദിപ്രരൂപ നിരൂപണ പദ്ധതിയെ പരിചയപ്പെടുന്നു

## Background

നവോത്ഥാനകാല വിമർശകർക്ക് ശേഷം വന്നവർ തനതായ നിരൂപണ പദ്ധതികൾ അവലംബിക്കുന്നതാണ് കാണാൻ സാധിക്കുന്നത്. ഓരോരുത്തരും വീക്ഷണപരമായി വ്യത്യസ്തത പുലർത്തുന്നവരായിരുന്നു. വ്യക്തിഗതമായ അഭിരുചികൾക്ക് അവർ പ്രാധാന്യം കൊടുത്തു. സാമൂഹികവും രാഷ്ട്രീയവുമായ വിവിധ ധാരകളോടും പരിവർത്തനങ്ങളോടും സംവദിക്കുകയും സമകാല ലോകസാഹിത്യത്തിന്റെ സ്പന്ദനങ്ങളെ അടുത്തറിയാൻ ശ്രമിക്കുകയും ചെയ്തു. കേസരി ബാലകൃഷ്ണപിള്ള തുടക്കം കുറിച്ച അന്തർവൈജ്ഞാനിക സ്വഭാവം പില്ക്കാല നിരൂപണ ഘട്ടത്തിൽ പ്രബലമായി. മാർക്സിസം, അസ്തിത്വവാദം, മനഃശാസ്ത്രം തുടങ്ങിയവ സാഹിത്യ വിമർശനത്തിന്റെ ഘടകമായി. രൂപപരം, പ്രസ്ഥാനപരം, ആദിരൂപപരം, ചരിത്രപരം, അന്തർവിജ്ഞാനപരം തുടങ്ങിയ വിമർശനധാരകൾ മലയാള വിമർശന സാഹിത്യത്തിൽ സ്ഥാനം പിടിച്ചു.

അക്കാദമികവിമർശകരുടെ ഒരു നീണ്ട നിര, ആയിരത്തിത്തൊള്ളായിരത്തി മുപ്പതുകൾക്കു ശേഷം പതിറ്റാണ്ടുകൾ മലയാളസാഹിത്യവിമർശന രംഗത്ത് നിറഞ്ഞുനിന്നു. വ്യവസ്ഥാപിത സാഹിത്യസിദ്ധാന്തങ്ങളുടെ അടിസ്ഥാനത്തിൽ സാഹിത്യവിജ്ഞാനപരതയ്ക്ക് ഊന്നൽ കൊടുത്തുകൊണ്ടുള്ള വിമർശനമാണ് അവർ നടത്തിയത്. ആസ്വാദനത്തിന്റെയും പരിചയപ്പെടുത്തലിന്റെയും സ്വഭാവമാണ് അവയ്ക്കുണ്ടായിരുന്നത്. എന്നാൽ സാമ്പ്രദായിക ഭാവുകത്വത്തിന് ആഘാതമേല്പിക്കുന്ന തരത്തിലുള്ള വിമർശനസമീപനങ്ങൾ തുടർന്ന് പ്രകടമായി. നവീനവിമർശനം, മനഃശാസ്ത്രവിമർശനം, മാർക്സിയൻ വിമർശനം എന്നിവ സാഹിത്യത്തെ നൂതനാഭിരുചിയോടെ സമീപിക്കുന്നവയായിരുന്നു.

അക്കാദമീയ വിമർശനത്തിന്റെ ശക്തി ദൗർബല്യങ്ങൾ പ്രകടമാക്കിയ കെ. എം. ഡാനിയലിന്റെ 'നവചക്രവാളം നളിനിയിലും മറ്റും' എന്ന കൃതിയെ നിശിതമായി വിമർശിച്ചുകൊണ്ട് രംഗപ്രവേശം ചെയ്ത കെ. പി. അപ്പൻ പ്രധാനമായും വിമർശിച്ചത് കഥാസാഹിത്യത്തെയായിരുന്നു. മലയാളസാഹിത്യനിരൂപണത്തിൽ ആഴത്തിൽ പരിവർത്തനം നടത്താൻ അദ്ദേഹത്തിനായി. എഴുത്തുകാരന്റെ സാമൂഹികമായി പ്രതിജ്ഞാബദ്ധതയെ ഒരു സിദ്ധാന്തമെന്ന നിലയ്ക്കുതന്നെ തിരസ്കരിക്കുന്ന അപ്പൻ, സാഹിത്യകൃതിയുടെ അനുഭൂതിക്കും ലാവണ്യത്തിനുമാണ് പരമാവധി മൂല്യം കല്പിക്കുന്നത്. പൊതുവെ സങ്കീർണവും, സംവേദനവിഘ്നമുളവാക്കുന്നതുമായ

നവീനസാഹിത്യത്തിന്റെ വക്താവും വ്യാഖ്യാതാവുമായി മാറി കെ. പി. അപ്പൻ. അപ്പനെപ്പോലെ ശ്രദ്ധിക്കപ്പെട്ട മറ്റൊരു വിമർശകനാണ് വി. രാജകൃഷ്ണൻ. സാഹിത്യത്തിലെ നവീന പ്രവണതകളെ അംഗീകരിക്കുകയും അവയ്ക്ക് നിയോമാർക്സിയൻ സൈദ്ധാന്തിക അടിത്തറ നൽകാൻ ശ്രമിക്കുകയും ചെയ്ത വിമർശകനാണ് നരേന്ദ്രപ്രസാദ്. അനുഭവനിഷ്ഠമായ നിരൂപണങ്ങളാണ് ആഷാമേനോന്റേത്. നവീന സാഹിത്യമായിരുന്നു അദ്ദേഹത്തിന്റെയും പ്രധാന വിമർശനവിഷയം. ഇവരെ കൂടാതെ ബാലചന്ദ്രൻ വടക്കേടത്ത്, എം. കെ. ഹരികുമാർ, സച്ചിദാനന്ദൻ, അയ്യപ്പപ്പണിക്കർ തുടങ്ങിയവരെയും നവീന വിമർശകരായി പരിഗണിക്കാം.

## Keywords

നവീനവിമർശനം - മനഃശാസ്ത്ര നിരൂപണം - ഫ്രോയ്ഡിന്റെ മാനസികാപഗ്രഥനം - യുങിയൻ മനഃശാസ്ത്രചിന്തകൾ - അക്കാദമീയ വിമർശനം.

## Discussion

### 3.1.1 മനഃശാസ്ത്ര നിരൂപണം

ഇരുപതാം നൂറ്റാണ്ടിൽ ലോകത്തെ ഏറ്റവുമധികം സ്വാധീനിച്ച ചിന്താപദ്ധതികളിൽ പ്രമുഖസ്ഥാനമാണ് മനഃശാസ്ത്രത്തിനുള്ളത്. ശാസ്ത്രചിന്തയെന്നോ ആരോഗ്യപദ്ധതിയെന്നോ വിശേഷിപ്പിക്കാവുന്ന മനഃശാസ്ത്രം അതിന്റെ ഏറ്റവും വലിയ സാധ്യതകൾ വികസിപ്പിച്ചെടുത്തത് സംസ്കാരവിശകലന മേഖലയിലാണ്. അതിന്റെ ഭാഗമെന്ന നിലയിൽ സാഹിത്യവിശകലനത്തിൽ, വിശേഷിച്ചും സാഹിത്യനിരൂപണത്തിൽ മനഃശാസ്ത്രം വിപുലമായ സ്വാധീനം ചെലുത്തുകയുണ്ടായി. അങ്ങനെ സാഹിത്യപഠനരംഗത്ത് മനഃശാസ്ത്ര നിരൂപണം എന്നൊരു സവിശേഷവിഭാഗം തന്നെ വ്യവസ്ഥാപിതമായി. സാഹിത്യകൃതികളുടെ അന്തർമണ്ഡലങ്ങളിൽ സംഭവിക്കുന്ന സൂക്ഷ്മവ്യവഹാരങ്ങൾ തിരിച്ചറിയാനും അങ്ങനെ കൃതിയുടെയും എഴുത്തുകാരന്റെയും സൂക്ഷ്മയാഥാർഥ്യങ്ങൾ എടുത്തുകാണിക്കാനുമാണ് മനഃശാസ്ത്ര നിരൂപണം ശ്രമിച്ചത്. കഥയും കവിതയും പോലെ നിരൂപണവും ഒരു സാഹിത്യവിഭാഗമാണെന്ന് ഉറപ്പിക്കാനും മനഃശാസ്ത്ര നിരൂപണത്തിനു സാധിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ വായനക്കാരന്റെ ചിന്തയെയും വായനാതാൽപര്യങ്ങളെയും ഇതര നിരൂപണ പദ്ധതികളെ അപേക്ഷിച്ച് കൂടുതൽ സജീവമാക്കാനും മനഃശാസ്ത്ര നിരൂപണത്തിനു കഴിഞ്ഞു.

- മനുഷ്യമനസിന്റെ ആന്തരവിസ്മയങ്ങൾ

ഒരു ശാസ്ത്രസമീപനം എന്ന നിലയിൽ, സിഗ്മണ്ട് ഫ്രോയ്ഡ്, കാൾ ഗുസ്താവ് യുങ്, ആഡ്‌ലർ, പാവ് ലോവ് എന്നിങ്ങനെ പലരും മനഃശാസ്ത്രമേഖലയെ വികസിപ്പിക്കുന്നതിൽ പങ്കു വഹിച്ചിട്ടുണ്ടെങ്കിലും, സാഹിത്യവിശകലനപദ്ധതി എന്ന നിലയിൽ വ്യാപകമായി ഉപയോഗിക്കപ്പെട്ടത് ഫ്രോയ്ഡിന്റെയും യുങിന്റെയും മനഃശാസ്ത്ര ചിന്തകളാണ്. ഇതിൽത്തന്നെ മനുഷ്യന്റെ വൈകാരികജീവിതവുമായി നേരിട്ട് ബന്ധം സ്ഥാപിക്കുന്ന ഫ്രോയ്ഡിയൻ ചിന്തകൾക്കാണ് സാഹിത്യനിരൂപണത്തിൽ കൂടുതൽ സ്വീകാര്യത കിട്ടിയത്.

- ഫ്രോയ്ഡിന്റെയും യുങ്ങിന്റെയും ചിന്തകൾ



SGOU

മനുഷ്യക്രിയകളെ നിർണയിക്കുന്നതും നിയന്ത്രിക്കുന്നതും ബോധമനസല്ലെന്നും, മനുഷ്യൻ അബോധമനസിന്റെ ഒരു കളിപ്പാവമാത്രമാണെന്നും കണ്ടെത്തിയ ഫ്രോയ്ഡ് 'സ്വപ്നങ്ങളുടെ വ്യാഖ്യാനം' (The Interpretation of Dreams, 1899) 'രതിസിദ്ധാന്തത്തെക്കുറിച്ച് മൂന്ന് പ്രബന്ധങ്ങൾ' (Three Contribution to the Theory of Sex, 1905) എന്നീ പഠനങ്ങളിൽ മനുഷ്യമനസിന്റെ ആന്തരവിസ്മയങ്ങൾ അപഗ്രഥനവിധേയമാക്കി. മനസിന് ബോധം, അബോധം, ഉപബോധം എന്നീ മൂന്നു തലങ്ങളുണ്ടെന്നു കണ്ടെത്താൻ അദ്ദേഹത്തിനു കഴിഞ്ഞു. കൂടാതെ, മനുഷ്യഭാഗധേയം നിർണയിക്കുന്ന ഇദ്ദ്, ഈഗോ, സൂപ്പർ ഈഗോ (id, ego, super ego) എന്നീ മൂന്ന് മനോമണ്ഡലങ്ങളും അദ്ദേഹം തിരിച്ചറിഞ്ഞു. എല്ലാ മാനസികോർജങ്ങളുടെയും (ലിബിഡോ) ഉറവിടമായ ഇദ്ദ് മനുഷ്യന്റെ പ്രാകൃതവാസനകളുടെയെല്ലാം സഞ്ചയികയാണ്. മനുഷ്യന്റെ പ്രാഥമികതൃഷ്ണകളെല്ലാം അവിടെനിന്നാരംഭിക്കുന്നു. ഇദ്ദിന്റെ അപകടകരമായ ഈ തൃഷ്ണകളെ നിയന്ത്രിക്കുന്ന മനോമണ്ഡലമാണ് ഈഗോ. ജന്മവാസനകൾക്ക് സാമൂഹികനിയന്ത്രണം കൽപ്പിക്കുന്ന, മനസ്സിന്റെ ധാർമികതലമാണ് സൂപ്പർ ഈഗോ, സമൂഹം അംഗീകരിക്കാത്ത ഇദ്ദിന്റെ താൽപ്പര്യങ്ങളെ അത് അടിച്ചമർത്തുന്നു. ഇദ്ദ് ആനന്ദതത്വത്താലും (Pleasure Principle) ഈഗോ യാഥാർഥ്യതത്വത്താലും (Reality Principle) സൂപ്പർ ഈഗോ ധാർമികതത്വത്താലും (Morality Principle) നിയന്ത്രിക്കപ്പെടുന്നു. ഈ മനോതലങ്ങളുടെ പ്രവർത്തനങ്ങളെ കേന്ദ്രീകരിച്ച് മൂന്ന് സാമാന്യതത്വങ്ങൾ ഫ്രോയ്ഡ് നിർധാരണം ചെയ്തു. 1. വ്യക്തിയുടെ മാനസികക്രിയകൾ ബോധാത്മകമെന്നതിനേക്കാൾ അബോധാത്മകമാണ്. 2. എല്ലാ മാനുഷിക ക്രിയകളുടേയും അടിസ്ഥാനപ്രേരണ ലൈംഗികത (Sexuality) ആകുന്നു. 3. സാമൂഹിക നിയമങ്ങൾ വ്യക്തിയുടെ ലൈംഗികതൃഷ്ണകളെയും സ്മരണകളെയും അടിച്ചമർത്താൻ നിർബന്ധിക്കുന്നു.

- മനുഷ്യ മനസിന് ബോധം, അബോധം, ഉപബോധം എന്നീ തലങ്ങൾ

ഈ മാനസികാപഗ്രഥനത്തിന്റെ സൃഷ്ടിയാണ് ഫ്രോയ്ഡിന്റെ കലാസിദ്ധാന്തം. സാമൂഹികജീവിതത്തിൽ സാക്ഷാൽക്കരിക്കാനാവാതെ, അബോധമനസിലേക്ക് അടിച്ചമർത്തുന്ന വാസനകളും തൃഷ്ണകളും രൂപാന്തരം പ്രാപിച്ചു തിരിച്ചുവരുന്നതാണ് സ്വപ്നവും കലയും. കലാകാരൻ തന്റെ പ്രാകൃതവാസനകളെ ഉദാത്തീകരിച്ച് അവയെ പുതിയ വേഷമണിയിക്കുന്നു. ജീവിതത്തിന്റെ തിക്തതകളിൽ നിന്നുള്ള താൽക്കാലിക വിമുക്തിയാണ് കലയിലൂടെ കലാകാരൻ സാധ്യമാക്കുന്നത്. അങ്ങനെ ന്യൂറോസിസിൽ നിന്നുടലെടുക്കുന്ന കല ന്യൂറോസിസ് കൂടാതെ ജീവിക്കാൻ മനുഷ്യനെ സഹായിക്കുന്നു. പിതാവിനെ വധിക്കാനും മാതാവിനെ പരിഗ്രഹിക്കാനും ഉള്ള വ്യക്തിയുടെ (പുരുഷന്റെ) അബോധപൂർവമായ അഭിവാഞ്ഛയെയാണ് ഈഡിപ്പസ് കോംപ്ലക്സ് എന്നതിലൂടെ ഫ്രോയിഡ് അവതരിപ്പിച്ചത്. മനുഷ്യന്റെ ഏറ്റവും വലിയ ജീവോർജം രതിയാണെന്നും അതിന്റെ രൂപാന്തരങ്ങളാണ് വ്യത്യസ്തമായ സർഗാത്മക പ്രവർത്തനങ്ങളെന്നും ഫ്രോയ്ഡ് സിദ്ധാന്തിച്ചു. കല ഒരു രോഗവും കലാകാരൻ ന്യൂറോട്ടിക്കുമാണെന്നായിരുന്നു ഫ്രോയ്ഡിന്റെ കണ്ടെത്തൽ. ഈ സിദ്ധാന്തങ്ങളെ പിൻപറ്റിയാണ് ഫ്രോയിഡിയൻ മനഃശാസ്ത്രനിരൂപണം സഞ്ചരിക്കുന്നത്.

- ജീവിതതിക്തതകളിൽ നിന്നുള്ള താൽക്കാലിക വിമുക്തിയാണ് കല

ഫ്രോയിഡിന്റെ നിഗമനങ്ങളിൽനിന്നും തികച്ചും വിഭിന്നമായ മന

SGOU

ഃശാസ്ത്രസമീപനമായിരുന്നു യുങ്ങിന്റേത്. മനുഷ്യമനസിൽ പ്രാക്തനജീവിത മുദ്രകളുടേതായ ഒരു അബോധതലമുണ്ട്. സമൂഹാബോധം എന്നു പേരിട്ട ഈ മനോമണ്ഡലം വഴി ഓരോ മനുഷ്യനും തന്റെ പൂർവകാലാനുഭവങ്ങളുമായും സമൂഹത്തിന്റെ പൊതുവായ സാംസ്കാരിക ജീവിതവുമായും നിരന്തരം സംവേദനം ചെയ്തു കൊണ്ടിരിക്കുന്നുവെന്ന് യുങ് സിദ്ധാന്തിക്കുന്നു. മനുഷ്യന്റെ സാംസ്കാരിക ജീവിതത്തിലും മതബോധത്തിലും സർഗവ്യവഹാരങ്ങളിലുമെല്ലാം ഈ സമൂഹാബോധമനസും അതിന്റെ ഉള്ളടക്കമായ ആദിപ്രരൂപങ്ങളും എപ്രകാരം പ്രവർത്തനക്ഷമമാവുന്നു എന്ന അന്വേഷണമാണ് യുങിയൻ മനഃശാസ്ത്ര നിരൂപണം. ഫ്രോയ്ഡ് മുഖ്യമായും വ്യക്തിമനസിനെ വിശകലനം ചെയ്യുമ്പോൾ യുങ് സമൂഹമനസിന്റെ ഉള്ളടക്കങ്ങളെയാണ് പരിശോധനാവിഷയമാക്കുന്നത്. അതുകൊണ്ടുതന്നെ തികച്ചും വിഭിന്നമായ വിശകലനമാർഗങ്ങളായാണ് ഫ്രോയ്ഡിയൻ പദ്ധതികൾ പ്രവർത്തിച്ചു പോരുന്നത്.

- സമൂഹാബോധ മനസും ആദി പ്രരൂപങ്ങളും

ഫ്രോയ്ഡിയൻ മനഃശാസ്ത്രം കവിയെ അയാൾ നിൽക്കുന്ന ആദർശപരിവേഷങ്ങളിൽ നിന്നു പുറത്തെടുത്ത് പച്ച മനുഷ്യനാക്കി മാറ്റുമ്പോൾ യുങിയൻ സമീപനം കവിയുടെ ആദർശപരിവേഷത്തെ സാധൂകരിക്കുന്ന യുക്തികളാണ് ഉയർത്തിക്കാണിക്കുന്നത്. കവി ന്യൂറോട്ടിക്കാണെന്ന മുൻവിധിയോടെ കൃതിയിൽ ഗുപ്തമായിരിക്കുന്ന രോഗലക്ഷണങ്ങളും രോഗകാരണങ്ങളും തിരഞ്ഞു പിടിക്കുകയാണ് ഫ്രോയിഡിയൻ മനഃശാസ്ത്രനിരൂപണം ചെയ്യുന്നതെന്ന് ആക്ഷേപിക്കപ്പെടാറുണ്ട്. അതുകൊണ്ടുതന്നെ എഴുത്തുകാരന് സ്വീകാര്യമല്ലാത്ത, എഴുത്തുകാരനെ പ്രകോപിപ്പിക്കുന്ന ഒരു നിരൂപണരീതിയായി ഫ്രോയ്ഡിയൻ മനഃശാസ്ത്രനിരൂപണം മാറുന്നു. കവിയ്ക്ക് നേരെ നിരൂപകൻ നീട്ടുന്ന കുറ്റപത്രം പോലെയോ മെഡിക്കൽ റിപ്പോർട്ടു പോലെയോ ആണ് പലപ്പോഴും ഈ നിരൂപണരീതി പരിഗണിക്കപ്പെട്ടത്. കവിയുടെ പ്രതിയോഗിയായി നിരൂപകൻ മാറുന്ന അവസ്ഥയാണിത്. ഇത്തരത്തിൽ ഒരു പ്രതിയോഗിയാവാൻ ധൈര്യമുള്ളവർക്കേ മനഃശാസ്ത്ര നിരൂപണത്തിന്റെ മേഖലയിൽ നിലയുറപ്പിക്കാൻ കഴിയൂ എന്ന സാഹചര്യം അങ്ങനെ വന്നുചേരുന്നു.

- കവിയുടെ പ്രതിയോഗിയായി നിരൂപകൻ മാറുന്നു

ഫ്രോയ്ഡിന്റെ മനശ്ശാസ്ത്രസിദ്ധാന്തങ്ങൾ ജെയിംസ് ജോയിസ്, ഡി. എച്ച്. ലോറൻസ്, തോമസ്മൻ, ഫ്രാൻസ് കാഫ്ക, കാതറിൻ മാൻസ്ഫീൽഡ്, ഡെലൻ തോമസ്, ഗ്രഹാം ഡീൻ, മാർസർ പ്രസ്റ്റ് തുടങ്ങി ഒട്ടേറെ സാഹിത്യകാരന്മാരെ തീവ്രമായി സ്വാധീനിക്കുകയും മാനസികാപഗ്രഥനം സാഹിത്യവിചാരത്തിന്റെ അനിവാര്യതയായി വളരുകയും ചെയ്തു. സാഹിത്യത്തെക്കുറിച്ചുണ്ടായ ഈ നൂതനാവബോധമാണ് ഐ. എ. റിച്ചാർഡ്സ് 'പ്രിൻസിപ്പിൾസ് ഓഫ് ലിറ്റററി ക്രിട്ടിസിസ'ത്തിൽ അവതരിപ്പിച്ചത്. മനസിൽ പ്രതിനിമിഷം ഉറവെടുക്കുന്ന വിരുദ്ധചോദനകളുടെ സമീകരണത്തിൽ നിന്നാണ് കലയുടെ പിറവി എന്നു വ്യക്തമാക്കിയ റിച്ചാർഡ്സ് കാവ്യാനുഭൂതിയുടെ ജൈവികോദ്ദേശ്യം ശാസ്ത്രീയമായി നിർവചിക്കുകയായിരുന്നു. മലയാളത്തിൽ മനഃശാസ്ത്ര നിരൂപണരീതികളുടെ വക്താക്കളാണ് എം. എൻ. വിജയനും എം. ലീലാവതിയും. ഇരുവരുടെയും നിരൂപണജീവിതത്തിലുടനീളം മനഃശാസ്ത്രചിന്തകളുടെ പരോക്ഷമായ ഇടപെടൽ

> ▶ മാനസികാപഗ്രഥനം സാഹിത്യവിചാരത്തിന്റെ അനിവാര്യഘടകമായി

ഉണ്ടായിരുന്നു. പിൽക്കാലത്ത് മാർക്സിയൻ വിശകലനരീതികളിലേക്കു വഴിമാറിനടന്നപ്പോൾ പോലും എം. എൻ. വിജയന്റെ നിരൂപണ നിരീക്ഷണങ്ങളുടെയെല്ലാം പിന്നിൽ ഫ്രോയ്ഡ് പ്രവർത്തനക്ഷമമായിത്തന്നെ നിലനിന്നു പോന്നിരുന്നു. മലയാളത്തിലെ ഏതു കവിയെ പഠിക്കാനെടുക്കുമ്പോഴും ലീലാവതിയെ വിദൂരമായെങ്കിലും യുങ് സ്വാധീനിച്ചു പോരുന്നുണ്ട്.

> ▶ എം. എൻ. വിജയനും എം. ലീലാവതിയും

എം. എൻ. വിജയന്റെ 'സഹ്യന്റെ മകൻ' എന്ന നിരൂപണം വൈലോപ്പിള്ളിയിൽ പ്രവർത്തിക്കുന്ന ഏനൽ ഈറോട്ടിക് സ്വഭാവഘടനയെ യുക്തിയുക്തമായി വിശദീകരിക്കുന്ന ഒരു പഠനമാണ്. കവിത്വത്തിന്റെ ഉദാത്ത പരിവേഷങ്ങളെ മുഴുവൻ കീറിയെറിയുന്ന ഈ കണ്ടെത്തലുകൾ കവിയെ പ്രകോപിപ്പിക്കുകയോ അസ്വസ്ഥനാക്കുകയോ ചെയ്യുക സ്വാഭാവികമാണ്. തന്റെ ഇത്തരം വിമർശനങ്ങളെ എം. എൻ. വിജയൻ തന്നെ വിശേഷിപ്പിക്കുന്നത് 'കവികളുടെ ചെമ്പ് പുറത്താകുന്ന വിദ്യ' എന്നാണ്.

### എം. ലീലാവതി

കവിയുടെ ചെമ്പ് പുറത്താക്കുന്ന ഈ നിരൂപണവിദ്യയോട് ലീലാവതിക്ക് താൽപ്പര്യമുണ്ടായിരുന്നില്ല. കവിത്വത്തെ ചൂഴ്ന്നുനിൽക്കുന്ന ആദർശാത്മകപരിവേഷത്തെ നിഷേധിക്കാതെ തന്നെ എങ്ങനെ മനഃശാസ്ത്രനിരൂപണത്തിന് ഒരു വഴിയൊരുക്കാം എന്നാണ് ലീലാവതി അന്വേഷിച്ചത്. നിരൂപണത്തിലും ചില സ്വജനമര്യാദകൾ പാലിക്കേണ്ടതുണ്ട് എന്നു വിശ്വസിച്ചു പോന്ന എഴുത്തുകാരിയാണ് ലീലാവതി. അതുകൊണ്ട് നിരൂപണം കഴിയുന്നതും എഴുത്തുകാരോട് അനുഭാവം പുലർത്തുന്നതാവണമെന്നും അവർ കരുതി. ഈ അനുഭാവം ചിലപ്പോഴൊക്കെ ആരാധനയായും വികസിക്കുന്നുണ്ട്. അതുകൊണ്ടു തന്നെ കവിയെ വിലയിരുത്താൻ ഫ്രോയ്ഡിന്റെ വഴിയല്ല, യുങിന്റെ വഴിയാണ് ലീലാവതിക്ക് സ്വീകാര്യമായത്. അങ്ങനെ എം. എൻ. വിജയന്റെ മനഃശാസ്ത്രനിരൂപണത്തിന്റെ ഒരു അപരമാർഗമായാണ് ലീലാവതിയുടെ നിരൂപണം മലയാളത്തിൽ സ്ഥാനം നേടിയത്. മനുഷ്യന്റെയും സമൂഹത്തിന്റെയും ആത്മീയാനുഭവങ്ങളെ വിശദീകരിക്കാനുള്ള ഉപാധിയെന്ന നിലയിലാണ് എം. എൻ. വിജയൻ, ലീലാവതി തുടങ്ങിയവർ മനഃശാസ്ത്രത്തോട് ശക്തമായ ആഭിമുഖ്യം പുലർത്തുന്നത്.

> ▶ യുങിന്റെ വഴിയാണ് ലീലാവതിക്ക് സ്വീകാര്യമായത്

## 3.1.1.1 അക്കാദമീയവിമർശനം

അധ്യാപകരായ വിമർശകർ എന്ന നിലയ്ക്ക് സ്വാഭിരുചിയെക്കാൾ സ്ഥാപിതമായ കാവ്യസിദ്ധാന്തങ്ങളെ ആശ്രയിച്ചവരാണ് അക്കാദമീയ നിരൂപകർ. വിദ്യാർഥികളെ അബോധപൂർവം മുന്നിൽക്കണ്ടിരുന്ന അവർ സാഹിതീയവിജ്ഞാനത്തിന് വിമർശനത്തിൽ മുൻതൂക്കം നല്കി. സാഹിത്യത്തിലെ വിവാദങ്ങളിൽ കാര്യമായ താത്പര്യം പുലർത്താത്ത ഇവർ സന്തുലിതമായ സമീപനം സ്വീകരിക്കാൻ ശ്രമിക്കുകയും ചെയ്തു. സി. എസ്. നായർ, കുറ്റിപ്പുഴ കൃഷ്ണപിള്ള, എം. എസ്. ദേവദാസ്, പി. കെ. നാരായണപിള്ള, വക്കം അബ്ദുൽ ഖാദർ, കെ. എം. ജോർജ്, എസ്. ഗുപ്തൻ നായർ, എൻ. കൃഷ്ണപിള്ള, എസ്. കെ. നായർ, കെ. സുരേന്ദ്രൻ, പി. കെ. ബാലകൃഷ്ണൻ, സി. ജെ. തോമസ്,

> ▶ അധ്യാപകരായ വിമർശകർ

സുകുമാർ അഴീക്കോട്, എൻ. വി. കൃഷ്ണവാരിയർ, എം. അച്യുതൻ, എം. കെ. സാനു തുടങ്ങിയ നിരൂപകരെയെല്ലാം ഡോ. കെ. എം. ജോർജിന്റെ 'ആധുനിക മലയാളസാഹിത്യ ചരിത്രം പ്രസ്ഥാനങ്ങളിലൂടെ' എന്ന പുസ്തകത്തിൽ അക്കാദമിക വിമർശകർ ആയിട്ടാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

എൻ. കൃഷ്ണപിള്ളയും കെ. എം. ഡാനിയലും പി. കെ. ബാലകൃഷ്ണനും എം. കെ. സാനുവും മലയാള സാഹിത്യത്തിലെ അക്കാദമിക് വിമർശകരിൽ പ്രമുഖരാണ്. പ്രഖ്യാതമായ ഏതെങ്കിലും ഒരു നിരൂപണപദ്ധതിയെ പ്രമാണമാക്കിയവരല്ല ഇവർ. ഇവരാരും നിഷ്കൃഷ്ടമായ ഒരു വിമർശനപദ്ധതിയുടെയും പ്രോദ്ഘാടകരുമല്ല. എന്നാൽ പാഠ്യാധിഷ്ഠിതമായ വിമർശനത്തിനു മുൻതൂക്കം നല്കിയവരാണു താനും. പാശ്ചാത്യ പൗരസ്ത്യ സാഹിത്യവിമർശനപദ്ധതികളും സിദ്ധാന്തങ്ങളും ഉൾക്കൊണ്ട് തങ്ങളുടേതായ പാതകൾ തെളിച്ചവരാണിവർ. സിദ്ധാന്തങ്ങളുടെ സ്വീകാര്യത്തിൽ ഏറ്റക്കുറച്ചിൽ ഉണ്ടെങ്കിലും എല്ലാവരും വിശ്വസാഹിത്യപരിചയത്തിന്റെ പശ്ചാത്തലത്തിൽ സ്വാനുഭൂതിനിഷ്ഠമായ വിമർശനമാതൃകകൾ സൃഷ്ടിച്ചവരാണ്.

> ▶ പാഠ്യാധിഷ്ഠിതമായ വിമർശനത്തിന് മുൻതൂക്കം നൽകി

## എൻ. കൃഷ്ണപിള്ള

ഒരു സാഹിത്യവിമർശനപദ്ധതിയുടെയും വക്താവോ പ്രയോക്താവാ ആകാതെ, ഒരു സാഹിത്യതത്വശാസ്ത്രത്തിലും പ്രകടമായ അഭിനിവേശം പുലർത്താതെ, നാനാ സാഹിത്യസിദ്ധാന്തങ്ങളെയും സ്വാംശീകരിച്ചുകൊണ്ട്, ആവുന്ന വിമർശനസമീപനങ്ങളെ ഉപാധികളായി സ്വീകരിച്ചുകൊണ്ട്, മൗലികവും പ്രായോഗികവും ഗൗരവപൂർണവുമായ ഒരു സാഹിത്യവിമർശന രീതി ആവിഷ്കരിച്ച സർഗാത്മക സാഹിത്യകാരനാണ് എൻ. കൃഷ്ണപിള്ള. വഴിതെളിച്ചു സഞ്ചരിക്കുവാനല്ലാതെ തെളിഞ്ഞ വഴിയേ സഞ്ചരിക്കുവാൻ അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല. അക്കാദമിക് വിമർശകൻ എന്നോ സൈദ്ധാന്തിക നിരൂപകൻ എന്നോ കാവ്യവിമർശകൻ എന്നോ ഉള്ള ലേബലിൽ ഒതുങ്ങുന്നതായിരുന്നില്ല അദ്ദേഹത്തിന്റെ വിമർശകവ്യക്തിത്വം. അതിവിപുലമായ ഗ്രന്ഥപരിചയത്തിന്റെയും ദീർഘകാലത്തെ അധ്യാപന പരിശീലനത്തിന്റെയും വിശ്വസാഹിത്യസിദ്ധാന്തങ്ങളുടെ സ്വാംശീകരണത്തിന്റെയും ചരിത്രബോധത്തിന്റെയും സഹൃദയത്വത്തിന്റെയും ഉറവകൾ ഒന്നുചേർന്നുണ്ടായതാണ് ആ സാഹിത്യവിമർശന സരണി.

> ▶ മൗലികവും ഗൗരവപൂർണവുമായ സാഹിത്യവിമർശനം

## കെ. എം. ഡാനിയൽ

കാച്ചിക്കുറുക്കിയെടുത്ത സിദ്ധാന്തങ്ങളുടെ ഔഷധവീര്യമുൾക്കൊണ്ടു സാഹിത്യത്തെ വീക്ഷിക്കുകയും വിലയിരുത്തുകയും ചെയ്ത വിമർശകനാണ് കെ. എം. ഡാനിയൽ. ഒരു പട്ടാളക്കാരന്റെ ഉന്നവും ചിട്ടയുമാണ് അദ്ദേഹത്തിന്റെ വിമർശനത്തിന്. വാത്സല്യപ്രചോദിതനായ ഒരു അധ്യാപകന്റെ പക്വതയുള്ള വിശകലനവും അതിന്റെ സവിശേഷതയാണ്. കുറച്ചു പറഞ്ഞ് കൂടുതൽ ധ്വനിപ്പിക്കുക എന്നതാണ് അദ്ദേഹത്തിന്റെ രീതി. ഭാരതീയ കാവ്യമീമാംസയെയും പാശ്ചാത്യസാഹിത്യവിമർശനത്തെയും സമന്വയിപ്പിച്ചു കർക്കശമെങ്കിലും ഋജുവും സുഗമവുമായ ഒരു വിമർശനവീഥി അദ്ദേഹം തെളിച്ചു. പദങ്ങളെയും വാക്യങ്ങളെയും അടയിരുന്നു വിരിക്കുന്നത്ര സൂക്ഷ്മതയോടെയാണ്

> ▶ കുറച്ചുപറഞ്ഞു കൂടുതൽ ധ്വനിപ്പിക്കുക

അദ്ദേഹം പ്രയോഗിക്കുന്നത്.

### 3.1.1.2 നവീനവിമർശനം

> ▶ 1960 കളുടെ തുടക്കത്തിൽ ഭാവുകത്വ പരിണാമം പ്രകടമായി

മലയാള ഗദ്യസാഹിത്യത്തിൽ 1960 കളുടെ തുടക്കത്തിൽ ശ്രദ്ധേയമായ ഭാവുകത്വപരിണാമം പ്രകടമായി. വ്യർത്ഥതാബോധത്തിൽ നിന്നും ഒറ്റപ്പെടലിൽ നിന്നും ഉണ്ടാകുന്ന ഒരുതരം ദാർശനികവ്യഥ ഒരു സാമൂഹികാനുഭവമായി സാഹിത്യവ്യവഹാരത്തിൽ പ്രവേശിച്ചു. കൃതികൾ കാല്പനിക വിരുദ്ധവും സങ്കേതബദ്ധവും ആയി, ശൂന്യതാബോധത്തെ ശക്തമായി അനുഭവിപ്പിച്ച ആ കൃതികളിൽ മൂല്യങ്ങളോടുള്ള വിശ്വാസമില്ലായ്മ പ്രകടമായിരുന്നു. കാഫ്ക, കാമു, സാർത്ര്, ഷെനേ തുടങ്ങിയ എഴുത്തുകാരുടെ സാഹിത്യ ദർശനങ്ങൾ പുതിയ എഴുത്തുകാരെ സ്വാധീനിച്ചു. മനുഷ്യന്റെ സ്നേഹശൂന്യതയും നിരാർദ്രതയും കൃതികളിൽ ആവിഷ്ക്കരിക്കപ്പെട്ടു. നവീനമായ ഈ സാഹിത്യാന്തരീക്ഷം നവീനവിമർശനത്തിന് പശ്ചാത്തലം ഒരുക്കി.

> ▶ ക്ഷോഭിക്കുന്നവരുടെയും കലാപകാരികളുടെയും തലമുറ

അസ്തിത്വദർശനത്തെയും ലാവണ്യവാദത്തെയും കൂട്ടിക്കലർത്തുക, കൃതികളെ ഭാഷാശില്പങ്ങളായി കാണാൻ ശ്രമിക്കുക, ബിംബങ്ങളും രൂപങ്ങളും പഠിച്ച് എഴുത്തുകാരന്റെ ദർശനം കണ്ടെത്തുക, പുതിയ അഭിരുചിയെ സ്വാംശീകരിക്കാൻ പ്രാപ്തമായ നിരൂപണ ഭാഷ കണ്ടെത്തുക, അതിലൂടെ സാമ്പ്രദായിക മലയാള സാഹിത്യവിമർശന സമ്പ്രദായങ്ങളെ നിഷേധിക്കുക തുടങ്ങിയവയാണ് നവീന വിമർശനം പ്രകടമാക്കിയ സവിശേഷതകൾ. ക്ഷോഭിക്കുന്നവരുടെയും കലാപകാരികളുടെയും തലമുറ എന്നാണ് നവീനവിമർശകർ വിശേഷിപ്പിക്കപ്പെട്ടത്. പൂർവകാല വിമർശന സമീപനത്തിലും വിമർശന ഭാഷയിലും അസന്തുഷ്ടരായിരുന്നു ഇവർ. പരമ്പരാഗതമായ വിമർശന വിശ്വാസങ്ങളെ ഇവർ ചോദ്യം ചെയ്തു.

> ▶ യൂറോപ്യൻ സാഹിത്യം നവവിമർശകരുടെ പ്രചോദനകേന്ദ്രം

യൂറോപ്യൻ സാഹിത്യങ്ങളായിരുന്നു നവീനവിമർശകരുടെ പ്രചോദനകേന്ദ്രം. സാഹിത്യവിമർശനം ഒരു വിജ്ഞാനശാഖയാണോ അതോ വിഭാവനശാഖയാണോ എന്നുള്ള വാദം നവീനവിമർശകർ ഉന്നയിക്കുന്നു. സാഹിത്യവിമർശനം ഗുണദോഷ വിചിന്തനം അല്ലെന്നും നിരൂപിതകൃതി വിമർശകന്റെ ആത്മപ്രതികരണത്തെ പ്രതിഫലിപ്പിക്കുന്നതാണ് എന്നുമുള്ള മാരാരുടെ നിലപാടിന്റെ തുടർച്ച നവീന നിരൂപണത്തിൽ പ്രകടമാണ്.

> ▶ വിമർശന കല എന്നാണ് സാഹിത്യ വിമർശനത്തെ വിളിക്കേണ്ടത്

സാഹിത്യവിമർശന സമ്പ്രദായത്തെ സർഗാത്മകമായി സമീപിക്കുന്ന രീതി നവീനവിമർശകരിൽ പ്രമുഖരായ കെ. പി. അപ്പൻ, രാജാകൃഷ്ണൻ, ആഷാമേനോൻ തുടങ്ങിയവർ സ്വീകരിച്ചു. ഭാവനാസൃഷ്ടിയായ സാഹിത്യത്തെക്കുറിച്ച് എഴുതപ്പെടുന്ന മറ്റൊരു ഭാവനാസൃഷ്ടിയാണ് വിമർശനം, എന്ന ജനീവ സാഹിത്യവിമർശകരുടെ മാർഗമാണ് ഇവർ പിന്തുടർന്നത്. യഥാർഥത്തിൽ വിമർശനവിദ്യ എന്നല്ല വിമർശനകല എന്നാണ് സാഹിത്യവിമർശനത്തെ വിളിക്കേണ്ടത് എന്നാണ് ഇവരുടെ അഭിപ്രായം. ഒരു കൃതി ഉളവാക്കിയ പ്രതികരണങ്ങളെ കലാപരമായി സംഘടിപ്പിച്ചാൽ അത് വിമർശനമായി തീരും എന്ന് അവർ പ്രഖ്യാപിച്ചു.

നിരൂപണത്തിന് അതിന്റേതായ ഒരു ഭാഷ ആവശ്യമില്ലെന്നും കവി

തയ്ക്കും നോവലിനും ഉപയോഗിക്കുന്ന ഭാഷ നിരൂപണത്തിനും ഉപയോഗിക്കാമെന്നും നവീനവിമർശകർ വിശ്വസിച്ചു. ഒന്നിലധികം അർഥതലങ്ങൾ ഉള്ള ശൈലികളും ഇമേജുകളും വക്രോക്തികളും മറ്റും നിരൂപകന്റെ ഭാഷയിൽ കടന്നുകൂടി. അത് അർഥഗ്രഹണത്തിന് വൈഷമ്യം സൃഷ്ടിച്ചു. നിരൂപണ ഭാഷയ്ക്ക് വ്യക്തമായ ഒരു അർഥതലം മാത്രം ഉണ്ടാകുന്നതാണ് നല്ലതെന്നും ഒന്നിലധികം അർഥങ്ങൾ ഉണ്ടാകുന്നത് വിമർശകാഭിപ്രായം തെറ്റിദ്ധരിക്കാൻ ഇടയാകും എന്നുള്ള കാര്യം നവീനവിമർശകർ പരിഗണിച്ചില്ല. മറ്റു വൈജ്ഞാനിക മേഖലകളുമായി ഉള്ള ബന്ധം നവീനവിമർശനത്തിലെ മറ്റൊരു പ്രത്യേകതയാണ്. മനഃശാസ്ത്രം, സാമൂഹികശാസ്ത്രം, ഭൗതികശാസ്ത്രം തുടങ്ങിയവയുമായുള്ള ബന്ധം നിരൂപകന്റെ ചിന്തകളെയും ഭാഷയെയും സ്വാധീനിച്ചിരുന്നു.

▶ ഒന്നിലധികം അർഥതലങ്ങൾ ഉള്ള ശൈലികളും ഇമേജുകളും വക്രോക്തികളും

## കെ. പി. അപ്പൻ

മലയാളത്തിലെ ആധുനികവാദത്തിന്റെ ആദ്യകാല സൈദ്ധാന്തികരിൽ പ്രമുഖനാണ് കെ. പി. അപ്പൻ. ആധുനികതാപ്രസ്ഥാനത്തെ മലയാളികളുടെ ഭാവുകത്വത്തിന്റെ ഭാഗമാക്കിത്തീർക്കാൻ കെ. പി. അപ്പൻ ശ്രമിച്ചു. സാഹിത്യകൃതികളോട് തീവ്രവും അസാധാരണവും സർഗാത്മകവുമായി പ്രതികരിക്കുന്ന രീതിയാണ് അദ്ദേഹത്തിനുള്ളത്. വിമർശനത്തെ കുറിച്ചുള്ള അംഗീകൃതനിർവചനങ്ങളെ അദ്ദേഹം മറികടക്കുന്നു. അപ്പനെ സംബന്ധിച്ചിടത്തോളം തന്റെ ചിന്തയുടെയും അഭിരുചിയുടെയും സ്വാതന്ത്ര്യം പ്രഖ്യാപിക്കാനുള്ള ഉപാധി കൂടിയായിരുന്നു സാഹിത്യവിമർശനം. യാഥാസ്ഥിതികത്വത്തിൽ നിന്നുള്ള സൗന്ദര്യശാസ്ത്രപരമായ മോചനമാണ് വിമർശനം എന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. ഒരു പുതിയ ഭാവുകത്വം സൃഷ്ടിക്കാൻ നിലവിലുള്ള പലതും നശിപ്പിക്കേണ്ടി വരും എന്ന് അദ്ദേഹം പ്രഖ്യാപിച്ചു.

▶ സ്വാതന്ത്ര്യം പ്രഖ്യാപിക്കാനുള്ള ഉപാധിയാണ് സാഹിത്യവിമർശനം

കലാപവും ആക്രമണവും കെ. പി. അപ്പന്റെ വിമർശന സാഹിത്യത്തിന്റെ ഉപകരണങ്ങളാണ്. ആധുനിക എഴുത്തുകാരുടെ ദർശനത്തിലും ശില്പതന്ത്രത്തിലും ആവിർഭവിച്ചിരിക്കുന്ന സ്ഫോടനാത്മകമായ ചൈതന്യത്തെയാണ് കെ. പി. അപ്പൻ കലാപം എന്ന വാക്കുകൊണ്ട് അഭിസംബോധന ചെയ്തത്. സൗന്ദര്യശാസ്ത്രപരമായ വിമോചനം ലക്ഷ്യമിട്ടുകൊണ്ട് അദ്ദേഹം, ജീർണിച്ച വിമർശനരീതിയെ ആക്രമിച്ചു. ആക്രമണത്തിന് ഉന്നതമായ നിലവാരവും ലാവണ്യവും നൽകുവാൻ ശ്രമിച്ചു. 'ഒരു വിമർശകൻ എന്ന നിലയിൽ ആക്രമണത്തിനും സൗന്ദര്യത്തിനും ഇടയിൽ നിൽക്കാൻ ഞാൻ ആഗ്രഹിക്കുന്നു' എന്ന് അദ്ദേഹം തന്റെ നിലപാട് വ്യക്തമാക്കി. 'സൗന്ദര്യത്തെ ഇരയെപ്പോലെ പിടിച്ചു തിന്നുന്ന മനസ്' ഒരു വിമർശകനു വേണ്ടുന്ന ഏറ്റവും പ്രധാന ഗുണമാണെന്ന് അപ്പൻ വിശ്വസിച്ചു. ഒരു ജീനിയസിനെ സംബന്ധിച്ചിടത്തോളം നിയമം ആത്മവികാസത്തിന്റെ ശത്രുവാണെന്നും അദ്ദേഹം പ്രഖ്യാപിച്ചു.

▶ സൗന്ദര്യത്തെ ഇരയെപ്പോലെ പിടിച്ചു തിന്നുന്ന മനസ്

അപ്പന്റെ ആദ്യഗ്രന്ഥമായ 'ക്ഷോഭിക്കുന്നവരുടെ സുവിശേഷ'ത്തിൽ പാശ്ചാത്യ സാഹിത്യകാരന്മാരെ പരിചയപ്പെടുത്തുന്നതോടൊപ്പം, അസ്തിത്വവാദത്തെയും ലാവണ്യവാദത്തെയും കൂട്ടിയിണക്കാനും ഈ കൃതിയിലൂടെ സാധിച്ചു. 'തിരസ്കാരം' എന്ന കൃതിയിൽ എഴു

ത്തുകാരന്റെ സ്വാതന്ത്ര്യം, എഴുത്തുകാരൻ ഭാഷയിൽ സൃഷ്ടിക്കുന്ന വിപ്ലവം, കലാസൃഷ്ടിയുടെ ടോണും ദർശനവുമായുള്ള ബന്ധം എന്നിവയാണ് കൈകാര്യം ചെയ്യുന്നത്. 'കലഹവും വിശ്വാസവും' എന്ന കൃതിയിൽ അദ്ദേഹം യാഥാസ്ഥിതിക വിമർശനത്തെയും മാർക്സിസ്റ്റ് വിമർശനത്തെയും ആക്രമിക്കുന്നു. 'സന്ദർശനങ്ങൾ' എന്ന ഭാഗത്ത് പ്രമുഖരായ മലയാള വിമർശകരുടെ വ്യക്തിത്വം കണ്ടെത്താനുള്ള ശ്രമം കാണാം. ഹെർമൻ ഹെസെയെ കുറിച്ച് മലയാളത്തിൽ ഉണ്ടായ ഏറ്റവും മികച്ച പഠനമാണ് അപ്പന്റെ 'ആത്മവേദനകളുടെ പിതൃഭൂമിയിൽ' എന്ന പ്രബന്ധം. എം. ടി. വാസുദേവൻ നായർ, ഒ. വി. വിജയൻ, കാക്കനാടൻ, ആനന്ദ്, മുകുന്ദൻ, വി. കെ. എൻ., സേതു തുടങ്ങിയ ആധുനിക എഴുത്തുകാരെക്കുറിച്ച് അപ്പൻ നടത്തിയ പഠനങ്ങൾ പ്രായോഗിക വിമർശനരംഗത്തെ മികച്ച സംഭാവനകളാണ്. നോവൽ വിമർശനത്തിൽ ബിംബകൽപ്പനകൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ട് എഴുത്തുകാരുടെ ദർശനം പഠിക്കാനുള്ള ശ്രമം ഇവയിലുണ്ട്. അതോടൊപ്പം കാലവും മലയാള നോവലുമായുള്ള ബന്ധം അപഗ്രഥിക്കുകയും ചെയ്യുന്നു. സേതുവിന്റെ 'പാണ്ഡവപുര'ത്തെ സാംസ്കാരിക നരവംശശാസ്ത്രം അടിസ്ഥാനമാക്കി വിലയിരുത്തുന്നു. വി. കെ. എന്നിലെ കോമിക് ജീനിയസിനെ കണ്ടെത്താനുള്ള ആദ്യത്തെ ശ്രമവും കെ. പി. അപ്പന്റേതാണ്.

- ▶ അസ്തിത്വവാദത്തെയും ലാവണ്യവാദത്തെയും കൂട്ടിയിണക്കി

തന്റെ വിമർശനകലയെ വളരെ സ്വകാര്യമായ ഭാഷാദർശനമാക്കാൻ ആണ് അപ്പൻ ശ്രമിച്ചത്. കവികളെ അടയാളപ്പെടുത്തുവാൻ അദ്ദേഹം ബിംബങ്ങളും കൽപ്പനകളും ഉപയോഗിച്ചു. "ഭൈരവ ഗുഹയിലെ ലോഹശബ്ദത്തിൽ പാടുന്ന ബാലചന്ദ്രൻ ചുള്ളിക്കാട്", "നാട്ടുചാരായത്തിന്റെ വീര്യം പോലെ ചിരിക്കുന്ന എ. അയ്യപ്പൻ", "ഗോത്രവൈദ്യനും മന്ത്രവാദിയും ഉൾച്ചേർന്ന കടമ്മനിട്ട" തുടങ്ങിയ പ്രയോഗങ്ങൾ ഉദാഹരണം. എഴുത്തുകാരന്റെ സർഗാത്മക സ്വാതന്ത്ര്യത്തെ അപ്പൻ ഉയർത്തിപ്പിടിച്ചു. വായനയെ ധ്യാനമായും വിമർശനത്തെ ദൈവശാസ്ത്രമായും കെ. പി. അപ്പൻ വിശേഷിപ്പിക്കുന്നു. 'മലയാള ഭാവനയെക്കുറിച്ചുള്ള എന്റെ പ്രത്യാശ' എന്ന ലേഖനത്തിൽ സാഹിത്യ വിമർശനം നമ്മുടെ ജീവിതം തന്നെയാണെന്ന് അപ്പൻ എഴുതി.

- ▶ വിമർശനം സ്വകാര്യമായ ഭാഷാദർശനം

ഋഗ്വേദവും ബൈബിളും അസ്തിത്വവാദ ചിന്തകളും ആധുനിക വൈജ്ഞാനിക കാഴ്ചപ്പാടുകളും സമന്വയിച്ച ചിന്താലോകമാണ് അപ്പന് ഉണ്ടായിരുന്നത്. രാധാമാധവ സങ്കല്പവും ശിവപാർവ്വതി സങ്കല്പവും അദ്ദേഹത്തിന്റെ ചിന്തയിൽ കടന്നുവരുന്നുണ്ട്. ബൈബിൾ ആധാരമാക്കി 'ബൈബിൾ വെളിച്ചത്തിന്റെ കവചം', 'മധുരം നിന്റെ ജീവിതം' എന്നീ പുസ്തകങ്ങളും ശ്രീനാരായണ ഗുരുവിനെ പറ്റി 'ചരിത്രത്തെ അഗാധമാക്കിയ ഗുരു'എന്ന ഗ്രന്ഥവും അദ്ദേഹം എഴുതിയിട്ടുണ്ട്. ക്രിസ്തുവിന്റെ മാതൃപദവി മൂലം ആരാധിക്കപ്പെടുന്ന കന്യമറിയത്തെ കുറിച്ചുള്ള 'മധുരം നിന്റെ ജീവിതം'എന്ന കൃതി മലയാളത്തിലെ ആദ്യത്തെ മേരീവിജ്ഞാനകൃതിയായി കരുതപ്പെടുന്നു.

- ▶ മേരീവിജ്ഞാന കൃതി 'മധുരം നിന്റെ ജീവിതം'

എഴുത്തുകാരന്റെ ജീവിതവും കലാസൃഷ്ടികളും താരതമ്യപ്പെടുത്തിയുള്ള നിരൂപണശൈലി അപ്പൻ സ്വീകരിച്ചിരുന്നു. ഉന്മാദാവസ്ഥ, സ്വപ്നങ്ങൾ ഇവ സർഗ്ഗപ്രക്രിയയിൽ ചെലുത്തുന്ന സ്വാധീനത്തെ സംബന്ധിച്ച് പുതുമയുള്ള വിശകലനങ്ങൾ നടത്തി. ലോകോത്തര

എഴുത്തുകാരെ പിടികൂടിയ രോഗാവസ്ഥ ഭാവുകത്വത്തിന്റെ ധന്യത യിൽ ഉടലെടുക്കുന്ന വെളിച്ചമാണെന്ന് അപ്പൻ കണ്ടെത്തി. 'സ്വപ്നങ്ങ ളും സർഗാത്മകതയും' 'രോഗവും സാഹിത്യഭാവനയും' എന്നീ ലേഖ നങ്ങൾ മേൽപ്പറഞ്ഞ വീക്ഷണങ്ങൾ വിവരിക്കുന്നവയാണ്. സൂസൻ സെൻടോഗ്, കക്കാട്, ചങ്ങമ്പുഴ, ആന്ദ്രേജിത് തുടങ്ങിയ പ്രതിഭാശാ ലികളുടെ രോഗനിമിഷങ്ങൾ അപ്പൻ അനുസ്മരിക്കുന്നു. തോമസ്മൻ തോറോ എന്നിവർക്ക് രോഗം എപ്പോഴും പ്രചോദനമായിരുന്നു എന്ന് വെളിപ്പെടുത്തുന്നു.

▶ രോഗാവസ്ഥയും സർഗ്ഗപ്രക്രിയയും

ആധുനികതയെക്കുറിച്ചും ഉത്തരാധുനികതയെക്കുറിച്ചും സൗന്ദര്യ ശാസ്ത്ര ഗ്രന്ഥങ്ങൾ എഴുതിയ നിരൂപകൻ എന്ന പ്രത്യേകത അപ്പനു ണ്ട്. ഉത്തരാധുനികതയെ ഗൗരവപൂർവ്വം സമീപിക്കുകയും അതിന്റെ രാഷ്ട്രീയവും സാമൂഹികവുമായ ആഗോള പശ്ചാത്തലത്തെ വിവരി ക്കുകയും ചെയ്യുന്ന കൃതികളാണ് 'ഉത്തരാധുനികത വർത്തമാനവും വംശാവലിയും', 'വിവേകശാലിയായ വായനക്കാരാ' എന്നിവ. ഉത്തരാ ധുനികത മലയാളികളുടെ എഴുത്തിൽ വേണ്ടത്ര പ്രതിഫലിച്ചിട്ടില്ലെ ന്നും ആധുനികാനന്തരകഥ ജീവിതത്തെ ഇല്ലായ്മ ചെയ്യുന്നു എന്നും, അതിസാങ്കേതികത അവയുടെ കുഴപ്പമാണെന്നും ആധുനിക ചിന്ത കൾ നൽകിയ 'ആത്മീയ ഉജ്ജ്വലനം' ആധുനികാനന്തര ചിന്തകൾ നൽകുന്നില്ല എന്നും അപ്പൻ പ്രഖ്യാപിച്ചു. എഴുത്തുകാരന്റെ സർഗ്ഗാ ത്മക വ്യക്തിത്വത്തിനും സ്വാതന്ത്ര്യത്തിനും പ്രഥമസ്ഥാനം നൽകുന്ന അപ്പന്റെ നിലപാടിന് 'എഴുത്തുകാരന്റെ മരണത്തെ' ഉദ്ഘോഷിക്കുന്ന ഘടനാവാദാനന്തരചിന്തകളുമായി പൊരുത്തപ്പെടാൻ ആകുമായിരു ന്നില്ല. ആദ്യകാല രചനകളിൽ പ്രത്യയശാസ്ത്രം എന്ന പദത്തെ തി രസ്കരിച്ച അപ്പൻ ഒടുവിൽ 'കഥ: ആഖ്യാനവും അനുഭവസത്തയും' എന്ന കൃതിയിലെത്തുമ്പോൾ ചരിത്രം, രാഷ്ട്രീയം, സാമ്പത്തികാ വസ്ഥ തുടങ്ങിയവയെ ഗൗരവത്തോടെ സ്വീകരിക്കുന്നു. ചരിത്ര യാ ഥാർഥ്യങ്ങളെ കുറിച്ചുള്ള വേദന കെ. പി. അപ്പന്റെ പിൽക്കാല രചന കളിൽ കടന്നുവരുന്നു.

▶ ആധുനിക, ഉത്തരാധുനിക സൗന്ദര്യശാസ്ത്ര ഗ്രന്ഥങ്ങൾ രചിച്ചു

## വി. രാജകൃഷ്ണൻ

നവീന വിമർശകരിൽ ശ്രദ്ധേയനാണ് വി. രാജകൃഷ്ണൻ. സാമൂഹി കശാസ്ത്രപരമായ സമീപനത്തിനും മാർക്സിസ്റ്റ് വിമർശനത്തിനും എതിരായ ഒരു സമീപനമാണ് അദ്ദേഹം പ്രകടിപ്പിച്ചത്. സമകാല നിരൂ പണ സങ്കേതങ്ങളുടെ പരിധിയിൽ ഒതുങ്ങാത്ത സ്ഥായിയായ ചില മനുഷ്യപ്രശ്നങ്ങൾ അതായത്, അസ്തിത്വത്തെ സംബന്ധിക്കുന്ന പ്രഹേളികകൾ നമ്മുടെ സർഗാത്മക സാഹിത്യത്തിൽ ആഴത്തിൽ പതിഞ്ഞു കിടപ്പുണ്ടായിരുന്നു എന്നു നിരീക്ഷിച്ച രാജകൃഷ്ണൻ, ഈ പ്രശ്നങ്ങളെയും പ്രഹേളികകളെയും കണ്ടെത്താൻ ശ്രമിച്ചു.

▶ അസ്തിത്വ പ്രഹേളികകൾ കണ്ടെത്താൻ ശ്രമിച്ചു

പ്രമേയത്തിന് നേരെയുള്ള അസ്തിത്വവാദപരമായ സമീപനം എന്ന വിഭാഗത്തിൽപ്പെടുന്നവയാണ് രാജകൃഷ്ണന്റെ ആദ്യഗ്രന്ഥമായ 'രോ ഗത്തിന്റെ പൂക്കളി'ലെ പഠനങ്ങളിൽ ഏറിയപങ്കും. രോഗത്തെ ഒരു രൂ പകമായി കണ്ട് നോവലിന്റെ പ്രമേയം അപഗ്രഥിക്കാനുള്ള രാജകൃഷ് ണന്റെ സംരംഭം പുതുമയുള്ളതായിരുന്നു. 'ജീവിതത്തിന്റെ അർത്ഥം എന്താണെന്ന് സ്വയം ചോദിച്ചു തുടങ്ങുന്ന നിമിഷം തൊട്ട് മനുഷ്യൻ

രോഗിയാണ്'എന്ന കീർക്കഗാർഡിന്റെ ദർശനത്തെ ആധുനിക മലയാള നോവലുമായി ബന്ധപ്പെടുത്തി ചർച്ച ചെയ്യുന്ന 'രോഗത്തിന്റെ പൂക്കൾ' എന്ന പ്രബന്ധം നമ്മുടെ നോവൽ വിമർശനത്തിന് പുതിയ മാനങ്ങൾ നൽകി. ആനന്ദിനെയും വിജയനെയും അസ്തിത്വവാദപരമായ വിമർശനസംജ്ഞകൾ ഉപയോഗിച്ച് വിലയിരുത്താനുള്ള രാജകൃഷ്ണന്റെ ശ്രമം ശ്രദ്ധേയമാണ്. 'അധോലോകത്തുനിന്നുള്ള നിശാഗാഥ', 'മണിമുഴക്കത്തിന്റെ പൊരുൾതേടി' എന്നീ ലേഖനങ്ങളിൽ ഇടപ്പള്ളിയെയും ചങ്ങമ്പുഴയെയും നൂതനമായ വീക്ഷണത്തോടെ വിലയിരുത്തുവാൻ ശ്രമിക്കുന്നു. 'മൗനം തേടുന്ന വാക്ക്' എന്ന ഗ്രന്ഥത്തിൽ ശൈലീശാസ്ത്രപരമായ വിമർശന സമീപനത്തെ രാജകൃഷ്ണൻ ഫലപ്രദമായി പ്രയോഗിക്കുന്നു. 'ശൈലിയുടെ പ്രകാശതീരങ്ങൾ' എന്ന പഠനത്തിൽ തകഴി, എം. ടി., ഒ. വി. വിജയൻ എന്നിവരുടെ നോവലുകളിൽ നിന്ന് ചില ഭാഗങ്ങൾ ഉദ്ധരിച്ച് ഭാഷയുടെ പ്രത്യേകതയിലൂടെ അവരുടെ കലയും കാഴ്ചപ്പാടും രാജകൃഷ്ണൻ ഭംഗിയായി വിലയിരുത്തുന്നു.

- ശൈലീശാസ്ത്രപരമായ വിമർശന സമീപനം

ആശാനുശേഷമുള്ള പ്രധാന മലയാളകവികളുടെ ദുരന്തബോധം വിശദമാക്കുന്ന 'ആളൊഴിഞ്ഞ അരങ്ങ്', 'ധന്യതവറ്റിയ മഹാക്ഷേത്രം', 'വർഷപ്പാടത്തിന്റെ ദുഃഖശ്രുതി' എന്നീ പഠനങ്ങൾ ഉന്നത നിലവാരം പുലർത്തുന്നവയാണ്. മാധവിക്കുട്ടിയുടെ കലയും ദർശനവും അപഗ്രഥിക്കുന്ന 'പക്ഷിയുടെ മണം' എന്ന ലേഖനവും മുകുന്ദനെ അടിസ്ഥാനമാക്കി ചെറുകഥയിലെ വീക്ഷണ സമ്പ്രദായത്തെ പറ്റി നടത്തിയ പഠനവും കഥയിലെ സ്ഥലത്തെ പറ്റിയുള്ള പഠനവും മികച്ച സംഭാവനകളാണ്. മലയാള കഥാസാഹിത്യത്തിലെയും കവിതയിലെയും നിഗൂഢാത്മക സൗന്ദര്യത്തിന്റെ തലങ്ങൾ പ്രകാശമാക്കാനും, ശ്രദ്ധേയരായ ചില എഴുത്തുകാരെ പുതിയ പരിപ്രേഷ്യത്തിൽ അവതരിപ്പിക്കുവാനും രാജകൃഷ്ണന് സാധിച്ചിട്ടുള്ളതായി നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. പി. കുഞ്ഞിരാമൻ നായരുടെ കവിതയുടെ ഭാവഭംഗികൾ തേടുന്ന 'ആളൊഴിഞ്ഞ അരങ്ങ്' അദ്ദേഹത്തിന്റെ പക്വതയാർന്ന രചനയാണ്. ചലച്ചിത്ര സൗന്ദര്യശാസ്ത്രത്തിലുള്ള ആഴമേറിയ ധാരണ രാജകൃഷ്ണന്റെ വിമർശന കലയ്ക്ക് ഒരു അധികമാനം നൽകുന്നുണ്ട്. നോവലിൽ ചലച്ചിത്ര കലാരൂപത്തിന്റെ സാന്നിധ്യം രാജകൃഷ്ണൻ ദർശിക്കുന്നു. 'രോഗത്തിന്റെ പൂക്കൾ', 'മൗനം തേടുന്ന വാക്ക്,' 'ആളൊഴിഞ്ഞ അരങ്ങ്,' 'കാഴ്ചയുടെ അശാന്തി,' 'ചെറുകഥയുടെ ഛന്ദസ്സ്,' 'ഭ്രഷ്ടിന്റെ നാനാർത്ഥങ്ങൾ,' 'ചുഴികൾ ചിപ്പികൾ' എന്നിവയാണ് പ്രധാന ഗ്രന്ഥങ്ങൾ

- കവികളുടെ ദുരന്തബോധം, നോവലിൽ ചലച്ചിത്ര കലാരൂപവും

## ആഷാമേനോൻ

തനതായ ഒരു സംവേദനക്ഷമത കൊണ്ട് സാഹിത്യ രംഗത്ത് അനന്യത പ്രകടമാക്കിയ നിരൂപകനാണ് ആഷാമേനോൻ. ആധുനിക സാഹിത്യത്തിന്റെ ദർശനവും സൗന്ദര്യശാസ്ത്രവും ഉൾക്കൊണ്ടതും നവീന ഭാവുകത്വം പ്രകടമാക്കുന്നതുമായ നിരൂപണ പദ്ധതിയാണ് ആഷാമേനോന്റേത്. പ്രകൃതിയിലേക്കും മനുഷ്യനിലേക്കും ഉള്ള ശാന്തമായ ഒരു അന്വേഷണം എന്ന് വിശേഷിപ്പിക്കാവുന്ന യാത്രാക്കുറിപ്പുകളും സാഹിത്യത്തിന്റെയും സംഗീതത്തിന്റെയും ശാസ്ത്രത്തിന്റെയും ആത്മീയതയുടെയും സാകല്യമായി അനുഭവപ്പെടുന്ന പാരിസ്ഥിതികാവബോധവും പ്രസരിപ്പിക്കുന്നവയാണ് അദ്ദേഹത്തിന്റെ പഠനങ്ങൾ.

> ▶ പ്രകൃതിയിലേക്കും മനുഷ്യനിലേക്കുമുള്ള അന്വേഷണം

കലാസൃഷ്ടിയോട് സർഗ്ഗാത്മകമായി പ്രതികരിക്കാനും കാവ്യാനുഭവങ്ങളെ ക്രിയാത്മകമായി പുനഃസൃഷ്ടിക്കാനുമാണ് അദ്ദേഹം മുതിർന്നത്. സ്വന്തം സാഹിത്യനിലപാടിന് അനുസരിച്ച രീതിയിൽ ബിംബാത്മകമായ ഒരു സ്വകാര്യഭാഷ അദ്ദേഹം സ്വീകരിച്ചു പോരുന്നു. 'പുതിയ പുരുഷാർത്ഥങ്ങൾ', 'കലിയുഗാരണ്യകങ്ങൾ', 'പരിവ്രാജകന്റെ മൊഴി' എന്നിങ്ങനെ ഭാരതീയമായ ആത്മീയചിന്തയെ അനുസ്മരിപ്പിക്കുന്ന വയാണ് ആഷാമേനോൻ സ്വീകരിക്കുന്ന ഗ്രന്ഥനാമങ്ങൾ. അദ്ദേഹത്തിൽ അഗാധമായി ഉൾച്ചേർന്നിരിക്കുന്ന ആധ്യാത്മികാഭിമുഖ്യത്തിന്റെ നിദർശനങ്ങളാണ് ഇത്തരം പദപ്രയോഗങ്ങൾ.

> ▶ ബിംബാത്മകമായ ഭാഷ, ആത്മീയതയെയും രതിയെയും കൂട്ടിയിണക്കുന്നു

ആത്മീയതയും രതിയും ചേർത്തുകൊണ്ടുള്ള ഒരു സമീപനം ആഷാമേനോൻ പുലർത്തുന്നു. അദ്ദേഹത്തിന്റെ 'രതിയുടെ ഗായത്രികൾ' എന്ന ലേഖന സമാഹാരത്തിൽ ഈ സവിശേഷ സമീപനം പ്രകടമാണ്. 'ഖസാക്കിന്റെ ഇതിഹാസം,' 'അഗ്നിസാക്ഷി' തുടങ്ങിയ മലയാള നോവലുകളെ കുറിച്ചുള്ള പഠനങ്ങളിൽ ആഷാമേനോൻ ആത്മീയതയും രതിയെയും കൂട്ടിയിണക്കുന്നത് കാണാം. 'ക്രിസ്തുവിന്റെ അവസാന പ്രലോഭനം' എന്ന കൃതിയെ കുറിച്ചുള്ള പഠനത്തിൽ ഈ പ്രവണത കൂടുതൽ ശക്തമായി പ്രതിഫലിക്കുന്നു. തിന്മയുടെ സൗന്ദര്യം വിവരിക്കുമ്പോഴും രണ്ട് വ്യത്യസ്ത ഭാവങ്ങളെ ബന്ധിപ്പിക്കുന്ന മനോഭാവം ആഷാമേനോൻ പ്രകടിപ്പിക്കുന്നു. ലൈംഗികത, പാപചിന്ത, ആത്മീയത എന്നിവയുടെ സങ്കലനം പ്രകടമാക്കുന്ന കൃതികളാണ് പലപ്പോഴും ആഷാമേനോൻ പഠനത്തിനായി തിരഞ്ഞെടുത്തിട്ടുള്ളത്.

> ▶ ഭാഷയുടെ അമൂർത്ത സൗന്ദര്യം

സർഗാത്മകമായ ശാഠ്യങ്ങൾ മുറുകെ പിടിക്കുന്ന രീതി ആഷാമേനോനിൽ പ്രകടമാണ്. ആത്മനിഷ്ഠസ്വഭാവം അദ്ദേഹത്തിന്റെ സാഹിത്യസമീപനത്തിൽ കാണാം. ഭാഷയുടെ അമൂർത്തസൗന്ദര്യം നിറഞ്ഞൊഴുകുന്നതാണ് ആഷാമേനോന്റെ രചനകൾ. എങ്കിലും അവ സ്വകാര്യമായ ബിംബപ്രയോഗങ്ങളുടെയും ലുപ്തപ്രചാര വാക്കുകളുടെ സാന്നിധ്യം കൊണ്ടും ദുർഗ്രഹമായി അനുഭവപ്പെടുന്നുണ്ട്. സംസ്കാരവിശേഷങ്ങളും പ്രകൃതിപാഠവും സാഹിത്യദർശനവും യാത്രാനുഭവവും ഏകോപിച്ചുള്ള ഒരു രചനാമണ്ഡലമാണ് അദ്ദേഹത്തിന്റേത്.

SGOU

## Summarised Overview

സാഹിത്യത്തിലെ നവീനതയുടെ (Modernism) ആവിർഭാവത്തോടൊപ്പം (1960-നു ശേഷം) നവീനവിമർശനത്തിനും തുടക്കം കുറിച്ചു. സാഹിത്യത്തിന്റെ രൂപഭാവങ്ങളിൽ സാരമായ വ്യതിയാനം സംഭവിച്ചതോടെ പുതിയൊരു വിമർശനസമീപനമാവശ്യമായിത്തീർന്നു. പാശ്ചാത്യ സാഹിത്യത്തിലെ വിമർശനപദ്ധതികളുടെ പിൻബലത്തോടെ നവീനതയുടെ ദർശനം വിശദമാക്കുകയും നവീന സാഹിത്യത്തെ വ്യാഖ്യാനിക്കുകയും ചെയ്ത ചില വിമർശകരുണ്ട്. അവരുടെ സംഭാവനയാണ് നവീനവിമർശനം.

അക്കാദമീയ വിമർശനം, മാർക്സിയൻ വിമർശനം, മനഃശാസ്ത്രപരമായ വിമർശനം, നവീന വിമർശനം എന്നിവയാണ് നവോത്ഥാനകാല വിമർശകർക്കു ശേഷം 1980 കളുടെ അവസാനം

വരെയുള്ള മലയാളസാഹിത്യ വിമർശനത്തിലെ പ്രധാനധാരകൾ. 1983-ലാണ് എം. എൻ. വിജയൻ 'മാർക്സും ഫ്രോയ്ഡും' എന്ന പ്രശസ്തമായ പ്രഭാഷണം നിർവഹിക്കുന്നത്. അതുവരെ ഫ്രോയിഡിയൻ മനഃശാസ്ത്രനിരൂപണത്തിന്റെ വഴിയിൽ ഉറച്ചുനിന്ന വിജയന്റെ നിരൂപണം എൺപതുകളാവുമ്പോൾ മാർക്സിയൻ ചരിത്ര- സാമൂഹിക വിശകലനങ്ങൾ കൂടി സ്വാംശീകരിച്ചുകൊണ്ട് പുതിയ ഉയരങ്ങളിലേക്കു കടക്കുന്നുണ്ട്.

മനോവിജ്ഞാനീയത്തിന്റെ സങ്കേതങ്ങളുപയോഗിച്ച് അവയെ ശാസ്ത്രീയമായി അപഗ്രഥിച്ചു പഠിക്കുന്ന നിരൂപണപദ്ധതിയാണ് മനഃശാസ്ത്ര നിരൂപണം. ആധുനിക സാഹിത്യതത്വചിന്തയിൽ മനഃശാസ്ത്രനിരൂപണം എന്നു വ്യവച്ഛേദിക്കപ്പെടുന്നത് സിഗ്മണ്ട് ഫ്രോയ്ഡ്, കാൾ യുങ്, ആഡ്ലർ തുടങ്ങിയ ചിന്തകരുടെ മനഃശാസ്ത്രസിദ്ധാന്തങ്ങൾ അടിസ്ഥാനമാക്കിയുള്ള സാഹിത്യാപഗ്രഥനപദ്ധതിയാണ്. ആധുനിക മനഃശാസ്ത്രനിരൂപണം രണ്ട് സുപ്രധാനധാരകളുൾക്കൊള്ളുന്നു. ഒന്ന് ഫ്രോയ്ഡിന്റെ മാനസികാപഗ്രഥനമാർഗം അടിസ്ഥാനമാക്കിയുള്ള മനഃശാസ്ത്ര നിരൂപണം. മറ്റൊന്ന് യുങിയൻ മനഃശാസ്ത്രചിന്തകളും നരവംശശാസ്ത്രവും അവലംബിച്ചുള്ള ആദിരൂപ നിരൂപണം (Archetypal Criticism). ആധുനിക വിമർശനസമ്പ്രദായങ്ങളെ അഞ്ചു വിഭാഗമായി വർഗീകരിച്ച വിൽബർസ്കോട്ട് ഈ നിരൂപണധാരകളെ വ്യത്യസ്ത വിഭാഗങ്ങളായിത്തന്നെ പരിഗണിക്കുന്നുണ്ടെങ്കിലും ഇവ കേന്ദ്രീകരിക്കുന്നത് വ്യക്തിമനസ്സിന്റെ നിഗൂഢതകളിലാണ്. ഫ്രോയ്ഡിനെയും യുങിനെയും മുൻനിർത്തി എം. എൻ. വിജയനും എം. ലീലാവതിയും നിരൂപണപരമായ ഒട്ടേറെ നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. നിരൂപണത്തിലെ രണ്ട് സമാന്തരമാർഗങ്ങളായി അവ നിരൂപണ ചരിത്രത്തിൽ സ്ഥാനം നേടുകയും ചെയ്യുന്നു. ഇങ്ങനെ ഫ്രോയിഡിനെ മുൻനിർത്തി വിജയനും യുങ്ങിനെ മുൻനിർത്തി ലീലാവതിയും നിർവഹിച്ച സാഹിത്യ വിശകലനങ്ങളാണ് മലയാളത്തിലെ മനഃശാസ്ത്ര നിരൂപണശാഖയുടെ മുഖ്യമായ അധിഷ്ഠാനങ്ങൾ. ലീലാവതിയുടെ മനഃശാസ്ത്രനിരൂപണം എം. എൻ. വിജയന്റെ മനഃശാസ്ത്ര നിരൂപണങ്ങളുടെ സമാന്തരമായാണ് പലപ്പോഴും സഞ്ചരിച്ചിട്ടുള്ളതെന്ന് രണ്ടുപേരുടെയും മനഃശാസ്ത്രപഠനങ്ങളെ ചേർത്തുവച്ചു വായിക്കുമ്പോൾ ബോധ്യമാവുന്നുണ്ട്.

## Assignments

1. മനഃശാസ്ത്ര നിരൂപണപദ്ധതിയെക്കുറിച്ച് വിവരിക്കുക.
2. ഫ്രോയ്ഡ്, യൂങ് തുടങ്ങിയവരുടെ മനഃശാസ്ത്രചിന്തകൾ സാഹിത്യവിമർശത്തിൽ ഉപയോഗപ്പെടുത്തുന്നതിനെ ഉദാഹരണസഹിതം വ്യക്തമാക്കുക.
3. അക്കാദമീയ വിമർശനത്തിന്റെ സവിശേഷതകൾ വിവരിക്കുക.
4. നവീനവിമർശനം മലയാളത്തിൽ കുറിപ്പ് തയ്യാറാക്കുക.
5. വിമർശനത്തിലെ സമകാലപ്രവണതകൾ വിശദീകരിക്കുക.

## Suggested Readings


1. കെ. പി. അപ്പൻ, മാറുന്ന മലയാളനോവൽ, ഡി. സി. ബുക്സ്, കോട്ടയം, 1993.
2. ഇ. എം. എസ്. നമ്പൂതിരിപ്പാട്, തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 1990.
3. കുട്ടികൃഷ്ണമാരാർ, രാജാങ്കണം, മാരാർ സാഹിത്യപ്രകാശം, കോഴിക്കോട് 2017.

4. കുട്ടികൃഷ്ണമാരാർ, കല ജീവിതം തന്നെ, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 1965.
5. കേസരി എ. ബാലകൃഷ്ണപിള്ള, കേസരിയുടെ സാഹിത്യവിമർശനങ്ങൾ, നാഷനൽ ബുക്സ്റ്റാൾ, കോട്ടയം, 1984.
6. എം. ഗോവിന്ദൻ, പുതിയ മനുഷ്യൻ പുതിയ ലോകം, ഡി. സി. ബുക്സ്, കോട്ടയം, 1999.
7. ജോസഫ് മുണ്ടശ്ശേരി, മുണ്ടശ്ശേരി കൃതികൾ, കറന്റ് ബുക്സ്, തൃശൂർ, 1981.
8. സി. ജെ. തോമസ്, സി.ജെ യുടെ ലേഖനങ്ങൾ, കേരള സാഹിത്യ അക്കാദമി, തൃശൂർ.
9. കെ. ദാമോദരൻ, കെ. ദാമോദരന്റെ സമ്പൂർണകൃതികൾ-വാല്യം 7 എന്താണു സാഹിത്യം, പ്രിന്റ് മീഡിയ, 2008.

## References

1. എം. പി. പോൾ, എം. പി. പോളിന്റെ സമ്പൂർണകൃതികൾ, മീഡിയ ഹൗസ്, ന്യൂഡൽഹി, 2012.
2. ഇ. വി. രാമകൃഷ്ണൻ, വിയോജിപ്പിന്റെ വാങ്മയങ്ങൾ, ഡി. സി. ബുക്സ്, കോട്ടയം, 1999.
3. എം. ലീലാവതി, കവിതാധ്വനി, നാഷണൽ ബുക്സ്റ്റാൾ, കോട്ടയം, 1986.
4. എം. എൻ. വിജയൻ, സമ്പൂർണകൃതികൾ വാല്യം 2, കറന്റ് ബുക്സ്, തൃശൂർ, 2009.

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

SGOU

Unit 2

# 1. വിശ്വദർശനം

എം. പി. ശങ്കുണ്ണിനായർ

## Learning Outcomes

- എം. പി. ശങ്കുണ്ണിനായരുടെ രചനകൾ മനസിലാക്കുന്നു
- ശങ്കരക്കുറുപ്പിന്റെ 'വിശ്വദർശനം' കവിത പരിചയപ്പെടുന്നു
- ഭാവഗീതങ്ങളുടെ സവിശേഷതകൾ മനസിലാക്കുന്നു
- വിമർശനത്തിലെ നവപ്രവണതകൾ തിരിച്ചറിയുന്നു
- എം. പി. ശങ്കുണ്ണിനായരുടെ വിമർശനപദ്ധതി പരിചയപ്പെടുന്നു

## Background

സംസ്കൃത പണ്ഡിതനും സാഹിത്യനിരൂപകനും ഗവേഷകനുമായിരുന്നു എം.പി. ശങ്കുണ്ണി നായർ. വൈവിധ്യമേറിയ വിജ്ഞാനമേഖലകളിലുള്ള അദ്ദേഹത്തിന്റെ അറിവ് സാഹിത്യനിരൂപണത്തെ, കേവല സൗന്ദര്യശാസ്ത്രങ്ങളുടെ പരിമിതവൃത്തത്തിനു പുറത്തു കടക്കാൻ അനുവദിച്ചു. മനഃശാസ്ത്രം, നരവംശശാസ്ത്രം മുതലായ വിജ്ഞാനമേഖലകളെ വിമർശനസാഹിത്യത്തിലേക്ക് കൂട്ടിക്കൊണ്ടുവന്ന ഈ നിരൂപകൻ ബഹുവിഷയാധിഷ്ഠിതമായ സമീപനത്തിലൂടെ സാംസ്കാരിക പഠനത്തിന്റെ ആദ്യകാലപാഠങ്ങൾ സൃഷ്ടിക്കുകയുണ്ടായി. 'പൂതപ്പാട്ടി'നെപ്പറ്റിയുള്ള പഠനം ഇത്തരത്തിൽ ഏറെ ശ്രദ്ധേയമായിരുന്നു. മൗലികമായ ഉപദർശനങ്ങൾ കൊണ്ട് സമൃദ്ധമായ എം. പി. ശങ്കുണ്ണിനായരുടെ പ്രബന്ധങ്ങൾ അന്യാദൃശമായ ഗഹനതയും ആധികാരികതയുമുള്ളതാണ്. കേരള സാഹിത്യ അക്കാദമി, കേന്ദ്ര സാഹിത്യ അക്കാദമി, ഓടക്കുഴൽ അവാർഡ് മുതലായ പുരസ്കാരങ്ങൾ അദ്ദേഹത്തിനു ലഭിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ കൃതിയായ `നാട്യമണ്ഡപം', നാടകകലയിലും നാട്യശാസ്ത്രത്തിലുമുള്ള അഗാധമായ പാണ്ഡിത്യം വെളിപ്പെടുത്തുന്നു. 'ഛത്രവും ചാമരവും' എന്ന കൃതി കാളിദാസകവിതയെപ്പറ്റിയുള്ള നിരവധി മൗലികനിരീക്ഷണങ്ങൾ അവതരിപ്പിക്കുന്നു. 'കാവ്യവ്യുല്പത്തി' എന്ന നിരൂപണകൃതി 'കണ്ണീർപ്പാടം', 'പൂതപ്പാട്ട്' മുതലായ കൃതികളെക്കുറിച്ചുള്ള ഏറെ ശ്രദ്ധേയമായ പഠനങ്ങളായിരുന്നു. മനഃശാസ്ത്രം, നരവംശശാസ്ത്രം, നവീനനിരൂപണതത്വങ്ങൾ എന്നിവയെ വിമർശനത്തിന്റെ മണ്ഡലത്തിൽ ഏറെ വിജയകരമായി സമന്വയിപ്പിച്ച് പ്രയോഗിച്ചു. നോബൽ സമ്മാന ജേതാവായ പേൾ എസ്. ബക്കിന്റെ 'ഗുഡ് എർത്ത്' എന്ന കൃതി 'നല്ലഭൂമി' എന്ന പേരിൽ മലയാളത്തിലേക്ക് വിവർത്തനം ചെയ്തു. 'കാളിദാസ നാടക വിമർശം' (സംസ്കൃതം), 'കത്തുന്ന ചക്രം' (1986), 'അഭിനവ പ്രതിഭ' (1989), 'നാടകീയാനുഭവം എന്ന രസം' (1989), *Points of contact between Prakrit and Malayalam* (1955) എന്നിവയും അദ്ദേഹത്തിന്റെ സൃഷ്ടികളാണ്.

## Keywords

എം. പി. ശങ്കുണ്ണിനായർ - സൗന്ദര്യശാസ്ത്രം - ജി. ശങ്കരക്കുറുപ്പ്- വിശ്വദർശനം - ഭാവഗീതം.

## Discussion

### 3.2.1 വിശദപഠനം
### വിശ്വദർശനം

ജി. ശങ്കരക്കുറുപ്പിന്റെ 'വിശ്വദർശനം' എന്ന കവിതയ്ക്ക് ശങ്കുണ്ണിനായർ അതേപേരിൽ നടത്തിയ നിരൂപണമാണ് പാഠഭാഗം. 'കാവ്യവ്യുൽപ്പത്തി' എന്ന സമാഹാരത്തിലാണ് ഈ നിരൂപണം ഉൾപ്പെടുത്തിയിരിക്കുന്നത്. നിൽക്കുന്നിടത്തു തന്നെ തറച്ചു നിൽക്കുവാൻ വേണ്ടി കിണഞ്ഞോടുകയാണ് മനുഷ്യൻ. ഭാഷ, സമ്പത്ത്, ഉല്പാദനോപകരണം, കല, കെട്ടുകഥ, മതം, സാമൂഹ്യഘടന, ഭരണകൂടം, യുദ്ധം എന്നിവയുടെ തുടരെയുള്ള നവീകരണമാണ് മനുഷ്യചരിത്രം. ഇവിടെ ശങ്കരക്കുറുപ്പിനെ ഋഷിയായും, വിരാട്പുരുഷനെ ദേവതയായും, കേകവൃത്തം ഛന്ദസ്സായ ഒരു വിശിഷ്ടസൂക്തമായി 'വിശ്വദർശന'ത്തെയും കാണുകയാണ് നിരൂപകൻ. ആധ്യാത്മഭാവനയിൽ നിന്നിളകാത്ത ശങ്കരക്കുറുപ്പിന്റെ ദൃഷ്ടിയിൽ ഏതു ശാസ്ത്രസങ്കൽപ്പവും ആധ്യാത്മിക ഭാവത്താൽ ബന്ധിതമായിരിക്കും. അതിനാൽ തന്നെ ഈ കവിത ശാസ്ത്രത്തിന്റെ ദ്വൈതഭാവത്തിന് ആത്മീയമായ പരിവേഷം നൽകുന്നു. 'വിശ്വദർശന'ത്തിലെ സ്ഥായീഭാവത്തെക്കുറിച്ച് ജി. തന്നെ പറയുന്നത് എന്തെന്നാൽ, കവികളുടെ പാരമ്പര്യസ്വത്തായ പാടങ്ങളും പറമ്പുകളും കഥാ-നാടകകൃത്തുക്കൾ കൈക്കലാക്കി ലാഭേച്ഛയാൽ യൂക്കാലിയും റബ്ബറും നട്ടു പിടിപ്പിച്ചു എന്നും അവശേഷിച്ച മുക്കാൽ വട്ടത്തിൽ അധികാരം നഷ്ടമാകാതിരിക്കാൻ പരമാവധി സത്യസന്ധത പാലിച്ചേ മതിയാവൂ കവിയ്ക്ക് എന്നും സദാ വികസിച്ചു കൊണ്ടിരിക്കുന്ന വിശ്വത്തിൽ അങ്ങനെ അകപ്പെട്ട ഒരു ഹൃദയത്തിന്റെ ഭാവപാരവശ്യമാണ് ഈ കവിതയുടെ സ്ഥായീഭാവം എന്നുമാണ്.

> ▶ 'കാവ്യവ്യുൽപ്പത്തി' എന്ന നിരൂപണ സമാഹാരത്തിലാണ് 'വിശ്വദർശനം'

ഭാവഗീതങ്ങളിൽ ആധ്യാത്മികമായ ഒരു അനുഭൂതിയെ വെറും ഭാവനയുടെ പുറത്ത് മാത്രം എടുത്ത് പ്രയോഗിക്കാനാവില്ല. മതതത്വങ്ങളെ സാഹിത്യത്തിൽ പ്രയോഗിക്കുന്നതിനെ സാമുവൽ ജോൺസൺ ശക്തിയുക്തം എതിർത്തിരുന്നു. മറ്റൊരു രീതിയിൽ സാഹിത്യം ക്രമേണ മതത്തിന്റെ സ്ഥാനം കരസ്ഥമാക്കുമെന്ന് മറ്റു ചിലരും പ്രത്യാശിച്ചിരുന്നു. ടാഗോർ കൃതികളിലും ആധ്യാത്മികവും പാവനവുമായ ഇത്തരം മണ്ഡലം കാണാം. മുഖം ചന്ദ്രനാണ് എന്ന രൂപകാലങ്കാരത്തിൽ മുഖം വിഷയവും ചന്ദ്രൻ വിഷയിയുമാണ്. വേദാന്തികൾക്കിടയിൽ സമ്പദുപാസനയെന്നും പ്രതീകോപാസനയെന്നും രണ്ട് ഉപാസനയുണ്ട്. സമ്പദുപാസനയിൽ വിഷയിക്കും പ്രതീകോപാസനയിൽ വിഷയത്തിനും പ്രാധാന്യം നൽകുന്നു. ഏകത്വത്തിലാണ് സാധകന്റെ ശ്രദ്ധ. കവിയാകട്ടെ ഏകത്വത്തെ അംഗീകരിക്കുകയും ഒപ്പം ജീവിത ഭംഗികളിൽ താൽപ്പര്യം കാണിക്കുകയും ചെയ്യുന്നു. ശങ്കരക്കുറുപ്പ് സാധകനോ കവിയോ എന്ന് ചോദിച്ചാൽ ശങ്കുണ്ണിനായർ പറയുന്നത് കവിയാണെന്നാണ്. സങ്കല്പപ്രധാനമായ ഉപാസനാകാണ്ഡത്തിൽ ചേർന്നതാണ് 'വിശ്വദർശന'മെന്നും. ശങ്കരക്കുറുപ്പിന്റെ കവിതകൾ ഭാവഗീതങ്ങളാണെന്നും ജീവിതത്തിന്റെ വികാരോഷ്മാവില്ലാത്ത അവ അന്യവല്ക്കരണം മാത്രമാണെന്നും അഭിപ്രായങ്ങളുണ്ട്. അവരെ സം

> ▶ ഏകത്വത്തിലാണ് സാധകന്റെ ശ്രദ്ധ

SGOU

ബന്ധിച്ച് ജീവിതത്തിന്റെ ഭാഗങ്ങളെ അവതരിപ്പിക്കാൻ കെല്പില്ലാതെ ആകാശം, അനന്തത, കാലം എന്നിങ്ങനെ വഴുതി നീങ്ങുന്ന ഒന്നായി 'വിശ്വദർശനം' എന്ന കവിതയും അപവാദമേൽക്കേണ്ടി വരാം.

'വന്ദനം സനാതനാനുക്ഷണവികസ്വര സുന്ദര പ്രപഞ്ചാദികന്ദമാം പ്രഭാവമേ' എന്ന പല്ലവിയും മറ്റും ഒരു വീക്ഷണകോടിയെ മൂർത്തമായി വിശേഷ നിഷ്കർഷമായി അവതരിപ്പിക്കുന്നുണ്ട്. ഈ വീക്ഷണകോടിയുടെ ഭാവനിർഭരതയെ പറ്റി ചിന്തിക്കുമ്പോൾ ബാഹ്യമോടികൾ വഴി ക്രമേണ ഉള്ളിലേയ്ക്ക് കടന്ന് സൗന്ദര്യസാക്ഷാത്കാരം നേടുന്ന പ്രതിസർഗരീതിയുണ്ട്. ഭാരതീയ പ്രതിമാശില്പവും മറ്റും ഉദാഹരണമാണ്. കവിതയുടെ കാര്യത്തിൽ ബീജമായ അനുഭവത്തെ ഗുണാലങ്കാര ഭംഗികളോടെ വികസിപ്പിച്ച് പൂർണമാക്കാം. തിരിച്ചുമാകാം. എല്ലാ കവിതയും ഒരേ തരമാകില്ല. ജി. ശങ്കരക്കുറുപ്പ് രണ്ട് രീതിയും സ്വീകരിക്കാറുണ്ടെന്നാണ് നിരൂപകന്റെ പക്ഷം. തന്നെത്താൻ കുരിശിൽ തറയ്ക്കുന്ന റൊമാന്റിക്ക് രീതിയും സമചിത്തതയോടെയുള്ള ക്ലാസിക്ക് രീതിയും. 'ഇന്നു ഞാൻ നാളെ നീ', 'പെരുന്തച്ചൻ', 'ആ സന്ധ്യ' മുതലായ കൃതികൾ ആദ്യഗണത്തിലും 'നക്ഷത്രഗീതം', 'സാഗരഗീതം' മുതലായവ രണ്ടാം ഗണത്തിലും വരുന്നു. നക്ഷത്രമാനമായ ആകാശത്തെ അത്ഭുതത്തോടെ വീക്ഷിക്കുന്ന ഭാഗങ്ങൾ 'വിശ്വദർശന'ത്തിൽ കാണാം. താരാപഥത്തെ ദൈവമായി കാണുന്ന ചില മതങ്ങളുണ്ട്. ആകാശം ഇടിഞ്ഞു വീഴുന്നതിൽ കവിഞ്ഞൊരത്യാഹിതമില്ലെന്ന് കരുതുന്നവരുമുണ്ട്. ഇവിടെ ഒരു ശ്രേഷ്ഠത ആകാശത്തിന് കൽപ്പിക്കുകയാണ്. ശങ്കരക്കുറുപ്പിന്റെ കവിതയിലെ താരാപഥ പ്രസക്തി ഈ പാരമ്പര്യത്തെ പിൻപറ്റിയാകാമെന്നാണ് ശങ്കുണ്ണിനായരുടെ പക്ഷം.

- റൊമാന്റിക് രീതിയും ക്ലാസ്സിക് രീതിയും

കവിതയുടെ ഒന്നാം ഖണ്ഡത്തിൽ സ്വയം പരിഷ്കരിക്കാൻ കഴിവുള്ള അന്തരംഗം പരിണാമപ്രവാഹത്തിലെ തടസങ്ങൾക്കിടയിലൂടെ വിടർന്നു വരുന്നതാണ് പ്രതിപാദിക്കുന്നത്. രണ്ടാം ഖണ്ഡത്തിൽ രാത്രിയെ അനന്തമായ മൗനസംഗീതം ആലപിക്കുന്നൊരു ദേവിയായി സങ്കൽപ്പിക്കുന്നു. അന്തിമഖണ്ഡത്തിൽ ആകാശത്തെ 'നീലനികുഞ്ജ' മെന്ന് വിശേഷിപ്പിക്കുന്നു. അതിൽ ചന്ദ്രലേഖയെന്ന കിളിക്കുഞ്ഞുണ്ട്, താരാമഞ്ജരികളുണ്ട്, ഭാവനയാകുന്ന മേഘങ്ങളുണ്ട്, ഭൂമിയാകുന്ന ചിത്രശലഭവുമുണ്ട്. ഇവയെല്ലാം പറക്കുക എന്ന ആശയത്തിന്റെ വിവിധ പ്രതീകങ്ങളാണ്. ഇവയൊന്നും തന്നെ വെറും മോടിക്കുവേണ്ടി തിരുകിവച്ച ചിത്രപ്പണികൾ മാത്രമല്ല. ശങ്കുണ്ണിനായർ ഈ പ്രതീകങ്ങളെ ഉപമിക്കുന്നത് ശ്രീകോവിലിലേയ്ക്ക് പോകുന്ന വഴി നമ്മെ ശുദ്ധീകരിച്ചു സമർഹരാക്കുന്ന ഉപദേവവിഗ്രഹങ്ങളോടാണ്.

- കാല്പനിക പ്രതീകങ്ങളെ ഉപമിക്കുന്നു

ബഹിരാകാശത്തിലെ സ്ഥിതിഗതികൾ മനസിലാക്കാൻ റോക്കറ്റോ സാറ്റലൈറ്റോ അയക്കും പോലെ 'വിശ്വദർശന'മെന്ന കവിത ബഹിരാകാശത്തേക്കയച്ച ബലൂണാണെന്ന് പറയാം. ഇത് മോശമാണെന്ന അർത്ഥത്തിലല്ല; പകരം സത്യരശ്മികൾ തിരഞ്ഞുപിടിക്കത്തക്ക ശക്തിയില്ലെങ്കിലും ഒരു ബലൂണിന്റെ കാര്യക്ഷമത ഉണ്ടെന്ന് പറയുകയാണ്. 'വിശ്വദർശന'ത്തിന്റെ ഘടന ഒരു ബലൂണിന്റെ നിറയലിനോടും ഒഴിയലിനോടും സാദൃശ്യമുള്ള രീതിയിലാണ്. 'ജീവാങ്കുര'മെന്ന ഒന്നാം ഖണ്ഡം അന്തരംഗസ്തുതിയിൽ സമാപ്തമാകുന്നു. അന്തരംഗസ്പന്ദനമായ ജിജ്ഞാസയെ സ്പർശിച്ചുകൊണ്ടു തുടങ്ങുന്ന രണ്ടാം ഖണ്ഡ

മാകട്ടെ, യാമിനീദേവിയുടെ ഗാനം, കവിയുടെ സഹഗാനം, യവനികാനിരാസം എന്നിത്രയുംകൊണ്ടു പര്യവസിതമായി. മൂന്നാം ഖണ്ഡം പിന്നെയും യാമിനിയെന്ന ഗായികയെ സംബോധന ചെയ്തുകൊണ്ടു തുടങ്ങുന്നു. ദൃശ്യമഹിമ, ശാസ്ത്രഗർവനിന്ദ എന്നിവയിലൂടെ യശോദാകഥയിൽ വന്നു വിശ്രമിക്കുന്നു. കവിതയ്ക്ക് സ്ഥൂലവും ലീനവുമായ ഘടനാ ശില്പങ്ങളുണ്ട്. ഈ രണ്ട് വീക്ഷണഗതികളുടെ സംരഞ്ജനമാണ് 'വിശ്വദർശനം'. കവിതകളിൽ പ്രത്യേകിച്ച് ഭാവഗീതങ്ങളിൽ ഇവ രണ്ടിന്റേയും സമന്വയം അത്ര എളുപ്പമാകാറില്ല. റൊമാന്റിസിസത്തിലെ വ്യക്തിപൂജയുടെ ഫലമായി മനുഷ്യന്റെ അഹന്ത ക്രമാധികം വർദ്ധിച്ച് പോകാം. 'വാത്മീകിരാമായണ'ത്തിലെ ഒരു ഭാഗത്തെ മുൻനിർത്തി മനുഷ്യഗർവ്വിനെ നിരൂപകൻ ഉദാഹരിക്കുന്നുണ്ട്.

> ▶ രണ്ട് വീക്ഷണഗതികളുടെ സംരഞ്ജനമാണ് വിശ്വദർശനം

## നിരൂപണത്തിലെ ഒരു ഭാഗം നോക്കാം

തന്റേയോ പരന്റേയോ ബുദ്ധിബലംകൊണ്ടു മദിച്ചു ജിതകാശിയായി സടവിടർത്തി ഗർജിക്കുന്ന മനുഷ്യന്റെ ഗർവമാകുന്ന ബലൂൺ നിറഞ്ഞു പൊങ്ങുന്നതും ദൂരയാത്രയുടെ ഫലമായി ഒഴിഞ്ഞ്, സൂര്യന്റെ നേരേ പറന്ന സമ്പാതിയെപ്പോലെ, തിരിച്ചുവീഴുന്നതും നാം വിശ്വദർശനത്തിൽ കാണുന്നു. ജോർജ്ജ് മെരിഡിത്തിന്റെ 'ലൂസിഫർ ഇൻ സ്റ്റാർ ലൈറ്റ്' എന്ന കവിതയിലെ രണ്ടു വരികൾ ഇവിടെ ഉദ്ധരിക്കുന്നു: He reach'd a middle height, and at the stars Which are the brain of heaven, he look'd and sank.' വിശ്വദർശനത്തിലാകട്ടെ,

'മുകളിൽത്തിളങ്ങുമാ മുഗ്ദ്ധമഞ്ജരികളെ മുകർന്നും മാധു<br>
ര്യങ്ങൾ നുകർന്നും മദമാർന്നും പറന്നും പലതിലുമിരുന്നും<br>
തന്നെത്തന്നെ മറന്നും പ്രകാശത്തിൻ പൊടിയിലാറാടിയും<br>
തുംഗകൗതുകം പൊങ്ങിപ്പൊങ്ങിപ്പോയങ്ങാകാശഗംഗയാം<br>
നക്ഷത്രപ്പൂങ്കുലമേൽ മേവീടുന്നു. എന്നിട്ടൊടുക്കമോ?<br>
'ഞാനഹങ്കാരത്തോടെ കയ്യിലേന്തിയതാണി -<br>
പ്പേന, വയ്ക്കട്ടേ താഴെക്കുനിഞ്ഞും വിറപൂണ്ടും'

ഉൾഗതിയുടേയും അധോഗതിയുടേയും വിരുദ്ധചലനങ്ങൾ ഈ കവിതയുടെ രൂപത്തിനും ഭാവത്തിനും നാടകീയത്വമുണ്ടാക്കുന്നു.

> ▶ ഉൾഗതിയുടേയും അധോഗതിയുടേയും വിരുദ്ധ ചലനങ്ങൾ

## Summarised Overview

ജി. ശങ്കരക്കുറുപ്പിന്റെ 'വിശ്വദർശനം' എന്ന കവിത ഭക്തിമാർഗത്തിൽ ചേർന്ന ഒരു വെറും സങ്കീർത്തനകാവ്യം മാത്രമല്ല. വിശ്വത്തെ അളക്കാൻ സാധിക്കില്ലെന്ന ബോധം കവിയ്ക്കുണ്ട്; എന്നാൽ അളന്നു നോക്കാനുള്ള മോഹവുമുണ്ട്. ആ വിരോധാഭാസം ഇവിടെ കാണാം. ഇതിനെ സബ്ലിമിറ്റിയായിട്ടാണ് ശങ്കുണ്ണിനായർ പറയുന്നത്.

പ്രസന്നമായ ക്ലാസിക്ക് രീതിയിലാണ് 'വിശ്വദർശന'ത്തിന്റെ രചന. താളക്കൊഴുപ്പു തികഞ്ഞ കേക വൃത്തത്തിലാണ് എഴുത്ത്. 'വിശ്വദർശന'ത്തിലെ അഗാധമായ അർത്ഥതലങ്ങൾക്ക് മുഴക്കമുണ്ടാക്കാൻ കേകയ്ക്ക് സാധിക്കുന്നുണ്ട്. സംസ്കൃത പ്രസരം ഏറിയ ഭാഗത്തും കാണു



SGOU

ന്നതിനെ ശങ്കുണ്ണിനായർ സാധൂകരിക്കുന്നത് സംസ്കൃതത്തെ കൈരളിക്ക് തഴയാനാവില്ലെന്ന വാദത്താലാണ്. എന്നാൽ വാച്യാർത്ഥത്തെ ഹനിക്കാത്തതിനാൽ ഈ സംസ്കൃതപ്രസരമൊരു കുറവല്ലെന്ന് നിരൂപകൻ സമർത്ഥിക്കുന്നു. ശാസ്ത്രവും മാനവീയതയും തമ്മിലകന്നുപോയിക്കൊണ്ടിരിക്കുന്ന യുഗത്തിൽ സമന്വയലോലുപനായ ഒരു കവി ശാസ്ത്രതത്പരന്മാരുടെ നേർക്ക് സൗഹാർദ്ദഹസ്തം നീട്ടിയിരിക്കുന്നു. ആ പ്രവൃത്തിയുടെ പിന്നിലുള്ള സൗമനസ്യത്തെ വിശകലനം ചെയ്യാൻ ശ്രമിച്ചിരിക്കയാണ് ഈ ലേഖനത്തിൽ താനെന്ന് പറഞ്ഞ് നിരൂപകൻ നിർത്തുന്നു.

ശങ്കരക്കുറുപ്പ് കാവ്യഭാഷയെ കണിശത്തോടും പരിശുദ്ധിയോടും പാലിക്കുന്നു. ഈ പരിശുദ്ധിയെ കുറിച്ച് നിരൂപകൻ പറയുന്നത്, 'ചോരയും കണ്ണീരും വിയർപ്പും കള്ളിന്റെ മട്ടും ചേർന്നു വളം വയ്ച്ച കുട്ടനാടൻ മണ്ണിൽ വളർന്നതുകൊണ്ടുള്ള മുരടുബലമല്ല കുറുപ്പിന്റെ പദങ്ങൾക്കുള്ളത്. അവയ്ക്കുള്ളത് ഒരുതരം പരിശുദ്ധിയാണ്. വൈയാകരണന്റെ പരിശുദ്ധി മാത്രമല്ല, ജാതിക്ക, ചന്ദനം, കരയാമ്പൂ, താലപത്രം മുതലായ വാസനദ്രവ്യങ്ങളുള്ള മലയാറ്റൂർ മലവഴിയായി വരുന്ന പൊരുനയാറുണ്ടല്ലോ; അതിന്റെ കരകളിലെ കറുകനാമ്പിന്റെ പരിശുദ്ധിയും കൂടിയുണ്ട്. പ്രസന്ന വിശുദ്ധമായ ഒരന്തരീക്ഷം സൃഷ്ടിക്കുവാൻ ആ പദങ്ങൾക്കു കെൽപുണ്ട്'. ഇന്നോളം താൻ സിദ്ധിച്ച ഭാഗങ്ങളേയും കൽപനകളേയും 'വിശ്വദർശന'ത്തിൽ സ്വരൂപിച്ചിരിക്കുകയാണ് ശങ്കരക്കുറുപ്പ്.

## Assignments

1. 'നിൽക്കുന്ന സ്ഥലത്തു തന്നെ തറച്ചു നിൽക്കുവാൻ വേണ്ടി കിണഞ്ഞോടുകയാണ് മനുഷ്യൻ' - ഈ നിരീക്ഷണത്തിന്റെ പ്രസക്തി വിശകലനം ചെയ്യുക.
2. 'സദാ വികസിച്ചു കൊണ്ടിരിക്കുന്ന വിശ്വത്തിൽ അങ്ങനെ അകപ്പെട്ട ഒരു ഹൃദയത്തിന്റെ ഭാവപാരവശ്യം'- 'വിശ്വദർശന'ത്തെ ഇങ്ങനെ വിശേഷിപ്പിക്കാൻ കാരണം ലേഖനത്തെ മുൻനിർത്തി പരിശോധിക്കുക.
3. വേദാന്തികൾക്കിടയിലെ രണ്ടു തരം ഉപാസനകളേതെല്ലാം? 'വിശ്വദർശനം' നിരൂപകന്റെ അഭിപ്രായത്തിൽ ഏത് ഗണത്തിൽപ്പെടും - ചർച്ച ചെയ്യുക.
4. ശങ്കരക്കുറുപ്പിന്റെ കവിതകളെ കുറിച്ചുള്ള ദൂഷണങ്ങളെ നിരൂപകൻ 'വിശ്വദർശന'ത്തെ മുൻനിർത്തി എങ്ങനെ ഖണ്ഡിക്കുന്നു - വിശകലനം ചെയ്യുക.
5. വിശ്വദർശനമെന്ന കവിതയെ ബഹിരാകാശത്തേക്കയച്ച ബലൂണുമായി ഉപമിക്കാൻ കാരണമെന്തെന്നു അപഗ്രഥിക്കുക.
6. ഭാവഗീതങ്ങളുടെ സവിശേഷതകൾ വിശദീകരിക്കുക.
7. എം. പി. ശങ്കുണ്ണിനായരുടെ വിമർശനരീതി വ്യത്യസ്തമാകുന്നതെങ്ങനെയെന്ന് വിശദീകരിക്കുക

## Suggested Readings


1. സ്മിതാദാസ്, എം. പി. ശങ്കുണ്ണിനായർ, നിരൂപകനഭസ്സിലെ ഒറ്റനക്ഷത്രം, കറന്റ് ബുക്സ്, തൃശ്ശൂർ, 2016.
2. എം. പി. ശങ്കുണ്ണിനായർ, കാവ്യവ്യുത്പത്തി, എസ്. പി. സി. എസ്., കോട്ടയം, 1974.
3. എം. പി. ശങ്കുണ്ണിനായർ, ഛത്രവും ചാമരവും, ഡി. സി. ബുക്സ്, കോട്ടയം, 1990.
4. എം. പി. പോൾ, എം. പി. പോളിന്റെ സമ്പൂർണകൃതികൾ, മീഡിയ ഹൗസ്, ന്യൂഡൽഹി, 2012.


## References


1. എം. ലീലാവതി, കവിതാധ്വനി, നാഷനൽ ബുക്സ്റ്റാൾ, കോട്ടയം, 1986.
2. എം. എൻ. വിജയൻ, സമ്പൂർണകൃതികൾ വാല്യം 2 കറന്റ് ബുക്സ്, തൃശ്ശൂർ, 2009.
3. വി. സി. ശ്രീജൻ, തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ, കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ, 2020.
4. ഷാജി ജേക്കബ് (എഡി.), ആധുനികാനന്തര മലയാള സാഹിത്യവിമർശനം, സൈകതം ബുക്സ്, കോതമംഗലം, 2013.
5. ഷാജി ജേക്കബ് (എഡി.), സാംസ്കാരികവിമർശവും മലയാളഭാവനയും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2014.
6. സുകുമാർ അഴീക്കോട്, മലയാള സാഹിത്യവിമർശനം, ഡി. സി. ബുക്സ്, കോട്ടയം, 1988.
7. വി. സി.ഹാരിസ്, എഴുത്തും പറച്ചിലും, വി. സി. ഹാരിസ് പ്രസാധകസമിതി, 2019


# 2. സഹ്യന്റെ മകൻ

**എം. എൻ. വിജയൻ**

## Learning Outcomes

- എം. എൻ. വിജയന്റെ നിരൂപണപദ്ധതി പരിചയപ്പെടുന്നു
- വൈലോപ്പിള്ളിയുടെ 'സഹ്യന്റെ മകൻ'എന്ന കവിതയെ അടുത്തറിയുന്നു
- മനഃശാസ്ത്രനിരൂപണം പരിചയപ്പെടുന്നു
- വൈലോപ്പിള്ളിയുടെ സർഗവ്യക്തിത്വത്തിന്റെ സവിശേഷതകൾ തിരിച്ചറിയുന്നു

## Background

കാവ്യവിശകലനത്തിനും ജീവിതവ്യാഖ്യാനത്തിനും മനഃശാസ്ത്രത്തെ ഉപയോഗപ്പെടുത്തുന്ന മലയാളത്തിലെ ഏക വിമർശകൻ എം. എൻ. വിജയനാണ്. അദ്ദേഹം ഫ്രോയ്ഡിന്റെ സിദ്ധാന്തങ്ങളുടെ അടിസ്ഥാനത്തിൽ സാഹിത്യകൃതികളെ സമീപിക്കുകയും, വിദഗ്ധമായി വിശകലനം ചെയ്തുകൊണ്ട് ഈ വിമർശനശാഖയുടെ സാന്നിധ്യം അറിയിക്കുകയും ചെയ്തു. കലയുടെ വ്യതിരിക്ത സ്വഭാവം മനഃശാസ്ത്രദൃഷ്ട്യാ നിരീക്ഷിക്കുന്ന അദ്ദേഹത്തിന്റെ പഠനങ്ങൾ പ്രശസ്ത സാഹിത്യകാരന്മാരുടെ രചനകൾ മുൻനിർത്തി അവരുടെ സർഗവ്യക്തിത്വത്തിന്റെ സവിശേഷതകൾ അനാവരണം ചെയ്യുന്നവയാണ്. ഭാരതീയ സംസ്കാരത്തെയും ആധുനിക നാഗരികതയെയും സംബന്ധിച്ച മനഃശാസ്ത്രവിശദീകരണങ്ങളും ശ്രദ്ധേയമാണ്. കാളിദാസൻ, കുമാരനാശാൻ, ജി. ശങ്കരക്കുറുപ്പ്, ചങ്ങമ്പുഴ, വൈലോപ്പിള്ളി, വൈക്കം മുഹമ്മദ് ബഷീർ എന്നിവരെയാണ് എം. എൻ. വിജയൻ പഠനപരിധിയിൽ ഉൾപ്പെടുത്തിക്കാണുന്നത്.

അമ്പതുകളുടെ ആദ്യവർഷങ്ങളിൽ തന്നെ പ്രൊഫ. എം. എൻ. വിജയന്റെ പ്രൗഢങ്ങളായ നിരൂപണങ്ങൾ പ്രത്യക്ഷപ്പെടുകയുണ്ടായി. അവയിൽ വൈലോപ്പിള്ളിക്കവിതയെക്കുറിച്ചുള്ള നിരീക്ഷണങ്ങളാണ് സവിശേഷശ്രദ്ധ പിടിച്ചുപറ്റിയത്. എന്നാൽ അവയിലൊന്നും തന്നെ മനഃശാസ്ത്രതത്വങ്ങൾ പ്രയോഗിക്കുകയുണ്ടായിട്ടില്ല. 1952 അവസാനത്തിൽ 'ഓണപ്പാട്ടുകാർ' ക്ക് എഴുതിയ അവതാരികയിൽ യുങിന്റെ വർഗസ്മൃതിസിദ്ധാന്തം പരാമർശിക്കുന്നുണ്ട് എന്നു മാത്രം.

വൈലോപ്പിള്ളിയുടെ പ്രശസ്തമായ 'മാമ്പഴ'ത്തെക്കുറിച്ചുള്ളതാണ് മറ്റൊരു ലേഖനം. അതിന്റെ അസാധാരണമായ ആസ്വാദ്യതയാണ് മനഃശാസ്ത്രപരമായി ചിന്തിക്കാൻ അദ്ദേഹത്തെ പ്രേരിപ്പിക്കുന്നത്. ഈ കവിതയുടെ രചനയ്ക്കു പ്രേരകമായ സംഭവത്തെക്കുറിച്ച് പരാമർശങ്ങളുണ്ടെങ്കിലും കവിയുടെ അബോധചേതനയുടെ സാന്നിധ്യമാണ് കവിതയ്ക്കു നിസ്തുലമായ ആകർഷകത്വം നല്കുന്നത് എന്നതാണ് നിരൂപകന്റെ ആശയം. ചിട്ട, നിർബന്ധബുദ്ധി, മിതവ്യയം തുടങ്ങിയ ഏനൽ സ്വഭാവങ്ങൾ വൈലോപ്പിള്ളിക്കെന്ന പോലെ ആശാനുമുണ്ട് എന്നു നിരൂപകൻ അഭിപ്രായപ്പെടുന്നുണ്ട്.

## Keywords

ഗന്ധബിംബങ്ങൾ - മനോവിശ്ലേഷണം - ഏനൽഇറോട്ടിക്ക് - അബോധമനസ് - രതി - മനഃശാസ്ത്ര നിരൂപണം - വൈലോപ്പിള്ളി കവിത.

## Discussion

### 3.2.2 വിശദപഠനം - സഹ്യന്റെ മകൻ

വൈലോപ്പിള്ളി ശ്രീധരമേനോന്റെ 'സഹ്യന്റെ മകൻ' എന്ന കവിതയ്ക്ക് എം. എൻ. വിജയൻ എഴുതിയ അതേപേരിലുള്ള നിരൂപണമാണ് 'സഹ്യന്റെ മകൻ'. എം. എൻ. വിജയന്റെ 'വൈലോപ്പിള്ളി' എന്ന നിരൂപണ ഗ്രന്ഥത്തിലാണ് പ്രസ്തുത ലേഖനം ഉൾപ്പെടുത്തിയിട്ടുള്ളത്. വൈലോപ്പിള്ളിക്കവിതകളിൽ നിറഞ്ഞു നിൽക്കുന്നത് ഗന്ധബിംബങ്ങളുടെ പെരുപ്പവും കരുത്തുമാണ്. കാളിദാസന്റേയും കുമാരനാശാന്റേയും കവിതകളിൽ ഈ സാമ്യങ്ങൾ കാണാമെങ്കിലും ജി. ശങ്കരക്കുറു

പ്പ് ഇവയിൽ നിന്നകന്നാണ് നിൽക്കുന്നത്. അദ്ദേഹത്തിന്റെ കവിത ഗന്ധലോകത്തു നിന്നകന്ന് മൃദുലചർമത്വമാണ് സ്വീകരിച്ചിരിക്കുന്നത്. വൈലോപ്പിള്ളിയിലാകട്ടെ ഈ സ്പർശം ഇന്ദ്രിയസംവേദനമല്ല. വള്ളത്തോളിലും എൻ. വി. കൃഷ്ണവാര്യരിലും എത്തുമ്പോൾ അനുഭവം എന്നതൊരു ദൃശ്യപരമ്പരയാണ്. എൻ. വി. യുടെ കവിതകളിൽ ഒരു പനോരമിക് ചിത്രചിന്താരീതി കാണാം. ദൃശ്യചിത്ര സമൃദ്ധി എന്നും പറയാം. എന്നാൽ വൈലോപ്പിള്ളിക്കവിതകളെ കുറിച്ച് ഈ അവകാശവാദങ്ങൾ നടത്താനാകില്ലെന്ന് എം. എൻ. വിജയൻ അഭിപ്രായപ്പെടുന്നു. താളം ഉണ്ടെങ്കിലും രാഗം വൈലോപ്പിള്ളിക്കവിതകളിൽ കുറവാണ്. എന്നാൽ ഗന്ധങ്ങളുടെ ഒരു സാമ്രാജ്യം അതിലുണ്ട് താനും.

- ▶ വൈലോപ്പിള്ളിക്കവിതകളിലെ ഗന്ധ ബിംബങ്ങൾ

‘അമൃതിൽ മണമെന്റെ
ജീവനിൽ തളച്ചിട്ടു
ണ്ടതിലല്പമെൻ പാട്ടിൽ
വാറ്റുവാൻ കഴിഞ്ഞെങ്കിൽ!’

ഇവിടെ മരണത്തെ ജയിച്ച അനുഭവത്തിന്റെ മണമാണ് കവിതയിലെ ജീവൻ. ‘ലില്ലിപ്പൂക്കൾ’, ‘നിന്റെ ഹൃദയം’ തുടങ്ങിയ കവിതകളിലൊക്കെ ഈ ഗന്ധത്തിന്റെ പ്രയോഗം കാണാം. വിചിത്രമായ രതി തന്നെയായി അത് കവിതയിൽ പ്രത്യക്ഷപ്പെടുന്നു. ഈ രതി ജീവിതരതിയാണ്. ‘വർക്കത്തുകെട്ട താറാവ്’ എന്ന കവിതയിൽ കവിത ഒരു സുഗന്ധമായി, ചുംബനമായി, രതിയായി കിനിഞ്ഞിറങ്ങുന്നു. ജീവിതത്തിലെ അനുഭൂതികളുടെ സുഗന്ധമാണത്.

‘നാട്ടുമാവുകൾതോറുമേ തെക്കൻ–
കാറ്റു വാസനത്തീയെരിയിക്കേ.’

വാസനയെ തീയായി, കാറ്റിൽ വർധിച്ചു നിൽക്കുന്ന കാമം രേതസ്സായി ഇത്രയും തീവ്രാനുഭൂതിയോടെ മറ്റാരും എഴുതിയിട്ടില്ലെന്ന് നിരൂപകൻ അഭിപ്രായപ്പെടുന്നുണ്ട്. വൈലോപ്പിള്ളി എന്ന കവിയെ സഹ്യന്റെ മകനെന്ന് വിളിക്കുന്ന എം. എൻ. വിജയൻ, കവിയുടെ ഗന്ധതാല്പര്യങ്ങൾ കവിതയുടെ നറുമണമായി മാത്രം തള്ളിക്കളയാവുന്ന ഒന്നല്ല എന്നും, അതിൽ മനുഷ്യസ്വഭാവത്തിന്റെ ഒരു പട തന്നെ ഉണ്ടെന്നും നിരീക്ഷിക്കുന്നു. മാനസികാപഗ്രഥനത്തിന്റെ അഥവാ മനശ്ശാസ്ത്ര നിരൂപണത്തിന്റെ തലത്തിൽ ചിന്തിക്കുമ്പോൾ ഏനൽ ഇറോട്ടിക്ക് സ്വഭാവശൈലി ഈ ഗന്ധതാല്പര്യത്തിൽ കാണാം. മനോവിശ്ലേഷണം എന്ന പുത്തൻ വിജ്ഞാനം കലാരൂപത്തിന്റെ അർഥത്തെ സൂക്ഷ്മവും ഗംഭീരവുമാക്കും.

- ▶ വിചിത്രമായ ജീവിത രതി

സ്വഭാവശാസ്ത്രത്തെക്കുറിച്ചുള്ള ഫ്രോയ്ഡിന്റെ പഠനങ്ങളിൽ മനുഷ്യശരീരത്തിന്റെ മൂന്നു കവാടങ്ങളായ ജനന വിസർജനേന്ദ്രിയങ്ങൾക്കും വായയ്ക്കും ലൈംഗിക പ്രാധാന്യമുണ്ടെന്ന് വിശദീകരിക്കുന്നു. മുലക്കണ്ണ് ചപ്പുന്ന ശിശുവിന്റെ ആദ്യാനുഭൂതികൾ അവന്റെ ഭാവിസ്വഭാവത്തെ നിർമ്മിക്കുന്നുണ്ട്. അമ്മയോടും ലോകത്തോടും ആ ശിശുവിനെ ബന്ധിപ്പിക്കുന്നതും ആഹാരനിഹാരങ്ങളിൽക്കൂടി സുഖദു:ഖങ്ങളനുഭവിപ്പിക്കുന്നതും വായാണ്. ശിശുവിന്റെ രണ്ടാം ലൈംഗികഘട്ടം വിസർജനപ്രക്രിയയാണ്. ഒരു ശിശു വളർന്നു വരുമ്പോൾ

വദനതലത്തെയെന്ന പോലെ ഈ ലൈംഗികതലത്തെയും അവൻ സാധാരണമായിത്തന്നെ തരണം ചെയ്യും. വേഗങ്ങൾ നിരോധിച്ച് നിൽക്കുന്നത് അവനിൽ ഒരാന്തരസുഖം നൽകും. വേഗം നിരോധിക്കലും പിന്നീടത് സാധിക്കലും ശിശുവിന്റെ അഗാധമായ ആനന്ദമായി മാറും. ഇത് അവന്റെ സ്വഭാവത്തെ ശക്തമായി രൂപപ്പെടുത്തുമെന്ന് ഫ്രോയിഡ് കണ്ടെത്തി. തന്റെ ശരീരത്തിൽ നിന്നു പുറത്തു വരുന്ന വിസർജനത്തിന്റെ ആർദ്രവും മന്ദോഷ്ണവുമായ സ്പർശം, ശിശുവിനു സുഖദമായ ഒരു അനുഭവമാണ്. സംസ്കൃതചിത്തനായ മുതിർന്ന മനുഷ്യന് ഇതോർക്കാൻ പോലും വിഷമമായിരിക്കും. ഈ സ്പർശനസുഖം അതിനോടനുബന്ധിച്ച് ഗന്ധമോക്ഷത്തെയും സുഖകരമായ അനുഭവമാക്കിത്തീർക്കുന്നു. ഏനൽ സ്വഭാവത്തിൽ ഗന്ധം ഒരു മുഖ്യ താത്പര്യമായിത്തീരുന്നതിങ്ങനെയാണ്. സംസ്കരിക്കപ്പെടുന്ന പുരുഷതാത്പര്യം (coprophilia) ചായക്കൂട്ടുകളിലും പ്രതിമാനിർമാണത്തിലും ഉള്ള വൈദഗ്ധ്യമാകുന്നതുപോലെ ഗന്ധതാത്പര്യം സുഗന്ധവ്യവസായമായി വളരുന്നു. കവികളിൽ ഇതു ഗന്ധബിംബങ്ങളുടെ വാങ്മയ വ്യവസായമാണ്.

▶ ഏനൽ ഇറോട്ടിക്ക് സ്വഭാവശൈലി

വൈലോപ്പിള്ളി കവിതകളിലെ സ്വർണപരാമർശങ്ങൾ നമ്മുടെ മനസിലെ ഏനൽ ചിത്തവൃത്തികളെ ഉണർത്തുന്നു. സ്വർണം വിസർജിക്കുന്ന ആട്, മറ്റ് പക്ഷിമൃഗാദികൾ എന്നിവയെക്കുറിച്ച് നമ്മുടെ നാടോടിസാഹിത്യത്തിൽ കാണാം. മഹാഭാരതത്തിലെ സൃഞ്ജയ രാജാവിന് പർവ്വതൻ സമ്മാനിച്ച ബാലൻ തുപ്പുന്നത് (വിസർജിക്കുന്നത്) സ്വർണമായിരുന്നുവെന്നതും ദക്ഷിണേന്ത്യയിലെ ചില ആദിമവാസികൾ വിസർജനത്തിൽ നിന്ന് ശിശുക്കൾ ഉണ്ടാകുമെന്ന് കരുതിയിരുന്നതും മനുഷ്യന്റെ ആദിമഭാവനകൾ എങ്ങനെ അനുഭൂതികളെ കൂട്ടിക്കലർത്തുന്നുവെന്നത് സ്പഷ്ടമാക്കുന്നു. വൈലോപ്പിള്ളിയുടെ 'പെണ്ണും പുലിയും' എന്ന കവിതയ്ക്ക് ആധാരമായ തമിഴ് നാടോടിക്കഥയിൽ അമ്മാളുവിനെ പിടിക്കാൻ വന്ന പുലിയെ കണ്ട് പേടിച്ച അവളുടെ സഹോദരന്മാർ പേടിച്ച് വിമോചിച്ച മൂത്രാദികളുടെ പെരുപ്പത്തിൽ അമ്പരക്കുന്നത് - ദൗർബല്യം ബലവുമാവാം എന്ന പാഠമാണ് നൽകുന്നത്. ഏനൽ ഉദാത്തീകരണത്തിന്റെ സവിശേഷത ഗന്ധത്തിലെന്ന പോലെ പുക, വെളിച്ചം, സ്ഫോടം എന്നിവയിലും കാണാം. വൈലോപ്പിള്ളിക്ക് പുകയോടുള്ള പക്ഷപാതം ഇതിന് തെളിവായി നിരൂപകൻ നിരത്തുന്നു. 'കാക്ക' എന്ന കവിതയിൽ 'മധുരക്കിഴങ്ങ് വള്ളി പോലെ പടരുന്ന പുക ലോകം ഉണരുന്നതിന്റെ ചിഹ്നവും ജീവിതത്തിന്റെ കൊടിക്കൂറയും ആകുന്നു. 'കുടിയൊഴിക്കലിൽ' ചിന്താലോല ധൂമിക എന്നത് ജീവിതത്തിന്റെ സൂക്ഷ്മഭാവമായിട്ടാണ് പ്രകടമാകുന്നത്.

▶ കടുത്ത സഹനശക്തി അഥവാ കടുംപിടിത്തങ്ങളും നർമ്മസിദ്ധിയും

ഹോമധൂമം എന്ന ബിംബം, 'ആസാം പണിക്കാർ' തുടങ്ങി നിരവധി കവിതകളിൽ പ്രത്യക്ഷപ്പെടുന്നു. 'ഗണപതി ഹോമം' എന്ന കവിതയിൽ,

'മക്കളേ നുകർന്നാലും
നിങ്ങളീപ്പുകമണം
ഭാരതസംസ്കാരത്തിൻ
വ്യമാം പരിമളം'

ഇവിടെ ഹോമധൂമാദികൾക്ക് നൽകുന്ന പ്രാധാന്യം ഏനൽ സ്വഭാവത്തോടു കൂടിയതാണ്. ഏറ്റവും ക്ഷുദ്രമായതു തന്നെ ഏറ്റവും ഉദാത്തവും എന്ന ഫ്രോയിഡിന്റെ നിരീക്ഷണത്തിന് ഉദാഹരണമാണ് ഈ പുകമണം. ധൂമഗന്ധങ്ങൾ എന്ന പോലെ തന്നെ സ്ഫോടശബ്ദങ്ങളും ഏനൽ രതിയുടെ താൽപര്യങ്ങളാണ്. പൊട്ടിത്തെറിക്കുന്ന ഫലിതത്തിൽ വൈലോപ്പിള്ളിക്കുള്ള അഭിനിവേശം ഇതിനുദാഹരണമാണ്. കടുത്ത സഹനശക്തി അഥവാ കടുംപിടിത്തങ്ങളും നർമസിദ്ധിയും ഏനൽ സ്വഭാവഘടകം തന്നെ. 'ദൈവത്തിൻ ചിരിയിൽ നിന്നല്ലയോ വെളിച്ചമുണ്ടായ് വന്നു' എന്ന വരികളിൽ ലോകദു:ഖങ്ങളെ ഒരു പൊട്ടിച്ചിരിയാൽ പൊട്ടിത്തെറിപ്പിക്കുകയാണ് കവി. ഗന്ധം, ധൂമം, സ്ഫോടം, ഫലിതം എന്നിങ്ങനെ ഏനൽരതിയുടെ വിഭിന്നമുഖങ്ങൾ വൈലോപ്പിള്ളി കവിതയിൽ കാണാം. കാമുകിയെ മുകരുമ്പോൾ പിച്ചിപ്പൂമണമോ, നിൻ കരളിൻ സുഗന്ധമോ എന്ന് സന്ദേഹിക്കുന്ന കവിയ്ക്ക് ചുണ്ടുകൾ പോലും മൂക്കിന്റെ തുടർച്ചയാകുന്നു. 'കുടിയൊഴിക്കലിൽ' എത്തുമ്പോൾ തൊഴിലാളിപ്പെണ്ണിന് കൊയ്ത്തു നെല്ലിന്റെയും ആദ്യത്തെ പെയ്ത്തു മണ്ണിന്റെയും മണമാണ്. പാകപ്പെടുത്തിയ ഓർമയും അതിന്റെ ആസ്വാദനവുമാണ് വൈലോപ്പിള്ളിക്കവിതയിലെ ജീവിതാനന്ദം.

▶ ഫലിതത്തിൽ വൈലോപ്പിള്ളിക്കുള്ള അഭിനിവേശം

'മാമ്പൂവിൻ നിശ്വാസമേറ്റോർമ്മകൾ മുരളുമ്പോൾ
നാംപൂകുകല്ലീ വീണ്ടും ജീവിതമധുമാസം'

ഇവിടെ ദീപനാളം ദൃശ്യലോകത്തെ എന്ന പോലെ ഗന്ധനാളം കവിയുടെ ഭൂതകാലത്തെ അനാവരണം ചെയ്യുന്നു.

'ഹാ, വെറുത്തിലേ ഞാനീ
യാശുപത്രിയെ ജ്ജീർണ
ജീവിതഗന്ധം പൊന്തു-
മുലകാമാസ്പത്രിയെ'

വർണം, നാദം, സ്പർശം എന്നീ ഇന്ദ്രിയവിഷയങ്ങളെക്കാൾ മൗലികവും താരതമ്യേന ശാശ്വതവുമാണ് വൈലോപ്പിള്ളിക്കു ഗന്ധം എന്നുതന്നെയല്ല, തന്റെ ശിഷ്ടസ്മൃതി (residual memory) എപ്പോഴും ഒരു മണമായി ആത്മാവിൽ തങ്ങിനില്ക്കുകയും ചെയ്യും. എങ്കിലും ഇതൊരു കേവലഗന്ധമല്ല രാഗരുഷ്ടമായ സങ്കീർണാനുഭൂതിയാണ്. നഷ്ടബാല്യത്തിന്റെ ഓർമ തന്നെയാണ്.

▶ നഷ്ടബാല്യത്തിന്റെ ഓർമ

'കാമ്യമാം പാലപ്പൂവിൻ
മണമെത്തി ഗ്രാമത്തിൽ ഞാൻ പരിചയിച്ചതി -
ജ്ജീർണതയുടെ ഗന്ധം.'
- (എന്റെ ഗ്രാമം)

സമഗ്രസത്യത്തിന്റെ ഗാഥാവെന്നു പ്രശംസിക്കപ്പെട്ടിട്ടുള്ള വൈലോപ്പിള്ളിയിൽ ജീവിതത്തിന്റെ നിഴലും വെളിച്ചവും മുള്ളും പൂവും സമ്മേളിക്കുന്നത് ഈ ബാല്യശൈലിയുടെ സ്വാധീനശക്തിയെ സൂചിപ്പിക്കുന്നു. വൈലോപ്പിള്ളിയുടെ ഇത്തരം ഭാവമുദ്രകൾ ഏതാണ്ടെല്ലാം തന്നെ അടങ്ങിയിട്ടുള്ള കൃതിയാണ് 'സഹ്യന്റെ മകൻ' എന്ന കവിത. കരിമ്പാറപോലെ സ്ഥാണുവായി, മദജലത്താൽ മാത്രം അലിയുന്നവ

▶ ബാല്യശൈലിയുടെ സ്വാധീനശക്തിയെ സൂചിപ്പിക്കുന്നു

SGOU

നായി, തലയ്ക്കുമുകളിൽ ദേവനും കാതിൽ മന്ത്രിക്കുന്ന പിശാചുമായി അവൻ ഇടഞ്ഞുനില്ക്കുന്നു.

'പൊൽത്തിടമ്പേറിദ്ദേവൻ
പെരുമാറുമപ്പെരും മസ്തകകടാഹത്തിൽ
മന്ത്രിപ്പൂ പിശാചുക്കൾ.'

അബോധമനസിന്റെ വസന്തകാനനങ്ങളിൽ അലഞ്ഞുതിരിയുമ്പോഴും പുരുഷാരത്തിന്റെ കാഴ്ചപ്പണ്ടമായി ഒരുക്കിനിർത്തിയിരിക്കുന്ന അവൻ, എത്ര മെരുക്കിയാലും പിന്നെയും ഇടയുന്ന കവിയല്ലാതെ മറ്റാരുമല്ല. സ്വാതന്ത്ര്യമാണ് അവന്റെ (അബോധമനസിന്റെ) കൊടിയടയാളം, ഭാവനയാണ് അവന്റെ അതിരില്ലാത്ത സാമ്രാജ്യം. വാസ്തവത്തിൽ ഗന്ധാത്മകനായ ഒരു ഏനൽ ഹീറോയുടെ സ്വഭാവസിദ്ധികളാണിത്. സ്വന്തം മദജലത്തിന്റെ ഗന്ധമാണ് അവന്റെ അബോധമനസിന്റെ വന്യതയിലേയ്ക്ക് അവനെ തന്നെ കൊണ്ടുപോകുന്നത്. ഈ മദജലം കവിയുടെ തന്നെ ഓർമ്മയായ കവിതയാണ്. റൊമാന്റിക് കാവ്യപാരമ്പര്യത്തിൽ നിന്ന് വൈലോപ്പിള്ളി കവിതകളെ വ്യത്യസ്തമാക്കുന്നത് അതിന്റെ സത്യദർശന പാടവമാണ്. കാണുന്നതും കേൾക്കുന്നതും മുഖവിലയ്ക്കെടുക്കാതെ കാര്യങ്ങളുടെ മറുപുറം തേടുന്ന രീതിയാണിത്. സൗന്ദര്യത്തിന്റെ ഭൂമികയിൽ കവിയുടെ താൽപ്പര്യം ഗാഢമാണ്. 'കണ്ണീർപ്പാടം' കവിതയിൽ തന്റെ പ്രണയിനിയെ പിണക്കി വിട്ടിട്ടും അയാൾ അവളെ പിന്നിൽ നിന്ന് നോക്കി നെടുവീർപ്പിടുന്നു.

> ▶ വൈലോപ്പിള്ളി കവിതകളെ വ്യത്യസ്തമാക്കുന്നത് സത്യദർശന പാടവമാണ്

'ഇപ്പോഴോ ഞാൻ പിന്നിലായ്
ദുഃഖഭാരത്താൽ മാത്രം
സാരി നീ ചെരിച്ചേറ്റി
പ്പോകെ നിൻ മൃദുരോമ
ചാരുവാം കണങ്കാൽ ക
ണ്ടെനിക്കു പാവം തോന്നി'

ഇവിടെ ശ്രദ്ധേയമായ ഏനൽ വീക്ഷണങ്ങൾ കാണാം. ജനനേന്ദ്രിയ പ്രാന്തങ്ങളിൽ നിന്ന് പിൻതള്ളപ്പെട്ട രതിഭാവനകൾ ജീവിത രതിയെ തലകീഴായി മറിക്കുന്നു. ജഘനം, നിതംബം, നാഭി എന്നിവയെ കുറിച്ചുള്ള അർഥവിഭ്രമം ഈ ഭാവവിഭ്രമത്തിന്റെ ഫലമാണ്. വൈലോപ്പിള്ളിക്കവിതയിൽ ഇത് കിഴക്കും പടിഞ്ഞാറും മനസിലാകായ്കയായി, കയ്പ്പും മധുരവും തിരിച്ചറിയായ്കയായി പ്രത്യക്ഷപ്പെടുന്നു. മനുഷ്യസൗന്ദര്യത്തിന്റെ പിന്നാമ്പുറമായ തലമുടി – നിതംബം എന്നിവിടങ്ങളിൽ, നന്മയുടെ മറുപുറമായ തിന്മയിൽ, പുഞ്ചിരിയിൽ പതുങ്ങിയിരിക്കുന്ന കള്ളത്തിൽ കണ്ണിമയ്ക്കാതെ നോക്കിയിരിക്കുന്നു എന്നതാകുന്നു വൈലോപ്പിള്ളിക്കവിതയുടെ സവിശേഷത. ഈ രീതി, വാസ്തവത്തിൽ, സാമാന്യമായ മർത്ത്യരീതിയല്ല, വൈലോപ്പിള്ളിക്കവിതയുടെ സാമാന്യരീതി മാത്രമാകുന്നു. തലയുടെ പിന്നിൽ ഘടിപ്പിച്ചിരിക്കുന്ന ഈ ദൃഷ്ടി, കവിയിൽ അപൂർവവും ആത്മപീഡാകരവും ആയ സത്യപാടവം തന്നെ. വസന്തവായുവിൽ വസൂരിരോഗാണുക്കളെ കാണാതിരിക്കുവാൻ കഴിയുന്നില്ല എന്നു മുൻപു ഉദ്ധരിച്ച പ്രസ്താവം ഇതൊരു ഭാവബദ്ധത (obsession) തന്നെയാണെന്നു തെളിയിക്കുന്നുണ്ട്. "മനുഷ്യൻ ദേവനും ജീവിതം ഒരു സുന്ദരകലയുമായി പരിണമിച്ചാലും കാക്ക ഓന്തിന്റെ കുഞ്ഞിനെ പിടിച്ചു വൃക്ഷക്കൊമ്പിൽ തല്ലി

> ▶ പുഞ്ചിരിയിൽ പതുങ്ങിയിരിക്കുന്ന കള്ളത്തിൽ കണ്ണിമയ്ക്കാതെ നോക്കിയിരിക്കുന്നു

ത്തുലച്ചു വിഴുങ്ങുന്നതും ആ വൃക്ഷക്കൊമ്പിൽ ദംഷ്ട്രകളിറക്കി (ഓറൽ - ഏനൽ സാഡിസ്റ്റ് ഭാവനകൾ) ഇത്തിൾക്കണ്ണി അതിന്റെ ജീവരസം വലിച്ചുകുടിക്കുന്നതും കണ്ട് കവി എത്രയോ ദുഃഖിക്കേണ്ടി വരും. അതുകൊണ്ടു താൻ ആരെയും ഒന്നിനെയും വാഴ്ത്തി പാടുകയില്ല."

നമ്മുടെ ഒരു രാജാവിനെ വാമനൻ പാതാളത്തിലേക്കു ചവിട്ടിത്താഴ്ത്തിയ കഥ വിവരിക്കുകയും ഈ അഭിനവ മഹാബലിയുടെ പ്രത്യാഗമനത്തെ അഭിവാദിക്കുകയും ചെയ്തതിനുശേഷം വൈലോപ്പിള്ളി ഇങ്ങനെ പാടിത്തിരുത്തുന്നു.

'മാനവരെല്ലാമൊന്നുപോലെയായ്, ആ പാടി
ഞങ്ങളല്ല, നന്മ തൻ മറുപുറം കാണും
ഞങ്ങളെപ്പോഴുമൊരു സൗവർണ്ണ പ്രതിപക്ഷം' (അഭിവാദനം)

പ്രതിപക്ഷത്തിന്റെ, പിന്നാംപുറത്തിന്റെ, സൗവർണ്ണകവിയായിരിക്കുന്നു എന്നതാണ് വൈലോപ്പിള്ളിയിലെ അപൂർവഭംഗികളുടെ മൗലിക കാരണങ്ങളിലൊന്ന്. ഇനി വിപ്ലവം വന്നു കടന്നുപോകുകയും ലോകം ഒരു സമത്വപ്പൊൻവനിയായി വിരചിതമാകുകയും ചെയ്താലും തന്റെ സ്ഥാനവും തന്റെ ദാനവും പ്രതിപക്ഷസ്ഥാനത്തു തന്നെയായിരിക്കും എന്നതിൽ കവിയ്ക്ക് സംശയമില്ല.

> ▶ വൈലോപ്പിള്ളിയിലെ അപൂർവഭംഗികൾ

'കാമ്യമാം പാലപ്പൂവിൽ
മണമൊത്തീ ഗ്രാമത്തിൽ
ഞാൻ പരിചയിച്ചതി ജീർണതയുടെ ഗന്ധം'.

കാമ്യതയുടെയും ജീർണതയുടെയും ഒപ്പം കാണുന്ന ദ്വിമുഖമായ ഈ വീക്ഷണം മനഃശാസ്ത്രത്തിലെ ഉഭയരതിയാണെന്ന് എം. എൻ. വിജയൻ പറയുന്നു. ഏനൽ സ്വഭാവഘടനയുടെ മൗലികതാളം ധാരണയുടേയും നിരാസത്തിന്റേയുമാണ്. തന്നെ നിയന്ത്രിക്കുക വഴി ലോകത്തെ നിയന്ത്രിക്കുവാനുള്ള കരുത്താണ് നൽകുന്നതെന്ന കവിയുടെ വീക്ഷണം ദീർഘപ്രയത്നമെന്ന ഏനൽ സ്വഭാവവുമായി ചേർത്തു വായിക്കാം. ഈ ക്ഷമ, ദീർഘപ്രയത്നം എന്നിവ ചെയ്യുന്നതെന്തും അന്ത്യനിമിഷത്തിലേയ്ക്ക് നീട്ടിവയ്ക്കാനുള്ള പ്രവണതയും ഏനൽ ഘടനയുടെ സവിശേഷതകളാണ്. ആഭ്യന്തര ശാരീരികപ്രവർത്തനങ്ങൾ തന്റെ വരുതിക്കു വഴങ്ങിത്തുടങ്ങുന്നതായി കാണുന്ന ശിശുവിനു തന്റെ ഇച്ഛാശക്തിയുടെ വ്യാപ്തിയെക്കുറിച്ച് വ്യാമുഗ്ധഭാവനകളുണ്ടായിത്തീരും. തന്റെ വിചാരങ്ങൾ സർവശക്തങ്ങളാണെന്ന് അവൻ കരുതിത്തുടങ്ങുന്നു. ഈ ഭാവന യോഗികളിലും കവികളിലും സർവസാധാരണമാണ്. അപാരമായ കാവ്യസംസാരത്തിലെ പ്രജാപതിയാണ് താനെന്നു കരുതുന്ന കവി, മന്ത്രവാദിയുടെ ചേതോഹരമായ അമൂർത്തമായ ഒരാവർത്തനം തന്നെ. വൈലോപ്പിള്ളിയുടെ 'കവിയും സൗന്ദര്യബോധവും' ഇക്കാര്യം സ്പഷ്ടമാക്കുന്നു. സന്ധ്യകൾ താനാണ് സൃഷ്ടിക്കുന്നതെന്നു വൈൽഡിനെ അനുസ്മരിപ്പിക്കുന്നു.

> ▶ ഏനൽ ഘടനയുടെ സവിശേഷതകളാണ്

മഹാകവി വള്ളത്തോളിന്റെ കവിതയെ പ്രകീർത്തിച്ചെഴുതിയ ഒരു ഗാനത്തിൽ പ്രണയനൈരാശ്യം, ജീവിതപരാജയം, വാർധക്യമരണങ്ങൾ എന്നിവയ്ക്കുള്ള പ്രത്യൗഷധമാണു കവിത എന്ന വിശ്വാസം

വൈലോപ്പിള്ളി പ്രകടിപ്പിച്ചിട്ടുണ്ട്. അമിതമായ മിതവ്യയ ശീലം ഏനൽ സ്വഭാവഘടനയുടെ ഒരു സവിശേഷതയായി എം. എൻ. വിജയൻ കാണുന്നുണ്ട്. വൈലോപ്പിള്ളി കവിതകളിൽ ഒരു റുപ്പിക നൂറു പൈസയായി ഉപയോഗിക്കാനുള്ള യത്നവും കാണാം. പിശുക്കൻ നാണയങ്ങളെ എന്ന പോലെ കവി പദങ്ങളെ താലോലിക്കുന്നു. ഷെല്ലി, ടാഗോർ, ജി., ചങ്ങമ്പുഴ എന്നിവരുമായി താരതമ്യം ചെയ്യുമ്പോൾ വൈലോപ്പിള്ളിയുടെ സവിശേഷത സ്ഫുടമായിത്തീരുന്നു. കുറച്ചുമാത്രം ചെറുതായി എഴുതുന്ന രീതി. സ്വന്തം മാനസികസൃഷ്ടികളിൽ കൗതുകം (അബ്രഹാം), തീവ്രമായ ആത്മാഭിമാനം (ജോൺസ്), തന്റെ അപ്രമാദിത്വത്തിൽ തികഞ്ഞ വിശ്വാസം (സാഡ്ഗർ) എന്നിങ്ങനെ ഈ സ്വഭാവത്തിന്റെ മൂന്നു മുനകളും വൈലോപ്പിള്ളിക്കവിതയിൽ കാണാം. കവിതയ്ക്ക് അനുപേക്ഷണീയമല്ലാത്ത അടിക്കുറിപ്പുകളെഴുതുക, കാവ്യാസ്വാദനം എങ്ങനെ നിർവഹിക്കണം എന്നു പേർത്തും പേർത്തും ഉദ്ബോധിപ്പിക്കുക തുടങ്ങിയ പ്രത്യേകതകളെല്ലാം ഈ സ്വഭാവത്തിന്റേതു തന്നെ എന്നാണ് ഇതേ കുറിച്ച് നിരൂപകന്റെ പക്ഷം.

> ▶ കൗതുകം, ആത്മാഭിമാനം, വിശ്വാസം, മിതവ്യയ ശീലം

ഏനൽ സ്വഭാവത്തിന്റേതായ കടുംപിടിത്തം എന്ന് ഫ്രോയ്ഡ് നിരീക്ഷിച്ച ആത്മപീഡാകരമായ യാഥാസ്ഥിതികത്വം വൈലോപ്പിള്ളിക്കവിതകളുടെ സവിശേഷതയാണ്. വൈലോപ്പിള്ളിയുടെ 'കന്നിക്കൊയ്ത്തി'ൽ ജീവിതമെന്നത്, മറ്റു കവികൾക്കെന്നപോലെ പിന്മടക്കമില്ലാത്ത പ്രവാഹമല്ല നിശ്ചലമായ കൊയ്ത്ത് പാടമാകുന്നു. വെള്ളിത്തിരയിലെന്നപോലെ ഇവിടെയും ചലനം ബന്ധിക്കപ്പെട്ടിരിക്കുന്നു. കവിതയുടെ സിംബലായി വൈലോപ്പിള്ളി ഒന്നിലധികം തവണ ഉപയോഗിച്ചിട്ടുള്ള ഒരു വസ്തു പഴകുംതോറും തെളിഞ്ഞ് വീര്യമേറുന്ന മദ്യമാകുന്നു. ഫ്രോയ്ഡിയൻ കോണിപ്പടികൾ പോലെ വൈലോപ്പിള്ളി കവിതകളിലെ 'ഊഞ്ഞാൽ' എന്ന ബിംബവും ലൗകികമായ രതിപ്രതീകമാണ്. വൃദ്ധദമ്പതികൾ ഊഞ്ഞാലിൽ കൂടി മാമ്പൂമണമുള്ള ആതിരനിലാവിൽ കൂടി അവരുടെ യൗവന ഭൂമികയിൽ എത്തുന്നു. വൈലോപ്പിള്ളിക്കവിതയുടെ നെറ്റിപ്പട്ടമെന്നു വിശേഷിപ്പിക്കാവുന്ന 'സഹ്യന്റെ മകൻ', സഹ്യന്റെ മറ്റൊരു മകനായ വൈലോപ്പിള്ളി തന്നെയാണ്. അമ്പലമുറ്റത്ത് പുരുഷാരത്തിന്റെ മുൻപിൽ എഴുന്നള്ളിച്ചു നിർത്തിയിരിക്കുന്ന ഇവൻ കാലപ്രവാഹത്താൽ ചവിട്ടിയരയ്ക്കപ്പെട്ട 'പ്രോബൊസീഡിയാ' വംശത്തിൽ ഇന്നവശേഷിച്ചിട്ടുള്ള ക്ഷമാമൂർത്തിയായ ഏകമൃഗമാക്കുന്നു. ഏറെക്കാലം സ്വന്തംകാലിൽ ഇളകാതെ നില്ക്കാൻ കഴിയുന്നു എന്നതാണ് ഈ മൃഗത്തിന്റെ അദ്ഭുതകരമായ ഒരു സ്വഭാവവിശേഷം, വളയ്ക്കാൻ കഴിയാത്തതും നീങ്ങാൻ വിഷമമായതും ആയ പ്രകൃതിയാണ്, 'കുടിയൊഴിക്കലിലെ നായകന്റെയെന്നപോലെ ഇതിന്റെയും പതനകാരണം. നിന്നിടത്തുനിന്നു വലുതാവുന്ന മഹത്ത്വം ഇതിന്റെ ശക്തിയും ഭാരവും ആകുന്നു' എന്ന് പറഞ്ഞാണ് എം. എൻ. വിജയൻ ലേഖനം അവസാനിപ്പിക്കുന്നത്.

> ▶ സഹ്യന്റെ മറ്റൊരു മകനായ വൈലോപ്പിള്ളി

## Summarised Overview

എം. എൻ. വിജയന്റെ മനഃശാസ്ത്രപരമായ വിമർശനങ്ങളിൽ ഏറിയവയും വൈലോപ്പിള്ളിയെ കുറിച്ചുള്ളവയാണ്. ഏറ്റവും പ്രസിദ്ധം 'സഹ്യന്റെ മകൻ' ആണ്. വൈലോപ്പിള്ളിക്കവിതയുടെ ചില സവിശേഷതകളിലേക്ക് 'സഹ്യന്റെ മകൻ' സഹൃദയ ശ്രദ്ധയെ ആകർഷിക്കുന്നു. ആ കവിതയിൽ നിറയുന്ന ഗന്ധബിംബങ്ങളെ അതരിപ്പിച്ചശേഷം, കവിയുടെ ഗന്ധതാത്പര്യത്തിനു പുറകിൽ മനുഷ്യസ്വഭാവത്തിന്റെ സവിശേഷമായ ഒരു വ്യൂഹം രൂപവത്കൃതമാവുന്നതായി മാനസികാപഗ്രഥനത്തിലൂടെ അദ്ദേഹം കണ്ടെത്തുന്നു. ഗന്ധത്തിന്റെ കൂറ പാറുന്ന ഈ വ്യൂഹം വാസ്തവത്തിൽ ഏനൽ ഇറോട്ടിക് സ്വഭാവശൈലിയുടെ പാറ്റേൺ ആണ്. മനുഷ്യശരീരത്തിലെ പ്രധാനപ്പെട്ട വാതിലുകളായ ജനനേന്ദ്രിയം, വിസർജനേന്ദ്രിയം, വായ എന്നിവയ്ക്ക് ഗാഢമായ ലൈംഗിക പ്രാധാന്യമുണ്ട് എന്ന ഫ്രോയ്ഡിന്റെ കണ്ടെത്തലുകളാണ് ഈ പഠനത്തിന് അടിസ്ഥാനം. വിസർജ്ജനത്തിൽ ആനന്ദം കണ്ടെത്തുന്ന ശിശു സ്വഭാവം വിസർജ്യവസ്തുവിൽ സൗന്ദര്യവും ഉദാത്തതയും കണ്ടെത്തുന്ന പ്രവണതയായി ചിലരിൽ പ്രത്യക്ഷപ്പെടുന്നു. ഇത്തരം ആളുകളുടെ സ്വഭാവം അമിതമായ ചിട്ട, പിശുക്ക്, കടുംപിടിത്തം എന്നിവയത്രേ. കവിതയിലേക്കു വരുമ്പോൾ, വിസർജ്ജ്യവസ്തുക്കളായി പ്രസരിപ്പിക്കപ്പെടുന്ന ഗന്ധം, പുക, വെളിച്ചം, സ്ഫോടം ഇവയോടുള്ള താത്പര്യമായി മാറുന്നു. വൈലോപ്പിള്ളിക്കവിതയിൽ ഇത്തരം താത്പര്യത്തിന്റെ ചിഹ്നങ്ങൾ എം. എൻ. വിജയൻ അവതരിപ്പിക്കുന്നുണ്ട്. അതുപോലെ പുരോഭാഗ സൗന്ദര്യ ചിത്രീകരണമെന്ന സാമാന്യരീതിക്ക് പകരം പശ്ചാത്തലസൗന്ദര്യം ചിത്രീകരിക്കുക, നന്മയ്ക്ക് പുറകിലുള്ള തിന്മ കണ്ടെത്തുക, മറഞ്ഞിരിക്കുന്ന സത്യം ആവിഷ്കരിക്കുക എന്നീ സ്വഭാവങ്ങളും കവിതകളിൽ പ്രത്യക്ഷപ്പെടുന്നു. സ്നേഹത്തിനിടയിലെ ക്രൂരത, സൗന്ദര്യത്തിനകത്തെ വൈരൂപ്യം എന്നിവ വൈലോപ്പിള്ളിക്കവിതയിലെ ഏനൽ ഇറോട്ടിക്ക് സ്വഭാവമായി പ്രൊഫ. എം. എൻ. വിജയൻ നിരീക്ഷിക്കുന്നു. തീവ്രമായ ആത്മാഭിമാനവും അപ്രമാദിത്വത്തിലുള്ള വിശ്വാസവും, തന്നെ തനിക്കുമാത്രമേ മനസിലാവുകയുള്ളൂ എന്ന ധാരണയും ആയി ഈ സ്വഭാവം വികസിക്കുന്നു എന്ന് അദ്ദേഹം വിശദമാക്കുന്നു.

## Assignments

1. വൈലോപ്പിള്ളി കവിതകളിലെ ഗന്ധബിംബങ്ങളുടെ പെരുപ്പം വിശദമാക്കുക.
2. ഏനൽ ചിത്തവൃത്തികളെ സ്വർണപരാമർശങ്ങൾ ഉണർത്തുന്നതെങ്ങനെയെന്ന് വിലയിരുത്തുക
3. സ്ഫോടശബ്ദങ്ങളുടെ പ്രയോഗം എങ്ങനെ ഏനൽരതിയെ ഉണർത്തുന്നു - വിശദമാക്കുക.
4. 'സഹ്യന്റെ മകൻ' എന്ന വൈലോപ്പിള്ളിക്കവിതയിലെ ഗന്ധബിംബങ്ങൾ കവിയെ പ്രതിനിധീകരിക്കുന്നത് എങ്ങനെ - ചർച്ച ചെയ്യുക.
5. എം. എൻ. വിജയനും മനഃശാസ്ത്ര നിരൂപണവും - വിശദീകരിക്കുക.
6. വൈലോപ്പിള്ളിക്കവിതയിലെ ഏനൽ ഇറോട്ടിക്ക് സ്വഭാവത്തെക്കുറിച്ച് വിശദമാക്കുക.

## Suggested Readings


1. ഇ. വി. രാമകൃഷ്ണൻ, വിയോജിപ്പിന്റെ വാങ്മയങ്ങൾ, ഡി. സി. ബുക്സ്, കോട്ടയം, 1999.
2. എം. ലീലാവതി, കവിതാധ്വനി, നാഷണൽ ബുക്സ്റ്റാൾ, കോട്ടയം, 1986.
3. എം. എൻ. വിജയൻ, സമ്പൂർണകൃതികൾ വാല്യം 1 & 2, കറന്റ് ബുക്സ്, തൃശൂർ, 2009.
4. സുകുമാർ അഴീക്കോട്, മലയാളസാഹിത്യവിമർശനം, ഡി. സി. ബുക്സ്, കോട്ടയം, 1988.


## References


1. വി. സി. ശ്രീജൻ, തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ, കേരളസാഹിത്യ അക്കാദമി, തൃശൂർ, 2020.
2. ഷാജി ജേക്കബ് (എഡി.), ആധുനികാനന്തര മലയാളസാഹിത്യവിമർശനം, സൈകതം ബുക്സ്, കോതമംഗലം, 2013.
3. ഷാജി ജേക്കബ് (എഡി.), സാംസ്കാരികവിമർശവും മലയാളഭാവനയും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2014.


## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

SGOU

Unit 3

# 1. ഒരു ഗന്ധർവൻ പാടുന്നു

ഡോ. എം. ലീലാവതി

## Learning Outcomes

- എം. ലീലാവതിയുടെ നിരൂപണപദ്ധതി പരിചയപ്പെടുന്നു
- ഇടശ്ശേരിക്കവിതകളുടെ സവിശേഷതകൾ തിരിച്ചറിയുന്നു
- മനഃശാസ്ത്ര നിരൂപണം എന്തെന്ന് മനസിലാക്കുന്നു
- 'ഒരു ഗന്ധർവൻ പാടുന്നു' എന്ന കവിതയുടെ സവിശേഷതകൾ, മനഃശാസ്ത്ര സിദ്ധാന്തങ്ങൾ എന്നിവ വിലയിരുത്തുന്നു
- എം. ലീലാവതിയുടെ നിരൂപണരീതി കവിതയെ മുൻനിർത്തി വിശകലനം ചെയ്യുന്നു

## Background

മനഃശാസ്ത്രപരവും ആദിരൂപാത്മകവുമായ വിമർശനപദ്ധതിയാണ് എം. ലീലാവതിയുടേത്. ആദ്യകാല പഠനങ്ങൾ മിക്കതും കവിതകളെക്കുറിച്ചായിരുന്നു. പിൽക്കാലത്ത് ഗദ്യസാഹിത്യനിരൂപണത്തിലേക്ക് അവർ കടന്നുവന്നു. മലയാള വിലാപകാവ്യങ്ങളെ വിശ്വസാഹിത്യ പശ്ചാത്തലത്തിൽ അപഗ്രഥിക്കുന്ന കൃതിയാണ് 'കണ്ണീരും മഴവില്ലും'. 'കവിതയും ശാസ്ത്രവും' എന്ന ഗ്രന്ഥം, കാവ്യകലയുടെ യുക്തിപരതയെയും ചിന്താപരതയും വിശദീകരിക്കുന്നു. ജി. യുടെ കവിതകളെക്കുറിച്ചാണ് ലീലാവതി ആദ്യകാലങ്ങളിൽ കൂടുതൽ പഠനം നടത്തിയത്. ജി. യുടെ കവിതകളെ ശാസ്ത്രീയാവബോധത്തോടെ അപഗ്രഥിക്കുകയും അദ്ദേഹത്തിന്റെ കാവ്യജീവിതത്തെക്കുറിച്ച് സമഗ്രപഠനം നടത്തുകയും ചെയ്തു. മനഃശാസ്ത്ര ദർശനങ്ങളെ ആഴത്തിൽ പഠിക്കുകയും സമൂഹാവബോധമനസ്സിനെ വിശ്ലേഷണം ചെയ്യുന്ന ആദിരൂപാത്മക വിമർശനത്തിൽ വൈദഗ്ധ്യം പ്രകടിപ്പിക്കുകയും ചെയ്തു. ആശാന്റെ അനിമയെ 'നളിനി'കാവ്യം ഉദാഹരിച്ച് സമർത്ഥിക്കുന്ന ലേഖനം ശ്രദ്ധേയമാണ്. 'മലയാള കവിതാ സാഹിത്യചരിത്രം' എന്ന ഗ്രന്ഥത്തിൽ മലയാളത്തിലെ അന്നുവരെയുള്ള മിക്ക കവികളെയും മൗലികതയോടെ അവതരിപ്പിക്കുകയും ശ്രദ്ധേയമായ അപഗ്രഥനം നിർവഹിക്കുകയും ചെയ്തു. 'വർണ്ണരാജി' എന്ന ഗ്രന്ഥത്തിൽ ജി. മുതൽ സുഗതകുമാരി വരെയുള്ള കവികളെ സമഗ്രമായി പഠനവിധേയമാക്കുന്നു. 'അമൃതമശ്നുതേ', 'കവിതാധ്വനി', 'നവതരംഗം' തുടങ്ങിയ കൃതികൾ മലയാളസാഹിത്യത്തിലെ പ്രധാനപ്പെട്ട കവിതാപഠനങ്ങളാണ്. അന്തർവിജ്ഞാനപരവും മൗലികവുമാണ് ലീലാവതിയുടെ വിമർശനപദ്ധതി. കവിതാരതി, നവതരംഗം, അണയാത്ത ദീപം, ജിയുടെ കാവ്യജീവിതം, സത്യം ശിവം സുന്ദരം, മലയാള കവിതാ സാഹിത്യ ചരിത്രം, ഭാരതസ്ത്രീ തുടങ്ങിയവ പ്രധാനപ്പെട്ട മറ്റുകൃതികളാണ്.

## Keywords

മനഃശാസ്ത്ര നിരൂപണം - എം. ലീലാവതിയുടെ നിരൂപണരീതി - ഇടശ്ശേരിക്കവിത - ഗന്ധർവൻ എന്ന ബിംബം - ഒരു ഗന്ധർവൻ പാടുന്നു എന്ന കവിതയുടെ പഠനം.

# Discussion

## 3.3.1 വിശദപഠനം - ഒരു ഗന്ധർവൻ പാടുന്നു

ശക്തിയുടെയും വിപ്ലവത്തിന്റെയും കവിയായി അറിയപ്പെടുന്ന ഇട ശ്ശേരിയുടെ കവിതാസമുച്ചയത്തിൽ കാമവും പ്രേമവും വിഷയമായി ട്ടുള്ള ചുരുക്കം കവിതകളിൽ മുൻപിൽ നിൽക്കുന്ന 'ഒരു ഗന്ധർവ്വൻ പാടുന്നു' എന്ന കവിതയുടെ നിരൂപണമാണ് ഡോ. എം. ലീലാവതിയു ടെ 'ഒരു ഗന്ധർവ്വൻ പാടുന്നു' എന്നത്. 'കവിതാധ്വനി' എന്ന കാവ്യ പഠന സമാഹാരത്തിലാണ് ഇത് ഉൾപ്പെടുത്തിയിരിക്കുന്നത്. ഗാനത്തി ന്റെയും കാമത്തിന്റെയും പ്രതീകങ്ങളാണ് ഗന്ധർവന്മാർ. പ്രസ്തുത കവിതയിലെയും വിഷയം കാമമാണ്. കാലം ഇടവപ്പാതിപ്പാതിര. 'ഇടി യും മഴയും പൊടിപൂരം'. ആതിഥേയ നേരത്തെ പായും തലയണയും ഉമ്മറത്തേക്കു വച്ചുകൊടുത്ത് അകത്തുനിന്ന് വാതിലടച്ചു കിടന്നുകഴി ഞ്ഞിരിക്കുന്നു. പാതിരയായിട്ടും ഉറക്കംവരാതെ മഴയുടെ പാട്ടും താള വും കേട്ടുകൊണ്ടു കിടക്കുന്ന അതിഥിയുടെ ചിന്തകളും വികാരങ്ങളും, സ്വന്തമാണെന്നു തന്നോടുതന്നെ സമ്മതിക്കുവാൻപോലും അയാൾ ക്കാവുന്നില്ല. എല്ലാം അയാൾ ഒരശരീരിഗാനം പോലെ കേൾക്കുന്നു. രാത്രി കടലിരമ്പം കേൾക്കാവുന്ന തീരദേശഗ്രാമത്തിലെ ഒരു പഴയ തറ വാടാണ് സ്ഥലം, ഗൃഹനായിക യൗവനയുക്തയാണ്. സുന്ദരിയാണ്, ഏകാകിനിയാണ്, സമ്പന്നയാണ്. സ്വച്ഛന്ദചാരിണിയാവാനാണിഷ്ടമെ ങ്കിൽ അതിന് ആരെയും പേടിക്കേണ്ടാത്തവളാണ്. എന്നിട്ടും ഇവിടെ അതിഥി ഉമ്മറത്ത് ഉറക്കം വരാതെ നെടുവീർപ്പിട്ടും കൊണ്ട് കിടക്കു ന്നു. അവളുടെ കദനകഥ അയാൾക്കറിയാം. അതിന്റെ ഓരോരോ ഘട്ട ങ്ങൾ അയാളുടെ സ്മരണയിലൂടെയും വിഭാവനത്തിലൂടെയും ചുരുൾ നിവരുന്നത് ഒരു ദ്വിതീയവ്യക്തിത്വത്തിൽ നിന്നു വരുന്ന ആഖ്യാനത്തി ലൂടെയെന്നപോലെ അയാൾ കേൾക്കുന്നു. കുറെ ഭാഗം സ്വന്തം സ്മര ണകൾ, കുറെ ഭാഗം സങ്കല്പങ്ങൾ. ഇതാണ് കവിതയുടെ സാരം. എം. ലീലാവതിയുടെ നിരീക്ഷണങ്ങളെ ചുവടെ ചേർത്തിരിക്കുന്ന പ്രകാരം സംഗ്രഹിക്കാം.

> ▶ ഒരശരീരിഗാനം പോലെ കേൾക്കുന്നു

പാതിര, മഴ, ഇടി, പുളിമാവ്, കടലിരമ്പം, ഉമ്മറത്തേയ്ക്കു വച്ച പായും തലയിണയും, അടഞ്ഞ വാതിൽ, നെടുവീർപ്പ്, മഴക്കാറ്, ആലിപ്പഴം, ഗാഢാന്ധകാരം എന്നിവ ജീവിതരംഗത്തെ മൂർത്തമായി ഇവിടെ അവതരിപ്പിക്കുന്നു. ഇടിവെട്ടും തകർത്തമഴയുമുള്ള ഒരിടവ പ്പാതിയിൽ ഉമ്മറത്ത് ചുരുണ്ടുകൂടുന്ന ഒരാൾ അനുഭവിക്കുന്ന ശാരീ രികമായ തണുപ്പും അതോടൊപ്പം കത്തിപ്പടരുന്ന കാമവും ആശകൾ കെട്ടടങ്ങുമ്പോഴുള്ള വീർപ്പുമുട്ടലും ഇവിടെ കാണാം. മഴയുടെയും പ്രകൃതിയുടെയും സംഗീതം കൂടിച്ചേർന്ന് ഉള്ളിലെ ഗന്ധർവനെ ഉണർ ത്തുന്നു. സ്വന്തം കാമനകൾ ഒരു ബാഹ്യഗന്ധർവസംഗീതം പോലെ പുറപ്പെടുന്നു. നിയന്ത്രണം വിട്ട കാമം മഹത്തല്ല. നിർവ്യക്തികമായ രതിഭാവം ധ്വനിക്കുമ്പോൾ രസമായിത്തീരുന്നു. വൈയക്തികാനുഭൂ തികളിൽ നിന്ന് വികാരങ്ങളെ ഉണർത്താൻ കവിതയിലെ കലാവിദ്യ യ്ക്ക് സാധിക്കും. ഇവിടെ ഗന്ധർവപ്രതിഷ്ഠയിലൂടെ കാമഭാവത്തിന് രസപരിണാമം ഉളവാക്കിയിരിക്കുന്നു. കവിതയുടെ തുടക്കത്തിൽ മാ വിലകളിൽ വീഴുന്ന മഴയുടെ സംഗീതം ഉറക്കുമരുന്നായി പരിണമിക്കു

ന്നതിന് പകരം കരളിൽ കദനം കോരിച്ചൊരിയുന്നു എന്നു പറയുന്നു. 'ശാകുന്തളം' അഞ്ചാം അങ്കത്തിൽ ഹംസപതികയുടെ ഗാനം കേട്ട് ജീവിത ഖണ്ഡപ്രതിഭാസം പിടയുന്നു എന്ന് പറയുന്നത് ഇതിനോട് ചേർത്തുവയ്ക്കാം. കടൽക്കരയിലെ തിരമാലയുടെ അടിയേറ്റ് ചില ചെറുജീവികൾ കരയിലേക്ക് പതിക്കുന്നു. അവരുടെ ആഗ്രഹത്തിന് വിപരീതമായാണ് ഇത് സംഭവിക്കുന്നത്. സ്വരമാധുര്യം തിരമാലയായി ആഞ്ഞടിക്കുമ്പോൾ ചില ജീവിതരംഗങ്ങൾ അതിനോടൊപ്പം എടുത്തെറിയപ്പെടുന്നു. അവ ഒരേസമയം അസ്വാസ്ഥ്യവും കൗതുകവും ഉളവാക്കുന്നു. ഇതുപോലെയാണ് മുറ്റത്തെ മാവിലിരുന്ന് ഗന്ധർവ്വൻ പാടുമ്പോൾ കരളിൽ കദനം നിറയുന്നത്.

▶ മഴയുടെയും പ്രകൃതിയുടെയും സംഗീതം കൂടിച്ചേരുന്നു

'ശാകുന്തളം' അഞ്ചാം അങ്കത്തിലെ അവസ്ഥയ്ക്ക് സമാനമായിട്ടാണ് നിരൂപക കവിതയിലെ ഈ സന്ദർഭത്തെ കാണുന്നത്. എലിയറ്റിന്റെ 'ഞണ്ട്' എന്ന ഇമേജിലൂടെ അവതരിപ്പിക്കപ്പെട്ട അബോധസത്ത കാളിദാസന്റെ ശാകുന്തളത്തിലെ കൽപ്പനകൾ എന്നിവ ഇടശ്ശേരിയുടെ അബോധമനസിൽ പുതഞ്ഞു കിടന്നതിന്റെ ഫലമായിട്ടാവാം ചില കൽപ്പനാചിത്രങ്ങൾ കവിതയിൽ വന്നത്. കാവ്യാനുശീലനാഭ്യാസനാദികളിൽ നിന്ന് സ്വയം നേടിയതുമാവാം. അതിനാലാകാം ചേതസ്, അസ്വാസ്ഥ്യം, മാധുര്യം എന്നീ പദങ്ങൾ ഇടശ്ശേരി ഉപയോഗിച്ചത്. കാളിദാസന്റെ പദ്യത്തിന്റെ പ്രേരണയാലാകാം ഈ പ്രയോഗങ്ങളെന്ന് നിരൂപക അഭിപ്രായപ്പെടുന്നു. എന്നാൽ ഈ പ്രയോഗങ്ങൾ പരകീയമല്ല എന്നാണ് ലീലാവതിയുടെ അഭിപ്രായം. കാരണം കവിതയിൽ അലിഞ്ഞുചേരുകയും അതിന്റെ ആത്മാംശമെന്ന പ്രതീതി ജനിപ്പിക്കാതിരിക്കുകയും ചെയ്യുന്നവയെന്ന് പറയാം. എന്നാൽ ഇവിടെ കടലും തിരമാലയും ലഘു ജീവികളും ഇടശ്ശേരിയുടെ കവിതയ്ക്ക് തനതായ ഭാവബന്ധങ്ങൾ നൽകുന്നു.

▶ കാളിദാസന്റെ പ്രേരണയാലുള്ള പ്രയോഗങ്ങൾ

അബോധമനസ് എന്ന കടലും അതിന്റെ അടിത്തട്ടിലേക്ക് താഴ്ന്നു പോകാൻ വിട്ടിരുന്ന ജീവിത ഖണ്ഡങ്ങളുമാണ് ഗന്ധർവസംഗീതത്തിലൂടെ ബോധത്തിന്റെ കരയിലേക്ക് വരുന്നത്. സ്വന്തം അന്തഃരംഗത്തിൽ നിന്ന് ജീർണിക്കാത്ത സ്മരണകൾ പുറമേ നിന്നു കേൾക്കുന്ന ഗാനം പോലെ പുറപ്പെടുന്നു. സന്ദർഭാനുസൃതമായി കൈവരുന്ന ഇത്തരം കൽപ്പനകൾ അവ കണ്ടിട്ടുള്ള മനുഷ്യരിൽ ആ ഭാവനകൾ സംഗീതത്തോടുകൂടി ബന്ധിപ്പിക്കപ്പെടുന്നു. അബോധത്തിൽ നിന്ന് ഉയരുന്ന ഈ ഇമേജുകൾ കവിതയെ കീഴടക്കുന്നു. അവ ആശയത്തെ നിയന്ത്രിച്ചുകൊണ്ട് മുന്നേറുന്നു. ഗന്ധർവന്റെ ഗാനത്തിലൂടെ വക്താവിന്റെ മനസ് ഒരു തുള്ളിയും ചോർന്നു പോകാതെ അവതരിപ്പിക്കപ്പെടുന്നു.

▶ അബോധത്തിൽ നിന്ന് ഉയരുന്ന ഇമേജുകൾ

ഗതകാല സ്മരണകൾ അയവിറക്കുന്ന വേളയിൽ പണ്ടുമുതലേ താൻ പുളിമാവിൽ കുടിയേറിയ ഗന്ധർവനാണെന്നും എന്നാൽ ആ തറവാട്ടിൽ അയാൾ അനർഹനാണെന്നും പറയുന്നുണ്ട്. പണം, പദവി, തറവാടിത്തം എന്നിവയാകാം വക്താവിന് ആ തറവാട്ടിലെ ദേവതയുടെ കൈ പിടിക്കാൻ അർഹത നിഷേധിച്ചത്. ഈ സന്ദർഭത്തിൽ പല്ലക്കിലിരിക്കുന്ന പ്രതാപവാന്മാരുടെയും ചുമട്ടുകാരുടെയും ചിന്തകൾ കൂടി കടന്നു വരുന്നു. മഴയുടെ പല്ലക്കേന്തിക്കൊണ്ട് കാറ്റു മൂളി വരുന്നു എന്നു പറയുമ്പോൾ പഴയകാലത്തെ പല്ലക്കും പ്രതാപ

വും വായനക്കാരിലേക്ക് കടന്നുവരുന്നു. കാറ്റിന്റെ മൂളൽ ചുമട്ടുകാരുടെ മൂളലിലേക്ക് ബിംബകൽപ്പനയിലൂടെ അവതരിപ്പിക്കപ്പെടുന്നു. ആ ഗൃഹദേവത കൗമാരദശയിലായിരുന്നപ്പോൾ പ്രതാപത്തിലായിരുന്ന തറവാടിന്റെ അവസ്ഥയാണ് ഇവിടെ പറയുന്നത്. മഴയും കാറ്റിന്റെ മൂളലും ഇലയുടെ സീൽക്കാരവും മറ്റും അതിനെ ഓർമ്മിപ്പിക്കാൻ ഉപയോഗിക്കുന്നു. മുറ്റത്തെ പുളിമാവിൽ വസിക്കുന്ന ഗന്ധർവൻ കാമുകസത്തയെ തന്നെയാണ് പ്രതിനിധാനം ചെയ്യുന്നത്. ആ ഗന്ധർവൻ കാണുന്നു, അനുഭവിക്കുന്നു എന്നൊക്കെ പറയുന്നത് കാമുകന്റെ തന്നെ അനുഭവങ്ങളെയാണ്. ആരും കാണാതെ പുളിമാവിൽ വസിക്കുന്ന ഗന്ധർവൻ എല്ലാം കാണുന്നു എന്ന് പറയുന്നതിലൂടെ ആ ഗൃഹത്തിൽ നിത്യസന്ദർശകനായ കാമുകൻ എല്ലാം കാണുന്നുണ്ട്; പ്രണയിക്കുന്നുണ്ട്, എന്നാൽ അത് തീവ്രരഹസ്യമായാണ്. ഭർത്താവ് ഉപേക്ഷിച്ചു കഴിഞ്ഞിട്ടും ആ ഗൃഹനാഥയോടുള്ള അയാളുടെ പ്രണയം അവസാനിക്കുന്നില്ല. എന്നാൽ അത് അയാൾ ആരോടും പറയുന്നുമില്ല. അവളെ ഉപേക്ഷിച്ച ഭർത്താവ് തനിക്ക് കിട്ടിയ നിധിയുടെ മഹത്വം അറിയാത്തവനായിപ്പോയി എന്നാണ് അയാളുടെ പക്ഷം. ഭർത്താവ് പോയശേഷം അയാളെത്തന്നെ ഓർത്ത് വിരഹിണിയായി കഴിയുന്ന അവളെ ഗന്ധർവൻ കാണുന്നു എന്ന് പറയുന്നതിലൂടെ കാമുകൻ ശ്രദ്ധിക്കുന്നു എന്നാണ് ഉദ്ദേശിക്കുന്നത്. കാലക്രമേണ എല്ലാവരാലും ഉപേക്ഷിക്കപ്പെട്ട് ഒറ്റയ്ക്കായിട്ടും തന്റെ പരിധി വിടാതെ ജീവിക്കുന്ന നായികയെ കാമുകൻ മാറിനിന്ന് ദുഃഖത്തോടുകൂടി നോക്കുന്നുണ്ട്. ഏകാകിനിയായ ഒരു യുവതിയുടെ വീടിന്റെ ഉമ്മറത്ത് മഴയുടെ അകമ്പടിയോടെ ഉറങ്ങാതെ കിടക്കുന്ന ഒരുവന്റെ കാമഭാവനകൾ അവതരിപ്പിക്കപ്പെടുമ്പോൾ അംഗീകൃതമായ രസസീമകളെ ലംഘിക്കാത്ത വിധമാകണമെന്ന് കവിക്ക് നിഷ്കർഷയുണ്ട്. കാമഭാവനകളെ കേവലരതിയിലേക്ക് ഉയർത്താതെ കലാവിദ്യയിൽ കാവ്യബിംബങ്ങളിലൂടെ അവതരിപ്പിക്കുന്നു. 'മേഘസന്ദേശം' പോലുള്ള ഭാവകാവ്യങ്ങളിൽ ഇത്തരം ബിംബങ്ങളിലൂടെയാണ് പ്രണയവും കാമവും അവതരിപ്പിക്കുന്നത്.

- കലാവിദ്യയിൽ കാവ്യബിംബങ്ങൾ അവതരിപ്പിക്കുന്നു

ഈ ഗന്ധർവൻ 'മേഘസന്ദേശ'ത്തിലെ യക്ഷന്റെ സഹജാതനാണ്. സാഹചര്യങ്ങൾ വ്യത്യസ്തമാണെങ്കിലും കാമജന്യമായ മാനസിക പീഡ സമാനമായി കാണാം. 'മേഘസന്ദേശ'ത്തിൽ നായകനും നായികയും തമ്മിൽ ഒരു ഭൂഖണ്ഡത്തിന്റെ അകലമുണ്ട്. പക്ഷേ അവരുടെ മനസുകൾ ഒന്നാണ്. ഇവിടെ നായികാനായകന്മാർ തമ്മിൽ ഒരു ചുമരിന്റെ അകലമേ ഉള്ളൂ. പക്ഷേ മനസുകൊണ്ട് അവർ രണ്ട് ഗ്രഹത്തിലാണ്. യക്ഷന്റെ ശാപത്തിന് മോക്ഷമുണ്ട് എങ്കിൽ ഇവിടെ ഗന്ധർവന്റെ ദുഃഖത്തിന് മോചനമില്ല. ഗന്ധർവൻ പാടിത്തുടങ്ങുന്നത് സ്വന്തം ദുഃഖത്തെ പറ്റിയാണെങ്കിലും പാട്ട് അവസാനിക്കുമ്പോൾ ആ ദുഃഖം തന്റെ കാമുകിയുടെ അവസ്ഥയെക്കുറിച്ചാകുന്നു. അത് സ്നേഹഭജനത്തിന്റെ സത്തയിൽ വിലയിക്കുന്നു. സ്വദുഃഖം മാറി നിർവ്യാജമായ സ്നേഹത്തിൽ അവസാനിക്കുന്നു. ഇതിന് അടിസ്ഥാനം സംസ്കാരത്തിന്റെ പാരമ്യമാണ്. ഏറിയ താപത്തിൽ കൽക്കരി വൈരമായി പരിണമിക്കും പോലെ ആത്മീയ പരിണാമമാണിത്. അതായത് എം. ലീലാവതിയുടെ അഭിപ്രായത്തിൽ കാമത്തിന്റെ കൽക്കരി നിസ്വാർത്ഥപ്രേമത്തിന്റെ വൈരമായി തീരുന്ന പ്രക്രിയയാണ് 'ഗന്ധർവൻ പാട്ട്' എന്ന കവിതയിൽ സംഭവിക്കുന്നത്. അതാണ് ഈ കൃതിയെ മഹത്തരമാക്കുന്നത്.

- ഗന്ധർവന്റെ ദുഃഖത്തിന് മോചനമില്ല

## Summarised Overview

ഇടശ്ശേരിയുടെ 'ഒരു ഗന്ധർവൻ പാടുന്നു' എന്ന കവിതയുടെ നിരൂപണമാണ് ഡോ. എം. ലീലാവതിയുടെ  ഒരു ഗന്ധർവൻ പാടുന്നു എന്നത്. 'കവിതാധ്വനി' എന്ന കാവ്യപഠനസമാഹാരത്തിലാണ് ഇതും ഉൾപ്പെടുത്തിയിരിക്കുന്നത്. ഗാനത്തിന്റേയും കാമത്തിന്റേയും പ്രതീകങ്ങളാണ് ഗന്ധർവന്മാർ. പ്രസ്തുത കവിതയിലെയും വിഷയം കാമമാണ്. കാലം ഇടവപ്പാതിപ്പാതിര. 'ഇടിയും മഴയും പൊടിപൂരം'. ആതിഥേയ നേരത്തെ പായും തലയണയും ഉമ്മറത്തേക്കു വച്ചുകൊടുത്ത് അകത്തുനിന്ന് വാതിലടച്ചു കിടന്നുകഴിഞ്ഞിരിക്കുന്നു. പാതിരയായിട്ടും ഉറക്കംവരാതെ മഴയുടെ പാട്ടും താളവും കേട്ടുകൊണ്ടു കിടക്കുന്ന അതിഥിയുടെ ചിന്തകളും വികാരങ്ങളും, സ്വന്തമാണെന്നു തന്നോടുതന്നെ സമ്മതിക്കുവാൻപോലും അയാൾക്കാവുന്നില്ല. എല്ലാം അയാൾ ഒരശരീരിഗാനം പോലെ കേൾക്കുന്നു. രാത്രി കടലിരമ്പം കേൾക്കാവുന്ന തീരദേശഗ്രാമത്തിലെ ഒരു പഴയ തറവാടാണ് സ്ഥലം, ഗൃഹനായിക യൗവനയുക്തയാണ്. കടൽക്കരയിലെ തിരമാലയുടെ അടിയേറ്റ് ചില ചെറുജീവികൾ കരയിലേക്ക് പതിക്കുന്നു. അവരുടെ ആഗ്രഹത്തിന് വിപരീതമായാണ് ഇത് സംഭവിക്കുന്നത്. സ്വരമാധുര്യം തിരമാലയായി ആഞ്ഞടിക്കുമ്പോൾ ചില ജീവിത രംഗങ്ങൾ അതിനോടൊപ്പം എടുത്തെറിയപ്പെടുന്നു. അവ ഒരേസമയം അസ്വാസ്ഥ്യവും കൗതുകവുമുളവാക്കുന്നു. ശാകുന്തളം അഞ്ചാം അങ്കത്തിലെ അവസ്ഥയ്ക്ക് സമാനമായിട്ടാണ് നിരൂപക കവിതയിലെ ഈ സന്ദർഭത്തെ കാണുന്നത്. എലിയറ്റിന്റെ 'ഞണ്ട്' എന്ന ഇമേജിലൂടെ അവതരിപ്പിക്കപ്പെട്ട അബോധസത്ത കാളിദാസന്റെ 'ശാകുന്തള'ത്തിലെ കല്പനകൾ എന്നിവ ഇടശ്ശേരിയുടെ അബോധമനസിൽ പുതഞ്ഞുകിടന്നതിന്റെ ഫലമായിട്ടാവാം ചില കല്പനാചിത്രങ്ങൾ കവിതയിൽ വന്നത്. സ്വന്തം അന്തഃരംഗത്തിൽ നിന്ന് ജീർണിക്കാത്ത സ്മരണകൾ പുറമേ നിന്നു കേൾക്കുന്ന ഗാനം പോലെ പുറപ്പെടുന്നു. സന്ദർഭാനുസൃതമായി കൈവരുന്ന ഇത്തരം കല്പനകൾ അവ കണ്ടിട്ടുള്ള മനുഷ്യരിൽ, ആ ഭാവനകൾ സംഗീതത്തോടുകൂടി ബന്ധിപ്പിക്കപ്പെടുന്നു.

അബോധമനസ് എന്ന കടലും അതിന്റെ അടിത്തട്ടിലേക്ക് താഴ്ന്നു പോകാൻ വിട്ടിരുന്ന ജീവിത ഖണ്ഡങ്ങളുമാണ് ഗന്ധർവസംഗീതത്തിലൂടെ ബോധത്തിന്റെ കരയിലേക്ക് വരുന്നത്. ഗന്ധർവന്റെ ഗാനത്തിലൂടെ വക്താവിന്റെ മനസ് ഒരു തുള്ളിയും ചോർന്നു പോകാതെ അവതരിപ്പിക്കപ്പെടുന്നു. മുറ്റത്തെ പുളിമാവിൽ വസിക്കുന്ന ഗന്ധർവൻ കാമുകസത്തയെ തന്നെയാണ് പ്രതിനിധാനം ചെയ്യുന്നത്. ഏകാകിനിയായ ഒരു യുവതിയുടെ വീടിന്റെ ഉമ്മറത്ത് മഴയുടെ അകമ്പടിയോടെ ഉറങ്ങാതെ കിടക്കുന്ന ഒരുവന്റെ കാമഭാവനകൾ അവതരിപ്പിക്കപ്പെടുമ്പോൾ അംഗീകൃതമായ രസസീമകളെ ലംഘിക്കാത്ത വിധമാകണമെന്ന് കവിക്ക് നിഷ്കർഷയുണ്ട്. ഈ ഗന്ധർവൻ മേഘസന്ദേശത്തിലെ യക്ഷന്റെ സഹജാതനാണ്. സാഹചര്യങ്ങൾ വ്യത്യസ്തമാണെങ്കിലും കാമജന്യമായ മാനസികപീഡ സമാനമായി കാണാം. ഗന്ധർവൻ പാടിത്തുടങ്ങുന്നത് സ്വന്തം ദുഃഖത്തെപ്പറ്റിയാണെങ്കിൽ പാട്ട് അവസാനിക്കുമ്പോൾ ആ ദുഃഖം തന്റെ കാമുകിയുടെ അവസ്ഥയെക്കുറിച്ചാകുന്നു. ലീലാവതിയുടെ അഭിപ്രായത്തിൽ കാമത്തിന്റെ കൽക്കരി നിസ്വാർത്ഥപ്രേമത്തിന്റെ വൈരമായി തീരുന്ന പ്രക്രിയയാണ് 'ഗന്ധർവൻ പാടുന്നു' എന്ന കവിതയിൽ സംഭവിക്കുന്നത്.

SGOU

## Assignments

1. ഗന്ധർവന്മാർ പൊതുവെ എന്തിന്റെയൊക്കെ പ്രതീകങ്ങളായാണ് സാഹിത്യത്തിൽ അവതരിപ്പിക്കപ്പെടുന്നത് - ചർച്ച ചെയ്യുക.
2. 'ആദിപ്രരൂപങ്ങൾ' എന്ന ആശയത്തെ ഉപയോഗിച്ച് സാഹിത്യനിരൂപണം നടത്തിയ മറ്റൊരു കൃതിയെ പരിചയപ്പെടുത്തുക.
3. കവിതയിലെ ബിംബങ്ങളെക്കുറിച്ച് നിരൂപകയുടെ അഭിപ്രായങ്ങൾ ക്രോഡീകരിക്കുക.
4. എലിയറ്റിന്റെയും കാളിദാസന്റെയും അബോധപൂർവമായ പ്രേരണ കവിതയിലുണ്ടെന്ന് നിരൂപകയുടെ അഭിപ്രായത്തെ വിശകലനം ചെയ്യുക.
5. എം. ലീലാവതിയുടെ അഭിപ്രായത്തിൽ 'ഒരു ഗന്ധർവൻ പാടുന്നു' എന്ന ഇടശ്ശേരിക്കവിത മഹത്വപൂർണമായിത്തീരുന്നത് എങ്ങനെയെന്ന് വിലയിരുത്തുക.
6. എം. ലീലാവതിയുടെ നിരൂപണപദ്ധതിയെക്കുറിച്ച് വിവരിക്കുക.
7. മനഃശാസ്ത്രനിരൂപണത്തെ മുൻനിർത്തി ഒരു ഗന്ധർവൻ പാടുന്നു എന്ന നിരൂപണത്തെ വിലയിരുത്തുക.

## Suggested Readings


1. എം. ലീലാവതി, കവിതാധ്വനി, നാഷണൽ ബുക്സ്റ്റാൾ, കോട്ടയം, 1986.
2. എം. എൻ. വിജയൻ, സമ്പൂർണകൃതികൾ വാല്യം 2, കറന്റ് ബുക്സ്, തൃശൂർ, 2009.
3. വി. സി. ശ്രീജൻ, തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ, കേരള സാഹിത്യഅക്കാദമി, തൃശൂർ, 2020.
4. ഷാജി ജേക്കബ് (എഡി.), ആധുനികാനന്തര മലയാളസാഹിത്യവിമർശനം, സൈകതം ബുക്സ്, കോതമംഗലം, 2013.
5. ഷാജി ജേക്കബ് (എഡി.), സാംസ്കാരികവിമർശവും മലയാളഭാവനയും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2014.
6. എം. ലീലാവതി, 'ആദിപ്രരൂപങ്ങൾ സാഹിത്യത്തിൽ', കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം


## References


1. സുകുമാർ അഴീക്കോട്, മലയാള സാഹിത്യവിമർശനം, ഡി. സി. ബുക്സ്, കോട്ടയം, 1988.
2. ജി. മധുസൂദനൻ, (എഡി.), ഹരിതനിരൂപണം മലയാളത്തിൽ, കറന്റ് ബുക്സ്, തൃശൂർ, 2002.
3. ഇ. വി. രാമകൃഷ്ണൻ, വിയോജിപ്പിന്റെ വാങ്മയങ്ങൾ, ഡി. സി. ബുക്സ്, കോട്ടയം, 1999.
4. പി. പി. രവീന്ദ്രൻ, ആധുനികാനന്തരം വിചാരം വായന, എസ്. പി. സി. എസ്., കോട്ടയം.
5. എൻ. കൃഷ്ണപിള്ള, കൈരളിയുടെ കഥ, ഡി. സി. ബുക്സ്, കോട്ടയം.

# 2. തകഴി അറിയാൻ ഒരു പിതൃത്വപ്രശ്നം

വി. രാജകൃഷ്ണൻ

## Learning Outcomes

- വി. രാജകൃഷ്ണന്റെ നിരൂപണപദ്ധതി മനസിലാക്കുന്നു
- തകഴിയുടെ ചെറുകഥകളുടെ പ്രത്യേകതകൾ കണ്ടെത്തുന്നു
- 'പട്ടാളക്കാരൻ' എന്ന ചെറുകഥയെ വി. രാജകൃഷ്ണൻ വിമർശന വിധേയമാക്കുന്ന രീതി തിരിച്ചറിയുന്നു
- 'തകഴി അറിയാൻ ഒരു പിതൃത്വപ്രശ്നം' എന്ന വി. രാജകൃഷ്ണന്റെ ലേഖനത്തെ സവിശേഷമായി പഠിക്കുന്നു

## Background

മലയാളസാഹിത്യ നിരൂപകനും, ചലച്ചിത്രസംവിധായകനും അധ്യാപകനുമാണ് വി. രാജകൃഷ്ണൻ. കേരള സർവകലാശാലയിൽ ഇംഗ്ലീഷ് വിഭാഗത്തിൽ അധ്യാപകനായിരുന്നു. കെ. പി. അപ്പനൊപ്പം മലയാളത്തിലെ ആധുനിക സാഹിത്യത്തിന്റെ നിരൂപകനായി അറിയപ്പെട്ടു. പാശ്ചാത്യവിമർശനത്തിൽ പരീക്ഷിക്കപ്പെടുന്ന രീതികൾ മാറിമാറി പ്രയോഗിക്കുകയാണദ്ദേഹം ചെയ്യുന്നത്. 'രോഗത്തിന്റെ പൂക്കൾ' എന്നത് ആദ്യനിരൂപണസമാഹാരമാണ്. ശൈലീവിജ്ഞാനീയത്തിന്റെ മാർഗം പരീക്ഷിച്ചുനോക്കുകയാണ്, 'ശൈലിയുടെ പ്രകാശതീരങ്ങളിൽ' എന്ന നീണ്ട പ്രബന്ധത്തിൽ. സാഹിത്യത്തിലെ താരതമ്യസമീപനമാണ് 'ചെറുകഥയുടെ ഛന്ദസിൽ' പരീക്ഷിതമാകുന്നത്. മലയാള കഥാസാഹിത്യത്തിലെയും കവിതയിലെയും നിഗൂഢാത്മക സൗന്ദര്യത്തിന്റെ തലങ്ങൾ പ്രകാശമാനമാക്കാനും ശ്രദ്ധേയരായ ചില എഴുത്തുകാരെ പുതിയ പരിപ്രേക്ഷ്യത്തിലവതരിപ്പിക്കാനും അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്. പി. കുഞ്ഞിരാമൻ നായരുടെ കവിതയുടെ ഭാവഭംഗികൾ തേടുന്ന 'ആളൊഴിഞ്ഞ അരങ്ങ്' ഒരുപക്ഷേ അദ്ദേഹത്തിന്റെ പക്വത യാർന്ന രചനയാണ് എന്ന് പറയാം. 'ഭ്രഷ്ടിന്റെ നാനാർത്ഥങ്ങൾ', 'നഗ്നയാമിനികൾ' എന്നിവയാണദ്ദേഹത്തിന്റെ മറ്റു രചനകൾ. 1987-ൽ കാഴ്ചയുടെ അശാന്തി എന്ന പുസ്തകത്തിന് ദേശീയ-സംസ്ഥാന അവാർഡുകൾ ലഭിച്ചു. 1995-ൽ നവാഗത സംവിധായകനുള്ള സംസ്ഥാന ചലച്ചിത്ര അവാർഡ് ലഭിച്ചു.

## Keywords

നവീനവിമർശനം - വി. രാജകൃഷ്ണന്റെ നിരൂപണം - വിശ്വചെറുകഥയിൽ ഗോഗളിന്റെ സ്ഥാനം - മലയാളചെറുകഥയിൽ തകഴിയുടെ സ്ഥാനം - സ്വത്വപ്രശ്നം മലയാള ചെറുകഥയിൽ

## Discussion

### 3.3.2 വിശദപഠനം - തകഴി അറിയാൻ ഒരു പിതൃത്വപ്രശ്നം

തകഴിയുടെ 'പട്ടാളക്കാരൻ' എന്ന കഥയെ ആസ്പദമാക്കി വി. രാജകൃഷ്ണൻ നടത്തിയ നിരൂപണമാണ് 'തകഴി അറിയാൻ ഒരു പിതൃത്വപ്രശ്നം'. റഷ്യൻ സാഹിത്യകാരനായ ഗോഗളിന്റെ ഒരു രചനയെ മുൻനിർത്തി തുർഗ്ഗനേവ് നടത്തിയ ഒരു നിരീക്ഷണമുണ്ട്: 'ഞങ്ങൾ എല്ലാവരും ഗോഗളിന്റെ 'ദി ഓവർകോട്ടി'നടിയിൽ നിന്ന് വന്നവരാണ്' എന്ന്. ഹൃദയശൂന്യമായൊരു ഭരണവ്യവസ്ഥിതിയുടെ അഴിയാകുരുക്കുകളിൽ ചെന്നുപെട്ട് മോചനമാർഗം അറിയാതെ മനംനൊന്ത് മരിക്കുന്ന സാധാരണക്കാരനായ ഒരുവന്റെ ജീവിതാനുഭവങ്ങളാണ് ഗോഗളിന്റെ 'ദി ഓവർക്കോട്ട്' എന്ന കൃതി. പത്തൊമ്പതാം നൂറ്റാണ്ടിലെ റഷ്യൻ സാമൂഹികജീവിതം പശ്ചാത്തലമാക്കി മെനഞ്ഞെടുത്ത ഒരു കഥയാണിത്. ദരിദ്രനും നിരാലംബനുമായ ഒരു പാവപ്പെട്ടവനെ അധികാരം കൈയാളുന്ന വർഗം എങ്ങനെ തഴയുന്നു എന്നും അത് അയാളിൽ എങ്ങനെ വേദനയുണ്ടാക്കുന്നു എന്നും ഈ കഥയിലൂടെ കഥാകൃത്ത് അവതരിപ്പിക്കുന്നു. വളരെ നാളത്തെ പ്രയത്നത്തിന്റെ ഫലമായി കഥാനായകൻ വാങ്ങിച്ച ഓവർകോട്ട് അയാളിൽ നിന്ന് തട്ടിയെടുക്കപ്പെടുന്നു. പരാതിപ്പെടാൻ പോയ അദ്ദേഹത്തെ ക്രൂരമായി അധിക്ഷേപിച്ച് പറഞ്ഞയക്കുകയാണ് അധികാരപ്പെട്ടവർ. അതിൽ മനംനൊന്ത് ഹൃദ്രോഗിയായി അയാൾ മരണപ്പെടുന്നു. പ്രേതമായി വന്ന കഥാനായകൻ തന്നെ ശകാരിച്ച, തനിക്ക് നീതി നിഷേധിച്ച ഉദ്യോഗസ്ഥനെ ഒരു പാഠം പഠിപ്പിക്കുന്നു. ഇത്തരത്തിൽ നീതിക്കും അന്തസിനും വേണ്ടി കഥാനായകൻ നടത്തുന്ന അന്വേഷണത്തിന്റെ വിചിത്രമായ പരിണാമം കാണിച്ചു കൊണ്ടാണ് ഈ കഥ അവസാനിക്കുന്നത്.

> ▶ ഗോഗളിന്റെ 'ദി ഓവർക്കോട്ട്' എന്ന കൃതി പശ്ചാത്തലമാക്കി

ഭരണവ്യവസ്ഥയുടെ കാരുണ്യരഹിതമായ ഹസ്തങ്ങളിൽപ്പെട്ട് ഞെരിഞ്ഞമരുന്ന സാധാരണക്കാരായ മനുഷ്യരുടെ ദൈന്യവും കോമാളിത്തവും കലർന്ന അനുഭവങ്ങൾ കഥാസാഹിത്യത്തിലെ പ്രശസ്തമായ പല മാസ്റ്റർപീസുകൾക്കും വിഷയമായിട്ടുണ്ട്. സമൂഹത്തിന്റെ പൊതുധാരയിൽ നിന്ന് വേറിട്ടു നിൽക്കുന്ന ഒറ്റയാനായ ഒരു വ്യക്തി ചെറുകഥയിൽ നായകനായി വരുന്നത് ആദ്യമായിട്ടായിരുന്നു. ചുറ്റുമുള്ള എല്ലാവരാലും അവഗണിക്കപ്പെടുകയും കളിയാക്കപ്പെടുകയും ചെയ്യുന്ന സാധാരണക്കാരിൽ സാധാരണക്കാരനായ ഒരുവന്റെ നൊമ്പരങ്ങൾ സഹാനുഭൂതിയോടെ ഇവിടെ പകർത്തപ്പെട്ടു. 'ദി ഓവർകോട്ടി'ൽ ആക്ഷേപഹാസ്യമുണ്ട്. എന്നാൽ ഈ ചെറുകഥ അവസാന നിമിഷത്തിൽ ആക്ഷേപഹാസ്യത്താൽ അവഹേളിതമായ മനുഷ്യത്വത്തെക്കുറിച്ചുള്ള കനിവാർന്ന പ്രസ്താവനയിൽ അവസാനിക്കുകയും ചെയ്യുന്നു. ഇങ്ങനെ ഗോഗളിന്റെ ചെറുകഥയുടെ ചരിത്രപശ്ചാത്തലത്തിൽ നിന്ന് വെളിച്ചം ഉൾക്കൊണ്ട് അനവധിയായ അസംഖ്യം ചെറുകഥകൾ രൂപപ്പെടുകയുണ്ടായി. 'ദി ഓവർകോട്ട്' ഇല്ലായിരുന്നുവെങ്കിൽ തുർഗനേവിന്റെയും ചെഖോവിന്റെയും മോപ്പസാങ്ങിന്റെയും ജെയിംസ് ജോയ്സിന്റെയും നിരവധി കഥകൾ എഴുതപ്പെടാതെ പോകുമായിരുന്നു.

അത്രമാത്രം നിർണായകമായ സ്വാധീനമാണ് വിശ്വചെറുകഥയുടെ ചരിത്രത്തിൽ ഗോഗളിന്റെ 'ദി ഓവർകോട്ട്' ചെലുത്തിയതെന്ന് നിരൂപകർ അഭിപ്രായപ്പെടുന്നു. ഏതാനും സംഭവങ്ങളുടെ വിവരണം എന്ന നിലവിട്ട് അടുക്കും യുക്തിഭദ്രതയുമുള്ള ഒരാഖ്യാനശില്പമാണ് ചെറുകഥ എന്ന ധാരണയ്ക്ക് വഴിയൊരുക്കിയത് ഈ രചനയാണ്.

- നൊമ്പരങ്ങൾ സഹാനുഭൂതിയോടെ പകർത്തപ്പെട്ടു

ഇതേ കാഴ്ചപ്പാടോടുകൂടി മലയാളചെറുകഥയെ സമീപിക്കുകയാണ് വി. രാജകൃഷ്ണൻ. 'ദി ഓവർകോട്ടിനെ'ക്കുറിച്ച് പറഞ്ഞതുപോലെ ഒരു അഭിപ്രായം മലയാള ചെറുകഥാസാഹിത്യശാഖയിൽ ഏത് ചെറുകഥയെക്കുറിച്ച് പറയാം എന്ന് അന്വേഷിക്കുകയാണ് നിരൂപകൻ. നവോത്ഥാന കാലഘട്ടത്തിലെ ചെറുകഥകളിൽ പൊതുവിൽ കാണുന്ന 'ഞങ്ങൾ' എന്ന കൂട്ടായ്മയുടെ സ്ഥാനത്ത് ഉത്തമപുരുഷ ഏകവചനം സംസാരിച്ചു തുടങ്ങിയത് ബഷീറിന്റെ കഥാസാഹിത്യത്തിലാണ്. ചരിത്രവും സാമൂഹ്യ സാഹചര്യങ്ങളും ചേർന്ന് സൃഷ്ടിക്കുന്ന മനുഷ്യദുഃഖങ്ങളെക്കുറിച്ചുള്ള പൊതുപരിഗണനയിൽ നിന്ന് വ്യക്തിയുടെ സ്വകാര്യപ്രശ്നങ്ങളിലേക്കും സൂക്ഷ്മചലനങ്ങളിലേക്കും കടന്നുചെന്ന ആദ്യ ചെറുകഥ ബഷീറിന്റേതാണ്. സ്വപ്നജീവികളും എഴുത്തുകാരും വേശ്യകളും ഇതിൽ വിഷയമായി വന്നു. ഈ നിമഗ്നജനതയാണ് പിന്നീട് ആധുനിക ചെറുകഥാകൃത്തുക്കളുടെ രചനകളിൽ പ്രത്യക്ഷപ്പെട്ടത്. എന്നാൽ ഈ വ്യാഖ്യാനങ്ങളെ നിഷേധിക്കാതെ തകഴി ശിവശങ്കരപ്പിള്ള എഴുതിയ 'പട്ടാളക്കാരൻ' എന്ന ചെറുകഥയിലേക്ക് വി. രാജകൃഷ്ണൻ കടന്നുചെല്ലുന്നു.

- ഉത്തമപുരുഷഏകവചനം സംസാരിച്ചു തുടങ്ങിയത് ബഷീറിൽ

ലോകമഹായുദ്ധം പശ്ചാത്തലമാക്കി രചിക്കപ്പെട്ട ഒരു ചെറുകഥയാണ് പട്ടാളക്കാരൻ. യുദ്ധകാലത്ത് സൈന്യത്തിൽ ആളെ ചേർക്കുന്നതിന്റെ ചിത്രവുമായി കഥ ആരംഭിക്കുന്നു. ഒരു മാസത്തെ അവധിക്ക് നാട്ടിൽ പോവാൻ അവധി പ്രഖ്യാപിക്കുന്നതോടെ സന്തോഷം അലതല്ലുന്ന പട്ടാളക്യാമ്പാണ് തുടക്കം. മൈസൂർക്കാരനും പാലക്കാട്ടുകാരനുമൊക്കെ ഇത് കേട്ട് മനക്കോട്ട കെട്ടുന്നു. എന്നാൽ രാമൻ നായർ എന്ന നായകന് ആഹ്ലാദിക്കാനാകുന്നില്ല. തന്റെ ജനനസ്ഥലത്തെക്കുറിച്ചോ അച്ഛനമ്മമാരെക്കുറിച്ചോ ബന്ധുക്കളെക്കുറിച്ചോ അയാൾക്ക് അറിവില്ല. ആലപ്പുഴ പട്ടണത്തിൽ എത്തുന്ന അയാൾ പരിചയക്കാരെ അന്വേഷിച്ചു പോകുന്നു. ഇല്ലാത്ത ബന്ധങ്ങൾ സൃഷ്ടിക്കാൻ ശ്രമിക്കുന്നു. ഒന്നും ഫലം കാണുന്നില്ല. ഒടുവിൽ അവധി കഴിയാൻ രണ്ടു ദിവസം മാത്രം ബാക്കിയുള്ളപ്പോൾ നാട്ടിൻപുറത്തെ ഒരു വൃദ്ധയും മകളും മാത്രമുള്ള കൊച്ചുവീട്ടിൽ അയാൾ സൽക്കാരം പങ്കിടുന്നു. വൃദ്ധയുടെ മകൾ നാണിയെ അയാൾ വിവാഹം കഴിക്കുന്നു. അവധി തീർന്നതിനാൽ കല്യാണദിവസം തന്നെ അയാൾ അവളോട് യാത്ര ചോദിച്ചു മടങ്ങുന്നു. പിന്നീട് അവളെത്തേടി വരുന്നത് മുറതെറ്റാതെയുള്ള മണിയോർഡറുകളാണ്. ഒരു ദിവസം മൂന്നു വലിയ ഇരുമ്പ് പെട്ടികൾ പോലീസ് സ്റ്റേഷനിൽ നിന്ന് അവൾ ഏറ്റുവാങ്ങുന്നു. അതിൽ ഉണങ്ങിക്കരിഞ്ഞ അവരുടെ വിവാഹമാല്യമുണ്ടായിരുന്നു. ഇതാണ് കഥയുടെ ചുരുക്കം.

- പട്ടാളക്കാരൻ ലോകമഹായുദ്ധം പശ്ചാത്തലമാക്കി

ഈ കഥയുടെ പശ്ചാത്തലത്തിൽ നിന്നുകൊണ്ട് വി. രാജകൃഷ്ണൻ എം. ടി. വാസുദേവൻ നായരുടെ 'അഭയം', എം. മുകുന്ദന്റെ 'പ്രഭാതം മുതൽ പ്രഭാതം വരെ' എന്നീ ചെറുകഥകൾ വിശകലനം



SGOU

ചെയ്യുന്നു. ഈ മൂന്ന് ചെറുകഥകളിലെയും നായകന്മാർ വ്യവസ്ഥാപിത സമൂഹത്തിന്റെ അരികുകളിൽ ചുറ്റിത്തിരിയുന്ന ബഹിഷ്കൃതരായ വ്യക്തികളാണ്. തകഴി തന്റെ കഥാനായകനെ നിശ്ചിതമായ ഒരു സാമൂഹിക ഭൂമികയിൽ പ്രതിഷ്ഠിച്ചിരിക്കുന്നു. അതേസമയം കാഫ്കയുടെ കൃതികളിലും മറ്റും കാണുന്ന എക്സിസ്റ്റൻഷ്യലിസ്റ്റ് സാഹിത്യത്തിന്റെ അന്തഃസത്ത ഉൾക്കൊണ്ട് മുകുന്ദനും കൂട്ടരും തങ്ങളുടെ പ്രധാന കഥാപാത്രങ്ങളുടെ സ്വത്വപ്രശ്നത്തിന് സ്ഥലാതീതവും കാലാതീതവുമായ ഒരു മാനം സമ്മാനിച്ചിരിക്കുന്നു. സ്ഥൂലാംശങ്ങളിലുള്ള വ്യത്യാസം ഒഴിച്ചു നിർത്തിയാൽ ഈ മൂന്നു കഥകളിലും ഒന്നുപോലെ മനുഷ്യന്റെ ഏകാന്തതയെക്കുറിച്ചുള്ള തീഷ്ണമായ അവബോധം കാണാം.

> ▶ വ്യവസ്ഥാപിത സമൂഹത്തിലെ ബഹിഷ്കൃതരായ വ്യക്തികൾ

രണ്ടാം ലോകമഹായുദ്ധത്തെത്തുടർന്നുള്ള വർഷങ്ങളിൽ സൈന്യസേവനത്തിന് പോയി മരിക്കുകയോ അംഗഭംഗത്തോടെ തിരിച്ചെത്തുകയോ ചെയ്ത പട്ടാളക്കാരുടെയും അവരുടെ കുടുംബങ്ങളുടെയും വിഷമാവസ്ഥ കേരളത്തിൽ സജീവമായ ഒരു സാമൂഹികപ്രശ്നമായിരുന്നു. 'പട്ടാളക്കാരൻ' എഴുതുമ്പോൾ തകഴിയുടെ മനസിലുണ്ടായിരുന്നത് ഒരുപക്ഷേ ഇത് മാത്രമായിരുന്നിരിക്കാമെന്ന് നിരൂപകൻ ഊഹിക്കുന്നു. 'പട്ടാളക്കാരൻ' എന്ന ടൈപ്പ് കഥാപാത്രമാണ് തകഴിയുടെ വിഷയം എന്ന് ചെറുകഥയുടെ തലക്കെട്ട് തന്നെ വ്യക്തമാക്കുന്നു. എന്നാൽ തകഴിയുടെ പിൻതലമുറയിൽപ്പെട്ട എഴുത്തുകാർ തകഴിയുടെ തലമുറയിൽപ്പെട്ട എഴുത്തുകാർ അവതരിപ്പിച്ച സാമൂഹ്യവസ്ഥയുടെ മൂർത്തമായ പ്രതിഫലനമായി കണ്ട അനുഭവത്തെ നിത്യമായ മനുഷ്യാവസ്ഥയുടെ വെളിപാടായി ഉൾക്കൊണ്ടു. വ്യക്തി അനുഭവിക്കുന്ന അന്യതാബോധത്തിന് കാരണവും പരിഹാരവും കണ്ടെത്താനാവും എന്ന് തകഴിയടക്കമുള്ള നവോത്ഥാന സാഹിത്യകാരന്മാർ വിശ്വസിച്ചു പോന്നിരുന്നു. എന്നാൽ ആധുനിക ചെറുകഥാകൃത്തുക്കളുടെ വീക്ഷണത്തിൽ ഈ അന്യവൽക്കരണം അപരിഹാരമായ ദാർശനിക പ്രശ്നമായി മാറി. അവർ അതിനെ മനുഷ്യർക്കിടയിലുള്ള ആശയവിനിമയത്തകർച്ചയും ഭാഷയുടെ പരാജയവുമായും ബന്ധപ്പെടുത്തി വ്യാഖ്യാനിച്ചു. അങ്ങനെ തകഴിയുടെ ചെറുകഥയിലെ സ്ഥൂലവും സൂക്ഷ്മവുമായ ബാഹ്യപരിസരം എം. ടി. യുടെ 'അഭയ'ത്തിലെത്തുമ്പോൾ കറുത്ത മന്ത്രവാദം പ്രസരിച്ചു നിൽക്കുന്ന അത്ഭുതദേശമായിട്ടും മുകുന്ദന്റെ രചനയിൽ മനുഷ്യാസ്തിത്വത്തിന്റെ ആകസ്മികതയെ സൂചിപ്പിക്കുന്ന പെരുവഴിക്കൂട്ടമായിട്ടും രൂപാന്തരപ്പെടുന്നു എന്ന് വി. രാജകൃഷ്ണൻ അഭിപ്രായപ്പെടുന്നു. അതിനാൽ തന്നെ മുകുന്ദനെപ്പോലൊരു ചെറുകഥാകൃത്ത് ഞങ്ങളെല്ലാവരും പട്ടാളക്കാരനിൽ നിന്ന് പിറവിയെടുത്തവരാണ് എന്നു പറഞ്ഞാൽ അമ്പരക്കേണ്ടതില്ല എന്ന നിഗമനത്തോടെ നിരൂപണം അവസാനിപ്പിക്കുന്നു.

> ▶ അന്യവൽക്കരണം അപരിഹാരമായ ദാർശനിക പ്രശ്നമായി മാറി

## Summarised Overview

ഗോഗളിന്റെ 'ദി ഓവർകോട്ട്' എന്ന ചെറുകഥ പാശ്ചാത്യ ചെറുകഥാകൃത്തുക്കളിൽ ചെലുത്തിയതിനു സമാനമായ സ്വാധീനം തകഴിയുടെ 'പട്ടാളക്കാരൻ' എന്ന കഥ പില്ക്കാല മലയാളചെറുകഥാകൃത്തുക്കളെ സ്വാധീനിച്ചുവെന്ന് വി. രാജകൃഷ്ണൻ നിരീക്ഷിക്കുന്നു. ഭരണവ്യവസ്ഥയുടെ കാരുണ്യരഹിതമായ ഹസ്തങ്ങളിൽപ്പെട്ട് ഞെരിഞ്ഞമരുന്ന സാധാരണക്കാ

SGOU

രായ മനുഷ്യരുടെ ദൈന്യവും കോമാളിത്തവും കലർന്ന അനുഭവങ്ങൾ കഥാസാഹിത്യത്തിലെ പ്രശസ്തമായ പല മാസ്റ്റർപീസുകൾക്കും വിഷയമായിട്ടുണ്ട്. നിർണായകമായ സ്വാധീനമാണ് വിശ്വചെറുകഥയുടെ ചരിത്രത്തിൽ ഗോഗളിന്റെ 'ദി ഓവർകോട്ട്' ചെലുത്തിയതെന്ന് നിരൂപകർ അഭിപ്രായപ്പെടുന്നു. നവോത്ഥാന കാലഘട്ടത്തിലെ ചെറുകഥകളിൽ പൊതുവിൽ കാണുന്ന 'ഞങ്ങൾ' എന്ന കൂട്ടായ്മയുടെ സ്ഥാനത്ത് ഉത്തമപുരുഷഏകവചനം സംസാരിച്ചു തുടങ്ങിയത് ബഷീറിന്റെ കഥാസാഹിത്യത്തിലാണ്. എക്സിസ്റ്റൻഷ്യലിസ്റ്റ് സാഹിത്യത്തിന്റെ അന്തസത്ത ഉൾക്കൊണ്ട് മുകുന്ദനും കൂട്ടരും തങ്ങളുടെ പ്രധാന കഥാപാത്രങ്ങളുടെ സ്വത്വപ്രശ്നത്തിന് സ്ഥലാതീതവും കാലാതീതവുമായ ഒരു മാനം സമ്മാനിച്ചിരിക്കുന്നു. തകഴിയുടെ പിൻതലമുറയിൽപ്പെട്ട എഴുത്തുകാർ തകഴിയുടെ തലമുറയിൽപ്പെട്ട എഴുത്തുകാർ അവതരിപ്പിച്ച സാമൂഹികാവസ്ഥയുടെ മൂർത്തമായ പ്രതിഫലനമായി കണ്ട അനുഭവത്തെ നിത്യമായ മനുഷ്യാവസ്ഥയുടെ വെളിപാടായി ഉൾക്കൊണ്ടു.

## Assignments

1. തുർഗനേവിന്റെ നിരീക്ഷണത്തിന്റെ പശ്ചാത്തലമായി നിരൂപകന്റെ അഭിപ്രായത്തെ ക്രോഡീകരിക്കുക.
2. തകഴിയെ തുർഗനേവിന്റെ നിരീക്ഷണവുമായി ബന്ധപ്പെടുത്താൻ വി. രാജകൃഷ്ണനെ പ്രേരിപ്പിക്കുന്ന ഘടകങ്ങൾ എന്തെല്ലാം - വിശകലനം ചെയ്യുക.
3. തകഴി, മുകുന്ദൻ, എം. ടി. എന്നിവരുടെ ചെറുകഥകളെ നിരൂപകൻ വിശകലനം ചെയ്യുന്നതെങ്ങനെയെന്നു വിലയിരുത്തുക.
4. സ്വത്വപ്രതിസന്ധി മലയാളചെറുകഥയിൽ അവതരിപ്പിക്കപ്പെട്ടത് എങ്ങനെയെന്നു വിലയിരുത്തുക.
5. നിമഗ്ന ജനതയെ ആധുനിക ചെറുകഥാകൃത്തുക്കൾ അവതരിപ്പിച്ചതെങ്ങനെയെന്നു വിവരിക്കുക.
6. സ്വത്വപ്രതിസന്ധിയുമായി ബന്ധപ്പെട്ട് മലയാളത്തിലുണ്ടായ ഏതെങ്കിലും രണ്ട് ചെറുകഥകളെ വിമർശനാത്മകമായി വിലയിരുത്തുക.

## Suggested Readings


1. വി. രാജകൃഷ്ണൻ, ചെറുകഥയുടെ ഛന്ദസ്സ്, ഡി. സി. ബുക്സ്, കോട്ടയം, 1999.
2. വി. സി. ശ്രീജൻ, തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ, കേരളസാഹിത്യ അക്കാദമി, തൃശൂർ, 2020.
3. വി. സി. ഹാരിസ്, എഴുത്തും പറച്ചിലും, വി. സി. ഹാരിസ് സ്മാരക സമിതി, 2019.
4. ഷാജി ജേക്കബ് (എഡി.), സാംസ്കാരികവിമർശവും മലയാളഭാവനയും, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2014.
5. വി. രാജകൃഷ്ണൻ, രോഗത്തിന്റെ പൂക്കൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
6. വി. രാജകൃഷ്ണൻ, നഗ്നയാമികൾ, എസ്. പി. സി. എസ്, കോട്ടയം.


SGOU

# References


1. സുകുമാർ അഴീക്കോട്, മലയാള സാഹിത്യവിമർശനം, ഡി. സി. ബുക്സ്, കോട്ടയം, 1988.
2. എം. പി. പോൾ, എം. പി.പോളിന്റെ സമ്പൂർണകൃതികൾ, മീഡിയ ഹൗസ്, ന്യൂഡൽഹി, 2012.
3. ഇ. വി. രാമകൃഷ്ണൻ, വിയോജിപ്പിന്റെ വാങ്മയങ്ങൾ, ഡി. സി. ബുക്സ്, കോട്ടയം, 1999.
4. ജി. മധുസൂദനൻ (എഡി.), ഹരിതനിരൂപണം മലയാളത്തിൽ, കറന്റ് ബുക്സ്, തൃശൂർ, 2002
5. വി. രാജകൃഷ്ണൻ, ഭ്രഷ്ടിന്റെ നാനാർത്ഥങ്ങൾ, എസ്. പി. സി. എസ്, കോട്ടയം.
6. വി. രാജകൃഷ്ണൻ, മൗനം തേടുന്നവാക്ക്, എസ്. പി. സി. എസ്, കോട്ടയം.


## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

SGOU

Unit 4

# 1. കോമാളിയുഗത്തിലെ പുരുഷഗോപുരങ്ങൾ

കെ. പി. അപ്പൻ

## Learning Outcomes

- കെ. പി. അപ്പന്റെ നിരൂപണപദ്ധതി പരിചയപ്പെടുന്നു
- വി. കെ. എൻ. കഥകളുടെ സവിശേഷതകൾ കണ്ടെത്തുന്നു
- നവീനവിമർശനമെന്ന വിമർശനധാര മനസിലാക്കുന്നു
- 'കോമാളിയുഗത്തിലെ പുരുഷഗോപുരങ്ങൾ' എന്ന ലേഖനത്തെ സവിശേഷമായി പരിചയപ്പെടുന്നു

## Background

മലയാളസാഹിത്യത്തിൽ എഴുപതുകളിലുണ്ടായ ആധുനികതാപ്രസ്ഥാനത്തിന് ദിശാബോധം നൽകുകയും ഭാവുകത്വപരിണാമത്തിന് സൈദ്ധാന്തിക ഭൂമിക ഒരുക്കുകയും ചെയ്ത നിരൂപകനാണ് കെ. പി. അപ്പൻ. 1972-ൽ പ്രസിദ്ധീകരിച്ച 'ക്ഷോഭിക്കുന്നവരുടെ സുവിശേഷം' എന്ന ലേഖനസമാഹാരത്തോടെയാണ് അപ്പൻ മലയാളത്തിലെ സാഹിത്യനിരൂപകന്മാരുടെ ഇടയിൽ ശ്രദ്ധിക്കപ്പെടാൻ തുടങ്ങിയത്. അതിലെ ഒൻപതു ലേഖനങ്ങളിൽ ആദ്യത്തെ നാലെണ്ണം കാഫ്ക, കമ്യൂ, യൊനെസ്കോ, ഷെനേ എന്നീ ആധുനിക പാശ്ചാത്യസാഹിത്യകാരന്മാരെക്കുറിച്ചായിരുന്നു. തുടർന്നുവന്ന മൂന്നു ലേഖനങ്ങൾ ആധുനിക സാഹിത്യത്തിന്റെ പ്രചോദനങ്ങളെയും അതിലെ പ്രവണതകളെയും കുറിച്ചും ഒടുവിലത്തെ രണ്ടെണ്ണം ആധുനിക വിമർശനത്തെക്കുറിച്ചുമായിരുന്നു.

വിമർശനത്തെ യാന്ത്രികതയിൽ നിന്നും സാങ്കേതിക ജടിലതയിൽ നിന്നും ആവുന്നത്ര സ്വതന്ത്രമാക്കി സർഗാത്മക പ്രക്രിയയാക്കി ഉയർത്താൻ അപ്പന്റെ കാവ്യബുദ്ധിക്കു സാധിച്ചു. നിലാവിൽ ക്രൗര്യം വിതച്ച വിമർശകനാണ് അദ്ദേഹം. പുതിയ സംജ്ഞാവലികളുടെ അകമ്പടിയോടെ ഭാഷയിൽ ആത്മതേജസ്സിന്റെ സൗരോർജമാണ് അപ്പൻ പ്രസരിപ്പിക്കുന്നത്. മറ്റുള്ളവർ നിരാകരിക്കുകയോ ഉൾക്കൊള്ളുകയോ എന്തുമാകട്ടെ സാഹിത്യവിഷയങ്ങളിൽ തനിക്ക് അഭിപ്രായമുണ്ടെന്നും അതു വ്യക്തമാക്കുക തന്റെ സ്വാതന്ത്ര്യമാണെന്നും സ്ഥാപിക്കാൻ അപ്പനു സാധിച്ചു. അപ്പന്റെ സാഹിത്യചിന്തകൾ സാമ്പ്രദായിക വിമർശനപദ്ധതികളെ ഉലയ്ക്കുകയും നവീന വിമർശനത്തിന്റെ ദാർശനികവും സൗന്ദര്യാധിഷ്ഠിതവുമായ വഴി വിശാലമാക്കുകയും ചെയ്തു. 'ക്ഷോഭിക്കുന്നവരുടെ സുവിശേഷം', 'കലഹവും വിശ്വാസവും', 'വരകളും വർണ്ണങ്ങളും', 'മലയാള ഭാവന: മൂല്യങ്ങളും സംഘർഷങ്ങളും', 'തിരസ്കാരം', 'മാറുന്ന മലയാള നോവൽ', 'കലാപം വിവാദം വിലയിരുത്തൽ', 'പേനയുടെ സമരമുഖങ്ങൾ', 'ചരിത്രത്തെ നിങ്ങൾക്കൊപ്പം കൂട്ടുക' തുടങ്ങിയവയാണ് അദ്ദേഹത്തിന്റെ പ്രധാന നിരൂപണകൃതികൾ.

SGOU

# Keywords

നവീന വിമർശനം - കെ. പി. അപ്പന്റെ വിമർശനശൈലി - വി. കെ. എന്നിന്റെ ആക്ഷേപഹാസ്യം - ആക്ഷേപഹാസ്യ നോവലുകൾ

# Discussion

## 3.4.1 വിശദപഠനം - കോമാളിയുഗത്തിലെ പുരുഷഗോപുരങ്ങൾ

- വി. കെ. എന്നിന്റെ കഥകളിലെ ആക്ഷേപഹാസ്യം

കെ. പി. അപ്പന്റെ 'കോമാളിയുഗത്തിലെ പുരുഷഗോപുരങ്ങൾ' വി. കെ. എന്നിന്റെ കഥകളിലെ ആക്ഷേപഹാസ്യത്തെക്കുറിച്ചുള്ള നിരൂപണമാണ്. രാഷ്ട്രീയമായും സാമൂഹികമായും സാംസ്കാരികമായും നമ്മുടെ യുഗം ഒരു കോമാളിയുഗമാണെന്ന് നിരൂപകൻ അഭിപ്രായപ്പെടുന്നു. അതിനാൽത്തന്നെ ഈ മേഖലയിലെല്ലാം തന്നെ കോമാളിത്തരങ്ങൾ മനസിലാക്കാത്ത മനുഷ്യരുൾപ്പെടുന്ന സമൂഹം ഒരു കോമിക് ജീനിയസിൽ ക്രോധം നിറയ്ക്കുന്നു. അയാളുടെ ഹാസ്യം കുറിക്ക് കൊള്ളുന്നതാകുന്നു. വി. കെ. എന്നിന്റെ ഹാസ്യഭാവനയും കോമിക്ക് നോവലുകളും ഇതിനു തെളിവാണ്. ഏഥൻസ് നഗരം ദുഷിച്ചിരുന്നപ്പോഴും സോക്രട്ടീസ് ദുഷിച്ചിരുന്നില്ല. കേരളസമൂഹം ജീർണതയിലേക്ക് കൂപ്പുകുത്തിയിരുന്ന കാലത്ത് നമ്പ്യാർ ഫലിതങ്ങൾ ദുഷിച്ചിരുന്നില്ല. അതുപോലെതന്നെയാണ് വി. കെ. എന്നിന്റെ തുറന്ന ചിരികളും അശ്ലീല പ്രയോഗവും.

- പ്രഹസന സൗന്ദര്യം നൽകുന്നു

രാഷ്ട്രീയക്കാരും പത്രഉടമകളും നാട്ടുപ്രമാണിമാരും ആഭ്യന്തരമന്ത്രിയും തുടങ്ങി സകലരും നർമ്മത്തിലൂടെ ശൂലത്തിൽ ഏറുന്ന കാഴ്ച ഇവിടെ കാണാം. 'ആരോഹണം', 'പിതാമഹൻ', 'ജനറൽ ചാത്തൻസ്' തുടങ്ങിയ നോവലുകളെല്ലാം ഈ ഹാസ്യഭാവനയുടെ ധാർഷ്ട്യത്തിന് ഉദാഹരണമാണ്. ഇ. വി. കൃഷ്ണപിള്ളയുടെയും അദ്ദേഹത്തിന്റെ കാലത്തിൽപ്പെട്ട മറ്റെഴുത്തുകാരുടെയും കൃതികളിൽ വ്യക്തിയുടെ വികലതയും അപഹാസ്യതയും ഊതി വീർപ്പിച്ച് ചിരിയുണ്ടാക്കുന്നതാണ് നാം കണ്ടത്. എന്നാൽ ഒരു കോമിക് പ്രതിഭ ചിലതിനെ ഹാസ്യമാക്കി അവതരിപ്പിക്കുന്നു. തന്റേതായ രീതിയിൽ അതിനു പ്രഹസനസൗന്ദര്യം നൽകുന്നു. ഈ സൗന്ദര്യം പ്രമേയത്തിൽ മാത്രം ഒതുങ്ങുന്നില്ല. ഈ സവിശേഷതകളെല്ലാംതന്നെ വി. കെ. എന്നിന്റെ കൃതികളിൽ കാണാം. വ്യക്തിയുടെ വിലക്ഷണതയും അപഹാസ്യതയും ഊതി വീർപ്പിച്ച് മാത്രമാണ് ഇ. വി. കൃഷ്ണപിള്ളയുടെയും ആ പാരമ്പര്യത്തിൽപ്പെട്ട മറ്റ് ഹാസ്യസാഹിത്യകാരന്മാരുടെയും കൃതികളിൽ അവർ ചിരി സൃഷ്ടിച്ചത്. അത്തരം ചിരി സൃഷ്ടിക്കാൻ ഒരു കാട്ടുതാറാവിന്റെ ഭാവന മതി എന്നാണ് കെ. പി. അപ്പൻ പറയുന്നത്.

ക്രൂരഫലിതങ്ങളാണ് വി. കെ. എൻ. സൃഷ്ടിക്കുന്നത്. കലയിലൂടനീളം വിപരീതാർത്ഥങ്ങളുടെ ഉച്ചാവസ്ഥ വി. കെ. എൻ. നിലനിർത്തുന്നു. ഘടകങ്ങളുടെ പൊരുത്തക്കേടിലൂടെ വാക്യങ്ങളെയും കൽപ്പനകളെയും തലകീഴായി നിർത്തുന്നു. സ്വയം ഖണ്ഡിക്കുന്ന ഭാഷാപ്രയോ

SGOU

ഗങ്ങളും കല്പനകളുമാണ് അദ്ദേഹത്തിന്റെ കലയുടെ സൗന്ദര്യം. വി കെ. എൻ. സമകാലിക ചരിത്രത്തിന്റെ നേരെ കലഹിക്കുന്ന സ്നേഹം പ്രകടിപ്പിക്കുന്നു, സ്നേഹിക്കുന്ന വിദ്വേഷത്തോടെ അതിനെ വിമർശിക്കുന്നു. വിവരണകലയിൽ ഗൗരവം നിറഞ്ഞ ഒരു പൊള്ളത്തരം ബോധപൂർവ്വം നിലനിർത്തുന്നു. ഭാരമുള്ള ഒരു ലാഘവം അദ്ദേഹത്തിന്റെ ഭാഷയുടെ സ്വരത്തെ നിയന്ത്രിക്കുന്നു. ആകെക്കൂടി വി. കെ. എന്നിന്റെ കല അതിന്റെ ബാഹ്യരൂപ സുബോധത്തോടുകൂടിയ ഭ്രാന്താണ്. അദ്ദേഹത്തിന്റെ കൃതികളിൽ ഹാസ്യം ഉപരിപ്ലവമായ വിനോദഭാവമല്ല. ഇവിടത്തെ ഹാസ്യത്തിന്റെ വേരുകൾ തീവ്രമായ ക്രോധത്തിലും വ്യഥയിലുമാണ് പടർന്നുകിടക്കുന്നത്. ക്രോധമാണ്, അമർഷമാണ് ഇവിടെ ചിരിയായി പരിണമിക്കുന്നത്. പയ്യൻ ആദ്യം ദേഷ്യവും പിന്നെ ചിരിയും വന്നു, പകലിന്റെ പള്ളക്ക് മിന്നൽ കുത്തി ഇറങ്ങി, പിശയിൽ നിന്നും പിസ്റ്റൽ വലിച്ചെടുക്കുന്നത് പോലെ ചീപ്പെടുത്തു, വേനൽ ബലാത്സംഗം ചെയ്ത ഭൂമി തുടങ്ങിയ പ്രയോഗങ്ങളൊക്കെ ഈ പ്രേരണയുടെ ഫലമാണ്.

▶ വി. കെ. എന്നിന്റെ കല ബാഹ്യരൂപത്തിൽ സുബോധത്തോട് കൂടിയ ഭ്രാന്താണ്

ചിരിയേയും ക്രോധത്തേയും ബന്ധിപ്പിക്കുകയാണ് കെ. പി. അപ്പൻ. വി. കെ. എൻ. കൃതികളിൽ ക്രോധമാണ് ചിരിയായി മാറുന്നത്. പല്ലു കാണിക്കുക എന്നത് ചിരിയുടെ ലക്ഷണം പോലെ തന്നെ ക്രോധത്തിന്റെയും ലക്ഷണമാണ്. പല്ല് മനുഷ്യന്റെ പ്രാകൃതമായ ആയുധമാണെന്ന നരവംശശാസ്ത്രപരമായ ആശയം കൂടി ഇവിടെ പരിഗണിക്കാം. പല്ലിളിക്കുന്ന സൂര്യൻ, തണുപ്പിന്റെ പല്ല്, അയ്യൻ പല്ലു ഞെരിച്ചു, പ്രസിഡന്റ് പല്ലിളിക്കുന്നു, കോഴി ആടുകളുടെ എല്ലുകൾ തറയിൽ പല്ലിളിച്ചു കിടക്കുന്നു - ഇങ്ങനെ പല്ലിളിക്കൽ അല്ലെങ്കിൽ പല്ല് വി. കെ. എന്നിന്റെ ഹാസ്യനോവലുകളിൽ ആവർത്തിച്ചുവരുന്ന കൽപ്പനയാണ്. ചിരിയായി മാറിയ ഈ ക്രോധം അഴിഞ്ഞ സദാചാര മുറകളുടെയും ഹീനമായ സാമൂഹിക്ജീവിതത്തിന്റെയും നേരെ പ്രതികാരത്തോടെ നീങ്ങുന്നു. അതുകൊണ്ടാണ് ആ ചിരിക്ക് വല്ലാത്തൊരു രൂക്ഷതയും രക്തച്ചുവപ്പും കൈവന്നത്.

▶ പല്ല് ആവർത്തിച്ചു വരുന്ന കൽപ്പന യാണ്

വി. കെ. എന്നിന്റെ ഹാസ്യഭാവനയും ക്രോധവും തമ്മിലുള്ള ബന്ധം പഠനവിധേയമാക്കിയ ശേഷം കെ. പി. അപ്പൻ ഹാസ്യവും ദുഃഖവും തമ്മിലുള്ള ബന്ധം അവതരിപ്പിക്കുകയാണ്. വാത്മീകിയുടെ ഉഗ്രശോകത്തിൽ നിന്നാണ് ശാപമുണ്ടായത്. അപ്രകാരം ചിന്തിച്ചാൽ ശോകത്തിന്റെ പാരമ്യത്തിൽ നിന്നാണ് ക്രോധത്തിന്റെ ഉത്ഭവം. ക്രോധമാകട്ടെ അതിന്റെ ഉച്ചാവസ്ഥയിൽ വന്യമായ ഫലിതമായി മാറുന്നു. ഇതൊരു ത്രികോണഘടനയാണെന്നാണ് കെ. പി. അപ്പന്റെ പക്ഷം. ശോകം, ക്രോധം, ഫലിതം ഇവ മൂന്നും തമ്മിലുള്ള ബന്ധം വി. കെ. എന്നിന്റെ കലയിൽ പ്രകടമാണ്. പ്ലേറ്റോ ദുരന്തനാടകം എന്നും പ്രഹസനം എന്നുമുള്ള വിഭജനം അംഗീകരിക്കാത്തത് ഈ ചിന്തയിലാണെന്നാണ് നിരൂപകൻ സമർത്ഥിക്കുന്നത്. അപൂർണമായി പോകുന്ന കോമഡിയാണ് ട്രാജഡി. അതിനാൽ വി. കെ. എൻ. ഇത്തരത്തിൽ ചിരിച്ചില്ലായിരുന്നുവെങ്കിൽ മറ്റൊരു രീതിയിൽ വിലപിക്കുമായിരുന്നു. അതിനാൽ വി. കെ. എന്നിന്റെ ചിരിയുടെ പിന്നിൽ ദുഃഖവും അസന്തുഷ്ടിയുമാണുള്ളതെന്ന നിഗമനത്തിൽ നിരൂപകൻ എത്തുന്നു. ഹാളിന്റെ ഒരു മൂലയ്ക്ക് വിലാപം മാതിരി ചിരി ഉയർന്നു എന്ന കൽ

പ്പന തന്റെ ചിരിക്ക് ദുഃഖത്തോടുള്ള കടപ്പാട് വ്യക്തമാക്കാൻ കൂടിയാണ്. 'ആരോഹണത്തിൽ' ഈ ദുഃഖത്തെ ഫലിതമാക്കുന്നത് കാണാം. അസന്തുഷ്ടിയും ദുഃഖവും നൽകുന്ന കോമാളിയുഗത്തെ മറികടക്കാൻ വന്യമായ ഫലിതബോധവും സാഹസികബുദ്ധിയുമുള്ള അതിപുരുഷൻ ആവശ്യമാണ്. ഈ ആവശ്യത്തിന്റെ സൃഷ്ടികളാണ് പയ്യനും സർ ചാത്തുവും ജനറൽ ചാത്തൻസും. ക്രോധവും ദുഃഖവും ചേർന്നു നിന്നുകൊണ്ട് സൃഷ്ടികർമ്മത്തിൽ ഏർപ്പെട്ടിരിക്കുന്ന രണ്ടു ദേവന്മാരെപോലെ പ്രവർത്തിച്ചുകൊണ്ട് ഫലിതത്തെ സൃഷ്ടിക്കുന്നു. ഈ ഫലിതമാണ് വി. കെ. എന്നിന്റെ വന്യമായ ഹാസ്യഭാവന.

▶ ശോകം, ക്രോധം, ഫലിതം വി. കെ എന്നിന്റെ കലയിൽ പ്രകടമാണ്

വി. കെ. എന്നിന്റെ നോവലുകൾ ചരിത്രത്തിന്റെ ഹാസ്യാനുകരണങ്ങളാണ്. സമകാലരാഷ്ട്രീയത്തെയും സെക്സിനെയും ഒരുപോലെ പരിഹാസത്തിന്റെ മുദ്ര കൊണ്ട് അവതരിപ്പിക്കുകയാണ് ആരോഹണം എന്ന കൃതിയിൽ. പഴയ യാഥാർത്ഥ്യങ്ങളെ സമകാലിക സംഭവങ്ങളുമായി ചേർത്ത് വിലയിരുത്തുക. പഴയ സാഹചര്യത്തിൽ പുതിയ സന്ദർഭങ്ങൾ വലിച്ചടുപ്പിച്ചുകൊണ്ട് പൊരുത്തക്കേടിലൂടെ വിമർശിക്കുക. പിതാമഹൻ പോലുള്ള കൃതികളിൽ ഈ രീതി കാണാം. ചരിത്രവിശാലത, ചരിത്രം ആവർത്തിച്ചു ചരിത്രത്തിൽ രേഖപ്പെടുത്താതെ പോകട്ടെ, ചരിത്രം വീണ്ടും ഫോക്കസിൽ വരുന്നു, ഈ കാലഘട്ടത്തിന്റെ ചരിത്രം വിസ്മരിക്കരുത്-തുടങ്ങിയ പ്രയോഗങ്ങളൊക്കെ നോവലിൽ ആവർത്തിക്കുന്നത് ചരിത്രത്തോടുള്ള അബോധപൂർവ്വമായ ആഭിമുഖ്യത്തിന്റെ ലക്ഷണങ്ങളാണ്.

▶ ചരിത്രത്തോടുള്ള അബോധപൂർവ്വമായ ആഭിമുഖ്യം

ചരിത്രത്തിന്റെ ഹാസ്യാനുകരണങ്ങളാണ് വി. കെ. എൻ. കൃതികൾ. വി. കെ. എൻ. സൃഷ്ടിച്ച അതിപുരുഷന്മാർ ഈ കോമാളിയുഗത്തിലെ ചരിത്രപുരുഷന്മാരാണ്. ഈ കോമാളിയുഗം ആവശ്യപ്പെടുന്ന നിശിതമായ ഫലിതബോധവും സാഹസികമായ ബുദ്ധിയും അവർ പ്രകടിപ്പിക്കുന്നു. ഈ അതിപുരുഷന്മാരുടെ സൃഷ്ടിയിലൂടെ ചരിത്രത്തിന്റെ ഹാസ്യാനുകരണമെന്നപോലെ ചരിത്രവ്യക്തികളുടെയും ഹാസ്യാനുകരണം വി. കെ. എൻ. നിർമ്മിക്കുന്നു. ചിലയിടങ്ങളിൽ ഫലിതത്തിന് ഒരു ആഭാസമോടി നൽകുന്നു. ഉദാഹരണമായി, നഗ്നസന്യാസിമാർ നയിക്കുന്ന ആ ജാഥയെ ഘടികാരത്തിലെ പെൻഡുലം പോലെ നിവർന്നും താണും ആടിക്കൊണ്ടിരിക്കുന്ന നഗ്നതയായി വി. കെ. എൻ കാണുന്നു. വഴിക്ക് വീരവനിതകൾ വർഷിച്ച പൂവിതളുകൾ ആ ശിലായുഗമനുഷ്യരുടെ ദേഹത്തും നിവർന്നാടുന്ന നഗ്നതയിലും പറ്റി നിൽക്കുന്നതും കൂടി വർണിച്ച് ഈ കോമിക്ദൃശ്യത്തിന്റെ ആഭാസമോടി നോവലിസ്റ്റ് പൂർണമാക്കുന്നു. ഫലിതത്തിന്റെ ഉത്ഭവം തന്നെ ലൈംഗികതയുമായി ബന്ധപ്പെട്ടിരിക്കുന്നു. പുരുഷലിംഗത്തിന്റെ പ്രതിമരൂപം വഹിച്ചുകൊണ്ട് പ്രാചീനഗ്രീസിൽ നടത്തിയിരുന്ന ഉത്സവഘോഷയാത്രകളിലാണ് പ്രഹസനത്തിന്റെയും ഹാസ്യഭാവനയുടെയും വേരുകൾ. ഇത്തരം പ്രയോഗങ്ങൾ നേരിട്ടും അബോധപൂർവമായും വി. കെ. എന്നിന്റെ കൃതികളിൽ പ്രത്യക്ഷപ്പെടുന്നത് അശ്ലീലത്തോടുള്ള സ്വാഭാവികമായ ആഭിമുഖ്യത്തെയാണ് എടുത്തു കാണിക്കുന്നത്. ശൃംഗാരത്തിൽ നിന്നാണ് ഹാസ്യം ജനിക്കുന്നതെന്ന ഭരതമുനിയുടെ ദർശനം ഹാസ്യത്തിന് രതിഭാവത്തോടുള്ള ബന്ധം എടുത്തു കാണിക്കുന്നതാണ്.

▶ ചിലയിടങ്ങളിൽ ഫലിതത്തിന് ഒരു ആഭാസമോടി നൽകുന്നു

നിയമനിബദ്ധമല്ലാത്ത ഭാഷയാണ് വി. കെ. എൻ. നോവലുകളിൽ കാണുന്നത്. വി. കെ. എന്നിന്റെ ചെറുകഥകൾ ചിത്രകലയിലെ കൊളാഷിനോടടുക്കുന്നത് കാണാൻ സാധിക്കും. എന്നാൽ ആകർഷകമായ ഇതിവൃത്തഘടന അദ്ദേഹത്തിന്റെ നോവലുകളുടെ സവിശേഷതയാണ്. വി. കെ. എന്നിന്റെ ഹാസ്യകഥ കൊളാഷായി മാറുമ്പോൾ നോവലുകൾ സ്പൈറൽ സ്റ്റെയർകേസ് രൂപത്തിലാണുള്ളത്. തിരിഞ്ഞു ചുറ്റിക്കയറുന്ന പ്രതീതി തന്നെ അതുളവാക്കുന്നു. വി. കെ. എൻ. സൃഷ്ടിച്ച പയ്യൻ, സർ ചാത്തു, ജനറൽ ചാത്തൻസ് എന്നീ അതിപുരുഷന്മാർക്ക് നോവലുകളിലെ ഹാസ്യസംഭവത്തെക്കാൾ പ്രാധാന്യമുണ്ട്. ഈ പുരുഷഗോപുരങ്ങളുടെ സൃഷ്ടി വി. കെ. എൻ. കലകളുടെ മറ്റൊരു യാഥാർത്ഥ്യം കൂടി പുറത്തുകൊണ്ടുവരുന്നു. സാധാരണ ഹാസ്യസൃഷ്ടികളിൽ അന്നുവരെ കണ്ടിരുന്നതുപോലെ അവലക്ഷണ മനുഷ്യരല്ല ഇവിടെ ചിരിയ്ക്ക് കാരണമാകുന്നത്. ചിരി ഇവിടെ അതിപുരുഷന്മാരുടെ സാഹസികബുദ്ധിയുമായി ബന്ധപ്പെട്ട സംഘർഷത്തിൽ നിന്ന് രൂപമെടുക്കുകയാണ്. ഈ കഥാപാത്രങ്ങളൊക്കെത്തന്നെ കൃത്രിമമായി സൃഷ്ടിച്ച കഥാപാത്രങ്ങളല്ല. നമ്മുടെ അബോധത്തിന്റെ അനുഭവവും പാരമ്പര്യത്തിലെ പരുക്കൻ പുരുഷത്വത്തിന്റെ അഹങ്കാരവുമാണ് ഇവയുടെ പിന്നിൽ. സമൂഹത്തിന്റെ അബോധത്തിൽ നിന്ന് ജന്മമെടുത്ത് വരുന്ന ഈ വീരനായകന്മാരെ ഈ കോമാളിയുഗത്തിനെതിരെ നിർത്തി അതിപുരുഷന്മാരായി അവതരിപ്പിക്കുകയാണ് നോവലിസ്റ്റ് ചെയ്യുന്നത്. ഇവർ ഐതിഹ്യങ്ങളിൽ നിന്നും ചരിത്രനോവലുകളിൽ നിന്നും ഇറങ്ങി വന്നവരാണ്. അതോടൊപ്പം ആധുനിക കോമിക് പുസ്തകങ്ങളുടെ പ്രേരണയും ഇവരുടെ പിന്നിൽ കാണാം. പുതിയ കോമാളിയുഗത്തിൽ പഴയ വീരപുരുഷന്മാരെയല്ല, പകരം ആരെയും കൂസാത്ത കോമാളികളെയാണ് കാണാൻ സാധിക്കുക.

- ആധുനിക കോമിക് പുസ്തകങ്ങളുടെ പ്രേരണ

സൃഷ്ടിയിൽ പൂർവ്വരൂപങ്ങളാവിർഭവിക്കുക എന്ന പ്രീമിറ്റിവിസത്തിന്റെ ലക്ഷണങ്ങളാണ് ഇവയിൽ കാണാൻ സാധിക്കുന്നത്. കേരളത്തിലെ വീരനായകന്മാരുടെ പുരാതനരൂപങ്ങളുമായി അബോധതലത്തിൽ സൗഹൃദം പുലർത്തുന്ന നോവലിസ്റ്റ് ഹാസ്യഭാവനയോടെ സൃഷ്ടിച്ച കഥാപാത്രങ്ങൾക്ക് കേരളത്തനിമയുള്ള പൂർവികരൂപങ്ങൾ ആവിർഭവിക്കുകയാണുണ്ടായത്. ഐതിഹ്യപുരുഷന്മാരായ പാക്കനാരുടെയും നാറാണത്ത് ഭ്രാന്തന്റെയും സാഹസികബുദ്ധിയിലും ഈ ഫലിതത്വം കാണാം. സൂര്യൻ പുരുഷന്റെ പ്രതീകമാണ്. മനഃശാസ്ത്രത്തിലാകട്ടെ ലൈംഗികമായ ആന്തരികാവേശത്തിന്റെ, അതായത് ലിബിഡോയുടെ പ്രതീകമാണ്. വി. കെ. എന്നിന്റെ വിവരണകലയിൽ ആവർത്തിച്ചുവരുന്ന സൂര്യനുമായി ബന്ധപ്പെട്ട ബിംബകൽപ്പനകൾ ഇത്തരത്തിൽ കൂട്ടിവായിക്കാം. പ്രധാനപ്പെട്ട എല്ലാ കോമിക് നോവലുകളും ദൈവഭയപ്പാടുകളിൽ നിന്ന് അകന്നു നിൽക്കുന്നു. വി. കെ. എന്നിന്റെ നോവലുകളും ഇതിനൊരു അപവാദമല്ല. ചിരിയെ ദൈവത്തിനു മുകളിൽ പ്രതിഷ്ഠിച്ചുകൊണ്ട് ദൈവനിന്ദയ്ക്ക് മുതിരുന്നതായി കാണാം. മലയാളിക്ക് അന്നുവരെ അന്യമായിരുന്ന പരുക്കൻ പുരുഷത്വത്തിന്റെ അഹങ്കാരം നിറഞ്ഞ ഫലിതമാണ് വി. കെ. എൻ. കൃതികൾ.

- എല്ലാ കോമിക് നോവലുകളും ദൈവഭയപ്പാടുകളിൽ നിന്ന് അകന്നു നിൽക്കുന്നു

ഭാഷാരൂപത്തെ ശരീരചലനത്തിന്റെ മാതൃക സൃഷ്ടിക്കുന്ന രീതി

യിൽ പ്രദർശിപ്പിക്കുന്നത് വി. കെ. എൻ. നോവലുകളിൽ കാണാം. മുറിഞ്ഞുപോയ സംഭാഷണം ചോലക്കോടൻ കുനിഞ്ഞെടുത്തു, ഡയലോഗിന്റെ പട്ടുനൂലിഴ സുനന്ദ പൊക്കിയെടുത്തു-തുടങ്ങിയ പ്രയോഗങ്ങളിൽ വാക്കുകളുടെ സംവിധാനത്തെ ശരീരചലനത്തോട് അടുപ്പിക്കുന്നത് കാണാം. പുരുഷന്റെ അഹങ്കാരം നിറഞ്ഞ ഫലിതം ഇവിടെ കാണാം. ചിരിയും ലൈംഗികതയും തമ്മിലുള്ള ബന്ധം മറ്റൊരു രൂപത്തിൽ ഭാഷയും ലൈംഗികതയും തമ്മിലുള്ള ബന്ധമായി മാറുന്നതും കാണാം. രേതസിന്റെ മോചനവും വികാരപ്രകടനവും ഒന്നുതന്നെയാണെന്ന് സ്റ്റെയിനർ പറഞ്ഞത് ഇവിടെ പ്രസക്തമാണ്. വി. കെ. എന്നിന്റെ ആവേശം നിറഞ്ഞ രചനാശൈലിയിൽ പ്രകടമാകുന്ന അസ്വസ്ഥത, ദ്രുതഗതിയിലെ താളം എന്നിവ ലൈംഗികതയുടെ ആന്തരികതാളത്തിന് സമാനമാണെന്ന് അപ്പൻ പറയുന്നു. കഥാപാത്രസൃഷ്ടിയിലും ഭാഷാശിൽപ്പത്തിലും ഒരുപോലെ പുരുഷലക്ഷണങ്ങളുടെ ഭാവപരമായ ഔന്നത്യം കാണാം.

> ▶ പുരുഷന്റെ അഹങ്കാരം നിറഞ്ഞ ഫലിതം

എന്നാൽ വി. കെ. എന്നിന്റെ കലയും കാലവും തമ്മിലുള്ള ബന്ധം കാലദർശനങ്ങളുടെ മേഖലകളിൽ നിന്ന് അകന്ന് മറ്റു രണ്ടു മാർഗങ്ങളിലാണ് സഞ്ചരിക്കുന്നത്. കാലം ഇവിടെ നോവലിന്റെ ഘടനയുടെ മുഖ്യവശം എന്ന നിലയിൽ പ്രത്യക്ഷപ്പെടുന്നു. ഈ കാലശക്തി സംഭവങ്ങളുടെ ചലനത്തിലും സ്ഥലത്തിന്റെ സാന്നിധ്യത്തിലും വ്യക്തമായിത്തീരുന്നു. കാലത്തിന്റെ കോമാളിരൂപങ്ങൾ സൃഷ്ടിച്ച കാലബോധവും തന്റെ കോമാളിദർശനത്തിന്റെ ഭാഗമാണെന്ന് വി. കെ. എൻ. തെളിയിക്കുന്നു. 'പിതാമഹൻ' എന്ന നോവലിൽ ചരിത്രപ്പഴമയുടെ അംശം കൂടുതൽ കലർന്നിട്ടുണ്ട്. വർത്തമാനകാലം അതിൽ അപ്രസക്തമായി നിൽക്കുന്നതും കഥാപാത്രങ്ങൾ ഭൂതകാലത്തിന്റെ ഒരംശത്തിൽ ജീവിക്കുന്നതും ഈ കാലബോധത്തിന്റെ സവിശേഷപ്രയോഗം കൊണ്ട് വായനക്കാരന് അനുഭവിക്കാനാകുന്നു. നോവലുകളിലുടനീളം കാണുന്ന ക്രോധത്താൽ മൂടിവച്ച ഈ കോമാളിച്ചിരി വി. കെ. എന്നിന്റെ സവിശേഷതയാണ്. ഹാസ്യഭാവന ഇപ്പോഴും ആദ്യകാല സിൻഡ്രെല്ലയുടെ അവസ്ഥയിലാണെന്ന ഗോൾഡ്‌ൻ നിഗമനത്തെ വി. കെ. എന്നിന്റെ കോമിക് നോവലുകൾ മുന്നിലുള്ളപ്പോൾ അർത്ഥമില്ലാത്ത നിഗമനമാണെന്ന് പറഞ്ഞു വയ്ക്കുകയാണ് കെ. പി. അപ്പൻ.

> ▶ കാലത്തിന്റെ കോമാളി രൂപങ്ങൾ സൃഷ്ടിച്ച കാലബോധം

## Summarised Overview

കെ. പി. അപ്പന്റെ 'കോമാളിയുഗത്തിലെ പുരുഷഗോപുരങ്ങൾ' വി. കെ. എന്നിന്റെ കഥകളിലെ ആക്ഷേപഹാസ്യത്തെക്കുറിച്ചുള്ള നിരൂപണമാണ്. ആരോഹണം, പിതാമഹൻ, ജനറൽ ചാത്തൻസ് തുടങ്ങിയ നോവലുകളെല്ലാം ഈ ഹാസ്യഭാവനയുടെ ധാർഷ്ട്യത്തിന് ഉദാഹരണമാണ്. അദ്ദേഹത്തിന്റെ കൃതികളിൽ ഹാസ്യം ഉപരിപ്ലവമായ വിനോദഭാവമല്ല. ഇവിടത്തെ ഹാസ്യത്തിന്റെ വേരുകൾ തീവ്രമായ ക്രോധത്തിലും വ്യഥയിലുമാണ് പടർന്നു കിടക്കുന്നത്. വി. കെ. എൻ. കൃതികളിൽ ക്രോധമാണ് ചിരിയായി മാറുന്നത്. ചിരിയായി മാറിയ ഈ ക്രോധം അഴിഞ്ഞ സദാചാരമുറകളുടെയും ഹീനമായ സാമൂഹ്യജീവിതത്തിന്റെയും നേരെ പ്രതികാരത്തോടെ നീങ്ങുന്നു. ശോകത്തിന്റെ പാരമ്യത്തിൽ നിന്നാണ് ക്രോധത്തിന്റെ ഉത്ഭവം. ക്രോധമാകട്ടെ അതിന്റെ ഉച്ചാവസ്ഥയിൽ വന്യമായ ഫലിതമായി മാറുന്നു. ശോകം, ക്രോധം, ഫലിതം

SGOU

ഇവ മൂന്നും തമ്മിലുള്ള ബന്ധം വി. കെ. എന്നിന്റെ കലയിൽ പ്രകടമാണ്. വി. കെ. എന്നിന്റെ ചിരിയുടെ പിന്നിൽ ദുഃഖവും അസന്തുഷ്ടിയുമാണുള്ളതെന്ന നിഗമനത്തിൽ നിരൂപകൻ എത്തുന്നു. സമകാല രാഷ്ട്രീയത്തെയും സെക്സിനെയും ഒരുപോലെ പരിഹാസത്തിന്റെ മുദ്ര കൊണ്ട് അവതരിപ്പിക്കുകയാണ് ആരോഹണം എന്ന കൃതിയിൽ. ചരിത്രത്തിന്റെ ഹാസ്യാനുകരണങ്ങളാണ് വി. കെ. എൻ. കൃതികൾ. വി. കെ. എൻ. സൃഷ്ടിച്ച അതിപുരുഷന്മാർ ഈ കോമാളിയുഗത്തിലെ ചരിത്രപുരുഷന്മാരാണ്. ചിലയിടങ്ങളിൽ ഫലിതത്തിന് ഒരു ആഭാസമോടി നൽകുന്നു. ശൃംഗാരത്തിൽ നിന്നാണ് ഹാസ്യം ജനിക്കുന്നതെന്ന ഭരതമുനിയുടെ ദർശനം ഹാസ്യത്തിന് രതിഭാവത്തോടുള്ള ബന്ധം എടുത്തു കാണിക്കുന്നതാണ്. ആകർഷകമായ ഇതിവൃത്തഘടന അദ്ദേഹത്തിന്റെ നോവലുകളുടെ സവിശേഷതയാണ്. വി. കെ. എൻ. സൃഷ്ടിച്ച പയ്യൻ, സർ ചാത്തു, ജനറൽ ചാത്തൻസ് എന്നീ അതിപുരുഷന്മാർക്ക് നോവലുകളിലെ ഹാസ്യ സംഭവത്തെക്കാൾ പ്രാധാന്യമുണ്ട്. ഈ കഥാപാത്രങ്ങളൊക്കെ തന്നെ കൃത്രിമമായി സൃഷ്ടിച്ച കഥാപാത്രങ്ങളല്ല. നമ്മുടെ അബോധത്തിന്റെ അനുഭവവും പാരമ്പര്യത്തിലെ പരുക്കൻ പുരുഷത്വത്തിന്റെ അഹങ്കാരവുമാണ് ഇവയുടെ പിന്നിൽ. കേരളത്തിലെ വീരനായകന്മാരുടെ പുരാതനരൂപങ്ങളുമായി അബോധതലത്തിൽ സൗഹൃദം പുലർത്തുന്ന നോവലിസ്റ്റ് ഹാസ്യഭാവനയോടെ സൃഷ്ടിച്ച കഥാപാത്രങ്ങൾക്ക് കേരളത്തനിമയുള്ള പൂർവികരൂപങ്ങൾ ആവിർഭവിക്കുകയാണുണ്ടായത്.

## Assignments

1. നവീനവിമർശനവും കെ. പി. അപ്പനും - വിശദമാക്കുക.
2. വി. കെ. എൻ നോവലുകളിലെ ആക്ഷേപഹാസ്യത്തെക്കുറിച്ച് പഠനക്കുറിപ്പ് തയ്യാറാക്കുക.
3. കോമാളിയുഗത്തിലെ പുരുഷഗോപുരങ്ങൾ - വി. കെ. എൻ. നോവലുകളെ മുൻനിർത്തി ഒരു പഠനക്കുറിപ്പ് തയ്യാറാക്കുക.
4. നവീനവിമർശനം മലയാളത്തിൽ - വിശദീകരിക്കുക.
5. ഇ. വി. കൃഷ്ണപിള്ളയുടെ ആക്ഷേപഹാസ്യവും വി. കെ. എന്നിന്റെ ആക്ഷേപഹാസ്യവും തമ്മിലുള്ള വ്യത്യാസത്തെക്കുറിച്ചുള്ള നിരൂപകന്റെ അഭിപ്രായത്തെ ക്രോഡീകരിക്കുക.
6. വി. കെ. എൻ. നോവലുകൾ ചരിത്രത്തിന്റെ ഹാസ്യാനുകരണങ്ങളാകുന്നതെങ്ങനെ - വിലയിരുത്തുക.
7. കോമിക് നോവൽ എന്ന നിലയിൽ വി. കെ. എന്നിന്റെ നോവലുകളെ കുറിച്ചുള്ള കെ. പി. അപ്പന്റെ നിരീക്ഷണങ്ങൾ വിലയിരുത്തുക.

## Suggested Readings


1. കെ. പി. അപ്പൻ, മാറുന്ന മലയാളനോവൽ, ഡി. സി. ബുക്സ്, കോട്ടയം, 1993.
2. എം. പി. പോൾ, എം. പി. പോളിന്റെ സമ്പൂർണകൃതികൾ, മീഡിയ ഹൗസ്, ന്യൂഡൽഹി, 2012.
3. എം. ഗോവിന്ദൻ, പുതിയ മനുഷ്യൻ പുതിയ ലോകം, ഡി. സി. ബുക്സ്, കോട്ടയം.
4. വി. സി. ശ്രീജൻ, തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ, കേരള സാഹിത്യ അക്കാദമി, തൃശൂർ, 2020.

## References


1. സുകുമാർ അഴീക്കോട്, മലയാള സാഹിത്യവിമർശനം, ഡി. സി. ബുക്സ്, കോട്ടയം, 1988.
2. ജി. മധുസൂദനൻ(എഡി.), ഹരിതനിരൂപണം മലയാളത്തിൽ, കറന്റ് ബുക്സ്, തൃശൂർ, 2002.
3. ജെ. ദേവിക, നിരന്തരപ്രതിപക്ഷം, ഡി. സി. ബുക്സ്, കോട്ടയം, 2021.


# 2. കലയും പ്രത്യയശാസ്ത്രവും

### (ദുരവസ്ഥാവിചാരഭാഗം)

**ബി. രാജീവൻ**

## Learning Outcomes

- ബി. രാജീവന്റെ നിരൂപണപദ്ധതി പരിചയപ്പെടുന്നു
- ആശാന്റെ 'ദുരവസ്ഥ' എന്ന കവിതയെക്കുറിച്ച് വിമർശകൻ ഉന്നയിച്ച പ്രധാന നിരീക്ഷണങ്ങൾ മനസിലാക്കുന്നു
- മലയാളകവിതയിൽ 'ദുരവസ്ഥ'യുടെ സ്ഥാനം മനസിലാക്കുന്നു
- 'കലയും പ്രത്യയശാസ്ത്രവും' എന്ന ലേഖനത്തെ സവിശേഷമായി പരിചയപ്പെടുന്നു

## Background

പ്രമുഖ മലയാള സാഹിത്യവിമർശകനും അദ്ധ്യാപകനുമാണ് ബി. രാജീവൻ. 1946-ൽ കായംകുളത്ത് ജനിച്ചു. കൊല്ലം എസ്. എൻ. കോളജിലും തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലും പഠിച്ചു. 1971-മുതൽ ഗവണ്മെന്റ് കോളജുകളിൽ മലയാളസാഹിത്യം പഠിപ്പിക്കുന്നു. 1975-ൽ 'അടിയന്തരാവസ്ഥ'യ്ക്കെതിരെ നിലകൊണ്ട നക്സലൈറ്റ് അനുഭാവി എന്ന നിലയിൽ പോലീസ് മർദ്ദനവും വീട്ടുതടങ്കലും നേരിട്ടു. 1980-ൽ 'ജനകീയ സാംസ്കാരികവേദി'യുടെ സംസ്ഥാന കമ്മിറ്റിയിൽ പ്രവർത്തിച്ചുകൊണ്ട് വിവിധ സമരങ്ങളിൽ പങ്കെടുത്തു. വിലക്കുകൾ ലംഘിച്ചതിന്റെ പേരിൽ അറസ്റ്റുചെയ്യപ്പെടുകയും ദീർഘകാലം കോളജ് അധ്യാപകജോലിയിൽനിന്നു പുറത്താക്കപ്പെടുകയും ചെയ്തു. 1969 മുതൽ തത്ത്വശാസ്ത്രം, സൗന്ദര്യശാസ്ത്രം, ചരിത്രം, രാഷ്ട്രീയചിന്ത, സിനിമ, കവിത തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് പ്രബന്ധങ്ങൾ എഴുതുന്നു. 'സ്വാതന്ത്ര്യത്തിന്റെ സമഗ്രത', 'ജൈവരാഷ്ട്രീയവും ജനസഞ്ചയവും', 'മാർക്സിസവും ശാസ്ത്രവും', 'അന്യവത്കരണവും യോഗവും', 'ജനനിബിഡമായ ദന്തഗോപുരം', 'വർത്തമാനത്തിന്റെ ചരിത്രം', 'വാക്കുകളും വസ്തുക്കളും', 'ഇ. എം. എസിന്റെ സ്വപ്നം' എന്നിവ പ്രധാന കൃതികൾ. 2011 ലെ നിരൂപണഗ്രന്ഥത്തിനുള്ള കേരള സാഹിത്യ അക്കാദമി പുരസ്കാരം നേടിയ കൃതിയാണ് ബി. രാജീവൻ രചിച്ച 'വാക്കുകളും വസ്തുക്കളും'. വാക്കുകളും വസ്തുക്കളും, മാറുന്ന മാർക്സിസം, ശ്രീനാരായണന്റെ രാഷ്ട്രീയം, മാറുന്ന ബുദ്ധിജീവിതം, കവിതയും ചിന്തയും, മാറുന്ന കലാചിന്ത എന്നിങ്ങനെ ആറ് ഭാഗങ്ങളായാണ് ഈ പുസ്തകത്തിന്റെ ഉള്ളടക്കം ക്രമപ്പെടുത്തിയിട്ടുള്ളത്. ഇതിലെ ലേഖനങ്ങളെല്ലാം ഇതിനുമുമ്പ് പലയിടങ്ങളിലായി പ്രസിദ്ധീകരിക്കപ്പെട്ടവയാണ്.

വാക്കുകളും വസ്തുക്കളുമെന്ന ഒന്നാം ഖണ്ഡത്തിൽ ബഷീർ, തകഴി, ഒ. വി. വിജയൻ, വി. കെ. എൻ, കെ. ജി. ശങ്കരപ്പിള്ള, കടമ്മനിട്ട, കെ. സച്ചിദാനന്ദൻ എന്നിവരുടെ രചനകളെ സവിശേഷമായ പഠനത്തിന് വിധേയമാക്കിയിരിക്കുന്നു. ഫെലിക്സ് ഗെത്താരി, സ്പിനോസ, ആന്റോണിയോ നെഗ്രി, മിഷേൽ ഹാർഡ് എന്നിവരുടെ ദർശനങ്ങളെ ഈ ഗ്രന്ഥം വിശദമായി പരിചയപ്പെടുത്തുന്നു.

## Keywords

ബി. രാജീവന്റെ നിരൂപണരീതി - ദുരവസ്ഥ വിമർശനം - ആശാന്റെ കാവ്യപദ്ധതി - പുരോഗമന സാഹിത്യ പ്രസ്ഥാനം - ഇ. എം. എസ്.- കുട്ടികൃഷ്ണമാരാർ

## Discussion

### 3.4.2 വിശദപഠനം - കലയും പ്രത്യയശാസ്ത്രവും

പുരോഗമന സാഹിത്യപ്രസ്ഥാനം സജീവമായിരുന്ന കാലത്ത് കുട്ടികൃഷ്ണമാരാർ ഭാരതീയ വിദ്വജ്ജനങ്ങൾ സാഹിത്യത്തെ കേവലം കലയായിട്ടല്ല, വേദങ്ങൾ, പുരാണങ്ങൾ എന്നിവയ്ക്കൊപ്പം ജ്ഞാനം പ്രദാനം ചെയ്യുന്ന ഒരു വിദ്യയായിട്ടാണ് പരിഗണിച്ചിരുന്നത് എന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. ഈ വിഷയത്തെ സംബന്ധിച്ച് ഇ. എം. എസ്. അഭിപ്രായപ്പെട്ടത് ധർമ്മാദർശ പ്രചാരണമാണ് ഭാരതീയ സാഹിത്യകാരന്മാർ തങ്ങളുടെ കടമയായി കരുതിയത് എന്നാണ് ധർമാദർശ പ്രചാരണോപകരണമായി സാഹിത്യത്തെ ഉപയോഗിക്കുക എന്ന പൗരാണിക ഭാരതീയ ആശയം ഇന്നത്തെ കാലത്ത് പ്രയോഗിക്കുകയാണ് ജീവൽ-പുരോഗമന സാഹിത്യപ്രസ്ഥാനങ്ങൾ ചെയ്തത്. ഇത്തരത്തിൽ ഒരേ കലാമർമശാസ്ത്രത്തിന്റെ കുടക്കീഴിൽ ഇ. എം. എസും മാരാരും എത്തിച്ചേരുന്നത് നമുക്ക് കാണാൻ സാധിക്കും. ധർമ്മാദർശ പ്രചരണത്തിനുള്ള ഉപകരണമാണ് സാഹിത്യം എന്ന കാര്യത്തിൽ മാത്രമാണ് ഇരുവരിലും ഈ ഐക്യം കാണാൻ സാധിക്കുന്നത്. എന്നാൽ പ്രചരിപ്പിക്കപ്പെടുന്ന ധർമ്മാദർശങ്ങൾ ധ്രുവാന്തരമുള്ളവയാകയാൽ ആ വിഷയത്തിൽ ഇരുവരും വിരുദ്ധചേരിയിൽ തന്നെ എന്നാണ് ബി. രാജീവന്റെ മതം. മാരാർ സാഹിത്യകലയെ വ്യക്തി മനസിനെ ആധ്യാത്മികമായി സംസ്കരിക്കാൻ പോകുന്ന ഉപായമായിട്ട് കണ്ടപ്പോൾ ദേശീയ സ്വാതന്ത്ര്യം, ജനാധിപത്യം, സോഷ്യലിസം എന്നിവയിലേക്ക് നീങ്ങുന്ന ആധുനികയുഗത്തിന്റെ ധർമ്മ പ്രചാരണോപകരണമായിട്ടാണ് നമ്പൂതിരിപ്പാട് പുരോഗമനസാഹിത്യത്തെ കാണുന്നത്.

> ▶ ഒരേ കലാമർമ ശാസ്ത്രത്തിന്റെ കുടക്കീഴിൽ ഇ. എം. എസും മാരാരും

ഈ ധർമ്മാദർശങ്ങൾ ദുരവസ്ഥയിലൂടെ കുമാരനാശാൻ ഏതു വിധത്തിൽ പ്രയോഗിച്ചു എന്ന് പഠിക്കുകയാണ് ബി. രാജീവൻ 'കലയും പ്രത്യയശാസ്ത്രവും' എന്ന നിരൂപണത്തിലെ 'ദുരവസ്ഥവിചാര' ഭാഗത്തിൽ. ചെറുശ്ശേരി, തുഞ്ചൻ, കുഞ്ചൻ മുതലായവരൊക്കെ തന്നെ ഇപ്രകാരമാണ് പ്രവർത്തിച്ചത്. ധർമ്മാദർശപ്രചരണം എന്ന പൗരാണിക

ഭാരതീയ തത്ത്വം ദുരവസ്ഥയിലൂടെ പ്രയോഗത്തിൽ വരുത്തുകയാണ് കുമാരനാശാനും ചെയ്തത്. അതിനാലാണ് കലാമർമശാസ്ത്രം അനുസരിച്ച് കുമാരനാശാനെ യഥാർത്ഥ കവിയാക്കുന്ന വസ്തുതയെന്ന് നിരൂപകൻ അഭിപ്രായപ്പെടുന്നു. എന്നാൽ കുമാരനാശാന്റെ ധർമ്മാദർശപ്രചരണം ജാതിനിർമാർജനം എന്ന പരിമിതവൃത്തത്തിൽ ഒതുങ്ങി നിന്നതായി ഇ. എം. എസ്. കണ്ടെത്തുന്നു. ജാതിനിർമാർജനമൊഴികെ തന്റെ കാലത്തിന്റെ ധർമ്മാദർശങ്ങളെ ആശാൻ തള്ളിക്കളഞ്ഞു. ദേശാഭിമാനമുള്ള ബുദ്ധിജീവികളുടെ ഞരമ്പുകളിൽ ചോര തിളച്ചു തുടങ്ങിയ അക്കാലത്ത് മറ്റു കവികൾ ദേശാഭിമാന ഭരിതമായ പദ്യങ്ങൾ നിർമ്മിക്കാൻ തുടങ്ങിയിരുന്നു. ആശാന്റെ സമകാലികനായിരുന്ന വള്ളത്തോൾ തന്നെ അക്കാലത്ത് സാഹിത്യമഞ്ജരിയിൽ സമാഹരിച്ച കവിതകൾ മിക്കതും എഴുതിക്കഴിഞ്ഞിരുന്നു. ഇംഗ്ലീഷ് ഭാഷയും സാഹിത്യവും പഠിച്ച, യൂറോപ്പിലെ വിപ്ലവചരിത്രങ്ങൾ അറിഞ്ഞ, ദേശീയ സ്വാതന്ത്ര്യബോധത്തിന്റെ വിത്തുകൾ ആദ്യം മുളച്ച ബംഗാളിൽ താമസിച്ച കുമാരനാശാൻ ആ വിശ്വാസാദർശങ്ങളെ വിട്ട് ഒരു പരിമിതവൃത്തത്തിലേക്ക് തന്റെ യഥാർത്ഥ കവിത്വത്തെ ചുരുക്കിക്കളഞ്ഞത് കഷ്ടമായിപ്പോയെന്നും, അല്ലാത്തപക്ഷം വള്ളത്തോൾ സ്കൂൾ പോലെ ദേശീയസ്വാതന്ത്ര്യത്തിനും ജനാധിപത്യത്തിനും വേണ്ടി പോരാടിയ ഒരു ആശാൻസ്കൂളിന്റെ സ്ഥാപകനായി അദ്ദേഹം മാറുമായിരുന്നു എന്നുകൂടി നിരൂപകൻ അഭിപ്രായപ്പെടുന്നുണ്ട്.

- ജാതിനിർമാർജനം ഒഴികെയുള്ള ധർമ്മാദർശങ്ങളെ ആശാൻ തള്ളിക്കളഞ്ഞു

മറ്റ് ആശാൻ കൃതികളെ അപേക്ഷിച്ച് വിലക്ഷണ രീതിയിലുള്ള കൃതിയായിട്ടാണ് 'ദുരവസ്ഥ'യെ പരിഗണിക്കുന്നത്. ആ ഒരൊറ്റ കൃതിയുടെ രചന കൊണ്ടാണ് പുരോഗമന സാഹിത്യത്തിന്റെ മുന്നോടി സൃഷ്ടിച്ച കവി എന്നുള്ള സ്ഥാനം ആശാന് കിട്ടുന്നത്. പുരോഗമന സാഹിത്യത്തിന്റെ മുന്നോടിയെന്ന് ആശാനെയും 'ദുരവസ്ഥ'യെയും വിശേഷിപ്പിച്ചത് ഇ. എം. എസ്സാണ്. 'ദുരവസ്ഥ' എഴുതാൻ ആശാനെ പ്രേരിപ്പിച്ച ധർമ്മാദർശങ്ങളെ വിശകലനം ചെയ്യുകയാണ് പിന്നീട് നിരൂപകൻ. ജാതിഭേദമില്ലാതെ മനുഷ്യരെല്ലാം ഏകോദര സഹോദരങ്ങളെപ്പോലെ കഴിയുന്ന സമത്വസുന്ദരമായ ഒരു ലോകം സൃഷ്ടിക്കുന്നതിനുള്ള മാതൃക കാണിക്കുകയായിരുന്നോ ആശാനെ ദുരവസ്ഥ എഴുതാൻ പ്രേരിപ്പിച്ച ധർമ്മാദർശബോധം അതോ 'ക്രൂര മുഹമ്മദരേ' എന്ന ആവർത്തിച്ചു പറയുന്നതിലൂടെ മുഹമ്മദീയർ ക്രൂരന്മാരാണെന്നും ഈ രാക്ഷസന്മാർ വെളിയിൽനിന്ന് വന്നവരല്ല, ഇവിടെത്തന്നെയുള്ള ഹിന്ദുക്കളായിരുന്നു എന്നും ഇങ്ങനെയുള്ളവരെ വളർത്താതിരിക്കാനും, അവർ ഹിന്ദുധർമ്മത്തെ തകർത്തു കളയാതിരിക്കാനും ഹിന്ദുമതത്തെ ആഭ്യന്തരമായി നവീകരിക്കാനുമായി പുലയനും ഈഴവനും ബ്രാഹ്മണനും ഒരേ തട്ടിൽ ഒരുമിച്ചിരിക്കണമെന്നും പറഞ്ഞു കൊണ്ട് ഹിന്ദുമത പുനഃസംഘടന നടത്തുകയായിരുന്നോ ആശാന്റെ ലക്ഷ്യമെന്നും, അതുമല്ലെങ്കിൽ ജാതി നിർമാർജനത്തിനുള്ള ഒരു അടവായി മാത്രം ഹിന്ദുമത പുനഃസംഘടന എന്ന ആശയം അവതരിപ്പിക്കുകയായിരുന്നോ എന്നും നിരൂപകൻ ചോദിക്കുന്നു.

- പുരോഗമന സാഹിത്യത്തിന്റെ മുന്നോടിയെന്ന് ആശാനെയും ദുരവസ്ഥയെയും വിശേഷിപ്പിച്ചു

ഈ വിശകലനത്തിന് ഒടുവിൽ ബി. രാജീവൻ അഭിപ്രായപ്പെടുന്നത് ആശാൻ തന്നെ ദുരവസ്ഥയുടെ മുഖവുരയിൽ ഈ കൃതിയുടെ രചനയ്ക്ക് തന്നെ പ്രേരിപ്പിച്ച ധർമ്മദർശമെന്തെന്ന് വിശദമാക്കുന്ന

ഭാഗം പരിശോധിച്ചാൽ മതിയെന്നാണ്. മലബാർ ലഹളയുടെ രക്തരൂക്ഷിതമായ അധ്യായത്തെ മനസിലാക്കിയ സ്ഥിതിക്ക് പുരാതനമായ ഒരു നാഗരികതയുടെ പ്രാതിനിധ്യം വഹിക്കുന്ന ഹിന്ദു സമുദായം. (നവീന ആദർശം അനുസരിച്ച് നോക്കിയാൽ ഇന്നും ശൈശവാവസ്ഥയിലിരിക്കുകയാണ്.) മലബാർ ലഹള എന്ന മഹാവിപത്തിന്റെയും അത് പഠിപ്പിച്ച പാഠങ്ങളിൽ ചിലതിന്റെയും ഓർമ്മയെ മുൻനിർത്തി സമുദായത്തിന്റെ പുനഃസംഘടനയ്ക്ക് പ്രേരകമാകത്തക്കവണ്ണം പ്രവർത്തിക്കണം എന്ന ആശയത്തിന്റെ അടിസ്ഥാനത്തിലാണ് 'ദുരവസ്ഥ' രചിക്കപ്പെട്ടതെന്ന് മുഖവുരയിൽ ആശാൻ വ്യക്തമാക്കുന്നുണ്ട്. അതായത് ചാത്തന്റെയും സാവിത്രിയുടെയും മിശ്രവിവാഹം, ഹിന്ദുസമുദായത്തിന്റെ പുനഃസംഘടനയ്ക്ക് പ്രേരകമാകത്തക്കവണ്ണം മലബാർ ലഹള പഠിപ്പിച്ച പാഠങ്ങളിൽ ഒന്നു മാത്രമാണ്. ഈ വീക്ഷണത്തെക്കുറിച്ച് ബി. രാജീവൻ അഭിപ്രായപ്പെടുന്നത് ദേശീയസ്വാതന്ത്ര്യം എന്ന ധർമ്മാദർശ പ്രചാരണം കൈവിട്ട് ജാതിനിർമ്മാർജനമെന്ന പരിമിതവൃത്തത്തിലേക്ക് ചുരുങ്ങിയ ആശാൻ അവിടെത്തന്നെയും വിപുലവും വിപ്ലവകരവുമായ ജാതി നിർമ്മാർജനത്തെയല്ല അതിലും ചുരുങ്ങിയ ഹിന്ദുമതനവീകരണം എന്ന ഒരു വിഭാഗീയ ആശയത്തെയാണ് സ്വന്തം ധർമ്മാദർശമായി പ്രചരിപ്പിക്കാൻ തുടങ്ങിയത് എന്നാണ്.

> ▶ ജാതി നിർമ്മാർജനമെന്ന പരിമിത വൃത്തത്തിലേക്ക് ചുരുങ്ങിയ ആശാൻ

സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയെ നാടുകടത്തിയപ്പോൾ ദിവാൻ രാജഗോപാലാചാരിയുടെ മിത്രം കൂടിയായിരുന്ന ആശാൻ പ്രകടിപ്പിച്ച രാജഭക്തി ആ വീക്ഷണത്തിൽ നിന്ന് നോക്കുമ്പോൾ ആശാന്റെ പരിമിതവൃത്തത്തിന്റെ പരിധി പിന്നെയും ചുരുക്കി കളയുന്നു. ജാതി നിർമ്മാർജനം എന്ന ധർമ്മാദർശ പ്രചാരണത്തിന് തന്റെ കാവ്യകലയെ ഉപകരണമാക്കിക്കൊണ്ട് പുരോഗമനസാഹിത്യത്തിന് തുടക്കം കുറിച്ച കവിയാണ് കുമാരനാശാൻ എന്ന് പറഞ്ഞാൽ അവിടെയും മറ്റൊരു അപവാദം നിലനിൽക്കുന്നു. കുമാരനാശാൻ തന്റെ വിപ്ലവകരമായ മിശ്രവിവാഹ കൃതി രചിക്കുന്നതിന് ഒരു ദശാബ്ദം മുമ്പുതന്നെ പുലയക്കുടികളിൽപ്പോലും പരക്കെ പാടിപ്പോന്ന പണ്ഡിറ്റ് കെ. പി. കറുപ്പന്റെ 'ജാതിക്കുമ്മി' പോലുള്ള കൃതികൾ രചിക്കപ്പെട്ടു കഴിഞ്ഞിരുന്നു. കെ പി കറുപ്പനാകട്ടെ സ്വജാതിക്കാരെ മാത്രം സംഘടിപ്പിച്ച ആളുമായിരുന്നില്ല. സംസ്കൃത പണ്ഡിതനായിരുന്നു. പുലയരെ സംഘടിപ്പിക്കുകയും അവർക്ക് പാടാവുന്ന കവിതകൾ എഴുതുകയും ചെയ്തു. 'ദുരവസ്ഥ'യ്ക്കും എത്രയോ മുമ്പ് കറുപ്പൻ രചിച്ച 'കൊച്ചാലും എന്ന പുലയൻ' ആയിരിക്കണം ഒരുപക്ഷേ മലയാളനാടകവേദിയിൽ ആദ്യം കയറി നിന്ന് സ്വാതന്ത്ര്യത്തിനുവേണ്ടി ശബ്ദിച്ച അധകൃതൻ എന്ന് ബി. രാജീവൻ പറയുന്നുണ്ട്. ഹിന്ദുസമുദായ പുന:സംഘടനയാണ് തന്റെ ലക്ഷ്യം എന്ന് തുറന്നുപറഞ്ഞുകൊണ്ട് ആശാൻ 'ദുരവസ്ഥ' എഴുതുന്നതിന് മുമ്പ് അതിനേക്കാൾ എത്രയോ ഉയർന്ന രാഷ്ട്രീയബോധവും വീക്ഷണവിശാലതയുമുള്ള പദ്യങ്ങൾ സഹോദരൻ അയ്യപ്പൻ എഴുതിക്കഴിഞ്ഞിരുന്നു.

> ▶ കെ. പി. കറുപ്പന്റെ 'ജാതിക്കുമ്മി' പോലുള്ള കൃതികൾ

സഹൃദയരായ വായനക്കാർ അനുകമ്പാപൂർവ്വം നിരീക്ഷിക്കണമെന്ന് വായനക്കാരനോട് അഭ്യർത്ഥിച്ചുകൊണ്ടാണ് ആശാൻ ദുരവസ്ഥയെന്ന പാട്ടുപാടി തുടങ്ങുന്നത്. എന്നാൽ ഈ കൃതി തലമുറകളിൽ നിന്ന് തലമുറകളിലേക്ക് കൈമാറി വരുന്ന ഒരു മിത്തായി മാറിക്കഴിഞ്ഞിരിക്കുന്നു. ചാത്തനും സാവിത്രിയും ഒരു ഐതിഹ്യകഥയായി മാറി. ഹിന്ദുസമുദാ

യത്തിന്റെ പുനഃസംഘടനയ്ക്ക് പ്രേരകമായ ഒരു ഗുണപാഠമായി മാത്രം അത് നിലനിന്നിരുന്നുവെങ്കിൽ ഈ ഒരു പ്രശസ്തി ആ കൃതിക്ക് ലഭിക്കുമായിരുന്നില്ല. എന്നാൽ ചാത്തനും സാവിത്രിയും മലയാളികളിൽ ജീവിക്കുന്നു. ഐക്യത്തിന്റെയും വിമോചനത്തിന്റെയും അന്തർപ്രേരണകളിൽ ചാത്തന്റെയും സാവിത്രിയുടെയും കഥ മലയാളികൾ ഓർക്കുന്നു. ഇതിന്റെ പിന്നിൽ പ്രവർത്തിച്ചത് ആശാന്റെ ഇഷ്ടാനിഷ്ടങ്ങൾക്കും ധർമ്മദർശനാദികൾക്കും അതീതമായി സംഘർഷപൂർണമായ ഒരു സാമൂഹികവ്യവസ്ഥയുടെ അനന്തവൈരുദ്ധ്യങ്ങളും സങ്കീർണതകളും ഉൾക്കൊള്ളുന്ന മൂർത്തജീവിതത്തിന്റെ സൂക്ഷ്മബീജത്തെ താൻ അറിയാതെ തന്നെ തന്റെ ഞരമ്പിലൊഴുകിയ മനുഷ്യന്റെ സാംസ്കാരിക അനുഭൂതികളുടെ രക്തം കൊടുത്തു വളർത്താനും സ്വന്തം ഛായയിൽ ലോകത്തേക്ക് പറഞ്ഞു വിടാനും ദുരവസ്ഥ എന്ന കൃതിയിലൂടെ ആശാന് സാധിച്ചു. മാരാരുടെ അനുയായികൾക്കും ആശാന് തന്നെയും ഭാരതീയ വിദ്വജനങ്ങളിൽ നിന്നു കൈമാറി കിട്ടിയ സാഹിത്യശാസ്ത്ര കണ്ണടയ്ക്കു മുന്നിൽ അത് വിരൂപമായി തോന്നി. തന്റെ ധർമ്മാദർശ പരസ്യത്തിൽ വരച്ചുചേർത്ത മിശ്രവിവാഹ ദമ്പതികളുടെ ചിത്രമായി ദുരവസ്ഥയെ കാണുന്നവർ ആശാൻ ആശയപരസ്യത്തിന് നല്ലൊരു മാതൃക സൃഷ്ടിച്ചിരിക്കുന്നു എന്നതുകൊണ്ടാണ് അതിനെ പുകഴ്ത്തി പറഞ്ഞത്.

> ▶ ചാത്തന്റെയും സാവിത്രിയുടെയും കഥ മലയാളികൾ ഓർക്കുന്നു

ഹിന്ദു ധർമ്മം ജാതി മൂലം അങ്ങേയറ്റം അധഃപതിച്ചു. അനാചാര ജഡിലമായി. നമ്പൂതിരിമതത്തിന്റെ കോട്ടയിൽ നിന്ന് പുറത്തുചാടിയ മുഹമ്മദ് രാക്ഷസന്മാർ ആ കോട്ടയെ തന്നെ തിരിഞ്ഞ് ആക്രമിക്കുന്നു. ആ ജാതിയുടെ കേന്ദ്രസ്ഥാനത്തുനിന്ന് അതിന്റെ മൂല്യങ്ങൾ ഹൃദയത്തിൽ സൂക്ഷിച്ച ഒരു കന്യക പ്രാണരക്ഷയ്ക്കു വേണ്ടി ജാതിയാൽ അധഃകൃതനാക്കപ്പെട്ട ഒരുവനിൽ അഭയം പ്രാപിക്കുന്നു. മരണത്തിലേയ്ക്കല്ലാതെ ഈ ഭൂമിയിൽ ഒരു മടങ്ങിപോക്കിനിടയില്ലാത്ത വിധം സ്വന്തം ജീവിതത്തിന്റെ ഗതി തടയപ്പെട്ട ആ പ്രതിസന്ധിയിൽ അസ്പൃശ്യനെങ്കിലും ഹൃദയശുദ്ധിയുള്ള യുവാവിനൊപ്പം ഒരു ജീവിതം തുടങ്ങാൻ അവൾ തീരുമാനിക്കുന്നു. ആ തീരുമാനത്തിലെത്താൻ സ്വന്തം ബ്രാഹ്മണ്യത്തെ അവൾ ഉടച്ചുവാർക്കുന്നു. ജാതിബദ്ധമായ സ്വന്തം മൂല്യബോധത്തെ ഒരു നവീന ഹൈന്ദവമൂല്യബോധമായി അവൾ പുന:സൃഷ്ടിക്കുന്നു. ക്ഷുദ്രമായ ജാതിക്കോട്ടയെ അവൾ തകർക്കുന്നു. മനുഷ്യത്വത്തിന്റെ ആർദ്രത അവിടെ രൂപപ്പെടുന്നു. ഭൗതികമായ ജാതിക്കോട്ടയിൽ നിന്നും സ്വന്തം ശരീരത്തെ പുറത്തു കടത്തിക്കൊണ്ടുപോരുന്ന ആശാന്റെ സാവിത്രി അവളുടെ ഉള്ളിലുള്ള ജാതിക്കോട്ടയിൽ നിന്നുകൂടി സ്വയം വിമുക്തയാകുന്നതോടെ ജാതിഭേദമില്ലാത്ത സമത്വപൂർണ്ണമായ, അതിപുരാതനമായ ഹൈന്ദവ ജീവിതത്തെക്കുറിച്ചുള്ള ആശാന്റെ സ്വപ്നം അവളിലൂടെ സാക്ഷാത്കരിക്കപ്പെടുന്നു. അവൾ നമ്പൂതിരി അല്ല, ചാത്തൻ പുലയനുമല്ല.

> ▶ ക്ഷുദ്രമായ ജാതിക്കോട്ടയെ സാവിത്രി തകർക്കുന്നു

എന്നാൽ ആശാൻ ബോധപൂർവ്വം നടത്തിയ ധർമ്മാദർശ പ്രേരിതമായ കാവ്യരചനയുടെ പരിമിതവൃത്തത്തിൽ ഒതുങ്ങുന്നതായിരുന്നു ആ കാവ്യമെങ്കിൽ ആ കാവ്യത്തിന് അതിന്റെ കാലികമായ സേവനം കഴിയുന്നതോടെ വിസ്മരിക്കപ്പെടേണ്ടതായി വന്നേനെ. ആശാനോ ആശാൻ പ്രതിനിധീകരിക്കുന്ന വർഗമോ അക്കാലത്തെ കേരളീയ മനുഷ്യജീവിതത്തിന്റെ യഥാർത്ഥ ചിത്രത്തെക്കുറിച്ച് സ്വരൂപിച്ച ആദർ

ശങ്ങളുടെ അതിരുകളെ ആ കൃതി തകർത്തു. അത് ജീവിതത്തിന്റെ സങ്കീർണതയോട് സംവദിച്ചു. 'ദുരവസ്ഥ'യിൽ ആശാന്റെ അഭൂതപൂർവ്വമായ ശ്രദ്ധ മുഴുവൻ കേന്ദ്രകഥാപാത്രമായ സാവിത്രിയിലാണ്. പഴമയുടെ തോട് പൊട്ടിച്ച് ഒരു പുതിയ സ്ത്രീയായി പുറത്തേക്ക് പറന്നു വരാൻ ഉതകുന്ന പുതുച്ചിറകുകൾ ആ കഥാപാത്രത്തിന് നൽകുന്നതിലാണ് ആശാന്റെ ശ്രദ്ധ. എന്നാൽ ആത്മപരിവർത്തനം എന്ന ഈ ഏകാന്തരേഖയിൽ നിന്ന് പ്രബന്ധവ്യാപിയായ കാവ്യാനുഭവത്തിന്റെ തലത്തിലേക്ക് കടക്കുമ്പോൾ കാവ്യം ആകെ നിറഞ്ഞുനിന്ന സാവിത്രിയെ പിന്തള്ളിക്കൊണ്ട് അവളുടെ വാക്കുകളിലൂടെ മാത്രം നാം അറിയുകയും നേരിൽ കാണുകയും ചെയ്യുന്ന ചാത്തൻ മുന്നിലേക്ക് ഉയർന്നു വരുന്നു. ഭാവഭരിതനാവേണ്ടിയിരുന്ന ഉജ്ജ്വലനിമിഷത്തിൽ പോലും നിഷ്ക്രിയനായി, നിസ്തേജനായി നിന്ന ആ ചാത്തനായിരുന്നില്ല; കൊടുവാളും കത്തികളും പന്തങ്ങളുമായി അലറിയടുത്ത, സംഹാരമൂർത്തിയായ ഒരായിരം ചാത്തന്മാരുടെ ഉടലാണ് വന്ന ഈ ചാത്തൻ അടിമത്തത്തിന്റെ വിമുക്തരൂപമാണ്. ബാഹ്യമായ ചങ്ങലകൾ പൊട്ടിച്ച സ്വന്തം പ്രതിനിധികളിലൂടെ ചാത്തൻ സാവിത്രിയുടെ ഇല്ലം തല്ലിപ്പൊളിച്ച് തീവയ്ക്കുന്നതോടെ അവളും ബാഹ്യവിമുക്തയാകുന്നു. ഇല്ലത്തിന്റെ ചുമരുകൾ സ്ത്രീയുടെ അടിമത്വത്തിന്റെ കോട്ടകളായിരുന്നു. ആ കോട്ടയിൽ നിന്ന് ഒളിച്ചു പുറത്തു കടന്ന സാവിത്രിയാകട്ടെ കോട്ടയ്ക്കുള്ളിൽ നിന്ന് തെറിച്ചു പുറത്തു വീണ വസ്തു മാത്രമായിരുന്നു. സ്വയം കണ്ടെത്താൻ കണ്ണു വിടർന്നിട്ടില്ലാത്ത വേട്ടക്കാരിൽ നിന്ന് സ്വന്തം ഇറച്ചിയും കൊണ്ടു പായുന്ന മാനിനെ പോലെ സ്വന്തം ശരീരവുമായി ഇരുട്ടിലൂടെ പാഞ്ഞുപോയ സാവിത്രി. അവൾ ചെന്ന് ചേരുന്നതാകട്ടെ അവളെ ബാഹ്യമായി മോചിപ്പിച്ച സംഹാരശക്തിയുടെ മുന്നിലും.

▶ ഇല്ലം തല്ലിപ്പൊളിച്ച് തീ വയ്ക്കുന്നതോടെ സാവിത്രി ബാഹ്യവിമുക്തയാകുന്നു

ചാത്തന്റെ കുടിലിൽ എത്തുന്നത് വരെ സാവിത്രി മരണത്തിലേക്കാണ് പാഞ്ഞത്. ചാത്തന്റെ കുടിലിൽ എത്തിക്കഴിഞ്ഞ ഓരോ നിമിഷവും മരണത്തിൽ നിന്ന് ജീവിതത്തിലേക്കുള്ള പിടിച്ചു കയറ്റമായിരുന്നു. സ്വന്തം ജീവിതം തിരഞ്ഞെടുക്കാനുള്ള ധൈര്യവും തന്റേടവും ലഭിച്ച ഒരു സ്ത്രീയായിട്ടാണ് പിന്നീട് അവൾ മാറുന്നത്. സ്വയം കണ്ടെത്താൻ തുടങ്ങിയ സ്ത്രീയായിട്ട്. ആ കുടിലിൽ വന്ന നാൾ തൊട്ട് ഓരോ നിമിഷവും ചാത്തന്റെ ചലനങ്ങൾ അവൾക്കുവേണ്ടി ചെയ്യുന്ന കൃത്യങ്ങൾ മുതലായവ അവൾ അറിയാതെ തന്നെ ശ്രദ്ധിക്കുകയായിരുന്നു. അവൾ പതുക്കെ പതുക്കെ ജീവിതത്തിലേക്ക് മുഖം തിരിച്ച്, മനസുകൊണ്ട് സ്വയം യുക്തികൾ മെനഞ്ഞ്, കരുത്ത് നേടി ജീവിതത്തിന്റെ ഭൂമികയിൽ ചാത്തന്റെ കൈപിടിച്ച് കയറി നിൽക്കുന്നു. ഇങ്ങനെ സാവിത്രി ചാത്തനിലൂടെ വിമുക്തയാകുമ്പോൾ ചാത്തൻ സാവിത്രിയിലൂടെ സ്വയം മാറുന്നു. സ്വന്തം മനുഷ്യത്വം മറന്നുപോയ ഒരു മൃഗതുല്യനായ അടിമ, അന്തിവെയിലിലെ പൂമരവും താമരപ്പൊയ്കയും കണ്ട് വീട്ടിൽ തനിച്ചിരിക്കുന്ന പെണ്ണിന് വേണ്ടി അറിയാതെ പൂമൊട്ടു പറിച്ച് അവൾക്ക് സമ്മാനിക്കാനുള്ള പൂവായി സ്വയംമാറാൻ മാത്രം മനുഷ്യനായി വളരുക, അതൊരു ചെറിയ കാര്യമല്ല അവന്റെ ഉള്ളിൽ തലമുറകളായി ചുറ്റിക്കിടക്കുന്ന അനേകം ചങ്ങലകളെ അവന്റെ ഉള്ളിൽ ഇരുന്ന് സാവിത്രി മുറിച്ചു കളഞ്ഞതായിരിക്കണം, തലമുറകളായി നിലച്ചുപോയ എത്രയോ സൂക്ഷ്മഭാവസംവേദനങ്ങളെ അവൾ അവന്റെ ഉള്ളിലിരുന്ന് അവനറിയാതെ തൊട്ടുണർത്തിയതായിരിക്കണം എന്നാണ് ബി. രാജീവന്റെ നിരീക്ഷണം.

▶ ചാത്തൻ സാവിത്രിയിലൂടെ സ്വയം മാറുന്നു

SGOU

## Summarised Overview

കുമാരനാശാൻ തന്റെ കാവ്യസങ്കല്പങ്ങളാൽ ലക്ഷണമൊത്തത് എന്ന് മുദ്രകുത്തിയ കൃതിയായാണ് 'ദുരവസ്ഥ'യെ ബി. രാജീവൻ കാണുന്നത്. സഹൃദയരായ വായനക്കാർ അനുകമ്പാപൂർവ്വം നിരീക്ഷിക്കണമെന്ന് വായനക്കാരനോട് അഭ്യർത്ഥിച്ചുകൊണ്ടാണ് ആശാൻ 'ദുരവസ്ഥ'യെന്ന പാട്ടുപാടി തുടങ്ങുന്നത്. എന്നാൽ ഈ കൃതി തലമുറകളിൽ നിന്ന് തലമുറകളിലേക്ക് കൈമാറി വരുന്ന ഒരു മിത്തായി മാറിക്കഴിഞ്ഞിരിക്കുന്നു. ചാത്തനും സാവിത്രിയും ഒരു ഐതിഹ്യകഥയായി മാറി. ഹിന്ദുസമുദായത്തിന്റെ പുനഃസംഘടനയ്ക്ക് പ്രേരകമായ ഒരു ഗുണപാഠമായി മാത്രം അത് നിലനിന്നിരുന്നുവെങ്കിൽ ഈയൊരു പ്രശസ്തി ആ കൃതിക്ക് ലഭിക്കുമായിരുന്നില്ല. എന്നാൽ ചാത്തനും സാവിത്രിയും മലയാളികളിൽ ജീവിക്കുന്നു. ഐക്യത്തിന്റെയും വിമോചനത്തിന്റെയും അന്തർപ്രേരണകളിൽ ചാത്തന്റെയും സാവിത്രിയുടെയും കഥ മലയാളികൾ ഓർക്കുന്നു.

ശരീരങ്ങൾ കൊണ്ട് അടുത്താണെങ്കിലും മനസുകൊണ്ട് വിദൂരതയിലേക്ക് അകറ്റപ്പെട്ട രണ്ടു മനുഷ്യജീവികൾ പരസ്പരം പ്രവർത്തിച്ച് അന്യോന്യം മോചിപ്പിക്കുന്നതിലൂടെ സ്വത്വം കണ്ടെത്തി സർഗാത്മകമായ മനുഷ്യാസ്തിത്വത്തിന്റെ സൗന്ദര്യം സാക്ഷാത്കരിക്കപ്പെടുന്നു എന്നതാണ് ഈ കവിതയുടെ പ്രധാന സവിശേഷത. ആശാന്റെ 'ദുരവസ്ഥ'യെ കാലാതിവർത്തിയാക്കിയ ഘടകവും ഇതാണ്. ജാതിയാലോ മതത്താലോ മറയ്ക്കപ്പെട്ട തന്റെ യഥാർത്ഥ മനുഷ്യരൂപത്തിന്റെ സൗന്ദര്യം വെട്ടിത്തെളിച്ചെടുക്കാനും സ്വയം മാറ്റിത്തീർക്കാനും ഈ കൃതി വായിക്കുന്ന ഒരാളെ അത് പ്രാപ്തനാക്കുന്നു. 'ദുരവസ്ഥ'യിൽ സംഹാരവും പ്രണയവും ആവിഷ്കരിക്കുന്നു. പഴമയെ നശിപ്പിക്കുകയും പുതുമയെ സൃഷ്ടിക്കുകയും ചെയ്യുന്ന മനുഷ്യത്വത്തിന്റെ ബാഹ്യവും ആന്തരികവുമായ സർഗാത്മക കലാപത്തെ തന്റെ കാലത്തിന്റെ ആശയാദർശങ്ങളാൽ ആശാൻ കാവ്യകലയിൽ മൂർത്തമായി സൃഷ്ടിച്ചു വെച്ചിരിക്കുന്നു. അതാകട്ടെ ഒരു അമൂർത്ത ധർമ്മാദർശത്തിനുമേൽ കവി നടത്തിയ കരകൗശലവിദ്യ അല്ലതാനും. ഇതാണ് 'ദുരവസ്ഥ' എന്ന കൃതിയുടെ മഹത്വമായി ബി. രാജീവൻ നിരീക്ഷിക്കുന്നത്. ഹിന്ദുസമുദായ പുന:സംഘടനയാണ് തന്റെ ലക്ഷ്യം എന്ന് തുറന്നു പറഞ്ഞുകൊണ്ട് ആശാൻ ദുരവസ്ഥ എഴുതുന്നതിന് മുമ്പ് അതിനേക്കാൾ എത്രയോ ഉയർന്ന രാഷ്ട്രീയബോധവും വീക്ഷണ വിശാലതയുമുള്ള പദ്യങ്ങൾ പണ്ഡിറ്റ് കെ. പി. കറുപ്പനും, സഹോദരൻ അയ്യപ്പനും എഴുതിക്കഴിഞ്ഞിരുന്നു. ഭൗതികമായ ജാതിക്കോട്ടയിൽ നിന്നും സ്വന്തം ശരീരത്തെ പുറത്തു കടത്തിക്കൊണ്ടുപോരുന്ന ആശാന്റെ സാവിത്രി അവളുടെ ഉള്ളിലുള്ള ജാതിക്കോട്ടയിൽ നിന്നുകൂടി സ്വയം വിമുക്തയാകുന്നതോടെ ജാതിഭേദമില്ലാത്ത സമത്വപൂർണമായ, അതിപുരാതനമായ ഹൈന്ദവജീവിതത്തെക്കുറിച്ചുള്ള ആശാന്റെ സ്വപ്നം അവളിലൂടെ സാക്ഷാത്കരിക്കപ്പെടുന്നു. ദുരവസ്ഥയിൽ ആശാന്റെ അഭൂതപൂർവ്വമായ ശ്രദ്ധ മുഴുവൻ കേന്ദ്ര കഥാപാത്രമായ സാവിത്രിയിലാണ്. പഴമയുടെ തോടുപൊട്ടിച്ച് ഒരു പുതിയ സ്ത്രീയായി പുറത്തേക്ക് പറന്നു വരാൻ ഉതകുന്ന പുതുച്ചിറകുകൾ ആ കഥാപാത്രത്തിന് നൽകുന്നതിലാണ് ആശാന്റെ ശ്രദ്ധ.

## Assignments

1. ബി. രാജീവന്റെ നിരൂപണപദ്ധതി വിശദീകരിക്കുക.
2. കുമാരനാശാന്റെ 'ദുരവസ്ഥ' – വിമർശനാത്മക പഠനം തയ്യാറാക്കുക
3. ജാതിചിന്ത 'ദുരവസ്ഥ'യിൽ – വിശദമാക്കുക.
4. ആശാനും കേരളനവോത്ഥാനവും – വിശദീകരിക്കുക.

5. ജാതിവിരുദ്ധതയും മലയാള കവിതയും- വിശദമാക്കുക.
6. കുമാരനാശാന്റെ കവിതകളിലെ സ്ത്രീകഥാപാത്രങ്ങളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

## Suggested Readings


1. ബി. രാജീവൻ, ജൈവരാഷ്ട്രീയവും ജനസഞ്ചയവും, റാസ്ബെറി, കോഴിക്കോട്.
2. ബി. രാജീവൻ, വാക്കുകളും വസ്തുക്കളും, ഡി. സി. ബുക്സ്, കോട്ടയം.
3. ബി. രാജീവൻ, ജനനിബിഡമായ ദന്തഗോപുരം, ചിന്താ പബ്ലിഷേഴ്സ്, തിരുവനന്തപുരം.
4. സുകുമാർ അഴീക്കോട്, മലയാളസാഹിത്യവിമർശനം, ഡി. സി. ബുക്സ്, കോട്ടയം, 1988.


## References


1. ബി. രാജീവൻ, 'കലയും പ്രത്യയശാസ്ത്രവും', കലാവിമർശം മാർക്സിസ്റ്റ് മാനദണ്ഡം. രവീന്ദ്രൻ (എഡി.), ചിന്താ പബ്ലിഷേഴ്സ്, തിരുവനന്തപുരം, 2012.
2. ജി. മധുസൂദനൻ (എഡി.), ഹരിതനിരൂപണം മലയാളത്തിൽ, കറന്റ് ബുക്സ്, തൃശ്ശൂർ, 2002.
3. ജെ. ദേവിക, നിരന്തരപ്രതിപക്ഷം, ഡി. സി. ബുക്സ്, കോട്ടയം, 2021.
4. പ്രദീപൻ പാമ്പിരികുന്ന്, പ്രദീപൻ പാമ്പിരികുന്നിന്റെ ലേഖനങ്ങൾ, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 2020.
5. ജോസഫ് മുണ്ടശ്ശേരി, മുണ്ടശ്ശേരി കൃതികൾ, കറന്റ് ബുക്സ്, തൃശ്ശൂർ, 1981.
6. ഷാജി ജേക്കബ്, ആധുനികാനന്തര മലയാളസാഹിത്യവിമർശനം, സൈകതം ബുക്സ്, കോതമംഗലം.


SGOU

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

# ആധുനികാനന്തര പ്രവണതകൾ

# BLOCK-04

## Block Content

യൂണിറ്റ് - 1 ആധുനികാനന്തരപ്രവണതകൾ

യൂണിറ്റ് - 2

1. വീണ്ടും കുതിരക്കൊമ്പ് : വായനയുടെ രാഷ്ട്രീയം - വി. സി. ഹാരിസ്
2. സൗന്ദര്യപൂജ ഒരു പരാവർത്തനം - വി. സി. ശ്രീജൻ

യൂണിറ്റ് - 3

1. സ്നേഹം പ്രസരിപ്പിക്കാൻ രാഷ്ട്രീയക്കാരിയായ കമല - ജെ. ദേവിക
2. പായുന്ന ഉടലുകളും പതിക്കുന്ന ഉടലുകളും - കെ. കെ. ബാബുരാജ്

യൂണിറ്റ് - 4

1. സാഹിത്യചരിത്രവിജ്ഞാനീയം : പുനർവിചാരങ്ങളുടെ സന്ദർഭങ്ങൾ - ഇ.വി.രാമകൃഷ്ണൻ

SGOU

Unit 1

# ആധുനികാനന്തരപ്രവണതകൾ

## Learning Outcomes

- ഉത്തരാധുനിക വിമർശനപദ്ധതിയെക്കുറിച്ച് ധാരണ സ്വരൂപിക്കുന്നു
- സ്ത്രീ-ദലിത്-പരിസ്ഥിതിവാദങ്ങളെ പരിചയിക്കുന്നു
- സംസ്കാരപഠനത്തെക്കുറിച്ച് മനസിലാക്കുന്നു
- ആധുനികാനന്തര സാഹിത്യവിമർശകരെ സാമാന്യമായി മനസിലാക്കുന്നു
- സാഹിത്യവിമർശനത്തിലെ പുതിയ പ്രവണതകൾ പരിചയപ്പെടുന്നു

## Background

സാഹിത്യ ചർച്ചകളുമായി ബന്ധപ്പെടുത്തിയാണ് പശ്ചാത്യലോകത്ത് ഉത്തരാധുനികത എന്ന പദം ഉപയോഗിക്കപ്പെടാൻ തുടങ്ങിയത്. പിന്നീട് കുറെക്കൂടി വിശാലമായ സാമൂഹ്യ സാംസ്കാരിക വ്യവഹാരങ്ങളിലേക്ക് അത് പ്രത്യക്ഷപ്പെടാൻ തുടങ്ങി. ആധുനികതയിൽ നിന്നും ഭിന്നമായ - സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ, സാംസ്കാരിക തലങ്ങളിലെയെല്ലാം ഒരു കാലഘട്ടമാണ് ഉത്തരാധുനികതയുടേത്.

പിൽക്കാല മുതലാളിത്തത്തിന്റെ സൃഷ്ടികളായ ആഗോളവത്കരണം വിവരസാങ്കേതികവിദ്യ, സംസ്കാര വ്യവസായം, ഉപഭോഗസംസ്കാരം തുടങ്ങിയവ ആധുനികതയിൽ നിന്നും തികച്ചും വ്യത്യസ്തമായ ജീവിതാനുഭവങ്ങൾ സൃഷ്ടിക്കുന്നവയാണ്. പുതിയ സാമ്പത്തികക്രമം ദേശീയമായ അനന്യതകളെ അവഗണിച്ചുകൊണ്ട് വലിയ വ്യവസായ സ്ഥാപനങ്ങൾ പരസ്പരം ലയിക്കുന്ന പുതിയ രീതിക്ക് (കോപ്പറേറ്റ് വൽക്കരണം) ആക്കം കൂട്ടി. ലോകം ഒരു കമ്പോള നഗരമായി മാറി. സകലതും മൂലധനത്തിന്റെ കോളനിവൽക്കരണത്തിന് വിധേയമായി. ഉത്തരാധുനികമായ സാമൂഹിക പശ്ചാത്തലം ഇതാണ്.

ലോക്ത്യാർ, ബോദ്രിയാർഡ്, ഫെഡറിക് ജെയിംസൺ തുടങ്ങിയവരുടെ സിദ്ധാന്തങ്ങളാണ് ഉത്തരാധുനികതയെ സംബന്ധിച്ച് പ്രമുഖമായിട്ടുള്ളത്. ലോക്ത്യാർ ബൃഹദ്ദാഖ്യാനങ്ങളിലുള്ള അവിശ്വസനീയതയായി ഉത്തരാധുനികതയെ നിർവ്വചിക്കുന്നു. പിൽക്കാല മുതലാളിത്തത്തിന്റെ സാംസ്കാരിക യുക്തി എന്ന് ഫ്രെഡറിക് ജെയിംസൺ ഉത്തരാധുനികതയെ വിലയിരുത്തുന്നു. അതിന്റെ മുഖ്യസ്വഭാവം ഉപരിപ്ലവതയാണ്. ശാസ്ത്രസാങ്കേതിക വിദ്യയുടെ സഹായത്തോടെ വൈജ്ഞാനിക മണ്ഡലത്തിൽ സംഭവിച്ച മാറ്റങ്ങളുടെ ഫലമായി സാംസ്കാരിക രംഗത്തുണ്ടായ പരിവർത്തനങ്ങൾക്കാണ് 'ഉത്തരാധുനികം' എന്ന വിശേഷണം നൽകിയിരിക്കുന്നത് സമൂഹങ്ങൾ വ്യവസായത്തിലേക്കും സംസ്കാരങ്ങൾ ഉത്തരാധുനിക ഘട്ടത്തിലേക്കും പ്രവേശിച്ചതായി അദ്ദേഹം നിരീക്ഷിക്കുന്നു.

ഉത്തരാധുനിക അവസ്ഥയിൽ ബൃഹദ്ദാഖ്യാനങ്ങൾക്ക് പകരം ലഘു ആഖ്യാനങ്ങൾക്ക് പ്രാമുഖ്യം കൈവരുന്നു. സൂക്ഷ്മ രാഷ്ട്രീയ വ്യവഹാരങ്ങളായ ലിംഗഭേദ രാഷ്ട്രീയം, സ്ത്രീപക്ഷ രാഷ്ട്രീയം, ദലിത് രാഷ്ട്രീയം, പരിസ്ഥിതി രാഷ്ട്രീയം എന്നിവ ആഖ്യാനത്തിന് പശ്ചാത്തലമൊരുക്കുന്നു.

ആധുനിക സാഹിത്യത്തിലെ രൂപപരമായ സവിശേഷതകളെയും ആഖ്യാന സമ്പ്രദായങ്ങളെയും ഉത്തരാധുനികർ എതിർക്കുന്നു. ശിഥിലതയുടെ സഞ്ചയങ്ങൾ പരസ്പരബന്ധമില്ലാത്ത കൊളാഷുകൾ, മൊണ്ടാഷുകൾ എന്നിവ ഉത്തരാധുനിക സാഹിത്യത്തിന്റെ ആഖ്യാനത്തിൽ കാണാം. അനുഭൂതികളുടെ ചിതറിത്തെറിക്കൽ, വീക്ഷണപരമായ തുടർച്ചയില്ലായ്മ, തകരുന്ന സ്ഥലകാല ബോധങ്ങൾ, ജീവിതത്തിന്റെ അസ്ഥിരഗുണങ്ങളുടെ ആഘോഷം എന്നിവ ഉത്തരാധുനിക സാഹിത്യത്തിന്റെ പ്രത്യേകതയാണ്. ഉത്തരാധുനികത ജനപ്രിയതയെ അംഗീകരിക്കുന്നു. ഉന്നത നിമ്നസംസ്കാരങ്ങൾ എന്ന വേർതിരിവുകളെ അട്ടിമറിക്കുന്നു.

മലയാളവിമർശനത്തിന്റെ ആധുനികാനന്തരഘട്ടം എന്നത് സാംസ്കാരിക വിമർശനത്തിന്റെ നിലപാടുകളിലാണ് കേന്ദ്രീകരിക്കുന്നത്. വരേണ്യ സവർണ്ണ പുരുഷാധീശ ദേശീയഘടനകളും സ്വഭാവങ്ങളും അപനിർമ്മിക്കപ്പെടുന്നു. കീഴാള, ജനകീയ, സ്ത്രീപക്ഷ, പ്രാദേശിക ഘടകങ്ങളുടെ സ്വഭാവങ്ങൾക്കും അവ ഉയർത്തുന്ന വീക്ഷണങ്ങൾക്കും പ്രാധാന്യമേറി. ആധുനികതയോടുള്ള വിമർശനമായും സംസ്കാരത്തിന്റെ ജനാധിപത്യമായും ചരിത്രത്തിന്റെ മേൽ-കീഴ്സങ്കൽപ്പനങ്ങളോടുള്ള വിയോജിപ്പായും നിലകൊള്ളുന്നു. നിലവിലുള്ള സമൂഹത്തിന്റെ സൂക്ഷ്മമായ പ്രശ്നങ്ങളും വൈരുദ്ധ്യങ്ങളും സാംസ്കാരിക വിമർശനം വെളിപ്പെടുത്തുന്നു.

മിഷേൽ ഫൂക്കോ, ഫെഡറിക് ജെയിംസൺ, ഉംബർട്ടോ എക്കോ, റൊളാംങ് ബാർത്ത്, ഇ. പി. തോംസൺ, ലൂയി അൽത്തൂസർ, ഗ്രാംഷി തുടങ്ങിയവർ മുന്നോട്ടുവെച്ച ചിന്താപദ്ധതി വികസിച്ചുവന്നതാണ് സംസ്കാരപഠനം. ഭാഷാശാസ്ത്രം, മാധ്യമപഠനം, വ്യവഹാരപഠനം, ചിഹ്നവിജ്ഞാനീയം, വംശ-ജാതി-ലിംഗ-പരിസ്ഥിതി ചിന്തകൾ, ജനപ്രിയ സംസ്കാരം, ദേശീയത, പ്രാദേശിക സംസ്കാരിക പഠനം എന്നിങ്ങനെ ഒട്ടേറെ ജ്ഞാന മേഖലകളെ സ്വീകരിച്ചുകൊണ്ടാണ് ആധുനികാനന്തരനിരൂപണം മുന്നോട്ട് നീങ്ങുന്നത്.

കേവലം സൗന്ദര്യാധിഷ്ഠിതമായ വിമർശനത്തിന് ആധുനികാനന്തര നിരൂപണപദ്ധതിയിൽ പ്രസക്തി നഷ്ടപ്പെട്ടു. സാഹിത്യം വസ്തുനിഷ്ഠ സമീപനത്തിന്റെയും അന്തർവിദ്യാപരതയുടെയും വിതാനങ്ങളിലേക്ക് പ്രവേശിച്ചു. ഗ്രന്ഥകർത്താവ് പ്രജാപതിയും പ്രജാപതിയുടെ ദിവ്യകർമത്തെ വ്യാഖ്യാനിച്ചു തരുന്ന നിരൂപകൻ ആരാധ്യനും എന്നുള്ള ധാരണ അവസാനിച്ചിരിക്കുന്നു. അസ്ഥിരത പരമമായ യാഥാർത്ഥ്യമായി പരിഗണിക്കപ്പെടുന്ന ആധുനികാനന്തരതയിൽ കൃതി, കർത്താവ് ഇവയൊന്നും സുസ്ഥിരമല്ല.

സാഹിത്യവിമർശനം എന്നത് കൃതിയേയോ കർത്താവിനെയോ സംബന്ധിച്ച വിമർശകന്റെ പ്രതീതിസാരമായ വിലയിരുത്തൽ അല്ലെന്ന ധാരണയാണ് ഇന്നുള്ളത്. കൃതികൾ അനേകം പാഠങ്ങൾ സമ്മാനിക്കാൻ പര്യാപ്തമായ ഉപാധി മാത്രമാണ്. കേവലം ഭാഷ വ്യവഹാരം മാത്രമാണ് എന്ന നിലയാണതിനുള്ളത്. ഓരോ പുതിയ പാഠനിർമ്മിതിയും സാധ്യമാകുന്നതോടെ എഴുത്തുകാരൻ രചിച്ച കൃതിയുടെ പ്രസക്തി മാത്രമല്ല അസ്തിത്വം തന്നെ ഇല്ലാതാകുന്നു, എഴുത്തുകാരന്റെ മരണം കൃതിയിലെ ആദ്യ പാഠത്തിന്റെ പിറവിയോടെ നടന്നു കഴിഞ്ഞിരിക്കുന്നു തുടങ്ങിയ സമീപനങ്ങളാണ് ആധുനികാനന്തരവിമർശനം പുലർത്തുന്നത്.

## Keywords

ഫെമിനിസം - ദലിത്‌വാദം - പരിസ്ഥിതിവാദം - സംസ്കാരപഠനം - കുലീനതാവാദപരമായ ധാര - നരവംശശാസ്ത്ര ധാര - മാർക്സിയൻ ധാര

# Discussion

## 4.1.1 വിശദപഠനം - ആധുനികാനന്തര പ്രവണതകൾ

മലയാളസാഹിത്യത്തിൽ ആധുനികതാവാദത്തിനുശേഷം ശക്തി പ്രാപിച്ച പ്രവണതയാണ് ഉത്തരാധുനികത. മലയാള സാഹിത്യത്തിലെ പുതുപ്രവണതകളെ സൂചിപ്പിക്കാൻ വേണ്ടി ഇംഗ്ലീഷിലെ പോസ്റ്റ് മോഡേൺ എന്ന വാക്കിന് സമാന്തരമായി മലയാളത്തിൽ, ആധുനികോത്തരത, ആധുനികാനന്തരം, ആധുനികാതീതം, ഉത്തരാധുനികത എന്നിങ്ങനെ പദങ്ങൾ ഉപയോഗിച്ചുപോരുന്നു. ആധുനികതയുടെ തുടർച്ചയായും ഇടർച്ചയായും ഇതിനെ മനസ്സിലാക്കുന്നവരുണ്ട്. പ്രതിഷേധത്തിന്റേയും പ്രതിരോധത്തിന്റേയും പ്രതിനിധാനത്തിന്റേയും സൂക്ഷ്മമായ സമീപനം ഉത്തരാധുനികതയിൽ സാധ്യമാകുന്നു. ലോത്ത്യാർ, ബോദ്രിയാർ, ഫെഡ്രിക് ജെയിംസൺ എന്നിവർ മലയാളസാഹിത്യത്തെ സ്വാധീനിച്ച പോസ്റ്റ് മോഡേൺ ചിന്തകരാണ്. 'ആധുനികതയിലെ മഹാഖ്യാനങ്ങളോടുള്ള അവിശ്വാസമാണ്" ലോത്ത്യാറിന്റെ വീക്ഷണത്തിൽ ആധുനികോത്തരതയുടെ അടിസ്ഥാനപ്രകൃതം'. മതം, ശാസ്ത്രം, മാർക്സിസം തുടങ്ങിയ ബൃഹദാഖ്യാനങ്ങൾ ഈ ഘട്ടത്തിൽ തകർക്കപ്പെടുന്നുണ്ട്. പകരം സൂക്ഷ്മാഖ്യാനങ്ങൾ വികസിച്ചു. ആധുനികത അഭിസംബോധന ചെയ്യാതിരുന്ന, അല്ലെങ്കിൽ അകറ്റിനിർത്തിയ വിഭാഗങ്ങൾ ഈ ഘട്ടത്തിൽ സ്വത്വബോധമുള്ളവരായി. എഴുതപ്പെട്ട ചരിത്രങ്ങൾ, സാഹിത്യങ്ങൾ ഒക്കെത്തന്നെ പുനർവായനയ്ക്ക് വിധേയമാക്കപ്പെട്ടു. മലയാളത്തിൽ ഉത്തരാധുനികതയെ ആദ്യം പരിചയപ്പെടുത്തുന്നത് അയ്യപ്പപ്പണിക്കരാണ്. സൈദ്ധാന്തികതയുടെ പിൻബലത്താൽ പ്രബലമായ പല ചിന്തകളും ഉത്തരാധുനികതയിൽ ഉയർന്നുവന്നു.

- ബൃഹദാഖ്യാനങ്ങൾ തകർക്കപ്പെടുന്നു

### ഫെമിനിസം

'മനുഷ്യജീവിതത്തിലെ സകലവിധ അധികാരരൂപങ്ങളെയും നിരാകരിക്കുന്ന സമഗ്രമായ ഒരു ജനാധിപത്യമാനുഷികതയ്ക്കു വേണ്ടിയുള്ള സമരമാണ് സ്ത്രീവിമോചനവാദം അഥവാ ഫെമിനിസം' (രവീന്ദ്രൻ എൻ. കെ., 160). പുരുഷകേന്ദ്രീകൃതമായ സാഹിത്യവ്യവഹാരങ്ങളെ പുതിയൊരു വീക്ഷണത്തോടെ നോക്കിക്കാണാനാണ് ഉത്തരാധുനികഘട്ടത്തിൽ ഫെമിനിസ്റ്റ് സാഹിത്യവിമർശനം ശ്രമിക്കുന്നത്. അറുപതുകളുടെ അവസാന ദശകങ്ങളിലും എഴുപതുകളുടെ ആദ്യവും സ്ത്രീവിമോചനപ്രസ്ഥാനങ്ങൾ വഴി ഫെമിനിസമെന്ന ആശയം വ്യാപകമായി ചർച്ച ചെയ്യപ്പെട്ടു. ഈ വെളിച്ചത്തിലാണ് പുതിയൊരു വിമർശനപദ്ധതിയെന്ന നിലയിൽ ഫെമിനിസ്റ്റ് സാഹിത്യവിമർശനം ഉരുത്തിരിയുന്നത്. ഈ ഘട്ടത്തിൽ ഒന്നാം ലോകരാജ്യങ്ങളാണ് ഫെമിനിസ്റ്റ് സാഹിത്യദർശനത്തിന് സംഭാവനകൾ നൽകിയത്. പുരുഷന്റെ ആശ്രിതരും അവന്റെ ഭോഗതൃഷ്ണയെ തൃപ്തിപ്പെടുത്തുന്നവരും എന്ന നിലയ്ക്ക് മാത്രം സാഹിത്യത്തിൽ ചിത്രീകരിക്കപ്പെട്ട സ്ത്രീയുടെ വാർപ്പുമാതൃകകളെ നിരാകരിക്കുന്നതാണ് ഫെമിനിസ്റ്റ്

സാഹിത്യദർശനം. വെർജീനിയ വൂൾഫിനെപ്പോലുള്ള സ്ത്രീപക്ഷ ചിന്തകർ മുന്നോട്ടുവരുകയും തങ്ങളുടെ ആശയങ്ങൾ അവതരിപ്പിച്ചു കൊണ്ട് ആണധികാരവ്യവസ്ഥയെ ചോദ്യംചെയ്യുകയുമുണ്ടായി. കുടുംബം, സമൂഹം, തൊഴിൽ തുടങ്ങിയ വ്യവഹാരയിടങ്ങളിൽ സ്ത്രീകൾക്ക് സ്വന്തമായൊരിടമുണ്ടാകണം എന്ന് വാദിച്ച (A Rooms of one's own) വെർജീനിയ വൂൾഫിൽ നിന്നും സ്ത്രീപക്ഷ ചിന്തകൾ, കെയ്റ്റ് മില്ലറുടെ 'ലൈംഗിക രാഷ്ട്രീയം' (1969) എന്ന ഗ്രന്ഥത്തിലേക്ക് എത്തുമ്പോൾ സവിശേഷമായ സിദ്ധാന്തം എന്ന നിലയിൽ ഫെമിനിസം രീതിശാസ്ത്രപരമായ അടിത്തറ കൈവരിക്കുന്നതായി കാണാം. മുഖ്യധാരാസാഹിത്യം പുരുഷന് നൽകുന്ന അപ്രമാദിത്വത്തെ മറികടക്കുക, എഴുത്തുകാരികളുടെ സാർവലൗകികമായ ഐക്യം സാധ്യമാക്കുക, പുരുഷനോട് വിധേയത്വമുള്ള ഭാഷയെ അപനിർമിക്കുക, ആർത്തവം, പ്രസവം മുതലായ സ്ത്രൈണാനുഭവങ്ങളെ ആവിഷ്കരിക്കുക, ലിംഗാധികാരത്തിന്റെ യുക്തികളുടെ അതിർത്തികൾ ഇല്ലായ്മ ചെയ്യുക എന്നിങ്ങനെ വിവിധങ്ങളായ ലക്ഷ്യങ്ങൾ ഈ സാഹിത്യ പദ്ധതിക്കുണ്ട്.

▶ സ്ത്രീയുടെ വാർപ്പുമാതൃകകളെ നിരാകരിക്കുന്നു

മലയാളത്തിൽ സ്ത്രീപക്ഷ വിമർശനത്തിന്റെ ഉപോൽപ്പന്നമെന്ന് ആദ്യമായി അടയാളപ്പെടുത്തിയ രചന, സാറാ ജോസഫിന്റെ 'പാപത്തറ'യ്ക്ക് സച്ചിദാനന്ദൻ എഴുതിയ ആമുഖപഠനമാണ്. പെണ്ണെഴുത്തെന്ന പദത്തെ അഭിസംബോധന ചെയ്യാൻ ശ്രമിക്കുന്നു എന്നതാണ് ഫെമിനിസ്റ്റ് സാഹിത്യവിമർശനപദ്ധതിയിൽ ഈ ആമുഖ പഠനത്തിന്റെ പ്രാധാന്യം. സാഹിത്യ പൈതൃകത്തിൽ മാത്രം അഭിമാനിക്കുന്ന മലയാളത്തോടും മലയാളിയോടും 'എഴുത്തമ്മ'മാരെക്കുറിച്ച് ആരാഞ്ഞ പി. ഗീത മലയാളസാഹിത്യവിമർശനത്തിലെ ശക്തമായ സാന്നിധ്യമാണ്. സമാന്തരമായി തന്നെ പെൺചരിത്രത്തിന്റെ വീണ്ടെടുപ്പുകൾക്കായുള്ള ശ്രമങ്ങളും മലയാളസാഹിത്യത്തിൽ നടക്കുന്നുണ്ടെന്നുകാണാം. ജെ. ദേവികയുടെ രചനകൾ കേരളത്തിലെ സ്ത്രീ സമൂഹത്തിന്റെ ചരിത്ര നിർമിതിയിൽ ഊന്നുന്നവയാണ്. 'കേരളം സ്ത്രീപക്ഷ ഗവേഷണത്തിൽ', 'ആണരശുനാട്ടിലെ കാഴ്ചകൾ', 'കുലസ്ത്രീയും ചന്തപ്പെണ്ണും ഉണ്ടായതെങ്ങനെ' എന്നീ രചനകൾ മലയാളി സ്ത്രീകൾ പൊതുഇടങ്ങളിൽ നിന്ന് എങ്ങനെ അദൃശ്യമായി എന്നതിനെക്കുറിച്ച് അന്വേഷിക്കുകയും ആൺകോയ്മാരാഷ്ട്രീയത്തെ ചോദ്യം ചെയ്യുകയും ചെയ്യുന്നു. ഗൈനോ ക്രിട്ടിസിസം (സ്ത്രൈണ വിമർശനം), എക്കോ ഫെമിനിസം എന്നീ വിമർശനപദ്ധതികൾ ഫെമിനിസ്റ്റ് വിമർശനപദ്ധതിയുടെ വികാസത്തെ സൂചിപ്പിക്കുന്നു.

▶ പെൺചരിത്രത്തിന്റെ വീണ്ടെടുപ്പുകൾ

പി. ഗീത (ആധുനികമലയാളകവിതയിലെ സ്ത്രീപക്ഷസമീപനങ്ങൾ - 2002, ആര്യമാകിലുമനാര്യമാകിലും - 2006), എം. ലീലാവതി (സ്ത്രീസ്വത്വാവിഷ്കാരം ആധുനികമലയാളസാഹിത്യത്തിൽ - 2008, ബാലാമണിയമ്മയുടെ കവിതാലോകങ്ങൾ - 2009). ശാരദക്കുട്ടി, (പെൺവിനിമയങ്ങൾ - 2007, പെണ്ണുകൊത്തിയ വാക്കുകൾ - 2010, ഞാൻ നിങ്ങൾക്കെതിരെ ആകാശത്തെയും ഭൂമിയെയും സാക്ഷ്യം വയ്ക്കുന്നു - 2011), ഡോ. ബെറ്റിമോൾ മാത്യു (ഇവൾ പൂക്കും ഇലഞ്ഞിമരങ്ങൾ - 2012, കടമ്മനിട്ടയുടെ കവിതകൾ ഒരു സ്ത്രീപക്ഷവായന - 2013), എം. നുജും (പെണ്ണും അധികാരവും - 2006), ജി. ഉഷാകുമാരി (ഉടൽ ഒരു നെയ്ത്ത് സംസ്കാരത്തിന്റെ സ്ത്രീവായന - 2013), രുക്മിണി (തമ്പിയാ

ണവൾ - 2013), ജിസാ ജോസ് (സ്വന്തം ഇടങ്ങൾ - 2013), ഡോ. ആർ. ബി. രാജലക്ഷ്മി (സർഗഭാവനയുടെ പെൺപക്ഷം - 2010), ഡോ. പി. എസ്. ശ്രീകല, ഡോ. മ്യൂസ് മേരി, ഡോ. ഉഷ നമ്പൂതിരിപ്പാട്, സോണിയ എന്നിങ്ങനെ ശക്തരായ സ്ത്രീവാദരചയിതാക്കളുടെ സജീവ സാന്നിധ്യം ഈ രംഗത്തുണ്ട്.

- ശക്തരായ സ്ത്രീവാദരചയിതാക്കളുടെ സജീവസാന്നിധ്യം

## പാരിസ്ഥിതിക വിമർശനം

ആധുനികാനന്തര മലയാളവിമർശനത്തിൽ പ്രധാനപ്പെട്ട ഒന്നാണ് പരിസ്ഥിതി നിരൂപണം/ഹരിതനിരൂപണം. പാരിസ്ഥിതികരാഷ്ട്രീയത്തിന്റെയും പരിസ്ഥിതിസൗന്ദര്യശാസ്ത്രത്തിന്റെയും അടിസ്ഥാനത്തിൽ സാഹിത്യകൃതിയെ വിശകലനം ചെയ്യുന്ന രീതിയാണിത്. ഇക്കോ-ക്രിട്ടിസിസം എന്ന വാക്ക് ആദ്യമായി ഉപയോഗിച്ചത് വില്യം റുക്കേർട്ട് എന്ന അമേരിക്കൻ എഴുത്തുകാരനാണ്. 1978-ൽ പ്രസിദ്ധം ചെയ്ത 'സാഹിത്യവും ഇക്കോളജിയും: ഇക്കോ-ക്രിട്ടിസിസത്തിൽ ഒരു പരീക്ഷണം' എന്ന പ്രബന്ധത്തിലാണ് അത് പ്രത്യക്ഷപ്പെടുന്നത്. 'സാഹിത്യപഠനത്തിൽ ഇക്കോളജിയും പാരിസ്ഥിതിക തത്ത്വങ്ങളും ഉപയോഗിക്കുന്നത് എങ്ങനെയെന്ന് പരീക്ഷിക്കുവാനാണ് എന്റെ ഉദ്യമം. കാരണം നാമെല്ലാം ജീവിക്കുന്ന ലോകത്തിന്റെ ഇന്നത്തെ അവസ്ഥയെയും ഭാവിയേയും സംബന്ധിച്ച് ഏറ്റവും പ്രസക്തമായ വിഷയമാണ് ഇക്കോളജി' എന്ന് വില്യം റുക്കേർട്ട് അഭിപ്രായപ്പെട്ടു. 1974-ൽ ഇറങ്ങിയ ജോസഫ് മീക്കറുടെ 'നിലനില്പിന്റെ കോമഡി സാഹിതീയ ഇക്കോളജി പഠനങ്ങൾ' എന്ന ഗ്രന്ഥമാണ് ആദ്യത്തെ ആധുനിക പാരിസ്ഥിതിക വിമർശനഗ്രന്ഥം. സാഹിതീയ ഇക്കോളജി (Literary Ecology) എന്ന വാക്കുപയോഗിച്ചാണ് മീക്കർ നിർവ്വചിച്ചത്.

- റുക്കേർട്ടും മീക്കറും

'പ്രപഞ്ചവും മനുഷ്യചേതനയുമായുള്ള ചാർച്ചയും ഭൂമിശാസ്ത്രവും ഭൂദൃശ്യങ്ങളും സാഹിത്യവുമായുള്ള ബന്ധത്തിന്റെ പഠനങ്ങളും മുതൽ ഘടനാവാദാനന്തര (Post structuralist) സങ്കേതങ്ങളുപയോഗിച്ച് നവീനകലയെക്കുറിച്ചു നടത്തുന്ന പഠനങ്ങൾ വരെ ഉൾക്കൊള്ളാൻ കഴിയുന്നൊരു വലിയ കുടക്കീഴിലായിരിക്കണം ഇക്കോ-ക്രിട്ടിസിസം'' എന്ന് ലോറൻസ് ബുവെൽ അഭിപ്രായപ്പെടുന്നു. വ്യവസ്ഥാപിതമായ ഒട്ടേറെ വിമർശനരീതികളെ മറികടന്നുകൊണ്ട് രാഷ്ട്രീയവും സാംസ്കാരികവുമായ ഉൾബലമുള്ള ഒരു ബദൽ വിമർശനരീതിയായി ഇത് മലയാളത്തിലും സ്ഥാനം നേടിയിട്ടുണ്ട്. 1990-ൽ പ്രസിദ്ധീകൃതമായ പി. പി. കെ. പൊതുവാളിന്റെ 'പരിസ്ഥിതിവിചാരം മലയാളകവിതയിൽ' എന്ന പഠനം മലയാളത്തിൽ ഈ രീതിയിലുള്ള ആദ്യ കാൽവെയ്പ്പാണ്. ജി. മധുസൂദനന്റെ 'കഥയും പരിസ്ഥിതിയും' എക്കോക്രിട്ടിസിസത്തിന്റെ പശ്ചാത്തലത്തിൽ പഠിക്കുന്ന ഗ്രന്ഥമാണ്. ജി. മധുസൂദനൻ എഡിറ്റ് ചെയ്ത 'ഹരിതനിരൂപണം മലയാളത്തിൽ' ഹരിതനിരൂപണത്തിന്റെ സൈദ്ധാന്തികവും പ്രായോഗികവുമായ തലങ്ങൾ വിശദമാക്കുന്നു. കഥ, കവിത, നോവൽ എന്നിങ്ങനെ വ്യത്യസ്ത സാഹിത്യരൂപങ്ങളെ ഈ കൃതി പരിഗണിച്ചിട്ടുണ്ട്.

- ബദൽ വിമർശനരീതി

## ദലിത് പഠനം

സമൂഹത്തിലെ അധഃസ്ഥിതവർഗത്തെ അഭിസംബോധന ചെയ്യാൻ അന്റോണിയോ ഗ്രാംഷിയാണ് സബാൾട്ടേൺ എന്ന പദം ഉപയോഗി

ച്ചത്. അടിച്ചമർത്തപ്പെട്ട എല്ലാ വിഭാഗങ്ങളേയും ആ പദം ഉൾക്കൊള്ളുന്നു. മലയാളത്തിൽ ദലിത് എന്ന പദംകൊണ്ടാണ് അതിനെ വിവർത്തനം ചെയ്തിരിക്കുന്നത്. സമൂഹത്തിൽ നിന്ന് അകറ്റിനിർത്തപ്പെട്ടവരുടെ പര്യായമായി ആ പദം പ്രതിഷ്ഠനേടി. ദലിത് സാഹിത്യ വിമർശനം സാഹിത്യത്തെ ഒരു ലീലാവിനോദമായി കാണുന്നില്ല. അരികുവൽക്കരിക്കപ്പെട്ട ജീവിതങ്ങളെ അടയാളപ്പെടുത്തുന്നു എന്ന അർത്ഥത്തിൽ ദലിത് സർഗാത്മക സാഹിത്യം പോലും വിമർശനത്തിന്റെ ധർമ്മം പുലർത്തുന്നുണ്ട്. വേദേതിഹാസപുരാണങ്ങളെ വിമർശനത്തിന് വിധേയമാക്കിയാണ് ദലിത് വിമർശനം അതിന്റെ യാത്ര ആരംഭിക്കുന്നത്. ഇന്ത്യയിലെ ദലിത് സാഹിത്യ വിമർശനം യഥാർത്ഥത്തിൽ സവർണ്ണ സാഹിത്യത്തിന്റെ വിമർശനമാണ്. സാഹിത്യം എങ്ങനെ സവർണ്ണ താൽപര്യങ്ങളെ ഉള്ളിൽ പേറുന്നു എന്ന് വിശദീകരിക്കാനാണ് അത് ശ്രമിക്കുന്നത്. ജോതിറാവു ഫൂലെ, പെരിയോർ ഇ. വി. രാമസ്വാമി നായ്ക്കർ എന്നിവർ ദലിത് വിമർശനത്തിന്റെ തുടക്കത്തിൽ സാമൂഹികമായും സാംസ്കാരികമായും അവയെ വിപുലപ്പെടുത്താൻ യത്നിച്ചവരാണ്. കീഴാള ബദൽ ദേശീയത വരെ രൂപപ്പെടുത്താൻ അവർ ശ്രമിച്ചിരുന്നു. ബ്രാഹ്മണിക സാഹിത്യവ്യവഹാരങ്ങളെ സൈദ്ധാന്തികമായും സാമൂഹികമായും പരിശോധിച്ച അംബേദ്കറാണ് ദലിത് സാഹിത്യ പദ്ധതിക്ക് സൈദ്ധാന്തിക അടിത്തറയിട്ടത്. സാമൂഹിക സന്ദർഭങ്ങൾ സൃഷ്ടിക്കുന്ന വിമർശനാത്മകാവബോധമാണ് ദലിത് വിമർശനത്തെ ചരിത്രപരമായി നിർമ്മിച്ചത്.

- ▶ സർഗാത്മക സാഹിത്യം വിമർശനത്തിന്റെ ധർമ്മം പുലർത്തുന്നു

മുഖ്യധാരാ സാഹിത്യചരിത്രത്തിൽ തന്റെ വംശത്തെപ്പറ്റി ഒരക്ഷരവും കാണുന്നില്ലല്ലോ എന്ന് തിരിച്ചറിഞ്ഞ പൊയ്കയിൽ അപ്പച്ചൻ മലയാളത്തിൽ ഇത്തരം ചിന്തകൾക്ക് തുടക്കമിട്ടു. ഡോ. രേഖാ രാജിന്റെ ചില അന്വേഷണങ്ങൾ, പ്രത്യേകിച്ച് 'Dalit Women as Political Agents: A Kerala Experience' (2013) എന്ന പഠനം കേരളത്തിലെ ദലിത് സ്ത്രീകളുടെ സാമൂഹികാനുഭവങ്ങളെ പുതുക്കി വായിക്കുന്ന ഒന്നാണ്. മലയാളത്തിലെ ദലിത് വിമർശകരിൽ പ്രധാനികളായ കെ. കെ. കൊച്ച് (വായനയുടെ ദലിത്പാഠം - 2005), ടി. എം. യേശുദാസൻ (ബലിയാടുകളുടെ വംശാവലി - 2010, കറുത്ത ദൈവങ്ങളും നഗ്നസത്യങ്ങളും– 2011), അജയ് ശേഖർ, സണ്ണി എം. കപിക്കാട്, യാക്കോബ് തോമസ്, കെ. എം. സലിം കുമാർ (നെഗ്രിറ്റ്യൂഡ് - 2011), ഡോ. ഷീബ എം. കുര്യൻ (കീഴാളന്റെ പ്രതിരോധതന്ത്രം - 2005) സജിത കെ. ആർ. (ദളിതമക്ഷരസംയുക്തം - 2012) രാജേഷ് ചിറപ്പാട്, ഒ. കെ. സന്തോഷ് (തിരസ്കൃതരുടെ രചനാഭൂപടം - 2010), എം. ബി. മനോജ് (ആദർശം എഴുത്ത് അവസ്ഥ ദളിത് സാഹിത്യപഠനങ്ങൾ - 2008), ടി. കെ. അനിൽകുമാർ (മലയാളസാഹിത്യത്തിലെ കീഴാളപരിപ്രേക്ഷ്യം - 2005), ദാസ് കെ. കെ. എസ്. (ദളിത് പ്രത്യയശാസ്ത്രം ചരിത്രം സാഹിത്യം സൗന്ദര്യശാസ്ത്രം - 2011) പ്രദീപൻ പാമ്പരികുന്ന് (ദളിത് സൗന്ദര്യശാസ്ത്രം 2011), മുതലായവരുടേതാണ് ഈ രംഗത്തെ മുഖ്യസംഭാവനകൾ.

- ▶ അടിച്ചമർത്തപ്പെട്ടവരെ ഉൾക്കൊള്ളൽ

## സംസ്കാരപഠനം

അത്യന്തം സങ്കീർണവും നിർവചനത്തിൽ ഏകാഭിപ്രായം നിഴലിക്കാത്തതുമായ ശാഖയാണ് സംസ്കാരപഠനം. ഏതുതരം വിജ്ഞാനശാഖയോടും ചേർന്നു പോകാവുന്ന സമീപനമാണ് സംസ്കാരപഠനം മുന്നോട്ട്

വെക്കുന്നത്. 1964- ൽ ബർമ്മിംഗ് ഹാം യൂണിവേഴ്സിറ്റിയിൽ Centre for contemporary cultural studies [CCCS] സ്ഥാപിക്കുന്നതോടെയാണ് സംസ്കാരപഠനം അസ്തിത്വം കൈവരിക്കുന്നത്. 'സംസ്കാരവും അധികാരവും തമ്മിലുള്ള ബന്ധങ്ങൾ വിശകലനം ചെയ്യാൻ വിഭിന്ന മേഖലകളിൽ നിന്നുള്ള കാഴ്ചപ്പാടുകൾ സമന്വയിപ്പിച്ചുകൊണ്ട് നടത്തുന്ന അന്തർവൈജ്ഞാനികമായ അന്വേഷണമാണ് സംസ്കാരപഠനം എന്ന് ടോണി ബെന്നറ്റ് അഭിപ്രായപ്പെടുന്നു. ഒരു സംസ്കാര വ്യവസ്ഥക്കുള്ളിൽ, ഒരു സവിശേഷ സംസ്കാരനിർമ്മിതി വിവിധ സാംസ്കാരിക ഘടകങ്ങളുമായി നടത്തുന്ന വിനിമയങ്ങളിലൂടെ എങ്ങിനെ നിലവിൽ വന്നു, പ്രവർത്തിച്ചു, അതെങ്ങനെയാണ് ഫലിച്ചത് എന്നതിനെ സംബന്ധിച്ചുള്ള പഠനമെന്ന നിലക്കാണ് സംസ്കാരപഠനത്തെ ഇന്ന് മനസിലാക്കുന്നത്.

- ഏതുതരം വിജ്ഞാനശാഖയോടും ചേർന്നു പോകാവുന്ന സമീപനം

സാഹിത്യപഠനത്തിനും കലാനിരൂപണത്തിനും മറ്റുമുള്ള വിശകലനരീതി എന്നതിനേക്കാൾ സ്വയം ഒരു പഠനമേഖലയായി നിലനിൽക്കാനും മറ്റു പഠനമേഖലകളെ വലിയതോതിൽ സ്വാധീനിക്കാനും ഇന്നത്തെ സാഹചര്യത്തിൽ സംസ്കാരപഠനത്തിനായിട്ടുണ്ട്. നിലവിലിരുന്ന വിമർശനപദ്ധതികളോട് എതിരിട്ടുകൊണ്ടാണ് സംസ്കാരപഠനത്തിന്റെ വ്യാപനം സാധ്യമാകുന്നത്. അതുവരെയുണ്ടായിരുന്ന സംസ്കാരവിശകലനത്തിന്റെ ചരിത്രം പരിശോധിക്കാം.

- നിലവിലിരുന്ന വിമർശനപദ്ധതികളോട് എതിരിടൽ

## കുലീനതാവാദപരമായ ധാര

സംസ്കാരത്തെ സൗന്ദര്യാത്മക സംവർഗമായി (Aesthetic category) പരിഗണിച്ച രീതിയാണിത്. മാത്യൂ അർണാൾഡ്, എഫ്. ആർ. ലീവിസ്, ക്യൂവി ലീവിസ് എന്നിവരാണിത് പ്രധാനമായും വികസിപ്പിച്ചെടുത്തത്. മനുഷ്യൻ ആർജിച്ചെടുത്ത മാനസികവും ധൈഷണികവുമായ ഉന്നമനമാണ് സംസ്കാരം എന്ന വരേണ്യമായ സങ്കൽപനമാണ് ഇവർ മുന്നോട്ട് വയ്ക്കുന്നത്. മാത്യൂ അർണാൾഡ് സംസ്കാരത്തിന് നൽകുന്ന നിർവചനം 'The best that has been thought and said' എന്നാണ്. ചിന്തിക്കപ്പെടുകയും പറയപ്പെടുകയും ചെയ്തവയിൽ ഏറ്റവും മഹത്തരമായത് എന്ന നിലയ്ക്ക് ഉദാത്തവൽക്കരിക്കുന്നു.

- മഹത്തരമായത് ഉദാത്തവൽക്കരിക്കുന്നു

## നരവംശശാസ്ത്രധാര

സാമൂഹ്യശാസ്ത്രത്തിന്റെ വിശകലനോപാധി ഉപയാഗിച്ചുകൊണ്ട് പ്രത്യേക സമൂഹങ്ങളുടെ സംസ്കാരത്തേയും ജീവിതരീതിയേയും പഠനവിധേയമാക്കുന്നതാണ് നരവംശശാസ്ത്രധാര. 'A way of life' (ഒരു ജീവിത രീതി)എന്ന നിർവചനമാണ് എഡ്വേർഡ് ബർനെറ്റ് ടൈലർ നരവംശാസ്ത്രത്തിന്റെ കാഴ്ചപ്പാടിൽ സംസ്കാരത്തെ വ്യാഖ്യാനിക്കുന്നതിന് ഉപയാഗിച്ചത്. യൂറോകേന്ദ്രീകൃതവും ഏകാത്മകവുമായി സംസ്കാരത്തെ നിർവ്വചിച്ച അർണോൾഡിയൻ സങ്കൽപത്തിന്റെ മാനവവാദപരമായ പാരമ്പര്യത്തെയാണ് ബർനെറ്റിന്റെ ഈ വ്യാഖ്യാനം നിരാകരിക്കുന്നത്.

- മാനവവാദപരമായ പാരമ്പര്യത്തെ നിരാകരിക്കുന്നു

## നവമാർക്സിയൻ ധാര

അടിത്തറ-മേൽപ്പുര എന്ന സ്ഥലരൂപകത്തെയാണ് സംസ്കാരവിചാരത്തിന്റെ അടിസ്ഥാന പരികല്പനയായി മാർക്സിസം പരിഗണി

ക്കുന്നത്. ഉത്പാദനപരമായ അടിത്തറയാൽ നിർണയിക്കപ്പെടുന്നതാണ് സാംസ്കാരികമായ മേൽപ്പുര എന്ന സങ്കൽപനത്തെ മുൻനിർത്തി സംസ്കാരവിശകലനത്തിൽ ഏർപ്പെട്ടു. ഇതിന്റെ പരിമിതി തിരിച്ചറിഞ്ഞു കൊണ്ട് രൂപംകൊണ്ട നവമാർക്സിസ്റ്റ് സൈദ്ധാന്തികരാണ് സംസ്കാരം എന്ന പ്രമേയത്തിന് മാർക്സിസ്റ്റ് ചിന്തയിൽ കേന്ദ്രപദവി നേടിക്കൊടുത്തത്. അന്റോണിയോ ഗ്രാംഷിയെപ്പോലുള്ളവർ വികസിപ്പിച്ചെടുത്ത ഈ പ്രത്യയശാസ്ത്രശാഖയാണ് റെയ്മണ്ട് വില്യംസ് പിന്നീട് പിന്തുടരുന്നത്. നരവംശശാസ്ത്രത്തേയും മാർക്സിസ്റ്റ് സംസ്കാരസങ്കല്പങ്ങളേയും സമന്വയിപ്പിച്ചുകൊണ്ടും ചില മൂല്യങ്ങളോട് വിയോജിച്ചുകൊണ്ടുമാണ് Centre for contemporary cultural studies [CCCS] 1964-ൽ ബർമ്മിംഗ് ഹാമിൽ രൂപം കൊള്ളുന്നത്.

▶ അടിത്തറ-മേൽപ്പുര സങ്കൽപനം

മാർക്സിസം, സംസ്കാരപഠന സമ്പ്രദായത്തെ രൂപപ്പെടുത്തിയത് അതിന്റെ ചരിത്രവും പ്രത്യയശാസ്ത്രപരവുമായ തലങ്ങളിലാണെന്ന് കാണാം. ഒരു സവിശേഷ ചരിത്രപശ്ചാത്തലത്തിൽ കൃതിയെ വായിക്കുകയെന്നതിനേക്കാൾ, ചരിത്രത്തിന്റെ ഘടനയും സ്വരൂപവും നിർണയിക്കുന്നതിൽ സംസ്കാരത്തിനുള്ള പങ്ക് തിരിച്ചറിയുകയാണ് യഥാർത്ഥത്തിൽ സംസ്കാരപഠനം ചെയ്യുന്നത്. ചരിത്രത്തേയും സംസ്കാരത്തേയും ഇരുതട്ടിലിരുത്തിയുള്ള പ്രവണതയോട് റെയ്മണ്ട് വില്യംസ് യോജിച്ചു കാണുന്നില്ല. സംസ്കാരപഠനത്തിന്റെ പ്രത്യയശാസ്ത്രപരമായ അംശത്തെ അന്വേഷിക്കുമ്പോൾ, വർഗം, വംശം, ലിംഗം തുടങ്ങിയ ഘടകങ്ങളാൽ വിഭജിക്കപ്പെട്ട മുതലാളിത്ത വ്യവസായ സമൂഹമാണ് നമുക്ക് മുന്നിലുള്ളത് എന്ന് കാണാം. ഇത്തരമൊരു സമൂഹത്തിൽ കീഴാളർക്കുമേൽ അധികാരമുറപ്പിച്ചെടുക്കുന്ന അധീശവിഭാഗങ്ങൾക്കെതിരെ രൂപം കൊള്ളുന്ന ചെറുത്തുനിൽപുകളുടേതാണ് സംസ്കാരം എന്ന് കാണാൻ സാധിക്കും. അത്തരം ചെറുത്തുനിൽപ്പുകളാണ് സംസ്കാരത്തെ പ്രത്യയശാസ്ത്രപരമാക്കുന്നത്. മാർക്സിസ്റ്റ് സമീപനങ്ങളുടെ ഇത്തരം സങ്കല്പനങ്ങൾ സംസ്കാരപഠനത്തിന്റെ രൂപപ്പെടലിനെ സ്വാധീനിച്ചിട്ടുണ്ട്.

▶ മാർക്സിസ്റ്റ് സമീപനങ്ങളുടെ സ്വാധീനം

മറ്റൊരവസരത്തിൽ എഡ്വേർഡ് ബർണെറ്റ് ടൈലറുടെ 'A way of life' എന്ന നിർവചനത്തിന് 'A whole way of life' എന്നൊരു വിശാലത നൽകുന്നതിന് അദ്ദേഹം ശ്രമിച്ചതായി കാണാം. നരവംശശാസ്ത്രപരമായി നിലനിന്ന സംസ്കാരമെന്ന സങ്കല്പനത്തെ സാമൂഹികമായി നിർവചിക്കുകയാണ് റെയ്മണ്ട് വില്യംസ് ചെയ്തത്. Whole way of struggle എന്ന് E.P. Thompson അതിന് മറ്റൊരു വായന കൂടി സാധ്യമാക്കുന്നു. അതുപോലെ അതിവിശിഷ്ടമായതാണ് സംസ്കാരം എന്ന അർണോൾഡിയൻ സങ്കല്പത്തെ 'Culture is ordinary' എന്നു തിരുത്താനും റെയ്മണ്ട് വില്യംസിനാകുന്നുണ്ട്. പ്രത്യയശാസ്ത്രപഠനങ്ങളും സ്ത്രീവാദ വംശീയതാപഠനങ്ങളുമാണ് പാശ്ചാത്യസാഹചര്യത്തിൽ സംസ്കാരപഠനത്തിന്റെ വളർച്ചയെ സാധ്യമാക്കിയതെങ്കിൽ ഇന്ത്യൻ സാഹചര്യത്തിൽ, ഇവയ്ക്കു പുറമെ ദലിത് - കോളനിയനന്തര പഠനങ്ങളും പ്രവർത്തിച്ചു.

▶ ദലിത് - കോളനിയനന്തര പഠനങ്ങളും പ്രധാനം

നരവംശസാസ്ത്ര-മാർക്സിസ്റ്റ് സമീപനങ്ങളാൽ സ്വാധീനിക്കപ്പെട്ട് ഇരുപതാം നൂറ്റാണ്ടിന്റെ അവസാന ദശകങ്ങളിൽ രൂപംകൊണ്ട പഠന

ശാഖയാണ് സംസ്കാരപഠനം. നിലവിലിരുന്ന യാഥാസ്ഥിതികവും വരേണ്യവുമായ സംസ്കാരസങ്കല്പങ്ങളെ നിരാകരിച്ചുകൊണ്ട് എല്ലാത്തിനേയും ഉൾക്കൊള്ളാവുന്ന നൂതനമായ ഒരാശയവുമായിട്ടാണ് സംസ്കാരപഠനം നിലയുറപ്പിക്കുന്നത്.

▶ നിലവിലിരുന്ന സംസ്കാരസങ്കല്പങ്ങളെ നിരാകരിച്ചു

വായനയുടെ വൈവിധ്യം, പാഠത്തിന്റെ ബഹുസ്വരത, ആഖ്യാനത്തിന്റെ രാഷ്ട്രീയം എന്നിവ തിരിച്ചറിഞ്ഞുകൊണ്ട് സാഹിത്യത്തിന്റെ ചരിത്രപരതയെ സ്ഥാപിച്ചെടുക്കുകയാണ് സാംസ്കാരികപഠനം ചെയ്യുന്നത്. കൃതിയുടെ ആഭ്യന്തര ഘടകങ്ങളും സ്വഭാവങ്ങളും മാത്രമല്ല, അവയുടെ നിർമിതി, വിപണനം, വിതരണം, വിനിമയം, വിനിയോഗം തുടങ്ങി എല്ലാ ഘടകങ്ങളേയും അതിന്റെ പാഠസാധ്യതകളേയും സാഹിത്യവിമർശനം വിശകലനം ചെയ്യേണ്ടിയിരിക്കുന്നു എന്ന തിരിച്ചറിവാണ് ഈ ഘട്ടത്തിൽ സാധ്യമാകുന്നത്. ആധുനികാനന്തര വിമർശകരിൽ പലരും സാംസ്കാരിക പഠനത്തിന്റെ ശ്രദ്ധയമായ മാതൃകകൾ അവതരിപ്പിച്ചിട്ടുണ്ട്. കലകളും മാധ്യമങ്ങളും ഉൾപ്പെടെയുള്ള സംസ്കാര പഠനങ്ങൾ മുൻനിർത്തി ആർ. നന്ദകുമാർ, പ്രമോദ് രാമൻ, ടി. കെ. രാമചന്ദ്രൻ മുതലായവർ സാഹിത്യവിമർശനരംഗത്ത് സംസ്കാരപഠനത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തിയ വിമർശകരാണ്. സച്ചിദാനന്ദൻ, ബി. രാജീവൻ, ഇ. വി. രാമകൃഷ്ണൻ, പി. പി. രവീന്ദ്രൻ, പി. പവിത്രൻ, ഉദയകുമാർ എന്നിവരും അക്കൂട്ടത്തിൽ പെടും.

▶ സാഹിത്യത്തിന്റെ ചരിത്രപരതയെ സ്ഥാപിച്ചെടുക്കുന്നു

### സച്ചിദാനന്ദൻ

ആധുനികതയുടെ ഘട്ടത്തിൽ വിമർശനരംഗത്തേക്ക് കടന്നുവന്ന സച്ചിദാനന്ദൻ സമകാലീന വിമർശനസങ്കല്പങ്ങളോടുകൂടിയും ഈ രംഗത്ത് തുടരുന്നു. തൊണ്ണൂറുകൾ മുതൽ തന്നെ പരിസ്ഥിതി, ദലിത്, സ്ത്രീപക്ഷ കവിതകളെ വിവർത്തനം ചെയ്തുകൊണ്ടും അവയെക്കുറിച്ചുള്ള പഠനം നടത്തിയും സാഹിത്യവിമർശനത്തിലെ പുതുപ്രവണതകളോട് ഇടപെട്ടു. മലയാളസാഹിത്യ മണ്ഡലത്തിൽ 'പെണ്ണെഴുത്ത്' എന്ന വാക്ക് അവതരിപ്പിച്ചു. സാഹിത്യവിമർശനത്തിൽ നിലനിന്നിരുന്ന മാർക്സിസ്റ്റ് സൈദ്ധാന്തിക ദർശനങ്ങളിൽ പുതിയ ഉൾക്കാഴ്ചകളെ കൂട്ടിച്ചേർത്തു. എല്ലാത്തരത്തിലുമുള്ള കൃതികളേയും വിമർശനത്തിന് വിധേയമാക്കിയിട്ടുണ്ടെങ്കിലും കവിതയിലാണ് സച്ചിദാനന്ദൻ കൂടുതൽ ഊന്നിയത്.

▶ സാഹിത്യവിമർശനത്തിലെ പുതുപ്രവണതകളോടുള്ള ഇടപെടൽ

സംസ്കൃത കാവ്യശാസ്ത്രത്തെ പാശ്ചാത്യ സാഹിത്യ സിദ്ധാന്തങ്ങളോട് കൂട്ടിച്ചേർത്തുള്ള നിരൂപണത്തിന്റെ പൊതുപ്രവണതകളോട് സച്ചിദാനന്ദൻ ആദ്യമേ വിയോജിക്കുന്നു. ഇത്തരം കാവ്യ പാരമ്പര്യത്തോട് എതിരിട്ട് കീഴാള സാഹിത്യത്തിലുള്ള ബദൽ സാധ്യതകളെ തന്റെ വിമർശന കൃതികളിൽ അദ്ദേഹം മുൻനിർത്തുന്നുണ്ട്. ആധുനികതയെക്കുറിച്ച് എഴുതുമ്പോഴും പൊതു പ്രവണതകളിൽ നിന്ന് വിട്ട് ആധുനികതാവാദത്തിന്റെ ചരിത്രത്തിലേക്കും രാഷ്ട്രീയത്തിലേക്കുമാണ് അദ്ദേഹത്തിന്റെ നോട്ടം എത്തിയത്. ആധുനികതയുടെ പൊതു വിചാര പദ്ധതിയെ ഇന്ത്യൻ സാംസ്കാരിക രാഷ്ട്രീയത്തോട് ചേർത്തു നിർത്തി വായിക്കാനാണ് അദ്ദേഹം താൽപര്യമെടുത്തത്. മാർക്സിസത്തിന് ഇന്ത്യൻ സാഹചര്യത്തിൽ ഇഴുകിച്ചേരാൻ സാമ്പത്തിക വർഗ്ഗ

▶ കീഴാള സാഹിത്യത്തിലുള്ള ബദൽ സാധ്യതകൾ

സങ്കൽപ്പത്തോടൊപ്പം സാമൂഹ്യ വർഗ സങ്കൽപ്പവും പ്രധാനമാണെന്ന് അദ്ദേഹം കരുതി.

### പ്രധാന കൃതികൾ

മാർക്സിയൻ സൗന്ദര്യശാസ്ത്രം ഒരു മുഖവുര തുടങ്ങി പതിനഞ്ച് ലേഖനസമാഹാരങ്ങൾ, കുരുക്ഷേത്രം, സംസ്കാരത്തിന്റെ രാഷ്ട്രീയം, വീണ്ടുവിചാരങ്ങൾ, മുഹൂർത്തങ്ങൾ, അടിത്തട്ടുകൾ, വിത്തും വൃക്ഷവും, ഇടപെടലുകൾ

## പി. കെ. രാജശേഖരൻ

മലയാളത്തിൽ സാഹിത്യകേന്ദ്രിതമായ വിമർശനരീതിയിൽ ഒതുങ്ങി നിൽക്കാതെ സാംസ്കാരികമായ വായനകൾക്കുകൂടി ഇടം കൊടുക്കുന്ന വിമർശകനാണ് പി. കെ. രാജശേഖരൻ. മലയാളത്തിലെ ആധുനികാനന്തര സാഹിത്യത്തെ സൈദ്ധാന്തികമായി വിശകലനം ചെയ്യുന്നതിലും അതിന്റെ സൗന്ദര്യശാസ്ത്രം വിപുലീകരിക്കുന്നതിലും പ്രധാന പങ്കുവഹിച്ചു. നോവൽ പഠനങ്ങളിലാണ് അദ്ദേഹം കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. പ്രത്യേകിച്ചും ലോകസാഹിത്യത്തിലെ പ്രധാന നോവലുകളെ മലയാളത്തിന് പരിചയപ്പെടുത്തുന്ന രചനകൾ ഏറെ ശ്രദ്ധിക്കപ്പെട്ടു.

- ▶ നോവൽ പഠനങ്ങളിൽ കൂടുതൽ ശ്രദ്ധ

വായനക്കാർക്ക് പരിചിതമായ നടപ്പു ശീലങ്ങളിൽ നിന്നും വഴിമാറിയാണ് അദ്ദേഹത്തിന്റെ നിരൂപണം സഞ്ചരിക്കുക. കേരളീയ ജീവിതത്തിൽ സംഭവിക്കുന്ന സാമ്പത്തിക സാമൂഹിക മാറ്റങ്ങൾ കൂടി പി. കെ. രാജശേഖരന്റെ ആലോചനകൾക്ക് വിഷയമാണ്. ഇങ്ങനെ മാറിയ സാഹചര്യങ്ങൾ ഉത്തരാധുനിക സാഹിത്യത്തിന്റെ ആവിർഭാവത്തിൽ കൂടുതൽ സ്വാധീനം ചെലുത്തിയെന്ന് 'അന്ധനായ ദൈവം: മലയാള നോവലിന്റെ നൂറുവർഷങ്ങൾ' എന്ന കൃതിയിൽ അദ്ദേഹം സൂചിപ്പിക്കുന്നുണ്ട്. തൊണ്ണൂറുകളുടെ തുടക്കത്തിൽ എഴുതിയ ലേഖനങ്ങളിലൂടെ മലയാള സാഹിത്യം ഉത്തരാധുനികതയുടെ വഴിത്തിരിവിലെത്തി എന്ന് സൈദ്ധാന്തികമായി സ്ഥാപിച്ചതിലും അദ്ദേഹത്തിന് മുഖ്യപങ്കുണ്ട്. ഒരുപക്ഷേ കേസരിക്ക് ശേഷം ലോക സാഹിത്യത്തിന്റെ മാറിയ ഭാവുകത്വത്തെ മലയാളത്തിന് പരിചയപ്പെടുത്തിയതിൽ പ്രധാനപങ്ക് പി. കെ. രാജശേഖരനുണ്ട്. സ്ഥലകാലങ്ങളെക്കുറിച്ചുള്ള പഠനം പ്രാമുഖ്യം നേടിയതും അദ്ദേഹത്തിന്റെ കൃതികളിലൂടെയാണ്. സൈബർ സംസ്കാരവും സാഹിത്യവും തമ്മിലുള്ള കൊടുക്കൽ വാങ്ങലുകളും കൃതികളിലെ വിചാരത്തിന് വിഷയമാണ്. 'ഇരുൾസന്ദർശനങ്ങൾ' എന്ന കൃതി കുറ്റാന്വേഷണ സാഹിത്യത്തിലെ വൈവിധ്യത്തെക്കുറിച്ചുള്ള പഠനമാണ്. ഉത്തരാധുനികത കുറ്റാന്വേഷണ കൃതികളിൽ ചെലുത്തിയ സ്വാധീനം എപ്രകാരമായിരുന്നെന്ന് ഈ കൃതിയിൽ പി. കെ. രാജശേഖരൻ അന്വേഷിക്കുന്നുണ്ട്.

- ▶ 'അന്ധനായ ദൈവം: മലയാള നോവലിന്റെ നൂറുവർഷങ്ങൾ'

SGOU

**പ്രധാന കൃതികൾ**

പിതൃഘടികാരം: ഒ വി വിജയന്റെ കലയും ദർശനവും, അന്ധനായ ദൈവം: മലയാളനോവലിന്റെ നൂറുവർഷങ്ങൾ, ഏകാന്തനഗരങ്ങൾ: ഉത്തരാധുനിക മലയാള സാഹിത്യത്തിന്റെ സൗന്ദര്യശാസ്ത്രം (2006), നിശാസന്ദർശനങ്ങൾ, വാക്കിന്റെ മൂന്നാംകര, നരകത്തിന്റെ ഭൂപടങ്ങൾ, ബുക്സ്റ്റാൾജിയ: ഒരു പുസ്തകവായനക്കാരന്റെ ഗൃഹാതുരത്വങ്ങൾ, കഥാന്തരങ്ങൾ: മലയാളചെറുകഥയുടെ ആഖ്യാനഭൂപടം.

## കെ. കെ. കൊച്ച്

ശ്രദ്ധേയനായ ദലിത് ചിന്തകനും എഴുത്തുകാരനും സാമൂഹ്യപ്രവർത്തകനുമാണ് കെ.കെ.കൊച്ച്. അദ്ദേഹം സാമ്പ്രദായിക ദലിത് ജാതി അവബോധത്തിൽ നിന്നു മാറി സഞ്ചരിച്ചു. അധികാര വ്യവസ്ഥയെ അപനിർമ്മിച്ചുകൊണ്ടുള്ള പാഠങ്ങളും പ്രക്ഷോഭണങ്ങളും പ്രസ്ഥാനങ്ങളും രൂപപ്പെടുത്തി. സമകാലീന ചരിത്രത്തിൽ ദലിതരുടെ കർതൃത്വം ഉന്നയിക്കുന്ന പ്രശ്നങ്ങളെ തിരിച്ചറിഞ്ഞു. കെ. കെ. കൊച്ചിന്റെ പ്രധാനപ്പെട്ട സൈദ്ധാന്തിക പ്രമേയങ്ങളിൽ ഒന്ന്, അദ്ദേഹം 'സമുദായം' എന്ന സംജ്ഞയെ പരികല്പനാപരമായി പുതുക്കി വ്യാഖ്യാനിച്ചു എന്നതാണ്. കെ. കെ. കൊച്ച് ഇടപെടുന്ന മേഖലകളിലെല്ലാം അദ്ദേഹത്തിന് സ്വന്തമായ അഭിപ്രായങ്ങളും കാഴ്ചപ്പാടുകളുമുണ്ട്. ചരിത്രം, സാമൂഹികശാസ്ത്രം, ഭാഷാശാസ്ത്രം, മാർക്സിസം, അംബേദ്കറിസം, ഗാന്ധിസം, ഫെമിനിസം, സിനിമ തുടങ്ങിയ മേഖലകളിലെല്ലാം കൊച്ചിലെ വ്യതിരിക്തത പ്രകടമാണ്. സാഹിത്യവിമർശന സമീപനങ്ങളിലും സ്ഥിതി വിഭിന്നമല്ല. ഭൂപരിഷ്കരണവും അതിനെത്തുടർന്നുള്ള ചലനങ്ങളും ഉൾപ്പെടുന്ന ഒന്നാംഘട്ടം, ഗൾഫ് കുടിയേറ്റവും അതിനെത്തുടർന്നുള്ള സാമ്പത്തിക വികാസവും ഉൾക്കൊള്ളുന്ന രണ്ടാം ഘട്ടം, ജ്ഞാനസമ്പദ്‌വ്യവസ്ഥയിലേക്ക് പ്രവേശിച്ചുതുടങ്ങുന്ന മൂന്നാംഘട്ടം എന്നിങ്ങനെ കേരളീയ സമ്പദ് വ്യവസ്ഥയുടെ ചരിത്രത്തെ കെ. കെ. കൊച്ച് നിർവചിച്ചിട്ടുണ്ട്.

- സാമ്പ്രദായിക അവബോധത്തിൽ നിന്നു മാറിയുള്ള സഞ്ചാരം

**പ്രധാനകൃതികൾ**

ബുദ്ധനിലേക്കുള്ള ദൂരം, ദേശീയതയ്ക്കൊരു ചരിത്രപാഠം, കേരളചരിത്രവും സാമൂഹികരൂപീകരണവും, ഇടതുപക്ഷമില്ലാത്ത കാലം, ദലിത് പാഠം, കലാപവും സംസ്കാരവും.

## ഉദയകുമാർ

സാഹിത്യത്തെയും ചിന്തയെയും സമകാലിക സംസ്കാരത്തെയും ചരിത്രവുമായി ബന്ധപ്പെടുത്തിയുള്ള ആലോചനകളാണ് ഉദയകുമാറിലുള്ളത്. മഹാവ്യാധി അടക്കമുള്ള അടിയന്തിര സാഹചര്യങ്ങളിൽ ഭരണകൂടങ്ങൾക്ക് കിട്ടിയ പുതിയ അധികാരങ്ങളടക്കമുള്ള കാര്യങ്ങളും ശ്രദ്ധേയരായ ചിന്തകർ ഇത്തരം അവസ്ഥയോട് പ്രതികരിച്ചതിന്റെ പൊതുരീതികളും മറുനാടൻ തൊഴിലാളികളുടെ ജീവിതാവസ്ഥയുമെല്ലാം ആലോചനകളുടെ ഭാഗമാണ്. അരികുവൽക്കരിക്കപ്പെട്ട ജനതയുടെ സാമൂഹികവും രാഷ്ട്രീയവുമായ ഇടത്തിന്റെ നിർണ്ണയന

സമകാലിക ആലോചനകൾ

വും ബയോമെട്രിക് സങ്കേതങ്ങൾ വഴി അവയെ നിരീക്ഷിക്കാൻ ഭരണകൂടം നടത്തുന്ന ശ്രമങ്ങളും ഡിജിറ്റൽ ലോകത്തെ പൗരജനങ്ങളെക്കുറിച്ചുള്ള ചിന്തകളും എഴുത്തിൽ വിഷയമാകുന്നു. ആത്മകഥകളെയും ഇതര ജീവിതാഖ്യാന രീതികളെയും അക്കാദമിക് ലോകം ഗൗരവമായി പരിഗണിക്കുന്ന ഒന്നായി മാറിയതിൽ ഇദ്ദേഹത്തിന്റെ ആലോചനകൾക്ക് പ്രധാന പങ്കുണ്ട്.

**പ്രധാനകൃതികൾ**

Writing the First Person:Literature,History and Autobiography in Modern Kerala,
The Joycean Labyrinth: Repetition, Time and Tradition in Ulysses

## പ്രദീപൻ പാമ്പിരികുന്ന്

ദലിത് നിരൂപണത്തിന്റെ പരമ്പരാഗത രീതിയെ മാറ്റിപ്പണിഞ്ഞു

ദലിത് വൈജ്ഞാനികതയുടെ പരിപ്രേക്ഷ്യവും അതു നൽകിയ വിമർശനാവബോധവുമാണ് പ്രദീപൻ പാമ്പിരിക്കുന്നിന്റെ വിചാരജീവിതത്തിന്റെ അടിത്തറ. രണ്ടായിരത്തിൽ സാഹിത്യലോകം ജേണലിൽ എഴുതിയ 'അന്യാധീനപ്പെട്ട രണ്ടിടങ്ങഴി' എന്ന പഠനത്തോടെയാണ് പ്രദീപൻ പാമ്പിരികുന്ന് എന്ന പേര് അക്കാദമിക് ലോകത്തിന് കൂടുതൽ പരിചിതമാകുന്നത്. ആ പഠനം ദലിത് നിരൂപണത്തിന്റെ പരമ്പരാഗത രീതിയെ മാറ്റിപ്പണിയുന്നതായിരുന്നു. ദർശനത്തെയും കാവ്യമീമാംസയെയും സംസ്കാര ചിന്തയെയും ഇങ്ങനെ പൊളിച്ചുപണിയാൻ അദ്ദേഹത്തിനായി. ദലിത് സാമൂഹ്യ വിമർശത്തെ ജ്ഞാനശാസ്ത്രപരമായ ഒരു വിച്ഛേദമായി പ്രദീപൻ പാമ്പിരികുന്ന് അവതരിപ്പിച്ചു.

ജ്ഞാന ശാസ്ത്രത്തിന്റെ മേഖലയിൽ ദലിത് സാമൂഹ്യ വിമർശനം

ജ്ഞാന ശാസ്ത്രത്തിന്റെ മേഖലയിൽ ദലിത് സാമൂഹ്യ വിമർശനത്തിന് മുഖ്യപരിഗണന ലഭിക്കുന്നതിൽ പ്രദീപൻ പാമ്പിരികുന്നിന്റെ എഴുത്തുകൾക്ക് പ്രധാന പങ്കുണ്ട്. സംസ്കൃത കാവ്യമീമാംസയെ വരെ വിമർശനാത്മകമായി ഉപയോഗപ്പെടുത്തി ദലിത് സൗന്ദര്യശാസ്ത്രവിമർശനത്തിന് അക്കാദമികമായ രീതിപദ്ധതി അദ്ദേഹം അവതരിപ്പിച്ചു. 'സവർണ്ണമുഖ്യധാര നിശബ്ദമാക്കിത്തീർത്ത ദലിത് ജ്ഞാന സൗന്ദര്യ വ്യവഹാരങ്ങളെ നാടിന്റെ സാംസ്കാരിക മൂലധനമാക്കി മാറ്റുകയാണ് ദലിത് സാംസ്കാരിക പ്രവർത്തനത്തിന്റെ കടമ' എന്ന തിരിച്ചറിവ് അദ്ദേഹത്തിനുണ്ടായിരുന്നു. തൊഴിലാളിവർഗത്തിനോട് ഐക്യപ്പെട്ടു രചിക്കപ്പെട്ട നോവൽ എന്ന പൊതു ധാരണയുടെ പ്രത്യക്ഷയുക്തികളെ അട്ടിമറിച്ചാണ് 'രണ്ടിടങ്ങഴി'യെ പറ്റിയുള്ള പഠനം പ്രദീപൻ പാമ്പിരികുന്ന് എഴുതുന്നത്. അദ്ദേഹത്തിന്റെ ഏതു നിരൂപണവും സംസ്കാര പഠനത്തിന്റെ രീതി ശാസ്ത്രത്തോട് ഇഴുകിച്ചേർന്നവയാണ്.

**പ്രധാനകൃതികൾ**

ദലിത് സൗന്ദര്യശാസ്ത്രം, ഏകജീവിതാനശ്വരഗാനം, ദലിത് പഠനം സ്വത്വം സംസ്കാരം സാഹിത്യം, എരി (നോവൽ).

SGOU

## Summarised Overview

ആധുനികതയുടെ തുടർച്ചയായും ഇടർച്ചയായും ഉത്തരാധുനികത വിശേഷിപ്പിക്കപ്പെട്ടിട്ടുണ്ട്. പ്രതിഷേധവും പ്രതിരോധവും പ്രതിനിധാനവും സൂക്ഷ്മമായി ഉത്തരാധുനികതയിൽ പ്രത്യക്ഷപ്പെടുന്നു. എഴുതപ്പെട്ട കൃതികളിൽ പലതും പുനർവായനയ്ക്ക് വിധേയമാക്കപ്പെട്ടു. സൈദ്ധാന്തിക പിൻബലത്താൽ പല പ്രബല ചിന്തകളും ഉത്തരാധുനികതയിൽ ഉയർന്നുവന്നു. പുരുഷകേന്ദ്രിത സാഹിത്യ വ്യവഹാരങ്ങളെ വിമർശനാത്മക വീക്ഷണത്തിൽ നോക്കിക്കണ്ട് ഫെമിനിസ്റ്റ് സാഹിത്യ വിമർശനം ഉയർന്നുവന്നു. സ്ത്രീവിമോചന പ്രസ്ഥാനങ്ങൾ ഇതിൽ പ്രധാന പങ്കു വഹിച്ചു. സാഹിത്യത്തിൽ സ്ത്രീ ചിത്രീകരിക്കപ്പെട്ടിരുന്ന വാർപ്പുമാതൃകകളെ ഫെമിനിസ്റ്റ് സാഹിത്യദർശനം നിരാകരിച്ചു. ഗൈനോ ക്രിട്ടിസിസം, എക്കോ ഫെമിനിസം എന്നിവയിലേയ്ക്ക് ഫെമിനിസ്റ്റ് വിമർശന പദ്ധതി വികസിച്ചു.

ആധുനികാനന്തര മലയാളവിമർശനത്തിൽ പ്രധാനപ്പെട്ട ഇടം ഇന്ന് പാരിസ്ഥിതിക വിമർശനത്തിനുണ്ട്. പാരിസ്ഥിതിക രാഷ്ട്രീയത്തിന്റെയും പരിസ്ഥിതി സൗന്ദര്യശാസ്ത്രത്തിന്റെയും അടിസ്ഥാനത്തിൽ സാഹിത്യകൃതിയെ വിശകലനം ചെയ്യുകയാണ് ഇതിൽ ചെയ്യുന്നത്. വ്യവസ്ഥാപിതമായ വിമർശനരീതികളെ മറികടന്ന്, രാഷ്ട്രീയവും സാംസ്കാരികവുമായി ഉൾബലമുള്ള ഒരു ബദൽ വിമർശനരീതിയായി പാരിസ്ഥിതിക വിമർശനം വികസിച്ചു. മുഖ്യധാരാസമൂഹത്തിൽ നിന്ന് അരികുവൽക്കരിക്കപ്പെട്ട ജീവിതങ്ങളെ അടയാളപ്പെടുത്തിയ ദലിത് വിമർശനവും ഇന്ന് മലയാളത്തിൽ സജീവമായ വിമർശന മേഖലയാണ്. സാഹിത്യം സവർണ താൽപര്യങ്ങളെ ഉള്ളിൽ പേറുന്നതെങ്ങനെ എന്ന് ദലിത് വിമർശനം വിശദീകരിക്കുന്നു. ബ്രാഹ്മണിക സാഹിത്യ വ്യവഹാരങ്ങളെ സൈദ്ധാന്തികമായും സാമൂഹികമായും പരിശോധിച്ച അംബേദ്കറാണ് ദലിത് സാഹിത്യചിന്താപദ്ധതിക്ക് അടിത്തറയിട്ടത്. പൊയ്കയിൽ അപ്പച്ചനിൽ തുടങ്ങിയ മലയാളത്തിലെ ദലിത് വിമർശനപദ്ധതി നിരവധി ശ്രദ്ധേയ രചയിതാക്കളിൽ എത്തിനിൽക്കുന്നു.

ഒരു സവിശേഷ ചരിത്രപശ്ചാത്തലത്തിൽ കൃതിയെ വായിക്കുകയെന്നതിനേക്കാൾ, ചരിത്രത്തിന്റെ ഘടനയും സ്വരൂപവും നിർണയിക്കുന്നതിൽ സംസ്കാരത്തിനുള്ള പങ്ക് തിരിച്ചറിയുകയാണ് യഥാർത്ഥത്തിൽ സംസ്കാരപഠനം ചെയ്യുന്നത്. പ്രത്യയശാസ്ത്രപഠനങ്ങളും സ്ത്രീവാദവംശീയതാപഠനങ്ങളുമാണ് പാശ്ചാത്യസാഹചര്യത്തിൽ സംസ്കാരപഠനത്തിന്റെ വളർച്ചയെ സാധ്യമാക്കിയതെങ്കിൽ ഇന്ത്യൻ സാഹചര്യത്തിൽ, ഇവക്കു പുറമെ ദലിത്-കോളനിയനന്തര പഠനങ്ങളും പ്രവർത്തിച്ചു.

നിലവിലെ സംസ്കാര വ്യവസ്ഥയ്ക്കുള്ളിൽ ഒരു സവിശേഷ സംസ്കാര നിർമിതി; വിവിധ ഘടകങ്ങളുമായി നടത്തുന്ന വിനിമയങ്ങളിലൂടെ എങ്ങനെ നിലവിൽ വന്നു, പ്രവർത്തിച്ചു, ഫലം എന്തായിരുന്നു എന്നതിനെയെല്ലാം സംബന്ധിച്ച പഠനമെന്ന അർത്ഥത്തിൽ സംസ്കാരപഠനവും ഇന്ന് സജീവമാണ്. കുലീനതാവാദപരമായ ധാര, നരവംശശാസ്ത്ര ധാര, മാക്സിയൻ ധാര തുടങ്ങിയവയെല്ലാം സംസ്കാര വിശകലനത്തിന്റെ ചരിത്രത്തിൽ ഇടപെട്ടതായി കാണാം. കലകളും മാധ്യമങ്ങളും ഉൾപ്പെടെയുള്ള മാതൃകകളെ മുൻനിർത്തി സാഹിത്യവിമർശന രംഗത്ത് സംസ്കാര പഠനത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തിയ നിരവധി വിമർശകരുണ്ട്.

SGOU

## Assignments

1. സംസ്കാരപഠനത്തിന് ഉത്തരാധുനിക വിമർശനപദ്ധതിയിലുള്ള പ്രാധാന്യം വ്യക്തമാക്കുക.
2. ഉത്തരാധുനികത രൂപംകൊള്ളുന്നതിന്റെ ഭൗതികപശ്ചാത്തലം വിവരിക്കുക.
3. രണ്ടാം ലോകമഹായുദ്ധത്തിനുശേഷം സാങ്കേതികരംഗത്തും ബൗദ്ധികരംഗത്തുമുണ്ടായ കുതിപ്പാണ് ഉത്തരാധുനികതയുടെ പശ്ചാത്തലം. വിശദമാക്കുക.
4. 'ഫെമിനിസം' ഒരു വിമർശനപദ്ധതിയെന്ന നിലയിൽ മലയാളസാഹിത്യഭാവുകത്വത്തെ പുതുക്കിപ്പണിഞ്ഞതെങ്ങനെ?
5. മലയാളസാഹിത്യവിമർശനത്തിൽ ഒരു വിച്ഛേദമായി ദലിത് വിമർശനം പ്രവർത്തിക്കുന്നുണ്ടോ? വിശദമാക്കുക.
6. പാരിസ്ഥിതിക വിമർശനം പ്രായോഗികതലം കൂടി ഉൾക്കൊള്ളുന്ന വിമർശനപദ്ധതിയാണ്-വിവരിക്കുക.

## Suggested Readings


1. ഐജാസ് അഹമ്മദ്, ഉത്തരാധുനികത, ചിന്താ പബ്ലിഷേഴ്സ്, തിരുവനന്തപുരം.
2. പി. പി. രവീന്ദ്രൻ, ആധുനികാനന്തരം വിചാരം വായന, സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം.
3. സി. ബി. സുധാകരൻ, ഉത്തരാധുനികത, കറന്റ് ബുക്സ്, കോട്ടയം.


## References


1. ആനന്ദ് കാവാലം, അയ്യപ്പപ്പണിക്കർ, ചിന്താ പബ്ലിഷേഴ്സ്, തിരുവനന്തപുരം.
2. ജെ. ദേവിക, സ്ത്രീവാദം, ഡി. സി. ബുക്സ്, കോട്ടയം.
3. എരുമേലി പരമേശ്വരൻപിള്ള, മലയാളസാഹിത്യം കാലഘട്ടങ്ങളിലൂടെ, കറന്റ് ബുക്സ്, കോട്ടയം.
4. പ്രസന്നരാജൻ, ഉത്തരാധുനിക ചർച്ചകൾ, പ്രഭാതം പ്രിന്റിംഗ് & പബ്ലിഷിംഗ്, തിരുവനന്തപുരം.
5. പി. വി. വേലായുധൻപിള്ള, നിരൂപണം, കെ. എം. ജോർജ്ജ്, (എഡി), ആധുനിക മലയാള സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, ഡി. സി. ബുക്സ്, കോട്ടയം.
6. പി. രേഖ, 'സാംസ്കാരികപഠനവും സാഹിത്യവിമർശനവും,' മലയാളം റിസേർച്ച് ജേണൽ, vol. 3, no. 2, 2008.

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

Unit 2

# 1. വീണ്ടും കുതിരക്കൊമ്പ് : വായനയുടെ രാഷ്ട്രീയം

വി. സി. ഹാരിസ്

## Learning Outcomes

- മലയാള സാഹിത്യവിമർശനത്തിൽ വി. സി. ഹാരിസിന്റെ പ്രാധാന്യത്തെ മനസിലാക്കുന്നു
- വായനയുടെ വിവിധ സാധ്യതകളെക്കുറിച്ചുള്ള ധാരണ നേടുന്നു
- കാലം വിവിധ പാഠസന്ദർഭങ്ങളെ സൃഷ്ടിക്കും എന്ന ധാരണ ലഭിക്കുന്നു
- 'കുതിരക്കൊമ്പ്' എന്ന കവിതയുടെ വിശകലനത്തിലൂടെ കവിത ഉല്പാദിപ്പിക്കുന്ന വ്യത്യസ്ത അർഥസന്ദർഭങ്ങളെ പരിചയപ്പെടുന്നു

## Background

അയ്യപ്പപ്പണിക്കരുടെ 'കുതിരക്കൊമ്പ്' എന്ന കവിതയ്ക്ക് വി. സി. ഹാരിസ് എഴുതിയ പഠനമാണ് 'വീണ്ടും കുതിരക്കൊമ്പ്: വായനയുടെ രാഷ്ട്രീയം' എന്നത്. കുതിരക്കൊമ്പിനെക്കുറിച്ച് 1989-ൽ 'വിപ്ലവത്തിന്റെ ചിഹ്നങ്ങളും ചിഹ്നങ്ങളുടെ അപോദ്ഗ്രഥനവും' (അയ്യപ്പപ്പണിക്കർ പത്തുകവിതകൾ പഠനങ്ങൾ) എന്ന പേരിൽ വി. സി. ഹാരിസിന്റെത്തന്നെ പഠനം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. സമകാലീന വിമർശനപദ്ധതികളായ ചിഹ്നശാസ്ത്രം, അപനിർമ്മാണം എന്നിവയുടെ സാധ്യതകളെ അടിസ്ഥാനമാക്കിയാണ് ഹാരിസ് ഈ പഠനം എഴുതിയത്. അയ്യപ്പപ്പണിക്കർ: വ്യക്തിയും കവിയും എന്ന പുസ്തകത്തിൽ അടിയന്തരാവസ്ഥാസാഹചര്യത്തിൽ എഴുതിയ കവിതയാണ് 'കുതിരക്കൊമ്പ്' എന്ന സച്ചിദാനന്ദന്റെ പരാമർശമാണ് 'വീണ്ടും കുതിരക്കൊമ്പ്: വായനയുടെ രാഷ്ട്രീയം' എന്ന പഠനം എഴുതാനുള്ള പ്രേരണ എന്ന് ലേഖകൻ പറയുന്നു.

മലയാളസാഹിത്യവിമർശനത്തിൽ ശ്രദ്ധേയമായ വ്യക്തിത്വമാണ് വി. സി. ഹാരിസ്. ഉത്തരാധുനികതയുടെ സവിശേഷതകളെ ഉൾക്കൊണ്ടും സംസ്കാരപഠനത്തിന്റെ സാധ്യതകളെ ഉപയോഗപ്പെടുത്തിയും അദ്ദേഹം സാഹിത്യവിമർശനത്തിലേർപ്പെട്ടു. മലയാളത്തിൽ ദെറിദയുടെ ചിന്തകളെ തികഞ്ഞ ഉൾക്കാഴ്ചയോടെ അവതരിപ്പിച്ച വ്യക്തിയാണ് ഹാരിസ്. സാഹിത്യവിമർശകൻ, ചലച്ചിത്രനിരൂപകൻ, ചലച്ചിത്രസംവിധായകൻ, അധ്യാപകൻ എന്നീ മേഖലയിലുള്ള അദ്ദേഹത്തിന്റെ സേവനം സ്തുത്യർഹമാണ്.

**പ്രധാനകൃതികൾ**

എഴുത്തും വായനയും (2017), ആത്മകഥ: ജീവിതവും സമൂഹവും

## Keywords

ചിഹ്നശാസ്ത്രം - അപനിർമ്മാണം - അർഥോല്പാദനപ്രക്രിയ - അടിയന്തിരാവസ്ഥ

# Discussion

## 4.2.1 വിശദപഠനം - വീണ്ടും കുതിരക്കൊമ്പ്

‘കുതിരക്കൊമ്പ്’ എന്ന കവിതയെ വി. സി. ഹാരിസ് പുനർവായനയ്ക്ക് വിധേയമാക്കുന്നു. ഒരു പാഠത്തിന് നിരവധി വായനകൾ സാധ്യമാണെന്ന് ‘Signature Event Context’ എന്ന ദെറിദയുടെ പ്രബന്ധത്തിലെ വാദത്തെ അവതരിപ്പിച്ചുകൊണ്ട് അദ്ദേഹം സമർഥിക്കുന്നു. എഴുത്തുകാരൻ വായനക്കാരന്റെ അഭാവത്തിലും വായനക്കാരൻ എഴുത്തുകാരന്റെ അഭാവത്തിലും നടത്തുന്ന പ്രക്രിയയാണ് എഴുത്തും വായനയും. സാർവജനീനവും ആവർത്തനക്ഷമവുമായ ഭാഷയ്ക്കകത്ത് നടക്കുന്ന പ്രക്രിയയായതിനാൽ വ്യത്യസ്ത സാഹചര്യങ്ങളിൽ അതിന് വ്യത്യസ്ത അർഥങ്ങൾ രൂപപ്പെടുത്താൻ കഴിയും. അതായത്, ഭാഷയുടെ സാർവജനീനത്വവും ആവർത്തനക്ഷമതയും വായനയെ അതിന്റെ ആദ്യസന്ദർഭത്തിൽ നിന്നും മാറ്റി വായനയ്ക്ക് അനന്തസാധ്യതകൾ നൽകുന്നു. ഏത് സാഹചര്യത്തിലാണോ, എന്ത് ഉദ്ദേശലക്ഷ്യം വെച്ചാണോ അയ്യപ്പപ്പണിക്കർ ‘കുതിരക്കൊമ്പ്’ എന്ന കവിത എഴുതുന്നത്, അവയെല്ലാം വായനയുടെ സാഹചര്യത്തിൽ അസ്ഥിരമാക്കപ്പെടുന്നു. ലേഖകൻ ആദ്യം കവിത വായിക്കുന്ന (‘വിപ്ലവത്തിന്റെ ചിഹ്നങ്ങളും ചിഹ്നങ്ങളുടെ അപോദ്ഗ്രഥനവും’) സാഹചര്യവും പുനർവായിക്കുന്ന (‘വീണ്ടും കുതിരക്കൊമ്പ്: വായനയുടെ രാഷ്ട്രീയം’) സാഹചര്യവും വ്യത്യസ്തമാണ്. ഈ വ്യത്യസ്തത, ഭൗതികസാഹചര്യങ്ങളാലും ഭാഷയുടെ ചില മൗലിക സവിശേഷതകളാൽ കൂടിയും സൃഷ്ടിക്കപ്പെടുന്ന അനിവാര്യമായ അവസ്ഥയാണെന്ന് അദ്ദേഹം പറയുന്നു. ഈ വ്യത്യസ്തതയിൽ നിന്ന് അനേകം പാഠഭേദങ്ങളുമുണ്ടാകുന്നു.

▶ പുനർവായന

നമ്മെ അസ്വസ്ഥരാക്കുകയും ഹരം കൊള്ളിക്കുകയും ചെയ്യുന്ന നിരവധി കൃതികൾ അടിയന്തരാവസ്ഥ പ്രമേയമായി രചിക്കപ്പെട്ടിട്ടുണ്ട്. അയ്യപ്പപ്പണിക്കർ ഇക്കാലഘട്ടത്തിൽ പ്രതികരണവീര്യത്തോടെ അനേകം കാർട്ടൂൺ കവിതകൾ രചിക്കുകയുണ്ടായി. തെറിയിലും തമാശയിലും പൊതിഞ്ഞ ആക്ഷേപഹാസ്യമാണ് കാർട്ടൂൺ കവിതകളുടെ സ്വഭാവം. അടിയന്തരാവസ്ഥയുടെ പശ്ചാത്തലത്തിൽ തന്നെയാണ് കുതിരക്കൊമ്പ് എഴുതിയത്.

▶ അടിയന്തരാവസ്ഥയോടുള്ള പ്രതികരണം

കുതിരക്കൊമ്പിനെക്കുറിച്ചുള്ള തന്റെ ആദ്യപഠനം സന്ദർഭത്തിൽ നിന്നും മാറിനിന്നുകൊണ്ടുള്ള അർഥോൽപാദനപ്രക്രിയയുടെ സാക്ഷ്യമാണ് എന്ന് ലേഖകൻ പറയുന്നു. അതായത് വ്യത്യസ്ത അർഥതലങ്ങൾ ‘കുതിരക്കൊമ്പ്’ ഉൾക്കൊള്ളുന്നു എന്നതിന്റെ തെളിവാണ് ലേഖകന്റെ ആദ്യപഠനം. പാഠോൽപാദനത്തിന്റെ പ്രത്യേകസന്ദർഭത്തിൽ നഷ്ടമാകുന്ന തിരിച്ചറിവാണ് ഇത്തരമൊരു സാധ്യതയെ പ്രകാശിപ്പിക്കുന്നത്.

▶ വ്യത്യസ്ത അർഥതലങ്ങൾ

ശേഷം തന്റെ രണ്ടു പഠനങ്ങളേയും ചേർത്തുവെച്ചുകൊണ്ട് ലേഖകൻ ‘കുതിരക്കൊമ്പി’ന്റെ ഭിന്നാർഥതലങ്ങളെക്കുറിച്ച് വിശദീകരി

SGOU

ക്കുന്നു. ആദ്യപഠനം, സൂതകുമാരന്റെ അസാധാരണവും മൗലികവും വിപ്ലവോന്മുഖവുമായ സൃഷ്ടിയിൽ ഊന്നിക്കൊണ്ടുള്ള വായനയാണെങ്കിൽ, പുനർവായനയിലൂടെ സാധ്യമാകുന്ന അർഥോല്പത്തി എന്നു പറയുന്നത്, അധികാരിവർഗത്തിന്റെ സാരഥിയും, സ്വേച്ഛാധിപത്യമോഹങ്ങളുള്ളവനുമാണ് സൂതൻ എന്നുള്ളതാണ്. കുതിരക്കൊമ്പുകൾ എന്നത് ആപൽക്കരമായ മിഥ്യാബോധത്തിന് സാക്ഷ്യം നിൽക്കുന്ന ഒന്നും. പരിചിതവും ന്യായവുമായ വഴികളിലൂടെ തനിക്ക് വേണ്ടത് കിട്ടില്ലെന്ന തിരിച്ചറിവിൽ ക്രൂരമായ വഴിയിലൂടെയത് സൃഷ്ടിച്ചെടുക്കുകയാണ് അയാൾ. അടിയന്തരാവസ്ഥക്കാലത്തെ ക്രൂരതകളാണ് ഇതിലൂടെ വെളിപ്പെടുന്നത്. അധികാരപ്രയോഗത്തിലൂടെയും ബലാൽക്കാരത്തിലൂടെയും ഹിംസയിലൂടെയും വിധേയപ്പെടുത്തുന്നതിനുള്ള ശ്രമമാണ് ഈ സൃഷ്ടിയിലൂടെ സാധിച്ചെടുക്കുന്നത്.

▶ വെളിപ്പെടുന്ന ക്രൂരതകൾ

ഒരേകഥാപാത്രം പോസിറ്റീവായും നെഗറ്റീവായും വ്യത്യസ്തവായനയിലൂടെ പ്രത്യക്ഷപ്പെടുന്നു. അതായത് ഘടനാപരമായും പ്രത്യയശാസ്ത്രപരമായും മനഃശാസ്ത്രപരമായും വായിക്കപ്പെടാവുന്ന പാഠപ്രക്രിയയെന്ന നിലയിൽ സൂതകുമാരന്റെ കഥയ്ക്ക് അനവധി സാധ്യതകളുണ്ട്. ഈ തിരിച്ചറിവ് പ്രധാനമാണ്. അതിനെ ഏതെങ്കിലും കള്ളിയിൽ ഒതുക്കിയുള്ള വായനയിൽ പരിമിതിയുണ്ട്. അതേസമയം സൂതകുമാരന്റെ കഥ പറയുന്നതിനുശേഷമുള്ള വക്താവിന്റെ വാക്കുകൾ അർഥനിർണയത്തിന് നിർബന്ധിക്കുന്നതാണെന്നും ലേഖകൻ വ്യക്തമാക്കുന്നു. അവിടെയാണ് ആദ്യപഠനത്തിൽ അവതരിപ്പിച്ച വിപ്ലവോന്മുഖതയുടെ പ്രസക്തി.

▶ വിവിധ രീതിയിൽ വായിക്കാം

അയ്യപ്പപ്പണിക്കർ 'കാലഘട്ടത്തിനു പുറംതിരിഞ്ഞുനിൽക്കുകയാണോ?' എന്ന എം. വി. ദേവന്റെ ചോദ്യത്തോട് വി. സി. ഹാരിസ് വിമർശനാത്മകമായി ഇടപെടുന്നു. അയ്യപ്പപ്പണിക്കരുടെ 'കുതിരക്കൊമ്പ്' പോലുള്ള കവിതകൾ തന്നെയാണ് അതിനുള്ള മറുപടി എന്നദ്ദേഹം പറയുന്നു. സച്ചിദാനന്ദനെപ്പോലെ കവിതകളെ അവയുടെ ചരിത്രപശ്ചാത്തലത്തിൽ വായിക്കാൻ ശ്രമിച്ചാൽ അത് ബോധ്യപ്പെടുമെന്ന് അദ്ദേഹം കൂട്ടിച്ചേർക്കുന്നു. വായനയുടെ രാഷ്ട്രീയവും ചരിത്രപരതയുമാണ് ഇവിടെ ശ്രദ്ധിക്കേണ്ടത്. വായനയുടെ ചരിത്രപരത പാഠോൽപാദനത്തെ ഏതൊക്കെ രീതിയിൽ നിർണയിക്കുന്നു എന്നു തുടങ്ങി മറ്റുപല അന്വേഷണങ്ങൾക്കുമുള്ള സാധ്യത അവതരിപ്പിച്ചുകൊണ്ടും മലയാളകവിതാവിമർശനങ്ങൾക്കമുള്ള നിർദേശങ്ങളോടെയുമാണ് പഠനം അവസാനിക്കുന്നത്.

▶ വായനയുടെ രാഷ്ട്രീയവും ചരിത്രപരതയും

## Summarised Overview

ചിഹ്നശാസ്ത്രം, അപനിർമ്മാണം എന്നീ വിമർശനപദ്ധതികളെ അടിസ്ഥാനമാക്കി അയ്യപ്പപ്പണിക്കരുടെ 'കുതിരക്കൊമ്പി'നെ വായിക്കുകയാണ് വി. സി. ഹാരിസ്. ഒരു പാഠത്തിന് നിരവധി വായനകൾ സാധ്യമാണെന്ന ദെറിദയുടെ കാഴ്ചപ്പാടിനെ അടിസ്ഥാനപ്പെടുത്തിയാണ് 'കുതിരക്കൊമ്പി'ന്റെ പുനർവായന അദ്ദേഹം നിർവഹിക്കുന്നത്. എഴുത്തിനും വായനയ്ക്കും വ്യത്യസ്ത സാഹചര്യങ്ങളിൽ വ്യത്യസ്ത അർഥങ്ങൾ രൂപപ്പെടുത്താൻ കഴിയും. ഈ കവിതയെ തന്നെ വി. സി. ഹാരിസ് രണ്ടുതവണ വായിക്കുന്നതും അത്തരത്തിൽ വ്യത്യസ്ത സാഹചര്യത്തിലാണ്.

ഈ വ്യത്യസ്തത അനേകം പാഠഭേദങ്ങളെ സൃഷ്ടിക്കുന്നു.

കവിതയുടെ ഭിന്നാർഥതലങ്ങളെക്കുറിച്ച് വിശദീകരിക്കുമ്പോൾ സൂതകുമാരൻ രണ്ടു വായനയിൽ രണ്ട് വ്യത്യസ്ത വ്യക്തിത്വമായി മാറുന്നത് കാണാം. അസാധാരണവും മൗലികവും വിപ്ലവോന്മുഖവുമായ സൃഷ്ടിയാണ് ആദ്യ വായനയിലെങ്കിൽ, അധികാരിവർഗത്തിന്റെ സാരഥിയും സ്വേഛാധിപത്യമോഹങ്ങളുള്ളവനുമാണ് രണ്ടാം വായനയിലെ സൂതൻ. അമിതാധികാരപ്രയോഗത്താൽ വിധേയപ്പെടുത്താനുള്ള അടിയന്തരാവസ്ഥയുടെ ക്രൂരതകളാണ് ഇവിടെ വെളിവാകുന്നത്. ഘടനാപരമായും പ്രത്യയശാസ്ത്രപരമായും മനഃശാസ്ത്രപരമായുമുള്ള പാഠങ്ങൾ ഈ വായനയിലുണ്ട്. വായനയിലെ സവിശേഷ പ്രക്രിയയാൽ കൂടി സാധ്യമാകുന്ന ഒന്നാണ് അയ്യപ്പപ്പണിക്കരുടെ കവിതയിലെ രാഷ്ട്രീയം.

## Assignments

1. അയ്യപ്പണിക്കരുടെ 'കുതിരക്കൊമ്പ്' വ്യത്യസ്ത അർഥങ്ങളെ ഉല്പാദിപ്പിക്കുന്ന കവിതയാണ്. വിശകലനം ചെയ്യുക.
2. മലയാളവിമർശനത്തിൽ വി. സി. ഹാരിസിന്റെ സ്ഥാനം അടയാളപ്പെടുത്തുക.
3. അടിയന്തരാവസ്ഥ 'കുതിരക്കൊമ്പിൽ' പ്രത്യക്ഷപ്പെടുന്നതെങ്ങനെ.
4. കാലം കവിതാവായനയിൽ പാഠഭേദമുണ്ടാക്കുന്നതെങ്ങനെ വിശദീകരിക്കുക.
5. സൂതകുമാരനെ വ്യത്യസ്ത കാലങ്ങളിൽ വ്യത്യസ്തമായി വായിക്കുന്നതെങ്ങനെ.
6. ഒരു പാഠത്തിന് നിരവധി വായനകൾ ഉണ്ടാകാമെന്ന കാഴ്ചപ്പാട് വി. സി. ഹാരിസ് വിശദീകരിക്കുന്നതെങ്ങനെ.

SGOU

## Suggested Readings


1. ബാബു ജോൺ (എഡി.), വി. സി. ഹാരിസ് ഓർമ്മ ലേഖനം നാടകം, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം.
2. കെ. പി. ജയകുമാർ (എഡി.), വി. സി. ഹാരിസ് പഠനം. ഓർമ്മ. സംഭാഷണം, കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി, തിരുവനന്തപുരം.
3. വി. സി. ഹാരിസ്, അജു കെ. നാരായണൻ, ബെക്കറ്റും ക്രാപ്പും കുറുപ്പും, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം.


## References


1. വി. സി. ഹാരിസ്, എഴുത്തും വായനയും, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം.
2. വി. സി. ഹാരിസ്, പി. എസ്. രാധാകൃഷ്ണൻ (എഡി.), സംസ്കാരപഠനം പുതിയ സങ്കല്പനങ്ങൾ, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം.

# 2. സൗന്ദര്യപൂജയ്ക്ക് ഒരു പരാവർത്തനം

വി. സി. ശ്രീജൻ

## Learning Outcomes

- മലയാളവിമർശനത്തിൽ വി. സി. ശ്രീജന്റെ സംഭാവന മനസിലാക്കുന്നു
- ഉത്തരാധുനിക സാഹിത്യസിദ്ധാന്തങ്ങളെ വി. സി. ശ്രീജൻ പരിചരിക്കുന്ന വിധം പരിചയപ്പെടുന്നു
- പി. കുഞ്ഞിരാമൻ നായരുടെ കവിതയിലെ ലാവണ്യം മനസിലാക്കുന്നു
- പി. കുഞ്ഞിരാമൻ നായരുടെ കവിതയിലെ മനുഷ്യ സങ്കല്പം തിരിച്ചറിയുന്നു

## Background

സമകാലിക സാഹിത്യവിമർശനത്തിന്റെ ഏറ്റവും ശ്രദ്ധേയമായ മുഖമാണ് വി. സി. ശ്രീജൻ. ഉത്തരാധുനികസാഹിത്യസിദ്ധാന്തങ്ങൾ വി. സി. ശ്രീജന്റെ സാഹിത്യവിമർശനത്തെ വളരെയധികം സ്വാധീനിച്ചിട്ടുണ്ട്. ആധുനികാനന്തര സാഹിത്യവിമർശനത്തിലെ പ്രധാന സങ്കൽപനങ്ങളിലൊന്നായ അപനിർമാണത്തിലാണ് ശ്രീജൻ ശ്രദ്ധകേന്ദ്രീകരിച്ചത്. കൃതികളിൽ ചിഹ്നവിജ്ഞാനീയത്തിന്റെയും ലക്കാനിയൻ മനോവിശ്ലേഷണത്തിന്റെയുമൊക്കെ സ്വാധീനം കണ്ടെടുക്കാം. മാനവികമൂല്യത്തിന്റെയും കാവ്യസൗന്ദര്യത്തിന്റെയും സമന്വയത്തിലൂടെയുള്ള സാഹിത്യവിചാരത്തിനാണ് വി.സി. ശ്രീജൻ പ്രാധാന്യം കൊടുത്തിട്ടുള്ളത്.

സാഹിത്യനിരൂപണത്തിലെ സാമ്പ്രദായികതയെ തിരുത്തിക്കുറിക്കുന്ന രീതിയാണ് അപനിർമാണം. ഒരു സാഹിത്യകൃതിയുടെ ഉള്ളടക്കം, ഭാഷ, അപനിർമാണം ഇവ വായിച്ചെടുത്ത് വിലയിരുത്തുന്ന പരമ്പരാഗതമായ വിമർശനസമ്പ്രദായത്തെ അപനിർമാണം നിരാകരിക്കുന്നു. ഒരു പാഠവും ഏകീകൃതമോ ഏകാർത്ഥ പ്രധാനമോ അല്ല. വായിക്കുമ്പോൾ ആദ്യം ലഭിക്കുന്ന അർത്ഥമായിരിക്കുകയല്ല പിന്നീട് ലഭിക്കുക. പരസ്പര വിരുദ്ധമായ ആശയങ്ങൾ പാഠത്തിൽ ഉണ്ടാകും. അർഥങ്ങൾ തന്നെ പരസ്പര നിഷേധങ്ങളായിരിക്കും. ഓരോ വായനയിലും പാഠം വ്യത്യസ്തമാകാറുണ്ട്. ഭാഷാ ശാസ്ത്ര ചിന്തകളെ ആസ്പദമാക്കിയുള്ള സൊസ്യൂറിന്റെ ഘടനാവാദമാണ് അപനിർമാണപദ്ധതിക്ക് പ്രധാനമായി പ്രേരകമായത്. ഫ്രഞ്ച് തത്വചിന്തകനായ ഴാക് ദെറീദയാണ് അപനിർമാണ പദ്ധതിയുടെ ആവിഷ്കർത്താവ്.

**പ്രധാനകൃതികൾ**

ആധുനികോത്തരം വിശകലനവും വിമർശനവും, വിമർശനാത്മക സിദ്ധാന്തം, ചിന്തയിലെ രൂപകങ്ങൾ, അർഥവാദങ്ങൾ, അർത്ഥാന്തരന്യാസം, കഥയും പ്രത്യയ ശാസ്ത്രവും പ്രതിവാദങ്ങൾ

## Keywords

ലിപ്സ(ഇച്ഛ) - ഉപമാനം - പരാവർത്തനം - സൗന്ദര്യാത്മകത

## Discussion

### 4.2.2 വിശദപഠനം - സൗന്ദര്യപൂജയ്ക്ക് ഒരു പരാവർത്തനം

പ്രകൃതിയുടെ ഗായകനായ പി. കുഞ്ഞിരാമൻ നായരുടെ 'സൗന്ദര്യപൂജ' എന്ന കവിതയുടെ സൗന്ദര്യാത്മകമായ വിശകലനമാണ് വി. സി. ശ്രീജന്റെ 'സൗന്ദര്യപൂജയ്ക്ക് ഒരു പരാവർത്തനം' (ഹരിത നിരൂപണം മലയാളത്തിൽ). ഒരു കവിതയുടെ അർത്ഥം ഒട്ടും ചോർന്ന് പോകാതെ ഗദ്യത്തിലാക്കുന്നതിനെയാണ് പരാവർത്തനം എന്ന് പറയുന്നത്. മനുഷ്യനില്ലാത്ത ലോകത്തെയാണ് വാഴ്ത്തുന്നത് എന്ന വിമർശനം പി. കുഞ്ഞിരാമൻ നായർ നേരിട്ടിരുന്നു. എന്നാൽ താൻ വാഴ്ത്തുന്ന പ്രകൃതിയുടെ ഭാഗം തന്നെയാണ് മനുഷ്യൻ എന്ന നിലപാടാണ് കുഞ്ഞിരാമൻ നായർ സ്വീകരിച്ചിരുന്നത്. അതിനെ കണ്ടെടുക്കുകയാണ് ശ്രീജൻ. കുഞ്ഞിരാമൻ നായരുടെ കവിതകളിൽ മനുഷ്യന് രണ്ടാം സ്ഥാനമാണെന്ന വായന അനുവാചകർ നടത്തുന്നുണ്ട്. 'മനുഷ്യനില്ല' എന്നപേരിൽ തന്നെ അദ്ദേഹം കവിതയെഴുതിയിട്ടുമുണ്ട്. സൗന്ദര്യത്തെ അതിന്റെ കേവലരൂപത്തിൽ സാക്ഷാത്കരിക്കാൻ ശ്രമിക്കുന്ന കവിതയാണ് 'സൗന്ദര്യപൂജ'. ഇത്തരം കവിതകളിൽ മനുഷ്യന്റെ അഭാവം പ്രകടമാണെങ്കിലും മറഞ്ഞിരിക്കുന്ന മനുഷ്യനുണ്ടെന്നും അത് അലങ്കാരഘടനയിലൂടെ തെളിഞ്ഞുവരുന്നതായി കാണാമെന്നും ശ്രീജൻ പറയുന്നു.

- ▶ സൗന്ദര്യത്തെ കേവലരൂപത്തിൽ സാക്ഷാത്കരിക്കാൻ ശ്രമം

മനുഷ്യരുടെ ക്രിയാഭാവങ്ങളുടെ പ്രതിബിംബങ്ങളായാണ് പ്രകൃതി കവിതയിൽ പ്രത്യക്ഷപ്പെടുന്നത്. മനുഷ്യരെപ്പോലെ കണ്ണീരണിയുന്ന ഗ്രാമലക്ഷ്മിയും വരമ്പുകളിൽ കാൽ വെച്ച് പൂവുനിരത്തുന്ന ശാരദ കന്യകയും അരിവാളേന്തി നിൽക്കുന്ന കന്നിയും കുളിച്ചുതൊഴുത് മഞ്ഞപ്രസാദം തൊട്ട് നിൽക്കുന്ന പുലർവേളകളും കവിതയിൽ കാണാം. അതായത് പ്രകൃതിദൃശ്യങ്ങൾക്ക് മാനവരൂപം കൊടുക്കുകയാണ് ഇവിടെ പി. വർണിക്കുന്നത് പ്രകൃതിയെയാണെങ്കിലും മനുഷ്യാവസ്ഥയോടാണ് ചേർത്തുവെയ്ക്കുന്നത്. പ്രകൃതിയെ മനുഷ്യരൂപത്തിൽ കാണുന്നു. ജന്മിത്തത്തിന്റെയും ചൂഷണത്തിന്റെയും വികൃതമുഖങ്ങളും കവിതയിൽ പ്രത്യക്ഷപ്പെടുന്നു. അധ്വാനിക്കുന്ന താരകങ്ങളും അധ്വാനിക്കാത്ത മേഘവുമെന്ന ഭാവന അവതരിപ്പിക്കപ്പെടുന്നു.

- ▶ പ്രകൃതി ദൃശ്യങ്ങൾക്ക് മാനവരൂപം

ശാരദകന്യകയ്ക്ക് ഉപമാനമായ കന്യകയുടെ താരുണ്യം തുളുമ്പുന്ന മാറിടത്തിനും ആമ്പൽപ്പൂവിനും മാൻകിടാവിനും ഒരേ സർഗ്ഗചൈതന്യമാണെന്ന് പ്രഖ്യാപിച്ചുകൊണ്ട് കവി പ്രകൃതിയുടെ ഋതുസൗന്ദര്യത്തിൽ മാനുഷികമായ ലിപ്സ(ഇച്ഛ) ആരോപിക്കുന്നു. രാവിനെ വിഷാദച്ഛായയിലാണ് കവി അവതരിപ്പിക്കുന്നത്.

- ▶ പ്രകൃതിയുടെ സൗന്ദര്യം

"രാക്കരിക്കിൻ കണ്ണു കുത്തി -
ത്തള്ളും വെള്ളം തെറിക്കവേ;
ചിരിച്ചു കൊണ്ടൊന്നു കണ്ണു
ചിമ്മിപ്പോയ് പുലർതാരക''

> ▶ മനുഷ്യഭാവങ്ങൾ ആരോപിക്കപ്പെട്ട പ്രകൃതിഭാവനകൾ

പുലർതാരകയും മനുഷ്യനും തമ്മിലെ അഭേദക കല്പനയാണിവിടെ കാണാൻ കഴിയുന്നത്. താരകം മനുഷ്യനെപ്പോലെ കണ്ണുചിമ്മുന്നു. ഇത്തരത്തിൽ മനുഷ്യഭാവങ്ങൾ ആരോപിക്കപ്പെട്ട അനേകം പ്രകൃതിഭാവനകൾ 'സൗന്ദര്യപൂജ'യിൽ കാണാം.

'സൗന്ദര്യപൂജ' എന്ന കവിതയുടെ സാരാംശം പ്രകൃതിയാണ്. 'സൗന്ദര്യപൂജ'യിൽ വ്യഞ്ജിക്കുന്ന പ്രകൃതിയുടെ സാരാംശം കവിതയും. പ്രകൃതിയുടേയും കവിതയുടേയും അനന്തമായ പരസ്പര പ്രതിഫലനമാണ് 'സൗന്ദര്യപൂജ' എന്ന് ഒറ്റ വാചകത്തിൽ പറയാം. പ്രകൃതിയെ അതേപടി ആവിഷ്കരിക്കാൻ ഭാഷ അശക്തമാണെന്ന് ലേഖകൻ പറയുന്നു. അലങ്കാരരൂപത്തിലാണ് അതിന്റെ സൗന്ദര്യമുള്ളത്. ആറ്റിൻതീരം, ചളിപ്പാടം, പൊൻതിരി, പുലർവേളകൾ, പുൽക്കൂമ്പുകൾ തുടങ്ങി കുഞ്ഞിരാമൻ നായർ തന്റെ കവിതയിൽ സ്വീകരിക്കുന്ന ഒറ്റപ്പെട്ട വാക്കുകൾക്കുപോലും സൗന്ദര്യമുണ്ട്. ഒരു പ്രത്യേക വസ്തുവിനോട് സമൂഹത്തിനുണ്ടാകുന്ന അടുപ്പത്തേയോ അകൽച്ചയേയോ ഉണർത്താൻ കഴിവുള്ളതാണ് ആ വസ്തുവിന്റെ പേരും അതിന്റെ ലിപിവിന്യാസവും. യഥാർഥ വസ്തുക്കളെപ്പോലും ചിലപ്പോൾ അത് അമൂർത്തമാക്കും. ചളിപ്പാടമെന്ന വസ്തു അസുന്ദരമായാലും ആ വാക്കിന് സൗന്ദര്യമുല്പാദിപ്പിക്കാൻ കഴിയും.

> ▶ പ്രകൃതിയുടേയും കവിതയുടേയും പരസ്പര പ്രതിഫലനം

വെളിച്ചത്തിന്റെ വിപരീതമായ ഇരുട്ടും ഗാനത്തിന്റെ വിപരീതമായ മൂകതയും വൈരൂപ്യങ്ങളായാണ് കവിത അവതരിപ്പിക്കുന്നത്. അതേ സമയം വെളിച്ചത്തെ ഗർഭം ധരിക്കുന്നത് ഇരുട്ടാണ്. കവിതയിൽ അടിച്ചമർത്തപ്പെട്ടവരെ അതോർമിപ്പിക്കുന്നു കൂടിയുണ്ട്. അതിൽ ചിത്രീകരിക്കുന്ന പരിസ്ഥിതി യഥാർഥമല്ല, ഭാഷാശില്പമാണ്. സൗന്ദര്യപൂജയുടെ പരിസ്ഥിതിബോധത്തെ മുൻനിർത്തിയുള്ള പഠനത്തിന് പരിമിതികളുണ്ടെന്ന് വി. സി. ശ്രീജൻ സൂചിപ്പിക്കുന്നു.

> ▶ പരിസ്ഥിതി ബോധപഠനത്തിന് പരിമിതികൾ

## Summarised Overview

ചിഹ്നവിജ്ഞാനീയവും ലക്കാനിയൻ മനോവിശ്ലേഷണവും അടക്കമുള്ള ഉത്തരാധുനിക സാഹിത്യ സിദ്ധാന്തങ്ങളെ കൂടെക്കൂട്ടിയാണ് വി. സി. ശ്രീജൻ സാഹിത്യവിമർശനം നടത്തുന്നത്. 'സൗന്ദര്യപൂജയ്ക്ക് ഒരു പരാവർത്തനം' എന്ന പഠനത്തിലൂടെ പി. കുഞ്ഞിരാമൻനായരുടെ 'സൗന്ദര്യപൂജ' എന്ന കവിതയെ സൗന്ദര്യാത്മകമായി അദ്ദേഹം വിശകലനം ചെയ്യുന്നു. മനുഷ്യനില്ലാത്ത ലോകത്തെയാണ് വാഴ്ത്തുന്നത് എന്ന വിമർശനം പി. കുഞ്ഞിരാമൻ നായർ കവിതകൾക്ക് നേരെയുണ്ടായിരുന്നു. 'സൗന്ദര്യപൂജ' അടക്കമുള്ള കവിതകളിൽ മനുഷ്യന്റെ അഭാവം പ്രകടമാണെങ്കിലും മറഞ്ഞിരിക്കുന്ന മനുഷ്യനെ അലങ്കാരഘടനയിലൂടെ കണ്ടെടുക്കാനുള്ള ശ്രമമാണ് വി. സി. ശ്രീജൻ നടത്തുന്നത്.

മനുഷ്യരുടെ ക്രിയാഭാവങ്ങളുടെ പ്രതിബിംബങ്ങളായി പ്രകൃതി കവിതയിൽ പ്രത്യക്ഷപ്പെടുന്നു. കണ്ണീരണിയിക്കുന്ന ഗ്രാമലക്ഷ്മിയും അരിവാളേന്തി നിൽക്കുന്ന കന്നിയും കുളിച്ചു പ്രസാദം തൊട്ടു നിൽക്കുന്ന പുലർവേളകളും തുടങ്ങി പ്രകൃതിദൃശ്യങ്ങളുടെ മാനവരൂപങ്ങൾ കവിതയിൽ കാണാം. അധ്വാനിക്കുന്ന താരകങ്ങളും അധ്വാനിക്കാത്ത മേഘവുമെന്ന ഭാവനയിലൂടെ ജന്മിത്ത ചൂഷണങ്ങളെ ചിത്രീകരിക്കുന്നു. മനുഷ്യനെപ്പോലെ കണ്ണുചിമ്മുന്ന താരകമടക്കം മനുഷ്യഭാവങ്ങൾ ആരോപിക്കപ്പെട്ട അനേകം പ്രകൃതിഭാവനകൾ 'സൗന്ദര്യപൂജ'യിലുണ്ട്.

പ്രകൃതിയുടെയും കവിതയുടെയും അനന്തമായ പരസ്പര പ്രതിഫലനമാണ് 'സൗന്ദര്യപൂജ.' പ്രകൃതിയെ അതേപടി ആവിഷ്കരിക്കാൻ ഭാഷ അശക്തമാണ്. അലങ്കാരരൂപങ്ങളായി കുഞ്ഞിരാമൻ നായർ കവിതയിൽ സ്വീകരിക്കുന്ന ഒറ്റപ്പെട്ട വാക്കുകൾക്ക് പോലും സൗന്ദര്യമുണ്ട്. വസ്തു അസുന്ദരമായാലും വാക്കിന് സൗന്ദര്യമുൽപാദിപ്പിക്കാൻ കഴിയും. 'സൗന്ദര്യപൂജ' യുടെ പരിസ്ഥിതി ബോധത്തെ മുൻനിർത്തിയുള്ള പഠനത്തിന് പരിമിതികളുണ്ട്.

## Assignments

1. മനുഷ്യരുടെ ക്രിയാഭാവങ്ങളുടെ പ്രതിബിംബങ്ങളായാണ് പ്രകൃതി പി. കുഞ്ഞിരാമൻ നായരുടെ കവിതയിൽ പ്രത്യക്ഷപ്പെടുന്നത്. പരിശോധിക്കുക.
2. മനുഷ്യന്റെ അഭാവമാണ് പി. കുഞ്ഞിരാമൻ നായരുടെ കവിത. വിമർശനാത്മകമായി പരിശോധിക്കുക.
3. 'സൗന്ദര്യപൂജ' എന്ന കവിതയുടെ ലാവണ്യാത്മകമായ വിശകലനം ലേഖനത്തിൽ നടത്തുന്നതെങ്ങനെ.
4. പി. കുഞ്ഞിരാമൻ നായരുടെ കവിതകളിൽ മനുഷ്യന്റെ അഭാവമാണ് എന്ന വായനയെ വി. സി. ശ്രീജൻ പുനഃപരിശോധിക്കുന്നതെങ്ങനെ?
5. പ്രകൃതിയും മനുഷ്യനും തമ്മിലെ അഭേദ്യമായ ബന്ധത്തെ 'സൗന്ദര്യപൂജ'യിൽ കണ്ടെത്താൻ ലേഖകന് സാധിക്കുന്നുണ്ടോ?
6. കുഞ്ഞിരാമൻ നായർ ചിത്രീകരിക്കുന്ന പ്രകൃതി ഭാഷാശില്പമായി മാറുന്നതെങ്ങനെ?

## Suggested Readings


1. വി. സി. ശ്രീജൻ, നിരൂപണവും നിരൂപകരും, ഡി. സി. ബുക്സ്, കോട്ടയം.
2. വി. സി. ശ്രീജൻ, അടിക്കുറിപ്പുകൾ, ലോഗോസ് ബുക്സ്, പട്ടാമ്പി.
3. വി. സി. ശ്രീജൻ, വാക്കും വാക്കും, സാഹിത്യപ്രവർത്തക സഹകരണ സംഘം, കോട്ടയം.
4. കെ. വി. ശശി (എഡി.), പോസ്റ്റ് കൊളോണിയൽ വിമർശനം മലയാള വഴികൾ, ചിന്താ പബ്ലിഷേഴ്സ്, തിരുവനന്തപുരം.

# References

1. വി. സി. ശ്രീജൻ, തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.
2. വി. സി. ശ്രീജൻ, അർഥവാദങ്ങൾ, മാതൃഭൂമി ബുക്സ്, കോഴിക്കോട്.
3. ജി. മധുസൂദനൻ (എഡി.), ഹരിതനിരൂപണം മലയാളത്തിൽ, കറന്റ് ബുക്സ്, തൃശ്ശൂർ.

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

Unit 3

# 1. സ്നേഹം പ്രസരിപ്പിക്കാൻ രാഷ്ട്രീയക്കാരിയായ കമല

ജെ. ദേവിക

## Learning Outcomes

- ജെ. ദേവിക എന്ന വിമർശകയെ പരിചയപ്പെടുന്നു
- മലയാളത്തിലെ സ്ത്രീപക്ഷവിമർശനത്തിന്റെ പൊതുസ്വഭാവം മനസിലാക്കുന്നു
- കമലാ സുരയ്യയുടെ കവിതകളെക്കുറിച്ച് മനസിലാക്കുന്നു
- കമലാ സുരയ്യയുടെ കൃതികളുടെ സ്ത്രീവാദ വായന പരിചയപ്പെടുന്നു

## Background

2016 - ൽ മാതൃഭൂമിയിൽ പ്രസിദ്ധപ്പെടുത്തിയ ജെ. ദേവികയുടെ ലേഖനമാണ് 'സ്നേഹം പ്രസരിപ്പിക്കാൻ രാഷ്ട്രീയക്കാരിയായ കമല'. 2021 – ൽ പുറത്തിറങ്ങിയ 'നിരന്തരപ്രതിപക്ഷം' എന്ന സമാഹാരത്തിൽ പ്രസ്തുത ലേഖനം ഉൾക്കൊള്ളിച്ചിട്ടുണ്ട്. 1984നു ശേഷമുള്ള കമലാസുരയ്യയുടെ അഭിമുഖങ്ങളും എഴുത്തുമാണ് ഈ ലേഖനമെഴുതുന്നതിന് ഉപജീവിച്ചിരിക്കുന്നത്. സുരയ്യയെക്കുറിച്ച് അതുവരെയുണ്ടായിട്ടുള്ള പഠനങ്ങൾ അവരുടെ രാഷ്ട്രീയം, സ്വത്വനിർമ്മാണ പരിശ്രമങ്ങൾ, എഴുത്ത് എന്നിവയുടെ മുഴുവൻ സങ്കീർണതയേയും ഉൾക്കൊള്ളുന്നില്ല എന്ന ചിന്തയിൽ നിന്നാണ് ഈ പഠനം രൂപപ്പെടുന്നത്. അമേരിക്കൻ ബ്ലാക്ക് ഫെമിനിസത്തിന്റെ പ്രധാന വക്താവായ ആലീസ് വാക്കറുടേയും ഫ്രഞ്ച് ഫെമിനിസ്റ്റായ ലൂസി ഇറിഗറയുടേയും ചിന്താപദ്ധതികളാണ് ദേവിക പഠനത്തിന് സ്വീകരിക്കുന്നത്. മലയാളത്തിലെ സ്ത്രീപക്ഷവിമർശകരിൽ പ്രധാനിയാണ് ജെ. ദേവിക. വരേണ്യവും പുരുഷകേന്ദ്രിതവുമായ ചരിത്രരചനകളെ വെല്ലുവിളിച്ചുകൊണ്ട് ചരിത്രവിജ്ഞാനത്തെ പുനർനിർമ്മിക്കാൻ അവർ ശ്രമിച്ചു.

സ്ത്രീ വിമോചന പ്രസ്ഥാനത്തിന്റെ സർഗാത്മക മേഖലയാണ് സ്ത്രീവാദസാഹിത്യം. സ്ത്രീ സമൂഹത്തിന്റെ പ്രധാനഘടകം എന്ന നിലയിൽ അവൾ അനുഭവിക്കുന്ന പീഡനങ്ങളും ചൂഷണങ്ങളും അസ്വാതന്ത്ര്യവും അവൾക്ക് മാത്രമേ തീക്ഷ്ണമായി ആവിഷ്ക്കരിക്കാൻ സാധിക്കുകയുള്ളൂ എന്നതാണ് ഈ വാദത്തിന്റെ അടിത്തറ. സ്ത്രീയെ ഉപഭോഗവസ്തുവായി, കമ്പോളച്ചരക്കാക്കി തരംതാഴ്ത്തുന്നതിനെതിരെ സർഗാത്മകമായി പ്രതികരിക്കാനുള്ള ഇച്ഛാശക്തിയുടെ ഫലമാണ് സ്ത്രീവാദസാഹിത്യം. ഇതു പുരുഷവിദ്വേഷമല്ല. സ്ത്രീ അവളുടെ അസ്തിത്വം കണ്ടെത്തി സമൂഹത്തെ ബോധ്യപ്പെടുത്തുന്ന പ്രക്രിയയാണ് സ്ത്രീവാദ വീക്ഷണത്തിൽ സാഹിത്യത്തെ വിലയിരുത്തുന്നതാണ് സ്ത്രീവാദവിമർശനം. സ്ത്രീയെ വായനക്കാരിയായും എഴുത്തുകാരിയായും നിരീക്ഷിച്ചാൽ മാത്രേമേ ഈ പ്രക്രിയ അർത്ഥപൂർണ്ണമാകൂ എന്ന് പ്രസിദ്ധ അമേരിക്കൻ സ്ത്രീവിമർശക എലൈൻ ഷോവാൾട്ടർ അഭിപ്രായപ്പെടുന്നു. സ്ത്രീയുടെ സാഹിത്യ സൃഷ്ടികൾക്ക് മൂന്ന് ഘടകങ്ങളുണ്ട്. സ്ത്രൈണം സ്ത്രീവിവാദപരം, സ്ത്രീ വിഷയകം എന്നിവ. പുരുഷന്റെ സർഗ്ഗപരമായ നേട്ടങ്ങളോട് ഒപ്പം നിൽക്കാനുള്ള പ്രവണതയാണ് സ്ത്രൈണം. സ്ത്രീ നേരിടുന്ന കഠിന പ്രശ്നങ്ങൾ അനാവരണം ചെയ്യാനുള്ള ത്വരയാണ് സ്ത്രീവാദ

SGOU

പരസമീപനം, സ്ത്രീ സ്ത്രീയായിനിന്ന് സ്വാനുഭവങ്ങൾ മൂർത്തമായി ആവിഷ്കരിക്കുകയാണ് സ്ത്രീ വിഷയഘട്ടത്തിൽ . ആധുനിക സ്ത്രീ വാദത്തിന്റെ ആരംഭക അമേരിക്കൻ എഴുത്തുകാരി ബെറ്റി ഫ്രൈദാൻ ആകുന്നു.

1970 കൾക്ക് ശേഷം, ബ്ലാക്ക് ലിബറേഷൻ മൂവ്മെന്റ് (പൗരാവകാശ പ്രസ്ഥാനം, ബ്ലാക്ക് നാഷണലിസം, ബ്ലാക്ക് പാന്തർ മുതലായവ), വിമൻസ് മൂവ്മെന്റ് എന്നിവയിൽ സജീവമായി പങ്കെടുക്കുന്ന കറുത്ത സ്ത്രീകളുടെ നിരാശയ്ക്ക് മറുപടിയായാണ് ബ്ലാക്ക് ഫെമിനിസത്തിന്റെ ആവിർഭാവം കാണുന്നത്. എന്നാൽ ഈ രണ്ടു പ്രസ്ഥാനങ്ങളിലും അവർ പാർശ്വവത്ക്കരിക്കപ്പെടുകയും വിവേചനം കാണിക്കുകയും ചെയ്തു. അവർക്ക് അർഹമായ ഇടം ലഭിച്ചില്ല. ഫലവും അവരെ നിരാശരാക്കി. കറുത്ത വർഗത്തിന്റെ മൊത്തത്തിലുള്ള വിമോചനമായിരുന്നു ബ്ലാക്ക് ലിബറേഷൻ പ്രസ്ഥാനങ്ങളുടെ ലക്ഷ്യം. കറുത്ത സ്ത്രീകളുടെ അനുഭവം ഒരു സ്ത്രീ എന്ന നിലയിൽ അല്ലെങ്കിൽ ഒരു കറുത്ത വർഗക്കാരി എന്ന നിലയിൽ ലളിതമായി മനസിലാക്കാൻ കഴിയില്ല. കറുത്ത സ്ത്രീകളുടെ പ്രസ്ഥാനത്തിന് ഒന്നിലധികം വേരുകൾ ഉണ്ട്. അത് ചരിത്രപശ്ചാത്തലത്തിൽ ഉൾച്ചേർന്നതാണ്. ബ്ലാക്ക് ഫെമിനിസത്തിന്റെ ചരിത്രം പത്തൊമ്പതാം നൂറ്റാണ്ടിൽ യുണൈറ്റഡ് സ്റ്റേറ്റ്സിലെ ഉന്മൂലനപ്രസ്ഥാനത്തിൽ നിന്ന് കണ്ടെത്താനാകും. ബ്ലാക്ക് ഫെമിനിസ്റ്റ് പ്രസ്ഥാനം അതിന്റെ ലക്ഷ്യങ്ങൾ നിറവേറ്റാൻ കഠിനമായി പരിശ്രമിച്ചു എന്നിരുന്നാലും അതിന് നിരവധി വെല്ലുവിളികൾ അഭിമുഖീകരിക്കേണ്ടിവന്നു.

അമേരിക്കൻ എഴുത്തുകാരിയായ ആലീസ് വാക്കറാണ് 1981-ൽ യു കാന്റ് കീപ്പ് എ ഗുഡ് വുമൺ ഡൗൺ എന്ന ചെറുകഥാസമാഹാരത്തിൽ വുമണിസ്റ്റ് എന്ന പദം ഉപയോഗിച്ചത്. ആലീസ് വാക്കർ സ്ത്രീത്വത്തെ നിർവചിച്ചിരിക്കുന്നത് കറുത്ത സ്ത്രീകളുടെ ധൈര്യവും ആത്മവിശ്വാസവും പെരുമാറ്റവും എല്ലാം വിലയിരുത്തിയാണ്.

**പ്രധാനകൃതികൾ**

സ്ത്രീവാദം, പൗരിയുടെ നോട്ടങ്ങൾ (2013), കുലസ്ത്രീയും ചന്തപ്പെണ്ണും ഉണ്ടായതെങ്ങനെ (2015), നിരന്തരപ്രതിപക്ഷം (2021)

## Keywords

ഫെമിനിസം - വുമണിസം - കറുത്ത ഫെമിനിസം

## Discussion

### 4.3.1 വിശദപഠനം - സ്നേഹം പ്രസരിപ്പിക്കാൻ രാഷ്ട്രീയക്കാരിയായ കമല

കമലാ സുരയ്യയുടേത് സ്നേഹ പ്രഭാവാധിഷ്ഠിത രാഷ്ട്രീയമാണെന്നും അമേരിക്കൻ കറുത്ത ഫെമിനിസത്തിലും ഫ്രാൻസിൽ ലൂസി ഇറിഗറേപ്പോലുള്ളവരുടെ ചിന്തകളിലും ഈ ചിന്തകൾ കാണാമെ

ന്നും ദേവിക സൂചിപ്പിക്കുന്നു. ഈ ചിന്തകളുടെ വെളിച്ചത്തിൽ കമലാ സുരയ്യയുടെ സ്നേഹപ്രഭാവാധിഷ്ഠിത രാഷ്ട്രീയത്തെ മനസ്സിലാക്കുന്നതിനാണ് അവർ ശ്രമിക്കുന്നത്. സ്വാത്മസ്നേഹം, ഉത്തമപുരുഷത്വത്തോടുള്ള പ്രണയം, ജനങ്ങളോട് അവർ പലപ്പോഴായി പ്രകടിപ്പിച്ചിട്ടുള്ള സ്നേഹം എന്നിവ കമലാ സുരയ്യയുടെ ചിന്തയെക്കുറിച്ചുള്ള സാഹിത്യ നിരൂപണ സാമാന്യബോധത്തിൽ വ്യാഖ്യാന കുഴപ്പത്തിന് വഴിയൊരുക്കിയ ഘടകങ്ങളാണെന്ന് ദേവിക അഭിപ്രായപ്പെടുന്നു.

- ► സ്നേഹ പ്രഭാവാധിഷ്ഠിത രാഷ്ട്രീയം

## സ്വാത്മസ്നേഹവും ഉത്തമപുരുഷത്വത്തോടുള്ള പ്രണയവും

'എന്റെ കഥ' (1973) മുതലുള്ള രചനകളിൽ ആത്മസ്നേഹത്തിന്റെ പരിണാമവും സ്വന്തം സ്വത്വത്തെ മറികടക്കാനുള്ള ശ്രമവുമാണ് കാണാനാകുന്നത്. ഇതിൽ സ്വാത്മസ്നേഹത്തെക്കുറിച്ചുള്ള ഫെമിനിസ്റ്റ് ചിന്തയുമായി താരതമ്യം ചെയ്യാനാകുന്ന ഒരു പാതയെ ജെ. ദേവിക കണ്ടെത്തുന്നു. ഇതിലൂടെ കമലാ സുരയ്യയെ ഫെമിനിസ്റ്റ് വിരുദ്ധയായി ചിത്രീകരിക്കുന്നതിനെ അവർ എതിർക്കുന്നു. ഇരുപതാം നൂറ്റാണ്ടിൽ നവവരേണ്യ പരിഷ്കരണവ്യവഹാരങ്ങൾ രൂപപ്പെടുത്തിയ ഉത്തമ സ്ത്രീ മാതൃകയോടുള്ള എതിർസ്വരം 'എന്റെ കഥ'യിൽ കാണാം. ഇരുപതാം നൂറ്റാണ്ടിന്റെ മധ്യദശകങ്ങളോടെ ഈ മാതൃകയ്ക്ക് ചില മാറ്റങ്ങൾ കണ്ടു തുടങ്ങി. ഉത്തമ സ്ത്രീദർശനത്തിൽ രണ്ട് ഘടകങ്ങളുണ്ട്. ഒന്ന്, ആധുനിക ഗൃഹത്തിന്റെ മേൽനോട്ടക്കാരിയായ ഗാർഹിക സ്ത്രീത്വം. രണ്ട്, ഭാര്യാഭർതൃ ബന്ധത്തിൽ ആനന്ദം സൃഷ്ടിക്കുക എന്ന ചുമതലയുള്ള സൗന്ദര്യാത്മക സ്ത്രീത്വം. ഇതിനോടുള്ള കലഹം അക്കാലത്തുതന്നെ രൂപപ്പെട്ടിരുന്നു. ഈ പൊരുത്തക്കേട് 'എന്റെ കഥ'യിലും വെളിപ്പെടുന്നു. കാല്പനിക സ്വത്വസങ്കല്പത്തെ സുരയ്യ നവവരേണ്യ ഗാർഹിക സ്ത്രീത്വാദർശത്തിനെതിരെ പ്രയോഗിച്ചു. ആധുനികയുക്തിക്കും ഗാർഹികതയ്ക്കും കീഴ്പ്പെട്ട സ്ത്രീത്വത്തെ തള്ളിക്കളയുന്നതിന് ജീവിതകാലം മുഴുവൻ എഴുത്തിലൂടെ ശ്രമിച്ച എഴുത്തുകാരിയായിട്ടാണ് ജെ. ദേവിക കമലാ സുരയ്യയെ മനസ്സിലാക്കുന്നത്. സ്വന്തം ശരീരങ്ങളെ വിലയിടിച്ചുകാണാൻ സ്ത്രീകളുടെ മേലുള്ള കുടുംബപരവും സാംസ്കാരികവുമായ പ്രേരണകളെ, അവളെത്തന്നെ സ്നേഹിച്ചുകൊണ്ട് ചെറുക്കാൻ കമലാ സുരയ്യ തയ്യാറായി. നവവരേണ്യപരിഷ്കരണവാദികൾ തമസ്കരിച്ച സ്ത്രീശരീരത്തെ സ്ത്രീത്വത്തെക്കുറിച്ചുള്ള തന്റെ ഭാവനയിൽ അവർ പ്രതിഷ്ഠിച്ചു. സൗന്ദര്യാത്മക സ്ത്രീത്വത്തെക്കുറിച്ചുള്ള സങ്കല്പത്തിൽ പിതൃമേധാവിത്വത്തിനപ്പുറത്തെ യഥാർത്ഥ പുരുഷസത്തയെ അവർ സ്വീകരിച്ചു.

- ► നവവരേണ്യ ഗാർഹിക സ്ത്രീത്വാദർശത്തിന് എതിർസ്വരം

'സ്ത്രീസഹജമായ ചാപല്യത്തെ' ന്യായീകരിക്കാനുള്ള ശ്രമമാണ് സുരയ്യ നടത്തിക്കൊണ്ടിരുന്നത്. ആലീസ് വാക്കറിന്റെ 'വുമണിസ'വുമായാണ് കമലാ സുരയ്യയുടെ സ്ത്രീസഹജമായ ചാപല്യത്തെ ചേർത്തുവെയ്ക്കാൻ ദേവിക ശ്രമിക്കുന്നത്. സ്ത്രീ സ്വയം സ്നേഹിക്കുക, നിരുപാധികമായി (Loves Herself, Regardless) അവളവളെത്തന്നെ വിലവെക്കുക എന്നീ ആശയങ്ങൾക്ക് വുമണിസത്തിൽ പ്രാധാന്യമുണ്ട്. എന്റെ കഥയിൽ സ്വന്തം ശരീരത്തെ രഹസ്യമായി സ്നേഹിക്കുന്ന കൗമാരക്കാരിയെ ചിത്രീകരിക്കുന്നു. അധ്വാനപ്രത്യുല്പാദന യന്ത്രമായിക്കണ്ട ഗാർഹികസ്ത്രീത്വാദർശത്തെ വെല്ലുവിളിച്ചുകൊണ്ടാണ്

ഇത് സാധ്യമാക്കുന്നത്. സ്വന്തം സൗന്ദര്യത്തിൽ ആണ്ടുമുങ്ങുന്നത് ചപലതയല്ല, ആത്മീയതയാണെന്ന വാദം അവർ മുന്നോട്ടുവെക്കുന്നു. ഈ വാദത്തെ ദൈവരൂപത്തെ പുനഃസങ്കല്പിക്കാനുള്ള ലൂസി ഇറിഗറ യുടെ ശ്രമത്തോടാണ് ജെ. ദേവിക ചേർത്തുവെയ്ക്കുന്നത്.

► ഗാർഹികസ്ത്രീത്വാദർശത്തെ വെല്ലുവിളിക്കുന്നു

കമലാ സുരയ്യക്ക് തന്റെ സ്വത്വത്തെ കൂടുതൽ ചോദ്യവിധേയമാക്കേണ്ടി വന്ന കാലഘട്ടമാണ് 1980കൾ. 1984–ൽ ലോക്സഭാ തെരഞ്ഞെടുപ്പിലെ പരാജയത്തിനു ശേഷം രചിച്ച *'Anamalai poems'* അവരുടെ ആത്മരൂപവത്കരണ ചരിത്രത്തിലെ നാഴികക്കല്ലായി വിലയിരുത്തപ്പെടുന്നു. മുൻകാല രചനകളിൽ നിന്നും കാര്യമായ മാറ്റം ഇതിലുള്ളതായി പി. പി. രവീന്ദ്രൻ നിരീക്ഷിക്കുന്നു. *Anamalai poems'*– ലെ കവിതകളിലും ഇസ്ലാമികവിശ്വാസം സ്വീകരിച്ചപ്പോഴും അവർ ആലീസ് വാക്കറിന്റെ സ്വാത്മസ്നേഹപ്രവൃത്തിയാണ് സ്വീകരിക്കുന്നത്.

► സ്വാത്മസ്നേഹ പ്രവൃത്തി

വുമണായി രൂപാന്തരപ്പെട്ട സ്ത്രീയെക്കുറിച്ച് ആലീസ് വാക്കറുടെ വാക്കുകൾ, 'സാധാരണഗതിയിൽ ക്ഷോഭജനകമായ, സാഹസികമായ, അസാമാന്യ ധൈര്യത്തോടെയുള്ള, അല്ലെങ്കിൽ സ്വന്തം തീരുമാനപ്രകാരമുള്ള പെരുമാറ്റം പ്രദർശിപ്പിക്കുന്നവൾ. അവൾക്ക് നന്നെന്നു കരുതപ്പെടുന്നതിൽ അധികം കാര്യങ്ങൾ കൂടുതൽ ആഴത്തിലറിയാൻ താല്പര്യം കാട്ടുന്നവൾ. ഉത്തരവാദിത്വമുള്ളവൾ, ഗൗരവക്കാരി, കാര്യങ്ങൾ കൈപ്പിടിയിൽ ആക്കിയവൾ'. അങ്ങിനെ നോക്കുമ്പോൾ, തന്റെ ജീവിതത്തെ സ്വയം നിർണയിച്ച വ്യക്തിയാണ് കമലാ സുരയ്യ. പൊതുജീവിതത്തിൽ പങ്കാളിയാവുന്നതിനും, മതവിശ്വാസം സ്വയം തെരഞ്ഞെടുക്കുന്നതിലും അവർ അസാമാന്യ ധൈര്യം കാണിച്ചു. ബ്രാഹ്മണമതത്തെ പോലെ ശരീരത്തെ വെറുക്കാൻ ഇസ്ലാം പഠിപ്പിക്കാത്തതും വിശ്വാസത്തിൽ കർതൃത്വം നിഷേധിക്കപ്പെട്ടതും ഇസ്ലാമിനെ സ്വീകരിക്കാൻ അവരെ പ്രേരിപ്പിച്ചു. മതപരിവർത്തനത്തിനുശേഷവും, സ്ത്രീയെ വസ്തുവൽക്കരിക്കാത്തതും പിതൃമേധാവിത്വത്തിനതീതവുമായ പുരുഷസത്തയെ തേടുകയും രാധാകൃഷ്ണപ്രണയത്തെ ഇത്തരത്തിൽ വിഭാവനം ചെയ്യുകയുമുണ്ടായി. ഫെമിനിസ്റ്റ് ചിന്തയിൽ സ്നേഹത്തെ പുനർനിർമ്മിക്കാൻ നടന്ന ശ്രമങ്ങളോടാണ് പുരുഷസത്തയോടുള്ള സ്നേഹത്തെ ദേവിക ചേർത്തുവെക്കുന്നത്. സ്നേഹത്തെ സൗന്ദര്യാത്മകം എന്നു വിശേഷിപ്പിച്ചു. ലൂസി ഇറിഗറേ, കീഴ്പ്പെടുത്താനോ കീഴ്പ്പെടാനോ ശ്രമിക്കാത്ത സ്നേഹത്തെക്കുറിച്ചാണ് സംസാരിക്കുന്നത്. കേവലമായ അന്യത്തോടുള്ള ഈ സ്നേഹം തന്നെയാണ് കമലാ സുരയ്യയിലും പ്രത്യക്ഷപ്പെടുന്നത്. കമലാ സുരയ്യയുടെ സ്വാത്മസ്നേഹവും പിതൃമേധാവിത്വാതീത പുരുഷത്വത്തോട് അവർ പുലർത്തുന്ന വിസ്മയപൂർണമായ ബന്ധവും പരസ്പരം ബന്ധപ്പെട്ട് നിൽക്കുന്നു. ഏതെങ്കിലും ഒരു പുരുഷനോടല്ല, കേവല വ്യത്യസ്തമായ അന്യത്തോടാണ് അവർക്ക് അഭിനിവേശം.

► ജീവിതത്തെ സ്വയം നിർണയിച്ച വ്യക്തി

## ജനങ്ങളോടുള്ള സ്നേഹം

തന്നിൽ നിന്നകന്നു കഴിയുന്ന അധഃസ്ഥിതർക്ക് തന്റെ ആവശ്യമുണ്ടെന്നും അവരിലേക്ക് തന്റെ സ്നേഹം പ്രവഹിക്കണമെന്നുമുള്ള ആഗ്രഹമാണ് അവരുടെ പൊതുജീവിതം. അന്യത്തോടുള്ള നിരുപാധിക സ്നേഹം. 1980ലെ ഇലക്ഷനിലെ പരാജയത്തിനുശേഷം 1990 –

ൽ ലോക് സേവ എന്ന പാർട്ടി രൂപീകരിച്ചു. 2003-ൽ തന്റെ പാർട്ടിയുടെ പത്രിക ശുദ്ധസ്നേഹമാണെന്ന് പ്രഖ്യാപിച്ചു. ഇങ്ങനെ പലനിലയ്ക്ക് ജനങ്ങളിലേക്ക് ആ സ്നേഹം പടർത്തി. സമുദായത്തിനും അപ്പുറത്തേക്ക് തന്റെ സ്നേഹത്തെ പ്രവഹിപ്പിക്കാൻ കഴിഞ്ഞ സുരയ്യ കാരശ്ശേരിയുമായുള്ള അഭിമുഖത്തിൽ സ്നേഹം എല്ലാ മതത്തിലും ഒന്നുതന്നെയെങ്കിലും മുസ്ലിമായപ്പോഴാണ് താൻ സ്നേഹത്തിന്റെ വൈപുല്യം അറിഞ്ഞതെന്ന് പറയുന്നു. 'മറ്റ് മനുഷ്യ സ്നേഹത്തിന് ഒക്കെ ഒരു പരിധിയുണ്ട്, ഇസ്ലാമിന് അതില്ല'. കമലാ സുരയ്യയുടെ കാഴ്ചയിൽ വ്യത്യസ്തതകളോടുള്ള തുറന്ന സമീപനം നിലനിൽക്കുന്നത് ദൈവത്തിലാണ്. ലൂസി ഇറിഗറയുടെ ദൈവസങ്കല്പത്തോടാണ് ഇതിനടുപ്പമുള്ളതെന്ന് മനസ്സിലാക്കാം. 'ബ്രഹ്മാണ്ഡത്തിന്റെ പ്രാണവായുവിലും കവികളുടെ ഗാനത്തിലും കമിതാക്കളുടെ ശ്വാസോച്ഛ്വാസത്തിലും ഉൾവഹിക്കപ്പെട്ട ഈശ്വരനെ'യാണ് ഇറിഗറെ സങ്കല്പിക്കുന്നത്.

> ▶ അന്യത്തോടുള്ള നിരുപാധിക സ്നേഹം

അമേരിക്കൻ കറുത്ത ഫെമിനിസവും ഫ്രഞ്ച് ഫെമിനിസ്റ്റായ ലൂസി ഇറിഗറെയും മുന്നോട്ടുവെച്ച ആശയങ്ങളോട് സുരയ്യയുടെ ചില ചിന്തകൾ പുലർത്തിയ സാമ്യത്തെ അംഗീകരിക്കുമ്പോഴും ഈ മൂന്നിന്റെയും രാഷ്ട്രീയം വ്യത്യസ്തമാണ്. കറുത്തസ്ത്രീകൾ അമേരിക്കൻ സമൂഹത്തിൽ അനുഭവിക്കുന്ന ഇരട്ട പാർശ്വവത്കരണത്തോടുള്ള പ്രതികരണമാണ് കറുത്തഫെമിനിസ്റ്റ് ചിന്തയിലെ സ്വാത്മസ്നേഹം. പാശ്ചാത്യചിന്തയുടെ തലത്തിൽ ലിംഗപരമായ വ്യത്യസ്തത അവഗണിക്കപ്പെടുന്നതിനോടുള്ള പ്രതികരണമാണ് ഇറിഗറെയുടെ ചിന്ത. സവർണവരേണ്യതയ്ക്കുള്ളിൽ സ്ത്രീകളനുഭവിക്കുന്ന അപമാനവീകരണ അരികുവത്കരണങ്ങളോടുള്ള പ്രതികരണമാണ് മാധവിക്കുട്ടിയുടെ/കമലാദാസിന്റെ/സുരയ്യയുടെ സ്വാത്മസ്നേഹോപദേശം.

> ▶ മൂന്നിന്റെയും രാഷ്ട്രീയം വ്യത്യസ്തം

## Summarised Overview

അമേരിക്കൻ ബ്ലാക്ക് ഫെമിനിസത്തിലും ലൂസി ഇറിഗറെപ്പോലുള്ളവരുടെ ഫ്രഞ്ച് ഫെമിനിസ്റ്റ് ചിന്തയിലും കാണുന്ന ചിന്തകൾ കമലാ സുരയ്യയിലും കാണാം. ഈ ചിന്തകളുടെ അടിസ്ഥാനത്തിൽ കമലാ സുരയ്യ തന്റെ കൃതികളിൽ പ്രകടിപ്പിക്കുന്ന സ്നേഹ പ്രഭാവാധിഷ്ഠിത രാഷ്ട്രീയത്തെ മനസ്സിലാക്കുന്നതിനാണ് ജെ. ദേവിക ശ്രമിക്കുന്നത്. 'എന്റെ കഥ' മുതലുള്ള രചനകളിൽ ആത്മ സ്നേഹത്തിന്റെ പരിണാമവും സ്വന്തം സ്വത്വത്തെ മറികടക്കാനുള്ള ശ്രമവും കമലാ സുരയ്യ നടത്തുന്നുണ്ട്. നവവരേണ്യ പരിഷ്കരണ വ്യവഹാരങ്ങൾ രൂപപ്പെടുത്തിയ ഉത്തമ സ്ത്രീ മാതൃകയോടുള്ള എതിർസ്വരം 'എന്റെ കഥ'യിലുണ്ട്. കാല്പനിക സ്വത്വസങ്കൽപത്തെ മുൻനിർത്തിയാണ് കമലാ സുരയ്യ അത് പ്രകടിപ്പിക്കുന്നത്.

കമലാ സുരയ്യയിലുള്ള സ്ത്രീസഹജമായ ചാപല്യത്തെ ആലിസ് വാക്കറിന്റെ വുമണിസവുമായി ദേവിക ചേർത്തുവയ്ക്കുന്നു. സ്വന്തം സൗന്ദര്യത്തിൽ ആണ്ടുമുങ്ങുന്നത് ചപലതയല്ലെന്നും ആത്മീയമാണെന്നുമുള്ള വാദം ലൂസി ഇറിഗറയുടെ ചിന്തകൾക്ക് സമാനമാണ്. *'Anamalai Poems'* കമലാ സുരയ്യയുടെ ആത്മരൂപവത്കരണ ചരിത്രത്തിലെ നാഴികക്കല്ലായി വിലയിരുത്തപ്പെട്ടിട്ടുണ്ട്. വുമണായി രൂപാന്തരപ്പെട്ട സ്ത്രീയെക്കുറിച്ച് ആലിസ് വാക്കർ നടത്തുന്ന അഭിപ്രായങ്ങളെ വെച്ച് നോക്കിയാൽ തന്റെ ജീവിതത്തെ സ്വയം നിർണയിച്ച വ്യക്തിയാണ് കമലാ സുരയ്യ

എന്നുകാണാം. പൊതുജീവിതത്തിലെ പങ്കാളിത്തത്തിലും മതവിശ്വാസം സ്വയം തിരഞ്ഞെടുത്തതിലും അവരിലുള്ള അസാമാന്യ ധൈര്യം പ്രകടമാണ്.

അന്യത്തോടുള്ള നിരുപാധിക സ്നേഹമാണ് സുരയ്യയുടെ പൊതുജീവിതം. കമലാ സുരയ്യയിലെ ദൈവസങ്കല്പത്തിലും ലൂസി ഇറിഗറയുടെ സങ്കൽപ്പങ്ങളോടുള്ള സാമ്യം കാണാം. അമേരിക്കൻ കറുത്ത ഫെമിനിസത്തിന്റെയും ലൂസി ഇറിഗറെയുടെയും ആശയങ്ങളോട് സുരയ്യയുടെ ചില ചിന്തകൾക്കുള്ള സാമ്യത്തെ അംഗീകരിക്കുമ്പോഴും ഈ മൂന്നിന്റെയും രാഷ്ട്രീയം വ്യത്യസ്തമാണ് എന്ന് ദേവിക ചൂണ്ടിക്കാട്ടുന്നു. കറുത്തസ്ത്രീകൾ അമേരിക്കൻ സമൂഹത്തിൽ അനുഭവിക്കുന്ന ഇരട്ട പാർശ്വവത്കരണത്തോടുള്ള പ്രതികരണമാണ് കറുത്ത ഫെമിനിസ്റ്റ് ചിന്തയിലെ സ്വാത്മസ്നേഹം. പാശ്ചാത്യചിന്തയുടെ തലത്തിൽ ലിംഗപരമായ വ്യത്യസ്തത അവഗണിക്കപ്പെടുന്നതിനോടുള്ള പ്രതികരണമാണ് ഇറിഗറെയുടെ ചിന്ത. സവർണവരേണ്യതയ്ക്കുള്ളിൽ സ്ത്രീകളനുഭവിക്കുന്ന അപമാനവീകരണ അരികുവത്കരണങ്ങളോടുള്ള പ്രതികരണമാണ് മാധവിക്കുട്ടിയുടെ/ കമലാദാസിന്റെ/ സുരയ്യയുടെ സ്വാത്മസ്നേഹോപദേശം. ഈ വ്യത്യാസം കൂടി പരിഗണിക്കേണ്ടതുണ്ട്.

## Assignments

1. അമേരിക്കൻ കറുത്ത ഫെമിനിസവും ഫ്രഞ്ച് ഫെമിനിസവും സുരയ്യയുടെ ചിന്തകളും രൂപംകൊള്ളുന്ന പശ്ചാത്തലം വിവരിക്കുക.
2. കമലാ സുരയ്യയുടെ കൃതികളിൽ സ്വാത്മസ്നേഹവും അപരത്വത്തോടുള്ള നിരുപാധിക സ്നേഹവും പ്രകടമാകുന്നതെങ്ങനെ?
3. അമേരിക്കൻ കറുത്ത ഫെമിനിസത്തിന്റെയും ഫ്രഞ്ച് ഫെമിനിസത്തിന്റെയും കമലയുടെയും ആശയങ്ങളിൽ സാമ്യതയുള്ളപ്പോൾ തന്നെ രാഷ്ട്രീയം വ്യത്യസ്തമാകുന്നതെങ്ങനെ?
4. 'എന്റെ കഥ' എന്ന കൃതിയിൽ കമല മുന്നോട്ടുവെക്കുന്ന വ്യതിരിക്ത കാഴ്ചപ്പാടുകൾ വിശദീകരിക്കുക.
5. *'Anamalai Poems'*എന്ന സമാഹാരത്തിൽ ഭാവുകത്വപരമായി കമലയുണ്ടാക്കുന്ന മാറ്റങ്ങൾ വിവരിക്കുക.

## Suggested Readings


1. ഷംസുദ്ദീൻ കുട്ടോത്ത്, മാധവിക്കുട്ടി രാഗം നീലാംബരി, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. മെറിലി വെയ്സ്ബോഡ്, പ്രണയത്തിന്റെ രാജകുമാരി, ഗ്രീൻ ബുക്സ്, തൃശ്ശൂർ.
3. ഡോ. ജയ്സിമോൾ അഗസ്റ്റിൻ, തുറന്നെഴുത്തിന്റെ പെൺമുഖം മാധവിക്കുട്ടി, ഐ ബുക്സ്, കോഴിക്കോട്.
4. ജി. ഉഷാകുമാരി, കഥയും കാമനയും, ലോഗോസ് ബുക്സ്, പട്ടാമ്പി.


SGOU

## References


1. ദേവിക, ജെ., നിരന്തരപ്രതിപക്ഷം, ഡി. സി. ബുക്സ്, കോട്ടയം.
2. മാധവിക്കുട്ടി, എന്റെ കഥ, ഡി. സി. ബുക്സ്, കോട്ടയം.
3. എരുമേലി പരമേശ്വരൻ പിള്ള, മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ കറന്റ് ബുക്സ്, കോട്ടയം.


# 2. പായുന്ന ഉടലുകളും പതിക്കുന്ന ഉടലുകളും


കെ. കെ. ബാബുരാജ്


## Background

കുമാരനാശാന്റെ 'വീണപൂവ്' എന്ന ഖണ്ഡകവിത 1907 – ൽ 'മിതവാദി' പത്രത്തിലാണ് ആദ്യമായി പ്രസിദ്ധീകരിച്ചത്. ഞെട്ടറ്റു വീണ പൂവിനെക്കുറിച്ചുള്ള അവതരണമായും മനുഷ്യജീവിതമടക്കമുള്ള ചരാചരങ്ങളുടെ നശ്വരതയെക്കുറിച്ചുള്ള ആവിഷ്കാരമായും വിലയിരുത്തപ്പെട്ട 'വീണപൂവി'നെക്കുറിച്ചുള്ള പുനർവായനയുമാണ് ഈ പഠനം. അതുവരെയുണ്ടായിരുന്ന കുമാരനാശാൻ പഠനങ്ങളിൽ നിന്നും വ്യത്യസ്തമായ വീക്ഷണം പുലർത്തുന്ന പഠനമാണ് കെ. കെ. ബാബുരാജിന്റേത്. വിപ്ലവത്തിന്റെ ശുക്രനക്ഷത്രമായും, സാമൂഹികജീവിതത്തിന്റെ കണ്ണാടിയായും മലയാളസാഹിത്യരംഗം പ്രതിഷ്ഠിച്ച കുമാരനാശാന്റെ രചനകളോടുള്ള ധാരണകളെ ഉടച്ചുവാർക്കുകയാണ് കെ. കെ. ബാബുരാജ്. നവോത്ഥാന മലയാളകവിതയിൽ ദേശീയ ജനകീയ ഭാവുകത്വത്തിന്റെ അടിവേരുകളാഴ്ന്നു നിൽക്കുന്നത് കുമാരനാശാന്റെ കൃതികളിലൂന്നിയാണ് എന്ന ധാരണയാണ് പ്രബലമായി നിലവിലിരുന്നത്. എന്നാൽ നിരൂപണത്തിന്റെ സ്വാഭാവികക്രമത്തിൽ നിന്നും വ്യത്യസ്തമായി കുമാരനാശാന്റെ കഥാപാത്രങ്ങൾ യഥാർത്ഥത്തിൽ എങ്ങനെ അവതരിപ്പിക്കപ്പെട്ടു എന്നതിനെ വിമർശനാത്മകമായി സമകാലിക നിരൂപണരംഗം പരിശോധിക്കുന്നു.

എം. ടി. അൻസാരിയുടെ 'ഹിഗ്വിറ്റ: അറിവും അധികാരവും' എന്ന പഠനം, കുമാരനാശാന്റെ 'ദുരവസ്ഥയിൽ' മുസ്ലീങ്ങളുടെ കർതൃത്വം നിഷേധിക്കപ്പെട്ടതായി തിരിച്ചറിയുന്നുണ്ട്. കുമാരനാശാന്റെ 'കരുണ'യിൽ ബുദ്ധിസത്തിന്റെ കീഴാളദർശനമല്ലെന്നും പുതിയ പുരുഷാധികാരക്രമത്തിന്റെ സാർവത്രികതയാണ് ഉൽബോധിപ്പിക്കുന്നതെന്നും പ്രദീപൻ പാമ്പിരികുന്ന് നിരീക്ഷിക്കുന്നു. ഈ പഠനങ്ങളുടെ തുടർച്ചയിലാണ് കെ. കെ. ബാബുരാജ് വീണപൂവിനെ പുനർവായനയ്ക്ക് വിധേയമാക്കുന്നത്.

ആധുനികാനന്തരകാലത്ത് അപരത്തെപ്പറ്റിയുള്ള ഉൾക്കാഴ്ചകൾ ലോകത്തെമ്പാടും രൂപപ്പെട്ടിട്ടുണ്ട്. അദൃശ്യരും നിഴലിൽ നില്ക്കുന്നവരുമായി കണക്കാക്കപ്പെട്ടിരുന്ന ജനതകളുടെ ജീവിതസമരവും സാമൂഹിക ചലനങ്ങളും ഇത്തരം പുതുവീക്ഷണങ്ങൾക്ക് അടിത്തറയിട്ടു. ഈ പശ്ചാത്തലത്തിൽ മലയാളസാഹിത്യത്തിലെ രചനകളെ പുനർവിചിന്തനം ചെയ്യുന്നു കെ. കെ. ബാബുരാജ്.

**പ്രധാനകൃതികൾ**

മറ്റൊരു ജീവിതം സാധ്യമാണ് (2008), ഇരുട്ടിലെ കണ്ണാടി (2011), അപരവിചിന്തനം കീഴാളവിമർശനത്തിന്റെ അറിവനുഭവങ്ങൾ (2021)

## Keywords

അപരം - ദലിത് വിമർശനം - വീണപൂവ് - പുനർവായന

## Discussion

### 4.3.2 വിശദപഠനം - പായുന്ന ഉടലുകളും പതിക്കുന്ന ഉടലുകളും

കുമാരനാശാന്റെ പദ്യകൃതികളിലെ കീഴാള സ്ത്രീയുടേയും കീഴാളരുടേയും കർതൃത്വനിഷേധത്തെക്കുറിച്ചുള്ള അന്വേഷണമാണ് ഈ പഠനം. ആധുനികതയുടെ സാഹിത്യബോധം ചില മാമൂലുകളെ പിൻപറ്റിയാണ് വികസിച്ചത്. പുറത്തുനിൽക്കുന്നവരേയും അകത്തു നിൽക്കുന്നവരേയും സൃഷ്ടിച്ചുകൊണ്ടാണ് അത് സാധ്യമാക്കിയത്. ആധുനികതയുടെ ഈ ലോകപദ്ധതിയെ മലയാളഭാഷയിൽ പ്രതിഫലിപ്പിച്ച ആദ്യ കവിതയായിട്ടാണ് വീണപൂവിനെ കെ. കെ. ബാബുരാജ് കാണുന്നത്. മലയാളസാഹിത്യത്തിലെ തന്നെ പുതിയ ഭാഷകർ ഈ കവിതയിലൂടെ പ്രത്യക്ഷപ്പെട്ടു. കുമാരനാശാന്റെ കൃതികളിലൂടെ അവതരിപ്പിക്കപ്പെട്ട ലോകബോധവും ധാർമ്മികചിന്തകളും പിൽക്കാല സാഹിത്യഭാവുകത്വത്തെ നിർണ്ണായകമായി സ്വാധീനിച്ചു.

▶ ആധുനികതയുടെ ലോകപദ്ധതിയെ പ്രതിഫലിപ്പിച്ച ആദ്യ കവിത

വ്യത്യസ്ത വിഭാഗങ്ങളെ ഉൾക്കൊള്ളുന്ന ജനസഞ്ചയത്തെ കർതൃത്വമുള്ളവരാക്കിയ തുള്ളൽ കൃതികളിൽ പോലും ചിലരുടെ കർതൃത്വനിഷേധം പ്രകടമാണ്. കീഴാളസമുദായങ്ങൾ അപരിഷ്കൃത അപരങ്ങളായി തുള്ളൽ കൃതികൾ അവതരിപ്പിച്ചു. കാട്ടാളനാരിയെ കണ്ടാൽ കുളിക്കണം പോലുള്ള പ്രയോഗങ്ങളാൽ അറപ്പും വെറുപ്പും കൗതുകവും കലർന്ന മനോഭാവത്തോടെയാണ് അവരെ ആവിഷ്കരിക്കരിച്ചത്. ഇവിടെ കീഴാളസമുദായങ്ങളും കീഴാളസ്ത്രീകളും അപരങ്ങളായി കാണപ്പെട്ടു. ദലിത് വിമർശനം വികസിക്കുന്നതോടെയാണ് മലയാളത്തിൽ കർതൃത്വം നിഷേധിക്കപ്പെട്ടവരെ അടയാളപ്പെടുത്താനുള്ള ശ്രമം ആരംഭിച്ചത്.

▶ കർതൃത്വ നിഷേധം പ്രകടം

'വീണപൂവ്', രണ്ട് തരത്തിൽ വായിക്കുന്നു. ഒന്ന്, ഞെട്ടറ്റു വീണ ഒരു പൂവിനെക്കുറിച്ചുള്ള പ്രതിപാദ്യം എന്നനിലയ്ക്ക്, ഇത് ആഖ്യാതാവിന്റെ മനോഗതങ്ങളുടെ ആവിഷ്കാരമാണ്. രണ്ട്, ഒരു സ്ത്രീയുടെ മരണത്തെ പ്രതിപാദിക്കുന്നു. ഈ അവസരത്തിൽ ഭാഷകൻ മനുഷ്യജീവിതമടക്കമുള്ള ചരാചരങ്ങളുടെ നശ്വരതയെ ഓർമപ്പെടുത്തുന്നു.

▶ രണ്ട് വായനകൾ

SGOU

'വീണപൂവി'ലെ ഉടലിനെ പുരുഷകാമനകളെ ഉദ്ദീപിപ്പിച്ചിരുന്ന സവർണ കാമ്യവസ്തുവായാണ് കുമാരനാശാൻ സ്ഥിരീകരിക്കുന്നത്. ആ ഉടലിനെ നിർണയിക്കാൻ കീഴാള പെണ്ണുടലിന്റെ വിപരീതത്തിലുള്ള സൂചകങ്ങളാണ് ഉപയോഗിക്കുന്നത്. കീഴാളപെണ്ണുടലിന്റെ സൂചനകൾ പ്രത്യക്ഷപ്പെടുന്നത് പതനത്തെ, മരണത്തെ, കുറവിനെ, ഇല്ലായ്മയെ കുറിക്കാനാണ്. കുമാരനാശാന്റെ പദ്യകൃതികളിലെല്ലാം കീഴാള പെണ്ണുടലുകളും കീഴ്ജാതിസമുദായങ്ങളും നിരസിക്കപ്പെടുകയാണുണ്ടായത്. 'ചണ്ഡാലഭിക്ഷുകി'യുടെ ഉടലിനെ അവതരിപ്പിക്കുമ്പോൾ പോലും കുമാരനാശാൻ സവർണ്ണകാമ്യശരീരങ്ങളെ തന്നെയാണ് സ്വീകരിക്കുന്നത്. അതൊരു കീഴ്ജാതിക്കാരിയുടെ അവസ്ഥയെ പ്രതിനിധാനം ചെയ്യുന്നതല്ല. അപരങ്ങളെ ഉൾക്കൊള്ളുന്നുവെന്ന തോന്നലുണ്ടാക്കുകയും യഥാർത്ഥത്തിൽ പുറം തള്ളുന്നതുമായ സൂചക വ്യവസ്ഥയാണ് കുമാരനാശാന്റെ പദ്യകൃതികളിൽ പ്രകടമാകുന്നത്. ഉത്തമസാഹിത്യത്തിൽ നിന്നും കീഴാളപെണ്ണുടലിനെയും കീഴ്ജാതിസമുദായത്തേയും അകറ്റിനിർത്തുകയാണ് 'വീണപൂവി'ലൂടെയും 'ചണ്ഡാലഭിക്ഷുകി'യിലൂടെയും.

- കീഴാള പെണ്ണുടലുകളും കീഴ്ജാതിസമുദായങ്ങളും നിരസിക്കപ്പെടുന്നു

അക്കാലഘട്ടത്തിൽ തന്നെയുള്ള പോത്തേരി കുഞ്ഞമ്പുവിനേയും സഹോദരൻ അയ്യപ്പനേയും പണ്ഡിറ്റ് കെ. പി. കറുപ്പനേയും പോലുള്ള കീഴാള എഴുത്തുകാർ അബ്രാഹ്മണികമായ സാംസ്കാരിക ഘടകങ്ങളെ വീണ്ടെടുത്തുകൊണ്ടാണ് ആധുനികതയെ അഭിമുഖീകരിച്ചത്. ഇതിനു വിപരീതമായി അവസ്ഥയെ ഹൈന്ദവീകരിച്ചും വേദോപനിഷത്ത് എഴുത്തറിവുകളുടെ പ്രാമാണികതയ്ക്കു കോട്ടം തട്ടാതെയുമാണ് കുമാരനാശാന്റെ കൃതികൾ പ്രത്യക്ഷപ്പെട്ടത്. പാശ്ചാത്യവും പൗരസ്ത്യവുമായ വരേണ്യവാദത്തോടാണ് കുമാരനാശാന്റെ കൃതികൾക്കു സാമ്യം.

- പാശ്ചാത്യവും പൗരസ്ത്യവുമായ വരേണ്യവാദത്തോട് സാമ്യം

യഥാർത്ഥസാമൂഹിക പരിഷ്കർത്താവ് ലഹളകളാണെന്ന് പ്രഖ്യാപിച്ച കുമാരനാശാന്റെ പദ്യകൃതികൾ അബ്രാഹ്മണികമായ ജീവിതാവസ്ഥകൾക്കും ജ്ഞാനസങ്കല്പങ്ങൾക്കും കർതൃത്വം നിഷേധിച്ചത് എന്തുകൊണ്ടായിരിക്കാം. പായുന്ന ഉടലുകളെക്കുറിച്ചുള്ള ഇരട്ട ബോധമല്ല, പതിക്കുന്ന ഉടലുകളെക്കുറിച്ചുള്ള ഉൽക്കണ്ഠകളാണ് അതിൽ കാണുന്നത്.

- പതിക്കുന്ന ഉടലുകളെക്കുറിച്ചുള്ള ഉൽക്കണ്ഠകൾ

## Summarised Overview

കുമാരനാശാന്റെ പദ്യകൃതികളിലെ കീഴാള സ്ത്രീയുടെയും കീഴാളരുടെയും കർതൃത്വ നിഷേധത്തെക്കുറിച്ചുള്ള അന്വേഷണമാണ് ഈ പഠനം. പുറത്തു നിൽക്കുന്നവരെയും അകത്തുനിൽക്കുന്നവരെയും സൃഷ്ടിച്ച ആധുനികതയുടെ ലോകപദ്ധതി മലയാളഭാഷയിൽ പ്രതിഫലിപ്പിച്ച ആദ്യകവിതയായാണ് 'വീണപൂവി'നെ കെ. കെ. ബാബുരാജ് കാണുന്നത്. തുള്ളൽ കൃതികളിൽ പോലും ചിലരുടെ കർതൃത്വനിഷേധം പ്രകടമാണെന്ന് അദ്ദേഹം നിരീക്ഷിക്കുന്നു. കീഴാള സമുദായങ്ങളെ അപരിഷ്കൃത അംഗങ്ങളായാണ് പ്രസ്തുത കൃതികളിൽ അവതരിപ്പിച്ചത്. മലയാളത്തിൽ കർതൃത്വം നിഷേധിക്കപ്പെട്ടവരെ അടയാളപ്പെടുത്താനുള്ള ശ്രമമാരംഭിച്ചത് ദലിത് വിമർശനം വികസിക്കുന്നതോടെയാണ്.

ഞെട്ടറ്റു വീണ ഒരു പൂവിനെക്കുറിച്ചുള്ള പ്രതിപാദ്യമെന്ന നിലയിൽ ആഖ്യാതാവിന്റെ മനോഗതങ്ങളുടെ ആവിഷ്കാരമായും സ്ത്രീയുടെ മരണവുമായി ബന്ധപ്പെട്ട പ്രതിപാദ്യമെന്ന നിലയിൽ മനുഷ്യജീവിതമടക്കമുള്ള ചരാചരങ്ങളുടെ നശ്വരതയായും 'വീണപൂവി'നെ രണ്ടുതരത്തിൽ വായിക്കുന്നു. 'വീണപൂവി'ലെ ഉടൽപുരുഷ കാമനകളെ ഉദ്ദീപിപ്പിച്ചിരുന്ന കാമ്യ വസ്തുവാണ്. കീഴാള പെണ്ണുടലുകളും കീഴ്ജാതി സമുദായങ്ങളും പുറംതള്ളപ്പെടുന്ന സൂചക വ്യവസ്ഥയാണ് കുമാരനാശാന്റെ പദ്യകൃതികളിലുള്ളത്.

പോത്തേരി കുഞ്ഞമ്പുവും സഹോദരൻ അയ്യപ്പനും പണ്ഡിറ്റ് കെ. പി. കറുപ്പനും അബ്രാഹ്മണികമായ സാംസ്കാരിക ഘടകങ്ങളെ വീണ്ടെടുത്ത് ആധുനികതയെ അഭിമുഖീകരിച്ചപ്പോൾ ഇതിനു വിപരീതമായാണ് കുമാരനാശാന്റെ കൃതികൾ പ്രത്യക്ഷപ്പെട്ടത്. പായുന്ന ഉടലുകളെക്കുറിച്ചുള്ള ഇരട്ടബോധനമല്ല, പതിക്കുന്ന ഉടലുകളെക്കുറിച്ചുള്ള ഉൽക്കണ്ഠകളാണ് അവയിലുള്ളത്.

## Assignments

1. കുമാരനാശാന്റെ പദ്യകൃതികളിൽ അപരവൽക്കരിക്കപ്പെടുന്ന കീഴാളസ്ത്രീ ജീവിതത്തെക്കുറിച്ച് വിശകലനം ചെയ്യുക.
2. മലയാളത്തിൽ കർതൃത്വം നിഷേധിക്കപ്പെട്ടവരുടെ ശബ്ദത്തെ അടയാളപ്പെടുത്തുന്നതിൽ ദലിത് വിമർശനത്തിന്റെ ഇടപെടൽ പരിശോധിക്കുക.
3. 'വീണപൂവി'ന്റെ വിമർശനാത്മക പഠനമെന്ന നിലയിൽ 'പായുന്ന ഉടലും പതിക്കുന്ന ഉടലും' എന്ന ലേഖനം മുന്നോട്ടുവെയ്ക്കുന്ന പ്രധാന കാഴ്ചപ്പാടുകൾ എന്തെല്ലാം?
4. സാഹിത്യത്തിൽ അപരവൽക്കരിക്കപ്പെട്ട വിഭാഗങ്ങളുടെ സ്വരമാണ് കെ. കെ. ബാബുരാജിന്റെ പഠനങ്ങളിൽ പ്രത്യക്ഷമാകുന്നത്. വിശദമാക്കുക.
5. കീഴാളസ്ത്രീയുടെ കർതൃത്വ നിഷേധമാണ് കുമാരനാശാന്റെ കവിതകൾ എന്ന നിരീക്ഷണത്തോടുള്ള പ്രതികരണം രേഖപ്പെടുത്തുക.
6. പോത്തേരി കുഞ്ഞമ്പുവും സഹോദരൻ അയ്യപ്പനും പണ്ഡിറ്റ് കെ. പി. കറുപ്പനും ആധുനികതയെ സമീപിച്ചതിൽ നിന്ന് വ്യത്യസ്തമായാണ് കുമാരനാശാൻ സമീപിക്കുന്നതെന്ന് ലേഖകൻ പറയാനുള്ള കാരണമെന്ത്?

## Suggested Readings


1. കെ. കെ. ബാബുരാജ്, മറ്റൊരു ജീവിതം സാധ്യമാണ്, അദർ ബുക്സ്, കോഴിക്കോട്.
2. സുനിൽ. പി. ഇളയിടം, കെ. എം. അനിൽ (സമ്പാ.), പ്രദീപൻ പാമ്പിരികുന്നിന്റെ ലേഖനങ്ങൾ, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.
3. രാജേഷ് ചിറപ്പാട്, കുമാരനാശാൻ കവിതയും ജീവിതവും, ചിന്താ പബ്ലിഷേഴ്സ്, തിരുവനന്തപുരം.

## References

1. എൻ. കുമാരനാശാൻ, ആശാന്റെ പദ്യകൃതികൾ, ഡി. സി. ബുക്സ്, കോട്ടയം.
2. കെ. കെ. ബാബുരാജ്, പായുന്ന ഉടലുകളും പതിക്കുന്ന ഉടലുകളും.
3. കെ. കെ. ബാബുരാജ്, അപരചിന്തനം, ഡി. സി. ബുക്സ്, കോട്ടയം.
4. https://www.doolnews.com/johny-ml-writes-on-dalit-literature-in-kerala-563.html
5. https://utharakalam.com/aparachinthanam-review

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

SGOU

Unit 4

# 1. സാഹിത്യചരിത്രവിജ്ഞാനീയം: പുനർവിചാരങ്ങളുടെ സന്ദർഭങ്ങൾ

ഇ. വി. രാമകൃഷ്ണൻ

## Learning Outcomes

- സാഹിത്യചരിത്രവിജ്ഞാനീയത്തെ പരിചയപ്പെടുന്നു
- മലയാളസാഹിത്യചരിത്രങ്ങളെ പരിചയപ്പെടുന്നു
- മലയാളസാഹിത്യവിമർശനത്തിൽ ഇ. വി. രാമകൃഷ്ണന്റെ ഇടം മനസിലാക്കുന്നു
- സാഹിത്യചരിത്ര രചനയിലെ രചയിതാവിന്റെ താല്പര്യങ്ങളും പ്രത്യയശാസ്ത്രധാരണകളും തിരിച്ചറിയുന്നു

## Background

ചരിത്രരചന എന്നത് ഒരു പ്രത്യയശാസ്ത്രപ്രവർത്തനമാണ്. "വസ്തുതകളല്ല, അവയുടെ വ്യാഖ്യാനമാണ് ചരിത്ര"മെന്ന് ഇ. എച്ച്. കാർ പറയുന്നു (What Is History). അതായത്, ചരിത്രരചയിതാവിന്റെ വ്യാഖ്യാനങ്ങളാണ് ചരിത്രങ്ങളായി മാറുന്നത്. അതിൽ രചയിതാവിന്റെ താല്പര്യങ്ങളും പ്രത്യയശാസ്ത്രധാരണകളും പ്രതിഫലിക്കും. ആത്മനിഷ്ഠമായ രചനാപ്രക്രിയയാണ് ചരിത്രമെന്നു സാരം. സാഹിത്യചരിത്രത്തിന്റെ രചനയും ഇതേപ്രക്രിയയിലൂടെയാണ് രൂപപ്പെടുന്നത്.

സാഹിത്യചരിത്രങ്ങളെ രൂപപ്പെടുത്തിയ പ്രത്യയശാസ്ത്രത്തെക്കുറിച്ചുള്ള പഠനത്തെയാണ് സാഹിത്യചരിത്രവിജ്ഞാനീയം എന്നുപറയുന്നത്. അരിസ്റ്റോട്ടിലിന്റെ കാലം മുതൽക്കുതന്നെ സാഹിത്യചരിത്രം എന്ന ആശയം രൂപംകൊണ്ടിട്ടുണ്ട്. എങ്കിലും പത്തൊമ്പതാം നൂറ്റാണ്ടിൽ ഹെർഡർ, ഷ്ളെഗൽ തുടങ്ങിയവരാണ് വൈജ്ഞാനികശാഖ എന്ന നിലയ്ക്ക് സാഹിത്യചരിത്രരചനയെ വികസിപ്പിക്കുന്നത്. പിന്നീട് ഹെഗലിയൻ, നാച്വറലിസ്റ്റ്, പോസിറ്റിവിസ്റ്റ്, മാർക്സിസ്റ്റ്, ഫോർമലിസ്റ്റ്, സോഷ്യോളജിക്കൽ എന്നീ രീതികളിൽ സാഹിത്യചരിത്രരചന നടന്നിട്ടുണ്ട്. ഴാനർ (Genre), ഒരു ദേശ(Nation)ത്തിന്റെ പ്രത്യേക കാല(Period)ത്തിന്റെയോ പ്രത്യേക പാരമ്പര്യ(Tradition)ത്തിന്റെയോ പ്രസ്ഥാന(School)ത്തിന്റെയോ പ്രദേശ(Region)ത്തിന്റെയോ വർഗ(Social class)ത്തിന്റെയോ രാഷ്ട്രീയമുന്നേറ്റ(Political movements)ങ്ങളുടെയോ സ്ത്രീകളുടെയോ പുരുഷന്മാരുടെയോ സാഹിത്യങ്ങളുടെ പാഠനിർമ്മിതിയാകുന്നു എന്ന് ഡേവിഡ് പെർക്കിൻസ് (David Perkins) പ്രഖ്യാപിക്കുന്നു (Is Literary History Possible).

ഇപ്രകാരം എഴുതപ്പെടുന്ന സാഹിത്യചരിത്രങ്ങൾ ഓരോതരം പ്രമാണപാഠങ്ങളെ രൂപപ്പെടുത്തുന്നു. ഈ പ്രമാണപാഠങ്ങളാണ് സാഹിത്യകൃതിയുടെ മേന്മ നിശ്ചയിക്കുന്നത്. അതായത് ഇവയെ അടിസ്ഥാനമാക്കിയാണ് സാഹിത്യകൃതികളെയോ പ്രവണതകളെയോ പാരമ്പര്യങ്ങളെയോ സാഹിത്യചരിത്രങ്ങൾ സ്വീകരിക്കുകയോ നിരാകരിക്കുകയോ ചെയ്യുന്നത്. പൊതുബോധത്തിനനുസരിച്ചാണ് പ്രമാണപാഠങ്ങൾ രൂപപ്പെടുന്നത്. പൊതുബോധത്തിന് വരുന്ന പരിണാമങ്ങൾ പ്രമാണപാഠങ്ങളിലും മാറ്റങ്ങൾ സൃഷ്ടിക്കും.

സാഹിത്യപരത, മുഖ്യധാര, സാഹിത്യമൂല്യം, കൃതികളും സമൂഹവും തമ്മിലുള്ള ബന്ധം എന്നിങ്ങനെ പലതിനെയുംകുറിച്ചുള്ള വികല സങ്കൽപ്പങ്ങൾ അടിച്ചേൽപ്പിക്കുകയാണ് സാഹിത്യചരിത്രവ്യവഹാരങ്ങൾ യഥാർത്ഥത്തിൽ ചെയ്തത്. പുനർവായനകളിലൂടെ അധീശപ്രതിബിംബങ്ങൾ എങ്ങനെ സ്വാംശീകരിക്കപ്പെടുന്നു എന്നതിനെക്കുറിച്ചുള്ള അന്വേഷണമാണ് സാഹിത്യചരിത്രവിജ്ഞാനീയം മുന്നോട്ടുവെക്കുന്നത്. സാഹിത്യചരിത്രം എഴുതപ്പെട്ട കാലത്തുതന്നെ അത് വിട്ടുപോയതിനെയും കൂട്ടിച്ചേർക്കേണ്ടതിനെയും കുറിച്ചുള്ള ചർച്ചകൾ, വിമർശനങ്ങൾ രൂപപ്പെട്ടിരുന്നു. സാഹിത്യം എന്നതിന്റെ നിർമിതിയേയും ചരിത്രത്തിന്റെ ആഖ്യാനക്രമത്തേയും കാനോനീകരണത്തേയും ചോദ്യം ചെയ്തുകൊണ്ട് സാഹിത്യചരിത്രമെന്നതിനെ തന്നെ പ്രശ്നവൽക്കരിക്കുന്നിടത്താണ് സാഹിത്യചരിത്രവിജ്ഞാനീയം വ്യതിരിക്തമാകുന്നത്. സ്ത്രീവാദം, കോളനിയനന്തരവാദം, ദലിത്‌വാദം തുടങ്ങിയവയിലെ ആധുനികാനന്തര നിലപാടാണ് സാഹിത്യചരിത്രവിജ്ഞാനീയത്തെ സ്ഥാപിച്ചെടുക്കുന്നതിൽ മുഖ്യപങ്കുവഹിക്കുന്നത്. മലയാളത്തിൽ സാഹിത്യചരിത്രവിജ്ഞാനീയത്തെ അവതരിപ്പിക്കുന്നതിൽ ശ്രദ്ധേയനാണ് ഇ. വി. രാമകൃഷ്ണൻ. സമകാലിക മലയാള സാഹിത്യവിമർശകരിൽ പ്രധാനിയാണദ്ദേഹം. മിഖായേൽ ബക്തിന്റെ കാർണിവൽ സങ്കല്പവും അപനിർമ്മാണവും മുന്നോട്ടു വെക്കുന്ന പാഠാന്തരബന്ധങ്ങൾ നൽകുന്ന ഉൾക്കാഴ്ചകളോടെയുള്ള വിമർശനമാണ് അദ്ദേഹം പ്രധാനമായും നിർവ്വഹിക്കുന്നത്.

**പ്രധാനകൃതികൾ**

അക്ഷരവും ആധുനികതയും, വാക്കിലെ സമൂഹം, ദേശീയതകളും സാഹിത്യവും, അനുഭവങ്ങളെ ആർക്കാണു പേടി, വിയോജിപ്പിന്റെ വാങ്മയങ്ങൾ.

## Keywords

സാഹിത്യചരിത്രവിജ്ഞാനീയം - പ്രത്യയശാസ്ത്രം - സാഹിത്യപരത - സാഹിത്യമൂല്യം - കാനോനീകരണം - കോളനിയനന്തരവാദം

## Discussion

### 4.4.1 വിശദപഠനം - സാഹിത്യചരിത്രവിജ്ഞാനീയം: പുനർവിചാരങ്ങളുടെ സന്ദർഭങ്ങൾ

ഇ. വി. രാമകൃഷ്ണന്റെ 'വിയോജിപ്പിന്റെ വാങ്മയങ്ങൾ' എന്ന കൃതിയിൽ സമാഹരിച്ചിട്ടുള്ള പഠനമാണ് 'സാഹിത്യചരിത്രവിജ്ഞാനീയം: പുനർവിചാരങ്ങളുടെ സന്ദർഭങ്ങൾ'. സാഹിത്യചരിത്രവിജ്ഞാനീയം മുന്നോട്ട് വെക്കുന്ന ഉൾക്കാഴ്ചയുടെ വെളിച്ചത്തിൽ സാഹിത്യചരിത്രരചനയിലെ പ്രശ്നങ്ങളെ ചോദ്യം ചെയ്യുകയാണ് ഈ പഠനത്തിലൂടെ ഇ. വി. രാമകൃഷ്ണൻ. സാഹിത്യചരിത്രരചന ഒരു വിജ്ഞാനീയമെന്ന രീതിയിൽ രൂപപ്പെടുന്നതിന്റെ ചരിത്രത്തെക്കുറിച്ചുള്ള സൂചനയിലൂടെയാണ് അദ്ദേഹം പഠനം ആരംഭിക്കുന്നത്. പ്രാചീനസാഹിത്യങ്ങളുടെ പഠനമായാണ് സാഹിത്യചരിത്രവിജ്ഞാനീയം ആദ്യം രൂപം കൊള്ളു

ന്നതെന്നും, പിന്നീടത് പ്രതിഷ്ഠാപിത സാഹിത്യകൃതികളെക്കുറിച്ച് ആധികാരികമായി പഠിക്കുന്ന രീതിയായി മാറിയെന്നും അദ്ദേഹം പറയുന്നു. ദേശചരിത്രങ്ങൾക്കു സമാന്തരമായി എഴുതപ്പെട്ട സാഹിത്യചരിത്രങ്ങൾ, ദേശീയസ്വത്വങ്ങളെ ഉറപ്പിക്കുന്നതിനു വേണ്ടിയാണ് പ്രവർത്തിച്ചതെന്നും ചില മൂല്യങ്ങളെ ഊട്ടിയുറപ്പിക്കുന്നതിനുള്ള മാധ്യമമായി സാഹിത്യചരിത്രങ്ങൾ ഇടപെട്ടുവെന്നും സാഹിത്യത്തിന്റെ മൂല്യത്തെ നിർണയിക്കുന്ന ഗുണങ്ങളിൽ പലതും സാഹിത്യചരിത്രങ്ങൾ പ്രചരിപ്പിച്ചതാണെന്നും അദ്ദേഹം നിരീക്ഷിക്കുന്നു.

▶ സാഹിത്യചരിത്ര രചനയിലെ പ്രശ്നങ്ങളെ ചോദ്യം ചെയ്യുന്നു

അധീശവ്യവഹാരങ്ങൾക്കധീനമായല്ല ഭാഷയും സാഹിത്യവും വികസിക്കുന്നത്. ആവിഷ്കാരങ്ങളിൽ അസ്ഥിരവും വിധ്വംസകവുമായ ആശയങ്ങളും ഭാവങ്ങളും പ്രതിഫലിക്കുന്നുണ്ടെന്ന് സൂചിപ്പിച്ചുകൊണ്ട് അദ്ദേഹം പറയുന്നത് അവയെ മാനകീകരിച്ചുകൊണ്ട് ചില ആശയലോകങ്ങളുടെ പ്രകാശനമായി സാഹിത്യത്തെ പരിമിതപ്പെടുത്തുകയാണ് സാഹിത്യചരിത്രങ്ങൾ ചെയ്തത് എന്നാണ്. അതിലൂടെ സാമൂഹ്യ-രാഷ്ട്രീയ മേഖലകളിൽ മേൽക്കോയ്മ നേടിയ വീക്ഷണങ്ങളെ പ്രതിപാദിക്കുകയും പ്രതിഫലിപ്പിക്കുകയും ചെയ്യുന്ന കൃതികളെയാണ് സാഹിത്യചരിത്രങ്ങൾ സാഹിത്യകൃതികളായി ഉറപ്പിക്കാൻ ശ്രമിച്ചത്. ഇതൊരുതരം മെരുങ്ങൽ അല്ലെങ്കിൽ മെരുക്കലാണെന്ന് ലേഖകൻ അഭിപ്രായപ്പെടുന്നു. അതിന്റെ പ്രധാന കാരണമായി അദ്ദേഹം പറയുന്നത് ഒരു കാലഘട്ടത്തിന്റെ അബോധം സാഹിത്യചരിത്രങ്ങളെ പ്രചോദിപ്പിക്കുന്നു എന്നതാണ്. തുടർന്ന് അതെങ്ങനെ എന്നദ്ദേഹം വിശദീകരിക്കുന്നു.

▶ കാലഘട്ടത്തിന്റെ അബോധം സാഹിത്യചരിത്രങ്ങളെ പ്രചോദിപ്പിക്കുന്നു

പത്തൊമ്പതാം നൂറ്റാണ്ടിലാണ് ഇന്ത്യൻ ഭാഷകളിൽ സാഹിത്യചരിത്രങ്ങളുണ്ടാകുന്നത്. ഇന്ത്യൻ സാഹിത്യകൃതികൾ പരിഭാഷപ്പെടുത്തുന്നതിലൂടെയും ഇന്ത്യൻ സാഹിത്യചരിത്രങ്ങൾ എഴുതുന്നതിലൂടെയുമാണ് ഇത് സാധ്യമാകുന്നത്. (വിൽക്കിൻസിന്റെ 'ഭഗവദ്ഗീതാ പരിഭാഷ'-1785, വില്യം ജോൺസിന്റെ 'ശാകുന്തളം പരിഭാഷ'-1789) ഇന്ത്യയെ കൊളോണിയൽ വ്യവഹാരങ്ങളിലൂടെ പുനർനിർമ്മിക്കുകയാണ് ഈ സന്ദർഭത്തിൽ. യൂറോകേന്ദ്രിത ജ്ഞാനപദ്ധതികളുടെ സാർവലൗകികതയെ അംഗീകരിച്ചിരുന്ന ആദ്യകാല ഇന്ത്യൻ ചരിത്രകാരന്മാർ യൂറോപ്യൻ ചരിത്രവിജ്ഞാനത്തിന്റെ രീതിശാസ്ത്രം പിന്തുടർന്നവരായിരുന്നു. കൊളോണിയൽ ഭരണകൂടം നമ്മുടെമേൽ രൂപപ്പെടുത്തിയ മേൽക്കോയ്മ തുടരുന്നതായി വ്യക്തമാകുന്നു. ഈ പ്രക്രിയ വഴി ഇന്ത്യൻ വാമൊഴി പാരമ്പര്യങ്ങൾ, ആധുനികതാപൂർവ്വജ്ഞാന / സാഹിത്യരൂപങ്ങൾ എന്നിവ പുതിയകാലത്തിൽ നിന്ന് പുറംതള്ളപ്പെട്ടു എന്നദ്ദേഹം സൂചിപ്പിക്കുന്നു. വാമൊഴി/വരമൊഴി, പാരമ്പര്യം/ആധുനികത, വരേണ്യം/കീഴാളം, മേൽക്കോയ്മ/പ്രതിരോധം, ബലപ്രയോഗം/സമ്മതി എന്നീ ദ്വന്ദ്വങ്ങൾ രൂപപ്പെടുന്നത് ഈ സാഹചര്യത്തിലാണ്.

▶ ദ്വന്ദ്വങ്ങൾ രൂപപ്പെടുന്നു

പൗരസ്ത്യവാദം, ഇന്തോളജി എന്നിവ ഈ പ്രക്രിയയെ സഹായിക്കുകയാണ് ചെയ്തതെന്നദ്ദേഹം പറയുന്നു. അധിനിവേശശക്തികൾ ചെന്നിടത്തെല്ലാം വലുത് (high), ചെറുത് (little) എന്ന സാംസ്കാരിക വിഭജനം സാധ്യമാക്കി. അധിനിവേശശക്തികളുടെ വീക്ഷണത്തിൽ ആഫ്രിക്കൻ സാഹിത്യം നാടോടിസംസ്കാരമായി വ്യാഖ്യാനിക്കപ്പെട്ടുവെന്ന ക്രിസ്റ്റഫർ മില്ലറിന്റെ നിരീക്ഷണത്തെ സ്വീകരിച്ചുകൊണ്ട്

ലേഖകൻ പറയുന്നു, അതിനു തുല്യമായി ഇന്ത്യയിൽ സംസ്കൃതസാഹിത്യത്തോട് ഏറ്റുമുട്ടി ഹിന്ദി, ഉറുദുപോലുള്ളവ 'രണ്ടാംതരം' ഭാഷാസാഹിത്യങ്ങളായി വിലയിരുത്തപ്പെട്ടുവെന്ന് അദ്ദേഹം കൂട്ടിച്ചേർക്കുന്നു

- ► 'രണ്ടാംതരം' ഭാഷാസാഹിത്യങ്ങൾ

ഇന്ത്യൻ ഭാഷകളുടെ ഭാഷാശാസ്ത്രപരമായ ക്ഷേത്രമാപനം *(Linguistic survey of India)* എന്ന പേരിൽ നടത്തിയ ഇന്ത്യൻ ഭാഷകളുടെ സമഗ്രസർവേയിലൂടെ ജോർജ്ജ് ഗിയേഴ്സൺ ഇന്ത്യയുടെ അന്തരാത്മാവിനെ അറിയാനുള്ള ഏകവഴി സംസ്കൃതഭാഷയാണ് എന്ന് പ്രസ്താവിച്ചുകൊണ്ട് സംസ്കൃതത്തിന്റെ ആധിപത്യത്തെ ഉറപ്പിക്കുന്നു. ആര്യവൽക്കരണമെന്ന ആശയം അദ്ദേഹം ഉപയോഗിക്കുന്നു. ആര്യൻ ഭാഷകളുടെ താഴെ മാത്രമാണ് മറ്റ് ഇന്ത്യൻ ഭാഷകളെ അടയാളപ്പെടുത്തിയത്. ഈ മാനദണ്ഡങ്ങളാണ് ഇന്നും ഉപയോഗിക്കുന്നത്. ഇത്തരം വീക്ഷണത്തിൽ 'അപര'മായി വ്യാഖ്യാനിക്കപ്പെട്ട കൂട്ടത്തിൽ അറബിക്-പേർഷ്യൻ സ്വാധീനം പ്രകടിപ്പിക്കുന്ന ഉറുദു ഭാഷയുമുണ്ട്.

- ► 'അപര'മായി വ്യാഖ്യാനിക്കപ്പെട്ട ഭാഷകൾ

വരേണ്യതയിൽ അധിഷ്ഠിതമായ 'സാഹിതീയത'യാണ് ഇന്ത്യൻ സംസ്കാരത്തിന്റെ പ്രതിനിധാനത്തിനുള്ള ഏകമാതൃകയായത്. മറ്റു പല സാഹിത്യവ്യവഹാരങ്ങളേയും തിരസ്കരിച്ചുകൊണ്ടാണ് അത് സാധ്യമാക്കിയത്. ആര്യൻ സമൂഹത്തിന്റെ ലോകവീക്ഷണമാണ് ഇന്ത്യയുടെ ലോകവീക്ഷണമായി നിർവചിക്കപ്പെട്ടത്. ആദ്യകാല സാഹിത്യചരിത്രങ്ങൾ പരിഗണിക്കാതിരുന്ന ലഘു പാരമ്പര്യങ്ങളെയും ബഹുജന സംസ്കാരാവിഷ്ക്കാരങ്ങളെയും വാമൊഴി വഴക്കങ്ങളെയും തിരിച്ചുപിടിക്കാനുതകുന്ന, സാഹിതീയതയെക്കുറിച്ചുള്ള ഒരു ബദൽ സങ്കൽപമുണ്ടായാൽ മാത്രമേ സാഹിത്യചരിത്രവിജ്ഞാനീയമെന്ന മേഖലയിൽ അടിസ്ഥാനപരമായ മാറ്റങ്ങളുണ്ടാവുകയുള്ളൂ എന്നൊരു നിർദ്ദേശം ലേഖകൻ മുന്നോട്ട് വെക്കുന്നു.

- ► സാഹിതീയതയെക്കുറിച്ചുള്ള ബദൽ സങ്കൽപം

ഇന്ത്യൻ സാഹിത്യചരിത്രപാരമ്പര്യങ്ങളിൽ യൂറോകേന്ദ്രിതമല്ലാത്ത, ജ്ഞാനവ്യവഹാരങ്ങളിലധിഷ്ഠിതമായ ബദൽ വ്യവഹാരങ്ങളുണ്ടെന്ന് ഗണേഷ് ദേവി (G.N. Devy Of Many Heroes: An Indian Essay in Literary Historiography) പറയുന്നു. ഗദ്യത്തിന്റെ സാധ്യതകളുപയോഗിച്ച് ചരിത്രവ്യവഹാരമുണ്ടാക്കിയെടുക്കാനുള്ള ആത്മാവബോധം ഹിന്ദുക്കൾ (ഇന്ത്യക്കാർ) നേടിയിരുന്നില്ല എന്ന ഹെഗലിന്റെ വാദത്തെ, രാജശേഖരൻ, ഭർതൃഹരി, കുമാരിലഭട്ടൻ, ദിങ്നാഗൻ, പതഞ്ജലി മുതലായ ചിന്തകരുടെ ദാർശനികതലങ്ങളെ ഉദാഹരിച്ച് ഗണേഷ് ദേവി ഖണ്ഡിക്കുന്നു. ഭക്തികവിയുടെ പ്രാദേശികഭാഷാവ്യവഹാരങ്ങളാണ് സംസ്കൃതത്തിന്റെ സമഗ്രാധിപത്യത്തിനെതിരെ പുതിയൊരു സംവേദനക്രമം സൃഷ്ടിച്ചത്. ജ്ഞാനേശ്വരി എന്ന ഭഗവദ്ഗീതാഭാഷ്യത്തിൽ അർജ്ജുനൻ കൃഷ്ണനോടു മറാത്തിയിൽ സംസാരിക്കാനാവശ്യപ്പെടുന്നു. ഇപ്രകാരം ജനകീയമായൊരു വാങ്മയം ഇന്ത്യൻ ഭാഷകളിൽ സംഭവിക്കുന്നത് 'സാഹിതീയത'യുടെ അടിസ്ഥാനഭാവങ്ങളെ (അറിവ്, അനുഭവം, പൊതുബോധം, ആത്മപ്രകാശനം) പുനർനിർവചിക്കുന്ന ഭക്തികവിതയുടെ ലാവണ്യബോധത്തിലൂടെയാണ്.

- ► സംസ്കൃതത്തിന്റെ സമഗ്രാധിപത്യത്തിനെതിരെ പുതിയൊരു സംവേദനക്രമം

പ്രാദേശിക ഭാഷകൾ സ്വന്തം ഇടം രൂപപ്പെടുത്തുന്നതോടെ, അധികാരത്തിന്റെ സൗന്ദര്യശാസ്ത്രം സൗന്ദര്യശാസ്ത്രത്തിന്റെ അധികാരത്തിലേക്കു പരിണമിക്കുന്നു (ഷെൽഡൺ പൊളോക്ക്). നാമ ദേവ്,

> ▶ പുതിയ സാഹിതീയതയുടെ വക്താക്കളായ ഭക്തകവിപരമ്പര

തുക്കാറാം, തുളസീദാസ്, മീര, കബീർ, അമീർ ഖുസ്റു, ബാസവണ്ണ, എഴുത്തച്ഛൻ, പൂന്താനം തുടങ്ങിയ ഭക്തകവിപരമ്പര പുതിയൊരു സാഹിതീയതയുടെ വക്താക്കളാണ്. അവർ സംവദിച്ചത് വാമൊഴി വഴക്കങ്ങളിൽ വേരുള്ള ഭാഷയിലാണ്.

സംസ്കൃതപാരമ്പര്യത്തിൽനിന്ന് വ്യതിചലിച്ച കിളിപ്പാട്ട്, ഗാഥ, പദ, വചന, കിസ്സ, പാന, മാല മുതലായ രൂപങ്ങളെ സാഹിത്യചരിത്രങ്ങളുടെ ആദ്യകാല ഇന്ത്യൻ മാതൃകകൾ ഉപജീവിച്ച പൗരസ്ത്യവാദത്തിന്റെ യുക്തികൾ പുറത്തുനിർത്തി. ഇക്കാര്യം ഗണേഷ് ദേവിയുടെ പ്രബന്ധത്തിൽ വേണ്ടത്ര ഗൗരവത്തോടെ പരിഗണിക്കുന്നില്ല എന്ന വിമർശനം ലേഖകൻ ഉയർത്തുന്നു. ഹിന്ദിവിമർശകനായ നാംവർസിങ്ങിന്റെ 'ദൂസരി പരമ്പരാ കി ഖോജ്' എന്ന കൃതിയിൽ കബീറെങ്ങനെ ഹിന്ദി സാഹിത്യത്തിലെ മുഖ്യപാരമ്പര്യത്തിൽനിന്ന് ബഹിഷ്കൃതനായി എന്നന്വേഷണം നടത്തുന്നു. ഈ അന്വേഷണം എത്തിച്ചേരുന്നത് പ്രതിഷ്ഠാപിത കൃതികളുടെ രൂപപ്പെടലിനു പിന്നിലുള്ള പ്രത്യയശാസ്ത്രത്തെ വെളിപ്പെടുത്തുന്നതിലാണ്. പ്രതിഷ്ഠാപിത പാരമ്പര്യങ്ങളുടെ പൊളിച്ചെഴുത്തിലൂടെ മാത്രമേ പുതിയൊരു സാഹിത്യചരിത്രവിജ്ഞാനീയത്തിന്റെ ഉദയം സംഭവിക്കു എന്ന് ഇ.പി. നിരീക്ഷിക്കുന്നു.

> ▶ പ്രതിഷ്ഠാപിത പാരമ്പര്യങ്ങളുടെ പൊളിച്ചെഴുത്ത് ആവശ്യം

മലയാളസാഹിത്യചരിത്രങ്ങളിൽ ഇത് എപ്രകാരം പ്രകടമാണ് എന്നന്വേഷിക്കുകയാണ് ലേഖകൻ. ദേശചരിത്രങ്ങൾക്കു സമാന്തരമായിത്തന്നെ രൂപപ്പെട്ട മലയാളസാഹിത്യചരിത്രങ്ങളിൽ ആദ്യത്തേതാണ് പി. ഗോവിന്ദപ്പിള്ളയുടെ 'മലയാളഭാഷാചരിത്രം' (1881). മലയാളികൾക്ക് പൊതുവായൊരു സാംസ്കാരിക പൈതൃകം അടയാളപ്പെടുത്താനുള്ള ശ്രമമായിരുന്നു പ്രസ്തുത ഗ്രന്ഥം. ഈ പ്രക്രിയയിൽ പുറത്താക്കലും അകത്താക്കലും നടന്നു. നിരവധി ഭാഷകൾ സംസാരിക്കുന്ന, അവയിൽ സാഹിത്യരചന നിർവഹിക്കുന്ന കേരളത്തിന്റെ സാഹിത്യചരിത്രത്തിലും വരേണ്യന്യൂനപക്ഷം കൈകാര്യം ചെയ്തിരുന്ന സംസ്കൃതഭാഷയിൽ എഴുതപ്പെട്ട കൃതികൾ തന്നെ ഇടം നേടി. ക്രിസ്ത്യൻ-മുസ്ലീം സമുദായങ്ങളുടെ കൃതികൾ ഗോവിന്ദപ്പിള്ളയുടെ മലയാളഭാഷാചരിത്രത്തിൽ കാണുന്നില്ല. തുടർന്ന് എഴുതപ്പെട്ട ആർ. നാരായണപ്പണിക്കരുടെ കേരളഭാഷാസാഹിത്യചരിത്രം ഏറെക്കുറെ ഗോവിന്ദപ്പിള്ളയെ പിന്തുടർന്നു. മലയാളസാഹിത്യത്തിന്റെ വികാസപരിണാമങ്ങളെ ആരംഭകാലം (ഏഴാം നൂറ്റാണ്ട് വരെ), ദ്രാവിഡ പ്രഭാവകാലം (എട്ടുമുതൽ പതിനാലാം നൂറ്റാണ്ട് വരെ), സംസ്കൃതപ്രഭാവകാലം (പതിനാല് മുതൽ പതിനേഴാം നൂറ്റാണ്ട് വരെ), ആധുനികകാലം എന്നിങ്ങനെ കൃതിയിൽ വിഭജിക്കുന്നു. ഈ കാലഘട്ടവിഭജനം പിൽക്കാല സാഹിത്യചരിത്രങ്ങളുടേയും ഭാഗമാകുന്നുണ്ട്. എഴുത്തച്ഛന്റെ സമകാലികനായിരുന്ന ഖാളി മുഹമ്മദിന്റെ 'മുഹിയിദ്ദീൻമാല'യും പാറമാക്കൽ തോമാ കത്തനാരുടെ 'വർത്തമാനപുസ്തക'വും ഗൗരവത്തോടെ ചർച്ചചെയ്യുന്നില്ല എന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് എങ്ങനെയാണ് മുസ്ലീം-ക്രിസ്ത്യൻ സാഹിത്യത്തെ ഇത്തരം സാഹിത്യചരിത്രങ്ങൾ അവഗണിച്ചതെന്ന് സാക്ഷ്യപ്പെടുത്തുകയാണ് ലേഖകൻ. കേരളത്തിന്റെ സാംസ്കാരികമൂലധനം കേരളത്തിലെ സവർണർക്കനുകൂലമായി വിന്യസിക്കപ്പെടുകയാണ് ഇത്തരം സാഹിത്യചരിത്രങ്ങളിലൂടെ.

> ▶ സാഹിത്യചരിത്രങ്ങൾ അവഗണിച്ച സാഹിത്യം

ഉള്ളൂർ, പി. കെ. പരമേശ്വരൻ നായർ, എൻ. കൃഷ്ണപിള്ള എന്നിവരുടെ സാഹിത്യചരിത്രങ്ങളും രേഖീയമായി ചരിത്രത്തെ പിന്തുടരുന്നതാണെന്ന് ലേഖകൻ വിമർശനമുന്നയിക്കുന്നു. ആധുനികതയുടെ യുക്തിയിൽ ഭാഷാസാഹിത്യങ്ങൾക്ക് സംഭവിച്ച ഇടനഷ്ടത്തെക്കുറിച്ച് പരാമർശങ്ങളൊന്നുമില്ല. ബ്രാഹ്മണ കുടിയേറ്റങ്ങൾ അവരുടെ ആധിപത്യത്തെ തുണച്ചില്ലെന്നും, ആര്യ-ദ്രാവിഡ സമന്വയമാണ് മലയാളഭാഷാസംസ്കാരങ്ങളെ രൂപപ്പെടുത്തിയതെന്നുമാണ് പി. കെ. പരമേശ്വരൻ നായർ രേഖപ്പെടുത്തുന്നത്. ഈ സാഹിത്യ ചരിത്രങ്ങളുടെയെല്ലാം പ്രശ്നം അവ സാഹിത്യത്തെ സ്വയം സമ്പൂർണമായ ഒന്നായി കണ്ടു എന്നതാണ്. വ്യത്യസ്ത സമീപനം പുലർത്തുന്നവയാണ് 'അഞ്ഞൂറു വർഷത്തെ കേരളം ചില അറിവടയാളങ്ങൾ' (1998), 'നമ്മുടെ സാഹിത്യം നമ്മുടെ സമൂഹം' (2001) എന്നീ സാഹിത്യചരിത്രസംരംഭങ്ങൾ. സാഹിത്യത്തെ സാമൂഹ്യപ്രശ്നപരിസരങ്ങളുമായി ബന്ധപ്പെടുത്തി ലിംഗ, ജാതി, വർഗ സാമൂഹ്യശ്രേണികളെങ്ങനെ സാഹിത്യകൃതികളിൽ പ്രതിഫലിക്കുന്നുവെന്ന അന്വേഷിക്കാൻ ഈ കൃതികൾ ശ്രമിച്ചതായി ലേഖകൻ പറയുന്നു.

▶ രണ്ടു സമീപനങ്ങൾ

രേഖീയമായ കാലസങ്കല്പം മാറേണ്ടതുണ്ട്. ചരിത്രത്തിന്റെ പാഠാത്മകതയും സാഹിത്യപാഠങ്ങളുടെ ചരിത്രാത്മകതയും തമ്മിലുള്ള വിനിമയം എങ്ങിനെ അർത്ഥങ്ങളുല്പാദിപ്പിക്കുന്നു എന്നതാണ് പ്രധാനം. തികച്ചും വസ്തുനിഷ്ഠമായ ആഖ്യാനമെന്നത് അസംഭവ്യമായ ഒന്നാണ്. ചരിത്രകാരന്റെ ചായ്‌വുകളും വീക്ഷണങ്ങളും താത്പര്യങ്ങളും ദൗർബല്യങ്ങളും ആഖ്യാനത്തിൽ പ്രതിഫലിക്കും. സമഗ്രമായതും സാർവലൗകികമായതുമായ പഠനങ്ങൾ പ്രശ്നവത്കരിക്കപ്പെടേണ്ടതാണ്. കേരളത്തിന്റെ വൈവിധ്യപൂർണമായ സാഹിത്യാവിഷ്കാരങ്ങളെ കേരളത്തിലെ എട്ടുശതമാനം മാത്രം വരുന്ന സവർണ സമൂഹത്തിന്റെ സൗന്ദര്യബോധത്തിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തുന്നതിലെ സംഘർഷത്തെപ്പറ്റി പ്രദീപൻ പാമ്പിരികുന്ന് എഴുതിയിട്ടുണ്ട്.

▶ വസ്തുനിഷ്ഠമായ ആഖ്യാനമെന്നത് അസംഭവ്യം

മലയാളിയുടെ സ്വാതന്ത്ര്യവാഞ്ഛയുടെ പ്രതിഫലനമെന്ന നിലയിൽ മലയാള സാഹിത്യത്തിന്റെ ഭാഗമാവേണ്ടതാണ് 'തുഹ്ഫത്തുൻ മുജാഹിദ്ദീൻ' (ശൈഖ് സൈനുദ്ദീൻ രണ്ടാമൻ). 'ലീലാതിലക'വും 'പയ്യന്നൂർപ്പാട്ടും' നമുക്കു കിട്ടിയത് ഇരുപതാം നൂറ്റാണ്ടിലാണ്. ആദ്യകാല സാഹിത്യചരിത്രങ്ങളിലെ പല മിഥ്യാധാരണകളേയും അവ ഇല്ലാതാക്കുന്നുണ്ട്. കേരളത്തിലെ അടിമജാതികൾക്ക് ക്രിസ്തുമതവുമായിട്ടുള്ള ബന്ധത്തെപ്പറ്റി പുതിയ ഉൾക്കാഴ്ചകൾ തരുന്ന സനൽ മോഹന്റെ പഠനങ്ങൾ ശ്രദ്ധേയമാണ്. മതപരിവർത്തനത്തെപ്പറ്റിയുള്ള സാമ്പ്രദായിക ധാരണകളെ അവ പൊളിക്കുന്നു. നിരവധി ചരിത്രങ്ങൾ രൂപപ്പെടുത്തുന്നതിലൂടെയെ സാഹിത്യചരിത്രങ്ങളുടെ സ്വയം വിമർശനം സാദ്ധ്യമാകൂ. ബൃഹദാഖ്യാനമെന്ന നിലനില്പൊന്നും സാഹിത്യചരിത്രങ്ങൾക്ക് അധികകാലം അവകാശപ്പെടാൻ കഴിയില്ല. ശകലീകൃതമായ ചരിത്രവ്യവഹാരങ്ങൾക്ക് സാഹിതീയത, ചരിത്രാത്മകത, പാഠം, വായന, സാമൂഹ്യ പ്രശ്നപരിഹാരം മുതലായവയെപ്പറ്റിയുള്ള ബദൽ സാദ്ധ്യതകളിലേക്ക് നയിക്കാൻ കെല്പുള്ള ഉൾക്കാഴ്ചകൾ തരാൻ സാധിക്കും എന്നഭിപ്രായപ്പെട്ടുകൊണ്ടാണ് പഠനം അവസാനിപ്പിക്കുന്നത്.

▶ നിരവധി ചരിത്രങ്ങൾ രൂപപ്പെടുത്തുന്നതിലൂടെയെ സാഹിത്യചരിത്രങ്ങളുടെ സ്വയം വിമർശനം സാദ്ധ്യമാകൂ

## Summarised Overview

സാഹിത്യചരിത്രങ്ങളെ രൂപപ്പെടുത്തിയ പ്രത്യയശാസ്ത്രത്തെക്കുറിച്ചുള്ള പഠനമാണ് സാഹിത്യചരിത്രവിജ്ഞാനീയം. സാഹിത്യചരിത്രം എഴുതപ്പെട്ട കാലത്തുതന്നെ അതിൽ വിട്ടുപോയതിനെയും കൂട്ടിചേർക്കേണ്ടതിനെയും കുറിച്ചുള്ള ചർച്ചകളും വിമർശനങ്ങളും രൂപപ്പെട്ടിരുന്നു. സാഹിത്യചരിത്രവിജ്ഞാനീയം നൽകുന്ന ഉൾക്കാഴ്ചയുടെ വെളിച്ചത്തിൽ സാഹിത്യ ചരിത്രരചനയിലെ പ്രശ്നങ്ങളെ ചോദ്യം ചെയ്യുകയാണ് ഈ ലേഖനത്തിലൂടെ ഇ. വി. രാമകൃഷ്ണൻ. സാഹിത്യചരിത്രരചന വിജ്ഞാനീയമെന്ന നിലയിൽ രൂപപ്പെടുന്നതിന്റെ ചരിത്രമാണ് അദ്ദേഹം ആദ്യം അന്വേഷിക്കുന്നത്.

സാഹിത്യാവിഷ്കാരങ്ങളിൽ അസ്ഥിരവും വിധ്വംസകവുമായ ആശയങ്ങളും ഭാവങ്ങളും പ്രതിഫലിക്കുന്നുണ്ട്. അവയെ മാനകീകരിച്ചുകൊണ്ട് ആശയ ലോകങ്ങളുടെ പ്രകാശനമായി സാഹിത്യത്തെ പരിമിതപ്പെടുത്തുകയാണ് സാഹിത്യചരിത്രങ്ങൾ ചെയ്തത്. സാമൂഹ്യ രാഷ്ട്രീയ മേഖലകളിൽ മേൽക്കോയ്മ നേടിയ വീക്ഷണങ്ങളാണ് ഇങ്ങനെ അവതരിപ്പിക്കപ്പെട്ടത്.

യൂറോപ്യൻ ചരിത്രവിജ്ഞാനത്തിന്റെ രീതിശാസ്ത്രം പിന്തുടർന്ന ആദ്യകാല ഇന്ത്യൻ ചരിത്രകാരന്മാർ ഇന്ത്യൻ വാമൊഴി പാരമ്പര്യങ്ങൾ, ആധുനികതാപൂർവ്വജ്ഞാന/സാഹിത്യരൂപങ്ങൾ എന്നിവയെ പുതിയ കാലത്തിൽനിന്ന് പുറംതള്ളി. പൗരസ്ത്യവാദം, ഇന്തോളജി എന്നിവ ഈ പ്രക്രിയയെ സഹായിച്ചു. ആര്യൻ ഭാഷകളുടെ താഴെമാത്രം മറ്റ് ഇന്ത്യൻ ഭാഷകളെ അടയാളപ്പെടുത്തുക വഴി അപരമായി വ്യാഖ്യാനിക്കപ്പെട്ട നിരവധി ഭാഷകളുണ്ടായി. ആര്യൻ സമൂഹത്തിന്റെ ലോകവീക്ഷണം ഇന്ത്യയുടെ ലോകവീക്ഷണമായി നിർവചിക്കപ്പെട്ടു. ആദ്യകാല സാഹിത്യചരിത്രങ്ങൾ പരിഗണിക്കാതിരുന്നവയെ പരിഗണിച്ചാൽ മാത്രമേ സാഹിത്യചരിത്രവിജ്ഞാനീയത്തിൽ അടിസ്ഥാനപരമായ മാറ്റങ്ങൾ ഉണ്ടാകുകയുള്ളൂ.

ഇന്ത്യൻ സാഹിത്യചരിത്ര പാരമ്പര്യങ്ങളിൽ യൂറോ കേന്ദ്രിതമല്ലാത്ത ബദൽ വ്യവഹാരങ്ങളുണ്ടെന്ന് ഗണേഷ് ദേവി പറയുന്നു. സാഹിതീയതയുടെ അടിസ്ഥാന ഭാവങ്ങളെ പുനർനിർവചിക്കുന്ന ഭക്തികവിതയുടെ ലാവണ്യബോധത്തെയാണ് അദ്ദേഹം മുൻനിർത്തുന്നത്. സംസ്കൃത പാരമ്പര്യത്തിൽ നിന്ന് വ്യതിചലിച്ച സാഹിത്യരൂപങ്ങളെ ആദ്യകാല ഇന്ത്യൻ സാഹിത്യചരിത്രങ്ങൾ പുറത്തുനിർത്തി എന്ന കാര്യം ഗണേശ ദേവിയുടെ പ്രബന്ധത്തിൽ വേണ്ടത്ര പരിഗണിക്കുന്നില്ല എന്ന വിമർശനം ലേഖകനുണ്ട്.

മലയാള സാഹിത്യചരിത്രങ്ങളിൽ ഇത് എപ്രകാരം പ്രകടമാണ് എന്ന് ലേഖകൻ അന്വേഷിക്കുന്നു. കേരളത്തിന്റെ സാംസ്കാരിക മൂലധനം സവർണർക്ക് അനുകൂലമായി വിന്യസിക്കപ്പെടുകയാണ് ആദ്യകാല സാഹിത്യ ചരിത്രങ്ങളിൽ എന്ന് ഇ. വി. രാമകൃഷ്ണൻ ഉദാഹരണസഹിതം ചൂണ്ടിക്കാട്ടുന്നു. രേഖീയമായി ചരിത്രത്തെ പിന്തുടരുകയാണ് പലരും ചെയ്തത്. '500 വർഷത്തെ കേരളം ചില അറിവടയാളങ്ങൾ', 'നമ്മുടെ സാഹിത്യം നമ്മുടെ സമൂഹം' എന്നീ സാഹിത്യചരിത്രസംരംഭങ്ങൾ വ്യത്യസ്ത സമീപനം പുലർത്തുന്നവയാണ്. ബൃഹദാഖ്യാനം എന്ന നിലനിൽപ്പൊന്നും സാഹിത്യചരിത്രങ്ങൾക്ക് അധികകാലം അവകാശപ്പെടാനാവില്ല. ശകലീകൃതമായ ചരിത്ര വ്യവഹാരങ്ങൾ ബദൽ സാധ്യതകളിലേക്കുള്ള ഉൾക്കാഴ്ച നൽകും.

## Assignments

1. മലയാളസാഹിത്യചരിത്രങ്ങളെ വിമർശനാത്മകമായി വിലയിരുത്തുക.
2. മലയാളസാഹിത്യ ചരിത്രരചനയിലെ നൂതനപ്രവണതകളെക്കുറിച്ച് ചർച്ച ചെയ്യുക.
3. "വസ്തുതകളല്ല അവയുടെ വ്യാഖ്യാനമാണ് ചരിത്രം'' -വിശദീകരിക്കുക.
4. കൊളോണിയൽ യുക്തിയിൽ സാഹിത്യവും സംസ്കാരവും വലുത്, ചെറുത് എന്ന് വിഭജിക്കപ്പെട്ടതിന്റെ അനന്തരഫലമെന്ത്?
5. മലയാളസാഹിത്യചരിത്രങ്ങൾ വരേണ്യപൊതുബോധത്തെ തന്നെയാണ് ഊട്ടിയുറപ്പിച്ചത്. വിമർശനാത്മകമായി വിലയിരുത്തുക.
6. സമകാലിക സന്ദർഭത്തിൽ നിരവധി സാഹിത്യചരിത്രങ്ങൾ ഉണ്ടാകുന്നതിന്റെ പ്രാധാന്യം വിശദമാക്കുക.

## Suggested Readings


1. ദിനേശൻ വടക്കിനിയിൽ, ആരുടെ കേരളം?, സൈബർ ബുക്സ്, കോഴിക്കോട്.
2. ഷാജി ജേക്കബ്, ആധുനികാനന്തര മലയാള സാഹിത്യവിമർശനം, സൈകതം ബുക്സ്, കോതമംഗലം.
3. ഇ. വി. രാമകൃഷ്ണൻ, അനുഭവങ്ങളെ ആർക്കാണ് പേടി, ഡി. സി. ബുക്സ്, കോട്ടയം


## References


1. പി. കെ. പരമേശ്വരൻ നായർ ട്രസ്റ്റ് (സമ്പാ), മലയാളസാഹിത്യചരിത്രങ്ങൾ, നാഷണൽ ബുക്സ്റ്റാൾ, കോട്ടയം.
2. ഇ. വി. രാമകൃഷ്ണൻ, വിയോജിപ്പിന്റെ വാങ്മയങ്ങൾ, ഡി. സി. ബുക്സ്, കോട്ടയം,
3. ഹരികുമാർ, എസ്., സാഹിത്യചരിത്രങ്ങളിലെ പ്രമാണവൽക്കരണം, മലയാളം റിസേർച്ച് ജേണൽ, വാല്യം. 9, 2016.
4. Ramakrishnan, E. V., Shifting Paradigms of Literary Historiography: Malayalam Literary History in the New Millennium, Malayalam Research Journal, Vol. 9, 2016.


SGOU

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

**സർവ്വകലാശാലാഗീതം**

---------------------

വിദ്യയാൽ സ്വതന്ത്രരാകണം
വിശ്വപൗരരായി മാറണം
ഗ്രഹപ്രസാദമായ് വിളങ്ങണം
ഗുരുപ്രകാശമേ നയിക്കണേ

കൂരിരുട്ടിൽ നിന്നു ഞങ്ങളെ
സൂര്യവീഥിയിൽ തെളിക്കണം
സ്നേഹദീപ്തിയായ് വിളങ്ങണം
നീതിവൈജയന്തി പാറണം

ശാസ്ത്രവ്യാപ്തിയെന്നുമേകണം
ജാതിഭേദമാകെ മാറണം
ബോധരശ്മിയിൽ തിളങ്ങുവാൻ
ജ്ഞാനകേന്ദ്രമേ ജ്വലിക്കണേ

**കുരീപ്പുഴ ശ്രീകുമാർ**

# SREENARAYANAGURU OPEN UNIVERSITY

SGOU

## Regional Centres


### Kozhikode
Govt. Arts and Science College
Meenchantha, Kozhikode,
Kerala, Pin: 673002
Ph: 04952920228
email: rckdirector@sgou.ac.in

### Thalassery
Govt. Brennen College
Dharmadam, Thalassery,
Kannur, Pin: 670106
Ph: 04902990494
email: rctdirector@sgou.ac.in

### Tripunithura
Govt. College
Tripunithura, Ernakulam,
Kerala, Pin: 682301
Ph: 04842927436
email: rcedirector@sgou.ac.in

### Pattambi
Sree Neelakanta Govt. Sanskrit College
Pattambi, Palakkad,
Kerala, Pin: 679303
Ph: 04662912009
email: rcpdirector@sgou.ac.in

നിരൂപണസാഹിത്യം

COURSE CODE: M21ML08DC

SGOU

YouTube

Sreenarayanaguru Open University
Kollam, Kerala Pin- 691601, email: info@sgou.ac.in, www.sgou.ac.in Ph: +91 474 2966841

ISBN 978-81-963914-4-7
9 788196 391447